# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

### 2016 ഫെബ്രുവരി 10, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 161 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 10, ബുധൻ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. പാലോട് രവി**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1253/2017.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

പേജ്


**I** **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...66

**II** **അടിയന്തരപ്രമേയ നോട്ടീസ്**

(അവതരണാനുമതി നിഷേധിച്ചു) ...416

**III** **ശ്രദ്ധ ക്ഷണിക്കൽ**

(1) തടയണപ്പാലം പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത —

ശ്രീ. റ്റി. എ. അഹമ്മദ് കബീർ ...420

**IV** **മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ— ...421

**V** **ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** ...442

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2016 ഫെബ്രുവരി 10, ബുധൻ*


വാല്യം 161] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4


പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(അഴിമതി ആരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്ന പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ........ ഓർഡർ............ഓർഡർ........ചോദ്യം നമ്പർ *61

### തൊഴിൽ നിയമങ്ങളുടെ പരിഷ്കരണം

1 (*61) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ,

(എ&ബി) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ തൊഴിൽ വകുപ്പിൽ ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമപരിഷ്കരണ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യപരിരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിലേയ്ക്കായി 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ എന്നിവ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി വേതനസുരക്ഷാ പദ്ധതിക്ക് നിയമസാധുത നൽകി 8-7-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ....(ബഹളം)....

മി. സ്പീക്കർ : റൂൾ 50 അനുസരിച്ചുള്ള നോട്ടീസ് കിട്ടിയിട്ടുണ്ട്. ചോദ്യോത്തര സമയം കഴിഞ്ഞാൽ ഉടനെ അത് എടുക്കുന്നതാണ്. പ്ലീസ്... ദയവുചെയ്ത് സഹകരിക്കണം.

(ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ശാന്തരായി.)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നമ്മുടെ രാജ്യത്ത് 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്നുള്ള രീതിയാണ് കാലങ്ങളായി തുടർന്നുവരുന്നത്. എന്നാൽ കേന്ദ്രസർക്കാർ 8 മണിക്കൂർ ജോലി എന്നുള്ളത് 9 മണിക്കൂറായി വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന ചില വാർത്തകൾ വന്നതിനെ സംബന്ധിച്ച് അറിവുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിനെ ശക്തിയായി എതിർക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്നുപറയുന്നത് ആഗോളതലത്തിൽ ഐ.എൽ.ഒ. അംഗീകരിച്ച ഒരു കണ്ടീഷനാണ്. അതിന് ഭേദഗതി വരുത്താൻ കേന്ദ്രസർക്കാർ ആലോചിക്കുന്നുവെന്ന് ഞാനും വായിച്ചു. പക്ഷെ അങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നത് എളുപ്പമുള്ള കാര്യമല്ല. ഇതൊന്നും ഈ രാജ്യത്ത് നടക്കുമെന്ന് എനിക്ക് വിശ്വാസമില്ല. ഒരു കാരണവശാലും അതിനോട് യോജിക്കാൻ സാധിക്കില്ല. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായ പ്രതിഷേധം അറിയിക്കുന്നതാണ്. തീർച്ചയായും ശക്തമായ എതിർപ്പ് അക്കാര്യത്തിലുണ്ടാകും.

ശ്രീ. വി. ഡി. സതീശൻ : സർ, സ്വാതന്ത്ര്യത്തിനുശേഷം ഇവിടത്തെ തൊഴിലാളികളുടെ സംരക്ഷണത്തിനും, അവരുടെ വേതന സംരക്ഷണത്തിനും വേണ്ടി ഇൻഡ്യയിലെ വിവിധ സർക്കാരുകൾ നിർമ്മിച്ച നിരവധി നിയമങ്ങൾ പരിഷ്കരിക്കുകയും ഭേദഗതി വരുത്തുകയും ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ തൊഴിലാളി വിരുദ്ധ നടപടികളുമായി നീങ്ങുന്ന പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ ചില തൊഴിൽ നിയമങ്ങളിൽ കൂടുതൽ തൊഴിൽ സംരക്ഷണവും വേതനസംരക്ഷണവും ഉറപ്പുവരുത്തുന്ന നടപടികളുമായി മുന്നോട്ടുപോകുന്നത്. അസംഘടിത മേഖലയിൽ വേതനം കിട്ടാത്ത സ്ഥിതി ഒഴിവാക്കാനും വേതനം ഉറപ്പുവരുത്താനുമുള്ള പുതിയ പദ്ധതിയാണ് വേതന സംരക്ഷണ പരിപാടി. മൂന്നുവർഷം മുമ്പാണ് സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം ഉയർത്തിയത്. അതിനുശേഷം മൂന്നുവർഷം പൂർത്തിയായ സാഹചര്യത്തിൽ അവരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, ബഹുമാനപ്പെട്ട അംഗം രണ്ട് ചോദ്യങ്ങളാണ് ഉന്നയിച്ചത്. അതിൽ രണ്ടാമത്തെ ചോദ്യത്തിന് ആദ്യം ഉത്തരം പറയാം. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിന് ഐ.ആർ.സി.-യെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. അവർക്ക് ലഭിക്കുന്ന മിനിമം ശമ്പളം അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ശമ്പളം വർദ്ധിപ്പിച്ചിട്ട് മൂന്നുവർഷംകഴിഞ്ഞു എന്നുള്ള പശ്ചാത്തലത്തിലും അത് വീണ്ടും പുതുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ : സർ, ടെക്സ്റ്റൈൽ ജീവനക്കാരായ വനിതകൾക്ക് അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ഇരിക്കാനുള്ള സൗകര്യമോ അതിനുള്ള അവസരമോ ഇല്ല എന്നുള്ളത് അടുത്തകാലത്ത് വാർത്തകളിൽ നിറഞ്ഞുനിന്ന ഒരു കാര്യമായിരുന്നു. 8-9 മണിക്കൂർ നിന്ന് ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യമാണ് അവർക്കുള്ളത്. ഇതിനെതിരായി ചില സമരങ്ങളൊക്കെ നടന്നതിന്റെ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ ഇടപെടലുകൾ ഉണ്ടാവുമെന്ന് അറിയിച്ചിരുന്നു. ഇപ്പോൾ ഇതിന്റെ സ്ഥിതി എന്താണ്; കസ്റ്റമേഴ്സ് വരാത്ത സമയങ്ങളിൽ ഇവർക്ക് ഇരിക്കാനുള്ള സൗകര്യങ്ങളും മറ്റും എല്ലാ സ്ഥാപനങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ : സർ, ടെക്സ്റ്റൈൽസ് ജീവനക്കാരായ വനിതകളുടെ വിശ്രമത്തിനും അവരുടെ തൊഴിൽ സംരക്ഷണത്തിനും ആവശ്യമായ ക്ലോസ് ഉൾപ്പെടുത്തിക്കൊണ്ട് 1961-നുശേഷം ആദ്യമായാണ് കഴിഞ്ഞ സെഷനിൽ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി ചെയ്തത്. അതിനെത്തുടർന്ന് പരിശോധനകൾ നടക്കുകയാണ്. കാലാകാലങ്ങളായി നിലനിന്നിരുന്ന ഒരു സംവിധാനം നിയമ ഭേദഗതി കൊണ്ട് പെട്ടെന്ന് മാറുമെന്ന് കരുതുന്നില്ല. എന്നാൽ ഇത് കർശനമായി നടപ്പിലാക്കുമെന്ന സന്ദേശം കൊടുത്തതുകൊണ്ട് കാലോചിതമായ മാറ്റങ്ങൾ അവിടങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. നാലുമണിക്കൂറിനുശേഷം ഒരു മണിക്കൂർ വിശ്രമം എന്നുള്ളത് നിർബന്ധവും വിശ്രമ മുറികളിൽ ഇരിക്കാനുള്ള സൗകര്യവും നിഷ്കർഷിച്ചുകൊണ്ടുള്ള ഭേദഗതിയാണ് വന്നിട്ടുള്ളത്. തീർച്ചയായും ഇപ്പോഴുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നിയമത്തിൽ വരുത്തിയ ഭേദഗതി സഹായകമാകും.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 8 മണിക്കൂർ ജോലി അതിനുശേഷം വിശ്രമം, ന്യായമായ ശമ്പളം തുടങ്ങിയ കാര്യങ്ങളൊക്കെ നേടിയെടുത്തത് ലോകത്തെമ്പാടും നടത്തിയിട്ടുള്ള വമ്പിച്ച തൊഴിലാളി പ്രക്ഷോഭത്തിലൂടെയാണ്. അങ്ങ് പ്രതിനിധാനം ചെയ്യുന്ന റെവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി (ആർ.എസ്.പി.) തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ഒരു വിപ്ലവപാർട്ടിയാണ്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കണമെങ്കിൽ പ്രക്ഷോഭം ആവശ്യമാണ്. ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഹർത്താൽ നിരോധന ബിൽ പ്രാവർത്തികമായാൽ കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിന് അർഹമായ അവകാശവും സംരക്ഷണവും ലഭിക്കാത്ത സാഹചര്യമുണ്ടാകും. അങ്ങേക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് മാത്രമേ സംസാരിക്കാൻ സാധിക്കുകയുള്ളൂ. എന്നാലും തൊഴിലാളിവർഗ്ഗ പാർട്ടി എന്നുള്ള നിലയിൽ ഈ ബിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഷിബു ബേബി ജോൺ : സർ, ശ്രീ. വി. ശിവൻകുട്ടി ഈ ബിൽ വായിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അത് വായിച്ചിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള ഒരു അഭിപ്രായം പറയുകയില്ലായിരുന്നു. തൊഴിലാളിവർഗ്ഗ പാർട്ടിയുടെ പ്രതിനിധി എന്നുള്ള നിലയിൽ, തൊഴിലാളികളുടെ സമരം ചെയ്യാനുള്ള അവകാശം നിലനിർത്തുകയും അതോടൊപ്പം തൊഴിലാളികളെ *** സമരം ചെയ്യുന്നത് അവസാനിപ്പിക്കുകയും ചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതിനാവശ്യമായ നടപടിയായിരിക്കും ഉണ്ടാകുന്നത്.

---

*** പിൻവലിച്ചു

ശ്രീ. കെ. ശിവദാസൻ നായർ : സർ, തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ചോദ്യം. ഇവിടെ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം തൊഴിലാളികളുണ്ട്. ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം ഈ നിയമങ്ങൾ ബാധകമാക്കേണ്ട വിഭാഗങ്ങളിൽ ഒന്നാണ് ടെക്സ്റ്റൈൽസ് മേഖല. ഈ മേഖലയിൽ ഇരിക്കാൻ പോലും അവസരമില്ലാതെ 8 മണിക്കൂറിലധികം ജോലി ചെയ്യുന്നതുമൂലം വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണുണ്ടാകുന്നത്. തൊഴിൽ നിയമങ്ങൾ അസംഘടിത മേഖലയിൽ നടപ്പിലാക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ : സർ, ഇതിനെക്കുറിച്ചാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്. ഇവിടെയുണ്ടായിരുന്ന നിയമങ്ങൾ കർശനമായി എൻഫോഴ്സ് ചെയ്യാൻ പര്യാപ്തമായിരുന്നില്ല. അതെല്ലാം കാലോചിതമായി പരിഷ്കരിച്ചു. ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം വിശ്രമത്തോടുകൂടി പത്തരമണിക്കൂർ ജോലി ചെയ്യാമെന്നുള്ളതാണ്. അതിനെയാണ് അവർ ദുരുപയോഗം ചെയ്തു കൊണ്ടിരുന്നത്. കേരളത്തിലെ രണ്ടായിരത്തോളം സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ഇപ്പോഴും പരിശോധനകൾ തുടരുകയാണ്. ഇത് ഇനി അനുവദിക്കില്ല എന്നുള്ള ഒരു സ്ട്രോംഗ് മെസ്സേജ് എല്ലാവർക്കും നൽകിയിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് പെട്ടെന്ന് ഒരുദിവസം പൂർണ്ണമായും നടപ്പിലാക്കുമെന്നൊന്നും ഞാൻ പറയുന്നില്ല. എന്നാൽ നിയമമനുസരിച്ചുള്ള കർശനമായ നടപടികൾ സ്വീകരിക്കും. ട്രേഡ് യൂണിയനുകൾകൂടി സഹകരിച്ചാൽ ഇത് യാഥാർത്ഥ്യമാകുന്നതാണ്. നിയമത്തിന്റെ പോരായ്മ ഇപ്പോഴില്ല.

ശ്രീ. സി. ദിവാകരൻ : സർ, തൊഴിലാളികളെ *** ഉപയോഗിക്കുന്ന എന്നുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ പ്രസ്താവന ദയവുചെയ്ത് സഭാ രേഖകളിൽനിന്ന് നീക്കംചെയ്യണം. ഇത് ചരിത്രത്തിന്റെ നേർക്കുള്ള ഏറ്റവും വലിയ അപമാനമാണ്. കാരണം കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനം നടത്തിയ ആദ്യത്തെ സമരം പ്രജായത്ത ഭരണത്തിനുവേണ്ടിയാണ്. പുന്നപ്ര വയലാറിലെ കയർ തൊഴിലാളികൾ നടത്തിയ ആദ്യത്തെ സമരം കൂലി കൂട്ടുന്നതിനോ ബോണസിനോ വേണ്ടിയല്ല, ഹോളിഡേയ്സ്ക്ക വേണ്ടിയല്ല. 'പ്രജായത്ത ഭരണം വേണം, അമേരിക്കൻ മോഡൽ ഭരണം അറബിക്കടലിൽ' എന്ന മുദ്രാവാക്യം വിളിച്ച രാഷ്ട്രീയമാണ്

*** പിൻവലിച്ചു

കേരളത്തിലേത്. അതുകൊണ്ട് ഈ പ്രസ്താവന പിൻവലിച്ച് തൊഴിലാളികളോട് മാപ്പുപറയണം. രാജ്യത്തിനുവേണ്ടി സമരംചെയ്ത് വെടികൊണ്ട് മരിച്ച പൂർവ്വകാല തൊഴിലാളികളെ അരാഷ്ട്രീയവാദികളാക്കുന്ന ഈ പ്രസ്താവന നിർഭാഗ്യകരമാണ്. എല്ലാവരും തൊഴിലാളി പ്രവർത്തനത്തിലൂടെയാണ് മന്ത്രിമാരായതും രാഷ്ട്രീയനേതക്കളായതും. രാഷ്ട്രീയ പ്രവർത്തനം തൊഴിലാളികളുടെ ആവശ്യമാണ്.

മി. സ്പീക്കർ : പ്ലീസ്.... ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. സി. ദിവാകരൻ : സർ, നരേന്ദ്രമോദി ഗവൺമെന്റിന്റെ തൊഴിൽ പരിഷ്കരണ നിയമങ്ങൾ പാടേ തള്ളിക്കളയാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണം. കേരളത്തിലെ തൊഴിലാളിവർഗ്ഗം അതാഗ്രഹിക്കുന്നു. അതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഐ.എൻ.റ്റി.യു.സി.-യും ബി.എം.എസ്.-ഉം ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളി യൂണിയനുകളും കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽ പരിഷ്കരണ നടപടികൾക്കെതിരാണ്. കേരളമാണ് ബോണസ് ആകട്ടെ ഗ്രാറ്റുവിറ്റി ആകട്ടെ ഉൾപ്പെടെയുള്ള തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് എടുത്ത തൊഴിലാളിവിരുദ്ധ തീരുമാനത്തിനെതിരായി നടപടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെന്ന് തോന്നുന്നുണ്ടെങ്കിൽ അത് പിൻവലിക്കുന്നു. അവകാശബോധത്തോടൊപ്പം രാഷ്ട്രീയ ബോധവും തൊഴിലാളികൾക്ക് അനിവാര്യമാണെന്ന് കണ്ടുകൊണ്ട് പ്രവർത്തിച്ച ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പിൻമുറക്കാരനാണ് ഞാൻ. പക്ഷേ ഇപ്പോൾ നടക്കുന്ന ഹർത്താലുകൾ, ആരെങ്കിലും ഒരാൾ വീട്ടിലിരുന്ന് ആഹ്വാനം ചെയ്താൽ കേരളം മൊത്തം സ്തംഭിപ്പിക്കുന്ന നിലയിൽ കാര്യങ്ങൾ പോകുന്നത് കേരളത്തിന് ഗുണകരമാണോ എന്നുള്ളത് നമ്മളെല്ലാം ചർച്ച ചെയ്യേണ്ട കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെ, നിയമപരിഷ്കരണത്തിനെതിരെ, തൊഴിലാളി വിരുദ്ധ സമീപനങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന സംസ്ഥാനമാണ് കേരളം. അതിൽ ഒരു സംശയവുമില്ല. ഇവിടെ ഒരു ഐക്യനിര രൂപപ്പെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ഐ.എൻ.ടി.യു.സി., ബി.എം.എസ്. എന്നീ ട്രേഡ് യൂണിയനുകൾ സമരത്തിന് ഉണ്ടായിരുന്നെങ്കിലും അവസാനനിമിഷം ബി.എം.എസ്. പിൻമാറി. ബാക്കി എല്ലാ ട്രേഡ് യൂണിയനുകളും ചേർന്ന്, ഇപ്പോൾ പശ്ചിമബംഗാളിൽനിന്ന് ആരംഭിച്ച

ചർച്ചകൾക്ക് സമാനമായ നിലയിൽ കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള ഒരു ഐക്യനിര രൂപപ്പെടേണ്ടതുണ്ട്. അങ്ങനെ രൂപപ്പെടുകയാണെങ്കിൽ അതിന് ഫലമുണ്ടാകും. രാജ്യത്തെ ട്രേഡ് യൂണിയനുകളുടെയും തൊഴിലാളികളോട് താൽപ്പര്യമുള്ള സംസ്ഥാന ഗവൺമെന്റുകളുടെയും ശക്തമായ ചെറുത്തു നിൽപ്പുള്ളതുകൊണ്ട് മാത്രമാണ് നരേന്ദ്രമോദി ഗവൺമെന്റിന് തൊഴിലാളികൾക്ക് അനുകൂലമായ രീതിയിൽ ബോണസ് ആക്ട് പരിഷ്കരിക്കേണ്ട സാഹചര്യമുണ്ടായത്. തുടർന്നും ഐക്യനിര രൂപപ്പെടുകയാണെങ്കിൽ കേന്ദ്രസർക്കാരിന്റെ തൊഴിലാളിവിരുദ്ധ സമീപനം അവസാനിപ്പിക്കാൻ സാധിക്കും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, വർഷങ്ങളായി തൊഴിലെടുക്കുന്ന കാഷ്വൽ ലേബറേഴ്സിനെ സ്ഥിരപ്പെടുത്തുന്നതിനുപകരം താൽക്കാലികമായി ദിവസക്കൂലിക്ക് ആളുകളെ നിയമിക്കുന്ന പ്രവണത കൂടിക്കൂടി വരികയാണ്. ദീർഘകാലം പ്രവർത്തിച്ച കാഷ്വൽ ലേബറേഴ്സിന് മുൻഗണനയുണ്ടെങ്കിലും അവരെ നിയമിച്ചിട്ടേ മറ്റുള്ളവർക്ക് നിയമനം നൽകുകയുള്ളൂ എന്ന നിബന്ധന കർശനമാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇപ്പോൾ വ്യക്തമായി മറുപടി പറയാൻ സാധിക്കില്ല. സുപ്രീം കോടതിയുടെ ചില വിധികൾ വന്നിട്ടുണ്ട്. അതിനെത്തുടർന്ന് ഈ മേഖലയിൽ ചില പ്രശ്നങ്ങളുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽപ്പോലും വർഷങ്ങളായി പണിയെടുത്തുകൊണ്ടിരിക്കുന്ന ജീവനക്കാരെ ഡിപ്പാർട്ടുമെന്റലൈസ് ചെയ്യാൻ, സ്ഥിരപ്പെടുത്താൻ സാധിക്കാത്ത വിധത്തിൽ കോടതി വിധികൾ നിലനിൽക്കുകയാണ്. അത് ഗവൺമെന്റിന് ഒരു പ്രശ്നംതന്നെയാണ്. സുപ്രീം കോടതി വിധിയെത്തുടർന്നുള്ള ഹൈക്കോടതി വിധികളുമുണ്ട്. വർഷങ്ങളായി ജോലി ചെയ്തുകൊണ്ടിരിക്കുന്നവരെ എങ്ങനെ സ്ഥിരപ്പെടുത്താൻ സാധിക്കു മെന്നുള്ളതിനെക്കുറിച്ച്, അതിനുള്ള നിയമ ഭേദഗതിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വളരെയേറെ ബുദ്ധിമുട്ടിലാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ, ജീവനക്കാരുടെ അഭാവം തുടങ്ങി വലിയ തോതിൽ പ്രതിസന്ധികൾ നേരിടുകയാണ്. തൊഴിലാളികൾക്ക് കാലാനുസൃതമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷേമനിധി നിയമങ്ങളിൽ, പ്രത്യേകിച്ച് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ

ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; കെട്ടിടം നിർമ്മിച്ച് വർഷങ്ങൾക്ക് ശേഷമാണ് പലപ്പോഴും ഉടമാ വിഹിതം പിരിച്ചെടുക്കുന്നത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ബഹുനില മന്ദിരങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്ന വേളയിൽ തന്നെ ക്ഷേമനിധിയിലേക്കുള്ള സെസ്സ് പിരിക്കുകയാണെങ്കിൽ ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരുന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചത് നല്ലൊരു സജഷനാണ്. അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ട് കെട്ടിടങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്നതോടൊപ്പം തന്നെ സെസ്സിന്റെ ഒരു വിഹിതംകൂടി കൊടുക്കണമെന്നുണ്ട്. ഇതുനാളിനകം സെസ്സിന്റെ വിഹിതം അടയ്ക്കണമെന്നാണ് സെൻട്രൽ ആക്ടിൽ പറയുന്നത്. ഇങ്ങനെയൊക്കെയുള്ള ചില കോൺട്രാഡിക്ഷനുകളുണ്ടെങ്കിലും ഇത് നല്ലൊരു സജഷനാണ്. ചില വെൽഫെയർ ബോർഡുകൾ വളരെ സദുദ്ദേശപരമായി ആരംഭിച്ചെങ്കിലും അവയുടെ ആരോഗ്യസ്ഥിതി അത്ര ഗുണകരമല്ല. എന്നാൽ നിർമ്മാണംപോലുള്ള വെൽഫെയർ ബോർഡുകൾക്ക് ഇപ്പോൾ യാതൊരു പ്രശ്നവുമില്ല. പ്രതിവർഷം 170 കോടിരൂപ സെസ്സ് പിരിച്ചെടുക്കുന്നുണ്ട്, ഊർജ്ജിതമായി കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. ഹെൽത്തി ആയിട്ടുള്ള, തനതായി നിൽക്കാൻ ശേഷിയുള്ള എല്ലാ വെൽഫെയർ ബോർഡുകളുടെയും ആനുകൂല്യങ്ങൾ ഈ അടുത്തകാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ട്. നിർമ്മാണ ബോർഡ് കമ്പ്യൂട്ടറൈസ് ചെയ്തതിന്റെ ഫലമായി ആനുകൂല്യങ്ങളെല്ലാം അപ്ഡേറ്റായി നൽകുന്നുണ്ട്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, വനം വകുപ്പിന്റെ ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ കൂടുതൽ പേരും പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. അവർ താരതമ്യേന സംഘടനാശക്തി ഇല്ലാത്തവരാണ്. ഇന്നിപ്പോൾ അവർക്ക് വളരെ പരിമിതമായ വേതനം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കൂട്ടായി വിലപേശാനുള്ള ശക്തിയില്ലാത്ത ഈ വിഭാഗത്തിൽപ്പെട്ടവരുടെ ദുർബലാവസ്ഥ പരിഗണിച്ചുകൊണ്ട് അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, സ്പെസിഫിക്കായി ചോദ്യം വന്നാൽ മാത്രമേ എനിക്ക് വ്യക്തമായി മറുപടി പറയാൻ സാധിക്കുകയുള്ളൂ. അവർ മിനിമം വേതനത്തിന്റെ പരിധിയിൽപ്പെട്ട തൊഴിലാളികളാണെങ്കിൽ മിനിമം വേതനം കാലാകാലങ്ങളായി പരിഷ്കരിക്കുന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ വേതനം സംബന്ധിച്ച് പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, നമ്മുടെ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഇന്നും തൊഴിലില്ലാതെ കഷ്ടപ്പെടുകയാണ്. പല മേഖലകളിലും അവർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭിക്കാൻ സാധിക്കുന്ന മേഖലകളിൽ തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള സംവിധാനമുണ്ടാക്കി തൊഴിൽ നൽകി ഇവരെ തൊഴിലില്ലായ്മയിൽ നിന്ന് രക്ഷപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, തൊഴിലാളികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി ആനുകൂല്യങ്ങൾ മാറ്റിവയ്ക്കാൻ സാധിക്കില്ല. രാജ്യത്തെ തൊഴിൽ നിയമങ്ങൾ എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും ഒരുപോലെയാണ്. നിയമത്തിൽ ഇങ്ങനെയൊരു വേർതിരിവ് കൊണ്ടുവരാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കേരളത്തിലെ തൊഴിൽ മേഖലയെ സംബന്ധിച്ച് പറയുമ്പോൾ അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് ചർച്ച ചെയ്യാതെ പോകാൻ കഴിയില്ല. അവരുടെ സാന്നിദ്ധ്യം ഒരു വസ്തുതയാണ്. അവർ വലിയ തോതിൽ ചൂഷണങ്ങൾക്ക് വിധേയമാവുകയാണ്. അവരുടെ താമസസൗകര്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു പരിഷ്കൃത സമൂഹത്തിന് യോജിച്ച തരത്തിലാണോ എന്നത് മലയാളികളുടെ മനസ്സാക്ഷിയോട് ചോദിക്കേണ്ടതാണ്. മലയാളികൾ ഗൾഫ് നാടുകളിൽപ്പോയി കഷ്ടപ്പെടുന്നതിനെ സംബന്ധിച്ച് 'ആടുജീവിതം' പോലെയുള്ള നോവലുകളൊക്കെ ഇറങ്ങാറുണ്ടെങ്കിലും യഥാർത്ഥത്തിൽ അതുപോലുള്ളൊരു നോവൽ നമ്മുടെ ഇഷ്ടികക്കളങ്ങളിലും മറ്റ് മേഖലകളിലും പണിയെടുക്കുന്ന ബംഗാളികളെക്കുറിച്ചും എഴുതാനുണ്ട്. ഇടത്തട്ടുകാർ ഇടയ്ക്ക് നിൽക്കുന്നതുകാരണം യഥാർത്ഥത്തിലുള്ള വേതനംപോലും അവർക്ക് ലഭ്യമാകുന്നില്ല. അവർക്ക് ആരോഗ്യപ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അവർക്ക് ചില കാര്യങ്ങളെങ്കിലും ചെയ്തുകൊടുത്തത് ഈ സർക്കാരാണ്. അവർക്കുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് അങ്ങയുടെ വകുപ്പിൽനിന്നും കൂടുതലായി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൽത്തന്നെ ഉത്തരവുമുണ്ട്. മലയാളി സമൂഹത്തിന്റെ മനസ്ഥിതിയിൽ മാറ്റംവരാതെ ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടാകില്ല. അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ രാജ്യത്തെ ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്നവരാണെന്നും അവർ ഭാരതീയരാണെന്നുമുള്ള കാഴ്ചപ്പാട് സമൂഹത്തിൽ രൂപപ്പെടേണ്ടതായിട്ടുണ്ട്. ഇവരെ തൊഴിലെടുപ്പിക്കുന്നവർ മാത്രമല്ല പൊതുസമൂഹവും ആ നിലയിൽ ഇവരെ

അംഗീകരിക്കാൻ തയ്യാറാകണം. ദൗർഭാഗ്യവശാൽ അങ്ങനെയില്ല. ഇവരെ താമസിപ്പിക്കാൻ ഒരു വീടെടുത്താൽ അവിടെ ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും അവരെ അവിടെ താമസിപ്പിക്കാൻ സാധിക്കില്ലെന്ന് പറയുകയും ചെയ്യും. ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായ പരിശ്രമം നടത്തേണ്ടതുണ്ട്. സർക്കാർ ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് അന്യസംസ്ഥാന തൊഴിലാളികളുടെ അക്കോമഡേഷനുവേണ്ടി 'അപ്നാ ഘർ' എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ആദ്യ നിർമ്മാണ പ്രവർത്തനം പാലക്കാട് ജില്ലയിൽ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒരുമാസത്തിനകം അതിന്റെ ഉദ്ഘാടനം നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുശേഷം സംസ്ഥാനത്തുടനീളം ഗവൺമെന്റ് മുൻകയ്യെടുത്തും സ്വകാര്യ വ്യക്തികളെ പ്രോത്സാഹിപ്പിച്ചും ലേബർ അക്കോമഡേഷൻ ഉണ്ടാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാനപ്പെട്ട സി. ദിവാകരന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി ഈ സഭയിലെ മിക്കവാറും ആളുകൾക്ക് തൃപ്തികരമല്ലാത്തതിനാൽ ഞാൻ വീണ്ടും ചോദിക്കുകയാണ്. അങ്ങയുടെ പിതാവ് ബേബി ജോണും ടി. കെ. ദിവാകരൻ, ആർ. എസ്. ഉണ്ണി, പങ്കജാക്ഷൻ, വാമദേവൻ തുടങ്ങിയ അന്നത്തെ ആർ.എസ്.പി. നേതാക്കളും കൊല്ലത്തടക്കം തൊഴിലാളികളെ രാഷ്ട്രീയമായി സംഘടിപ്പിച്ചതുകൊണ്ടാണ് നിങ്ങളുടെ പ്രസ്ഥാനം വളർന്നത്. സംസ്ഥാനത്തെ തൊഴിലാളി പ്രസ്ഥാനവും വളർന്നത് അങ്ങനെയാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ലോകമാന്യ തിലക്-നെ ബ്രിട്ടീഷ് പോലീസ് അറസ്റ്റ് ചെയ്ത് മർദ്ദിച്ചപ്പോൾ ഇന്ത്യയിലെ തൊഴിലാളികൾ സ്വാഭാവികമായി പണിമുടക്കി. ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന് പ്രായപൂർത്തി വന്നുവെന്നാണ് അന്ന് മഹാനായ ലെനിൻ പറഞ്ഞത്. പുന്നപ്ര വയലാറിലെ സമാധാന ചർച്ചയ്ക്കായി സർ സി.പി.-യുടെ മുറിയിൽ ടി. വി. തോമസ് സർ സി.പി.-യെപ്പോലെ തന്നെ ഉയർന്ന പീഠത്തിൽ കയറിയിരിക്കുകയും ബോണസ്സും കൂടുതൽ കൂലിയും ഒക്കെ തന്നാലും പ്രശ്നം തീരില്ലെന്നും പ്രായപൂർത്തി വോട്ടവകാശം എന്ന ഒറ്റ ആവശ്യം അംഗീകരിച്ചാൽ പണിമുടക്ക് പിൻവലിക്കാമെന്നും പറഞ്ഞു. ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. ഇങ്ങനെയുള്ള മഹത്തായ പാരമ്പര്യമാണ് നമുക്കുള്ളത്. പക്ഷെ, അങ്ങ് മറുപടി പറഞ്ഞപ്പോൾ നടത്തിയ പ്രസ്താവന അങ്ങയുടെ രാഷ്ട്രീയ ജീവിതത്തിൽ തീർച്ചയായും കറപുരണ്ട, ഒരു കറുത്ത പ്രമേയമാണ്. അങ്ങ് അത് പിൻവലിക്കണം. രാഷ്ട്രീയമായ പണിമുടക്കിൽക്കൂടി തൊഴിലാളിവർഗ്ഗം രാജ്യത്തിന്റെ മോചനത്തിനുള്ള പോരാട്ടത്തിന് തയ്യാറായിട്ടുണ്ടെന്നും അതിന് മുന്നോടിയായിട്ടുള്ള എല്ലാ സമരങ്ങളും ആ രീതിയിൽത്തന്നെ നീങ്ങണമെന്നുമുള്ള മാർക്സിസ്റ്റ്, ലെനിനിസ്റ്റ് കാഴ്ചപ്പാട് അങ്ങേയ്ക്ക് എന്തുകൊണ്ട് അംഗീകരിച്ചുകൂടാ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ചോദ്യോത്തരവേള ആയതുകൊണ്ടാണ് ഞാൻ പറഞ്ഞതിൽ അപാകതയുണ്ടെങ്കിൽ അത് പിൻവലിക്കുന്നു എന്ന് ചുരുക്കി പറഞ്ഞത്. ദീർഘമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ട ഒരു വിഷയംകൂടി ഇതിലുണ്ട്. ഇപ്പോൾ ഹർത്താലുകൾ പ്രഖ്യാപിക്കുമ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഹർത്താലിൽ പങ്കെടുക്കുന്നുണ്ട് എന്നത് നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനമായി രൂപപ്പെട്ടതിനുശേഷം രാഷ്ട്രീയപ്രസ്ഥാനമായി മാറിയ ഒരു പാർട്ടിയുടെ പിൻമുറക്കാരനാണ് ഞാൻ. ആ ചരിത്രമെല്ലാം അറിയാം, ഞാനത് ഉൾക്കൊള്ളുകയും ചെയ്യുന്നു. ഇന്ന് അതിൽനിന്ന് വിദൂരമായി കാര്യങ്ങൾ എത്തിയിരിക്കുന്നു എന്ന യാഥാർത്ഥ്യംകൂടി ഉൾക്കൊള്ളണം എന്നുമാത്രമേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളൂ. തൊഴിലാളിവിരുദ്ധമായ കാര്യമല്ല ഉദ്ദേശിച്ചത്. തൊഴിലാളികൾക്ക് രാഷ്ട്രീയബോധം ഉണ്ടാകുകയും അവർ രാഷ്ട്രനിർമ്മാണത്തിൽ ഭാഗമാകുകയും വേണം. അതേസമയം അനാവശ്യ കാര്യങ്ങൾക്കുവേണ്ടി അവരെ ഉപയോഗിക്കുന്ന പ്രവണത ഏതെങ്കിലും ഭാഗത്തു നിന്നുണ്ടെങ്കിൽ അത് അവസാനിപ്പിക്കണമെന്ന അഭിപ്രായം മാത്രമേ എനിക്കുള്ളൂ.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, കഴിഞ്ഞ 5 വർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ വളരെ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഏറ്റവും കൂടുതൽ വനിതാ ജീവനക്കാർ ഒരുമിച്ച് ജോലി ചെയ്യുന്നത് ടെക്നോപാർക്ക്, ഇൻഫോപാർക്ക് പോലുള്ള സ്ഥലങ്ങളിലായിരിക്കും. അതിൽ ഒറീസ്സാ, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന വനിതാ ജീവനക്കാരുടെ എണ്ണം വളരെ കൂടുതലാണ്. ഞാൻ ഈ മേഖലയിൽ ജോലി ചെയ്ത ആളായതു കൊണ്ടാണ് പറയുന്നത്. രാത്രി 9.30-ന് കഴക്കൂട്ടത്ത് ടെക്നോപാർക്കിന്റെയോ കാക്കനാട് ഇൻഫോപാർക്കിന്റെയോ സമീപത്തുനിന്നാൽ പല സഹോദരിമാരും ജോലി കഴിഞ്ഞ് തനിച്ച് നടന്നുവരുന്നതുകാണാം. ഇവരുടെ സുരക്ഷയെ മുന്നിൽക്കണ്ടുകൊണ്ട് എന്തെങ്കിലും പ്രത്യേക സ്കീമുകൾ കമ്പനികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ; അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നവരാണ്. ഇവരുടെ സുരക്ഷിതത്വം കരുതിയാണ് പല ഭേദഗതികളും കൊണ്ടുവന്നിട്ടുള്ളത്. കുഞ്ഞുങ്ങളെ മുലയൂട്ടാനുള്ള സംവിധാനമുണ്ടാകണമെന്ന നിയമം കൊണ്ടുവന്നപ്പോൾ ടെക്നോപാർക്കിലെ ചില കമ്പനിക്കാർ ചോദിച്ചത് ആരാണ് ഈ നിയമം പാസ്സാക്കിയത് എന്നാണ്. കേരള നിയമസഭയ്ക്ക് ഈ നിയമം

പാസ്സാക്കാനുള്ള അധികാരമുണ്ടെന്നുപോലും മനസ്സിലാക്കാതെ പ്രവർത്തിക്കുന്നവർ പലരും അവിടെയുണ്ട്. ഇതൊക്കെ പ്രശ്നം തന്നെയാണ്. എന്നാൽ പരിഷ്കരിച്ച നിയമം നടപ്പിലാക്കാൻ തീരുമാനിച്ച് സർക്കാർ മുന്നോട്ടുപോവുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് അസംഘടിതരായ നിരവധി തൊഴിലാളികളുണ്ട്. സംസ്ഥാനത്ത് വ്യാപകമായി അൺ എയ്ഡഡ് സ്കൂളുകളും കോളേജുകളും പ്രവർത്തിക്കുകയാണ്. ഇവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ച് ഒരു നിയമവും സംസ്ഥാനത്തില്ല. വളരെ തുച്ഛമായ വേതനം കൈപ്പറ്റി രാവിലെ മുതൽ വൈകുന്നേരംവരെ അദ്ധ്യാപന ജോലിയും മറ്റ് ജോലികളും ചെയ്യേണ്ട ഗതികേട് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ നിയമനിർമ്മാണം നടത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുന്നില്ല. ഈ ചൂഷണം തടയുന്നതിനുവേണ്ടിയും അവരുടെ സേവന-വേതന വ്യവസ്ഥയും ക്വാളിഫിക്കേഷനും സംബന്ധിച്ച കാര്യത്തിൽ വ്യവസ്ഥയുണ്ടാക്കുന്നതിനും വേണ്ടിയുള്ള സമഗ്രമായ നിയമം ഗവൺമെന്റ് കൊണ്ടുവരാത്തത് എന്തുകൊണ്ടാണ്; അങ്ങനെയൊരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാറിനെപ്പോലെ ഒരു എം.എൽ.എ.-യ്ക്ക് ഇതുസംബന്ധിച്ച നിയമത്തെക്കുറിച്ച് അറിയില്ലെന്നു പറയുന്നത് വളരെ ഖേദകരമാണ്. ഈ അദ്ധ്യാപകർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലും മറ്റും വരില്ല എന്നത് വർഷങ്ങൾക്കുമുമ്പുള്ള സുപ്രീം കോടതി വിധിയാണ്. 'It is a service, it is a noble profession, they don't come under this' എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇതുസംബന്ധിച്ച നിയമനിർമ്മാണം നടത്താൻ തൊഴിൽ വകുപ്പിന് സാധിക്കുകയില്ല. നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന് പല രീതിയിലും പരിശോധിച്ചിരുന്നു. പക്ഷേ അതിന് സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ ചൂഷണം നിലനിൽക്കുന്നുണ്ട് എന്നത് ഞാനും അംഗീകരിക്കുന്നു. എന്നാൽ തൊഴിൽ നിയമങ്ങൾ ഇവരുടെ കാര്യത്തിൽ കർശനമാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

ശ്രീ. സി. കൃഷ്ണൻ: സർ, പരമ്പരാഗത വ്യവസായ മേഖലകളിൽ പ്രഖ്യാപിച്ച മിനിമം കൂലിപോലും കിട്ടാത്ത അവസ്ഥയാണ് വളരെക്കാലമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. വ്യവസായങ്ങളുടെ ദുർബലാവസ്ഥ അതിന് പ്രധാനപ്പെട്ട ഒരു കാരണമാണ്. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞകൂലി ഉറപ്പുവരുത്തുന്നതിനുവേണ്ടി 2010-11-ൽ അന്നത്തെ ഗവൺമെന്റ് നടപ്പാക്കിയ ഒരു

നൂതനമായ പദ്ധതിയാണ് 'ഇൻകം സപ്പോർട്ട് സ്കീം'. ആ പദ്ധതി പിന്നീട് തുടരുകയും ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പല മേഖലകളിലും അത് യഥാസമയം വിതരണം ചെയ്യുന്നില്ല. ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്ന ഖാദി, കൈത്തറി, ബീഡി, കയർ തുടങ്ങിയ മേഖലയിലെ തൊഴിലാളികൾക്ക് ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം യഥാസമയം ലഭിക്കണമെങ്കിൽ ആ പണം നൽകണം. അത് കൃത്യമായി കൊടുക്കാത്ത സാഹചര്യം ഇപ്പോൾ നിലനിൽക്കുകയാണ്. ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുവരുത്തുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇങ്ങനെ പറഞ്ഞത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അതിനായി അനുവദിച്ച ഫണ്ട് പരമ്പരാഗത സെക്ടറുകൾക്ക് എല്ലാ വർഷവും കൃത്യമായി കൊടുത്തു കൊണ്ടിരിക്കുകയാണ്. 2010-ൽ ഈ പദ്ധതി പ്രഖ്യാപിച്ചെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതുകൊണ്ടാവാം അന്നത് നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ് 'ഇൻകം സപ്പോർട്ട് സ്കീം' കേരളത്തിൽ നടപ്പിലാക്കിയത്. എല്ലാ വർഷവും തുക വിതരണം ചെയ്തു കൊണ്ടിരിക്കുകയാണ്. തുകയൊന്നും ലാപ്സായിട്ടില്ല. എല്ലാ ഡിപ്പാർട്ടുമെന്റും കൂടുതൽ തുക വേണമെന്ന നിർബന്ധബുദ്ധിയിലാണ്. ലഭ്യമായ തുക എല്ലാവർക്കുമായി വിതരണം ചെയ്യുകയും അത് തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്യുന്നുണ്ട്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഇവിടെ പ്ലാന്റേഷൻ മേഖലയിലാണ് ഏറ്റവും വലിയ ക്രൈസിസ് നിലനിൽക്കുന്നത്. മാർക്കറ്റിംഗ് മേഖലകളിൽ നിയമപരമായി ഇടപെട്ട് തൊഴിലാളികളെ സഹായിക്കുന്നതിനായി എന്ത് സമീപനമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; അതുപോലെ ആരോഗ്യമേഖലയിൽ ഏറ്റവും ഗുരുതരമായ പ്രശ്നം നിലനിൽക്കുകയാണ്. പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ചുള്ള സേവനം ലഭ്യമാക്കുന്ന ആശുപത്രികളിൽപ്പോലും സാധാരണ രീതിയിൽ നടക്കാവുന്ന പ്രസവം സിസേറിയനാക്കിമാറ്റി വ്യാവസായികാടിസ്ഥാനത്തിൽ പണം വാങ്ങുന്ന അവസ്ഥയാണുള്ളത്. തൊഴിൽ മേഖലയിലെ ഈ രണ്ട് പ്രശ്നങ്ങൾ സംബന്ധിച്ച് എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട മെമ്പറുടെ മേഖലയായ മൂന്നാറിലുൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ ഞങ്ങൾ കൂട്ടായ ചർച്ച നടത്തുകയും ഇവയെ അഡ്രസ്സ് ചെയ്യാനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ തൊഴിലാളികളെ ഇ.എസ്.ഐ.-യുടെ പരിധിയിൽ കൊണ്ടുവരാനായി

കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എക്സ്റ്റന്റ് ചെയ്യുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്. മാർക്കറ്റിംഗിന്റെ കാര്യത്തിൽ ഗവൺമെന്റിന് ഇടപെടാൻ സാധിക്കുകയില്ല. പക്ഷേ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. തേയിലയ്ക്ക് വിലയില്ലാത്ത സാഹചര്യം നിലനിൽക്കുമ്പോൾ ഇത് കാർട്ടലൈസ് ചെയ്തുകൊണ്ട് വാങ്ങിക്കൂട്ടുന്നവർക്ക് വളരെ ലാഭമാണ്. എന്നാൽ തോട്ടങ്ങൾക്ക് ലാഭം ലഭിക്കുന്നില്ല. അത് എങ്ങനെ ബ്രേക്ക് ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് നമുക്കെല്ലാവർക്കും ചേർന്ന് ആലോചിക്കാവുന്നതാണ്. പക്ഷേ ഒരുകാര്യം ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയത് നല്ലതാണ്. കുറഞ്ഞത് 4,000 കോടി രൂപ പ്രതിവർഷം കൂലിയായി ഗ്രാമീണ സഹോദരിമാർക്ക് കൊടുക്കുന്ന ഒരു സെക്ടറാണ് പ്ലാന്റേഷൻ സെക്ടർ. ഇത് നമ്മൾ സംരക്ഷിക്കണം. ഐ.ടി. സെക്ടറിൽ എത്ര പേർക്കാണ് ജോലിയുള്ളതെന്ന് നമ്മൾ പരിശോധിക്കണം. 90 ശതമാനവും വനിതകൾ ജോലി ചെയ്യുന്ന സെക്ടറാണ് പ്ലാന്റേഷൻ സെക്ടർ. ഇന്നത്തെ ക്രൈസിസിൽ ആ സെക്ടർ സംരക്ഷിക്കാൻ നാം കൂട്ടായി ആലോചിക്കണം. ഒരുഭാഗത്ത് ചൂഷണം അവസാനിപ്പിക്കാനും മറുഭാഗത്ത് തൊഴിലാളികൾക്ക് ഭേദപ്പെട്ട ജീവിതനിലവാരം പുലർത്താനുമുള്ള സാഹചര്യം സൃഷ്ടിക്കാനും സമഗ്രമായ നടപടികൾ ആവശ്യമാണ്.

ശ്രീ. എ. എം. ആരിഫ്: സർ, മിനിമം വേതനം പുതുക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മിനിമം വേതനം പുതുക്കിയിട്ട് അഞ്ചുവർഷം മുതൽ എട്ടുവർഷം വരെ പൂർത്തിയായ 33 മേഖലകളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇത് മറ്റൊരു ചോദ്യത്തിന് ഉത്തരമായി അങ്ങുതന്നെ പറഞ്ഞിട്ടുള്ളതാണ്. അതിന് പരിഹാരം കാണുന്നതിനായി നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, മറ്റൊരു ചോദ്യത്തിന് മറുപടിയായി പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട അംഗം പറയുമ്പോൾ, അതിൽത്തന്നെ മറുപടിയും പറഞ്ഞിട്ടുണ്ട്. മിനിമം വേജസ് പുതുക്കിയിട്ട് 5 വർഷം കഴിഞ്ഞ 33 മേഖലകളുണ്ട്. എല്ലാ സെക്ടറുകളിലും മിനിമം വേജസ് പുതുക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിൽ ചിലത് നോട്ടിഫിക്കേഷൻ സ്റ്റേജിലാണ്. അങ്ങനെ പൂർത്തീകരിച്ച എല്ലാ സെക്ടറുകളിലും നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മിനിമം വേജസ് പുതുക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എപ്പോഴും കാലതാമസമുണ്ടാകാറുണ്ട്. എന്നുമുതലാണ് പുതിയ മിനിമം വേജസ് നിലവിൽ വരുന്നതെന്ന് നോട്ടിഫിക്കേഷനിൽ വരും. കാലതാമസമുണ്ടായാലും ഡേറ്റ് ഓഫ് ഇഫക്ട് നോക്കുമ്പോൾ ഇതിന് പരിഹാരമുണ്ടാകും. നഷ്ടമില്ലാത്ത രീതിയിൽ അഞ്ചുവർഷം പൂർത്തീകരിക്കുന്നമുറയ്ക്ക് കാര്യങ്ങൾ നടക്കും.

## പട്ടിക-ഗോത്രവർഗ്ഗങ്ങൾക്കിടയിലെ ശിശുമരണനിരക്ക്

2 (*62) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. ദാസൻ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗങ്ങൾക്കിടയിലെ ശിശുമരണനിരക്ക് പൊതു നിരക്കിന്റെ മൂന്നര ഇരട്ടി ആയിരിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടിയിലും വയനാട്ടിലും പട്ടികഗോത്രവർഗ്ഗ ശിശുക്കൾ മരണപ്പെടുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അതിന്റെ വിശദവിവരം അറിയിക്കാമോ;

(സി) മുൻസർക്കാർ പട്ടികഗോത്രവർഗ്ഗ മേഖലയിൽ നടപ്പാക്കിയ സഞ്ചരിക്കുന്ന ക്ലിനിക്കുകൾ നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ഫലപ്രദമായ രീതിയിൽ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കാൻ തയ്യാറാകുമോ;

(ഡി) അതാതു പ്രദേശത്തെ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരെ അധികമായി വിവിധോദ്ദേശ്യ സ്ത്രീ-പുരുഷ ആരോഗ്യ പ്രവർത്തകരായി പരിശീലനം നൽകി നിയമിച്ച് പ്രശ്നപരിഹാരത്തിന് നടപടിയെടുക്കാൻ തയ്യാറാകുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ,

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലും വയനാട് ജില്ലയിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന ശിശു മരണനിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റു ജില്ലകളിലെ ആദിവാസി മേഖലകളിൽ ഇത്തരത്തിലുള്ള ഒരു വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അട്ടപ്പാടിയിൽ ഉയർന്ന ശിശുമരണനിരക്ക് റിപ്പോർട്ട് ചെയ്ത 2013-ൽ പ്രധാനമായും ഗർഭിണികളുടെ പോഷണക്കുറവ്, നേരത്തെയുള്ള പ്രസവം, നവജാത ശിശുവിന്റെ തൂക്കക്കുറവ്, ജന്മനാലുള്ള ആന്തരാവയവങ്ങളുടെ തകരാറ്, അണുബാധ എന്നിവയാണ് ഈ ശിശുമരണങ്ങളുടെ പ്രധാനകാരണം. വയനാട് ജില്ലയിൽ ഈ കാരണങ്ങൾക്കൊപ്പം Breast Milk Aspiration (ശ്വാസകോശത്തിൽ മുലപ്പാൽ കയറി ഉണ്ടാകുന്ന അപകടം)-നും ഒരു ഘടകമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

2013-ൽ അട്ടപ്പാടി മേഖലയിൽ കൂടുതലായി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ഒട്ടനവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി ശിശുമരണങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ 2013-ൽ 31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗവിഭാഗങ്ങൾക്കിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്.

പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയതിന്റെ ഫലമായി 2014-ൽ 15 മരണങ്ങളായും 2015-ൽ 14 മരണങ്ങളായും കുറവുവന്നിട്ടുണ്ട്. ഫീൽഡുതല പ്രവർത്തനവും ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കാൻ ആശുപത്രികളുടെയും പി.എച്ച്.സി./സി.എച്ച്.സി.-കളുടെയും പ്രവർത്തനം ഭൗതിക സാഹചര്യങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ കുഞ്ഞുങ്ങളുടെ പോഷണ നിരീക്ഷണത്തിനും ഗർഭിണികളുടെ നിരീക്ഷണത്തിനും 'ജനനി ജാതക് സോഫ്റ്റ്‍വെയർ' സംവിധാനം യുനിസെഫ് സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിൽ മുൻസർക്കാർ പട്ടികഗോത്ര മേഖലയിൽ നടപ്പാക്കിയ സഞ്ചരിക്കുന്ന ക്ലിനിക്കുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. മാത്രമല്ല ഇപ്പോൾ ഉള്ളതിനുപുറമേ നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്നീ സർക്കാർ ഏജൻസികൾ വഴി പുതിയ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ പട്ടികവർഗ്ഗക്ഷേമ വകുപ്പുവഴിയും ചില ജില്ലകളിൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) ഈ മേഖലകളിൽ ഫീൽഡുതല ആരോഗ്യ പ്രവർത്തകർക്കുപുറമേ ആശാ വാളണ്ടിയർമാർ, അംഗൻവാടി പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടേഴ്സ്, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് പരിശീലനം നൽകി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യസേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ഇവരുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. കൂടുതലായി വിവിധോദ്ദേശ്യ സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി പ്രവർത്തനങ്ങൾ ഇനിയും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ജനനി ജാതക്, ജനനി ജന്മരക്ഷ തുടങ്ങി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും സ്ഥിതിഗതികൾ വളരെയേറെ ആശങ്കാജനകമാണ്. നിരവധിതവണ ഈ മേഖലകളിൽനിന്നുള്ള എം.എൽ.എ.-മാർ സഭയിൽ ഉന്നയിച്ചിട്ടുള്ള ഗുരുതരമായ വിഷയങ്ങൾ

നിലനിൽക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്, പട്ടികവർഗ്ഗഗോത്ര വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പ്രസവകാലത്ത് മതിയായ തോതിലുള്ള പോഷകാഹാരം ലഭിക്കാത്തതാണ്. ഇക്കാര്യം ശരിയാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ളതാണ്. അതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു പദ്ധതിയും വേണ്ടരീതിയിൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല. പോഷകാഹാരക്കുറവിന് കാരണം വരുമാനമില്ലായ്മയും, വരുമാനമില്ലായ്മയ്ക്ക് കാരണം കൃത്യമായുള്ള തൊഴിൽ ഇല്ലായ്മയുമാണ്. കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടാൻ തുടങ്ങിയതിനുശേഷം പട്ടികവർഗ്ഗഗോത്ര വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തീർത്തും തൊഴിൽ ഇല്ലാതായിരിക്കുകയാണ്. ഗർഭാവസ്ഥയിലുള്ള സ്ത്രീകൾക്ക് ചെയ്യാൻ കഴിയുന്ന മിതമായ തൊഴിലുകൾ അവർക്കായി നൽകുകയും അത്തരം തൊഴിലിടങ്ങളിൽ മതിയായ പോഷകാഹാരവും വൈറ്റമിനുകളും കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുകയുമാണ് യഥാർത്ഥത്തിൽ സർക്കാർ ചെയ്യേണ്ടത്. ആധുനിക സമൂഹത്തിന് യാതൊരുവിധത്തിലും അംഗീകരിക്കാൻ കഴിയാത്ത അപമാനകരമായ ഒരു സ്ഥിതിവിശേഷം ഇപ്പോഴും തുടരുന്നു. ഇത് പരിഹരിക്കാൻ ഒരു സമഗ്ര പദ്ധതി ആരോഗ്യ വകുപ്പും പട്ടികവർഗ്ഗക്ഷേമ വകുപ്പും ചേർന്ന് നടപ്പാക്കാൻ തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അട്ടപ്പാടി മേഖലയിലും ആദിവാസി മേഖലകളിലും ശിശുമരണനിരക്ക് കുറയ്ക്കുന്നതിന് ആരോഗ്യം, പട്ടികവർഗ്ഗം, സമൂഹ്യനീതി എന്നീ വകുപ്പുകൾ സംയുക്തമായാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. അതിന്റെ ഭാഗമായി 2013-ൽ 31 മരണം സംഭവിച്ച സാഹചര്യത്തിലാണ് ഗവൺമെന്റ് അടിയന്തരമായി ഇടപെടുകയും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പലതവണ യോഗങ്ങൾ ചേർന്ന് എല്ലാ മേഖലകളിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചതും. അതിന്റെ ഫലമായാണ് 2014-ൽ 15-ഉം 2015-ൽ 14-ഉം മരണങ്ങളായി കുറയ്ക്കാൻകഴിഞ്ഞത്. ശിശുമരണങ്ങൾ ഉണ്ടാകുന്നതിന് പ്രധാന കാരണം മെമ്പർ പറഞ്ഞതുപോലെ ഗർഭിണികളുടെ പോഷകാഹാര കുറവുതന്നെയാണ്. അതിനുവേണ്ടി 'കമ്മ്യൂണിറ്റി കിച്ചൺ' പോലെയുള്ള സംവിധാനങ്ങൾ ആദിവാസി ഊരുകളിൽ ആരംഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ച വിശദമായ വിവരങ്ങൾ എസ്.സി. വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കും. അതോടൊപ്പം നേരത്തെയുള്ള പ്രസവം, നവജാത ശിശുവിന്റെ തൂക്കക്കുറവ്, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറ്, അണുബാധ തുടങ്ങിയവയാണ് ശിശുമരണങ്ങൾക്ക് പ്രധാന കാരണം. ഓരോ കാരണങ്ങൾ വിശകലനം ചെയ്ത് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ അട്ടപ്പാടി പാക്കേജ് നടപ്പിലാക്കുകയും 4.33 കോടി രൂപ അതിനായി വിനിയോഗിച്ച് ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരികയുമാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, വളരെ പ്രധാനപ്പെട്ട മറ്റൊരുകാര്യം, പ്രസവ സമയത്ത് സ്ത്രീകൾക്ക് ആശുപത്രികളിലെത്താൻ സാധിക്കുന്നില്ലെന്നുള്ളതാണ്. വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. സമീപകാലത്ത് ഒരു ആദിവാസി സ്ത്രീ 125 കിലോമീറ്റർ യാത്രയ്ക്കിടെ മൂന്ന് കുഞ്ഞുങ്ങളെയാണ് അവർ സഞ്ചരിച്ച വാഹനത്തിൽ പ്രസവിച്ചത്. ആ മൂന്ന് കുട്ടികളും മരിച്ചുപോയി. ഇത്രമേൽ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകുന്ന കേരളത്തിൽ 100 കിലോമീറ്റർ വാഹന സൗകര്യമില്ലാത്ത ഇടമലക്കുടി പോലെയുള്ള ഗോത്രസങ്കേതങ്ങളുണ്ട്. പോഷകാഹാരത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതുപോലെ പ്രവസവ സമയത്ത് ആശുപത്രികളിൽ എത്താനുള്ള സൗകര്യം ഉറപ്പുവരുത്തുകയോ അതല്ലെങ്കിൽ ഇത്തരം സങ്കേതങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉറപ്പാക്കി അവിടെ പ്രസവകാല രക്ഷയ്ക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കുട്ടികൾ മരിച്ച സംഭവങ്ങളുണ്ടായിട്ടുണ്ട്. അതിലേക്ക് വേണ്ട കർശനമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വീട്ടിൽവച്ചുള്ള പ്രസവമാണ് മരണത്തിനുള്ള പ്രധാന കാരണമെന്ന് മനസ്സിലാക്കി പ്രസവത്തിന് രണ്ടാഴ്ച മുമ്പുതന്നെ കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ ദൂരസ്ഥലത്തുനിന്നുള്ള ഗർഭിണികളെ അഡ്മിറ്റ് ചെയ്ത് അവർക്കു വേണ്ട പരിചരണങ്ങൾ കൊടുക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. വീടുകളിലുള്ള പ്രസവം ഗണ്യമായി കുറയ്ക്കാൻ സാധിച്ചതുവഴി അത്തരത്തിലുള്ള മരണങ്ങളും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. ദാസൻ</u>: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഈ മേഖലയിൽ വേണ്ട രീതിയിലുള്ള പരിശോധന നടത്താൻ അങ്ങ് തയ്യാറാകുമോ; പ്രതിരോധ കുത്തിവയ്പും ആരോഗ്യ പരിശോധനയും വേണ്ട രീതിയിൽ നടക്കുന്നില്ലെന്നും അവിടെ വിതരണം ചെയ്യേണ്ട കാൽസ്യം, അയൺ ഗുളികകൾ കൃത്യമായി ഊരുകളിൽ എത്തിച്ചേരുന്നില്ലെന്നുമുള്ള വലിയ ആക്ഷേപം നിലനിൽക്കുകയാണ്. അടിയന്തരമായി ഇതിനൊരു നടപടിയുണ്ടാകണം. അംഗൻവാടി പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടർമാർ തുടങ്ങിയ ആരോഗ്യപ്രവർത്തകരെ നിയോഗിച്ച് ഇതിനാവശ്യമായ സംവിധാനമുണ്ടാക്കുമോ; ആരോഗ്യം, സാമൂഹ്യനീതി, പട്ടികജാതി-പട്ടികവർഗ്ഗം എന്നീ വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം ഇതിന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഈ മൂന്ന് വകുപ്പുകളെയും സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കാര്യക്ഷമമായി നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 24 സബ്സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്ന തരത്തിൽ, മറ്റുള്ള

ആശുപത്രികളിൽ ഉള്ളതിനേക്കാൾ അഡീഷണലായി ഓരോ ജെ.പി.എച്ച്.എൻ.-മാരെക്കൂടി നിയമിച്ചിട്ടുണ്ട്. കൂടാതെ, ആശാ വർക്കേഴ്സ്, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ ഇവർക്ക് ട്രെയിനിംഗ് കൊടുത്ത് ഫീൽഡുതല പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നതിന്റെ അടിസ്ഥാനത്തിൽ മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ആദിവാസി കോളനികളിലുള്ളവർ ചികിത്സയ്ക്കുവേണ്ടി ആശ്രയിക്കുന്നത് ചാലക്കുടി താലൂക്കാശുപത്രിയെയാണ്. 100 കിലോമീറ്റർ അകലെയാണ് ഈ താലൂക്കാശുപത്രി സ്ഥിതിചെയ്യുന്നത്. തക്കസമയത്ത് ചികിത്സ ലഭിക്കാത്തതുമൂലം പലപ്പോഴും ആദിവാസി കോളനികളിൽ മരണങ്ങൾ സംഭവിക്കാറുണ്ട്. ആ പഞ്ചായത്തിൽത്തന്നെ കിടത്തി ചികിത്സിക്കുന്നതിനുള്ള ഒരു ആശുപത്രി ആരംഭിക്കണമെന്നുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. അതിന്മേൽ നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ ആ പഞ്ചായത്തിലെ ആദിവാസികൾ ആശ്രയിക്കുന്ന വെറ്റിലപ്പാറ പി.എച്ച്.സി.-യിൽ രണ്ടുമാസമായി ലാബ് ടെക്നീഷ്യൻ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ക്ഷയരോഗം ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കഴിഞ്ഞ ഗവൺമെന്റ്, മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ചികിത്സയ്ക്കായി എത്തുന്ന ആദിവാസികൾക്ക് മുൻകൂറായി പണം നൽകിയിരുന്നു. ഇപ്പോൾ പണം കിട്ടാതെ ആദിവാസികൾ വലയുകയാണ്. ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, എല്ലാ പഞ്ചായത്തുകളിലും ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രൈമറി ഹെൽത്ത് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകൾപോലും ഇല്ലായിരുന്ന പഞ്ചായത്തുകളുണ്ടായിരുന്നു. ആദിവാസികളുടെ ചികിത്സയ്ക്ക് പ്രത്യേക ശ്രദ്ധനൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ചാലക്കുടി താലൂക്കാശുപത്രിയിൽ എല്ലാ സൗകര്യങ്ങളുമുണ്ട്. അവിടെ ആവശ്യമുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാലും ഇക്കാര്യങ്ങളെല്ലാം പരിശോധിക്കാം. കൂടാതെ, ലാബ് ടെക്നീഷ്യനെ നിയമിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ആദിവാസി മേഖലയിലെ ശിശുമരണ നിരക്കും ആരോഗ്യ പ്രശ്നങ്ങളുമാണല്ലോ പ്രശ്നം. എന്നാൽ ഇതിനോട് മുഖംതിരിഞ്ഞുനിൽക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നതെന്നാണ് സി.എ.ജി. റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 2014-ലെ സി.എ.ജി. റിപ്പോർട്ടിൽ വയനാട്

ജില്ലയെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രി വായിച്ചുകാണുമെന്ന് കരുതുന്നു. മാനന്തവാടി ജില്ലാ ആശുപത്രി റഫറൽ ആശുപത്രിയാണ്. വയനാട് ജില്ലയിലുള്ളവർക്ക് ആശ്രയമായ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണത്. ഈ ആശുപത്രിക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച തുകപോലും ഈ ഗവൺമെന്റ് അനുവദിച്ചില്ലെന്ന് മാത്രമല്ല അതിനെ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ഉദാഹരണമായി 2006-07-ൽ 120 കിടക്കകളുള്ള ഒരു കെട്ടിടം പണിയുന്നതിനുവേണ്ടി അനുവദിച്ച പണം വേണ്ടരീതിയിൽ വിനിയോഗിച്ചില്ല. പിന്നീട് 2009-ൽ 80 കിടക്കകളുള്ള വാർഡിന് തുക അനുവദിച്ചു. 2013-ൽ പണി പൂർത്തീകരിച്ചുവെങ്കിലും അതും ഉപയോഗിച്ചില്ല. സി.എ.ജി. റിപ്പോർട്ട് വിശദമായി പരിശോധിച്ചാൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കും പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിക്കും ഇക്കാര്യം മനസ്സിലാകും. അതിന് പരിഹാരം കാണുന്നതിന് ശ്രമിച്ചില്ല. ഇക്കാരണങ്ങളാലാണ് അനിത എന്ന ആദിവാസി സ്ത്രീ 125 കിലോമീറ്റർ സഞ്ചരിച്ച് ആശുപത്രിയിൽ വരേണ്ട സാഹചര്യമുണ്ടായതും അവർ സഞ്ചാരമധ്യേ പ്രസവിക്കാനിടയായതും.

മി. സ്പീക്കർ: പ്ളീസ് ....

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഇതൊന്നു പറയട്ടെ. ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണിത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കുഞ്ഞമ്മത് മാസ്റ്റർ, ഇത് സബ്മിഷനല്ല. ചോദ്യോത്തരമാണ്. കൂടുതൽ വിവരം വേണമെങ്കിൽ സബ്മിഷനായി എഴുതിത്തരണം. ചോദ്യം മാത്രം ചോദിക്കു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ചോദ്യമിതാണ്, അവർ പ്രസവിച്ച കുഞ്ഞ് മരിക്കുകയാണ് ചെയ്തത്. ഇതൊരു ദുരന്തമല്ലേ; കേരളത്തിനാകെ അപമാനമല്ലേ; എന്നിട്ട് മന്ത്രി പറയുന്നത് അതിന് ഏർപ്പാട് ചെയ്തിട്ടുണ്ടെന്നാണ്. ഇനി അങ്ങനെ ഉണ്ടാവില്ലെന്ന് ഈ സഭയിൽ അങ്ങേയ്ക്ക് ഉറപ്പിച്ചുപറയാൻ സാധിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മാനന്തവാടി ആശുപത്രിയിൽ വളരെയധികം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും വേണ്ടി ധാരാളം നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി ജില്ലാ ആശുപത്രിയിൽ നടത്തിയ പ്രവർത്തനങ്ങളിൽ സർജിക്കൽ കോംപ്ലക്സ് നിർമ്മാണം ഈ ഫെബ്രുവരി 15-ന് പൂർത്തീകരിക്കും. അതിന്റെ ചെലവ് 1.93 കോടി രൂപയാണ്. ട്രോമോ കെയർ യൂണിറ്റ് നിർമ്മാണത്തിന് 1.1 കോടി രൂപയാണ്

ചെലവ്, 2013-ൽ അത് പൂർത്തീകരിച്ചു. 75 കിടക്കകളുള്ള വാർഡിന്റെ നിർമ്മാണത്തിന് 75 ലക്ഷം രൂപയാണ് ചെലവ്, 2013-ൽ പൂർത്തീകരിച്ചു. നവജാതശിശു തീവ്രപരിചരണ യൂണിറ്റിന്റെ നിർമ്മാണത്തിന് 5 ലക്ഷം രൂപയാണ് ചെലവ്, 2013-ൽ പൂർത്തീകരിച്ചു. അഡീഷണൽ വർക്സ്, ഓപ്പറേഷൻ തീയേറ്റർ, ആധുനികവൽക്കരണം, ലിഫ്റ്റ്, ജനറേറ്റർ കണക്ഷൻ, പാസ്സേജ് - 3 കോടി രൂപ, 2016 ഫെബ്രുവരി 15-നകം പൂർത്തീകരിക്കും. സ്റ്റാഫ് ക്വോർട്ടേഴ്സ് നിർമ്മാണം -2 കോടി രൂപ, നിർമ്മാണ പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു. ഡയാലിസിസ് യൂണിറ്റ് - 60 ലക്ഷം രൂപ, 2013-ൽ പൂർത്തീകരിച്ചു. കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ വയനാട് ജില്ലയിലെ എല്ലാ ആശുപത്രികളിലും നടത്തിയിട്ടുണ്ട്. അതോടൊപ്പം 38 കോടി രൂപ നബാർഡ് ഈ ആശുപത്രിയുടെ വികസനത്തിനു വേണ്ടി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽനിന്ന് വ്യത്യസ്തമായി സമഗ്രമായ വികസന പ്രവർത്തനങ്ങൾ വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഈ കാര്യങ്ങൾ സൂചിപ്പിക്കുന്നത്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന വിവിധങ്ങളായ അസുഖങ്ങൾ കണ്ടുപിടിച്ച് സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടിയാണ് ഇപ്പോൾ Early Intervention Centre എല്ലാ ജില്ലകളിലും താലൂക്കുകളിലും തുടങ്ങാൻ തീരുമാനിച്ചത്. ഏറ്റവും കൂടുതൽ ആദിവാസി ജനസംഖ്യയുള്ള വയനാട്ടിൽ എന്റെ നിയോജക മണ്ഡലമായ കൈനാട്ടി ജനറൽ ഹോസ്പിറ്റലിൽ ഒരു സെന്റർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. മറ്റുള്ള താലൂക്കാശുപത്രികളിലും Early Intervention Centres ആരംഭിച്ച് കുട്ടികൾക്കുണ്ടാകുന്ന അസുഖങ്ങൾ നേരത്തേ കണ്ടുപിടിച്ച് അതിനുവേണ്ട ചികിത്സാ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കുട്ടികളുടെ ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് അവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി District Early Intervention Centres 14 ജില്ലകളിലും ആരംഭിച്ചത്. ഒരു സെന്ററിൽ പത്തോളം വിദഗ്ദ്ധരായ ഡോക്ടർമാർ, അതുപോലെ സൈക്കോളജിസ്റ്റുകൾ, കൗൺസിലിംഗ് ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ എന്നിവയെല്ലാം ഏർപ്പെടുത്തിക്കൊണ്ടാണ് District Early Intervention Centre ആരംഭിച്ചത്. അടുത്ത ഘട്ടത്തിൽ താലൂക്കുതലത്തിൽ സെന്ററുകൾ തുടങ്ങുന്നതിനെ കുറിച്ച് ആലോചിക്കുന്നതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അട്ടപ്പാടി മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരിക്കൽ ഞാൻ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നതാണ്. അതിനെത്തുടർന്ന് സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും ഓരോ പാക്കേജുകൾ

പ്രഖ്യാപിച്ചിരുന്നു. ആ പാക്കേജിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന് 2013-14-ൽ 4,33,00,000 രൂപ ലഭിച്ചതിൽ 3 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഒരു കോടിയിലധികം രൂപ ഇനിയും ചെലവഴിക്കാനുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയാണ്. സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജിന് 2014-15-ൽ 2 കോടി രൂപ നീക്കിവച്ചു. 66,43,360 രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പ്രഖ്യാപിച്ച പാക്കേജിന്റെ ഭാഗമായി ലഭിച്ച പണംപോലും നമുക്ക് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 1-12-2015-ന് ചില ഭരണകക്ഷി അംഗങ്ങൾചേർന്ന് നക്ഷത്രചിഹ്നമിട്ട ചോദ്യം ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിക്ക് കൊടുത്തിരുന്നു. 24995 കുടുംബങ്ങൾക്ക് ഇപ്പോൾ റേഷൻ കാർഡില്ല. ആകെ 107965 കുടുംബങ്ങളിൽ റേഷൻ കാർഡുള്ളവർ 82970 ആണ്. ഇല്ലാത്തവർ 24995 ആണ്. റേഷൻ കാർഡില്ലാതെ എങ്ങനെയാണ് ജീവിക്കാൻ സാധിക്കുന്നത്? തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് 100 ദിവസം തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞെങ്കിലും 35-40 ദിവസത്തിനപ്പുറം തൊഴിൽ നൽകിയിട്ടില്ല. ഈ പാവങ്ങളുടെ കയ്യിൽ കാശുമില്ല. എച്ചിൽ തിന്നാൻ നിർബന്ധിക്കപ്പെടുന്ന ഒരു സാഹചര്യം പാവപ്പെട്ട ആദിവാസികൾക്ക് കേരളത്തിലുണ്ടാവുകയാണ്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് തന്നെ ഒരു കമ്മിറ്റിയുണ്ടാക്കുകയും അതിന്റെ നോഡൽ ഓഫീസറായി ഒറ്റപ്പാലം സബ്കളക്ടറെ നിയമിക്കുകയും ചെയ്തിരുന്നു. ഞാൻ അദ്ദേഹത്തോട് വിവിധ വകുപ്പുകൾ ചെയ്ത പ്രവർത്തനത്തെ സംബന്ധിച്ചൊരു റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട റിപ്പോർട്ട് മാത്രമാണ് ലഭിച്ചത്. ഇപ്പോൾ അവിടെ ഒരു കോ-ഓർഡിനേഷനും നടക്കുന്നില്ല. അതുകൊണ്ട് ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ യോഗം അടിയന്തരമായി വിളിച്ചുചേർത്ത് ഇക്കാര്യം റിവ്യൂ ചെയ്യുന്നതിന് ആരോഗ്യ വകുപ്പുമന്ത്രിയും പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും ഈ മാസംതന്നെ ഇടപെടണം. അതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നേതൃത്വം നൽകണമെന്നതാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അട്ടപ്പാടി മേഖലയിലെ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ആ ജില്ലയിലെ മന്ത്രിയും എം.പി.-യും എം.എൽ.എ.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെടുന്ന ഒരു റിവ്യൂ കമ്മിറ്റിതന്നെ രൂപീകരിച്ചിട്ടുണ്ട്. അവർ ഓരോ മാസവും ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം പരിശോധിച്ച് മീറ്റിംഗ് കൂടുന്നതിനെക്കുറിച്ച് ആലോചിക്കാം. ഈ പ്രശ്നം ഉണ്ടായ സമയത്തുതന്നെ ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര ഗവൺമെന്റ് എൻ.ആർ.എച്ച്.എം.

പദ്ധതിയിലൂടെ 4.33 കോടി രൂപ നമുക്ക് അനുവദിച്ചു. അതിലേയ്ക്കുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി അവിടെ പൂർത്തീകരിച്ചു. അതിലുപരിയായി സംസ്ഥാന ഗവൺമെന്റ് 75 പോസ്റ്റ് അവിടെ ക്രിയേറ്റ് ചെയ്തു. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 38 തസ്തികകൾ അനുവദിച്ചു. അവിടെ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീടിയാട്രിക്, ഓർത്തോ, ഇ.എൻ.ടി, അനസ്തേഷ്യ തുടങ്ങി എല്ലാ സൗകര്യങ്ങളുമുണ്ട്. രണ്ട് ഗൈനക്കോളജി ഡോക്ടർമാരുണ്ട്. കുട്ടികളുടെ എക്സ്റേ എടുക്കുന്നതിനുവേണ്ടി സോണോളജിസ്റ്റ് ഉണ്ട്. അതോടൊപ്പം നേരത്തെ സൂചിപ്പിച്ചതുപോലെ അവിടെ എസ്.എൻ.സി. യൂണിറ്റ് (Special Newborn Care Unit), Blood Storage Unit എന്നിവ തുടങ്ങി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഗൈനക്കോളജി, പീടിയാട്രിക് വിഭാഗങ്ങളുടെ സേവനങ്ങളും ലഭ്യമാണ്. ഡോക്ടർമാർക്കും സ്റ്റാഫിനും വേണ്ടി പുതിയ ക്വാർട്ടേഴ്സുണ്ട്. അവിടെയുള്ള 24 സബ് സെന്ററുകളും താമസ സൗകര്യമുള്ളതാക്കിമാറ്റി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തി. മൂന്ന് ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ തുടങ്ങി. പോഷകാഹാരക്കുറവുള്ള 299 കുട്ടികളെ കൊണ്ടുവന്ന് ആശുപത്രിയിൽ താമസിപ്പിച്ച് പരിചരിച്ചതിന്റെ ഭാഗമായി എണ്ണം 37 ആയിക്കുറഞ്ഞിട്ടുണ്ട്. കോട്ടത്തറ ആശുപത്രിയിൽ ഐ.എം.ആർ. റിഡക്ഷന്റെ ഭാഗമായി ഒരു പുതിയ കെട്ടിടത്തിന്റെ മൂന്നാമത്തെ നില നിർമ്മിക്കുന്നതിലേക്കുവേണ്ടി മൂന്നുകോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. അതുകൂടാതെ ഒരു കോടി രൂപ എക്വിപ്മെന്റ്സിനും ആവശ്യമുള്ള ഫർണിച്ചറുകൾ വാങ്ങുന്നതിനുംവേണ്ടി അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിനുവേണ്ടി അനുവദിച്ചിട്ടുള്ള എല്ലാ തുകയും ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടികൾ വളരെ നേരത്തെതന്നെ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ശിശുമരണ നിരക്ക് നമുക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചുവെങ്കിലും ഇതിന്റെ അടിസ്ഥാന പ്രശ്നമെന്നുപറയുന്നത് കൗമാരക്കാരായ പെൺകുട്ടികളിൽ കാണുന്ന അനീമിയ എന്ന രോഗമാണ്. ഇതിന്റെ നിർമാർജ്ജനത്തിനു വേണ്ടി ധാരാളം ശ്രമങ്ങൾ ഈ പാക്കേജിന്റെ ഭാഗമായി നടക്കുന്നുണ്ട്. കൗമാരക്കാരായ പെൺകുട്ടികളിൽ കാണുന്ന അനീമിയ നിർമ്മാർജ്ജനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ? നമ്മൾ സ്വീകരിച്ചിട്ടുള്ള എഫർട്ടിന് ആനുപാതികമായ റിസൾട്ട് ഉണ്ടായിട്ടില്ല. ഈ കാര്യങ്ങളിൽ വലിയ പുരോഗതിയും മാറ്റങ്ങളുമുണ്ട്. പക്ഷെ ഗവൺമെന്റ് പറഞ്ഞിട്ടുള്ള ഒരുപാട് സ്കീമുകളുണ്ട്. അതിനെ ഏകോപിപ്പിക്കുന്നതിലും ആ കാര്യങ്ങൾ നടത്തുന്നതിലും ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ചിലരുടെ ഭാഗത്തു നിന്നും ഉദാസീനതയുണ്ട്. അതുപോല ഇതുമായി ബന്ധപ്പെട്ട മറ്റൊരു വിഷയമുള്ളത് കോട്ടത്തറ ഹോസ്പിറ്റലിലെ കാര്യങ്ങൾ കുറെയൊക്കെ പരിഹരിക്കാൻ സാധിച്ചെങ്കിലും ഇതിന്റെ ഒരു അനുബന്ധ

ഹോസ്പിറ്റലായി പലപ്പോഴും റഫർ ചെയ്യുന്നത് മണ്ണാർക്കാട് താലൂക്കാശുപത്രിയെയാണ്. അട്ടപ്പാടിക്ക് താഴെയുള്ള ഭാഗത്തും ധാരാളം ആദിവാസി കോളനികളുണ്ട്. അവർ നേരിട്ട് ആശ്രയിക്കുന്നതും മണ്ണാർക്കാട് താലൂക്കാശുപത്രിയെയാണ്. അവിടെ ഡോക്ടർമാരുടെ എണ്ണക്കുറവുണ്ട്. എക്സറേ യൂണിറ്റ് മുടങ്ങിക്കിടക്കുകയാണ്. സ്കാനിംഗ് പ്രവർത്തനരഹിതമാണ്. അതുകൊണ്ട് ഈ കാര്യങ്ങളിൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണം. കൗമാരക്കാരായ പെൺകുട്ടികളിൽ കാണുന്ന വിളർച്ചയെക്കുറിച്ച് പഠനം നടത്തി അതിൽ എത്ര കുറവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കണം. അതിൽ പ്രത്യേകമായൊരു ഫോക്കസ് വേണം. എന്നാൽ മാത്രമേ ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കൂ എന്നതുകൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, കൗമാരക്കാരായ പെൺകുട്ടികളിൽ കാണുന്ന അനീമിയ പോലുള്ള അസുഖങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അയൺഫോളിക് ആസിഡ് ഗുളികകൾ സംസ്ഥാന വ്യാപകമായി സ്കൂളുകളിൽ കൊടുക്കുന്നുണ്ട്. അതോടൊപ്പം ആദിവാസി മേഖലകളിൽ പ്രത്യേക താല്പര്യമെടുത്ത് വിതരണം ചെയ്യുന്നുമുണ്ട്. അത് പെൺകുട്ടികൾക്കുമാത്രമല്ല അമ്മമാർക്കും വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ എഫക്ടീവായി നടക്കുന്നുണ്ട്. തീർച്ചയായും അതിന്റെ പ്രോഗ്രസ്സ് പരിശോധിക്കുന്നതാണ്. മണ്ണാർക്കാട് താലൂക്കാശുപത്രിയിലെ എക്സ്റേ യൂണിറ്റും സ്കാനിംഗ് സംവിധാനവും തകരാറായതിനെക്കുറിച്ച് അടിയന്തരമായി ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അട്ടപ്പാടിയിലും വയനാട്ടിലും ഗോത്ര വർഗ്ഗത്തിലുള്ള ശിശുക്കൾ മരണപ്പെടുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങ് ഉത്തരം പറഞ്ഞിട്ടുള്ളത്, നേരത്തെയുള്ള പ്രസവം, നവജാത ശിശുവിന്റെ തൂക്കക്കുറവ്, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറ്, അണുബാധ എന്നിവയാണെന്നാണ്. ഇതിന്റെ യഥാർത്ഥ കാരണം കണ്ടെത്തണം. ഒരു പ്രത്യേക ആവാസ വ്യവസ്ഥയിലാണ് ആദിവാസികൾ ജീവിക്കുന്നത്. ആ വ്യവസ്ഥയ്ക്ക് വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവരുടെ ജീവിത സാഹചര്യങ്ങളും ആവാസ വ്യവസ്ഥയുടെ മാറ്റവും തമ്മിൽ synchronize ചെയ്യപ്പെടുന്നില്ല. വനത്തിന്റെ ഡെൻസിറ്റിയിലും ഹ്യുമിഡിറ്റിയിലും സൂര്യപ്രകാശത്തിന്റെ ഇന്റൻസിറ്റിയിലും വരുന്ന മാറ്റങ്ങൾ ആദിവാസികളുടെ ശരീരത്തിൽ പ്രതിഫലിച്ചുകൊണ്ടിരിക്കുകയാണ്. ആവാസ വ്യവസ്ഥ പുനഃസൃഷ്ടിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്. ആദിവാസികളുടെ ജീവിതപ്രശ്നം പരിഹരിക്കാനുള്ള അടിസ്ഥാന മാർഗ്ഗത്തെക്കുറിച്ച് വലിയൊരു പഠനം നടന്നിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരത്തിലൊരു ശ്രമത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇതിന് പല കാരണങ്ങളുണ്ട്. ഇതെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് കുറയ്ക്കുന്നതിനു വേണ്ടിയുള്ള ഒരു കർമ്മ പദ്ധതി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ദേശീയതലത്തിലും വിവിധ മേഖലകളിലുള്ള വിദഗ്ദ്ധരേയും ശിശുരോഗ വിദഗ്ദ്ധരുടെ സംഘടനയേയുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും ഇതനുസരിച്ച് ഈ മേഖലയിൽ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി 13 Quality Standards തയ്യാറാക്കിയിട്ടുമുണ്ട്. ആ പദ്ധതി ഉടൻതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഓരോ മേഖലയിലും സ്വീകരിക്കേണ്ട കാര്യങ്ങൾ, പ്രൈവറ്റ് ആശുപത്രികൾ, സർക്കാർ ആശുപത്രികൾ തുടങ്ങിയവ സ്വീകരിക്കേണ്ട നടപടികൾ ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. വരുന്ന മൂന്നുവർഷം കൊണ്ട് ഒറ്റ ഡിജിറ്റിലേക്ക് ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് കുറച്ചുകൊണ്ടുവരുന്നതിനുള്ള വലിയൊരു കർമ്മ പദ്ധതിക്കാണ് രൂപംകൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഡബ്ല്യു.എച്ച്.ഒ.-യുടെ പ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകളുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ഒരു പദ്ധതിക്കാണ് രൂപംകൊടുത്തിട്ടുള്ളത്.

ശ്രീ. വർക്കല കഹാർ: സർ, പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരാണ് വേടർ സമുദായം. അവർ താമസിക്കുന്ന കോളനി പ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യനില വളരെ ശോചനീയമാണ്. 45-50 വയസ്സുവരെയാണ് അവരിൽ പലരുടേയും ജീവിതകാലം. നിത്യേനയുള്ള വെറ്റില തീറ്റയും പോഷകാഹാരക്കുറവും കാരണം ഈ സമുദായത്തിലെ സ്ത്രീകളുടെ ആരോഗ്യം മോശപ്പെട്ട സ്ഥിതിയിലാണ്. ഈ മേഖലയിലെ ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യനില പരിരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ആലോചിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, എസ്.ടി. മേഖലയിൽ പ്രത്യേകമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം കുട്ടികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് സൗജന്യ ചികിത്സ കേരളത്തിൽ നടക്കുന്നുണ്ട്. സാമൂഹ്യനീതി, എസ്.ടി. എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് വേണ്ട പരിശോധന നടത്തുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതുൾപ്പെടെ വിവിധങ്ങളായ പരിപാടികൾ നടപ്പിലാക്കുന്നതായാണ് ഗവൺമെന്റ് അവകാശപ്പെടുന്നത്. ആദിവാസി സെറ്റിൽമെന്റുകളിൽ സ്വയംപര്യാപ്ത ഗ്രാമങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ പ്രവർത്തിച്ചതിന്റെ ഫലമായി ഏതെങ്കിലും ഒരു

സ്വയംപര്യാപ്ത ഗ്രാമത്തിലെങ്കിലും വേണ്ട റിസൾട്ട് ഉണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ജോലി ചെയ്യാൻ ഉദ്യോഗസ്ഥർ മടികാണിക്കുന്നുവെന്നുള്ളതാണ് ഇവിടെയുള്ള പ്രശ്നം. അതിന് കാരണം, അവർക്ക് ആകർഷകമായ ഇൻസെന്റീവ് കൊടുക്കുന്നില്ല എന്നുള്ളതാണ്. ആകർഷകമായ ഇൻസെന്റീവ് കൊടുത്തുകൊണ്ട് ജോലി ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്ന നിലപാട് സ്വീകരിച്ചാൽ മാത്രമേ ആദിവാസി മേഖലയിലെ പ്രശ്നങ്ങൾക്ക് ഒരളവോളമെങ്കിലും പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അട്ടപ്പാടി മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് 20,000 രൂപ കൂടുതലായി ഇൻസെന്റീവ് കൊടുക്കുന്നുണ്ട്. മറ്റ് ജീവനക്കാർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനംകൂടി ഇൻസെന്റീവായി കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഇപ്പോൾ ആ മേഖലയിൽ കൂടുതൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നമുക്ക് ലഭ്യമാകുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സൗജന്യ മരുന്ന് വിതരണ പദ്ധതി

3(*63) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ മരുന്ന് വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന (ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള) എല്ലാ വിഭാഗം രോഗികൾക്കും സൗജന്യ ജനറിക് മരുന്നുകൾ വിതരണം നടത്തുന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും ആവശ്യമായ ജനറിക് മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. അതനുസരിച്ച് കാൻസർ രോഗ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകളുൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ സാമഗ്രികളുമാണ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ വിതരണം നടത്തിവരുന്നത്.

(സി) സംസ്ഥാന ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള ആശുപത്രികൾ വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കുന്ന ക്രോഡീകരിച്ച വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദേശീയാടിസ്ഥാനത്തിൽ മത്സര ഇ-ടെണ്ടർ ക്ഷണിക്കുകയും നിലവിലുള്ള സ്റ്റോക്കിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണ ഓർഡറുകൾ നൽകുകയും ചെയ്യുന്നു. അപ്രകാരം ലഭിക്കുന്ന മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങൾ മുഖേന അതത് ജില്ലകളിലെ സർക്കാർ ആശുപത്രികൾ നൽകിയിട്ടുള്ള ഇൻഡന്റ് അടിസ്ഥാനമാക്കി വിതരണം നടത്തിവരുന്നു. 2016-17 സാമ്പത്തിക വർഷത്തെ മരുന്നിനുള്ള ടെണ്ടർ നടപടികൾ 2015 നവംബർ മാസം 25-ന് ആരംഭിക്കുകയും 2016 ഏപ്രിൽ മാസത്തിൽത്തന്നെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

## മുല്ലപ്പെരിയാർ ജലനിരപ്പ്

4(*64) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ഡോ. ടി. എം. തോമസ് ഐസക്</u> :
<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബറിൽ മുല്ലപ്പെരിയാർ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിലും അതിനു മുൻപും മേൽനോട്ട സമിതി വേണ്ട വിധത്തിൽ പ്രവർത്തിച്ചില്ലെന്ന കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി പുതിയ സമിതിയെ നിയമിക്കാനോ, അല്ലെങ്കിൽ ജനങ്ങളുടെ സുരക്ഷ പരിഗണിച്ച് ഫലപ്രദമായ മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്താനോ സുപ്രീംകോടതിയെ സമീപിക്കാൻ തയ്യാറാകാതിരുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(ബി) ജനങ്ങളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ ധരിപ്പിച്ചിരുന്നോ; എങ്കിൽ എന്തായിരുന്നു പ്രതികരണം;

(സി) തമിഴ്നാട് സർക്കാരിന്റെ നിഷേധാത്മക നിലപാടിനെതിരെ നിയമപരവും ഭരണപരവുമായി നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(ഡി) അന്തർദ്ദേശീയ വിദഗ്ദ്ധർ ഉൾപ്പെട്ട സംഘത്തെക്കൊണ്ട് അണക്കെട്ട് പരിശോധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവെങ്കിൽ അറിയിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു; വ്യക്തമാക്കുമോ;

(ഇ) നാല്പത് ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് മനുഷ്യാവകാശ കമ്മീഷനെ ഇടപെടുവിക്കാൻ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച 7-5-2014-ലെ വിധിന്യായ പ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടിവരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ട്. എന്നാൽ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടുള്ള കേരളത്തിന്റെ ആശങ്കകളും ദൂരീകരിക്കപ്പെടേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ തമിഴ്നാട് സർക്കാരിനോടും ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെ ചെയർമാനോടും കേന്ദ്ര സർക്കാരിനോടും കേന്ദ്ര ജലകമ്മീഷനോടും യഥാസമയം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തവും സമയോചിതവുമായ ഇടപെടൽമൂലം 2015 ഡിസംബറിൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 141.70 അടിയിലെത്തിയപ്പോൾ മുതൽ തമിഴ്നാട് വൈഗ അണക്കെട്ടിലേക്ക് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് കൂട്ടുകയും അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്ന് നിയന്ത്രിതമായ രീതിയിൽ പെരിയാറിലൂടെ ജലം ഒഴുക്കിവിടുകയുമുണ്ടായി. അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് മഴ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ജലനിരപ്പ് 142 അടിക്കുമുകളിൽ ഉയർന്നമില്ല. മേൽനോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധി കൂടിയായ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ട സമിതിയുടെ ചെയർമാന് ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ ജലനിരപ്പ് ഉയർത്തുമ്പോൾ കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ തമിഴ്നാടിന് മേൽനോട്ട സമിതിയുടെ ചെയർമാനും കേന്ദ്ര ജലവിഭവ മന്ത്രാലയവും നിർദ്ദേശങ്ങൾ

നൽകിയിരുന്നു. മേൽ വിവരിച്ച സാഹചര്യത്തിൽ മേൽനോട്ട സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്യുന്നത് പ്രയോജനപ്രദമായിരിക്കുകയില്ലെന്ന് നിയമവിദഗ്ദ്ധരുമായി നടത്തിയ ചർച്ചയിൽ അവർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കാതിരുന്നത്. ജനങ്ങളുടെ സുരക്ഷ സംബന്ധിച്ച കാര്യത്തിൽ സാദ്ധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

(ബി&സി) മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനുള്ള ആശങ്കകൾ കേന്ദ്ര സർക്കാരിന്റെയും സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും യഥാസമയം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്രജലവിഭവ വകുപ്പുമന്ത്രിയേയും നേരിൽക്കണ്ട് ചർച്ചകൾ നടത്തി മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനുള്ള ആശങ്കകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സന്ദർശനവേളയിൽ നൽകിയ നിവേദനത്തിൽ മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചു കിട്ടുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2014-ലെ വിധിന്യായത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും ബഹുമാനപ്പെട്ട കേന്ദ്രജലവിഭവ വകുപ്പുമന്ത്രിയും അറിയിച്ചിട്ടുള്ളത്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നു വന്ന സാഹചര്യത്തിൽ മേൽനോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധി നിരന്തരമായി നടത്തിയ കത്തിടപാടുകളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ സുരക്ഷ സംബന്ധിച്ച കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ തമിഴ്നാടിന് മേൽനോട്ട സമിതി ചെയർമാനും കേന്ദ്ര ജലവിഭവ മന്ത്രാലയവും നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് ഭരണപരവും നിയമപരവുമായുള്ള സാദ്ധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിച്ച അവസരത്തിൽ സമർപ്പിച്ച നിവേദനങ്ങളിൽ തമിഴ്നാട്ടിലെ ചെന്നൈയിലുണ്ടായ പേമാരിയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രളയ സാദ്ധ്യത ഭീഷണി സംബന്ധിച്ച കാര്യങ്ങൾ അന്തർദ്ദേശീയ/ദേശീയ തലത്തിലുള്ള വിഗദ്ധരെക്കൊണ്ട് പുനരവലോകനം ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) ഭരണഘടനാ ബഞ്ചിന്റെ 2014-ലെ വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുന്നതിന് പരിമിതികളുണ്ടെന്ന് നിയമവിദഗ്ധരുമായി നടത്തിയ ചർച്ചയിൽ അവർ അഭിപ്രായപ്പെട്ടിരുന്നു. അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നുവന്ന സാഹചര്യത്തിൽ ഷട്ടറുകൾ തുറന്ന് ജലം പെരിയാറിലേക്ക് ഒഴുക്കിയ സാഹചര്യം മനുഷ്യാവകാശ ലംഘനത്തിന്റെ പരിധിയിൽ വരുന്ന പ്രശ്നമല്ലെന്നും നിയമവിദഗ്ധർ ചർച്ചാവേളയിൽ അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ സുരക്ഷയ്ക്കായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന സർക്കാർ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഇക്കാര്യവും കൂടുതൽ പരിശോധനാ വിധേയമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിൽ നിയമപരിഷ്കരണം**

5(*65) ശ്രീ. കെ. എം. ഷാജി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പുതിയ നിയമം തൊഴിൽ മേഖലയെ ഏതു വിധം സ്വാധീനിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിയമ പരിഷ്കരണം തൊഴിൽ താല്പര്യങ്ങൾക്ക് ഹാനികരമാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ&ബി) ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച വിഷയത്തിൽ വിവിധ സംസ്ഥാന തൊഴിൽ സെക്രട്ടറിമാരുമായി കേന്ദ്ര ലേബർ സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്. ഷോപ്പ് ആൻറ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലില്ലാത്ത സംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള ഒരു കരട് നിയമമാണ് കേന്ദ്രസർക്കാരിന്റെ പരിഗണനയിലുള്ളത്. ഇപ്പോൾ ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലുള്ള സംസ്ഥാനങ്ങൾക്ക് ഇത് ബാധകമായിരിക്കുകയില്ല എന്നതാണ് ചർച്ചയിൽ കേന്ദ്രസർക്കാർ എടുത്തിരിക്കുന്ന നിലപാട്.

(സി) കേന്ദ്ര സർക്കാരിന്റെ കരട് നിയമം പരിശോധിച്ചുവരുന്നു.

## മെഡിക്കൽ കോളേജുകൾ

6(*66) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകൾ ഏതൊക്കെ; അവയെല്ലാം നിലവിൽ വന്നിട്ടുണ്ടോ;

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് ഓരോ മെഡിക്കൽ കോളേജും പ്രവർത്തിക്കുന്നതിന് സജ്ജമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇനിയും ഒരുക്കുവാനുള്ളത്;

(ഡി) മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാൻ, നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലംമാറ്റുന്ന അശാസ്ത്രീയ നടപടിമൂലം, നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം താറുമാറാകുകയും രോഗികൾ ചികിത്സ ലഭിക്കാതെ വലയുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അംഗീകാരം നേടിയെടുക്കുന്നതിന് നിലവിലുള്ള മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ തസ്തികയോടൊപ്പം മാറ്റിക്കൊണ്ടുപോകുന്ന നടപടി നിർത്തലാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. 2016-17-ൽ അഡ്മിഷൻ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ്

തുടങ്ങുന്നതിനായി വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 50 ഏക്കർ 12 സെന്റ് സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലം ആരോഗ്യ വകുപ്പിനുവേണ്ടി ഏറ്റെടുക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെയും ഫിനാൻസ് ഓഫീസറെയും ചുമതലപ്പെടുത്തി 5-2-2016-ലെ സ.ഉ.(സാധാ) നമ്പർ 412/2016 ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് 50 എം.ബി.ബി.എസ്. സീറ്റുകൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മഞ്ചേരി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അടിസ്ഥാന സൗകര്യങ്ങളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജി.എച്ച്. മെഡിക്കൽ കോളേജിലും കോന്നി മെഡിക്കൽ കോളേജിലും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ പുതിയ മെഡിക്കൽ കോളേജിലും മാനദണ്ഡമനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചശേഷം മാത്രമാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ പ്രവർത്തനം ആരംഭിക്കുന്നത്.

(ഇ) പുതിയ മെഡിക്കൽ കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ചതിനുശേഷമാണ് അർഹരായ ഡോക്ടർമാർക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത്.

## വൈദ്യ ചികിത്സാ മേഖലയിലെ അനാരോഗ്യ പ്രവണതകൾ

7(*67) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗനിർണ്ണയത്തിലും മരുന്നുകൾ നിർദ്ദേശിക്കുന്നതിലും ശസ്ത്രക്രിയകൾ നടത്തുന്നതിലും മറ്റും അവലംബിക്കുന്ന അനാരോഗ്യകരമായ പ്രവണതകൾമൂലം പൊതുജനാരോഗ്യ രംഗത്തുണ്ടാകുന്ന വെല്ലുവിളികളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ ഒരു 'മെഡിക്കൽ ഓഡിറ്റ് വിംഗ്' ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(സി) വൈദ്യചികിത്സാ മേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അനാരോഗ്യ പ്രവണതകൾ ഫലപ്രദമായി തടയുന്നതിനും ഉതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഇതുസംബന്ധിച്ച് ചില പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ഇതുസംബന്ധിച്ച പരാതികൾ കിട്ടിയിട്ടില്ല. മരുന്നുകൾ നിർദ്ദേശിക്കുന്നതിലെ അനാരോഗ്യകരമായ പ്രവണതകൾ തടയാൻ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമധേയത്തിൽ മാത്രമേ മരുന്നുകൾ നിർദ്ദേശിക്കാൻ പാടുള്ളുവെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ചികിത്സാ മാർഗ്ഗരേഖ ഉത്തരവ് പാലിക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ നടപ്പിലാക്കുന്നതാണ്. രോഗനിർണ്ണയ സൗകര്യങ്ങൾ സർക്കാർ തലത്തിൽ വർദ്ധിപ്പിച്ചതും ഇത്തരം പ്രവണതകളുണ്ടെങ്കിൽ തടയുക എന്ന ഉദ്ദേശത്തോടു കൂടിയാണ്.

(ബി) ഒരു നയം എന്ന നിലയിൽ മെഡിക്കൽ ഓഡിറ്റിംഗ് സംവിധാനം നിലവിലില്ല. മാതൃമരണ കാരണങ്ങളെക്കുറിച്ച് കർശനമായ ഓഡിറ്റിംഗ് നടത്തുന്നുണ്ട്. പകർച്ചവ്യാധി മരണങ്ങളെക്കുറിച്ചും വിശകലനം നടത്തുന്നുണ്ട്.

(സി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ കർശനമായ നിയന്ത്രണം സാധ്യമാകും.

**ആരാധനാലയങ്ങളുടെ സ്ഥലം**

8(*68) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷേത്രങ്ങളുടെ സ്ഥലം സർക്കാർ കയ്യടക്കി വച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) സർക്കാർ ഒരു വിഭാഗത്തിന്റെ മാത്രം ആരാധനാലയങ്ങൾ ഏറ്റെടുക്കുകയും സ്വത്ത് കൈക്കലാക്കുകയും ചെയ്യുന്നുണ്ടെന്ന ആക്ഷേപത്തിന്റെ നിജ സ്ഥിതി വെളിപ്പെടുത്താമോ;

(സി) ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റ് മതവിശ്വാസികളെ കച്ചവടം ചെയ്യാൻ അനുവദിക്കില്ലെന്ന ചില സംഘടനകളുടെ നിലപാടിനോട് സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) പ്രധാന ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റു മതവിശ്വാസികൾ നുഴഞ്ഞു കയറുന്നുണ്ടെന്ന കാര്യം പരിശോധിച്ചിരുന്നോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഇ) ആരാധനാലയങ്ങളുടെ സ്ഥലം വർഗ്ഗീയ ശക്തികൾ വിഭാഗീയ പ്രവർത്തനങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഇല്ല.

(ബി) സർക്കാർ ആരാധനാലയങ്ങളുടെ സ്ഥലങ്ങൾ ഏറ്റെടുക്കുകയോ സ്വത്ത് കൈക്കലാക്കുകയോ ചെയ്യുന്നില്ല.

(സി) ക്ഷേത്രങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ആരെങ്കിലും ഏർപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേവസ്വങ്ങളുടെ സ്ഥലത്ത് കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിന് അനുമതി നൽകുന്നത് അതാത് ദേവസ്വങ്ങളും ദേവസ്വം ബോർഡുകളുമാണ്.

(ഡി&ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉത്തരവാദിത്വ ടൂറിസം പദ്ധതി**

9(*69) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കുംവിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉല്പന്നവികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം, സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ വികസനം എന്നിവയ്ക്കുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുന്നതിനും ഉത്തരവാദിത്വ ടൂറിസം ലക്ഷ്യമിടുന്നു.

(സി) പദ്ധതി നടത്തിപ്പിനായി 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ 6.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011 ജൂൺ മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം&ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-നെ പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി നിയമിക്കുകയുണ്ടായി. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്ന കുമരകം, തേക്കടി, കോവളം, വൈത്തിരി എന്നിവിടങ്ങളിൽ കൂടാതെ കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ, മുസിരിസ് എന്നിവിടങ്ങളിൽക്കൂടി ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഉത്തരവാദിത്വ ടൂറിസം വിപുലീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാരംഭ പഠനങ്ങളും ചർച്ചകളും നടത്തുകയുണ്ടായി. സർക്കാരിന്റെ മിഷൻ 676 പദ്ധതി പ്രകാരം " GOD'S OWN COUNTRY-PEOPLE'S OWN TOURISM" പദ്ധതിയിൽ ഉൾക്കൊള്ളിച്ച് 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കുവാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ടൂറിസം മേഖലയിൽ പ്രതിസന്ധി**

10(*70) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്കുള്ള വിദേശീയരായ വിനോദസഞ്ചാരികളുടെ വരവ് കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം ടൂറിസം മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കത്തക്ക തരത്തിലുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഇല്ല. 2006 മുതലുള്ള വിദേശ വിനോദ സഞ്ചാരികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | കേരളത്തിലെത്തിയവിദേശവിനോദ സഞ്ചാരികളുടെ കണക്ക് |
|---|---|
| 2006 | 428 534 |
| 2007 | 515808 |
| 2008 | 598929 |
| 2009 | 557258 |
| 2010 | 659265 |
| 2011 | 732985 |
| 2012 | 793696 |
| 2013 | 858143 |
| 2014 | 923366 |
| ഒക്ടോബർ 2015 വരെയുള്ള കണക്ക് | 755390 |

(ബി) ഇല്ല. യൂറോപ്പിലാകമാനമുണ്ടായ കടുത്ത സാമ്പത്തികമാന്ദ്യത്തിന്റെ കാലത്തും കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടില്ല. മാത്രവുമല്ല 8% വാർഷിക വളർച്ച ഇക്കാലയളവിൽ ഉണ്ടായിട്ടുമുണ്ട്. സാമ്പത്തിക മാന്ദ്യം മൂലമുണ്ടാകാവുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി വിവിധ തരത്തിലുള്ള വിപണന തന്ത്രങ്ങൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ചികിത്സാ നിരക്ക് വർദ്ധന

11(*71) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ചികിത്സാ നിരക്കുകൾ വർദ്ധിപ്പിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർദ്ധനരായ രോഗികൾക്ക് പ്രതിലോമകരമായി ഭവിക്കുന്ന ചികിത്സാ നിരക്ക് വർദ്ധനവ് പിൻവലിക്കുന്നതിനും പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ടെന്നും 2016-ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ടുനിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻവേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ ഇപ്പോഴത്തെ നിരക്കുവർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

## സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാനുള്ള നിയമനിർമ്മാണം

12(*72) ശ്രീ. സാജു പോൾ :

ശ്രീ. ബി. സത്യൻ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാൻ കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ നിയമനിർമ്മാണം നടത്തുമെന്ന് 2011 മുതൽ പലതവണ നൽകിയ ഉറപ്പ് പാലിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) നിയമത്തിന്റെ അഭാവത്തിൽ സ്വകാര്യ ആശുപത്രികളിലെയും ലബോറട്ടറികളിലെയും ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും സേവന നിലവാരം ഉറപ്പാക്കാനും സാധിക്കാതെ പോയത് സ്വകാര്യ ആശുപത്രികൾക്കും ലബോറട്ടറികൾക്കും വൻ ചൂഷണത്തിന് വഴിയൊരുക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ സമ്മേളനത്തിലും നിയമസഭ പരിഗണിക്കേണ്ടതായ ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതും ആയവ സഭയുടെ അംഗീകാരത്തിനായി നൽകുന്നതും നിയമസഭയുടെ കാര്യോപദേശക സമിതിയാണ്. പ്രസ്തുത സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടപ്രകാരം ഗവൺമെന്റ് ബില്ലുകളുടെ ചർച്ചയ്ക്കായി നിയമസഭ നീക്കിവയ്ക്കേണ്ട സമയം ശിപാർശ ചെയ്യുന്നു. അപ്രകാരം നിയമസഭ ചർച്ചയ്ക്ക് എടുക്കേണ്ട ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് കാര്യോപദേശക സമിതി നൽകുന്ന റിപ്പോർട്ട് പരിഗണിച്ചാണ് സഭ ബിൽ പരിഗണനയ്ക്കെടുക്കുന്നത്. സമയ കുറവുമൂലമാണ് സഭയിൽ ഇത് ഇതുവരെ പരിഗണനയ്ക്കെടുക്കാൻ കഴിയാതെ വന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും സേഫ് കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസർമാർ പബ്ലിക് ഹെൽത്ത് അതോറിറ്റി എന്ന നിലയിൽ ലബോറട്ടറികൾ പരിശോധിക്കാറുണ്ട്.

## കാരുണ്യ ഫാർമസികൾ

13(*73) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമാർക്കറ്റിൽ മരുന്നുവില വളരെ ഉയരാൻ കാരണം, സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനു മരുന്നില്ലാത്തതും കാരുണ്യ ഫാർമസികൾ ആവശ്യാനുസരണം സ്ഥാപിച്ച് വില നിയന്ത്രണം സാദ്ധ്യമാക്കാത്തതുമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഫാർമസി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഉണ്ടെങ്കിൽ മറ്റു ചെലവില്ലാതെ കുറഞ്ഞ വിലയ്ക്ക് മരുന്നു ലഭ്യമാക്കാമെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥലം ലഭ്യമാക്കി കാരുണ്യ ഫാർമസി തുടങ്ങുവാൻ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) കാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് പരമാവധി വില്പനവില രേഖപ്പെടുത്തി രോഗികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാൻസർ രോഗത്തിനുള്ള ആഡ്‌ലി ഫോർമുലേഷൻസ് കമ്പനി നിർമ്മിക്കുന്ന, കാരുണ്യ ഫാർമസികളിൽ 1007 രൂപയ്ക്ക് ലഭിക്കുന്ന മരുന്നിന് പരമാവധി വിലയായി 16,500, 455 രൂപയുടെ മരുന്നിന് 4400, 705 രൂപയുടെ മരുന്നിന് 14750, 739 രൂപയുടെ മരുന്നിന് 10,100 തുടങ്ങിയ രീതിയിൽ രേഖപ്പെടുത്തി രോഗികളെ കൊള്ളയടിക്കുന്നത് നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെ ചേരുവനാമം (ജെനറിക് നെയിം) ഉപയോഗിക്കാതെ ബ്രാൻഡ് പേരിൽ മരുന്നു കുറിക്കുന്നതിന്റെ പിന്നിലുള്ള താല്പര്യം കർശനമായി നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെ നടപ്പാക്കുമെന്ന് അറിയിക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) പൊതുവിപണിയിൽ മരുന്നുവില ഉയരുന്നതുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് ചികിത്സാ ചെലവ് വർദ്ധിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് 85 തരം മരുന്നുകൾ മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള

പൊതുജനാരോഗ്യ ശൃംഖലവഴി ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്തുവരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ സൗജന്യ മരുന്നുവിതരണം ഏകോപിപ്പിക്കുന്നതിനായി 300 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അനുവദിക്കുകയും 2-2-2016 വരെ 270 കോടി രൂപയുടെ മരുന്നുകൾ ആവശ്യാനുസരണം ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയക്ടറും ക്രോഡീകരിച്ച് നൽകിയിട്ടുള്ള ഇൻഡന്റ് പ്രകാരം തുടർച്ചയായി മരുന്നുവിതരണം ഏകോപിപ്പിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കഴിഞ്ഞിട്ടുണ്ട്.

ആളോഹരി ചികിത്സാ ചെലവ് വളരെയധികം ഉയരുന്നതിന് കാരണമാകുന്ന കാൻസർ, ജീവിതശൈലീ രോഗങ്ങൾ പോലുള്ള ആരോഗ്യ പ്രശ്നങ്ങളുടെ ചികിത്സയ്ക്ക് അവശ്യമരുന്നുകളുടെ പട്ടികയിൽപ്പെടാത്ത മരുന്നുകൾ ആവശ്യമായി വരാറുണ്ട്. പൊതുവിപണിയിൽ ഇത്തരം മരുന്നുകൾക്ക് ഉയർന്ന വില നൽകേണ്ടിവരുന്നതിനാൽ സാധാരണക്കാരനെ മരുന്നു മാഫിയയുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനു വേണ്ടിയാണ് കേരള സർക്കാർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മരുന്നു കമ്പനികളിൽനിന്നും നേരിട്ട് വിലപേശലിലൂടെ മരുന്നു സംഭരിക്കുകവഴി പൊതുവിപണിയിൽ ഉയർന്ന വില നൽകേണ്ടിവരുന്ന കാൻസർ രോഗത്തിനുള്ള മരുന്നുകൾപോലും വളരെ കുറഞ്ഞ വിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളം 42 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചുകഴിഞ്ഞു. ഇങ്ങനെ സാധാരണക്കാരന് പരമാവധി ചികിത്സാ ചെലവ് കുറയ്ക്കാനുതകുന്ന തരത്തിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തന വിപുലീകരണമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

(ബി) സർക്കാരിന്റെ കാലോചിതമായിട്ടുള്ള ഇടപെടലുകൾക്കനുസൃതമായി 42 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് നിലവിൽ പ്രവർത്തനക്ഷമ മായിരിക്കുന്നത്. 9 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾകൂടി യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ഏകോപിപ്പിച്ചു വരുന്നു. നിലവിൽ മെഡിക്കൽ കോളേജുകൾ, സ്ഥലം ലഭ്യമായിട്ടുള്ള ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, കല്ലറ സാമൂഹികാരോഗ്യകേന്ദ്രം, വലിയതുറ തീരദേശ സ്പെഷ്യാലിറ്റി ആശുപത്രി

എന്നിവിടങ്ങളിലാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നത്. പടിപടിയായി ടി സംരംഭം കീഴ്ഘടക സ്ഥാപന പരിധിയിലേക്ക് സാദ്ധ്യതാ പഠനത്തിനുശേഷം നടപ്പിൽ വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഹൃദ്രോഗം, പ്രമേഹം, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് പൊതു വിപണിയിൽ സുലഭമായ മരുന്നുകളെവച്ച് താരതമ്യം ചെയ്യുമ്പോൾ കാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് താരതമ്യേന വില കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മരുന്നുകളുടെ വിലനിയന്ത്രണം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസ് കൺട്രോൾ അതോറിറ്റിയുടെ കീഴിലായതിനാൽ സംസ്ഥാന സർക്കാരിന് വില നിയന്ത്രണത്തിൽ കാര്യമായ ഇടപെടൽ സാദ്ധ്യമല്ലാത്ത സാഹചര്യമാണുള്ളത്. വില നിയന്ത്രണ പട്ടികയിൽ വരാത്ത മരുന്നുകൾക്ക് സാധാരണ രീതിയിൽ മരുന്ന് കമ്പനികളാണ് പൊതുവിപണിയിലെ വില നിശ്ചയിക്കുന്നത്. എന്നാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിപോലെ 20% മുതൽ 93% വരെ വിലക്കുറവിൽ മരുന്നുകൾ നൽകുന്ന സ്ഥാപനങ്ങൾക്ക് പൊതുവിപണിയിലെ ചൂഷണം തടയാൻ സാധിച്ചിട്ടുണ്ട്. പൊതുവിപണിയിൽ ഉയർന്ന വില നൽകേണ്ടി വരുന്ന അർബുദ ചികിത്സയ്ക്കുള്ള മരുന്നുകൾപോലും വളരെ കുറഞ്ഞവിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കാലോചിതമായിട്ടുള്ള മരുന്നു പട്ടികയുടെ സൂക്ഷ്മ വിശകലനത്തിലൂടെയും ഉയർന്ന ചികിത്സാ ബാധ്യതയുണ്ടാക്കുന്ന മരുന്നുകളുടെ ശേഖരണത്തിൽ പുലർത്തുന്ന ജാഗ്രതയിലൂടെയും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മരുന്നു കമ്പനികളിൽ നിന്ന് നേരിട്ട് വിലപേശലിലൂടെ മരുന്ന് സംഭരിക്കുക വഴി മരുന്ന് കമ്പനികളുടെ അമിതലാഭവും ഇടനിലക്കാരുടെ ചൂഷണവും ഒരു പരിധിവരേയ്ക്കും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ജനറിക് നാമത്തിൽ മരുന്നുകൾ എഴുതണമെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്. (Circular No.13305/F1/2015/H&FWD dated 27-11-2015). ഡോക്ടർമാർ പൂർണ്ണമായും ഈ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. പൊതുജനാരോഗ്യ സംവിധാനത്തിൽ പരമാവധി ജനറിക് മരുന്നുകൾ കുറിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലേയ്ക്കായി പ്രിസ്ക്രിപ്ഷൻ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീം അപ്രതീക്ഷിത സന്ദർശനങ്ങളിലൂടെ ബ്രാന്റഡ് മരുന്നുകളുടെ കുറിപ്പടികളുടെ അതിപ്രസരം പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**നോക്കുകൂലി പ്രശ്ന പരിഹാര പദ്ധതി**

14(*74) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്കുകൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്കുകൂലി സംബന്ധിച്ച ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്.

(ബി) സംസ്ഥാനമൊട്ടാകെയുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

(സി) ഓരോ വിഭാഗത്തിനുമുള്ള ഏകീകൃത കയറ്റിറക്കുകൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി നോക്കി എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-452-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഭൂഗർഭ ജലവിതാനത്തെ സംബന്ധിച്ച പഠനം**

15(*75) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല വിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ കാലാകാലങ്ങളിൽ പഠന വിധേയമാക്കാറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ പഠന ഫലം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഏറ്റവും ഗുരുതര ജലശോഷണം ഏതൊക്കെ മേഖലകളിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ജലലഭ്യതയുടെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് പഠനങ്ങൾ ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തിവരുന്നു. ഇതുപ്രകാരം 2013 മാർച്ച് വരെയുള്ള പഠനമനുസരിച്ച് സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അതിചൂഷണ ബ്ലോക്കായി തരംതിരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ പതിനെട്ട് ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കി 131 ബ്ലോക്ക് സുരക്ഷിത ബ്ലോക്കുകളായും തരംതിരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അതിചൂഷണ ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ പതിനെട്ട് ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ വിഭാഗത്തിലും തരംതിരിച്ചിട്ടുണ്ട്. ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ഇവിടങ്ങളിൽ ഭൂവിതാനം ഉയർത്തുന്നതിനായി കൃത്രിമ ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പദ്ധതികൾ**

16(*76) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി.ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ കീഴിൽ ആരംഭിച്ച കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ഏതെങ്കിലും പ്രവർത്തനരഹിതമായ അവസ്ഥ നേരിടുന്നുണ്ടോ; ആയതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്രകാരം പ്രവർത്തനരഹിതമായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ജലനിധി രണ്ടാംഘട്ടത്തിൽ പൂർത്തീകരിച്ചതും 2015 ജൂലൈ മാസത്തിൽ പദ്ധതി പൂർത്തീകരണത്തിനുശേഷം ആറുമാസം തുടർ പരിപാലനം നടത്തിവരുന്നതുമായ 300 പദ്ധതികളുടെ നിലവിലെ പ്രവർത്തന രീതികൾ മനസ്സിലാക്കുന്നതിന് സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ് (സി.എസ്.ഇ.എസ്.) ആന്റ് ഇന്റർ കോ-ഓപ്പറേഷൻ സോഷ്യൽ ഡെവലപ്മെന്റ് ഇന്ത്യ (ഐ.സി.എസ്.ഡി.) എന്ന കൺസൾട്ടൻസി സ്ഥാപനത്തിനെ (സംയുക്ത സംരംഭം), കെ.ആർ.ഡബ്ല്യു.എസ്.എ. ചുമതലപ്പെടുത്തിയിരിക്കുന്നു. അവർ 2015 ജൂലൈ-സെപ്റ്റംബർ കാലയളവിൽ പ്രസ്തുത പഠനം നടത്തുകയും ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിവഴി നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ രീതിയിൽ പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

(ബി) ജലനിധി പഠനം നടത്തിയ 300 പദ്ധതികളിൽ പതിനഞ്ച് പദ്ധതികൾ വിവിധ കാരണങ്ങളാൽ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടിരുന്നു. ഇതിൽ അഞ്ച് പദ്ധതികൾ സ്രോതസ്സിലെ പ്രശ്നങ്ങൾ കാരണവും ഏഴ് പദ്ധതികൾ വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ കാരണവും മൂന്ന് പദ്ധതികൾ ഗുണനിലവാര പ്രശ്നങ്ങൾ കാരണവുമാണ് ശരിയായ രീതിയിൽ പ്രവർത്തിക്കാത്തത്.

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതികളിൽ ചിലത് പി.ഡബ്ല്യൂ.ഡി., നാഷണൽ ഹൈവേ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, റെയിൽവേ എന്നീ വകുപ്പുകളിൽനിന്നും റോഡ് കട്ടിംഗ്/ക്രോസ്സിംഗ്, റെയിൽവേ ക്രോസ്സിംഗ് എന്നിവയ്ക്ക് അനുമതി ലഭിക്കാത്തതുമൂലം പദ്ധതികളുടെ പൈപ്പ് ലൈൻ പണികൾ തടസ്സപ്പെടാറുണ്ട്. കൂടാതെ ചില പദ്ധതികൾക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും യഥാസമയം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, വാട്ടർ ടാങ്ക് തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാറില്ല.

പൈപ്പ് ഇടുന്നതിന് ആവശ്യമായ പി.ഡബ്ല്യൂ.ഡി., നാഷണൽ ഹൈവേ, റെയിൽവേ എന്നീ വകുപ്പുകളുടെ അംഗീകാരം സംബന്ധിക്കുന്ന തടസ്സങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി ആലോചിച്ച് തീർപ്പാക്കുന്നു. പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കൂടി ആലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി എടുത്തുവരുന്നു.

(സി) ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കാത്ത ജലനിധിയുടെ പതിനഞ്ച് പദ്ധതികളും പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട നടപടികളെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജലനിധി നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി, പ്രവർത്തനരഹിതമായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനായി വിവിധതലങ്ങളിൽ വിവിധ വകുപ്പുകളുമായി നടത്തിവരുന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ട്. ഇതുമൂലം പദ്ധതികളുടെ പണികൾ ത്വരിതഗതിയിലാക്കാനും പദ്ധതികളുടെ പൂർത്തീകരണത്തോടെ കൂടുതൽ ജനങ്ങളിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ പണികളുടെ പുരോഗതി (PASK) Project Status Alert System of Kerala) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ കീഴ്തലങ്ങളിൽ നൽകിയും വേണ്ട നടപടികളെടുത്തും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി ജനപ്രതിനിധികളുടെയും മേൽ ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പുരോഗതി

വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ വീഡിയോ കോൺഫറൻസിംഗ് മുഖേന മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നുമുണ്ട്. മുൻകാലങ്ങളിൽ പദ്ധതികളുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള കാലതാമസം പുതിയ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ത്വരിതഗതിയിലാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതെല്ലാം പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കിട്ടുന്നുണ്ട്.

**ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സയും**

17(*77) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മുപ്പത് വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവത്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കാനുള്ള മുൻ-കരുതലുകൾ സ്വീകരിക്കുന്നതിനും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും മുൻകൂറായി ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

(സി) 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ ചുവടുപിടിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് 2012-ലാണ് "അമൃതം ആരോഗ്യം" എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്. ഭരണതലത്തിൽ ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുകയും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതിക്കുവേണ്ട രൂപരേഖയും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആലോചന അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും പരിശീലന പരിപാടികൾ ഫീൽഡുതലംവരെ നൽകുകയും ചെയ്യുന്നു. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സംഭരിക്കുകയും സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആശുപത്രി തലത്തിലും കൃത്യമായ അവലോകനം നടത്തുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

**പൂട്ടിയ തോട്ടങ്ങൾ തുറക്കുന്നതിനുള്ള കർമ്മപദ്ധതി**

18(*78) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) കേരളത്തിൽ ആകെ 647 തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരത്ത് ബോണക്കാട് എസ്റ്റേറ്റ്, വിതുര ഗോകുൽ എസ്റ്റേറ്റ്, ഇടുക്കിയിൽ എം.എം.ജെ. പ്ലാന്റേഷൻസിന്റെ ബോണാമി, കോട്ടമല എസ്റ്റേറ്റുകൾ തൊടുപുഴയിൽ മേത്താനത്ത് എസ്റ്റേറ്റുമാണ് പൂട്ടിക്കിടക്കുന്നത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.)തലത്തിലും ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിവരുന്നുണ്ട്.

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും നല്ലൊരു വ്യവസായ ബന്ധം സ്ഥാപിക്കുന്നതിനും ഉദ്ദേശിച്ചാണ് തൊഴിൽ വകുപ്പ് പ്രവർത്തനം നടത്തുന്നത്.

**ആയുർവ്വേദ സംസ്ഥാനമാക്കാൻ കർമ്മ പദ്ധതി**

19 (*79) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ആയുർവ്വേദ സംസ്ഥാനമാക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരളത്തെ ആയുർവ്വേദ സംസ്ഥാനമാക്കുന്നതിന് എല്ലാ പഞ്ചായത്തിലും ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് വരുന്നു.

(ബി) കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ആയുർവ്വേദ ചികിത്സയും പരിചരണവും നൽകാൻ ഇതുവഴി ലക്ഷ്യമിടുന്നു.

(സി) 2015-16 സാമ്പത്തിക വർഷം പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുവേണ്ടി 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഔഷധ ഗുണനിലവാര പരിശോധന**

20(*80) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നു വിതരണം ചെയ്യുന്ന കരാറുകാർ ഓരോ ബാച്ചിനുമൊപ്പം എൻ.എ.ബി.എൽ. അക്രഡിറ്റഡ്/കേന്ദ്ര മരുന്നു പരിശോധനാ ലബോറട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധന 2015-16 വർഷം ഒഴിവാക്കിയിരുന്നോ; എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ;

(ബി) മരുന്ന നിലവാരം ഉറപ്പാക്കാനായി എന്തെങ്കിലും പകരം സംവിധാനമുണ്ടോ; എങ്കിൽ എന്താണ്; ഓരോ ബാച്ചും സംസ്ഥാനത്തെ ഔഷധ ഗുണനിലവാര പരിശോധന ലബോറട്ടറിയിൽ പരിശോധിച്ചതിനു ശേഷമാണോ സർക്കാർ ആശുപത്രികളിലൂടെ രോഗികൾക്ക് നൽകാനായി വിതരണം ചെയ്യുന്നത്;

(സി) റാൻഡം പരിശോധനാ ഫലം വെളിപ്പെടുത്താമോ; ഗുണനിലവാരമില്ലെന്നു കണ്ടെത്തിയതിൽ എത്ര ബാച്ചുകൾ ഗുണപരിശോധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതിനു മുമ്പ് വിതരണം ചെയ്തിരുന്നു; ഏതൊക്കെ കമ്പനികളെ കരിമ്പട്ടികയിൽപ്പെടുത്തി; ഏതൊക്കെ കമ്പനികൾക്കെതിരെ ക്രിമിനൽ നിയമനടപടി സ്വീകരിച്ചു; ഏതെങ്കിലും രോഗിക്ക് നഷ്ടപരിഹാരം നൽകിയോ ;

(ഡി) സർക്കാർ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്ന പാവപ്പെട്ട രോഗികളെ മരുന്നു കമ്പനികളുടെ പരീക്ഷണ വസ്തുവാക്കി മാറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് വിതരണം ചെയ്യുന്ന കരാറുകാർ ഓരോ ബാച്ചിനുമൊപ്പം എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബ്/കേന്ദ്ര മരുന്ന് പരിശോധന ലബോറട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധന 2015-16 വർഷം ഒഴിവാക്കിയിരുന്നില്ല.

(ബി) തെരഞ്ഞെടുക്കപ്പെട്ട മരുന്ന് നിർമ്മാണ കമ്പനികളെ ഡ്രഗ്സ് കൺട്രോളർ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള പ്രതിനിധികൾ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമാണ് കോർപ്പറേഷനുമായി കരാർ ഒപ്പിടുന്നത്. കൂടാതെ മരുന്നിന്റെ നിലവാരം ഉറപ്പാക്കാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ഏഴുതരം സംവിധാനങ്ങളുണ്ട്.

1. ഔഷധ നിർമ്മാതാക്കൾ അവരുടെ ഉല്പന്നങ്ങൾ വിപണനത്തിന് അയയ്ക്കുന്നതിനുമുമ്പ് സ്വന്തം ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ റിപ്പോർട്ടിനു പുറമെ ഓരോ ബാച്ചും ഇന്ത്യയിലെ ഏതെങ്കിലും NABL Accredited Lab/കേന്ദ്ര മരുന്ന് പരിശോധന ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ പരിശോധനാ റിപ്പോർട്ട് നൽകണമെന്ന വ്യവസ്ഥ നിഷ്കർഷിക്കുന്നു.

2. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലുമൊരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽനിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. പരിശോധനയിൽ ഗുണനിലവാരമില്ലെന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും കൂടാതെ അനുബന്ധ സ്ഥാപനങ്ങളിൽനിന്നും തിരിച്ചെടുത്ത് quarantine area-യിൽ കൃത്യമായ ലേബലോടുകൂടി സൂക്ഷിക്കാൻ എല്ലാ ജില്ലകളിലേയും വെയർഹൗസ് മാനേജർമാർക്ക് നിർദ്ദേശം നൽകാറുമുണ്ട്.

3. എംപാനൽ ലാബുകളിലേക്ക് ഓരോ വർഷവും കെ.എം.എസ്.സി.എൽ. സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും പത്ത് ശതമാനം ശേഖരിച്ചശേഷം മരുന്നുകളുടെയും ഉല്പാദകരുടെയും പേരും മറ്റ് വിവരങ്ങളും മായ്ച്ച് കോർപ്പറേഷന്റെ സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിക്കുകയും ഇങ്ങനെ decode ചെയ്യുന്ന സാമ്പിളുകളാണ് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്.

4. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽനിന്നും മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി അന്യത്ര സേവന വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ കീഴിൽ രണ്ട് ഫാർമസിസ്റ്റുമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

5. ശീതിസംഭരണ ഊഷ്മാവിലും ($2^0$ to $8^0$), നാർകോട്ടിക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായംവഴി National Institute of Biological, Noida-യിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും ഡ്രഗ്സ് കൺട്രോളർ മുഖാന്തരം ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. മാത്രമല്ല, ഒരു ഉല്പാദകൻ വിതരണം ചെയ്ത മരുന്നിന്റെ ഒന്നിലധികം ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാകേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

7. ഒരു ഉല്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെടുത്തിയാൽ പ്രസ്തുത മരുന്ന് കമ്പനിയെത്തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽ നിന്നും വിലക്കുകയും ചെയ്യുന്നു.

ഓരോ ബാച്ചും സംസ്ഥാനത്തെ ഔഷധ ഗുണനിലവാര പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ചതിനു ശേഷമല്ല സർക്കാർ ആശുപത്രികളിലൂടെ രോഗികൾക്ക് നൽകാനായി വിതരണം ചെയ്യുന്നത്. മുൻവർഷങ്ങളിൽ മുഴുവൻ ബാച്ചും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് വിതരണം ചെയ്തിരുന്നത്. അങ്ങനെ ചെയ്യുമ്പോൾ പരിശോധനാഫലം ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ കോർപ്പറേഷന് സാധിക്കാതെ വരുന്നു. ആയതിനാൽ 2014-15 മുതൽ NABL Accredited Lab/കേന്ദ്ര മരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കുകയും കോർപ്പറേഷൻ പത്ത് ശതമാനത്തിൽ കുറയാതെ സാമ്പിളുകൾ റാൻഡം പരിശോധന നടത്തുകയുമാണ് ചെയ്യുന്നത്.

(സി) റാൻഡം പരിശോധനാഫലം വെളിപ്പെടുത്താൻ പറ്റുന്നതാണ്. നിലവിൽ NABL-ന്റെ ഔദ്യോഗിക അംഗീകാരമുള്ള എട്ട് ലാബുകളാണ് എംപാനൽ ലിസ്റ്റിലുള്ളത്. റാൻഡം പരിശോധനയും മരുന്ന് വിതരണവുമായി യാതൊരു ബന്ധവുമില്ല. 2014-15-ൽ ഇന്നുവരെ 71 ബാച്ചുകൾ ഗുണനിലവാരമില്ലെന്നു കണ്ടെത്തുകയും അവ റാൻഡം ഗുണനിലവാര പരിശോധനയ്ക്ക് മുമ്പ് വിതരണം ചെയ്തതുമാണ്. 2015-16-ൽ എട്ട് ബാച്ചുകൾ ഗുണനിവാരമില്ലെന്ന് കണ്ടെത്തുകയുണ്ടായി. 2010-2011 മുതൽ 2015-16 വരെയുള്ള ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ എണ്ണവും കരിമ്പട്ടികയിൽപ്പെടുത്തിയ മരുന്നുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. (Annexure-I).* റാൻഡം പരിശോധനയിൽ ഗുണനിലവാരമില്ലെന്നു കണ്ടെത്തിയാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരമില്ലെന്ന് ഉറപ്പാക്കിയശേഷമാണ് Not of Standard Quality ആയി അറിയിക്കുന്നത്. 2010 മുതൽ 2016 വരെ കരിമ്പട്ടികയിൽപ്പെടുത്തിയ 47 ഇനം മരുന്നുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു (Annexure-II).*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുണനിലവാരമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്പനിയേയും കരിമ്പട്ടികയിൽ പെടുത്തിയിട്ടില്ല. എന്നാൽ ദർഘാസ് വ്യവസ്ഥ പാലിക്കാത്തതിനാൽ നിലവിൽ പതിമൂന്ന് കമ്പനികളെ കോർപ്പറേഷൻ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. (Annexure-III)* ക്രിമിനൽ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ആണ്. ഒരു രോഗിക്കും ഇന്നുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം**

21 (*81) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ഹംസ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ദ്വിതീയ ആരോഗ്യ പരിപാലന മേഖല ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും താലൂക്കാശുപത്രികളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിലുള്ള സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്നത് ബഹുജനാരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രാഥമിക തലത്തിലെ സർക്കാർ ആശുപത്രികളിൽ രോഗനിർണ്ണയ പരിശോധനാ സൗകര്യം ഇല്ലാത്തതിനാൽ രോഗികൾ സ്വകാര്യ ആശുപത്രികളെയും പരിശോധനാ സ്ഥാപനങ്ങളേയും ആശ്രയിക്കാൻ നിർബന്ധിതരാകുന്നു എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) നിരവധി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഇല്ലെന്നും മരുന്നുകൾ ലഭ്യമല്ലെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) പരാജയപ്പെട്ടിട്ടില്ല. കേരളത്തിലെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക-പാരിസ്ഥിതിക പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കപ്പെടേണ്ടതുണ്ടെന്ന തിരിച്ചറിവോടെ വിവിധ പ്രവർത്തന പരിപാടികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും താലൂക്കാശുപത്രികളിലെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, നബാർഡ് ഫണ്ട്, എൻ.എച്ച്.എം. ഫണ്ട് എന്നിവ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഈ വിഭാഗത്തിൽപ്പെട്ട ആശുപത്രികളിലേക്ക് ആവശ്യമായ ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻവഴി പ്രധാനപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് Semi Auto Analyser, Binocular Microscope, Calorie Meter, Centrifuge, Hot air oven, Micropipette, Water bath മുതലായ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. അടിസ്ഥാന ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾക്കു പുറമെ എക്സ്-റേ മെഷീൻ പതിനൊന്ന് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 21 താലൂക്ക് ആശുപത്രികളിലും സ്ഥാപിച്ചിട്ടുണ്ട്. പത്ത് താലൂക്കാശുപത്രികളിൽ ആധുനികമായ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ വിലകൂടിയ മെഷീനുകളായ അൾട്രാ സൗണ്ട് സ്കാനർ ഇരുപത് താലൂക്കാശുപത്രികളിലും Fully Automated Bio Chemistry Analyser പതിനഞ്ച് താലൂക്കാശുപത്രികളിലും സ്ഥാപിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ ആരംഭിക്കുന്നതിന് എൻ.എച്ച്.എം.-ഉം എൽ.എസ്.ജി.ഐ. (തദ്ദേശസ്വയംഭരണ സ്ഥാപനം)-യും ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പി.എച്ച്.സി.-കളിൽ ലഭ്യമല്ലാത്ത പരിശോധനാ സൗകര്യങ്ങൾ സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി, ജില്ലാ/ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ലഭ്യമാണ്.

(ഇ) ചില ജില്ലകളിൽ പി.എസ്.സി. വഴിയുള്ള ഡോക്ടർമാരുടെ സ്ഥിര നിയമനത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ

നികത്തുന്നതിനും ഡോക്ടർമാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അഡ്ഹോക് വ്യവസ്ഥയിലും എൻ.എച്ച്.എം. വഴിയും ഡോക്ടർമാരെ താത്കാലികമായി നിയമിച്ച് സേവനം ലഭ്യമാക്കുന്നുണ്ട്. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിദിന ഒ.പി. ഇരുന്നൂറിൽ കൂടുതലുള്ളതും ഒരു ഡോക്ടർ തസ്തിക മാത്രമുള്ളതുമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മരുന്നുകളുടെ ലഭ്യത ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുന്ന അവലോകന യോഗങ്ങളിൽ വിശദമായി പരിശോധിച്ചിട്ടുണ്ട്.

## നഴ്സിംഗ് റിക്രൂട്ട്മെന്റ്

22 (*82) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ റിക്രൂട്ട്മെന്റ് സൗകര്യമൊരുക്കാതെ നഴ്സിംഗ് റിക്രൂട്ട്മെന്റ്, എംബസി വഴിയാക്കിയത് സംസ്ഥാനത്തെ നഴ്സുമാരെ ഗുരുതരമായ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിൽ നിന്നുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റ് നടപടികൾ സങ്കീർണ്ണമായതോടെ തൊഴിൽദാതാക്കൾ മറ്റ് രാജ്യങ്ങളിൽ നിന്ന് റിക്രൂട്ട്മെന്റ് നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിക്രൂട്ട്മെന്റ് സംവിധാനം ലളിതവൽക്കരിക്കാനും കാര്യക്ഷമമാക്കാനും തൊഴിൽ വകുപ്പ് ഇടപെടൽ നടത്തുമോ;

(ഡി) വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് പരിമിതപ്പെട്ടതുകാരണം സംസ്ഥാനത്തും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും നഴ്സുമാരുടെ ശമ്പളം കുറച്ച് അവരെ കൂടുതൽ ചൂഷണത്തിനുവിധേയമാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഴ്സുമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഇല്ല. നഴ്സിംഗ് റിക്രൂട്ട്മെന്റ് എംബസി വഴിയാക്കിയിട്ടില്ല.

(ബി) തൊഴിൽ ദാതാക്കൾ മറ്റ് രാജ്യങ്ങളിൽനിന്ന് ഈ സംവിധാനം വരുന്നതിനുമുമ്പും റിക്രൂട്ട്മെന്റുകൾ നടത്തിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശുദ്ധജല വിതരണ പദ്ധതികൾ**

23(*83) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) പദ്ധതികളുടെ ജലസ്രോതസ്സ് മുതൽ വിതരണത്തിന്റെ അവസാനം വരെയുള്ള സംവിധാനങ്ങൾ നിരന്തരമായ പരിശോധനയ്ക്കും പോരായ്മകൾ പരിഹരിക്കാനുമുള്ള നടപടികൾക്കും വിധേയമാക്കാൻ എന്ത് വ്യവസ്ഥയാണ് നിലവിലുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശത്തും ശുദ്ധജലം എത്തിക്കുന്ന അരുവിക്കരയിലെ ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശത്ത് മനുഷ്യ വിസർജ്ജ്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സംസ്ഥാനത്ത് എട്ട് വൻകിട ശുദ്ധജല വിതരണ പദ്ധതികളാണ് (50 MLD-ക്കു മുകളിൽ ഉല്പാദനശേഷിയുള്ള) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നത്. അവയുടെ വിശദവിവരങ്ങൾ താഴെചേർക്കുന്നു:

1. തിരുവനന്തപുരം കോർപ്പറേഷനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി
2. ജിക്ക ധനസഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതി
3. ജിക്ക ധനസഹായത്തോടെയുള്ള ചേർത്തല ശുദ്ധജല വിതരണ പദ്ധതി
4. കൊച്ചിക്കുവേണ്ടിയുള്ള ജൻറം വാട്ടർ സപ്ലൈ സ്കീം-പാർട്ട് 1

5. എറണാകുളത്തിനും സമീപപ്രദേശങ്ങൾക്കുമായി ആലുവയിൽ സ്ഥാപിച്ചിട്ടുള്ള ജലവിതരണ പദ്ധതി

6. പറവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ചൊവ്വര കുടിവെള്ള പദ്ധതി

7. കോഴിക്കോട് കുടിവെള്ള പദ്ധതി

8. ജിക്ക ധനസഹായത്തോടെയുള്ള പട്ടുവം കുടിവെള്ള പദ്ധതി.

2001-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ടത്തിൽ പതിനാറ് വൻകിട ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2012-2017 കാലയളവിൽ നടപ്പിലാക്കി വരുന്ന ജലനിധി രണ്ടാംഘട്ടത്തിൽ 2016 ജനുവരി 31-ാം തീയതി വരെയുള്ള കണക്കനുസരിച്ച് തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിലും കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലും ഒന്നുവീതം വൻകിട ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായി. തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) ജലനിധി പദ്ധതിപ്രകാരം പദ്ധതി പൂർത്തീകരണത്തിനുശേഷം ആയതിന്റെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ്. പൂർത്തീകരിക്കുന്ന പദ്ധതികളുടെ പൂർണ്ണമായ ഉടമസ്ഥാവകാശം ഗുണഭോക്തൃ സമിതികൾക്കും ഗ്രാമപഞ്ചായത്തിനും സംയുക്തമായി നൽകുന്നു. പദ്ധതികളുടെ ജലസ്രോതസ്സിൽ നിന്നുമെടുക്കുന്ന ജലം കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിച്ചതിനുശേഷം എത്ര അളവിൽ കെമിക്കലുകൾ ശുദ്ധീകരിക്കുവാനായി ചേർക്കണമെന്ന് തീരുമാനിക്കുന്നു. അതിനുശേഷം എയറേഷൻ, സെഡിമെന്റേഷൻ, കൊയാഗുലേഷൻ, ഫ്ളാക്കുലേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ എന്നീ പ്രക്രിയകൾക്കു വിധേയമാക്കുകയും തുടർന്ന് ലാബിൽ പരിശോധിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് കെ.ഡബ്ല്യു.എ.-യുടെ പരിശോധനാ ലാബുകളിൽ CPHEEO (Central Public Health & Environmental Engineering Organisation) അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്ന ഒരു സംസ്ഥാന ലാബും പതിനാല് ജില്ലാ ലാബുകളും 33 സബ് ഡിവിഷൻ ലാബുകളും വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അരുവിക്കര ഡാം റിസർവ്വോയറിന്റെ സമീപപ്രദേശങ്ങളിലെ വീടുകളിൽ നിന്നുള്ള മലിനജലം ചെറിയ ഓടകളിലൂടെയും നേരിട്ടും റിസർവോയറിലേയ്ക്ക്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒഴുകിയെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഒഴിവാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉടമസ്ഥർക്ക് നേരിട്ട് നോട്ടീസ് നൽകുകയും പ്രസ്തുത വിവരം പഞ്ചായത്തിലും പോലീസ് സ്റ്റേഷനിലും അറിയിക്കുകയും ചെയ്തുവഴി ഇത് ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ റിസർവ്വോയറിലെ 72 MLD പമ്പ്ഹൗസിനടുത്തായി പായലും കുപ്പികളുമടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പതിനഞ്ച് ലക്ഷം രൂപയുടെ വർക്ക് തുടങ്ങാനുള്ള നടപടികളെടുത്തുവരുന്നു. എന്നിരുന്നാലും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടാണ് വിതരണം ചെയ്യുന്നത്.

## കുട്ടികളിലെ വൃക്കരോഗം

24(*84) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ ഇടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ വൃക്കരോഗം വ്യാപകമാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) വൃക്കരോഗങ്ങളെ പ്രതിരോധിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് കുട്ടികളുടെയിടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) തുടർച്ചയായുള്ള യൂറിനറി ട്രാക്ട് ഇൻഫെക്ഷൻ, മൂത്രാശയനാളിയിൽ ജന്മനായുള്ള കുഴപ്പങ്ങൾ, ഗ്ലോമറുലോ നെഫ്രിറ്റിസ്, നെഫ്റോട്ടിക് സിൻഡ്രോം എന്നിവയാണ് കുട്ടികളുടെയിടയിൽ വൃക്കരോഗമുണ്ടാക്കുന്നത്.

(സി കുട്ടികളിലെ വൃക്കരോഗം പ്രതിരോധിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മുതിർന്നവരുടെ വൃക്കരോഗം അനിയന്ത്രിതമായ രക്താതി സമ്മർദ്ദം, പ്രമേഹം എന്നീ അസുഖങ്ങൾ മൂലമാണ്. ഈ അസുഖങ്ങൾ നിയന്ത്രിക്കാൻ സംസ്ഥാനത്തൊട്ടാകെ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ വേതനം

25(*85) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതനവും മറ്റാനുകൂല്യങ്ങളും പുതുക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തീരുമാനമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടം തൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിന് ആധാരമായി സ്വീകരിച്ച വ്യവസ്ഥകൾ എന്തെല്ലാം; പ്രസ്തുത വ്യവസ്ഥകൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) തേയില, കാപ്പി, റബ്ബർ, ഏലം, തുടങ്ങിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേലുള്ള നിലപാട് വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) 14-10-2015-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി താഴെപ്പറയുംപ്രകാരം വിവിധ വിളകളിൽ കൂലി നൽകുന്നതിന് തീരുമാനമെടുത്തു.

| വിള | കൂലി (ഡി.എ. അടക്കം) |
|---|---|
| തേയില, കാപ്പി | 301 |
| റബ്ബർ | 381 |
| ഏലം | 330 |

(ബി) തോട്ടം തൊഴിലാളികൾക്ക് വേതന വർദ്ധന ആവശ്യപ്പെട്ട് നടത്തിവന്ന സമരം താഴെപ്പറയുന്ന വ്യവസ്ഥകളിന്മേലാണ് തീർപ്പായത്.

14-10-2015-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനങ്ങൾ

1. തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ കൂലി പ്രതിദിനം 301 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

2. കാപ്പിത്തോട്ടങ്ങളിൽ തേയിലത്തോട്ടങ്ങളിലെ അതേ നിരക്ക് ബാധകമായിരിക്കുന്നതാണ്.

3. ഏലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ കൂലി പ്രതിദിനം 330 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

4. റബ്ബർ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ കൂലി പ്രതിദിനം 381 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

5. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പണിമുടക്ക് സമരം പിൻവലിക്കുന്നതാണ്. മറ്റ് വിഷയങ്ങൾ പിന്നീട് പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം ചർച്ച ചെയ്യുന്നതാണ്. 6-11-2015-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ 2015 നവംബർ 1-ാം തീയതി മുതൽ മേൽ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനം അനുസരിച്ചുള്ള കൂലി പ്ലാന്റേഷൻ മേഖലയിൽ പൂർണ്ണമായും നടപ്പിലായിട്ടുണ്ട്.

(സി) പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്തും വിവിധ മേഖലകളിൽ യന്ത്രവൽക്കരണമുണ്ടായിട്ടുള്ള സാഹചര്യത്തിലും ഉല്പാദനക്ഷമത വർദ്ധന വരുത്തണമെന്ന് വിവിധ തൊഴിലുടമ സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ തൊഴിലാളി സംഘടനകളുടെ അഭിപ്രായമാരായുകയും ഉഭയകക്ഷി ധാരണയുടെ അടിസ്ഥാനത്തിൽ തേയിലയിൽ ഷിയർ ഉപയോഗിച്ചുള്ള പ്ലക്കിംഗിനും കാപ്പിയിൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ട് വർദ്ധനയും വരുത്തിയിട്ടുണ്ട്.

**പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ**

26(*86) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :

<u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ ഒപ്പുവെയ്ക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ; വേതനം പുതുക്കാനായി എന്ത് തുടർ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) നിലവിലെ ലേല കേന്ദ്രങ്ങളെ ഒഴിവാക്കി കമ്മ്യൂണിറ്റി ട്രേഡിംഗ് സമ്പ്രദായം നടപ്പാക്കണമെന്ന ആവശ്യം നടപ്പിലാക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മാനേജ്മെന്റുകളിൽനിന്ന് തോട്ടം ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ വഴിയോ ദിനേശ് മാതൃകയിൽ സഹകരണ സംഘങ്ങൾ വഴിയോ നടത്താൻ ആവശ്യമായ നിയമനിർമ്മാണത്തിനും, മറ്റു നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ;

(ഡി) നിയമലംഘകരായ മാനേജ്മെന്റുകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിലുണ്ടായ തകർച്ച കാരണം പ്ലാന്റേഷൻ മേഖലയിൽ ഉടലെടുത്ത പ്രതിസന്ധിമൂലം പ്ലാന്റേഷൻ ലേബർ കമ്മിറ്റി നടത്തിയ വേതന ചർച്ചകളിൽ റബ്ബർ പ്ലാന്റേഷനുകളിലെ സ്റ്റാൻഡേർഡ് ഔട്ട്പുട്ട്, പ്രൊഡക്ടിവിറ്റി എന്നിവ സംബന്ധിച്ചും കരാറിന്റെ മുൻകാല പ്രാബല്യം, കരാർ കാലാവധി എന്നിവ സംബന്ധിച്ചും തീരുമാനമെടുക്കാനായില്ല. ഇതാണ് പ്ലാന്റേഷൻ മേഖലയിൽ കൂലി വർദ്ധന സംബന്ധിച്ച കരാർ ഒപ്പിടാൻ കഴിയാതെ പോയതിന്റെ കാരണം. അടിയന്തരമായി പ്ലാന്റേഷൻ മേഖലയിൽ വേതന വർദ്ധന പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് സർക്കാർ നിലപാട് സ്വീകരിക്കുകയും 28-1-2016-ലെ 428/ഇ1/16/തൊഴിൽ നമ്പരായി തോട്ടം തൊഴിലാളികൾക്കായി മിനിമം വേതനം നിശ്ചയിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്തെ പ്ലാന്റേഷനുകളിൽ പ്ലാന്റേഷൻ ലേബർ നിയമനത്തിന്റെയും മറ്റ് തൊഴിൽ നിയമങ്ങളുടെയും ലംഘനങ്ങൾ നടക്കുന്നുണ്ടോയെന്ന് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന പരിശോധന നടത്തുകയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. അവ പരിഹരിക്കാത്തപക്ഷം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

**വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി**

27(*87) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിയിൽപ്പെട്ട വീടില്ലാത്തവർക്ക് അനുവദിച്ച വീടുകളിൽ മൂന്നിലൊന്നു മാത്രം പൂർത്തിയാക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതെ പോകുന്നത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും പലിശരഹിത വായ്പ നൽകി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തിയാക്കാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ 55.17% വീടുകൾ 6-2-2016 വരെ പൂർത്തിയായിട്ടുണ്ട്.

| വർഷം | അനുവദിച്ച വീടുകൾ | 6-2-2016 വരെ നിർമ്മാണം പൂർത്തിയായത് | ശതമാനം |
|---|---|---|---|
| 2011-12 | 3500 | 2749 | 78.54 |
| 2012-13 | 5000 | 3841 | 76.82 |
| 2013-14 | 6397 | 3837 | 59.98 |
| 2014-15 | 4500 | 2615 | 58.11 |
| 2015-16 | 5000 | 419 | 8.38 |

പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായ നായാടി, വേടൻ, കള്ളാടി, ചക്ലിയൻ വിഭാഗങ്ങൾക്കായുള്ള ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച ഭവനനിർമ്മാണ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച വീടുകൾ | 6-2-2016 വരെ നിർമ്മാണം പൂർത്തിയായത് | ശതമാനം |
|---|---|---|---|
| 2011-12 | 374 | 99 | 26.47 |
| 2012-13 | 60 | 14 | 23.33 |
| 2013-14 | 250 | 31 | 12.4 |
| ആകെ | 684 | 144 | 21.13% |

ഈ പദ്ധതിപ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 145 വീടുകളും 2015-16-ൽ 123 വീടുകളും അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ വർഷവും വകുപ്പിൽനിന്നും അനുവദിക്കുന്ന വീടുകളുടെ നിർമ്മാണ പുരോഗതി എല്ലാ മാസവും വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയത്തിലും ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും അവലോകനം ചെയ്യുകയും ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ഭവനനിർമ്മാണ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്, ലഭ്യതക്കുറവ്, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, കയറ്റിറക്ക് കൂലിയിലെ വർദ്ധനവ് എന്നിവ കാരണമാണ് പ്രധാനമായും വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12-ൽ സ.ഉ. (കൈ) നമ്പർ 93/2011/പജപവവി. തീയതി 15-11-2011 പ്രകാരം ഭവനനിർമ്മാണ ധനസഹായത്തുക ഒരു ലക്ഷത്തിൽ നിന്നും രണ്ട് ലക്ഷമായും 2014-15-ൽ സ.ഉ.(കൈ)നമ്പർ 42/2014/പജപവവി തീയതി 11-7-2014 പ്രകാരം ധനസഹായ തുക 2 ലക്ഷത്തിൽ നിന്നും 3 ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണ ധനസഹായം സ.ഉ.(കൈ)നമ്പർ 73/2014/പജപവവി തീയതി 9-10-2014 പ്രകാരം രണ്ട് ലക്ഷത്തിൽ നിന്നും 3.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണ ധന സഹായത്തുകയിൽ 300% വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാലും പ്രസ്തുത കാര്യം പരിശോധിക്കുന്നതാണ്.

**ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്**

28(*88) ശ്രീ. രാജു എബ്രഹാം :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയ നാഡീവ്യൂഹ വിദഗ്ദ്ധ ചികിത്സയ്ക്ക് സാധാരണക്കാർക്ക് ആശ്രയമായിരുന്ന ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേന്ദ്ര സർക്കാരിൽനിന്ന് വേണ്ട സഹായം ലഭിക്കാത്ത കാരണം ചൂണ്ടിക്കാട്ടി നിരക്ക് വർദ്ധിപ്പിച്ചതു സാധാരണക്കാരെ വളരെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നത് പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(ബി) ആയത് കണക്കിലെടുത്ത് കേന്ദ്ര സർക്കാരിൽ നിന്ന് അധിക ധനസഹായം ലഭ്യമാക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(സി) സ്ഥാപനത്തിന് ഉണ്ടെന്ന് പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ):

(എ) വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ടെന്നും 2016-ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ടു നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻവേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിൽ ഉണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ ഇപ്പോഴത്തെ നിരക്കു വർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

(ബി) ബാധകമല്ല.

(സി) ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായതിനാൽ കേരള സർക്കാരിന് ഇതിന്മേൽ നിയന്ത്രണമില്ല.

## ചെറുകിട ജലസംഭരണ സംവിധാനങ്ങൾ

29 (*89) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം ഭൂമിയിൽ പിടിച്ചുനിർത്താനായി നദികൾ, അരുവികൾ, നീർച്ചാലുകൾ എന്നിവയുൾപ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി 100 കോടി രൂപ വകയിരുത്തിയ 2014-15 ബഡ്ജറ്റിലെ മുൻഗണനാപദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പ്രോജക്ടുകൾ നടപ്പാക്കിയെന്ന് അറിയിക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഈ പദ്ധതിക്കായി എത്ര തുക നൽകിയെന്നും അതിനു സ്വീകരിച്ച മാനദണ്ഡവും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ-സി) സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം ഭൂമിയിൽ പിടിച്ചു നിർത്താനായി നദികൾ, അരുവികൾ, നീർച്ചാലുകൾ എന്നിവയുൾപ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങളൊരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി 'ജലസമൃദ്ധ കേരളം' പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തിയതായി 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്താത്തതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

30(*90) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(ബി) എയിംസ് അനുവദിക്കാനായി കേന്ദ്രസർക്കാർ എന്തെല്ലാം നിബന്ധനകളാണ് വെച്ചിരുന്നതെന്നും, അവ പാലിക്കുവാൻ കഴിയാതെ പോയതിന്റെ കാരണങ്ങളും വിശദമാക്കാമോ;

(സി) അടുത്ത സാമ്പത്തിക വർഷമെങ്കിലും എയിംസ് അനുവദിപ്പിക്കാനായി എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) കേരളത്തിൽ ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട പ്രകാരം കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള സ്ഥലവും തിരുവനന്തപുരം നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലവും കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള സ്ഥലവും എറണാകുളം ജില്ലയിൽ എച്ച്.എം.റ്റി.-യുടെ അധീനതയിലുള്ള സ്ഥലവും അനുയോജ്യമാണെന്ന് കണ്ടെത്തി 17-7-2014-ലെ സ.ഉ. (എംഎസ്.) നം. 220/14/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഇതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദിഷ്ട സ്ഥലങ്ങളുടെ ഭൗമശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള സൗകര്യങ്ങൾ, റവന്യൂ രേഖകൾ എന്നിവ പരിശോധിക്കുന്നതിനായി ഒരു ചെക്ക് ലിസ്റ്റ് കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള റിപ്പോർട്ടാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും നിർദ്ദിഷ്ട സ്ഥലങ്ങൾ പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ ഇൻസ്പെക്ഷൻ ടീമിനെ നിയോഗിച്ച് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രിയുടെയും തലത്തിൽ പ്രധാനമന്ത്രിക്കും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്കും കത്തുകൾ അയയ്ക്കുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി നേരിട്ട് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ സന്ദർശിച്ച് കേരളത്തിന് എയിംസ് അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. എന്നാൽ 2015-16-ലെ ബഡ്ജറ്റിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച അഞ്ച് പുതിയ എയിംസ് ഹോസ്പിറ്റലുകൾ ജമ്മു കാശ്മീർ, പഞ്ചാബ്, ഹിമാചൽപ്രദേശ്, ആസ്സാം, തമിഴ്നാട് എന്നിവിടങ്ങളിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും കേരളത്തെ അടുത്ത ഘട്ടത്തിൽ പരിഗണിക്കാമെന്നുമാണ് 7-5-2015-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിന് ഉറപ്പുനൽകിയിട്ടുള്ളത്.

കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും സമയ ബന്ധിതമായിത്തന്നെ സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. യാതൊരുവിധ അനാസ്ഥയും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. എന്നിട്ടും ആദ്യഘട്ടത്തിൽത്തന്നെ എയിംസ് കേരളത്തിന് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല തീരുമാനമുണ്ടാകാത്തതിന് വ്യക്തമായ കാരണങ്ങൾ സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല.

(സി) എയിംസ് അനുവദിക്കുന്ന കാര്യത്തിൽ അടിയന്തര തുടർ നടപടി സ്വീകരിക്കണമെന്നും അടുത്ത ബഡ്ജറ്റിൽ ഇത് ഉൾക്കൊള്ളിക്കണമെന്നും 11-12-2015-ൽ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയെയും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെയും നേരിൽക്കണ്ട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഐ.പി. സംവിധാനം

1(698) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ മതിയായ ജീവനക്കാരെ നിയമിച്ച് ഐ.പി. സംവിധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പെരിങ്ങോം താലൂക്കാശുപത്രിയിൽ നിലവിൽ ഐ.പി. സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ആശുപത്രിയിൽ നിലവിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഒരൊഴിവും അസിസ്റ്റന്റ് സർജൻ തസ്തികയിൽ മൂന്ന് ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകളുമാണുള്ളത്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി. നിയമനം വഴിയോ പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുനർനിയമനം നൽകുന്നതു വഴിയോ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി ഒഴിവുള്ള പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഒഴിവുള്ള മറ്റ് തസ്തികകളായ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട്ട്ടൈം സ്വീപ്പർ എന്നിവ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമനംവഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പി.എച്ച്.സി.-കളിലെ ലാബ് സൗകര്യങ്ങൾ

2(699) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും ലാബ് സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ടായിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര പി.എച്ച്.സി.-കളിൽ നിലവിൽ ലാബ് സൗകര്യം ഉണ്ടെന്നും, എത്രയെണ്ണം ഇനിയും ആവശ്യമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

3(700) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പനയം പഞ്ചായത്തിലെ പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഡോക്ടർമാരും, ഇതര സ്റ്റാഫും എത്രയെന്നറിയിക്കാമോ; അനുവദനീയമായ തസ്തികകൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) കൊല്ലം പനയം പഞ്ചായത്തിലെ പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിൽ രണ്ട് ഡോക്ടർമാരും അതിനോടനുബന്ധിച്ച ചികിത്സാ സംവിധാനവുമാണ് നിലവിലുള്ളത്. രോഗങ്ങളുടെ പ്രാഥമിക പരിശോധനയും ഔട്ട് പേഷ്യന്റ് ചികിത്സയും ഇവിടെ നടത്തപ്പെടുന്നു. കൂടാതെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവയ്പുകൾ, മാതൃശിശു സംരക്ഷണ മാർഗ്ഗങ്ങൾ, പകർച്ചവ്യാധിരോഗ നിയന്ത്രണങ്ങൾ, ജീവിതശൈലീ രോഗനിയന്ത്രണ

പ്രവർത്തനങ്ങൾ, പരിസര ശുചീകരണവുമായി ബന്ധപ്പെട്ട പരിശോധനകളും ബോധവൽക്കരണവും ദേശീയതലത്തിൽ നടപ്പിലാക്കുന്ന രോഗപ്രതിരോധ പരിപാടികളും ബോധവത്കരണവും കൂടാതെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷണത്തിനാവശ്യമായ ഫീൽഡുതല പ്രവർത്തനങ്ങളുടെ ഏകോപനവും നടത്തപ്പെടുന്നു. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ലാബ് സംവിധാനം നടന്നുവരുന്നു.

(ബി) നിലവിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച എണ്ണം | ഒഴിവുകൾ |
|---|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 2 | ഇല്ല |
| 2 | സ്റ്റാഫ് നഴ്സ് | 1 | ഇല്ല |
| 3 | ഫാർമസിസ്റ്റ് | 1 | ഇല്ല (പ്രസവ അവധിയിൽ) |
| 4 | നഴ്സിംഗ് അസിസ്റ്റന്റ് | 1 | ഇല്ല |
| 5 | എച്ച്.എ. ഗ്രേഡ് | 1 | ഇല്ല |
| 6 | പി.റ്റി.എസ്. | 1 | ഇല്ല |
| 7 | ക്ലാർക്ക് | 1 | ഇല്ല |
| 8 | ഓഫീസ് അറ്റൻഡന്റ് | 1 | ഇല്ല |
| 9 | ഹെൽത്ത് ഇൻസ്പെക്ടർ | 2 | ഇല്ല |
| 10 | പബ്ലിക് ഹെൽത്ത് നഴ്സ് | 1 | ഇല്ല |
| 11 | ജൂനിയർ എച്ച്.ഐ. | 5 | ഇല്ല |
| 12 | ജൂനിയർ പി.എച്ച്.എൻ. | 5 | ഇല്ല |

(സി) പ്രസ്തുത ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിലൊന്നും തന്നെ ഒഴിവുകൾ നിലവിലില്ല.

(ഡി) പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എൻ.ആർ.എച്ച്.എം. വഴി ലാബ് സംവിധാനമൊരുക്കി-ക്കൊണ്ടും നിലവിലുള്ള ഒ.പി. സംവിധാനങ്ങളും രോഗനിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി വരുന്നു.

## ലബോറട്ടറി സൗകര്യങ്ങൾ

4(701) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ അശുപത്രികളിലും ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തത് പാവപ്പെട്ട രോഗികളുടെ ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ ലബോറട്ടറികളിൽ ഏകീകൃത നിരക്കില്ലാത്തതും അവയിൽ യോഗ്യരായ പരിശോധകരില്ലാത്തതും അവയുടെ പ്രവർത്തനത്തിന് മാനദണ്ഡങ്ങളില്ലാത്തതും, രോഗ നിർണ്ണയത്തിലുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങളെക്കുറിച്ച് ധാരാളം പരാതികൾ നിലനിൽക്കുന്നതുമായ സാഹചര്യത്തിൽ പരിഹാര നടപടികൾ വിശദമാക്കുമോ ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും കുറഞ്ഞ ചെലവിൽ കാര്യക്ഷമതയുള്ള ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലും ലബോറട്ടറി സൗകര്യം ലഭ്യമാണ്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യമൊരുക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013-ലെ കരട് ബിൽ നമ്പർ 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ലബോറട്ടറി സൗകര്യമില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ സൗജന്യ നിരക്കിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ദേശീയാരോഗ്യ ദൗത്യം മുഖേന സ്വീകരിച്ചുപോരുന്നു.

## പുതുക്കാട് താലൂക്കാശുപത്രി

5(702) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ എന്ന് നിയമിക്കാനാകും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പുതുക്കാട് താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-യുടെയും രണ്ട് ഗ്രേഡ്-II ആശുപത്രി അറ്റൻഡന്റുമാരുടെയും ഒഴിവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.എസ്.സി. നിയമനം വഴിയോ പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുനർനിയമനം നൽകുന്നതുവഴിയോ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആശുപത്രി അറ്റൻഡന്റിന്റെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കാട് താലൂക്കാശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 5067/എം1/15/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

## സ്ട്രോക്ക് മാനേജ്മെന്റ് സിസ്റ്റം

6 (703) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ട്രോക്ക് മാനേജ്മെന്റ് സിസ്റ്റം പ്രവർത്തിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് ഇത് പ്രവർത്തിച്ചു തുടങ്ങിയത് ; ഇത് സ്ഥാപിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു;

(സി) സ്ട്രോക്ക് ബാധിച്ച എത്ര രോഗികൾക്ക് ഇതിലൂടെ ചികിൽസ നൽകാൻ കഴിഞ്ഞു ?

<u>ഉത്തരം</u>

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ട്രോക്ക് മാനേജ്മെന്റ് സിസ്റ്റം പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ന്യൂറോളജി വിഭാഗവും ജനറൽ മെഡിസിൻ വിഭാഗവും ഇപ്പോൾ സ്ട്രോക്ക് പേഷ്യന്റ്സിനെ ചികിത്സിക്കുന്നുണ്ട്. ദിവസം പത്ത് രോഗികളെങ്കിലും ഈ രീതിയിൽ ചികിത്സതേടി വരുന്നുണ്ട്.

**താലൂക്കാശുപത്രി കെട്ടിട നിർമ്മാണം**

7(704) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടനിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പുതിയ കെട്ടിടം വരുന്നതോടെ എന്തെല്ലാം സംവിധാനങ്ങളാണ് ആശുപത്രിയിൽ സജ്ജമാവുക എന്ന് വിശദമാക്കാമോ;

(സി) താലൂക്കാശുപത്രിയിൽ ഈ സർക്കാരിന്റെ കാലത്ത് നടന്നിട്ടുള്ള പർച്ചേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പുതുതായി താലൂക്കാശുപത്രിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിനായി എന്തെങ്കിലും ഉത്തരവുകൾ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പുതിയ കെട്ടിടം വന്നതോടെ ആശുപത്രിയുടെ ഭൗതിക പശ്ചാത്തലം വികസിച്ച സാഹചര്യത്തിൽ താലൂക്കാശുപത്രിയിൽ കൂടുതൽ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും ആശുപത്രിയുടെ നിലവാരം ഉയർത്തുവാനും ഉള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ദിനംപ്രതി വരുന്ന ഒ.പി., ഐ.പി. പരിശോധിക്കുമ്പോൾ പ്രസ്തുത ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ട ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനു വേണ്ട പ്രാഥമിക നടപടികൾ ഉടനെ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല.

(ബി) പുതിയ ആശുപത്രി കെട്ടിടം പ്രവർത്തനക്ഷമമാകുമ്പോൾ ആശുപത്രയിലെ എല്ലാ സ്പെഷ്യാലിറ്റികൾക്കും പ്രത്യേകം പ്രത്യേകം വാർഡുകൾ, ജെറിയാട്രിക് വാർഡ്, മൂന്ന് മേജർ ഓപ്പറേഷൻ തിയേറ്ററുകൾ-മൈനർ ഓപ്പറേഷൻ തിയേറ്ററുകൾ, പീഡിയാട്രിക്സ്, മെഡിസിൻ, പോസ്റ്റ് ഓപ്പറേറ്റീവ് വിഭാഗങ്ങളിലെ ഐ.സി.യു. എന്നീ സൗകര്യങ്ങൾ ലഭ്യമാകും.

(സി) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ 82.5 കെ.വി.എ., 20 കെ.വി.എ. എന്നീ പ്രകാരം ശേഷിയുള്ള രണ്ട് ജനറേറ്ററുകൾ, സി.ആം. ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, റേഡിയന്റ് വാർമർ, എക്സ്-റേ മെഷീൻ, കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി, ന്യൂബോൺ റസിസിറ്റേഷൻ യൂണിറ്റ്, ഫുള്ളി ഓട്ടോമേറ്റഡ് ബയോകെമിസ്ട്രി അനലൈസർ, എലീസ റീഡർ, ബൈനോക്കുലർ, മൈക്രോസ്കോപ്പ്, ക്രാഷ് കാർട്ട്, കമ്പ്യൂട്ടർ, സ്കാനർ & പ്രിന്റർ, സ്റ്റീൽ ഫർണിച്ചർ, ഓക്സിജൻ സിലിണ്ടർ, റഫ്രിജറേറ്റർ, എയർ കണ്ടീഷണർ, ഹെമറ്റോളജി അനലൈസർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) പുതിയ കെട്ടിടം പ്രവർത്തനക്ഷമമാകുന്നതോടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുമ്പോൾ പുതിയ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയും. പുതിയ സംവിധാനങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ആരോഗ്യ പദ്ധതികൾ**

8(705) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ നിന്നും തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ-യാണെന്നും ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു-മുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽനിന്നും തിരൂർ നിയോജക മണ്ഡലത്തിലെ തിരൂർ ജില്ലാ ആശുപത്രിയിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ചും ആയതിന് ചെലവാക്കിയ തുക സംബന്ധിച്ചുമുള്ള വിശദവിവരങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 'ഇ-ഹെൽത്ത്' പദ്ധതി

9(706) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിക്ക് കേന്ദ്ര സഹായം പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ എത്ര പിന്നിട്ടു; സംസ്ഥാനത്ത് കേന്ദ്ര സഹായം നേടിക്കൊണ്ട് പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിലുണ്ടായ കാലവിളംബത്തിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റ് സഹായമായി പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന തുക എത്ര; സംസ്ഥാനം വകയിരുത്തിയ തുകയിൽ എന്തെങ്കിലും ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) 26-2-2013-ലെ ഉത്തരവ് വഴിയാണ് പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചത്. ഇ-ഹെൽത്ത് പദ്ധതിക്കുള്ള കേന്ദ്രസഹായത്തിന്റെ ഒന്നാം ഗഡുവായ 43.34725 കോടി രൂപ 14-3-2013-ന് ലഭിച്ചു. ഈ പദ്ധതിയുടെ സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് M/s Hewlett-Packard Enterprises India Pvt. Ltd.- മായി 1-10-2014-ന് കരാർ ഒപ്പുവച്ചു. സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാന മോഡ്യൂളുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രാഥമികമായി തയ്യാറാക്കിയെങ്കിലും വൈവിദ്ധ്യവും സങ്കീർണ്ണതകൾ നിറഞ്ഞതുമായ 23 മോഡ്യൂളുകൾ ബന്ധപ്പെട്ട എല്ലാ യൂസർ ഗ്രൂപ്പുകളുമായി ചേർന്ന് പരിശോധനകൾ നടത്തി അവർ കണ്ടെത്തുന്ന ചെറുതും വലുതുമായ പോരായ്മകൾ പരിഹരിച്ചതിനുശേഷമാണ് സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ നടക്കേണ്ടത്. യൂസർ ഗ്രൂപ്പുകൾ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ പോരായ്മകൾ പ്രൈമറി സിസ്റ്റം ഇന്റഗ്രേറ്ററിൽ നിന്നും പരിഹരിച്ച് കിട്ടുന്നതിലുണ്ടായിട്ടുള്ള കാലതാമസമാണ് പദ്ധതിയുടെ നടത്തിപ്പിൽ നാല് മാസത്തെ കാലവിളംബം ഉണ്ടാക്കിയിട്ടുള്ളത്.

(ബി) സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് M/s Hewlett-Packard Enterprises India Pvt. Ltd.-മായി കരാർ ഒപ്പുവച്ചു. ഏഴ് ജില്ലകളിൽ സർവ്വേ പൂർത്തിയാക്കി. പദ്ധതിയുടെ പൈലറ്റ് ഇംപ്ലിമെന്റേഷന് തിരുവനന്തപുരം ജില്ലയിലെ വിവിധ തലത്തിലുള്ള പതിമൂന്ന് സ്ഥാപനങ്ങൾ തെരഞ്ഞെടുത്തു. ആദ്യഘട്ടത്തിൽ പൈലറ്റ്

ഇംപ്ലിമെന്റേഷൻ നടക്കുന്ന സ്ഥാപനങ്ങളിൽ നെറ്റ്‌വർക്ക് വയറിംഗ് കെൽട്രോൺ പൂർത്തീകരിച്ചു. ഫൈബർ ഒപ്റ്റിക് കണക്ഷൻ പ്രൈമറി ഹെൽത്ത് സെന്റർ വേളിയിലേയ്ക്ക് 26-10-2015-ന് ബി.എസ്.എൻ.എൽ.-ന് വർക്ക് ഓർഡർ കൊടുത്തു. പ്രൈമറി ഹെൽത്ത് സെന്റർ വേളിയിലെ ഹാർഡ്‌വെയറിനുവേണ്ടി 23-11-2015-ന് കെൽട്രോണിന് വർക്ക് ഓർഡർ നൽകി. മറ്റ് സ്ഥാപനങ്ങളിലെ ഹാർഡ്‌വെയറിന്റെ സ്പെസിഫിക്കേഷൻ പരിശോധന ടെക്നിക്കൽ കമ്മിറ്റി പൂർത്തിയാക്കി വർക്ക് ഓർഡർ തയ്യാറായി വരുന്നു. സോഫ്റ്റ്‌വെയറിന്റെ അക്സപ്റ്റൻസ് ടെസ്റ്റിംഗ്, ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ എന്നിവയിലേയ്ക്ക് സി-ഡിറ്റുമായും സെർട്ട്-കെയുമായും ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. സോഫ്റ്റ്‌വെയർ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങളുമായി കരാർ ഒപ്പിടുന്നതിന് തീരുമാനമെടുത്തു.

| | | | |
|---|---|---|---|
| (സി) | കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നത് | - | 86.6945 കോടി രൂപ |
| | സംസ്ഥാനത്തിൽനിന്ന് ലഭിക്കുന്നത് | - | 9.4259 കോടി രൂപ |
| | ആകെ | - | 96.1204 കോടി രൂപ |

ഇതിൽ കേന്ദ്രം 43.34 കോടി രൂപയും സംസ്ഥാനം 50 ലക്ഷം രൂപയുമാണ് ഇതുവരെ അനുവദിച്ചത്. മൊത്തമായി കൺസോളിഡേറ്റഡ് ഫണ്ട് എന്ന നിലയിലാണ് പദ്ധതി ചെലവ് നടത്തുന്നത്. ജനുവരി 2016 വരെ 5.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് M/s Hewlett-Packard Enterprises India Pvt. Ltd. (കരാർ ഒപ്പുവച്ചു.) ഫീൽഡ് സർവ്വേ കെൽട്രോണുമായി (കരാർ ഒപ്പുവച്ചിട്ടുണ്ട്) ഹാർഡ്‌വെയർ സപ്ലൈയ്ക്ക് കെൽട്രോണുമായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല). കേബിൾ കണക്ഷന് ബി.എസ്.എൻ.എൽ.-മായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല). അക്സപ്റ്റൻസ് ടെസ്റ്റിംഗ്, ആഡിറ്റിംഗ് എന്നിവയ്ക്കായി സി-ഡിറ്റുമായി ധാരണയുണ്ടാക്കി (കരാർ ഒപ്പുവച്ചിട്ടില്ല).

### സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ കുറവ്

10(707) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രിസമയങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് സാധാരണക്കാരായ ആളുകൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്ന തരത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) നരിക്കുനി സി.എച്ച്.സി.-യിൽ കാഷ്വാൽറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ മൂന്ന് അസിസ്റ്റന്റ് സർജന്മാരുടെയും ഒരു സിവിൽ സർജന്റെയും തസ്തികകളാണുള്ളത്. രാത്രികാലങ്ങളിൽ കാൾ ഡ്യൂട്ടി സൗകര്യം ലഭ്യമാണ്.

(ബി) നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1669/2014/ആകുവ തീയതി 25-6-2014, ഉത്തരവ് നമ്പർ (സാധാ) 04/2015/ആകുവ തീയതി 1-1-2015 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

(സി) നിലവിൽ താലൂക്കാശുപത്രികളിലാണ് കാഷ്വാൽറ്റി സംവിധാനം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സി.എച്ച്.സി. -കളിലെ സ്റ്റാഫ് പാറ്റേൺ

11(708) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി-കളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവ് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സി.എച്ച്.സി-കളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ആയതനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ.ഉ.(എംഎസ്.)നമ്പർ 568/2008/ആ.കു.വ. തീയതി 06/1/2008 പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ, സ്പെഷ്യാലിറ്റികൾ, ബെഡ് സ്ട്രെങ്ത്, ചികിത്സ/ രോഗപരിശോധനാ സൗകര്യങ്ങൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാന-

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ പാറ്റേൺ നടപ്പിലാക്കുന്നതിന് സമഗ്രമായ നടപടികൾ ആവശ്യമാണ്. പ്രസ്തുത നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ മാത്രമേ ടി സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരുടെ നിയമനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനം ലഭ്യമാക്കുന്നതാണെന്നുള്ള 2011-12-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയിൽ 125 സി.എച്ച്.സി.-കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സി.എച്ച്.സി.-കളിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

### പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തൽ

12(709) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (പി.എച്ച്.സി.) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.) ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഒമ്പത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1 (പി.എച്ച്.സി. പള്ളിക്കൽ) |
| 2 | പത്തനംതിട്ട | 1 (പി.എച്ച്.സി. ചിറ്റാർ) |
| 3 | കോട്ടയം | 2 (പി.എച്ച്.സി. വാകത്താനം, പി.എച്ച്.സി. അയർകുന്നം) |
| 4 | എറണാകുളം | 1 (പി.എച്ച്.സി. പൂത്തോട്ട) |
| 5 | മലപ്പുറം | 2 (പി.എച്ച്.സി. ഊർങ്ങാട്ടിരി, 24x7 പി.എച്ച്.സി. പെരുവള്ളൂർ) |
| 6 | കോഴിക്കോട് | 1 (പി.എച്ച്.സി. കോടഞ്ചേരി) |
| 7 | കണ്ണൂർ | 1 (പി.എച്ച്.സി. കുട്ടുമുഖം) |

(ബി) ഇരുപത്തിയാറ് പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി ഉയർത്തിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## സി.എച്ച്.സി.-കളിലും കിടത്തി ചികിത്സ

13(710) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ സി.എച്ച്.സി.-കളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) കിടത്തി ചികിത്സയില്ലാത്ത സി.എച്ച്.സി.-കളിൽ, കിടത്തി ചികിത്സ ഉടൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം-21 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.
2. കൊല്ലം-12 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.
3. ആലപ്പുഴ-സാമൂഹികാരോഗ്യ കേന്ദ്രം ചെമ്പുമ്പുറം ഒഴികെയുള്ള എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.
4. കോട്ടയം-18 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.
5. ഇടുക്കി-4 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെയുള്ള ബാക്കി എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.
6. പത്തനംതിട്ട-5 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.
7. എറണാകുളം- എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.
8. തൃശ്ശൂർ-20 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. പാലക്കാട്-18 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

10. മലപ്പുറം-16 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

11. കോഴിക്കോട്-7 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഉള്ളേര്യരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല.

12. വയനാട്-8 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

13. കണ്ണൂർ-7 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

14. കാസർഗോഡ്- എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സ്റ്റാഫുകളുടെ എണ്ണം, ശരാശരി ഒ.പി., കിടക്കകളുടെ എണ്ണം, സമീപത്തെ കിടത്തി ചികിത്സ സൗകര്യങ്ങളുള്ള ആശുപത്രികളുമായുള്ള അകലം എന്നിവയെ അടിസ്ഥാനമാക്കി ശിപാർശ ലഭിക്കുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സേഫ് കേരള പദ്ധതി**

14(711) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(സി) സേഫ് കേരള പദ്ധതി പ്രകാരം മെഡിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) 'സേഫ് കേരള' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
- പകർച്ചവ്യാധികളെ ഫലപ്രദമായി തടയുക.
- പകർച്ചവ്യാധികൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരമാവധി കുറയ്ക്കുക.
- പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയമ സഹായത്തോടെ നിയന്ത്രിക്കുക.
- പൊതുജനാരോഗ്യ കാര്യങ്ങളിൽ ഓരോരുത്തരുടെയും പങ്കും അവർ പാലിക്കേണ്ട കടമയും എന്തെന്ന് ബോധവത്കരിക്കുക.
- പരിസര ശുചീകരണം ഉറപ്പാക്കുക.

വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, പൊതുസ്ഥലങ്ങൾ, ഭക്ഷണശാലകൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, ക്ലിനിക്കൽ ലബോറട്ടറികൾ തുടങ്ങിയവയിൽ സംസ്ഥാനത്താകമാനം ഒരേ ദിവസം ആരോഗ്യ വകുപ്പ് ടീമുകൾ പരിശോധന നടത്തി പൊതുജനാരോഗ്യത്തിന് ഹാനികരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുന്നു. കൂടാതെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ താൽക്കാലികമായി അടച്ചുപൂട്ടിക്കുന്നു. അതുമല്ലെങ്കിൽ ഫൈൻ ഈടാക്കുന്നു.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവിൻപ്രകാരം ഓരോ ജില്ലയിലും ജില്ലാ മെഡിക്കൽ ഓഫീസറും മറ്റ് പ്രോഗ്രാം ഓഫീസർമാരുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സീനിയർ ഓഫീസർമാരുടെയും നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ നിർദ്ദിഷ്ട ദിവസം നിർദ്ദിഷ്ട സ്ഥാപനങ്ങളിൽ/ സ്ഥലങ്ങളിൽ പൊതുജനാരോഗ്യ പരിശോധന നടത്തുകയും പൊതുജനാരോഗ്യ നിയമപ്രകാരം നടപടിയെടുക്കുകയും ചെയ്യുന്നു. നോട്ടീസ് നൽകിയിട്ടും വ്യക്തി/ സ്ഥാപനം തിരുത്തൽ നടപടിയെടുക്കുന്നില്ലെങ്കിൽ ഫൈൻ ഈടാക്കുകയോ കൂടുതൽ പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ സ്ഥാപനം അടച്ചുപൂട്ടുകയോ (താൽക്കാലികമായി) ചെയ്യും.

2015-ൽ 24 ദിവസം വിവിധ കേന്ദ്രങ്ങളിൽ സേഫ് കേരള പരിപാടി നടത്തി. കൂടാതെ തുടർപരിശോധനകളും നടത്തിവരുന്നുണ്ട്. വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, ഭക്ഷണശാലകൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, ചന്തകൾ, ബസ് സ്റ്റാന്റ്, ക്ലിനിക്കൽ ലബോറട്ടറികൾ തുടങ്ങിയവയിലാണ് സേഫ് കേരള പരിപാടിയനുസരിച്ച് പരിശോധന നടത്തിയത്. ആകെ 857122 കേന്ദ്രങ്ങളിൽ പരിശോധന നടത്തിയതിൽ 35169 പേർക്ക്/സ്ഥാപനത്തിന് നോട്ടീസ് കൊടുക്കുകയുണ്ടായി.

(സി) മെഡിക്കൽ ഓഫീസറും ലബോറട്ടറി ടെക്നീഷ്യനും ഉൾപ്പെട്ട ടീമാണ് മെഡിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നത്. ലാബുകളിൽ ആവശ്യത്തിന് സ്ഥല സൗകര്യമുണ്ടോ, ആവശ്യാനുസരണമുള്ള അടിസ്ഥാന യോഗ്യതയുള്ള ജീവനക്കാരാണോ സേവനമനുഷ്ഠിക്കുന്നത്, ഗുണനിലവാരമുള്ള ഉപകരണങ്ങളും രാസവസ്തുക്കളുമാണോ ഉപയോഗിക്കുന്നത്, മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യമുണ്ടോ, ആവശ്യത്തിന് ശുദ്ധജല സമൃദ്ധിയുണ്ടോ തുടങ്ങി വിവിധ കാര്യങ്ങളാണ് പരിശോധിക്കുന്നത്. കൂടാതെ ഉപകരണങ്ങൾ അണു നശീകരണം നടത്തപ്പെടുന്നുണ്ടോയെന്നും പകർച്ചവ്യാധി സാഹചര്യങ്ങളുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ പോരായ്മകൾ കണ്ടാൽ പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ട് എന്നിവ അനുസരിച്ചോ നടപടിയെടുക്കുന്നതാണ്.

**അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ പകർച്ചവ്യാധി ഭീഷണി**

15(712) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നിന്നും പകർച്ചവ്യാധി ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സേഫ് കേരള പരിപാടിയുടെ ഭാഗമായി ഇത്തരം ക്യാമ്പുകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം ക്യാമ്പുകൾക്ക് പൊതുജനാരോഗ്യ നിയമ പ്രകാരം നോട്ടീസ് നൽകുന്നതിനൊപ്പം ക്യാമ്പുകളെ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ ചിലയിടങ്ങളിൽ പകർച്ച വ്യാധികളുണ്ടാകാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ താമസ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സാധാരണ കുറവാണ്. വ്യക്തിശുചിത്വം, പരിസര ശുചിത്വം,

വാസസ്ഥലങ്ങൾ എന്നിവയിലും പോരായ്മയുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ കുറവും ആവശ്യത്തിന് ശൗചാലയങ്ങൾ ഇല്ലാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന ഇത്തരക്കാർവഴി പകർച്ചവ്യാധികളായ മലമ്പനി, മന്ത്, ത്വക്ക് രോഗങ്ങൾ, ക്ഷയം, കുഷ്ഠം തുടങ്ങിയവ ഇവിടെ വ്യാപിക്കുന്നുണ്ട്.

(ബി) നടത്തിയിട്ടുണ്ട്. 2014-ലാണ് സേഫ് കേരള പദ്ധതി ആരംഭിച്ചത്. 2014-ലും 2015-ലും സേഫ് കേരള പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പരിശോധന നടത്തി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പോരായ്മകൾ മനസ്സിലാക്കി നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ 'ജാഗ്രത' എന്ന പേരിൽ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിലെത്തി രോഗപരിശോധന, ചികിത്സ, ബോധവത്കരണം എന്നിവയും നടത്തി. ഇതുകൂടാതെ ഓരോ ജില്ലയിലെയും ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ദ്വൈവാര/പ്രതിമാസ പരിപാടിയായി മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങൾ പരിശോധിക്കുന്നു. സേഫ് കേരള പരിപാടിയുടെ ഭാഗമായി 23385 ക്യാമ്പുകളിൽ പരിശോധന നടത്തി. 3566 ക്യാമ്പുകൾക്ക് നോട്ടീസ് നൽകി. 36 എണ്ണം അടച്ചുപൂട്ടി. 'ജാഗ്രത' പരിപാടി പ്രകാരം 6207 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. 146007 പേരെ പരിശോധിച്ച് വേണ്ട സൗജന്യ ചികിത്സ നടത്തി.

(സി) ഫീൽഡ് ജീവനക്കാർ, ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ദ്വൈവാര/പ്രതിമാസ സന്ദർശനം ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നടത്തുകയും മലമ്പനി, മന്ത് തുടങ്ങിയ പകർച്ചവ്യാധികളുണ്ടോയെന്ന് പരിശോധിച്ച് സൗജന്യ ചികിത്സ നൽകുകയും ചെയ്യുന്നു. 'ജാഗ്രത' എന്ന പേരിൽ നടത്തുന്ന ഇത്തരം ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പ്, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയവ നടത്തി. ലേബർ വകുപ്പ്, തദ്ദേശസ്വയംഭരണം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഒത്തുചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഇത്തരം പരിപാടികൾക്കുവേണ്ട വിലയിരുത്തലും മേൽനോട്ടവും നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി അവരുടേതായ ഭാഷയിൽ അനുയോജ്യമായ സമയത്ത് ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

## അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള പദ്ധതികൾ

16(713) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യാത്തത് എന്തുകൊണ്ടാണ്;

(ബി) അനാരോഗ്യകരമായ ചുറ്റുപാടിൽ കഴിയുന്ന തൊഴിലാളികൾക്ക് ആവശ്യമായ വൈദ്യചികിത്സ എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് പല പദ്ധതികളും ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ജില്ലകളിലെ വിവിധ സ്ഥലങ്ങളിലായി ഇതര സംസ്ഥാന തൊഴിലാളികളുടെ രക്തം പരിശോധിച്ച് മലമ്പനി, മന്തുരോഗം തുടങ്ങിയവ ബാധിച്ചിട്ടുണ്ടോയെന്ന് മനസ്സിലാക്കി ആവശ്യമെങ്കിൽ സൗജന്യ ചികിത്സയും നൽകിവരുന്നു. 2015 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 'ജാഗ്രത' കാമ്പയിൻവഴി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും ആരോഗ്യ വകുപ്പ് നടത്തുകയുണ്ടായി. ഇതുകൂടാതെ സേഫ് കേരള പരിപാടിയുടെ ഭാഗമായും പ്രത്യേക ദിവസങ്ങളിൽ ഇത്തരക്കാരുടെ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വം, കുടിവെള്ള ലഭ്യത, രോഗസാദ്ധ്യതകൾ തുടങ്ങിയവ ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ പരിശോധിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നടപടികളും എടുത്തുവരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഫീൽഡുതല ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തുമ്പോഴും ഇത്തരം തൊഴിലാളികളുടെ ആരോഗ്യം ഉറപ്പുവരുത്താൻ വേണ്ടത് ചെയ്യുന്നുണ്ട്. ഓരോ ജില്ലയിലും ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ മൈഗ്രന്റ് സെൽ ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽ, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി യോജിച്ചാണ് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്ന മലമ്പനിയുടെ 40 ശതമാനത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾക്കാണ്. മലമ്പനി രോഗത്തിനുള്ള സമ്പൂർണ്ണ ചികിത്സ ഇവർക്ക് സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളിൽ കണ്ടുവരുന്ന മന്തുരോഗ ബാധയ്ക്കുള്ള പന്ത്രണ്ട് ദിവസത്തെ ചികിത്സയും സൗജന്യമായി നൽകിവരുന്നു. ക്ഷയരോഗബാധയും കുഷ്ഠരോഗ ബാധയ്ക്കുള്ള ചികിത്സയും എല്ലാ ആശുപത്രികളിൽനിന്നും സൗജന്യമായിത്തന്നെ നൽകുന്നുണ്ട്.

**മായം കലർന്ന ഭക്ഷണ പാനീയങ്ങളുടെ നിരോധനം**

17(714)ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മാംസം എന്നിവയിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും, കീടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുകയുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ കണ്ടെത്തുന്നതിനും, തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന ഭക്ഷണ പാനീയങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മാംസം തുടങ്ങിയവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഇത്തരം ഭക്ഷ്യപദാർത്ഥങ്ങളുടെ ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം നിയമ നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യാറുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാത്തരം ഭക്ഷ്യോല്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിലേയ്ക്കും അയച്ച് പരിശോധിക്കാറുണ്ട്. നിശ്ചിത ഇടവേളകളിൽ ചെക്ക്പോസ്റ്റുകൾ, മൊത്ത-ചില്ലറ വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കുകയും ഈ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെ നിയമിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, അനുബന്ധ ചട്ടങ്ങളും അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 18-11-2014-ൽ വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും മറ്റ് ഭക്ഷ്യപദാർത്ഥങ്ങളിലെയും അമിത കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സണായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫസർ ഡോ. ബിജു തോമസ് മാത്യു, വാണിജ്യ നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ അംഗങ്ങളായ ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതല കമ്മിറ്റിയുടെ

തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥ സംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉല്പാദന മൊത്തവിതരണ കച്ചവട മേഖലകൾ നേരിട്ട് സന്ദർശിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത ഉന്നതതലയോഗം പരിശോധിക്കുകയും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് അയൽ സംസ്ഥാന മുഖ്യമന്ത്രിമാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തെഴുതുകയും ചെയ്തു. തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വില്പന നികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽനിന്ന് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട തമിഴ്നാട്ടിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറും കൃഷി വകുപ്പുമായി കൂടുതൽ വിപുലവും ക്രിയാത്മകവുമായ ചർച്ച ഉടൻതന്നെ സംഘടിപ്പിക്കുന്നതാണ്.

## ലാബ് ടെക്നീഷ്യൻ തസ്തികകൾ

18(715) ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.എസ്, റ്റി.എച്ച്.ക്യൂ, ജനറൽ ജില്ലാ ആശുപത്രികളിൽ ഇവയുടെ നിലവാരമനുസരിച്ച് എത്ര ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികകൾ വീതമാണ് ഓരോ ആശുപത്രികളിലും ഉണ്ടാകേണ്ടതെന്ന് വ്യക്തമാക്കാമോ; ഇതനുസരിച്ച് പത്തനംതിട്ട ജില്ലയിലെ ഈ വിഭാഗത്തിൽപ്പെടുന്ന വിവിധ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തിക വീതമാണുള്ളതെന്ന് ആശുപത്രികളുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ;

(ബി) 4-2-2014-ൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം ജില്ലയിലെ ഏതെങ്കിലും ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം വഴി ആർക്കെങ്കിലും സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; ഏതൊക്കെ ആശുപത്രികളിലായി ഇവരെ നിയമിച്ചുവെന്നും ആളുകളുടെ പേരും ഇവർ ജോയിൻ ചെയ്ത തീയതിയും സഹിതം

വ്യക്തമാക്കാമോ; ജോയിൻ ചെയ്തതിനുശേഷം ഇവരിൽ ആർക്കെങ്കിലും വീണ്ടും സ്ഥലം മാറ്റം നൽകുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക്; എങ്ങോട്ടാണ് സ്ഥലം മാറ്റം നൽകിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഇത്തരം സ്ഥലം മാറ്റം നൽകുന്നത് നിയമവിരുദ്ധമല്ലേ;

(ഇ) ജില്ലയിൽ കൂടുതൽ ലാബ് ടെക്നീഷ്യൽ ഗ്രേഡ് II തസ്തികകൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഓരോ ആശുപത്രിയിലെയും കിടക്കകളുടെ എണ്ണം, ഒ.പി., ഐ.പി. എന്നിവ കണക്കിലെടുത്ത് അതിന് ആനുപാതികമായാണ് ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ നിലവിൽ ജില്ല, ജനറൽ, താലൂക്ക്, സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2 ന്റെ തസ്തികയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒൻപത് പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി&ഡി) ആർക്കും സ്ഥലംമാറ്റം ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികളിൽ 667 ലാബ് ടെക്നീഷ്യന്മാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ആർ.സി.സി.-യിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടി**

19(716) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിലെ നിയമനം പി.എസ്.സി. -ക്ക് വിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ആർ.സി.സി.-യിലെ രോഗികളുടെ ചികിത്സേതര ആവശ്യങ്ങൾക്ക് സഹായകമാകുവാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ആർ.സി.സി.-യിൽ സ്തനാർബുദം, ശസ്ത്രക്രിയ എന്നീ വിഭാഗങ്ങളുടെ ഒ.പി. പ്രവർത്തിക്കുന്ന ഭാഗത്ത് രോഗികൾക്ക് തിങ്ങി നിറഞ്ഞു നിൽക്കേണ്ട അവസ്ഥയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇക്കാര്യം വിശദമായ പരിശോധനയ്ക്കു ശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(ബി) വാർഡിൽ പ്രവേശിപ്പിച്ചിരിക്കുന്ന ഇരുന്നൂറിൽപ്പരം നിർദ്ധനരായ രോഗികൾക്ക് പൊതുജനങ്ങളിൽനിന്നുള്ള സംഭാവനകളുടെ സഹായത്തോടെ നിത്യേന സൗജന്യ ഭക്ഷണം നൽകിവരുന്നു. രോഗികൾക്കും കൂട്ടിരിപ്പിനുള്ള ഒരാളിനും വീട്ടിൽനിന്നും വരുന്നതിനും തിരിച്ച് പോകുന്നതിനുമുള്ള റെയിൽവേ കൺസഷൻ പാസ് നൽകുന്നു. കുട്ടികളുടെ വിഭാഗത്തിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്ക് ദീർഘകാലം ചികിത്സ ആവശ്യമുണ്ടെങ്കിൽ ആശുപത്രിക്ക് പുറത്ത് താമസിക്കുന്നതിനായി ഏകദേശം 20 കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും 'ഹോം എവേ ഫ്രം ഹോം' എന്ന ഒരു പദ്ധതിവഴി താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) ഒ.പി. വിഭാഗങ്ങൾക്കായി ആർ.സി.സി.-യിൽ നിർമ്മാണം പൂർത്തിയായി വരുന്ന പത്തുനില കെട്ടിടത്തിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഇപ്പോൾ ഒ.പി. വിഭാഗത്തിൽ അനുഭവിച്ചുവരുന്ന സ്ഥലപരിമിതിക്ക് പരിഹാരമാവുമെന്ന് പ്രതീക്ഷിക്കുന്നു.

**സിദ്ധ വൈദ്യശാല**

20(717) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലാണ് സിദ്ധ വൈദ്യശാലയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം, കുറുവ, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തുകളിൽ സിദ്ധ വൈദ്യശാല അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ ഏലംകുളം പഞ്ചായത്തിൽ ഗവൺമെന്റ് സിദ്ധ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം, കുറുവ, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തുകളിൽ സിദ്ധ വൈദ്യശാല ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## മങ്കട സി.എച്ച്.സി. താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത്

21(718) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ താലൂക്കാശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്യുമെന്ന പ്രഖ്യാപിച്ച മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്കാശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്ത ഉത്തരവ് ഇതുവരെ പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് 68 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശിപാർശ പരിഗണിച്ചിരുന്നില്ല.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും വീണ്ടും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## വിവിധ ആശുപത്രികളിൽ ഡോക്ടർമാരുടേതുൾപ്പെടെയുള്ള ഒഴിവുകൾ

22(719) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജിലും ഡി.എം.ഇ-യുടെ കീഴിൽ വരുന്ന മറ്റ് എല്ലാ ആശുപത്രികളിലും കൂടി നിലവിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട്; പുതിയതായി തസ്തിക ക്രിയേറ്റ് ചെയ്യുന്നതിലേക്ക് ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് എത്ര തസ്തികകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്; നിലവിലുള്ള തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവ എത്ര; പുതുതായി സ്ഥാപിച്ചതായി പറയപ്പെടുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ മെഡിക്കൽ കൗൺസിൽ വ്യവസ്ഥ അനുസരിച്ചുള്ള ഡോക്ടർമാരുടെയും മറ്റും തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ടോ; അവയിലേക്കെല്ലാം പി.എസ്.സി. -വഴി നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഡി.എം.ഇ.-യുടെ കീഴിലുള്ള ആശുത്രികളിലെല്ലാം കൂടി ഡോക്ടർമാരുൾപ്പെടെ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഡെന്റൽ ഉൾപ്പെടെ 2384 ഡോക്ടർമാരുടെ തസ്തിക നിലവിലുണ്ട്. 147 ഡോക്ടർമാരുടേതുൾപ്പെടെ 1602 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെന്റൽ ഉൾപ്പെടെ 511 ഡോക്ടർമാരുടെ തസ്തികകളിൽ ഒഴിവുകളുണ്ട്. പുതുതായി സ്ഥാപിച്ച മെഡിക്കൽ കൗൺസിൽ വ്യവസ്ഥ അനുസരിച്ചുള്ള ഡോക്ടർമാരുടെയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരുടെയും തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിച്ചുവരുന്നു. പുതിയ തസ്തികകളിലേയ്ക്ക് എൻട്രി കേഡറിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെന്റൽ ഉൾപ്പെടെ നിലവിൽ ഡോക്ടർമാരുടെ 511 ഒഴിവുകളും നഴ്സുമാരുടെ 281 ഒഴിവുകളും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെ 126 ഒഴിവുകളുമുണ്ട്.

**അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

23(720) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ സംവിധാനത്തിൽ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കരൾ, വൃക്ക, കണ്ണ് തുടങ്ങിയ അവയവങ്ങൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ 2012 ആഗസ്റ്റ് മാസം മൃതസഞ്ജീവനി എന്ന പദ്ധതിക്ക് തുടക്കമിട്ടു. ഈ പദ്ധതിപ്രകാരം കേരളത്തിൽ മസ്തിഷ്ക മരണാനന്തരം ലഭിക്കുന്ന അവയവങ്ങളാണ് ഇതിൽ രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് കിട്ടുന്നത്. ഈ പദ്ധതിവഴി അവയവം മാറ്റിവയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്യാവുന്നതാണ്. സർക്കാർ മെഡിക്കൽ കോളേജിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്. ഇതിൽ

കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. അവിടെ ശ്വാസകോശം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കും അനുമതി നൽകുകയും ആയതിനുള്ള എല്ലാ സജ്ജീകരണങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## പൾസ് പോളിയോ

24(722) <u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൾസ് പോളിയോ പ്രതിരോധ മരുന്ന് വിദേശ രാജ്യങ്ങളിൽ നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മരുന്ന് കേരളത്തിൽ ഇപ്പോഴും നൽകുന്നതിന്റെ ശാസ്ത്രീയ അടിത്തറ വിശദമാക്കുമോ;

(സി) ഈ മരുന്ന് ഒരു പ്രാവശ്യം നൽകുന്നതിന്റെ ചെലവ് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം സമയങ്ങളിലാണ് ഈ മരുന്ന് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൾസ് പോളിയോ പ്രതിരോധ മരുന്നായ ഓറൽ പോളിയോ വാക്സിൻ (ഒ.പി.വി.) 156 രാജ്യങ്ങളിൽ ഇപ്പോഴും നൽകിവരുന്നു. 47 രാജ്യങ്ങളിൽ ഒ.പി.വി. ഉപയോഗിക്കുന്നില്ല.

അമേരിക്കയിൽ തുടർച്ചയായി 20 വർഷം ഒ.പി.വി. തുള്ളിമരുന്ന് നൽകി പൂർണ്ണമായും പോളിയോ നിർമ്മാർജ്ജനം നടത്തിയശേഷം ഇപ്പോൾ ഇൻജക്റ്റബിൾ പോളിയോ വാക്സിൻ ഉപയോഗിക്കുന്നു. കൂടാതെ അവിടെ പോളിയോ വൈറസ് പകർച്ചയും (ട്രാൻസ്മിഷൻ) ഇല്ല.

(ബി) കേരളത്തിൽ റൊട്ടീൻ ഇമ്മ്യൂണൈസേഷൻ കവറേജ് ഇപ്പോഴും 83% മാത്രമാണ്. ഇന്ത്യയിൽ ഇത് 65% ആണ്. അയൽ രാജ്യങ്ങളായ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ ഇപ്പോഴും പോളിയോ വൈറസ് പകർച്ച (ട്രാൻസ്മിഷൻ) നടക്കുന്നുണ്ട്. ആ രാജ്യങ്ങളിൽനിന്നും ധാരാളം

ആൾക്കാർ ടൂറിസം, ബിസിനസ്സ് തുടങ്ങിയ ആവശ്യങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിനാൽ പോളിയോ വൈറസ് ട്രാൻസ്മിഷൻ സാദ്ധ്യതയുണ്ടാകുന്നു. മേൽപ്പറഞ്ഞ രണ്ട് അയൽരാജ്യങ്ങളും പൂർണ്ണമായും പോളിയോ വിമുക്തമാകുന്നതുവരെ നമ്മുടെ രാജ്യത്ത് പൾസ് പോളിയോ പ്രതിരോധ മരുന്ന് തുടരേണ്ടിവരും.

(സി) പൾസ് പോളിയോ പ്രതിരോധ മരുന്ന് പൂർണ്ണമായും ഗവൺമെന്റ് ഓഫ് ഇന്ത്യ നടത്തുന്ന പരിപാടിയായതിനാൽ ഇതിന്റെ പൂർണ്ണമായ ചെലവ് ലഭ്യമല്ല.

(ഡി) ദേശീയ പ്രതിരോധ കുത്തിവയ്പ് പദ്ധതിയിലൂടെ ജനിച്ചയുടൻ മുതൽ 5 വയസ്സുവരെയുള്ള കാലയളവിൽ സമയബന്ധിതമായി 5 ഡോസ് പോളിയോ തുള്ളിമരുന്നും ദേശീയ പ്രതിരോധ കുത്തിവയ്പ് ദിനങ്ങളിൽ (NID - National Immunization Days) വർഷത്തിൽ രണ്ട് തവണയും പോളിയോ തുള്ളിമരുന്ന് നൽകിവരുന്നു. കൂടാതെ അന്തർദ്ദേശീയ യാത്ര (International travel) നടത്തുമ്പോൾ ഒരു ഡോസ് പോളിയോ തുള്ളിമരുന്ന് പ്രായഭേദമെന്യേ എല്ലാവർക്കും നൽകിവരുന്നു.

പോളിയോ തുള്ളിമരുന്ന് നൽകുന്ന സമയങ്ങൾ

| | | |
|---|---|---|
| ജനിച്ചയുടൻ | - | 0 ഡോസ് ഒ.പി.വി. |
| 6 ആഴ്ച | – | ഒന്നാം ഡോസ് ഒ.പി.വി. |
| 10 ആഴ്ച | – | രണ്ടാം ഡോസ് ഒ.പി.വി. |
| 14 ആഴ്ച | - | മൂന്നാം ഡോസ് ഒ.പി.വി. |
| $1^{1/2}$ വയസ്സ് | - | നാലാം ഡോസ് ഒ.പി.വി. |

**കൊതുക് നശീകരണ സംവിധാനങ്ങൾ**

25 (723) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ നേരിടുന്നതിന്റെ ഭാഗമായി കൊതുക് ഉറവിട നശീകരണത്തിന് ഗൗരവപൂർവ്വമായ പദ്ധതികൾ നടത്തുന്നതിൽ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) കൊതുകുജന്യ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ ക്രിയാത്മകവും, വ്യാപകവുമായി സംഘടിപ്പിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയല്ലേ;

(സി) ഓരോ പ്രദേശത്തിനുമിണങ്ങുന്നതും പാർശ്വഫലങ്ങൾ ഉണ്ടാകാത്തതുമായ ജൈവ കൊതുക നശീകരണ സംവിധാനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊതുകിന്റെ ഉറവിട നശീകരണത്തിന് ആരോഗ്യ വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് മഴക്കാലത്തിന് മുന്നോടിയായി പലതരത്തിലുള്ള കാമ്പയിനുകൾ നടപ്പിലാക്കിയിരുന്നു. (ഉദാ: കൊതുകിന്റെ പ്രധാന ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നീക്കം ചെയ്യുന്ന കാമ്പയിൻ, ക്ലീൻ ഓഫീസ് ക്ലീൻ, പബ്ലിക് പ്ലേസ് കാമ്പയിൻ തുടങ്ങിയവ) ഇതുകൂടാതെ ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണം, കൊതുക് സർവ്വേ, പാരിസ്ഥിതിക നിയന്ത്രണം, ജൈവിക നിയന്ത്രണം തുടങ്ങിയവയും കൊതുകിന്റെ ഉറവിടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സഹായകരമായി. എന്നാൽ ജനങ്ങളുടെ ശീലങ്ങളിൽ കാതലായ മാറ്റം വന്നാൽ മാത്രമേ കൊതുകിന്റെ ഉറവിട നശീകരണം പൂർണ്ണമാകൂ. അതിനുവേണ്ട ബോധവത്കരണവും നിയമപരമായ പരിശോധനയും തുടർനടപടികളും (സേഫ് കേരള) ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കൊതുക് നിരീക്ഷണവും കൊതുക് നിയന്ത്രണവും ക്രിയാത്മകവും കാര്യക്ഷമവുമാക്കുന്നതിന് വർഷംമുഴുവൻ നീണ്ടുനിൽക്കുന്ന ഒരു കർമ്മപദ്ധതി എല്ലാ വർഷവും ആരോഗ്യ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. പ്രാദേശിക പ്രശ്നങ്ങൾക്കും പ്രത്യേകതകൾക്കും യോജിച്ച വിധത്തിലാണ് കർമ്മപദ്ധതി. ഇതിൽ മഴക്കാലത്തിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ, മഴക്കാലപൂർവ്വ ശുചീകരണം, ആലോചനാ യോഗങ്ങൾ, പരിശീലനം, ബോധവത്കരണത്തിനും പ്രവർത്തനത്തിനുമായി കാമ്പയിനുകൾ, ആരോഗ്യ സന്ദേശയാത്ര, മലമ്പനി, ഡെങ്കിപ്പനി വിരുദ്ധ മാസാചരണം, സേഫ് കേരള പരിപാടിയനുസരിച്ചുള്ള പരിശോധനകൾ തുടങ്ങിയവയോടൊപ്പം ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. പ്രോഗ്രാമുകൾ വഴിയുള്ള രോഗനിരീക്ഷണം, രോഗനിയന്ത്രണം തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംയോജിത കൊതുക് നിയന്ത്രണത്തിന്റെ ഭാഗമായി മറ്റ് കൊതുക് നിയന്ത്രണ മാർഗ്ഗങ്ങളോടൊപ്പം പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ചും കൊതുകുജന്യരോഗം ഏതുതരമാണെന്നതിനനുസരിച്ചും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു. ജില്ലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചിരിക്കുന്ന മിനി ഹാച്ചറികളിൽനിന്നോ പ്രാദേശിക ഉറവിടങ്ങളിൽനിന്നോ മത്സ്യ വകുപ്പിൽനിന്നോ ലഭ്യമാക്കുന്ന ഗപ്പി, ഗാമ്പൂസിയ തുടങ്ങിയ മത്സ്യങ്ങൾ ജലം കെട്ടിനിൽക്കുന്നിടത്ത് നിക്ഷേപിക്കുന്നുണ്ട്. കൂടാതെ ബാസിലസ് തുറിഞ്ചിയൻസിസ് ഇസ്രേലെൻസിസ് എന്ന ജൈവ കീടനാശിനി ഉപയോഗിച്ചും എല്ലാ ജില്ലകളിലും കൊതുക് നിയന്ത്രണം നടത്തുന്നുണ്ട്.

**സൗജന്യ കാൻസർ പദ്ധതി**

26(724) ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ കാൻസർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ സുകൃതം പദ്ധതി പ്രകാരം കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള എല്ലാ പരിശോധനകളും ചികിത്സകളും സൗജന്യമായി നൽകിവരുന്നു. കൂടാതെ കാൻസർ സുരക്ഷാ പദ്ധതി പ്രകാരം പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആർ.സി.സി.-യിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം മൂന്ന് ലക്ഷത്തിൽത്താഴെ വാർഷിക വരുമാനമുള്ളവർക്ക് രണ്ട് ലക്ഷം രൂപവരെ സൗജന്യ ചികിത്സ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചിസ് പ്ലസ് കാർഡുള്ളവർക്ക് 70,000 രൂപവരെയുള്ള സൗജന്യ ചികിത്സ, കേന്ദ്രസർക്കാർ പദ്ധതിയായ രാഷ്ട്രീയ ആരോഗ്യ നിധി പ്രകാരം നഗര-ഗ്രാമ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷം രൂപവരെയും ചികിത്സാ ആനുകൂല്യം ലഭ്യമാണ്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന എല്ലാ ജനങ്ങൾക്കും കാൻസർ ചികിത്സ സൗജന്യമാക്കുന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ലഭ്യമായിട്ടുള്ളത്. ആർ.എസ്.ബി.വൈ./കാരുണ്യ/താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളൂ.

(സി) സുകൃതം പദ്ധതി നടപ്പാക്കുന്നതിലേക്കായി കേരള കാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ഇതിന്റെ ധനസമാഹരണത്തിനും വിനിയോഗത്തിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ നോഡൽ ഓഫീസർമാരെ പ്രഖ്യാപിക്കുകയും (പി.ആർ.ഒ.) ഇതിന്റെ മേൽനോട്ട ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എല്ലാ സ്ഥാപനങ്ങൾക്കും കോർപ്പസ് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നത്

27(725) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

## റാന്നി താലൂക്കാശുപത്രി

28(726) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി. റ്റി .എച്ച് ക്യൂ.-വിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ; ഏതൊക്കെ തസ്തികകളിലാണ് ഇപ്പോൾ ആളില്ലാതെ ഉള്ളത്;

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ആരൊക്കെ ഏതൊക്കെ തസ്തികകളിൽ ഇവിടെ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) റ്റി.എച്ച്.ക്യൂ. ആശുപത്രിയുടെ നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒരാശുപത്രിയിൽ വേണ്ട തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ശബരിമലയുടെ താലൂക്കാശുപത്രിയായ റാന്നിയിൽ ഇനിയും റ്റി.എച്ച്.ക്യു. നിലവാരത്തിലുള്ള തസ്തികകൾ പൂർണ്ണമായി അനുവദിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗ തീരുമാനപ്രകാരം റാന്നി താലൂക്കാശുപത്രിക്കാവശ്യമായ പോസ്റ്റുകൾ അനുവദിക്കുന്നതുസംബന്ധിച്ച് സമർപ്പിച്ച ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതുസംബന്ധിച്ച നിർദ്ദേശങ്ങളടങ്ങിയ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഫയൽ സമർപ്പിക്കുന്നതിന് കാലവിളംബം വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു*

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ഇവിടെ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഡോ. ശ്രീജിത്ത് (അസിസ്റ്റന്റ് സർജൻ)
2. ഡോ. ശ്രീനാഥ് എസ്. പിള്ള (അസിസ്റ്റന്റ് സർജൻ)
3. ഡോ. പ്രശാന്ത് (ജൂനിയർ കൺസൾട്ടന്റ്-ഗൈനക്കോളജി)

(സി) അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിലെ (15906/എം1/2015)ഫയലിൽ പരിശോധിച്ചുവരികയാണ്.

(ഇ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പിലെ ഫയൽ 15906/എം1/2015 18-11-2015-ൽ ധനവകുപ്പിന് നൽകിയിരുന്നെങ്കിലും 9-2-2016-ലാണ് തിരികെ ലഭിച്ചിട്ടുള്ളത്. ഇതിൽ നടപടി സ്വീകരിച്ചുവരികയാണ്. ആരോഗ്യ വകുപ്പിൽനിന്നും ഫയൽ സമർപ്പിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടില്ല.

**നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതികൾ**

29(727) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉപയോഗപ്പെടുത്തി പുതുക്കാട് മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കാട് മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മാതൃശിശു സംരക്ഷണം:

മാതൃശിശു സംരക്ഷണത്തിന്റെ ഭാഗമായി ജനനി സുരക്ഷാ യോജന, ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് സാമ്പത്തിക സഹായം, വിദ്യാലയ ആരോഗ്യ പരിപാടി, പ്രതിവാര അയൺഫോളിക് പോഷണ പരിപാടി, ആർ.ബി.എസ്.കെ., കൗമാര ആരോഗ്യ ക്ലിനിക്, ട്രൈബൽ ഹെൽത്ത് പരിപാടിയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾക്കായുള്ള സാമ്പത്തിക സഹായം, കൗമാര ബോധവൽക്കരണ പരിപാടികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനങ്ങളും ലഭ്യമാക്കുന്നു.

മാനവവിഭവശേഷി :

താലൂക്കാശുപത്രി പുതുക്കാട്, സി.എച്ച്.സി. മറ്റത്തൂർ, പി.എച്ച്.സി. വരന്തരപ്പിള്ളി എന്നീ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, സ്കൂൾ ഹെൽത്ത് ജെ.പി.എച്ച്.എൻ.-മാർ, ബ്ലോക്ക് പി.ആർ.ഒ. എന്നീ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ പദ്ധതികൾ

പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി ഹോം കെയർ പരിപാടിയുടെ സുഗമമായ നടത്തിപ്പിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നു.

അംഗീകൃത സാമൂഹികാരോഗ്യ പ്രവർത്തക (ആശ) :

ആശാ പ്രവർത്തകർക്ക് പരിശീലനം നൽകി ആരോഗ്യ രംഗത്ത് സേവനങ്ങൾ നൽകുന്നതിന് സജ്ജരാക്കിയിരിക്കുന്നു.

ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ആദിവാസി മേഖലകളിൽ പ്രത്യേകമായി കാമ്പയിനുകൾ സംഘടിപ്പിക്കാൻ ഫണ്ടുകൾ നൽകിയിട്ടുണ്ട്.

ജീവിതശൈലീരോഗ നിർണ്ണയ നിയന്ത്രണ പരിപാടിയുടെ ഭാഗമായുള്ള സേവനങ്ങളും മറ്റ് ദേശീയ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായിട്ടുള്ള സേവനങ്ങളും നൽകുന്നുണ്ട്.

ആരോഗ്യ സ്ഥാപനങ്ങൾക്കാവശ്യമായിട്ടുള്ള ആശുപത്രി ഉപകരണങ്ങൾ, പ്രത്യേകമായി ഡയാലിസിസ് യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ, ഉപാധിരഹിത ഫണ്ടുകൾ, വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ടുകൾ, എച്ച്.എം.സി. ഫണ്ട്, വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിക്കുള്ള ഫണ്ട് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് സി.എച്ച്.സി. മറ്റത്തൂർ ഒ.പി. ബ്ലോക്ക് നിർമ്മിക്കുകയുണ്ടായി. ഇതിൽ ഒ.പി. ടിക്കറ്റ് നൽകുന്നതിന് രോഗികൾക്കുള്ള വെയിറ്റിംഗ് സ്ഥലം, ഡോക്ടർമാർക്കുള്ള പരിശോധനാമുറി എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

## സംസ്ഥാന ആരോഗ്യ സർവ്വീസിലെ ഡോക്ടർമാരുടെ അവധി

30(728) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ സർവീസിൽ നിന്ന് ശൂന്യവേതന അവധി എടുത്ത് പുറത്തു ജോലി ചെയ്യുന്ന ഡോക്ടമാരുടെ എണ്ണമെത്ര ;

(ബി) പ്രസ്തുത ഡോക്ടർമാരുടെ എൻട്രി കേഡർ മുതൽ ഡി.എം.ഒ. വരെയുള്ള തസ്തികകളിലെ ശമ്പള സ്കെയിൽ എത്ര;

(സി) ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡറിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ ഉണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) ഒന്ന്.

(ബി) അഡ്മിനിസ്ട്രേറ്റീവ്, സ്പെഷ്യലിസ്റ്റ്, ജനറൽ കേഡറുകളിലെ സർക്കാർ ഡോക്ടർമാരുടെ ശമ്പള സ്കെയിൽ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

| | | |
|---|---|---|
| (സി) കൺസൾട്ടന്റ് | : | 235 |
| ചീഫ് കൺസൾട്ടന്റ് | : | 2 |
| സീനിയർ കൺസൾട്ടന്റ് | : | ... |
| ജൂനിയർ കൺസൾട്ടന്റ് | : | 80 |

## കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ്

31(729) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൊഴിലാളി വാർഡ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അമ്മയും കുഞ്ഞും പദ്ധതി**

32(730) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജെ.എസ്.എസ്.കെ. (ജനനി ശിശു സുരക്ഷാ കാര്യക്രം). കേരളത്തിൽ ഇത് അമ്മയും കുഞ്ഞും എന്ന പേരിൽ നടപ്പിലാക്കി വരുന്നു. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സ് വരെയുള്ള നവജാതശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം നൽകൽ, പ്രസവത്തിനായി ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നതാണ്.

<u>അമ്മയും കുഞ്ഞും പദ്ധതിവഴി ഗർഭിണികൾക്ക് ലഭിക്കുന്ന സേവനങ്ങൾ</u> :

- സൗജന്യ പ്രസവ ചികിത്സയും സിസേറിയൻ ശസ്ത്രക്രിയയും
- സൗജന്യ മരുന്നുകളും മറ്റ് ചികിത്സാ ചെലവുകളും
- സ്കാനിംഗ് ഉൾപ്പെടെ സൗജന്യ ലാബ് പരിശോധന
- സാധാരണ പ്രസവത്തിന് 3 ദിവസവും സിസേറിയൻ ശസ്ത്രക്രിയയ്ക്ക് 5 ദിവസവും സൗജന്യ താമസവും ഭക്ഷണവും
- ആവശ്യമെങ്കിൽ സൗജന്യ രക്തം നൽകൽ
- പ്രസവത്തിനായി ആരോഗ്യ സ്ഥാപനങ്ങളിലേക്കും തിരിച്ച് വീട്ടിലേക്കും റഫർ ചെയ്യുകയാണെങ്കിൽ റഫറൽ ആശുപത്രിയിലേക്കും സൗജന്യ യാത്രാ സൗകര്യം
- എല്ലാത്തരം ആശുപത്രി സംബന്ധമായ യൂസർ ഫീസും (ഒ.പി. ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ) ഒഴിവാക്കുന്നു
- പ്രസവാനന്തരം 42 ദിവസം വരെ കിടത്തി ചികിത്സ വേണ്ടിവന്നാൽ ചികിത്സാ ചെലവുകൾ സൗജന്യം

<u>ജനിച്ച് ഒരു വയസ്സുവരെ നവജാത ശിശുക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ</u> :

- സൗജന്യ മരുന്നും മറ്റ് പരിശോധന/ചികിത്സാ സൗകര്യങ്ങളും
- ലാബ് പരിശോധന
- വീട്ടിൽനിന്നും ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്കും തിരിച്ച് വീട്ടിലേയ്ക്കും സൗജന്യ യാത്ര റഫറൽ ചികിത്സാർത്ഥം മറ്റ് ആശുപത്രികളിലേക്കും സൗജന്യയാത്ര

(സി) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും ജില്ലാ പ്രോഗ്രാം മാനേജർമാരുടെയും നേതൃത്വത്തിൽ പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ ഗർഭിണികൾക്കുള്ള സൗജന്യ ചികിത്സ ഉൾപ്പെടെ എല്ലാ സൗജന്യ സേവനങ്ങളും നൽകുന്നതിന് അതാത് സ്ഥാപന മേലധികാരികളെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടും ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് എൻ.എച്ച്.എം. മുഖാന്തരം നൽകിയിട്ടുണ്ട്.

കൂടാതെ മാസംതോറും പ്രവർത്തനങ്ങളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ പ്രോഗ്രാം മാനേജരും ജില്ലാതലത്തിൽ അവലോകനം

ചെയ്യുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവു മാക്കുന്നതിനായി അതാത് സ്ഥാപനങ്ങളിൽ ഒരു പരാതി പരിഹാര സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം 24 കോടി രൂപ കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

**ബാറിൽനിന്നും മലിനീകരണം**

33(731) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരിമ്പിലാവ് K.R. ബാറിൽനിന്നും വലിയ പൈപ്പ് വഴി മാലിന്യം പുറത്തേയ്ക്ക് തള്ളുന്നതിന്റെ ഭാഗമായി മണ്ണിലും കുടിവെള്ളത്തിലും മാലിന്യം കലർന്ന് പരിസരവാസികൾക്ക് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പിടിപെടുന്നുവെന്ന പരാതിയിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ K.R. ബാറിൽ പരിശോധന നടത്തിയിരുന്നുവോ;

(ബി) പരിശോധനയിലെ കണ്ടെത്തലുകൾ എന്തായിരുന്നു; വിശദാംശം നൽകുമോ ;

(സി) പരിസരവാസികളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ജില്ലാ മെഡിക്കൽ ആഫീസർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഹോട്ടലിന്റെ തെക്കുഭാഗത്തുള്ള മതിലിന്റെ അടിമതിലിനോട് ചേർന്ന് ഹോട്ടലിലെ മലിനജലം ഒഴുക്കിവിടുകയായിരുന്നു. ഈ കാര്യം ശ്രദ്ധയിൽ-പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിക്കുന്ന വിധത്തിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായുള്ള നിർദ്ദേശം ഹോട്ടൽ ഉടമയ്ക്ക് നൽകിയിരുന്നു. ഈ നിർദ്ദേശം ഹോട്ടൽ ഉടമ പാലിച്ചതായി സ്ഥലം സന്ദർശിച്ച് ലോക്കൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ജില്ലാ മെഡിക്കൽ ആഫീസറുടെ നിർദ്ദേശപ്രകാരം പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ച് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ കൃത്യമായി എടുത്തിട്ടുണ്ട്. ജില്ലാ

മെഡിക്കൽ ആഫീസർ ഇക്കാര്യം മോണിറ്റർ ചെയ്തിട്ടുണ്ട്. സ്വീകരിച്ച നടപടികൾ താഴെപ്പറയും പ്രകാരമാണ്.

1. നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിൽ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നുമുള്ള വെള്ളം ശേഖരിക്കുന്നതിനായി 3 ടാങ്ക് കെട്ടി പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

2. മൂന്ന് വൈറൽ ഹെപ്പറ്റൈറ്റിസ്-എ കേസുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തെ രണ്ട് കിണറുകളിൽനിന്നും വാട്ടർ സാംപിൾ ശേഖരിച്ച് പരിശോധന നടത്തി.

3. ഈ സ്ഥലത്തോട് ചേർന്നുകിടക്കുന്ന 25 കിണറുകൾ സൂപ്പർ ക്ലോറിനേഷൻ ചെയ്തു.

4. ഈ സ്ഥലത്തുള്ള 30 വീടുകളിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

5. 21-10-2015-ന് പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ചു. രോഗം വന്ന സ്ഥലത്തെ എല്ലാവരെയും പരിശോധിച്ചു.

6. ഇപ്പോൾ ഈ പ്രദേശത്ത് മറ്റ് പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ല.

**ക്ഷയരോഗ നിർണ്ണയം**

34(732) <u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. വി. ശശി</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയെ സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ദേശീയ ക്ഷയരോഗ പദ്ധതിയിൻ കീഴിൽ 2015-16 വർഷത്തിൽ എത്ര ക്ഷയരോഗികളാണ് ചികിത്സ തേടിയതെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടികളിലെ ക്ഷയരോഗ നിർണ്ണയത്തിനുള്ള പരിശോധനാ കിറ്റുകൾക്ക് ക്ഷാമം നേരിടുന്നുണ്ടോ;

(ഡി) സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഒരു ജില്ലയെയും സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ ജില്ലയായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) 2015 ജനവരി 1 മുതൽ 2015 ഡിസംബർ 31 വരെ 22785 ക്ഷയരോഗികളാണ് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | രോഗികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2306 |
| 2 | കൊല്ലം | 2057 |
| 3 | ആലപ്പുഴ | 1618 |
| 4 | പത്തനംതിട്ട | 922 |
| 5 | കോട്ടയം | 1676 |
| 6 | ഇടുക്കി | 556 |
| 7 | എറണാകുളം | 2261 |
| 8 | തൃശ്ശൂർ | 2284 |
| 9 | പാലക്കാട് | 2206 |
| 10 | മലപ്പുറം | 2228 |
| 11 | കോഴിക്കോട് | 1698 |
| 12 | വയനാട് | 673 |
| 13 | കണ്ണൂർ | 1524 |
| 14 | കാസർഗോഡ് | 776 |
| | ആകെ | 22785 |

(സി) ഇല്ല. കുട്ടികളുടെ ക്ഷയരോഗ നിയന്ത്രണത്തിനുള്ള പരിശോധനാ കിറ്റുകൾ ജില്ലകൾക്ക് ആവശ്യാനുസരണം വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ രംഗത്തെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് ലഭ്യമാക്കി ജില്ലകളുടെ ആവശ്യാനുസരണം വിതരണം ചെയ്തിട്ടുണ്ട്. പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കായുള്ള കേന്ദ്രവിഹിതത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽനിന്ന് 6.26 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

**വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിൽ**

35(733) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിലിന്റെ പടിഞ്ഞാറു ഭാഗം പൊളിച്ചുനീക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പടിഞ്ഞാറ് ഭാഗത്തെ മതിൽ പൊളിച്ചുമാറ്റാൻ അധികാരികൾ ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചുറ്റുമതിലിന്റെ പടിഞ്ഞാറുഭാഗത്തെ അത്യാഹിത വിഭാഗത്തോട് ചേർന്നുള്ള ഭാഗത്ത് മതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് പണിയുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ശ്രീ. പ്രീത്കുമാർ എന്നയാൾ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ട്.

(ബി) 24-11-2014-ലെ ജി.ഒ(ആർറ്റി.) നമ്പർ 3770/2014/ആ.കു.വ. 5-1-2015-ലെ ജി.ഒ(ആർറ്റി) നമ്പർ 22/15/ആ.കു.വ., 5-10-2015-ലെ ജി.ഒ(ആർറ്റി.) നമ്പർ 3251/15/ആ.കു.വ. എന്നിവ പ്രകാരം ചുറ്റുമതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. അത് നടപ്പിൽ വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവിൽ (വിക്കറ്റ് ഗേറ്റ് പണിയുന്നതിന്) തീരുമാനം എടുക്കുന്നത് രണ്ടാഴ്ചത്തേക്ക് നിർത്തിവയ്ക്കുന്നതിന് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി ലഭ്യമായിട്ടുണ്ട്.

(സി) ആശുപത്രി ചുറ്റമതിലിന്റെ പടിഞ്ഞാറുഭാഗത്ത് കച്ചവടം നടത്തുന്ന ശ്രീ. പ്രീത്കുമാറിന് മതിലുപൊളിച്ച് വിക്കറ്റ് ഗേറ്റ് പണിത് കിട്ടുന്നതിന് ടിയാൻ ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നുണ്ട്. ഇതിനെതിരായി പി.ജി. സ്റ്റുഡന്റ്സ് അസോസിയേഷനും ഹൗസ് സർജൻസ് അസോസിയേഷനും WP(C) No. 2030/16 നമ്പർ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

**ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന നിബന്ധന**

36(734) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന നിബന്ധനയുണ്ടോ;

(ബി) ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഡോക്ടർമാർ പ്രസ്തുത നിബന്ധന പാലിക്കാത്തത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾ തന്നെ എഴുതണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരവും (ഉത്തരവ് നമ്പർ എം.എസ്.എ. 2-68360/2012/ആ.വ.ഡ. തീയതി 19-10-2012), സർക്കാർ ഉത്തരവ് പ്രകാരവും (ജി.ഒ(ആർടി) നമ്പർ 1895/2014/എച്ച് ആന്റ് എഫ് ഡബ്ല്യു.ഡി. തീയതി 9-6-2014), 27-11-2015-ലെ 13305/എഫ്1/15/ആവഡ നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഗവൺമെന്റ് ഉത്തരവുകൾ പാലിക്കാത്ത ഡോക്ടർമാർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**ചേലക്കര മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ**

37(735) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ചേലക്കര മണ്ഡലത്തിൽ എത്ര പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ചേലക്കര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ആവശ്യമായ അനുപാതത്തിൽ ഇല്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ചേലക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി&സി) ഇതുസംബന്ധിച്ച് ചില പരാതികളുണ്ട്. ചേലക്കര നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ വിശദ പരിശോധനയ്ക്കുശേഷമേ തീരുമാനിക്കാവൂ.

## മാവൂർ കാൻസർ സെന്റർ

38(736) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ സൗജന്യമായി വിട്ടുകിട്ടിയ ഭൂമിയിൽ കാൻസർ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാൻസർ സെന്റർ പ്രവർത്തനമാരംഭിക്കുന്നതിന് തസ്തികകൾ സൃഷ്ടിക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) കാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവൂർ തെങ്ങിലക്കടവിൽ സൗജന്യമായി വിട്ടുകിട്ടിയ സ്ഥലത്ത് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായി കാൻസർ സെന്റർ ആരംഭിക്കുവാനുള്ള പദ്ധതി 2016-17 സാമ്പത്തിക വർഷത്തിലെ നബാർഡിന്റെ ധനസഹായ ഫണ്ട് XXII-ൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തസ്തിക സൃഷ്ടിക്കുന്ന നിർദ്ദേശങ്ങൾ ടി പദ്ധതിക്ക് നബാർഡിന്റെ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

(സി) നബാർഡ് ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മുനമ്പം സർക്കാർ ആശുപത്രി

39(737) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം സർക്കാർ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാർ, പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ള ജീവനക്കാർ എന്നിവരുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്രപേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുനമ്പം സർക്കാർ ആശുപത്രിയിൽ നിന്നും ഏതൊക്കെ വിഭാഗത്തിലുള്ള എത്ര ജീവനക്കാരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്ഥലംമാറ്റിയെന്നും, പകരം ജീവനക്കാരെ നിയമിച്ചുവോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ, എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയെ ഹെൽത്ത് സെന്റർ നിലവാരത്തിലേക്ക് തരംതാഴ്ത്തുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) മുനമ്പം സർക്കാർ ആശുപത്രിയിൽ വിവിധ തസ്തികകളിലായി 25 ജീവനക്കാരുണ്ട്. വിശദാംശം താഴെചേർക്കുന്നു:

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | 2 |
| ഹെഡ് നഴ്സ് | 2 |
| സ്റ്റാഫ് നഴ്സ് | 8 |
| ഫാർമസിസ്റ്റ് | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 5 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 | 1 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 5 |
| പാർട്ട് ടൈം ക്ലീനർ | 1 |

(ബി) പ്രസ്തുത ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 60 ആണ്.

(സി) ഡോ. ദീപ പി. സോമൻ, അസിസ്റ്റന്റ് സർജനെ സ്പെഷ്യാലിറ്റി ഓപ്റ്റ് ചെയ്ത് 15-10-2015-ൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. ഡോ. ഫാബിദ് ഖാൻ, അസിസ്റ്റന്റ് സർജനെ 11-11-2015-ൽ പനങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. നിലവിൽ രണ്ട് തസ്തികകളിലും പുതിയ ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. കൂടാതെ രണ്ട് ഹെഡ് നഴ്സിനെയും രണ്ട് സ്റ്റാഫ് നഴ്സിനെയും നിയമിച്ചിട്ടുണ്ട്.

(ഡി) മുനമ്പം ആശുപത്രി നിലവിൽ 24X7 പി.എച്ച്.സി.-യാണ്. പ്രസ്തുത സ്ഥാപനത്തെ തരംതാഴ്ത്തുന്നതിനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**നെന്മാറ മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

40(738) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ എന്ന് മുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) പി.എസ്.സി. വഴി നികത്തേണ്ടതായ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാർട്ട്ടൈം സ്വീപ്പറുടെ ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ച ലിസ്റ്റിൽനിന്നും ഇന്റർവ്യൂവിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മരുന്ന് വാങ്ങിയതിൽ വരുത്തിയ കുടിശ്ശിക

41(739) ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) മരുന്ന് വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയെന്ന് അറിയിക്കുമോ; ഇതു മരുന്ന് വിതരണത്തെ ബാധിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മരുന്ന് വിതരണത്തിനായി മദ്യത്തിന് മേൽ ഏർപ്പെടുത്തിയ സെസ് വഴി ലഭിച്ച തുകകൂടി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ടോ; ആകെ എത്ര തുക ഈ ഇനത്തിൽ ലഭിച്ചെന്നും അതിൽ എത്ര തുക കോർപ്പറേഷനു കൈമാറിയെന്നും അറിയിക്കാമോ;

(സി) മരുന്ന് വാങ്ങാൻ നല്കിയ ദർഘാസുകളിൽ ഏക ദർഘാസുകൾ ഏതൊക്കെയാണെന്നും അത്തരം കേസുകളിൽ പുനർ ദർഘാസ് ക്ഷണിക്കുകയുണ്ടായോ എന്നും അറിയിക്കാമോ; പുനർ ദർഘാസ് ക്ഷണിച്ചില്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) കുടിശ്ശിക വരുത്തിയത് കാരണമാണോ നിരവധി മരുന്നുകൾക്ക് ആവർത്തിച്ച് ദർഘാസ് നൽകിയിട്ടും വിതരണക്കാരെ ലഭിക്കാതിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തായിരുന്നു കാരണമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) മരുന്ന് വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക 121.98 കോടി രൂപയാണ്. മരുന്നു വിതരണവുമായി ബന്ധപ്പെട്ട് കുടിശ്ശികയുണ്ടെങ്കിലും ഇത് മരുന്നു വിതരണത്തെ ബാധിച്ചിട്ടില്ല.

(ബി) തുകയൊന്നും കൈമാറിയിട്ടില്ല. ഈയിനത്തിൽ ലഭിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാന ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉല്പന്നങ്ങളും അതത് വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ്

അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ചാണ് അതത് ആശുപത്രികൾക്ക് നൽകിവരുന്നത്. മൂന്ന് ടെണ്ടറുകളായാണ് ക്ഷണിക്കുന്നത്.

1. മരുന്നുകൾ (ശീതീകരണ സംവിധാനം ആവശ്യമുള്ളവ & പ്രത്യേക ശീതീകരണ സംവിധാനം ആവശ്യമില്ലാത്തവ)

2. അനുബന്ധ ഉല്പന്നങ്ങൾ

   (Medical devices, Blood Diagnostic kits & Reagents, Consumables, Disinfectants & Chemicals, Surgical Sutures, X-Ray Films and Accessories)

3. കാൻസർ രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ.

   വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ റീ-ടെണ്ടർ ചെയ്യാറുണ്ട്. അതിൽ യോഗ്യതയുള്ള വിതരണക്കാരെ ലഭിച്ചാൽ അവർക്ക് വിതരണ ഓർഡറുകൾ നൽകാറുണ്ട്. കാൻസർ രോഗചികിത്സയ്ക്കാവശ്യമായ 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉല്പന്നങ്ങളുമാണ് നടപ്പു സാമ്പത്തിക വർഷം ടെണ്ടർ ചെയ്തത്.

(ഡി) കുടിശ്ശിക നൽകാനുണ്ടെന്ന കാരണത്താൽ മാത്രം മരുന്ന് കമ്പനികൾ കോർപ്പറേഷന്റെ ദർഘാസുകളിൽ പങ്കെടുക്കാതിരിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

**കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങൾ**

42(740) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങളുടെ പട്ടിക പ്രസിദ്ധപ്പെടുത്തുമോ; വിശദാംശം നൽകുമോ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 2014-15 വർഷത്തിൽ എത്ര കോടി രൂപയ്ക്കാണ് ഔഷധങ്ങൾ വാങ്ങിയത് എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങളുടെ പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (www.Kmscl. Kerala.gov.in KCP പേജ്).

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലേയ്ക്കുവേണ്ടി 2014-15 സാമ്പത്തിക വർഷത്തിൽ 115 കോടി രൂപയ്ക്കാണ് ഔഷധങ്ങൾ വാങ്ങിയത്. സൗജന്യ മരുന്നു വിതരണവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷത്തിൽ 246.61 കോടി രൂപയുടെ മരുന്നാണ് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് വാങ്ങി വിതരണം ചെയ്തത്.

**ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം**

43(741) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഈ സർക്കാർ വന്നതിന് ശേഷം ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ പദ്ധതിക്കും നീക്കിവച്ച തുകയും ചിലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) ആദിവാസി മേഖലകളിൽ എത്ര പുതിയ ആശുപത്രികൾ ആരംഭിച്ചു; എവിടെയെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മേഖലകളിലെ ഏതെല്ലാം ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു; പുതിയ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ തസ്തികകൾ എവിടെയെല്ലാം സൃഷ്ടിച്ചു;

(ഇ) ആദിവാസി മേഖലകളിലെ ആശുപത്രികളിൽ ചികിത്സാ പിഴവ്, ചികിത്സാ സൗകര്യങ്ങളുടെ കുറവ്, ആശുപത്രി അധികൃതരുടെ അനാസ്ഥ എന്നിവ മൂലം കുട്ടികൾ അടക്കമുള്ള ആദിവാസികൾ മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് മുന്തിയ പരിഗണനയാണ് ആരോഗ്യ വകുപ്പ് നൽകിവരുന്നത്. ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാരെ നിയമിക്കൽ, ചികിത്സയ്ക്കാവശ്യമായ മരുന്നും സാധന സാമഗ്രികളും ലഭ്യമാക്കുന്നതിനും പ്രത്യേക പ്രാധാന്യം നൽകി വരുന്നുണ്ട്. 2013-ൽ അട്ടപ്പാടി മേഖലയിൽ കൂടുതലായി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ എൻ.എച്ച്.എം.-ന്റെ ഭാഗമായി പ്രത്യേക അട്ടപ്പാടി പാക്കേജായി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അട്ടപ്പാടി ബ്ലോക്കിലെ

ആരോഗ്യ സ്ഥാപനങ്ങളിലായി ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഈ മേഖലയിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ലഭ്യത ഉറപ്പുവരുത്താൻ ഡോക്ടർമാർക്ക് പ്രതിമാസം 20,000 രൂപയും മറ്റ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20% പ്രതിമാസം അധിക തുകയായി അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഭാഗമായി നടന്നുവന്നിരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമേ സംസ്ഥാനത്ത് പുതിയ മൊബൈൽ യൂണിറ്റുകൾ എൻ.എച്ച്.എം.-ൽ ഉൾപ്പെടുത്തി ആരംഭിക്കുകയുണ്ടായി. കെ.എം.എസ്.സി.എൽ. വഴിയും ഇത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ആറളം ഫാമിലും ഇടുക്കി, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിലെ ആദിവാസി മേഖലകളിലും പുതിയ പി.എച്ച്.സി.-കൾ തുടങ്ങുകയുണ്ടായി. ഈ മേഖലകളിൽ ചില ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയുണ്ടായി.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയ്ക്ക് അധികമായി വേണ്ടിവരുന്ന ചെലവുകൾ വഹിക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമായി ചേർന്ന് തുടർന്നുവരുന്നു. ആദിവാസി വിഭാഗങ്ങൾക്കിടയിൽ സിക്കിൾസെൽ അനീമിയ രോഗം കണ്ടുവരുന്ന വയനാട്, അട്ടപ്പാടി, നിലമ്പൂർ മേഖലകളിൽ ഇതിനുള്ള പ്രത്യേക പ്രോജക്ടും എൻ.എച്ച്.എം. സഹായത്തോടെ നടന്നുവരുന്നു. അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ ഒരു നില പണിയാൻ മൂന്ന് കോടി രൂപ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചു. 99,92,229 രൂപ ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിലേക്കായി കെ.എം.എസ്.സി.എൽ.-ന് കൈമാറിയിട്ടുണ്ട്. വയനാട് ജില്ലയിൽ വനമേഖലയുമായി ബന്ധപ്പെട്ട ആദിവാസി മേഖലയിൽ കുരങ്ങുപനി (കെ.എഫ്.ഡി.) റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഈ രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുമായി പ്രത്യേക പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിവരുന്നു. എൻ.എച്ച്.എം. മുഖേനയും പട്ടികവർഗ്ഗ വകുപ്പ് വഴിയും നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന ജില്ലകളിലെ ആദിവാസി മേഖലകളിൽ പുതിയതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. കോട്ടയം ജില്ലയിലെ കോരുത്തോട് പി.എച്ച്.സി.

2. ഇടുക്കി ജില്ലയിലെ ചട്ടമൂന്നാർ പി.എച്ച്.സി., ഇടമലക്കുടി പി.എച്ച്.സി. (ടി പി.എച്ച്.സി.-കൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.) തൊടുപുഴ താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

3. വയനാട് ജില്ലയിലെ മൂപ്പൈനാട് പി.എച്ച്.സി., വാളാട് പി.എച്ച്.സി (വാളാട് പി.എച്ച്.സി. അനുവദിച്ച് ഉത്തരവായത് 30-12-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 302/2015/ആ.കു.വ. പ്രകാരമാണ്). സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

4. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പി.എച്ച്.സി.

5. കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ ഒരു പി.എച്ച്.സി.-യും ഒരു മൊബൈൽ ട്രൈബൽ യൂണിറ്റും ആരംഭിച്ചിട്ടുണ്ട്.

(ഡി) 1. പത്തനംതിട്ട ജില്ലയിലെ ചിറ്റാർ പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി അപ്ഗ്രേഡ് ചെയ്തു. പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

2. ഇടുക്കി ജില്ലയിൽ കട്ടപ്പന സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. താഴെപ്പറയുന്ന തസ്തികകൾ പുതിയതായി സൃഷ്ടിച്ചു.

| | | | |
|---|---|---|---|
| 1. | അസിസ്റ്റന്റ് ഡയറക്ടർ/സൂപ്രണ്ട് | - | 1 |
| 2. | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | - | 1 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 2 |
| 4. | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്) | - | 1 |
| 5. | ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) | - | 1 |
| 6. | സ്റ്റാഫ് നേഴ്സ് ഗ്രേഡ് II | - | 3 |
| 7. | ഫാർമസിസ്റ്റ് ഗ്രേഡ് II | - | 1 |
| 8. | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | - | 1 |
| 9. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | - | 3 |
| 10. | ലേ സെക്രട്ടറി & ട്രഷറർ | - | 1 |
| 11. | ക്ലാർക്ക് | - | 1 |
| | ആകെ | - | 16 |

3. മലപ്പുറം ജില്ലയിലെ ആദിവാസി മേഖലയിലെ ഊർങ്ങാട്ടിരി പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി അപ്ഗ്രേഡ് ചെയ്തു. താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചു.

| | | | |
|---|---|---|---|
| 1. | സിവിൽ സർജൻ | - | 1 |
| 2. | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | - | 1 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| 4. | അസിസ്റ്റന്റ് സർജൻ | - | 2 |
| 5. | സ്റ്റാഫ് നഴ്സ് | - | 2 |
| 6. | നഴ്സിംഗ് അസിസ്റ്റന്റ് | - | 2 |
| 7. | ഹോസ്പിറ്റൽ അറ്റൻഡന്റ് | - | 1 |
| | ആകെ | - | 10 |

കോഴിക്കോട് ജില്ലയിലെ ആദിവാസി മേഖലകളിലെ കോടഞ്ചേരി പി.എച്ച്.സി.-യെ സി.എച്ച്.സി.-യായും ബാലുശ്ശേരി സി.എച്ച്.സി.-യെ താലൂക്കാ-ശുപത്രിയായും അപ്ഗ്രേഡ് ചെയ്തു. പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഇ) വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രസവ സംബന്ധമായ ചികിത്സയ്ക്കായി 2-9-2015-ന് രാവിലെ പ്രവേശിപ്പിക്കപ്പെട്ട അനിത എന്ന ആദിവാസി യുവതിയെ മതിയായ ചികിത്സാ സൗകര്യമില്ലെന്ന കാരണം പറഞ്ഞ് കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയും മേൽ രോഗി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ പ്രസവിക്കാനിടയാവുകയും തുടർന്ന് 3 നവജാത ശിശുക്കളും മരിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ടി സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ മാനന്തവാടി ജില്ലാ ആശുപത്രിയിലെ ഡോ. സുഷമ സി. കെ. (ജൂനിയർ കൺസൾട്ടന്റ് - ഗൈനക്കോളജി), ഡോ. അഖിൽ ആർ. നമ്പ്യാർ (അസിസ്റ്റന്റ് സർജൻ), ശ്രീമതി കെ. കെ. ശോഭന (സ്റ്റാഫ് നഴ്സ് ഗ്രേഡ്I) എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ഡോ. സുഷമ സി. കെ.-യെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയും ഡോ. അഖിൽ ആർ. നമ്പ്യാർ, ശ്രീമതി കെ. കെ. ശോഭന എന്നിവർക്ക് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

## താലൂക്കാശുപത്രി

44(742) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര താലൂക്കാശുപത്രിയുടെ വികസനത്തിനായി നടത്തിയ പ്രവൃത്തികളും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റ് അടിയന്തരമായി പ്രവർത്തനം തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ)

1. ഡീ അഡിക്ഷൻ സെന്റർ സിവിൽ വർക്സിനായി പ്ലാൻ ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ചു.
2. വാർഡ് കെട്ടിടത്തിനായി കോർട്ട് അലോട്ട് ഫണ്ടിൽ 65 ലക്ഷം രൂപ അനുവദിച്ചു.
3. ട്രോമാകെയർ കെട്ടിടത്തിനായി വേൾഡ് ബാങ്ക് & കെ.എസ്.റ്റി.പി. വഴി 2.3 കോടി രൂപ അനുവദിച്ചു.
4. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ട്രോമാകെയർ കെട്ടിടത്തിൽ സർജിക്കൽ വാർഡ് കെട്ടുന്നതിനുവേണ്ടി 2.01 കോടി രൂപ അനുവദിച്ചു.
5. ആശുപത്രി കോംപൗണ്ട് മതിൽ കെട്ടുന്നതിനായി 1.05 കോടി രൂപ അനുവദിച്ചു.
6. പഴയ കെട്ടിടം പുതുക്കി പണിയുന്നതിലേക്കായി 90 ലക്ഷം രൂപ അനുവദിച്ചു.
7. മെഡിക്കൽ ഐ.സി.യു.-വിന് വേണ്ടി എം.പി. ഫണ്ടിൽനിന്നും 17 ലക്ഷം രൂപ അനുവദിച്ചു.

(ബി) സർക്കാരിന്റെ 5-2-2013-ലെ സ.ഉ(സാധാ)നമ്പർ 114/2013/നികുതി വകുപ്പ് പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എം.എസ്.സി.എൽ. മുഖേന നികുതി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ വേതനം

45(743) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ, സ്റ്റാർ ഹോട്ടലുകൾ മുതലായ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന അസംഖ്യം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും, വർദ്ധിപ്പിച്ച വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സ്വകാര്യ മേഖലയിലെ ചൂഷണം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് 5-11-2013-ലെ സ.ഉ.(കൈ)\ നമ്പർ 135/13/തൊഴിൽ പ്രകാരവും സ്റ്റാർ ഹോട്ടലുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 13-12-2011-ലെ സ.ഉ.(അച്ചടി) നമ്പർ 180/11/തൊഴിൽ ഉത്തരവ് പ്രകാരവും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി മിനിമം വേതനമുൾപ്പെടെ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്കുവഴി നൽകുന്നതിനായുള്ള "വേതന സുരക്ഷാ പദ്ധതി" തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിക്കഴിഞ്ഞു. മറ്റുള്ള ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തൊഴിൽ വകുപ്പിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സ്വകാര്യ മേഖലയിലെ ചൂഷണം സംബന്ധിച്ച് ലഭിച്ച പരാതികളുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനങ്ങളുടെ അടിസ്ഥാനത്തിൽ

സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനും ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. 2014-15 കാലയളവിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## പൊന്നാനി മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലെ തസ്തികകൾ

46(744) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ പണി പൂർത്തിയായ മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലേയ്ക്ക് ഡോക്ടർമാരെയും, മറ്റു ജീവനക്കാരെയും നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എത്ര തസ്തികകളാണ് ഇവിടേയ്ക്ക് അനുവദിക്കേണ്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ ;

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാരെ നിയമിച്ച് ആശുപത്രി എന്നേയ്ക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊന്നാനിയിൽ പണിപൂർത്തിയായ മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലേക്ക് ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച ഫയൽ (2022/എം 1/16/ആ.കു.വ.) പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. നൂറ്റിപ്പതിമൂന്ന് (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

(സി) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചതിനുശേഷം ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കി ആശുപത്രിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചികിത്സാ പിഴവുകൾ

47(745) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സ യഥാസമയം ലഭിക്കാത്തതുമൂലവും സർക്കാർ ആശുപത്രികളിലെ ചികിത്സാ പിഴവുകൾമൂലവും മരണപ്പെട്ടതും അംഗവൈകല്യം സംഭവിച്ചതും എത്ര പേർക്കാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിനുള്ളിൽ നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും പിഴവുവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാനുമായി ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും നടപടികൾക്ക് വിധേയരായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ഈ സർക്കാർ എന്തെങ്കിലും സഹായം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; ആർക്കൊക്കെയാണ് ആയത് നല്കിയിട്ടുള്ളത്; എന്തുതുകയുടെ ധനസഹായമാണ് ആരോഗ്യ വകുപ്പ് നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിനുള്ളിൽ നാളിതുവരെ സർക്കാർ ആശുപത്രിയിൽ തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർ എത്ര; അവർ ആരെല്ലാം; ഇവർക്ക് എന്തൊക്കെ ധനസഹായം നൽകിയിട്ടുണ്ട്; ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഇത്തരം ചികിത്സ നടത്തി കാഴ്ചശക്തി നഷ്ടപ്പെട്ടത്; ഇതുമായി ബന്ധപ്പെട്ട് ഡോക്ടർമാർ ഉൾപ്പെടെ എത്ര സ്റ്റാഫുകൾക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇക്കാലയളവിനുള്ളിൽ നാളിതുവരെ സർക്കാർ ആശുപത്രിയിൽ ഓപ്പറേഷൻ ചെയ്യേണ്ട സ്ഥലം മാറ്റി മറ്റു സ്ഥലങ്ങളിൽ ഓപ്പറേഷൻ നടത്തിയ എത്ര ഡോക്ടർമാരുണ്ട്; അവർ ആരെല്ലാം; ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഇത് നടന്നിട്ടുള്ളത്; ഇത്തരം ഓപ്പറേഷൻ നടത്തിയ ഡോക്ടർമാർക്കെതിരെയും സ്റ്റാഫുകൾക്കെതിരെയും എന്ത് നടപടികൾ സ്വീകരിച്ചു; ഓപ്പറേഷന് വിധേയരായവർ എത്ര; അവർ ആരെല്ലാം; ഇവർക്കു എന്തൊക്കെ ധനസഹായം നൽകി; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 16 പേർ (മരണപ്പെട്ടവർ - 9, അംഗവൈകല്യം സംഭവിച്ചവർ - 7).

(ബി) 950 പേർ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ പിഴവുമൂലം മരണമടഞ്ഞതെന്ന് തെളിയിക്കുന്നതിനായി ജില്ലാതല എക്സ്പെർട്ട് പാനൽ 16-6-2008-ലെ 73304/എസ്.എസ്.ബി3/2007/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം നിലവിലുണ്ട്. ആയതിൻ പ്രകാരം

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൺവീനർ
2. ജില്ലാ ഗവൺമെന്റ് പ്ലീഡർ/പബ്ലിക് പ്രോസിക്യൂട്ടർ
3. സീനിയർ ഡോക്ടർ (അതാത് സ്പെഷ്യാലിറ്റിയിലെ ജില്ലാ മെഡിക്കൽ ഓഫീസർ നോമിനേറ്റ് ചെയ്തത്).
4. ഫോറൻസിക് എക്സ്പെർട്ട് (ഏറ്റവും അടുത്തുള്ള മെഡിക്കൽ കോളേജ്) എന്നിവരെ ജില്ലാതല എക്സ്പെർട്ട് പാനലിലും.

മേൽ ജില്ലാതല എക്സ്പെർട്ട് പാനലിൽ തീരുമാനത്തിൽ എത്താതിരുന്നാൽ സംസ്ഥാനതല അപ്പക്സ് ബോഡിക്ക് മേൽ കേസുകൾ റഫർ ചെയ്യുകയും പ്രസ്തുത അപ്പക്സ് ബോഡിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (കൺവീനർ), ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), അഡീഷണൽ ഡയറക്ടർ (വിജിലൻസ്), ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവർ അംഗങ്ങളായ കമ്മിറ്റി പരിശോധിക്കുകയും മേൽ അപ്പക്സ് ബോഡിക്ക് സ്വകാര്യ സ്പെഷ്യലിസ്റ്റുകളുടെ വിദഗ്ദ്ധ ഉപദേശം തേടാവുന്നതുമാണ്. നിലവിൽ ജില്ലാതലത്തിൽ ചികിത്സാപിഴവുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ലഭിക്കാറുണ്ട്. ചികിത്സാ പിഴവുണ്ടെന്ന് അന്തിമമായി തീരുമാനിക്കുന്നത് അപ്പക്സ് ബോഡി തീരുമാനമനുസരിച്ചും കോടതികളുടെ അന്തിമ തീരുമാനത്തിന് വിധേയവുമായാണ്.

(ഡി) ഉണ്ട്. 3 പേർക്ക്.

1. കൊല്ലം ജില്ലയിൽ മരണമടഞ്ഞ സുധയുടെ കുടുംബത്തിന് - 3 ലക്ഷ രൂപ.
2. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിൽ വി. വി. അനിത മരണപ്പെട്ടതിൽ - 1 ലക്ഷം രൂപ.
3. നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽവച്ച് മരിച്ച കൃഷ്ണൻകുട്ടിയുടെ കുടുംബത്തിന് - 5 ലക്ഷം രൂപ.

(ഇ) 5 പേർ. വിജയലക്ഷ്മി, രാജൻ, തങ്ക, ബാലൻ, കുട്ടപ്പൻ. തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടില്ല. കുന്ദംകുളം താലൂക്കാശുപത്രിയിൽ ചികിത്സ നടത്തിയതിൽ കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെ താഴെപ്പറയുന്ന 14 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ഡോ. പ്രദീപ് കുമാർ, 2. ഡോ. രേഖ, 3. ഡോ. രാജ്പോൾ പനയിതൻ, 4. ശ്രീമതി സത്യഭാമ (നഴ്സിംഗ് സൂപ്രണ്ട്) 5. ശ്രീമതി എൻ. രമണി (സ്റ്റാഫ് നഴ്സ്) 6. ശ്രീമതി റീന എം. ജോസ് (നഴ്സിംഗ് അസിസ്റ്റന്റ്) 7. ശ്രീമതി ഗീത റ്റി. വി. (നഴ്സിംഗ് അസിസ്റ്റന്റ്) 8. ശ്രീമതി ജയശ്രീ (നഴ്സിംഗ് അസിസ്റ്റന്റ്) 9. ശ്രീമതി സുഷ (സ്റ്റാഫ് നഴ്സ്) 10. ശ്രീമതി അമ്മിണി അമ്മ (സ്റ്റാഫ് നഴ്സ്) 11. ശ്രീ. നസീം ഹുസൈൻ (സ്റ്റാഫ് നഴ്സ്) 12. ശ്രീമതി ശാന്ത കെ. ജെ. (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2) 13. ശ്രീമതി സുഭദ്ര (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2) 14. ശ്രീമതി സുജ സി. കെ. (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2).

(എഫ്) ആരോഗ്യ വകുപ്പിൽ ഇക്കാലയളവിനുള്ളിൽ ഇത്തരം സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**താലൂക്കാശുപത്രിയുടെ വികസനം**

48(746) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-2-2011 ൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി സർക്കാർ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ കഴിഞ്ഞ നാലുവർഷമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അങ്കമാലിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നതും നൂറുകണക്കിന് സാധാരണക്കാരായ രോഗികൾ ദിനംപ്രതി ആശ്രയിക്കുന്നതുമായ പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി താലൂക്കാശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പ്രൊപ്പോസൽ പൂർണ്ണമല്ലാതിരുന്നതിനാൽ അധിക വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്

49(747) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവായി ഭാരിച്ച തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരിൽനിന്ന് ഈടാക്കുന്ന നിരക്കുകൾ നിശ്ചയിച്ച് നൽകാൻ സർക്കാരിന് നിയമപരമായി അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങളുടെ നിർവ്വഹണത്തിനും അതിലൂടെ അമിത ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. സ്വകാര്യ ലാബുകൾ, ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യം.

## ചടയമംഗലം നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

50(748) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നും, എന്ത് തുക അനുവദിച്ചിരുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ചടയമംഗലം മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. *

(ബി) അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

**പുതുതായി ആരംഭിച്ചിട്ടുള്ള ജനറൽ, താലൂക്ക് ആശുപത്രികൾ**

51(749) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ജനറൽ ആശുപത്രികൾ തുടങ്ങുന്നതിന് സാധിച്ചിട്ടുണ്ടെന്നും, അത് എവിടെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുതുതായി എത്ര ജനറൽ, താലൂക്ക് ആശുപത്രികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി ജനറൽ ആശുപത്രികൾ ആരംഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. താലൂക്ക്/ജില്ലാ ആശുപത്രികളുടെ പദവി ഉയർത്തിയാണ് ജനറൽ ആശുപത്രിയാക്കുന്നത്. ജനറൽ ആശുപത്രിയായി പദവി ഉയർത്തിയ സ്ഥാപനങ്ങൾ ഇവയാണ്.

1. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര.
2. ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി.
3. ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി.
4. ജനറൽ ആശുപത്രി, കോട്ടയം.
5. ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട.
6. ജനറൽ ആശുപത്രി, തൃശ്ശൂർ.

(ബി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം താലൂക്കാശുപത്രികൾ പുതിയതായി ആരംഭിക്കാൻ കഴിയുന്നതല്ല. സബ് സെന്ററുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും മാത്രമേ പുതുതായി ആരംഭിക്കാൻ കഴിയുകയുള്ളൂ. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങളുടെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജീവനക്കാരുടെയും ലഭ്യത പരിഗണിച്ചാണ് ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നത്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പദവി ഉയർത്തിയാണ് താലൂക്കാശുപത്രിയാക്കുന്നത്. നൂറിലധികം കിടക്കകളും അതിനാവശ്യമായ അടിസ്ഥാന സൗകര്യവുമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളാണ് പദവി ഉയർത്തി താലൂക്കാശുപത്രിയാക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് സ്ഥാപനങ്ങളെ ജനറൽ ആശുപത്രികളായും 39 സ്ഥാപനങ്ങളെ താലൂക്ക് ആശുപത്രികളായും പദവി ഉയർത്തിയിട്ടുണ്ട്. ജനറൽ ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. അടൂർ ജനറൽ ആശുപത്രി 2. ആലപ്പുഴ ജനറൽ ആശുപത്രി 3. മൂവാറ്റുപുഴ ജനറൽ ആശുപത്രി 4. മഞ്ചേരി ജനറൽ ആശുപത്രി 5. കാസർഗോഡ് ജനറൽ ആശുപത്രി. താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

### സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പവർ പദ്ധതി

52(750) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഇതിന്റെ ഗുണഫലം ലഭ്യമായെന്നും എത്ര തുക ഇതിനായി വിനിയോഗിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി മുഖേനയുള്ള സേവനം ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കുടുംബ വാർഷിക വരുമാനം മൂന്നു ലക്ഷം രൂപ വരെയുള്ള രോഗികൾക്ക് ചികിത്സാ ധനസഹായത്തിന് അർഹതയുണ്ട്. സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. സർക്കാരിൽനിന്നും ലഭിച്ച ആനുകൂല്യങ്ങൾക്കുപുറമേ ചികിത്സയ്ക്ക് രോഗിയുടെ കയ്യിൽനിന്നും ചെലവാകുന്ന അധിക

തുക ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ലഭിക്കാൻ രോഗിക്ക് അർഹതയുണ്ടായിരിക്കും.

(ബി) മാരകമായ രോഗങ്ങൾമൂലം പ്രയാസപ്പെടുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ എന്ന പദ്ധതിയുടെ ലക്ഷ്യം. സൊസൈറ്റിക്ക് മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ളതായ രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച് മുൻകൂറായി കൈപ്പറ്റുരസീത് വാങ്ങി രോഗിയുടെ പേരിലുള്ള അക്കൗണ്ടിലൂടെ മാറാവുന്ന ചെക്ക് രജിസ്റ്റേർഡ് തപാലിൽ രോഗിക്ക് അയച്ചു കൊടുക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. *

(ഡി) വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർത്തിരിക്കുന്നു. *

## ഡയാലിസിസ് സെന്റർ

53(751) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടും നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തെക്കേക്കര കുരണിക്കാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.യുടെ നിർദ്ദേശാനുസരണം പുതിയ കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബഹുമാനപ്പെട്ട എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച എസ്റ്റിമേറ്റ് ധനവകുപ്പ് പരിശോധിക്കുകയും തസ്തിക സൃഷ്ടിക്കൽ ആവശ്യമായി വരുമെന്നതിനാൽ ഭരണാനുമതി നൽകുകയുമുണ്ടായില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കരണിക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ.-യുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഐ.പി. കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ഫ്ലോറിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ എന്നിവ നടന്നിട്ടില്ല. സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടില്ല. ഐ.പി. -ക്ക് ആവശ്യമായ ജീവനക്കാരില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുകയും ആവശ്യത്തിന് ജീവനക്കാരെ ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്.

**ചാലക്കുടി താലൂക്കാശുപത്രി**

54(752) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമകെയർ-ബേസ് യൂണിറ്റ് അനുവദിച്ച നാളുകൾ ഏറെയായിട്ടും പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഡോക്ടർമാർ, സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നതിനും കെട്ടിട സൗകര്യം അനുവദിക്കുന്നതിനും, ആവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാത്തതിനാൽ ഇനിയും പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ട്രോമകെയറിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആംബുലൻസിന്റെ സേവനം തുടർന്നും ലഭ്യമാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ചാലക്കുടി ഗവ. ഹോസ്പിറ്റലിൽ ട്രോമകെയർ സൗകര്യം പൂർണ്ണമായും ഏർപ്പെടുത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള തെരഞ്ഞെടുത്ത ആശുപത്രികളിൽ ട്രോമാകെയർ സെന്ററുകൾ സജ്ജീകരിക്കുന്നതിനും ട്രോമാകെയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുമായി അഞ്ച് (5) കോടി രൂപ അനുവദിച്ചിരുന്നു. സ.ഉ.(കൈ)നമ്പർ 365/2010/ആ.കു.വ തീയതി 18-6-2010 പ്രകാരം ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ട്രോമാകെയർ ആംബുലൻസിന്റെ ബേസ് സ്റ്റേഷനായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രോമാകെയർ ആംബുലൻസിന്റെ ഡ്രൈവർക്കും മെഡിക്കൽ

ടെക്നീഷ്യനും വേതനം നൽകുന്നതിന് 4.2487 ലക്ഷം രൂപയും ആംബുലൻസിന്റെ കണ്ടിജൻസി ചെലവുകൾക്ക് 0.2997 ലക്ഷം രൂപയും ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. ഒരു വർഷത്തേക്കുള്ള ടി ചെലവുകൾക്ക് മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ 2011-12-ൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് 13.45 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് സ.ഉ.(സാധാ)നം. 3961/2011/ആ.കു.വ. തീയതി 15-11-2011 പ്രകാരം ഭരണാനുമതി നൽകുകയും ടി തുക തുടർ നടപടികൾക്കായി കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിലെ കാഷ്വാൽറ്റി യൂണിറ്റിലെ ട്രോമാകെയർ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് ടി പ്രവൃത്തി നടപ്പിലാക്കിയത്.

2013-14-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക 30 ലക്ഷം രൂപ വിനിയോഗിച്ച് ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീനും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് തുക കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ട്രോമാകെയർ ആംബുലൻസിന്റെ ഒരു വർഷത്തെ കണ്ടിജൻസി ചെലവുകൾക്കുള്ള 0.2997 ലക്ഷം രൂപയും ആംബുലൻസിന്റെ ഡ്രൈവറുടെയും മെഡിക്കൽ ടെക്നീഷ്യന്റെയും ഒരു വർഷത്തെ വേതനത്തിനുള്ള 4.2487 ലക്ഷം രൂപയും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്നും കെ.ആർ.എസ്.എ. ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിവിധ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവന്നത്. ഇതിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിനായി ലഭിച്ച തുകയാണ് വിനിയോഗിച്ചത്. എന്നാൽ 2015-16-ൽ 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ ടി പദ്ധതിക്ക് തുക വകമാറ്റിയിട്ടില്ല. 2016-17-ലും ട്രോമാകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി ചാലക്കുടി ആശുപത്രിയിൽ ട്രോമാകെയർ സൗകര്യം പൂർണ്ണമായും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ നടപടി

55(753) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലബോറട്ടറി സംവിധാനം ഇല്ലാത്ത പി.എച്ച്.സി.-കളിലും, സി.എച്ച്.സി.-കളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വിശദമാക്കുമോ ?

ഉത്തരം

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ലബോറട്ടറി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് 3,20,000 രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ 80% തുക സമഗ്ര ആരോഗ്യ പദ്ധതിയിലൂടെ എൻ.എച്ച്.എം. വഴിയും 20% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകയിരുത്തുകയും ചെയ്യുന്നു. ഇതുവരെ 171-ഓളം പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിലെ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.

## ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക

56(754) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും അതുമൂലം ഏതൊക്കെ ഗുണഫലങ്ങളാണ് രോഗികൾക്ക് ലഭിക്കുന്നതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 180 (നൂറ്റി എൺപത്) ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 170 (നൂറ്റി എഴുപത്) ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

(ബി) ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം, ഉപകരണങ്ങൾ, ഫർണിച്ചർ, മരുന്നുകൾ ഇവ വാങ്ങുന്നതിനും കോൺട്രാക്ട് സ്റ്റാഫിന്റെ ഓണറേറിയം എന്നീ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. വൃക്ക രോഗികൾക്ക് ഈ യൂണിറ്റിന്റെ പ്രവർത്തനം വളരെയധികം ആശ്വാസ ദായകമാകുന്നതാണ്.

(സി) കെട്ടിടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്നും ഉപകരണങ്ങൾ ലഭ്യമാക്കി എത്രയും വേഗം യൂണിറ്റിന്റെ പ്രവർത്തനം പ്രാവർത്തികമാക്കുവാൻ കഴിയുന്നതാണ്.

**ഡയാലിസിസ് യൂണിറ്റുകൾ**

57(755) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് യൂണിറ്റുകൾ പലതും പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(സി) ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

**ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ കുറവ്**

58(756) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ കുറവുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റ് ഉൾപ്പെടെയുള്ള ഡോക്ടർമാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഡോക്ടർമാർ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമായ പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളൊന്നും അനുവദിച്ചിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകുകയുള്ളൂ.

**ആയുർവ്വേദ ആശുപത്രിയുടെ വികസനം**

59(757) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർത്ത് പറവൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ പുതുതായി ആരംഭിച്ച 50 കിടക്കകളുള്ള പേ വാർഡിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിന് അനുകൂല നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 30 കിടക്കകളുള്ള നോർത്ത് പറവൂർ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനോ പേവാർഡിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതിനോ ഉള്ള നിവേദനം സർക്കാരിൽ ലഭിച്ചിട്ടില്ല.

**കോഴിക്കോട് ജില്ലാ ആയുർവ്വേദ ആശുപത്രി**

60(758) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല ആയുർവ്വേദ ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ പുറക്കാട്ടേരിയിൽ പ്രവർത്തിച്ചുവരുന്ന ആയുഷ്ക്കാമീയം ആയുർവേദഗ്രാമം, ആയുർവ്വേദിക് ചൈൽഡ് & അഡോളസെന്റ് കെയർ സെന്ററിൽ പൊതുജനങ്ങൾക്ക് ഏന്തൊക്കെ ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനം സൂപ്പർ സ്പെഷ്യാലിറ്റി സെന്റർ ആക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനം സൂപ്പർ സ്പെഷ്യാലിറ്റി സെന്റർ ആക്കാനുള്ള ഉത്തരവ് എന്ന് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുട്ടികൾക്കുള്ള ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ, ജനിതക വളർച്ചാ വൈകല്യങ്ങൾ, പഠന വൈകല്യങ്ങൾ, Attention deficit Hyperactive Disorder (ADHD), ബുദ്ധിമാന്ദ്യം, ഹോർമോൺ വ്യതിയാനങ്ങൾ, സംസാര വൈകല്യങ്ങൾ, വിഷാദരോഗം എന്നിവയ്ക്കെല്ലാം സമഗ്രമായ ആയുർവ്വേദ ചികിത്സ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി&സി) ഈ സ്ഥാപനം സൂപ്പർ സ്പെഷ്യാലിറ്റി സെന്റർ ആക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചുവരുന്നു.

**കുറ്റ്യാടി താലൂക്കാശുപത്രി**

61(759) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് പുതിയതായി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 16-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 261/2015/ ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 35 താലൂക്ക് ആശുപത്രികളിൽ പുതുതായി കാഷ്വാൽറ്റി സംവിധാനം അനുവദിക്കുകയും ഡോക്ടർമാരുടെ 148 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിൽ കുറ്റ്യാടി താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും നിലവിൽ കാഷ്വാൽറ്റി സംവിധാനത്തിന്റെ ഭാഗമായി പുതിയ സൗകര്യങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. പുതുതായി സൃഷ്ടിച്ചതുൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിയും സ്ഥലംമാറ്റം വഴിയും പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.

(ബി) നിലവിൽ ഫണ്ടുകൾ ഒന്നും അനുവദിച്ചിട്ടില്ല.

## അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഒഴിവുകൾ

62(760) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടി മേഖലയിൽനിന്നും എത്ര ശിശുമരണം റിപ്പോർട്ടുചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിവിധ തസ്തികകളിലായി 22 ഒഴിവുകൾ നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിലുണ്ടായ ശിശുമരണം കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ശിശുമരണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| വർഷം | എണ്ണം |
|---|---|
| 2011 | 4 |
| 2012 | 13 |
| 2013 | 31 |
| 2014 | 15 |
| 2015 | 14 |
| 2016 4/2/2016 വരെ | 1 |

(ബി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിവിധ തസ്തികകളിലായി 21 ഒഴിവുകൾ നിലവിലുണ്ട്.

| തസ്തിക | ഒഴിവ് |
|---|---|
| ജൂനിയർ കൺസൾട്ടന്റ് | 6 |
| ഹെഡ് നഴ്സ് | 1 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | 8 |
| നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് - 1 | 1 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് - 2 | 2 |
| ഫാർമസിസ്റ്റ് ഗ്രേഡ് - 2 | 1 |

അട്ടപ്പാടി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകളിൽ 5 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിലും ഒരു ഡോക്ടറെ ഡിപ്ലോയ്മെന്റ് വഴിയും നിയമിച്ചിട്ടുണ്ട്. 6 സ്റ്റാഫ് നഴ്സുമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഫാർമസിസ്റ്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് വഴി നിയമിച്ച ഫാർമസിസ്റ്റ് ജോലിക്ക് ഹാജരായിട്ടില്ല. ലാബ് ടെക്നീഷ്യന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ് - 1, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവ പ്രൊമോഷൻ തസ്തികകളാണ്. ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ ഉടൻ നൽകുന്നതാണ്.

(സി) സ്വീകരിക്കും. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴിയും പ്രൊമോഷൻ വഴിയും അഡ്ഹോക്ക് വ്യവസ്ഥയിലും നിയമനം നടത്തിവരുന്നു.

## ന്യൂമോണിയ പ്രതിരോധ മരുന്ന്

63(761) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂമോണിയ പ്രതിരോധ മരുന്ന് സൗജന്യമായി നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഇതിനു കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കുട്ടികളിൽ കണ്ടുവരുന്ന ന്യൂമോണിയ രോഗത്തിന് ഒരു പ്രധാന കാരണം ഹീമോഫിലസ് ഇൻഫ്ലുവൻസാ-ബി (Haemophilus Influenza-B) വൈറസ് മൂലമുണ്ടാകുന്ന ശ്വാസകോശ അണുബാധയാണ്. ഒരു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് പട്ടികയിൽ ചേർത്ത് ഈ രോഗത്തിനുള്ള പ്രതിരോധ മരുന്ന് നൽകുന്നു. ഇത് പെന്റാവാലന്റ് വാക്സിൻ എന്നറിയപ്പെടുന്നു. ഹീമോഫിലസ് ഇൻഫ്ലുവൻസ ഉൾപ്പെടെ 5 രോഗത്തിന് പ്രതിരോധമായി ഈ വാക്സിൻ നൽകുന്നുണ്ട്. ഇത് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് 3 ഡോസ് പെന്റാവാലന്റ് വാക്സിൻ ഒരു മാസ വ്യത്യാസത്തിൽ നൽകിവരുന്നു.

(ബി) ന്യൂമോണിയ പ്രതിരോധ മരുന്ന് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് നൽകിവരുന്നു.

(സി) ആവശ്യമായ വാക്സിൻ കേന്ദ്ര ഗവൺമെന്റ് സൗജന്യമായി നൽകി വരുന്നു.

(ഡി) പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യം

64(762) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിൽ എത്ര ആശുപത്രികളിൽ ലബോറട്ടറി പരിശോധനാ സൗകര്യമുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പാവപ്പെട്ട രോഗികളെ സ്വകാര്യ ലാബുകളുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിനായി എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറി പരിശോധനാ സൗകര്യം നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികൾ:

| | |
|---|---|
| ജില്ലാ ആശുപത്രി | 1 |
| ജനറൽ ആശുപത്രി | 1 |
| താലൂക്ക് ആശുപത്രി | 2 |
| സി.എച്ച്.സി. | 9 |
| 24 X 7 പി.എച്ച്.സി. | 10 |
| മിനി പി.എച്ച്.സി. | 30 |
| ജില്ലാ ടി.ബി. സെന്റർ | 1 |
| ആകെ | 54 |

(ബി) കാസർഗോഡ് ജില്ലയിലെ ലബോറട്ടറി പരിശോധനാ സൗകര്യമുള്ള ആശുപത്രികൾ:

| | |
|---|---|
| ജില്ലാ ആശുപത്രി | 1 |
| ജനറൽ ആശുപത്രി | 1 |
| താലൂക്ക് ആശുപത്രി | 2 |
| സി.എച്ച്.സി. | 9 |
| ജില്ലാ ടി.ബി. സെന്റർ | 1 |
| ആകെ | 14 |

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനവും ദേശീയ ആരോഗ്യദൗത്യവും ചേർന്ന് പ്രാഥമിക കേന്ദ്രങ്ങളിൽ ഘട്ടംഘട്ടമായി സൗകര്യം ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം സർക്കാർ തലത്തിൽ നടപ്പിലാക്കി വരികയാണ്.

**ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ ചികിത്സാ നിരക്കിലെ വർദ്ധന**

65(763) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ ചികിത്സാ നിരക്കുകൾ 15 മുതൽ 25 ശതമാനം വരെ വർദ്ധിപ്പിച്ചതുമൂലം സാധാരണ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ചികിത്സാ സഹായം അന്യമാകുന്നതും പരിശോധിച്ചുവോ; എങ്കിൽ ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ ഫീസ് കൂട്ടിയതും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബി വൺ വിഭാഗത്തിന് നൽകിയ ഇളവ് ഇല്ലാതായതും, ബി വിഭാഗത്തിന് 60-ഉം, സി വിഭാഗത്തിന് 40-ഉം, ശതമാനമായി തരംതിരിവുണ്ടായത് ഒന്നാക്കി ചുരുക്കിയും ഗുണഭോക്താക്കളായ രോഗികളെ കുറയ്ക്കുന്നതിനുമാത്രം ഉപകരിക്കുന്നതിനാൽ ഇത് ഒഴിവാക്കി മുൻപുള്ള രീതിയിൽ ചികിത്സാ സഹായം ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സ്കാൻ, എക്സ്റേ, ആൻജിയോഗ്രാം, ബൈപാസ് സർജറി, ആൻജിയോപ്ലാസ്റ്റി, മൈട്രൽ വാൽവ് റീപ്ലേസ്മെന്റ് (M.V.R) തുടങ്ങിയ പരിശോധനകൾക്ക് ഉണ്ടാക്കിയ വർദ്ധ എത്രയെന്നും, ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ശ്രീചിത്ര മെഡിക്കൽ സെന്റർ, സാധാരണക്കാർക്ക് അന്യമാകാതിരിക്കാൻ സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ ഗ്രാന്റ് പ്രസ്തുത സെന്ററിന് ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ടെന്നും 2016-ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ, ഇപ്പോഴത്തെ നിരക്ക് വർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

(സി) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ വർദ്ധിപ്പിച്ച പരിശോധനാ നിരക്ക് അനുബന്ധമായി ചേർക്കുന്നു.* നിരക്ക് വർദ്ധനവ് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതു പോലെ തുടരുന്നതിനാൽ ഇപ്പോഴത്തെ നിരക്ക് വർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

(ഡി) ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായതിനാൽ കേരള സർക്കാരിന് ഇതിന്മേൽ നിയന്ത്രണമില്ല. കേന്ദ്രസർക്കാരിന്റെ ധനസഹായം വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ആരോഗ്യ വകുപ്പുമന്ത്രി കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി മന്ത്രി ഡോ. ഹർഷവർദ്ധന് കത്തെഴുതിയിരുന്നു. പ്രതിവർഷം 100 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡും 98.7 കോടി രൂപ മെഡിക്കൽ റിസർച്ചിനും നൽകി വരുന്നുണ്ടെന്നും ഇതുപോലുള്ള മറ്റ് സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ സ്ഥാപനത്തിനാണ് ഏറ്റവും കൂടുതൽ ധനസഹായം നൽകുന്നതെന്നും ദൈനംദിന കാര്യങ്ങൾ പേഷ്യന്റ് കെയർ, വിദ്യാർത്ഥികളുടെ ഫീസ് എന്നിവയിൽ നിന്നുമാണ് വഹിക്കുന്നതെന്നും നിലവിൽ നൽകിവരുന്ന ധനസഹായ തുക വർദ്ധിപ്പിക്കാൻ പ്രയാസമുണ്ട് എന്നുള്ള മറുപടിയാണ് കേന്ദ്ര മന്ത്രിയിൽനിന്നും ലഭിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൽപ്പറ്റ നിയോജകമണ്ഡലം

66(764) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)

| നമ്പർ | പദ്ധതി | തുക വകയിരുത്തിയത് | തുക ചെലവഴിച്ചത് |
|---|---|---|---|
| 1 | കൽപ്പറ്റ ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം | 7.2 കോടി രൂപ | 7.2 കോടി രൂപ |
| 2 | താലൂക്ക് ആശുപത്രി വൈത്തിരിയിൽ ജീവനക്കാരുടെ താമസ സൗകര്യം | 75 ലക്ഷം രൂപ | 75 ലക്ഷം രൂപ |
| 3 | ഡി.ഇ.ഐ.സി. ഇലക്ട്രിസിറ്റി വാട്ടർകണക്ഷൻ | 1 ലക്ഷം രൂപ | 1 ലക്ഷം രൂപ |
| 4 | കൽപ്പറ്റ (കൈനാട്ടി) ജനറൽ ആശുപത്രി എച്ച്.റ്റി. ലൈൻ കണക്ഷൻ | 45 ലക്ഷം രൂപ | - |
| 5 | വൈത്തിരി താലൂക്ക് ആശുപത്രി വാർഡ് നവീകരണം | 1 കോടി രൂപ | 1 കോടി രൂപ |
| 6 | ജീവനക്കാരുടെ താമസ സൗകര്യം (ജനറൽ ആശുപത്രി കൽപ്പറ്റ) | 75 ലക്ഷം രൂപ | 75 ലക്ഷം രൂപ |
| 7 | വൈത്തിരി താലൂക്ക് ആശുപത്രി മെറ്റേണിറ്റി യൂണിറ്റ് നിർമ്മാണം | 154 ലക്ഷം രൂപ | - |
| 8 | നബാർഡ് XVII കാപ്പുകുന്ന് പി.എച്ച്.സി. കെട്ടിട നിർമ്മാണം | 46.74 ലക്ഷം രൂപ | 44.0425 ലക്ഷം രൂപ |

(സി) 1. കൽപ്പറ്റ (കൈനാട്ടി) ജനറൽ ആശുപത്രി എച്ച്.റ്റി. ലൈൻ കണക്ഷൻ - 45 ലക്ഷം രൂപ.

2. വൈത്തിരി താലൂക്ക് ആശുപത്രി മെറ്റേണിറ്റി യൂണിറ്റ് നിർമ്മാണം - 154 ലക്ഷം രൂപ, സ്ഥല പരിമിതിമൂലം നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല.

## മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാലത്തെ ഡോക്ടർമാരുടെ സേവനം

67(765) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായ മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാലത്ത് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ പശ്ചാത്തല വികസനത്തിന് ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ കാഷ്വാൽറ്റി സംവിധാനമില്ല. 24 മണിക്കൂർ സേവനത്തിന് കാഷ്വാൽറ്റി സംവിധാനം താലൂക്ക് ആശുപത്രി തലം മുതൽ മുകളിലേക്കാണുള്ളത്. മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽനിന്നും 17,85,301 രൂപ (പതിനേഴ് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുന്നൂറ്റി ഒന്ന് രൂപ മാത്രം) നാളിതുവരെ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

1. ഐ.പി. ബിൽഡിംഗിന്റെ മുകളിൽ പരിക്കനിട്ട് ട്രസ് വർക്ക് നടത്തി.

2. ഐ.പി. ബിൽഡിംഗിൽ പുതിയ ടൈൽ വിരിച്ചു.

3. പുതിയ ടോയ്‌ലറ്റുകൾ നിർമ്മിച്ചു.

4. അമിനിറ്റി സെന്റർ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുംവേണ്ടി നിർമ്മിച്ചു.

5. അത്യാവശ്യ ഇലക്ട്രിക്കൽ റീവയറിംഗ് നടത്തി.

**കൊതുകുശല്യം**

68(766) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള എളങ്കുന്നപ്പുഴ, പുതുവൈപ്പ് എന്നീ പ്രദേശങ്ങളിലെ അതിരൂക്ഷമായ കൊതുകുശല്യം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൊതുക നിവാരണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ;

(സി) കൊതുക നിവാരണ പ്രവൃത്തികൾ ഫലപ്രദമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള എളങ്കുന്നപ്പുഴ, പുതുവെയ്പ്പ് എന്നീ സ്ഥലങ്ങളിൽ കൊതുകുശല്യം നിയന്ത്രിക്കുന്നതിന് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വർഷങ്ങളായി തുക നീക്കിവയ്ക്കുകയും ചെലവഴിച്ചിട്ടുള്ളതുമാണ്. തൊഴിലാളികളെ ഉപയോഗിച്ച് എല്ലാ ആഴ്ചകളിലും ഓടകളിൽ സ്പ്രേയിംഗ് നടത്തിവരുന്നു. കൊതുകുശല്യം രൂക്ഷമായ സമയത്ത് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി മൾട്ടി ബാരൽ ഫോഗിംഗ് മെഷീൻ ഉപയോഗിച്ച് ഫോഗിംഗ് നടത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ആശാവർക്കർമാർ ഉൾപ്പെടുന്ന ഹെൽത്ത് പ്രൊമോഷൻ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തി ഉറവിട നശീകരണവും നടത്തിവരുന്നു. ഇതിനുള്ള തുക WHSC ഫണ്ടിൽനിന്നും ശുചിത്വ മിഷൻ ഫണ്ടിൽനിന്നും ഉപയോഗിക്കുന്നു. പുതുവെയ്പ്പ്, തെക്കൻ മാലിപ്പുറം, മുരിക്കിൻപാടം എന്നീ പ്രദേശങ്ങളിൽ കൊതുകിന്റെ ശല്യം ഒഴിവാക്കുന്നതിന് ഓട വൃത്തിയാക്കൽ എന്നിവയും പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളതാണ്. മാത്രമല്ല, കൊതുകുശല്യത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിന് മലമ്പനി ബാധിത മേഖലകളിൽ ഇൻഡോർ റസിഡ്യൂൽ സ്പ്രേയിംഗ് നടത്തിവരുന്നു. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 23 ഫീൽഡ് വർക്കേഴ്സാണ് സ്പ്രേയിംഗ് നടത്തുന്നത്.

(ബി) കൊതുക് നിവാരണ പ്രവൃത്തികൾ നടത്തുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 12,29,806 രൂപ വകയിരുത്തുകയും 9,03,326 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മിഷൻ ഫണ്ട് 60,000 രൂപ, വാർഡ് ഹെൽത്ത് & സാനിറ്റേഷൻ ഫണ്ട് 60,300 എന്നിവയും ചെലവഴിച്ചിട്ടുണ്ട്. സ്പ്രേയിംഗ്, ഫോഗിംഗ്, ഉറവിട നശീകരണം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചത്.

(സി) കൊതുക് നിവാരണ പ്രവൃത്തികൾ ഫലപ്രദമാക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രധാനമായും പുതുവെയ്പ്പ് പ്രദേശത്ത് പോർട്ട് ട്രസ്റ്റിന്റെ വക ഏകദേശം മുന്നൂറ് ഏക്കറോളം കണ്ടൽക്കാടുകളാണുള്ളത്. ഈ കാടുകളിൽ ധാരാളം ചതുപ്പ് സ്ഥലങ്ങളുണ്ട്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വേനൽ മഴയോടുകൂടി ചതുപ്പുസ്ഥലങ്ങളിൽ വെള്ളം കെട്ടിനിൽക്കുകയും കൊതുക് പെരുകാനുള്ള സാഹചര്യം ഉളവാകുകയും ചെയ്യുന്നു. കണ്ടൽക്കാടുകളിൽ പ്രവേശിക്കാൻ റോഡോ മറ്റ് നടപ്പുവഴികളോ യാത്രാ മാർഗ്ഗങ്ങളോ യാതൊന്നുമില്ല. ഇവിടെ പെരുകുന്ന വളരെ ശല്യക്കാരായ ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുക് ഉപ്പുവെള്ളത്തിൽപ്പോലും മുട്ടയിട്ട് വളരുന്നു. മാത്രമല്ല, സ്പ്രേയിംഗ് ഇവിടെ പ്രായോഗികമായി വിജയപ്രദമല്ല. ജനവാസ മേഖലയിൽ ഓടകളുടെ മുകളിൽ സ്ലാബ് ഇട്ട് റോഡായി ഉപയോഗിക്കുന്ന ഓടകളിൽ കൊതുക് വളരാനുള്ള സാഹചര്യം വളരെയേറെയാണ്. കൂടാതെ ഓടകളിലും കായലുകളിലും കക്കൂസ് മാലിന്യങ്ങൾ വീടുകളിൽ നിന്ന് നേരിട്ട് ഒഴുകുന്നത് കൊതുക് ശല്യത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. കായലുകളിലും ഓടകളിലും മാലിന്യം നിക്ഷേപിക്കുന്നതും പരിസരങ്ങളിലേക്ക് വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാധന സാമഗ്രികൾ വലിച്ചെറിയുന്നതും കൊതുക് നിവാരണ പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിൽ തടസ്സമായി നിൽക്കുന്നു. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കുവാൻ രേഖാമൂലം ആരോഗ്യ വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

## മറ്റത്തൂർ പി.എച്ച്.സി.

69(767) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റത്തൂർ പി.എച്ച്.സി-യിൽ രാത്രികാലങ്ങളിൽ രോഗികളെ പരിശോധിക്കാൻ ആവശ്യമായ ഡോക്ടർമാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റത്തൂർ പി.എച്ച്.സി.-യിൽ രാത്രികാലങ്ങളിൽ ഓൺകോൾ ഡ്യൂട്ടിയാണുള്ളത്.

(ബി&സി) ഇവിടെ ഒരു സിവിൽ സർജന്റെയും 3 അസിസ്റ്റന്റ് സർജന്റെയും അനുവദിച്ച തസ്തികകളാണുള്ളത്. ഇതിൽ സിവിൽ സർജന്റെ തസ്തിക 7-9-2015 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. 5-10-2015-ന് ഇവിടെ ഒരു ഡോക്ടറെ താൽക്കാലികമായി നിയമിക്കുകയുണ്ടായി. മറ്റൊരു അസിസ്റ്റന്റ് സർജൻ 2-12-2015 മുതൽ പ്രസവാവധിയിലാണ്. എൻ.ആർ.എച്ച്.എം. മുഖേന 2 ഡോക്ടർമാർ ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ട്. സിവിൽ സർജൻ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്.

**സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി**

70(768) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷത്തെ ബഡ്ജറ്റിലെ സുപ്രധാന പദ്ധതികളിൽ ഒന്നായി പ്രഖ്യാപിച്ചിരുന്ന സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ചിസ്, ചിസ് പ്ലസ്, ആർ.എസ്.ബി.വൈ. താലോലം, കാൻസർ, സുരക്ഷ, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം, കാരുണ്യ ബെനവലന്റ് ഫണ്ട് വിവിധ ക്ഷേമനിധികളിൽനിന്നുള്ള തുക ഇവയെല്ലാം ചേർത്ത് പുതിയ പേരിൽ ഒറ്റ പദ്ധതിയാക്കുന്നതു വഴി സംസ്ഥാനത്തെ ആരോഗ്യ പരിപാലന രംഗത്ത് എന്ത് ചലനമുണ്ടാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പരിപാടി വഴി സ്വകാര്യ ആശുപത്രികളുടെ ആധിപത്യം കൊണ്ടുണ്ടാകുന്ന അനഭിലഷണീയ പ്രവണതകൾ കുറയ്ക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ;

(ഡി) തിരുവനന്തപുരം ഉൾപ്പെടെയുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ. സ്കാൻ പോലുള്ള പരിശോധനയ്ക്കായി മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത് ഒഴിവാക്കാനായി സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ ആവശ്യാനുസൃതം വാങ്ങുകയോ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യുന്നതിനുപരിയായി പദ്ധതി പേരു മാറ്റത്തിലൂടെ എന്ത് പ്രശ്നപരിഹാരമാണ് പ്രതീക്ഷിക്കുന്നത്;

(ഇ) വിവിധ പദ്ധതികളിൽനിന്നുള്ള തുകയ്ക്കൊപ്പം ക്ഷേമനിധികളിൽ അംഗങ്ങൾ അംശദായമായി നല്കുന്ന തുകയും കാരുണ്യ ലോട്ടറികളിൽ നിന്നുള്ള തുകയും പ്രസ്തുത ആവശ്യത്തിനുള്ള ട്രസ്റ്റ്ഫണ്ടിൽ നിക്ഷേപിക്കുന്നതു വഴി ബഡ്ജറ്റ് വിഹിതം പരിമിതപ്പെടുത്തി സർക്കാർ ട്രസ്റ്റി മാത്രമായി മാറുന്നത് ആരോഗ്യ മേഖലയെ ഏങ്ങിനെയൊക്കെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ ആരോഗ്യ കേരളം എന്ന പദ്ധതി നികുതി വകുപ്പ് സമ്പൂർണ്ണ ആരോഗ്യ കേരളം ട്രസ്റ്റ് വഴി നടപ്പാക്കുന്നത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് G.O(MS)No.06/16/TD dated 18-1-2016 ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ അംഗീകൃത ചികിത്സകൾക്കും രോഗങ്ങൾക്കും ഗവൺമെന്റ്-സ്വകാര്യ ആരോഗ്യ മേഖലകളിലെ സ്ഥാപനങ്ങൾവഴി അർഹരായ രോഗികൾക്ക് cashless ചികിത്സ ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കും രണ്ട് (2) ലക്ഷം രൂപ വരെ വാർഷിക ചികിത്സ ഇതിലൂടെ ലഭ്യമാകും. RSBY, CHIS, CHIS PLUS, മറ്റ് ക്ഷേമ പദ്ധതികൾ എന്നിവയുടെ ഗുണഭോക്താക്കൾക്കും ഇതിന് അർഹതയുണ്ട്. തുടക്കത്തിൽ RSBY, KBF enlisted ആശുപത്രികൾ ആയിരിക്കും ഇതിൽ ഉൾപ്പെടുക.

(ബി) ഇത് പൂർണ്ണമായി നടപ്പാകുമ്പോൾ ഗുണഭോക്താക്കൾക്ക് cashless ചികിത്സ പലയിടത്ത് ഓടിനടന്ന് ബുദ്ധിമുട്ടാതെ പല പദ്ധതികൾ തമ്മിൽ കലർന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി ചികിത്സാ സഹായം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സ്കീമിൽനിന്ന് ലഭിക്കുന്ന പണം സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് ട്രസ്റ്റിന്റെ നിബന്ധനകൾക്കനുസൃതമായി ഉപയോഗിക്കാൻ കഴിയും.

(സി) ട്രസ്റ്റിന്റെ ടെക്നിക്കൽ കമ്മിറ്റി, ചികിത്സാ നിരക്കുകൾ CGHS-ഉം മറ്റുമായി താരതമ്യം ചെയ്ത് തീരുമാനിക്കുകയും ഇത് ഒരു പരിധിവരെ ചികിത്സാ നിരക്ക് പിടിച്ചു നിർത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പണം സർക്കാർ സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്കനുസൃതമായി ഉപയോഗിക്കാൻ കഴിയുന്നതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 18-1-2016-ലെ ഉത്തരവിലൂടെയാണ് പദ്ധതി നിലവിൽ വന്നത്. ആയതിനാൽ തന്നെ വിശദമായ വിലയിരുത്തലിനുള്ള സമയമായിട്ടില്ല.

## കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ രക്തഘടക വിഭജന യൂണിറ്റിന്റെ പ്രവർത്തനം

71(771) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ രക്തഘടക വിഭജന യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആരംഭിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ആയത് ആരംഭിക്കുന്നതിന് ലൈസൻസ് ലഭിച്ചിട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ലൈസൻസ് ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിൽനിന്നും രക്തഘടക വിഭജന യൂണിറ്റിന് ആവശ്യമായ ലൈസൻസ് ലഭിക്കാത്തതിനാലാണ് പ്രവർത്തനം തുടങ്ങാൻ വൈകുന്നത്.

(സി) ഇല്ല.

(ഡി) ഒരു വർഷം രക്തഘടക വേർതിരിക്കൽ യൂണിറ്റിൽ പ്രവർത്തിച്ച് പരിചയമുള്ള ടെക്നീഷ്യന്റെ അഭാവം മൂലമാണ് ലൈസൻസ് ലഭ്യമാകാത്തത്.

## സർക്കാർ ജനറൽ ആശുപത്രികളുടെ ശോചനീയാവസ്ഥ

72(772) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാലും അവശ്യ മരുന്നുകളുടെ ദൗർല്ലഭ്യം മൂലവും സംസ്ഥാനത്തെ സർക്കാർ ജനറൽ ആശുപത്രികളുടെ അവസ്ഥ പരിതാപകരമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറൽ ആശുപത്രികളിലെത്തുന്ന രോഗികൾ രോഗനിർണ്ണയോപാധികളുടെ അഭാവംമൂലം സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വന്നിട്ടുള്ളത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ചില സ്പെഷ്യാലിറ്റികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവംമൂലവും ചില ജില്ലകൾ സ്ഥിര നിയമനത്തിന് തെരഞ്ഞെടുക്കുന്നതിൽ ഡോക്ടർമാർ തല്പരരല്ലാത്തതുകൊണ്ടും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. എന്നാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചും എൻ.എച്ച്.എം. വഴി താൽക്കാലികമായി നിയമിച്ചും ഈ കുറവ് പരിഹരിക്കുകയും ജനങ്ങൾക്ക് സേവനം ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്. വിവിധ വിഭാഗം പാരാമെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ ദ്രുതഗതിയിൽ നികത്താനുള്ള നടപടികൾ എടുത്തുവരുന്നു. സംസ്ഥാനത്തെ സർക്കാർ ജനറൽ ആശുപത്രികളിൽ ആവശ്യ മരുന്നുകളുടെ ദൗർലഭ്യം നിലവിലില്ല. അടിയന്തര ഘട്ടങ്ങളിൽ അത്യാവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ അവ ലോക്കൽ പർച്ചേസ് വഴി വാങ്ങുവാൻ ആശുപത്രി മേധാവികൾക്ക് അധികാരമുണ്ട്. ജനറൽ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ബി) രോഗനിർണ്ണയത്തിനുള്ള എക്സ്റേ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ജനറൽ ആശുപത്രികളിലും പ്രധാനപ്പെട്ട മറ്റ് ആശുപത്രികളിലും ലഭ്യമാണ്. ചില ആശുപത്രികളിൽ സി.റ്റി. സ്കാൻ സൗകര്യവും ലഭ്യമാണ്. ജനറൽ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് പരമാവധി രോഗ നിർണ്ണയത്തിനുള്ള എല്ലാ സൗകര്യവും നിലവിലുണ്ട്.

**കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ്**

73 (773) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ ജീവനക്കാരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത ജീവനക്കാരെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ബി) ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും അതിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാൽപ്പത്തിയെട്ട് ജീവനക്കാർ ആവശ്യമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)* പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി കേരള ട്രാൻസ്പോർട്ട് പ്രോജക്ടുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തികകൾ

74(774) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സിന്റെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) ഈ തസ്തികകൾ നികത്തുന്നതിനായി പി.എസ്.എസി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) എങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സ്റ്റാഫ് നഴ്സ് ഗ്രേഡ്-I -ന്റെ 36 ഒഴിവുകളും സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ 11 ഒഴിവുകളും നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയ്ക്ക് 20-3-2013-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്ന് ഇതുവരെ 45 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 44 ഒഴിവുകൾ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് പ്രസ്തുത ലിസ്റ്റിൽ ഭാഗിക ശ്രവണ വൈകല്യമുള്ള വിഭാഗക്കാരുടെ ഊഴത്തിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽനിന്നും നികത്തുവാൻവേണ്ടി മാറ്റിവച്ചിരിക്കുകയാണ്.

## ബഡ്ജറ്റിൽ വകയിരുത്തിയ തുക

75(775) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ വിവിധ ഹെഡ്ഡുകളിലായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ അൻപത് ശതമാനത്തിലധികം ഇതിനകം പിൻവലിക്കാൻ സാധിച്ചിട്ടില്ലാത്ത ഹെഡ്ഡുകൾ ഏതൊക്കെയാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം നിർവ്വഹണങ്ങൾക്ക് വേണ്ടിയിട്ടുള്ളതായിരുന്നു പ്രസ്തുത ഹെഡ്ഡുകളിലെ വിഹിതം;

(സി) ആരോഗ്യ വകുപ്പിന്റെ എല്ലാ ഹെഡ്ഡുകളിലുംകൂടി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക മൊത്തം എത്രയായിരുന്നു; അതിൽ ഇതിനകം പിൻവലിച്ച തുക എത്ര; വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതിനകം പിൻവലിക്കുകയുണ്ടായി?

ഉത്തരം

(എ&ബി) അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(സി) ആരോഗ്യ വകുപ്പിന്റെ വിവിധ ഹെഡ്ഡുകളിലായി വിവിധ പദ്ധതി നിർവ്വഹണങ്ങൾക്ക് ലഭിച്ചതും ചെലവാക്കിയതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**സർക്കാർ ആശുപത്രികളിലെ സ്കാനിംഗ് യൂണിറ്റുകൾ**

76(776) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് അടക്കമുള്ള ആശുപത്രികളിൽ സ്കാനിംഗ് യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ലെന്നുള്ള വാർത്ത ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്കാനിംഗ് യൂണിറ്റുകൾ പ്രവർത്തന-ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അടിക്കടി ഇപ്രകാരം സ്കാനിംഗ് യൂണിറ്റുകൾ കേടാകുന്നതിന് സ്വകാര്യ ആശുപത്രികളെയും സ്കാനിംഗ് സെന്ററുകളെയും സംശയിക്കേണ്ടതാണ് എന്ന മാധ്യമ വാർത്തയിൽ വാസ്തവമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്കാനിംഗ് യൂണിറ്റുകളുടെ പ്രവർത്തനം 2015 വർഷത്തിൽ താഴെ പറയും പ്രകാരമാണ്.

1. എം.ആർ.ഐ. സ്കാൻ - 95 %-ത്തിൽ കൂടുതൽ പ്രവർത്തിച്ചു.
2. എം.ഡി.സി.റ്റി. സ്കാൻ-95 %-ത്തിൽ കൂടുതൽ പ്രവർത്തിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. എക്സ്റേ അൾട്രാ സൗണ്ട് സ്കാൻ - 95%-ത്തിൽ കൂടുതൽ പ്രവർത്തിച്ചു.ഇതിൽനിന്നും സ്കാനിംഗ് യൂണിറ്റുകൾ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചുവെന്നുള്ളത് വ്യക്തമാണ്. ഇക്കാര്യത്തിലുള്ള മാധ്യമ വാർത്തകൾ വാസ്തവ വിരുദ്ധമാണ്.

## സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം

77(777) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജ് ഉൾപ്പെടെ അലോപ്പതി വിഭാഗത്തിൽ എത്ര സർക്കാർ ആശുപത്രികളുണ്ട്; ഇവയിൽ എത്ര ആശുപത്രികളിൽ ലാബ് സൗകര്യവും ജീവനക്കാരുമുണ്ട് ; വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യം ഇല്ലാത്തതിനാൽ ഇവിടെയെത്തുന്ന രോഗികളിൽ 70 ശതമാനത്തിലേറെ പേർ സ്വകാര്യ ലാബുകളെ സമീപിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പകർച്ചവ്യാധികളാലും മറ്റു രോഗങ്ങളാലും വിഷമിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ചികിത്സാ പരിശോധനാ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ലാബുകൾക്ക് കൃത്യമായ ഫീസ് നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സ്വകാര്യ ലാബുകൾ രോഗികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നതും ഒരേ പരിശോധന ഒരേ രോഗി പല ലാബുകളിൽ നടത്തിയാൽ പല റിസൽട്ട് ലഭിക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കാതെ നീട്ടിക്കൊണ്ടു പോകുന്നത് സ്വകാര്യ ലാബുകളെ സഹായിക്കുവാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന എട്ട് സർക്കാർ മെഡിക്കൽ കേളേജുകളോടും അനുബന്ധിച്ച് ലാബ് സൗകര്യവും ആവശ്യമായ ജീവനക്കാരെയും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി-ഇ) സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013-ലെ കരട് ബിൽ നമ്പർ 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ്**

78(778) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ ;

(സി) താൽക്കാലിക വ്യവസ്ഥയിൽ നിയമിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ പാലിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചീഫ് കൺസൾട്ടന്റ്, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി ജനറൽ കേഡറിൽ ജോലി ചെയ്തുവരുന്ന സ്പെഷ്യാലിറ്റി ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചുകൊണ്ട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജില്ലാ മെഡിക്കൽ ഓഫീസർ വഴി അഡ്ഹോക്ക് നിയമനങ്ങൾ നടത്തുന്നു. കൂടാതെ ഒഴിവുള്ള തസ്തികകളിൽ എൻ.ആർ.എച്ച്.എം.-ൽ നിന്നും താൽക്കാലിക നിയമനം നൽകി ഒഴിവ് നികത്തുകയാണ് ചെയ്യുന്നത്.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം**

79(779) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെ ആയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ ഗർഭിണികളുടെ വാർഡിൽ മാത്രമായി ഈ പദ്ധതി ചുരുക്കിയിട്ടുണ്ടോ ;

(സി) മറ്റു വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടി ഈ സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2010-11 സാമ്പത്തിക വർഷത്തിൽ കാൻസർ കെയർ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് ഉപയോഗപ്പെടുത്തി ക്യാൻസർ രോഗ നിർണ്ണയ ക്ലിനിക് ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുകയുണ്ടായി. 2011 ജൂണിൽ ഇത് പ്രസവ വാർഡിനോട് അനുബന്ധമായ മുറിയിൽ സജ്ജീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രധാനമായും ഗർഭാശയ കാൻസറുകളുടെ നിർണ്ണയത്തിനായിട്ടാണ് ഇതിന്റെ സേവനം പരിമിതപ്പെടുത്തിയിരുന്നത്. സ്ത്രീകളിലെ പ്രധാന കാൻസറുകളായ മാറിടത്തിലെ കാൻസർ, ഗർഭാശയ കാൻസർ എന്നിവ നേരത്തെ നിർണ്ണയിക്കുന്നതിനും ചികിത്സ നിർദ്ദേശിക്കുന്നതിനും അതിലൂടെ സ്ത്രീകളിലെ ക്യാൻസർ കുറച്ചുകൊണ്ടുവരിക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) ഗർഭിണികൾക്കും ഗൈനക് ഒ.പി.-യിൽ എത്തിച്ചേരുന്ന എല്ലാ സ്ത്രീകൾക്കും ഈ സേവനം നൽകുന്നുണ്ട്.

(സി) ഓങ്കോളജിസ്റ്റിന്റേയും പരിശീലനം ലഭിച്ച ഡോക്ടറുടേയും സേവനം ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതുകൊണ്ടാണ് മറ്റു വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടി ഈ സൗകര്യം ലഭ്യമാക്കാൻ സാധിക്കാത്തത്.

**അസിസ്റ്റന്റ് സർജൻ തസ്തികയിലെ നിയമനം**

80(780) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി എന്നറിയിക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നിയമന ഉത്തരവ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർ എത്ര; പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിൽ എത്ര ഒഴിവുകളുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ നിലവിലെ ലിസ്റ്റിൽനിന്നും പി.എസ്.സി. മുഖേന 1962 പേർക്ക് അഡ്വൈസ് മെമ്മോ നൽകി. 596 പേർ ജോലിയിൽ പ്രവേശിക്കുകയും 693 പേർ എക്സ്റ്റൻഷൻ വാങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ പി.എസ്.സി. നിർദ്ദേശിച്ച 1962 പേർക്ക് നിയമന ഉത്തരവ് നൽകി.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും 673 പേർ എൻ.ജെ.ഡി. ആയിട്ടുണ്ട്. 2-2-2016-ന് നടന്ന കൗൺസിലിംഗിൽ ഉള്ള എൻ.ജെ.ഡി. ഒഴിവുകൾ ഒഴികെ ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അസിസ്റ്റന്റ് സർജന്മാരുടെ 200 ഒഴിവുകളാണുള്ളത്. 2-2-2016-ന് നടന്ന കൗൺസിലിംഗിലുള്ള എൻ.ജെ.ഡി. ഒഴിവുകൾ ഒഴികെ എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

**നഴ്സുമാരുടെ പ്രശ്നങ്ങൾ**

81(781) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും നേഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേരള ഗവൺമെന്റ് നേഴ്സസ് യൂണിയൻ (കെ.ജി.എൻ.യു.) നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുരുഷ നേഴ്സുമാർക്ക് പ്രത്യേകമായിട്ടുള്ള യൂണിഫോമിന്റെ ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ഉത്തരവ് ഉടൻ നൽകുമോ എന്നറിയിക്കുമോ;

(സി) യൂണിഫോം അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കമ്മിറ്റിയെ നിയമിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കേരള ഗവൺമെന്റ് നഴ്സസ് യൂണിയൻ ( കെ.ജി.എൻ.യു.) നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുരുഷ നഴ്സുമാർക്ക് പ്രത്യേകമായിട്ടുള്ള യൂണിഫോമിന്റെ ഉത്തരവ് നിലവിലില്ല. അവർ വിദ്യാർത്ഥികളായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന അതേ യൂണിഫോം മാതൃകയാണ് ഉപയോഗിക്കുന്നത്. പുരുഷ നഴ്സുമാരുടെ നിലവിലുള്ള യൂണിഫോം പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) 20-1-2016-ലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് നമ്പർ സ.ഉ.(പി)നമ്പർ 7/2016/ധന പ്രകാരം യൂണിഫോം അലവൻസ് 1,600 രൂപയിൽ നിന്നും 2,400 രൂപ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**ആശുപത്രികളിലെ വിവിധ പരിശോധനകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ്**

82(782) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിലെ വിവിധ പരിശോധനകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് നിരക്ക് വർദ്ധിപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ ഇനങ്ങൾക്ക് എത്ര തുക വർദ്ധിപ്പിച്ചു വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഫീസ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) സർക്കാർ ആശുപത്രികളിലെ എല്ലാവിധ പരിശോധനകളും സേവനങ്ങളും സൗജന്യമാക്കുന്നതിന് പദ്ധതിയുണ്ടോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിലെ വിവിധ പരിശോധനകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) സർക്കാർ ആശുപത്രികളിലെ എല്ലാവിധ പരിശോധനകളും സേവനങ്ങളും സൗജന്യമാക്കുന്ന കാര്യം പരിഗണനയിലില്ല.

## സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം പദ്ധതി

83(783) ശ്രീ. കെ. അച്യുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ-സി) സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്ന ജങ്ക്ഫുഡ്, ട്രാൻസ്ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക, പാൻമസാല എന്നിവുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു. ഇങ്ങനെ പരിശീലനം ലഭിച്ച കുട്ടികൾ അതാത് സ്കൂളുകളിലെ മറ്റുകുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകിവരുന്നു. ഇതിനാവശ്യമായ ലഘുലേഖകൾ, സി.ഡി.-കൾ മറ്റു പരിശീന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകിവരുന്നു. ഇതിനകംതന്നെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് ഇതുപ്രകാരം പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തിക്കഴിഞ്ഞിട്ടുണ്ട്. മേഖലാടിസ്ഥാനത്തിൽ ഈ വിഷയത്തെപ്പറ്റി കുട്ടികൾക്ക് പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സർക്കാരിന്റെ ഔഷധ നയം**

84(784) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ ഔഷധ നയം എന്താണെന്ന് വ്യക്തമാക്കാമോ; ആന്റി ബയോട്ടിക് ഔഷധങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ടോ;

(ബി) ആന്റി ബയോട്ടിക് ഔഷധങ്ങളുടെ ഉപയോഗം വളരെ കൂടുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത് സാധാരണ രോഗികൾക്ക് വളരെ വിഷമം സൃഷ്ടിക്കുന്നതായി കരുതുന്നുണ്ടോ;

(സി) ഇതുസംബന്ധിച്ച് ആവശ്യമായ പഠനം നടത്തി ശാസ്ത്രീയമായി ആന്റിബയോട്ടിക് നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജ്യത്ത് മരുന്ന് ഉൽപ്പാദനവും വിതരണവും വിൽപ്പനയും നിയന്ത്രിക്കുന്നത് 1940-ലെ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും അതിനുകീഴിലുള്ള ചട്ടങ്ങളും (Drugs and Cosmetics Rules 1945) പ്രകാരമാണ്. നിലവിലുള്ള ഔഷധ നിയമം 1986 പ്രധാനമായും പരാമർശിച്ചിരിക്കുന്നത് മിതമായ നിരക്കിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക, ചെലവുകുറഞ്ഞ രീതിയിൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിലേക്ക് പുതിയ സാങ്കേതിക വിദ്യകൾ, ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന്റെ വികസനത്തിന് ഉതകുന്ന രീതിയിലുള്ള ഗവേഷണ പുരോഗതി, മരുന്നുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, മരുന്നുകളുടെ അശാസ്ത്രീയമായ ഉപയോഗം തടയുക, മരുന്നുകളുടെ പാർശ്വഫലങ്ങൾ നിരീക്ഷിച്ച് പ്രതിവിധികൾ/പരിഹാര നടപടികൾ സ്വീകരിക്കുക, മരുന്നുകളുടെ ശാസ്ത്രീയമായ ഉപയോഗം ഉറപ്പാക്കുക എന്നിവയാണ്. ആന്റിബയോട്ടിക് ഔഷധങ്ങളുടെ rational use പ്രോത്സാഹിപ്പിക്കുന്നതിനും ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (Anti microbial resistance)-നെ ഫലപ്രദമായി പ്രതിരോധിക്കുന്നതിലേക്കുമായുള്ള 'ആന്റിബയോട്ടിക് ഔഷധനയം' (Antibiotic policy)-യുടെ കരട് അന്തിമ വിശകലനത്തിനായി ചർച്ചാ യോഗങ്ങൾ സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 23-1-2016-ന് വിവിധ മേഖലയിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വർക്ക്ഷോപ്പ് എറണാകുളത്തുവച്ച് നടത്തിയിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആന്റിബയോട്ടിക് ഔഷധങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും യുക്തിസഹമായി നിർദ്ദേശിക്കാനും ആന്റി ബയോട്ടിക് ഔഷധ നയം തയ്യാറാക്കി വരികയാണ്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം

ചികിത്സാ ചെലവ് കൂട്ടുന്നതിന് പുറമെ ഡ്രഗ്സ് റെസിസ്റ്റൻസ് സൃഷ്ടിക്കുകയും ചെയ്യും എന്നതുകൊണ്ട് സർക്കാർ ഈ വിഷയം ഗൗരവമായി കണക്കിലെടുക്കുന്നുണ്ട്.

(സി) ആന്റിബയോട്ടിക് നയം തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരോഗ്യരംഗത്തെ വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുണ്ട്. വിദഗ്ദ്ധരുടെ സഹായത്തോടെ കരട് നയത്തിന് രൂപം നൽകിയിട്ടുണ്ട്.

**ആശുപത്രികളിൽ കെട്ടിടങ്ങൾ**

85(785) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിൽ കെട്ടിടങ്ങൾ നിർമ്മിച്ചു;

(ബി) ആയതിനായി എന്ത് തുക ചെലവഴിച്ചു; ഓരോന്നിന്റേയും കണക്ക് ലഭ്യമാക്കാമോ;

(സി) ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിലെ കണക്ക് പ്രത്യേകം അറിയിക്കാമോ;

(ഡി) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഏതെല്ലാം ഫണ്ടുകൾ ആണ് വിനിയോഗിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അമ്പലപ്പാറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ കുട്ടികളുടെ വാർഡ്, എക്സ്റേ, കുത്തിവയ്പ്പിനുള്ള മുറി, കടമ്പഴിപ്പുറം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സ്പെഷ്യാലിറ്റി ഒ.പി. കെട്ടിടം എന്നിവയും തച്ചനാട്ടുകര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒ.പി. കെട്ടിടവും നിർമ്മിച്ചു.

(ബി) <u>സാമൂഹ്യാരോഗ്യ കേന്ദ്രം, അമ്പലപ്പാറ</u> :

(എ) കുട്ടികളുടെ വാർഡ്- 20 ലക്ഷം

(ബി) എക്സ്റേ , കുത്തിവെയ്പ്പിനുള്ള മുറി-8.98 ലക്ഷം

<u>സാമൂഹ്യാരോഗ്യ കേന്ദ്രം, കടമ്പഴിപ്പുറം</u> :

സ്പെഷ്യാലിറ്റി ഒ.പി. കെട്ടിടം - 1 (ഒന്ന്) കോടി രൂപ

<u>പ്രാഥമികാരോഗ്യ കേന്ദ്രം, തച്ചനാട്ടുകര</u> :

ഒ.പി. കെട്ടിടം - 1 (ഒന്ന്) കോടി രൂപ

(സി) <u>ആയുർവ്വേദം</u> :

ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. ഹംസയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് ഒറ്റപ്പാലം ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയുടെ സബ്സെന്ററിന്റെ കെട്ടിട നിർമ്മാണം നടത്തിവരുന്നു.

<u>അലോപ്പതി</u> :

<u>സാമൂഹ്യാരോഗ്യ കേന്ദ്രം, അമ്പലപ്പാറ</u>

(എ) കുട്ടികളുടെ വാർഡ്- 20 ലക്ഷം

(ബി) എക്സ്റേ , കുത്തിവെയ്പ്പിനുള്ള മുറി-8.98 ലക്ഷം

<u>സാമൂഹ്യാരോഗ്യ കേന്ദ്രം, കടമ്പഴിപ്പുറം</u> :

സ്പെഷ്യാലിറ്റി ഒ.പി. കെട്ടിടം - 1 (ഒന്ന്) കോടി രൂപ

<u>പ്രാഥമികാരോഗ്യ കേന്ദ്രം, തച്ചനാട്ടുകര</u> :

ഒ.പി. കെട്ടിടം - 1 (ഒന്ന്) കോടി രൂപ

<u>ഹോമിയോപ്പതി</u> :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഹോമിയോപ്പതി വകുപ്പിനുവേണ്ടി കെട്ടിട നിർമ്മാണം നടത്തിയിട്ടില്ല.

(ഡി) <u>ആയുർവ്വേദം</u> :

ഒറ്റപ്പാലം ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയുടെ സബ്സെന്ററിന്റെ കെട്ടിട നിർമ്മാണം ശ്രീ. എം. ഹംസ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചാണ് നടത്തുന്നത്.

<u>അലോപ്പതി</u> :

<u>സാമൂഹ്യാരോഗ്യ കേന്ദ്രം, അമ്പലപ്പാറ</u> :

(എ) കുട്ടികളുടെ വാർഡ്- ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്.

(ബി) എക്സ്റേ, കുത്തിവെയ്പ്പിനുള്ള മുറി-ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്.

സാമൂഹ്യാരോഗ്യ കേന്ദ്രം, കടമ്പഴിപ്പുറം :

സ്പെഷ്യാലിറ്റി ഒ.പി. കെട്ടിടം - എം.എൽ.എ. ഫണ്ട്

പ്രാഥമികാരോഗ്യ കേന്ദ്രം, തച്ചനാട്ടുകര :

ഒ.പി. കെട്ടിടം - എം.എൽ.എ. ഫണ്ട്

ഹോമിയോപ്പതി :

ബാധകമല്ല.

## ഡോക്ടർമാരുടെ ഒഴിവുകൾ

86(786) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ എത്ര; വ്യക്തമാക്കുമോ;

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഡോക്ടർമാരുടെ 545 ഒഴിവുകളാണുള്ളത്. ഇതിൽ 280 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി) അസിസ്റ്റന്റ് സർജൻ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റ് പ്രകാരമോ പി.ജി. റീ-ജോയിനിംഗ് വഴിയോ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി സർവ്വീസിൽ പി.ജി. ബിരുദമുള്ള മെഡിക്കൽ ആഫീസർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്പെഷ്യാലിറ്റി കേഡറിലെ മറ്റ് തസ്തികകളിലെ ഒഴിവുകളും സിവിൽ സർജൻ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) സ.ഉ (കൈ) നമ്പർ 110/2014/ആകുവ തീയതി 26-3-2014. സ.ഉ. (കൈ) നമ്പർ 288/2014/ആകുവ തീയതി 30-9-2014 എന്നിവ പ്രകാരം 2014 മാർച്ച് മുതൽ ആരോഗ്യ വകുപ്പിൽനിന്ന് വിരമിക്കേണ്ടിയിരുന്ന ഡോക്ടർമാരുടെ സേവന കാലാവധി 6 മാസം വീതം സർക്കാർ ദീർഘിപ്പിച്ചുനൽകിയിരുന്നു. 158503/എ 3/2015/ആകുവ നമ്പർ ഫയലിൽ വീണ്ടും ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുകയും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം തത്കാലം വർദ്ധിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

### ഡോക്ടർമാരുടെ ഉപരിപഠനത്തിനുള്ള ലീവ്

87(787) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപരിപഠനത്തിനായി ലീവ് എടുത്ത് പോകുന്ന ഡോക്ടർമാർ തിരികെ സർവ്വീസ്സിൽ പ്രവേശിക്കുവാൻ വരുമ്പോൾ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ജോലിയിൽ പ്രവേശിപ്പിക്കാതെ നിറുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര കേസ്സുകളുണ്ട്, വ്യക്തമാക്കാമോ;

(സി) പല ആശുപത്രികളിലും ഡോക്ടർമാരില്ലാത്ത സാഹചര്യത്തിൽ ഇവർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

### കിടത്തിച്ചികിത്സ പുനരാരംഭിക്കൽ

88(788) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം പി.എച്ച്.സി.-യിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

കുന്ദമംഗലം പി.എച്ച്.സി. 24x7 പി.എച്ച്.സി.-യാണ്. 24x7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ ഓൺകോൾ സേവനത്തോടു കൂടിയ കിടത്തിച്ചികിത്സാ സൗകര്യമാണ് അനുവദിച്ചിട്ടുള്ളത്. ഓൺകോൾ സേവനത്തോടുകൂടിയ കിടത്തിച്ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ

അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**വ്യാജ ഡോക്ടർമാർ**

89(789) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യാജ ഡോക്ടർമാരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വ്യാജ ഡോക്ടർമാരെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 (പന്ത്രണ്ട്) വ്യാജ ഡോക്ടർമാരെ ആരോഗ്യ വകുപ്പിൽ കണ്ടെത്തി. ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി. മുഖാന്തരം നിയമിക്കപ്പെട്ടവർ, സീനിയർ/ജൂനിയർ റസിഡന്റുമാർ/കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ തുടങ്ങിയവരാണ് ആരോഗ്യ വകുപ്പിൽ പ്രവർത്തിച്ചുവരുന്നത്. നിയമനം നടത്തുമ്പോൾത്തന്നെ ഇവരുടെ യോഗ്യത കൃത്യമായി മനസ്സിലാക്കി ഉറപ്പുവരുത്തി മാത്രമേ നിയമനം നൽകാറുള്ളൂ. പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

**താലൂക്കാശുപത്രികളിലെ മോർച്ചറി സൗകര്യം**

90(790) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ എത്രയെണ്ണത്തിൽ മോർച്ചറി സൗകര്യമുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത വിഷയത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നാൽപ്പത്തിരണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം**

91(791) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആശുപത്രികളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയാണ് ആശുപത്രികളുടെ ഗുണനിലവാരം പരിശോധിച്ച് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നൽകുന്നത്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി, തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ചേർത്തല താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ, പാലക്കാട് ഷൊർണ്ണൂരുള്ള ഐകോൺസ് ആശുപത്രി, എറണാകുളത്തുള്ള സി.എച്ച്.സി., പണ്ടപ്പിള്ളി ബ്ലഡ് ബാങ്ക് ആലുവ, ജില്ലാ ആശുപത്രി കണ്ണൂർ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി. 2014-ൽ ജനറൽ ആശുപത്രി എറണാകുളത്തിന്റെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മൂന്ന് വർഷത്തേക്ക് പുതുക്കി നൽകിയിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനുശേഷമാണ് ഈ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചത്.

* അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി.

* രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ആശുപത്രിയുടെ ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.

* ആശുപത്രിയുടെ ഒരു പൂർണ്ണവിവരണം അടങ്ങുന്ന മാർഗ്ഗ ദർശികൾ സ്ഥാപിച്ചു.

* രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം

* ടോക്കൺ സിസ്റ്റം നടപ്പിലാക്കി.

* ഒ.പി.-യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

* ഒ.പി. വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം.

* രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു.

* വീൽചെയറുകളും, ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി.

* രോഗികൾക്ക് വീൽചെയറുകളും ട്രോളിയും സേഫ്റ്റി ബെൽറ്റ്കൊണ്ട് സുരക്ഷിതമായി സജ്ജീകരിച്ചിരിക്കുന്നു.

* അത്യാഹിത വിഭാഗം അതുപോലെ ഒ.പി. എന്നിവയുടെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.

* അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്നു.

* ദുരന്തനിവാരണ നിയന്ത്രണത്തിന് പരിശീലനം ജീവനക്കാർക്ക് നൽകി.

* മുലയൂട്ടുന്ന അമ്മമാർക്കുവേണ്ടി അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കി.

* ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി.

* രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയ ശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു.

* ജൈവ മാലിന്യങ്ങളും അല്ലാതെയുമുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.

* ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്തു.

* രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിച്ചു.

* രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു.

* രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു.

* പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിച്ചുവരുന്നു.

* ശരിയായ രീതിയിലുള്ള രോഗീപരിചരണം, മരുന്ന് വിതരണം എന്നിവ നടപ്പിലാക്കി.

* ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തി.

* ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കുന്നതു മുതൽ റിസൽട്ട് കൊടുക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തുവരുന്നു.

* ലബോറട്ടറിയിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ചു.

* എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.

* ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു.
* കേടായ ഉപകരണങ്ങൾ നന്നാക്കി.
* അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.
* അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കി.
* രോഗികളുടെ റെക്കോഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം.
* ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റെക്കോഡുകൾ തയ്യാറാക്കി.
* മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്ഫോർമുലറി രൂപീകരിച്ചു.
* പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിച്ചിരിക്കുന്നു.
* ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുന്നു.
* അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.
* വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടെയിനറുകളിൽ സൂക്ഷിച്ചിരിക്കുന്നു.
* ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരവും ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നു.
* നർക്കോട്ടിക് മരുന്നുകൾ ദുരപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചിരിക്കുന്നു.
* മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.
* രോഗികളെക്കുറിച്ചുള്ള വിവര സാങ്കേതിക സംവിധാനം നടപ്പാക്കി.
* രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

* ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.
* പൗരവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.
* എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പിലാക്കി.
* കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

(സി)

| | |
|---|---|
| ജനറൽ ആശുപത്രി | എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി |
| ജില്ലാ ആശുപത്രി | ജില്ലാ ആശുപത്രി, കണ്ണൂർ |
| താലൂക്ക് ആശുപത്രി | ചേർത്തല താലൂക്ക് ആശുപത്രി |
| സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി | തിരുവനന്തപുരം തൈക്കാടുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി |
| ക്യാൻസർ സെന്റർ | തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ |
| സ്വാശ്രയ സ്ഥാപനം | പാലക്കാട് ഷൊർണ്ണൂരുള്ള ഐകോൺസ് ആശുപത്രി |
| സി.എച്ച്.സി. | എറണാകുളത്തുള്ള സി.എച്ച്.സി. പണ്ടപ്പിള്ളി. |

**പൊതുജനാരോഗ്യ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ**

92(792) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ പൊതുജനാരോഗ്യ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ഇടുക്കി മെഡിക്കൽ കോളേജ് സ്ഥാപിച്ചു. കൂടാതെ ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

* ജീവിത ശൈലീരോഗ പ്രതിരോധപ്രവർത്തനം
* പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം
* കുഷ്ഠരോഗ നിർമ്മാർജ്ജനം
* പെയിൻ & പാലിയേറ്റീവ്
* ടെലി ഹെൽത്ത് മെഡിക്കൽ എഡ്യൂക്കേഷൻ പദ്ധതി.
* ജലജന്യരോഗ പ്രതിരോധപ്രവർത്തനം.
* കാൻസർ കെയർ
* പുകയില വിരുദ്ധ പ്രവർത്തനം.
* കോളറ പ്രതിരോധപ്രവർത്തനം.
* റ്റി. ബി. എലിമിനേഷൻ പ്രവർത്തനം.

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ആലപ്പുഴ ജില്ലയിലെ 108 ആംബുലൻസുകൾ

93(793) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര 108 ആംബുലൻസുകൾ ഉണ്ട്; ഇതിൽ റണ്ണിംഗ് കണ്ടിഷനിൽ ഉള്ളവ എത്ര; അല്ലാത്തവ എത്ര;

(ബി) 108 ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കാമോ;

(സി) ജില്ലയിലെ 108 ആംബുലൻസുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സർവ്വീസ് നടത്താൻ കഴിയുംവിധം സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 18 (പതിനെട്ട്) 108 ആംബുലൻസുകളുണ്ട്. 3-2-2016-ലെ സ്ഥിതിയനുസരിച്ച് 14 (പതിനാല്) വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്. 4 (നാല്) വാഹനങ്ങൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലാണ്.

(ബി) നിലവിൽ ആരോഗ്യ വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഫോർമാൻ മെക്കാനിക്ക് 108 ആംബുലൻസ് വാഹനങ്ങൾ പരിശോധിച്ച് നിർദ്ദേശം നൽകുന്നതിനനുസരിച്ച് വാഹന നിർമ്മാതാക്കളായ ഫോഴ്സിന്റെ വർക്ക്ഷോപ്പിലാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. അറ്റകുറ്റപ്പണികൾക്കുശേഷം ഫോർമാൻ മെക്കാനിക്ക് ടി വാഹനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

(സി) വർക്ക്ഷോപ്പിലുള്ള 4 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തി പുറത്തിറക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

**18 വയസ്സിന് താഴെയുള്ളവർക്ക് ചികിത്സ**

94(794) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസ്സിന് താഴെയുള്ളവർക്ക് എല്ലാ രോഗങ്ങൾക്കും ചികിത്സ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.ബി.എസ്.കെ., ആരോഗ്യ കിരണം പദ്ധതികളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ ലഭ്യമാക്കുക എന്നത് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് വലിയ ആശ്വാസം നൽകുന്നതിനോടൊപ്പം അവരെ മാനസികമായും സാമൂഹികമായും ഉന്നതിയിലേയ്ക്ക് നയിക്കുന്നതിനും സാധിക്കുന്നു.

(സി) രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം (ആർ.ബി.എസ്.കെ.) എന്ന കേന്ദ്രസർക്കാർ പദ്ധതി 2013 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങി. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിക്കാവശ്യമായ തുക ദേശീയ ആരോഗ്യ ദൗത്യംവഴി ലഭ്യമാകുകയും പദ്ധതി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകളുടെ സഹായ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റ് വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന സമഗ്രമായ മാർഗ്ഗനിർദ്ദേശം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാന ആരോഗ്യ കേരളം മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനം ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കാര്യക്ഷമമായി നടന്നുവരുന്നു. 20-5-2013-ലെ സർക്കാർ ഉത്തരവ് സ.ഉ (എംഎസ്) നമ്പർ 178/2013/ആ.കു.വ. പ്രകാരം ആരോഗ്യ കിരണം പദ്ധതി നിലവിൽ വന്നു. തുടർന്ന് പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ആരോഗ്യ മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ കിരണം പദ്ധതിക്കാവശ്യമായി വരുന്ന തുക അതാത് സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും തുക പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികൾ മുഖേനയും, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്&ടെക്നോളജി മുഖേനയുമാണ് സൗജന്യ ചികിത്സ മുഖ്യമായും നൽകി വരുന്നത്.

## തുറവൂർ താലൂക്കാശുപത്രിയിലെ 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനം

95(795) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയുടെ I ഐ.പി. ബ്ലോക്കിന്റെ ഉദ്ഘാടന വേളയിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തുറവൂർ താലൂക്കാശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനം ഉടൻ അനുവദിക്കും എന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തുറവൂർ താലൂക്കാശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മിഷൻ -676**

96(796) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ-676-ൽ ഉൾപ്പെടുത്തി 'ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും, ഓരോന്നിനും എത്ര തുക വീതം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ആകെ അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയാണെന്നും ഏതെല്ലാം പദ്ധതിക്കായിട്ടാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2014-15 കാലയളവിൽ 'ഉത്തരവാദിത്വ ടൂറിസം' പദ്ധതിക്ക് അനുവദിച്ച ഫണ്ടിൽനിന്നും 5 ലക്ഷം രൂപ ഉപയോഗിച്ച് ചക്കുപള്ളം, മറയൂർ, കാന്തല്ലൂർ (ഇടുക്കി ജില്ല), നൂൽപ്പുഴ, പുൽപ്പള്ളി (വയനാട് ജില്ല) എന്നീ അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'ഗോഡ്സ് ഓൺ കൺട്രി- പീപ്പിൾസ് ഓൺ ടൂറിസം' പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച 25 ലക്ഷം രൂപ വലിയപറമ്പ (കാസർഗോഡ്), നിലമ്പൂർ മുനിസിപ്പാലിറ്റി (മലപ്പുറം), വെള്ളിനേഴി (പാലക്കാട്), അതിരപ്പിള്ളി (തൃശ്ശൂർ), കടമക്കുടി (എറണാകുളം), വൈക്കം മുനിസിപ്പാലിറ്റി (കോട്ടയം), വെങ്ങാനൂർ (തിരുവനന്തപുരം) എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിനാണ് വിനിയോഗിക്കുന്നത്. ഗോഡ്സ്ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 112 പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക സൃഷ്ടിക്കൽ

97(797) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രഡ് II തസ്തിക സൃഷ്ടിക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ വിവിധ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II-ന്റെ 667 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (ഗ്രേഡ്-II) തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ

98(798) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 636/12-ാം കാറ്റഗറി നമ്പരായി ജെ.പി.എച്ച്.എൻ. (ഗ്രേഡ്-II) തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തിയതിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകൾ എൻ.സി.എ. ഒഴിവുകൾ ആയിരുന്നോ;

(ബി) പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി;

(ഡി) എത്രപേർക്ക് നിയമന ശിപാർശ നൽകി; നിയമന ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- II തസ്തികയുടെ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ മുസ്ലീം സംവരണ വിഭാഗത്തിനുള്ള 2-ാം NCA വിജ്ഞാപനമാണ് കാറ്റഗറി നമ്പർ 636/12 ആയി പ്രസിദ്ധം ചെയ്തത്.

(ബി) പാലക്കാട് ജില്ലയുടെ റാങ്ക് പട്ടികയിൽ 4 പേരും തിരുവനന്തപുരം ജില്ലയുടെ റാങ്ക് പട്ടികയിൽ 18 പേരും ആണ് ഉൾപ്പെട്ടിരുന്നത്.

(സി) 2 പേർക്ക് തിരുവനന്തപുരം ജില്ലയിലും 4 പേർക്ക് പാലക്കാട് ജില്ലയിലും നിയമനം നൽകിയിട്ടുണ്ട്.

(ഡി) 18 ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം ജില്ലയിലും 4 ഉദ്യോഗാർത്ഥികൾക്ക് പാലക്കാട് ജില്ലയിലും നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിലുമായി 6 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. മറ്റുള്ളവർക്ക് നിയമനം നൽകുന്നതാണ്.

## സർക്കാർ ആശുപത്രികളുടെ KASH (കാഷ്) അംഗീകാരം

99(799) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് KASH (കാഷ്) അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആശുപത്രികളിൽ ഒരുക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (KASH). ഇതിന്റെ പ്രധാനമായ ലക്ഷ്യം സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും മികച്ച നിലവാരത്തിലുള്ള ചികിത്സ നൽകുക എന്നതാണ്. ഇന്ത്യയിൽ ആദ്യമായി സംസ്ഥാന തലത്തിൽ അക്രഡിറ്റേഷൻ പദ്ധതി നടപ്പാക്കുന്നത് കേരളത്തിലാണ്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 2 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും 2 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഒരു താലൂക്ക് ആശുപത്രിയുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. തുടർന്ന് താലൂക്കാശുപത്രികളും ജില്ലാ ആശുപത്രികളും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. കേരളത്തിലെ 18 ആശുപത്രികൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല താലൂക്ക് ആശുപത്രി, സി.എച്ച്.സി. മണന്നൂർ, സി.എച്ച്.സി വെള്ളറട, പി.എച്ച്.സി

ചെമ്മരുതി, പി.എച്ച്.സി. മംഗലപുരം, പിഎച്ച്.സി. വട്ടിയൂർക്കാവ്, പിഎച്ച്.സി. ചെങ്കൽ, പി.എച്ച്.സി. കീഴാറ്റിങ്ങൾ, പി.എച്ച്.സി. കൊല്ലയിൽ, ഇടുക്കി ജില്ലയിലെ പിഎച്ച്.സി അറക്കുളം, എറണാകുളത്തെ സി.എച്ച്.സി. പണ്ടപ്പിള്ളി, പി.എച്ച്.സി. വാളകം, കോഴിക്കോട് ജില്ലയിലെ പി.എച്ച്.സി. തിരുവമ്പാടി, താലൂക്ക് ആശുപത്രി താമരശ്ശേരി, കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കാശുപത്രി, പി.എച്ച്.സി. കരവാളൂർ, കോട്ടയം ജില്ലയിലെ സി.എച്ച്.സി. ഇടയരിക്കപ്പുഴ, ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നീ ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത്.

(ബി) താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനുശേഷമാണ് ഈ ആശുപത്രികൾക്ക് കാഷ് അംഗീകാരം ലഭിച്ചത്.

* അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി.
* രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ആശുപത്രിയുടെ ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.
* ആശുപത്രിയുടെ ഒരു പൂർണ്ണ വിവരണം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിച്ചു.
* രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം.
* ടോക്കൺ സിസ്റ്റം നടപ്പിലാക്കി.
* ഒ.പി.-യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
* ഒ.പി. വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം.
* രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു.
* വീൽചെയറുകളും ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി.
* രോഗികൾക്ക് വീൽചെയറുകളും ട്രോളിയും സേഫ്റ്റി ബെൽറ്റ്കൊണ്ട് സുരക്ഷിതമായി സജ്ജീകരിച്ചിരിക്കുന്നു.

* അത്യാഹിത വിഭാഗം അതുപോലെ ഒ.പി. എന്നിവയുടെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.
* അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്നു.
* ദുരന്തനിവാരണ നിയന്ത്രണത്തിന് പരിശീലനം ജീവനക്കാർക്ക് നൽകി.
* മുലയൂട്ടുന്ന അമ്മമാർക്കുവേണ്ടി അവരുടെ സ്വകാര്യത ഉറപ്പു വരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കി.
* ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി.
* രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയ ശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പു വരുത്തുന്നു.
* ജൈവ മാലിന്യങ്ങളും അല്ലാതെയുമുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.
* ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്തു.
* രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിച്ചു.
* രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു.
* രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു.
* പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിച്ചുവരുന്നു.
* ശരിയായ രീതിയിലുള്ള രോഗീപരിചരണം, മരുന്ന് വിതരണം എന്നിവ നടപ്പിലാക്കി.
* ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തി.

* ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കുന്നത് മുതൽ റിസൽട്ട് കൊടുക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തുവരുന്നു.

* ലബോറട്ടറിയിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വില നിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ചു.

* എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.

* ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു.

* കേടായ ഉപകരണങ്ങൾ നന്നാക്കി.

* അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.

* അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കി.

* രോഗികളുടെ റെക്കോഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം.

* ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റെക്കോഡുകൾ തയ്യാറാക്കി.

* മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്ഫോർമുലറി രൂപീകരിച്ചു.

* പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിച്ചിരിക്കുന്നു.

* ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുന്നു.

* അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

* വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടെയിനറുകളിൽ സൂക്ഷിച്ചിരിക്കുന്നു.

* ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരവും ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നു.

* നർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചിരിക്കുന്നു.

* രോഗികളെക്കുറിച്ചുള്ള വിവരസാങ്കേതിക സംവിധാനം നടപ്പിലാക്കി.

* മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.

* രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

* ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തി വരുന്നു.

* പൗരവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

* എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പിലാക്കി.

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ കൂടാതെ ജില്ലാതല ആശുപത്രികൾ എന്നിവയ്ക്കാണ് കാഷ് അംഗീകാരം ലഭിച്ചത്.

**ആശ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത്**

100(800) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ വർക്കർമാർക്ക് ഇപ്പോൾ നല്കിവരുന്ന പ്രതിമാസ ഓണറേറിയം എത്രയാണ്;

(ബി) ആശ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ;

(സി) ഓണറേറിയം പ്രതിമാസം പതിനായിരം രൂപയാക്കി നിശ്ചയിക്കണമെന്ന ആശാ വർക്കർമാരുടെ ആവശ്യം പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ) ആശ വർക്കർമാർക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ ഓണറേറിയം 1,000 രൂപയാണ്.

(ബി&സി) ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ജനനി ജന്മരക്ഷാ പദ്ധതി

101(801) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്യബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി ജന്മരക്ഷാ പദ്ധതി ആരംഭിച്ചത് എന്നാണ്, ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചു; എത്ര തുക വീതം വിതരണം ചെയ്തു;

(സി) പദ്ധതിയുടെ നടത്തിപ്പിൽ വൻക്രമക്കേടുകൾ നടന്നതായും അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഊർജ്ജിതമായി നടപ്പാക്കുന്നതിനും അർഹതപ്പെട്ടവർക്ക് സഹായം യഥാസമയം എത്തിച്ചുകൊടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2013 ജൂൺ മാസം ജനനി ജന്മരക്ഷ പദ്ധതി ആരംഭിച്ചു. കേരളത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുകയാണ് ജനനി ജന്മരക്ഷ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(ബി)

| വർഷം | ആരംഭിച്ചത് | ചെലവഴിച്ചത് |
|---|---|---|
| 2013-14 | 415 ലക്ഷം | 415 ലക്ഷം |
| 2014-15 | 150 ലക്ഷം | 150 ലക്ഷം |
| 2015-16 | 655 ലക്ഷം | 655 ലക്ഷം |

(സി) ജനനി ജന്മരക്ഷ പദ്ധതി പ്രകാരമുള്ള ധനസഹായം തപാൽ വകുപ്പുവഴി മണിയോഡർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് അയച്ചുനൽകിയിരുന്നത്. വിവിധ കാരണങ്ങളാൽ ടി തുക യഥാസമയം ലഭ്യമാകാതെ വന്നിട്ടുള്ളതായി

ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം മുതൽ പദ്ധതി അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന യഥാസമയം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പുതിയ മെഡിക്കൽ കോളേജിലെ അദ്ധ്യയനം**

102(802) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിൽ എന്ന് ക്ലാസ്സുകൾ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിൽ 2016-17 അദ്ധ്യയന വർഷം മുതൽ തന്നെ പ്രവേശനം സാധ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും അതനുസരിച്ച് എം.സി.ഐ.-യുടെ പരിശോധനകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എം.സി.ഐ.-യിൽനിന്നും ലെറ്റർ ഓഫ് പെർമിഷൻ (LOP) ലഭിച്ചാലുടൻ അഡ്മിഷൻ നടത്തി ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയും.

**പുതിയ മെഡിക്കൽ കോളേജുകൾ**

103(803) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ആസൂത്രണം ചെയ്ത കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി) മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത് ഏതെല്ലാം മേഖലകളിലാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ മെഡിക്കൽ കോളേജും സംബന്ധിച്ച നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുക എന്നുള്ളത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതിന്റെ ഭാഗമായിട്ടാണ് മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചത്. ഇതിൽ ഇടുക്കി, മഞ്ചേരി മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. പാലക്കാട് പട്ടികജാതി വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിച്ചു. കോന്നിയിലും തിരുവനന്തപുരത്തുമുള്ള പുതിയ മെഡിക്കൽ കോളേജുകളിൽ പ്രിൻസിപ്പൽമാരുടെ ഓഫീസുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജീവനക്കാരെ നിയമിച്ചു. 2016-17 അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് അനുമതിക്കായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് അപേക്ഷ സമർപ്പിച്ചു. മെഡിക്കൽ കൗൺസിലിന്റെ പരിശോധന കഴിഞ്ഞു. അനുമതി ലഭിച്ചാൽ ഈ വരുന്ന അദ്ധ്യയന വർഷത്തിൽ 100 എം.ബി.ബി.എസ്. സീറ്റുകൾ വീതം ലഭിക്കുന്നതാണ്. കാസർഗോഡ്, വയനാട്, മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്.

(ബി) സംസ്ഥാനത്ത് സർക്കാർ പുതുതായി ആരംഭിച്ചതും നിർമ്മാണ ത്തിലിരിക്കുന്നതുമായ മെഡിക്കൽ കോളേജുകളെല്ലാംതന്നെ സർക്കാർ മേഖലയിലാണ്. എന്നാൽ ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നിർമ്മിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) സർക്കാർ മേഖലയിലെ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് വിപുലമായ പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ മേഖലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന അഞ്ച് മെഡിക്കൽ കോളേജുകൾ കൂടാതെ മഞ്ചേരിയിലും ഇടുക്കിയിലും പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ സ്ഥാപിച്ച് ഇതിനോടകംതന്നെ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് പട്ടികജാതി വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിച്ചുകഴിഞ്ഞു. കൂടാതെ കോന്നിയിലും തിരുവനന്തപുരത്തും ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജി നാവശ്യമായ അഞ്ച് നിലയുള്ള അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ജനറൽ ആശുപത്രി കാമ്പസിൽ പുരോഗമിച്ചുവരുന്നു. അടുത്ത അദ്ധ്യയന വർഷം

ക്ലാസ്സുകൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത കോളേജ് തുടങ്ങുന്നതിന് പ്രാരംഭ ഘട്ടത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ജീവനക്കാരെയും നിയമിച്ചുകഴിഞ്ഞു. കോന്നി മെഡിക്കൽ കോളേജിനോട് അനുബന്ധമായുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിവരുന്നു. പ്രാരംഭഘട്ടത്തിനാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ ഇതിനോടകംതന്നെ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. മഞ്ചേരി ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 100 എം.ബി.ബി.എസ്. സീറ്റുകളിൽ പ്രവേശനം നടത്തി ക്ലാസ്സുകൾ പുരോഗമിച്ചുവരുന്നു. പ്രീക്ലിനിക്-പാരാക്ലിനിക് വിഭാഗങ്ങളുടെ പ്രവർത്തനം പൂർണ്ണതോതിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായി തസ്തികകൾ സൃഷ്ടിക്കുന്ന നടപടിയും സ്വീകരിച്ചുവരുന്നു. ഇടുക്കി ചെറുതോണി ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് താത്കാലിക കാമ്പസിൽ 50 എം.ബി.ബി.എസ്. സീറ്റിൽ പ്രവേശനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ കോളേജ് കെട്ടിടം പണിയുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പ്രസ്തുത കോളേജിന് പ്രാരംഭഘട്ടത്തിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചു. ആശുപത്രി കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. നിർമ്മാണം ഉടൻ ആരംഭിക്കും. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ 50 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു. ഇത്തരത്തിൽ എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജ് എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

## പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

104(804) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര പുതിയ സർക്കാർ മെഡിക്കൽ കോളേജുകളാണ് ആരംഭിച്ചത്;

(ബി) ആകെ എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് ഇവയിലൂടെ പുതുതായി ഉണ്ടായതെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 3 പുതിയ മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചു. കേപ്പ്-ന്റെ കീഴിലുള്ള എറണാകുളം മെഡിക്കൽ കോളേജ് പൂർണ്ണമായും സർക്കാരിന്റെ കീഴിലായി.

(ബി) 250 എം.ബി.ബി.എസ്. സീറ്റുകളാണ് പുതുതായി സൃഷ്ടിക്കപ്പെട്ടത്. കോളേജ് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മഞ്ചേരി മെഡിക്കൽ കോളേജ് | - | 100 |
| പാലക്കാട് മെഡിക്കൽ കോളേജ് | - | 100 |
| ഇടുക്കി മെഡിക്കൽ കോളേജ് | - | 50 |

(കൂടാതെ എറണാകുളം മെഡിക്കൽ കോളേജിലെ 100 സീറ്റുകളിലും മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം സാദ്ധ്യമായി.)

## മൈക്രോ ബയോളജി ലക്ചറർ നിയമനം

105(805) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മൈക്രോ ബയോളജി ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ;

(ബി) മൈക്രോ ബയോളജി ലക്ചറർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി ; വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളൊന്നുമില്ല.

(ബി) നിലവിലില്ല.

(സി) ബാധകമല്ല.

**ജില്ലാ/ജനറൽ ആശുപത്രികൾ-മെഡിക്കൽ കോളേജുകൾ**

106(806) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമ്പോൾ അവ പുതുതായി നിർമ്മിക്കുന്നതിന് പകരം, നിലവിലുള്ള ജില്ലാ/ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്നത് സർക്കാർ നയമാണോ; ദ്വിതീയ - തൃതീയ തലങ്ങളിലുള്ള ആശുപത്രികൾ വികസിപ്പിക്കാതെ ജില്ലാ/ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജാക്കുന്നത് രോഗികൾക്കുണ്ടാക്കുന്ന പ്രയാസങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി 177.68 കോടി പദ്ധതി ചെലവ് കണക്കാക്കിയ ഇടുക്കി മെഡിക്കൽ കോളേജ് സർക്കാർ നൽകിയ കണക്ക പ്രകാരം 8.36 കോടി രൂപ മാത്രം ചെലവഴിച്ചും, 165 കോടി ചെലവ് കണക്കാക്കിയ മഞ്ചേരി മെഡിക്കൽ കോളേജ് 25.4 കോടി രൂപ മാത്രം ചെലവഴിച്ചും 191 കോടി രൂപ ചെലവിടേണ്ട തിരുവനന്തപുരം സിറ്റി മെഡിക്കൽ കോളേജ് 3 കോടി മാത്രം ചെലവിട്ടും പ്രവർത്തനം ആരംഭിച്ചത് അടിസ്ഥാന സൗകര്യ വികസനം പര്യാപ്തമായതിന് ശേഷമായിരുന്നുവോ; ഇത്തരത്തിൽ ജനറൽ ആശുപത്രികളെ ബോർഡുമാറ്റി മെഡിക്കൽ കോളേജാക്കുന്നത് ആതുര ശുശ്രൂഷാ രംഗത്ത് എന്ത് നേട്ടം സംഭാവന ചെയ്യുമെന്ന് അറിയിക്കാമോ;

(സി) പുതുതായി നിർമ്മിക്കേണ്ട വയനാട് മെഡിക്കൽ കോളേജിന് തുകയൊന്നും ചെലവിടാതിരുന്നതും കാസർഗോഡ് മെഡിക്കൽ കോളേജിന് കേവലം 20 ലക്ഷം രൂപ മാത്രം ചെലവഴിച്ചതും എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി എത്ര ജനറൽ ആശുപത്രികൾ സ്ഥാപിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്ഥാപിച്ച പുതിയ മെഡിക്കൽ കോളേജുകളെല്ലാം പുതുതായി തന്നെയാണ് നിർമ്മിച്ചിട്ടുള്ളത്. എങ്കിലും എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയായി പ്രസ്തുത കോളേജുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാണ് തൊട്ടടുത്ത ജില്ല/ജനറൽ ആശുപത്രികളെ ടി മെഡിക്കൽ കോളേജുമായി ചേർത്തിട്ടുള്ളത്. എന്നാൽ ടി നടപടി താൽക്കാലികമാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി മെഡിക്കൽ കോളേജ് പ്രവർത്തിച്ചു തുടങ്ങുമ്പോൾ ജില്ലാ/ജനറൽ ആശുപത്രികളെ പ്രസ്തുത പദവിയിൽ നിലനിർത്തുന്നതിനാണ് സർക്കാരിന്റെ ഉദ്ദേശ്യം.

(ബി) ഇടുക്കി, മഞ്ചേരി, തിരുവനന്തപുരം പുതിയ മെഡിക്കൽ കോളേജുകൾക്ക് നാളിതുവരെ സർക്കാർ അനുവദിച്ചിട്ടുള്ള തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഓരോ മെഡിക്കൽ കോളേജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഏജൻസി നൽകുന്ന ബില്ലുകൾ പ്രകാരം പൂർത്തീകരിക്കപ്പെടുന്നവയ്ക്കാണ് തുക അനുവദിച്ചുനൽകുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയായി പുതിയ മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ തൊട്ടടുത്ത ജില്ലാ/ജനറൽ ആശുപത്രികളെ ടി മെഡിക്കൽ കോളേജുമായി ചേർക്കാറുണ്ട്.

(സി) വയനാട് മെഡിക്കൽ കോളേജിനുവേണ്ടി വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിലെ 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിന് തുകയൊന്നും ചെവായിട്ടില്ല. വയനാട് മെഡിക്കൽ കോളേജിന് വേണ്ടിയുള്ള അക്സസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ടി പണികൾക്കുവേണ്ടി പൊതുമരാമത്ത് വിഭാഗം നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 6,01,95,000 രൂപ സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ഡി) നെയ്യാറ്റിൻകര, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, ഇരിഞ്ഞാലക്കുട, തൃശ്ശൂർ, വടക്കാഞ്ചേരി, നിലമ്പൂർ എന്നീ ആശുപത്രികൾ ജനറൽ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. ആയതിന് പ്രത്യേകം തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നഴ്സിംഗ് കോളേജ് പ്രിൻസിപ്പലിനെ പിരിച്ചുവിട്ടതിന് വകുപ്പുതല അന്വേഷണം

107(807) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീമെറ്റിന്റെ കീഴിലുള്ള മലമ്പുഴ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഡോ. ജാനറ്റിനെ സർവ്വീസിൽനിന്നും പിരിച്ചുവിടാനുള്ള കാരണങ്ങൾ എന്തായിരുന്നു; വകുപ്പുതല അന്വേഷണത്തിന് ശേഷമാണോ പിരിച്ചുവിട്ടത്; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(സി) പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോ; കോടതി ഉത്തരവ് എന്തായിരുന്നു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) സീമെറ്റിന്റെ കീഴിലുള്ള മലമ്പുഴ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായി ഒരു വർഷ കരാർ വ്യവസ്ഥയിൽ ജോലി നോക്കിവന്ന ശ്രീമതി ജെ. ജാനറ്റിനെ പ്രിൻസിപ്പാൾ തസ്തികയിൽനിന്നും കരാർ കാലാവധി കഴിഞ്ഞപ്പോൾ പിരിച്ചു വിട്ടിരുന്നു. തെറ്റായ വിവരങ്ങൾ കാണിച്ച് ഇന്റർവ്യൂ ബോർഡിനെ തെറ്റിദ്ധരിപ്പിച്ചതിനും കരാർ വ്യവസ്ഥയുടെ ലംഘനം നടത്തിയതിനും നഴ്സിംഗ് കോളേജിലെ ജീവനക്കാരുടെയും രക്ഷകർത്താക്കളുടെയും നിരവധി പരാതികൾ പരിഗണിച്ചും ടിയാളുടെ ക്യാരക്ടർ ആന്റ് കോൺടക്ട് തൃപ്തികരമല്ലാത്തതിനാലും സിമെറ്റ് നടത്തിയ അന്വേഷണത്തിന് ശേഷവുമാണ് പിരിച്ചുവിട്ടത് എന്ന് സിമെറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ബി) നടത്തിയിരുന്നു. കേരള ഗവൺമെന്റ് സർവ്വീസിൽ ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ സ്റ്റാഫ് നഴ്സായി 10-7-1998 മുതൽ 13-7-2003 വരെ ജോലി നോക്കിയതായി മലപ്പുറം ഡി.എം.ഒ.-യുടെ റിപ്പോർട്ടിൽനിന്നും വ്യക്തമാണ്. കേരള സർക്കാർ സർവ്വീസിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്ത 5 വർഷകാലയളവ് മറച്ചുവയ്ക്കുകയും ആ കാലയളവിൽ തന്നെ 5 വർഷം അദ്ധ്യാപക പരിചയം ഉണ്ടെന്ന എം.വി. കോളേജിലെ സർട്ടിഫിക്കറ്റ് സിമെറ്റിലെ പ്രിൻസിപ്പൽ ഇന്റർവ്യൂവിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വേണ്ടിയുള്ള പ്രൊഫോർമയിൽ കാണിച്ച് ഇന്റർവ്യൂ ബോർഡിനെ തെറ്റിദ്ധരിപ്പിച്ച് ഉയർന്ന റാങ്ക് നേടിയാണ് പ്രിൻസിപ്പൾ ജോലി കരസ്ഥമാക്കിയതെന്ന് സിമെറ്റ്, അന്വേഷണത്തിൽ വ്യക്തമാക്കിയിരുന്നു എന്നും എന്നാൽ ശ്രീമതി ജാനറ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 10746/14 കേസിൽ വ്യാജ സർട്ടിഫിക്കറ്റും മറ്റും ഹാജരാക്കിയതുമായി ബന്ധപ്പെട്ട ആരോപണത്തിൽ കഴമ്പില്ലായെന്ന് ഹൈക്കോടതി കണ്ടെത്തിയിരുന്നതിനാൽ മേൽനടപടിക്ക് ശിപാർശ ചെയ്യുന്നില്ലെന്ന് വിജിലൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WPC No; 10746/14 ആയി ഒരന്യായം ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഈ വിഷയവുമായി ബന്ധപ്പെട്ട വിധിന്യായത്തിൽ ടിയാളെ സിമെറ്റിന്റെ സർവ്വീസിൽനിന്നും നീക്കം ചെയ്തത് (കരാർ അടിസ്ഥാനത്തിൽ ആയതിനാൽ) പുനഃപരിശോധി ക്കേണ്ടതില്ലെന്നും മറ്റും സൂചിപ്പിച്ചുകൊണ്ട് ഹർജി തള്ളിക്കളയുകയാണ് ചെയ്തത്. കോടതി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് നടപടികളൊന്നും സർക്കാർ സ്വീകരിക്കേണ്ടതായിട്ടില്ല.

## കൊയിലാണ്ടി താലൂക്കാശുപത്രിയിൽ സീനിയർ ദന്തൽ ഹൗസ് സർജൻസി

108(808) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ സീനിയർ ദന്തൽ ഹൗസ് സർജൻസിക്കുവേണ്ടി 2015 സെപ്റ്റംബർ മുതൽ 2016 ജനുവരി 20 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആരുടെയെല്ലാം അപേക്ഷകളായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ ഡി.എം.ഒ. വഴി ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിലേക്ക് അയച്ചുവെന്നും എന്നാണ് ഓരോ അപേക്ഷയും അയച്ചതെന്നും വ്യക്തമാക്കുമോ;

(സി) എത്രപേർക്ക് പ്രസ്തുത വിഭാഗത്തിൽ ഹൗസ് സർജൻസി ചെയ്യാൻ കഴിയുമെന്നും, ഇപ്പോൾ എത്രപേർ ചെയ്യുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും എന്നുമുതലാണ് ഓരോരുത്തരും പ്രസ്തുത പ്രവൃത്തി ആരംഭിച്ചതെന്നും വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) 4 അപേക്ഷകൾ ലഭിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡോ. അശ്വതി ആർ. കെ. | - | 4-6-2015 |
| ഡോ. നിഷിത സത്യനാഥൻ | - | 15-1-2016 |
| ഡോ. അനഘ എ. എസ്. | - | 15-1-2016 |
| ഡോ. പല്ലവി പി.വി. | - | 15-1-2016 |

(സി) പ്രസ്തുത വിഭാഗത്തിൽ ഒരേ സമയത്ത് 2 പേർക്ക് ഹൗസ് സർജൻസി ചെയ്യാൻ കഴിയും. ഇപ്പോൾ ഒരാൾ ചെയ്യുന്നുണ്ട്. ഡോ. റൂബി രാജ്, 14-9-2015 മുതൽ.

**കാസർഗോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ്**

109(809) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത് എന്നാണ്; തറക്കല്ലിടൽ വേളയിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2013 നവംബർ 30-നാണ് കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയും.

(ബി) കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി കാസർഗോഡ് പാക്കേജിൽപ്പെടുത്തി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ബഡ്ജറ്റുകളിൽ 10.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രി കെട്ടിടത്തിനായി നബാർഡിൽ നിന്നും 57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 20,07,00,000 രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. അതിൽ 6,01,95,000 രൂപ സ്പെഷ്യൽ ഓഫീസർക്ക് ടി കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകിക്കഴിഞ്ഞു.

## പാരിപ്പള്ളി മെഡിക്കൽ കോളേജ്

110(810) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇ.എസ്.ഐ.-യിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമാക്കുന്നതിനായി സർക്കാരും ഇ.എസ്.ഐ. കോർപ്പറേഷനും തമ്മിലുള്ള വ്യവസ്ഥകൾ സംബന്ധിച്ച വിശദ വിവരം നൽകുമോ;

(സി) ഇ.എസ്.ഐ. അംഗത്വമുള്ള തൊഴിലാളികൾക്ക് സുഗമമായ ചികിത്സ നല്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇ.എസ്.ഐ.സി.-യിലെ സ്റ്റാഫുകളെ മെഡിക്കൽ കോളേജിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അത് സംബന്ധിച്ച വിശദ വിവരം നല്കുമോ; പ്രസ്തുത ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) 1-12-2015-ലെ സ.ഉ. (കൈ) നമ്പർ 272/2015/ആ.കു.വ. പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു. മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം അനിവാര്യമാണ്. 2016-17 അദ്ധ്യയന വർഷം തന്നെ പ്രസ്തുത കോളേജിൽ മെഡിക്കൽ പ്രവേശനം സാധ്യമാക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കും പ്രകാരമുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചാലുടൻ പ്രസ്തുത കോളേജിൽ പ്രവേശനം നടത്താൻ കഴിയും.

(ബി&സി) ഇ.എസ്.ഐ. കോർപ്പറേഷനുമായി സർക്കാർ ഒപ്പുവച്ച ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജിലെ 35% M.B.B.S. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ കുട്ടികൾക്ക് മാത്രമായി മാറ്റിവച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ഏറ്റെടുത്ത പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിലെ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലെ അഡ്മിനിസ്ട്രേറ്റീവ്/മിനിസ്റ്റീരിയൽ/മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ സംസ്ഥാന സർവ്വീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരാൻ ധാരണയായിട്ടുണ്ട്. ഇത്തരം ജീവനക്കാർ ഇ.എസ്.ഐ. കോർപ്പറേഷനിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും (ശമ്പളം, അലവൻസുകൾ, പ്രൊമോഷൻ മുതലായവ) നഷ്ടപ്പെടാതെ തന്നെയായിരിക്കും ഇവരുടെ അന്യത്ര സേവന നിയമനം. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഓപ്ഷൻ നൽകുന്ന ജീവനക്കാർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ പാരിപ്പള്ളി മെഡിക്കൽ കോളേജിൽത്തന്നെ തുടരാവുന്നതാണ്. അല്ലാത്തപക്ഷം അവർക്ക് ഉചിതമായി നിയമനം ഇ.എസ്.ഐ. കോർപ്പറേഷൻ നൽകുന്നതാണ്.

## സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനം

111(811) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മെഡിക്കൽ കോളേജുകളാണ് സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാം;

(ബി) ഈ മെഡിക്കൽ കോളേജുകളിൽ സ്കാനിംഗിനും മറ്റും നിലവിലുള്ള സൗകര്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ചികിത്സാ സംവിധാനങ്ങളുടെയും പോരായ്മ സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ അദ്ധ്യയനം നടക്കുന്ന 9 മെഡിക്കൽ കോളേജുകൾ സർക്കാരിന്റെ ഉമടസ്ഥതയിൽ ഉണ്ട്. അവ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, മഞ്ചേരി, എറണാകുളം, പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള

പാലക്കാട് മെഡിക്കൽ കോളേജ് എന്നിവയാണ്. ഇതുകൂടാതെ ഇ.എസ്.ഐ. കോർപ്പറേഷന് കീഴിലുള്ള പാരിപ്പള്ളി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന കോന്നി മെഡിക്കൽ കോളേജും തിരുവനന്തപുരം ജി.എച്ച്. ക്യാമ്പസ് മെഡിക്കൽ കോളേജും സർക്കാർ ഉമസ്ഥതയിലുള്ളവയാണ്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സ്കാനിംഗിനുവേണ്ടി അൾട്രാ സൗണ്ട് സ്കാനർ, സി.റ്റി. സ്കാനർ, എം.ആർ.ഐ. തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു എം.ആർ.ഐ. സ്കാനറും രണ്ട് സി.റ്റി. സ്കാനറും വാങ്ങാനുള്ള നടപടികൾ നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 16 സ്ലൈസ് സി.റ്റി. സ്കാനർ വാങ്ങാനുള്ള നടപടികളും പുരോഗമിക്കുന്നു. മറ്റ് മെഡിക്കൽ കോളേജുകളിലും എച്ച്.എൽ.എൽ.-ലുമായി സഹകരിച്ച് കൂടുതൽ എം.ആർ.ഐ. സ്കാനറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.

## രാത്രികാല പോസ്റ്റ്മോർട്ടം

112(812) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് ഇറങ്ങിയതെന്നും എത്ര ആശുപത്രികളിൽ ഇതനുസരിച്ച് രാത്രി പോസ്റ്റ്മോർട്ടം നടന്നിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് സ്റ്റേ ചെയ്തതെന്നും ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് വിദഗ്ധരുടെ എത്ര തസ്തികകളുണ്ടെന്നും ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ; ഈ ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) GO (MS) No. 51/2013/Home dated 23-2-2013, GO(MS) No. 239/2015/H&FWD dated 26-10-2015 എന്നീ ഉത്തരവുകൾ പ്രകാരമാണ് രാത്രികാല പോസ്റ്റ്മോർട്ടം ഉത്തരവായിട്ടുള്ളത്. എന്നാൽ മെഡിക്കൽ കോളേജുകളിൽ ഇത് പ്രാവർത്തികമാക്കിയിട്ടില്ല. സ്റ്റാഫിന്റേയും ഇൻഫ്രാസ്ട്രക്ചറിന്റേയും അഭാവമാണ് രാത്രികാല പോസ്റ്റ്മോർട്ടം നടപ്പാക്കാതിരിക്കാനുള്ള കാരണം.

(ബി) പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കിയ GO (MS) No.239/2015/H&FWD 26-10-2015 ഉത്തരവിനെതിരെ കേരള മെഡിക്കോ-ലീഗൽ സൊസൈറ്റി സെക്രട്ടറി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) No. 33874/2015(H) നമ്പർ റിട്ട് ഫയൽ ചെയ്തതിനെത്തുടർന്നാണ് പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തത്. പ്രസ്തുത കേസിൽ സർക്കാരിനുവേണ്ടി ഹാജരാകാൻ അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിലായി 55 തസ്തികകൾ ഉണ്ട്. അതിൽ 19 തസ്തികകളിൽ ഒഴിവുണ്ട്. സ്ഥാനക്കയറ്റം നടത്തി നിയമിക്കാനുള്ള തസ്തികകൾ ഡി.പി.സി. വഴി സ്ഥാനക്കയറ്റം നടത്താനും പ്രവേശന തസ്തികകൾ പി.എസ്.സി. വഴി നികത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**എൻ.ആർ.എച്ച്.എം.-ന് കീഴിൽ പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ**

113(813) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എൻ.ആർ.എച്ച്.എം. ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് 2013-ൽ നിലവിൽ വന്നതിന് ശേഷം നാളിതുവരെയും നിയമനങ്ങളൊന്നും നടത്താത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ പുതിയതായി എൻ.ആർ.എച്ച്.എം. താത്കാലിക ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 25-ഓളം പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അപേക്ഷ സമർപ്പിച്ച് 2 വർഷം കഴിഞ്ഞിട്ടും ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം.-ന് കീഴിൽ പുതിയതായി ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നിലവിൽ എല്ലാ പഞ്ചായത്തുകളിലും സർക്കാർ/ എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. പുതിയ സ്ഥാപനങ്ങൾ തുടങ്ങാത്തതിനാലാണ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ കഴിയാത്തത്.

(ബി) ടി പഞ്ചായത്തുകളിൽ എല്ലാംതന്നെ സർക്കാർ/എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. ആയതിനാലാണ് പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾക്ക് അനുമതി നൽകാത്തത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 ആയുർവ്വേദ ഡിസ്പെൻസറികൾ എൻ.ആർ.എച്ച്.എം.-ന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. (തിരുവനന്തപുരം- 4, കോട്ടയം-4, മലപ്പുറം-1, കോഴിക്കോട്-3, എറണാകുളം-1, തൃശ്ശൂർ-2)

**പരിയാരം സർക്കാർ ആയുർവ്വേദ കോളേജ്**

114(814) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്; ഏതൊക്കെ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിയാരം ആയുർവ്വേദ കോളേജിൽ അടിസ്ഥാന സൗകര്യവികസനത്തിനായി ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; അവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(സി) പരിയാരം ആയുർവ്വേദ കോളേജിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്; ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ താഴെപ്പറയുന്ന കോഴ്സുകളാണ് നിലവിലുള്ളത്.

ബി.എ.എം.എസ്.-40 സീറ്റുകൾ

<u>പി.ജി. കോഴ്സുകൾ</u> :

1. രോഗനിദാന - 5 സീറ്റുകൾ

2. ക്രിയാശരീര - 5 സീറ്റുകൾ

<u>പാരാ മെഡിക്കൽ കോഴ്സുകൾ</u> :

ആയുർവ്വേദ തെറാപ്പിസ്റ്റ് 40 സീറ്റുകൾ

രസശാസ്ത്ര & ഭൈഷജ്യകൽപ്പന (4 സീറ്റുകൾ),

ശല്യതന്ത്ര-അസ്ഥിസന്ധി ഏവം മർമ്മാഘാതം (4 സീറ്റുകൾ) എന്നീ വിഷയങ്ങളിൽ പുതുതായി പി.ജി. തുടങ്ങുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിയാരം ആയുർവ്വേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 1. പരിയാരം ആയുർവ്വേദ കോളേജിൽ പ്രൊഫസർ തസ്തികയിൽ 2 ഒഴിവുകളുണ്ടായിരുന്നു. 17-12-2015-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 76/15/ആയുഷ് ഉത്തരവ് പ്രകാരം ടി ഒഴിവുകൾ നികത്തിയിട്ടുണ്ട്.

2. അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 3 ഒഴിവുകളുണ്ട്. ആയതിൽ ഒരൊഴിവ് മേൽ പരാമർശം ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

3. എൻട്രി കേഡറിൽ 3 ഒഴിവുകൾ ഉണ്ട്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആയുർവ്വേദ, സിദ്ധ ചികിത്സാ മേഖലകൾക്ക് പ്രാമുഖ്യം

115(815) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നീര' കരൾ രോഗമുൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് പ്രതിവിധിയാണെന്ന ബംഗലൂരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കണ്ടെത്തൽ ചികിത്സാരംഗത്ത് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, ചെലവ് കുറവുള്ളതും ജൈവ സമ്പത്ത് ഉപയോഗപ്പെടുത്തിയുള്ളതുമായ ആയുർവ്വേദ, സിദ്ധ തുടങ്ങിയ ചികിത്സാ മേഖലകൾക്ക് മോഡേൺ മെഡിസിനൊപ്പം പ്രാധാന്യം നൽകുകയും പ്രസ്തുത വിഭാഗങ്ങളിലെ ഗവേഷണ പഠനങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) 'നീര' കരൾ രോഗമുൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രതിവിധിയാണെന്ന ബംഗലൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ

116(816) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്തിലും ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിച്ച് സമ്പൂർണ്ണ ആയുർവ്വേദ കേന്ദ്ര സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുമെന്ന പ്രഖ്യാപനം ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഓരോ ബഡ്ജറ്റിലും ഇതിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 815 ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. എല്ലാ പഞ്ചായത്തിലും ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിച്ച് സമ്പൂർണ്ണ ആയുർവ്വേദ കേന്ദ്ര സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 25 പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 50 ലക്ഷം | 50 ലക്ഷം |
| 2013-14 | 50 ലക്ഷം | 50 ലക്ഷം |
| 2014-15 | 70 ലക്ഷം | പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കാത്തതിനാൽ 21.30 ലക്ഷം രൂപ കരൾരോഗ മുക്തി പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിച്ചു. |

2015-16 സാമ്പത്തിക വർഷം പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ബ്രാൻഡഡ് മരുന്നുകൾക്ക് പകരം ജനറിക് മരുന്നുകൾ**

117(817) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ ബ്രാൻഡഡ് മരുന്നുകൾക്ക് പകരം ജനറിക് മരുന്നുകൾ എഴുതണമെന്ന ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥാപന മേധാവികളും ജില്ലാതല സംസ്ഥാനതല ഉദ്യോഗസ്ഥരും ഇക്കാര്യം പരിശോധിക്കാറുണ്ട്. അവലോകന യോഗങ്ങളിൽ ഇക്കാര്യം കർശനമായി നിർദ്ദേശിക്കാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾതന്നെ എഴുതണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരവും (ഉത്തരവ് നമ്പർ എം.എസ്. എ 2/68360/ആവഡ തീയതി 19-10-2012) സർക്കാർ ഉത്തരവ് പ്രകാരവും (ജി.ഒ (ആർ.റ്റി.) നമ്പർ 1895/2014/ആകുവ തീയതി 9-6-2014), 27-11-2015-ലെ 13305/എഫ്1/15/ആകുവ. നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജൻ ഔഷധ സെന്ററുകൾ**

118(818) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഏതെങ്കിലും ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതുപ്രകാരം മരുന്നുകൾക്ക് എത്ര ശതമാനം വരെ വില കുറച്ച് നൽകാൻ കഴിയും എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ജില്ലാ-താലൂക്കാശുപത്രികളിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ തലത്തിൽ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടില്ല. 'ജൻ ഔഷധ സെന്ററുകൾ' തുടങ്ങാനുള്ള ഓപ്പറേറ്റിംഗ് ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് G.O.(Rt) No.2190/15/H &FWD തീയതി 14-7-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ സാധാരണക്കാരായ രോഗികൾക്ക് (ആദായ നികുതിദായകരൊഴികെ എല്ലാവർക്കും) ആശുപത്രി ഫാർമസികൾവഴി സൗജന്യമായും കാരുണ്യ, കമ്മ്യൂണിറ്റി ഫാർമസികൾ വഴി കുറഞ്ഞ നിരക്കിലും ഗുണനിലവാരമുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്.

(സി) ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളിൽ ആകെയുള്ള 361 ഇനം മരുന്നുകളിൽ 143 എണ്ണവും നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2015-16 വർഷത്തെ സൗജന്യ വിതരണത്തിനുള്ള

അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് മാത്രമല്ല, ഇവയിൽ 131 ഇനം മരുന്നുകളുടെ വില ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളേക്കാൾ കുറവാണ്. ഇതുകൂടാതെ, വ്യത്യസ്ത വീര്യത്തിലും സ്പെസിഫിക്കേഷനിലുമായി 73 എണ്ണം മരുന്നുകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2015-16 വർഷത്തെ സൗജന്യ വിതരണത്തിനുള്ള അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. അതായത്, ആകെ 216 ഇനം മരുന്നുകൾ ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളായി നിലവിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഇത് ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ആകെ 60% വരും.

(ഡി) കേന്ദ്ര സർക്കാർ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നവർ അപേക്ഷിച്ചാൽ ജില്ലാ-താലൂക്കാശുപത്രികളിൽ സ്ഥാപനത്തിന്റെ ആവശ്യാനുസരണം ജൻ ഔഷധി സെന്ററുകൾ തുടങ്ങുവാൻ നിയമവിധേയമായി അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അവശ്യമരുന്നുകളുടെ ലഭ്യത**

119(819) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലപ്പോഴും അവശ്യ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ലഭ്യമാക്കുവാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും അവശ്യ മരുന്നുകൾ വാർഷിക ഇൻഡന്റ് അനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ജില്ലാ വെയർഹൗസുകളിൽ അവശ്യമരുന്നുകളുടെ കരുതൽ സ്റ്റോക്ക് സൂക്ഷിക്കുന്നുമുണ്ട്. അവശ്യമരുന്ന് ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാൻസർ രോഗ ചികിത്സയ്ക്കുപയോഗിക്കുന്ന 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായുള്ള ഇ-ടെണ്ടറുകൾ 2015 ജനുവരി 8-ന് ക്ഷണിക്കുകയും അതിൽ വിതരണക്കാരെ ലഭിക്കാത്തതും ദേശീയ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച

വിലയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്തിരുന്ന മരുന്നുകളും ഉൾപ്പെടെയുള്ളവയ്ക്ക് 2015 ജൂൺ മാസം റീ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അതനുസരിച്ച് നടപ്പുസാമ്പത്തിക വർഷം വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെയുള്ള മറ്റെല്ലാ മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും ഇൻഡന്റ് അനുസരിച്ച് ആശുപത്രികൾക്ക് വിതരണം നടത്തിവരുന്നു.

## ഓൺലൈൻ ഇൻഡന്റ് സംവിധാനം

120(820) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായി വരുന്ന മരുന്നിന്റെ പട്ടിക ആശുപത്രികൾ ഓൺലൈനായി സമർപ്പിക്കേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) നിലവിലെ ഓൺലൈൻ ഇൻഡന്റ് സംവിധാനത്തിന് എന്തെങ്കിലും അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം സുതാര്യവും സുഗമവും ആക്കുന്നതിന് കുറ്റമറ്റ ഓൺലൈൻ ഇൻഡന്റ് സംവിധാനം തുടർന്നും ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) 2013-14 വർഷത്തിൽ ഓൺലൈൻ ഇൻഡന്റ് സംവിധാനം ഏർപ്പെടുത്തിയെങ്കിലും സമർപ്പിത രേഖകളിൽ കൃത്യതയില്ലായ്മ ശ്രദ്ധയിൽപ്പെട്ടതിനാൽ നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും മേലൊപ്പ് രേഖപ്പെടുത്തി നൽകുന്ന വാർഷിക ഇൻഡന്റാണ് മരുന്ന് ശേഖരണത്തിനും വിതരണത്തിനും അവലംബമായി എടുക്കുന്നത്.

(ബി) കുറ്റമറ്റ രീതിയിൽ ഇൻഡന്റ് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഓൺലൈൻ സോഫ്റ്റ്‌വെയറിന് രൂപം നൽകിവരികയാണ്.

(സി) 2016 ഏപ്രിൽ മാസം 1 മുതൽ ജില്ലാതല മരുന്ന് സംഭരണശാലയിൽ നിന്നും മരുന്ന് വിതരണം ഉറപ്പാക്കുന്നതു മുതൽ അടുത്ത വർഷത്തെ വാർഷിക ഇൻഡന്റ് സ്വീകരിക്കുന്നതുവരെയുള്ള മുഴുവൻ വിവരങ്ങളും ഏകോപിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ എടുത്തുവരുന്നത്.

**സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ മരുന്ന് വിതരണം**

121(821) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മരുന്ന് വിതരണം മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ലിവർ സീറോസിസ്, കാൻസർ, പേവിഷബാധയ്ക്കുള്ള പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ നിരവധി രോഗങ്ങൾക്കുള്ള മരുന്നുകൾ മെഡിക്കൽ കോളേജാശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശുപത്രികളിൽ എത്തുന്ന രോഗികളുടെ വർദ്ധനയ്ക്കനുസരിച്ച് അനുവദിക്കുന്ന മരുന്നുകളുടെ അളവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) എണ്ണത്തിൽ, പഠനത്തിന്റെ അടിസ്ഥാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആശുപത്രികളിലെത്തുന്ന രോഗികളുടെ വർദ്ധനവ് അനുസരിച്ച് മുൻ സാമ്പത്തിക വർഷത്തെക്കാളും 20% വർദ്ധിപ്പിച്ച ഇൻഡന്റാണ് തുടർന്ന് വരുന്നത്.

**ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിപണനം**

122(822) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നും ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൊണ്ടുവന്ന് വിതരണം ചെയ്യുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഇത്തരം പരിശോധനകൾ കർശനമായി നടത്തുന്നുണ്ടോയെന്ന കാര്യം വിലയിരുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്ന മരുന്നുകളുടെ അളവും മറ്റ് മെഡിക്കൽ ഷോപ്പുകൾ വഴി വിപണനം ചെയ്യുന്ന അളവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആശുപത്രി

ഫാർമസികൾ വഴി വിപണനം ചെയ്യുന്ന മരുന്നുകളുടെ വിഹിതം ആകെയുള്ളതിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(ഡി) ഡോക്ടർമാർ നിർദ്ദേശിക്കാത്ത പ്രൊപ്പഗാൻഡ മരുന്നുകൾ കമ്പനികൾ കച്ചവടക്കാരെ സ്വാധീനിച്ച് ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ മരുന്ന് വിപണിയിൽ പ്രതിവർഷം 6,000 കോടി രൂപയുടെ മരുന്നുകൾ വിപണനത്തിനായി എത്തുന്നു എന്നാണ് ശരാശരി കണക്ക്. ഇവയിൽ നല്ലൊരു ശതമാനവും (98%) അന്യസംസ്ഥാനങ്ങളിൽ (ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, ഉത്തരാഖണ്ഡ്, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ) നിന്നാണ്. അവശേഷിക്കുന്ന ശതമാനം കേരളത്തിലെ മരുന്ന് നിർമ്മാണ യൂണിറ്റുകളിൽ നിന്നാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമപ്രകാരം ലൈസൻസ് വ്യവസ്ഥകൾക്കും ഗുഡ് മാനുഫാക്ച്ചറിംഗ് പ്രാക്ടീസ്, ഗുഡ് ലബോറട്ടറി പ്രാക്ടീസ് എന്നീ മാനദണ്ഡങ്ങൾക്കും വിധേയമായാണ് ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റികൾ മരുന്ന് നിർമ്മാണത്തിനായി ലൈസൻസുകൾ അനുവദിക്കുന്നത്. ഇത്തരത്തിൽ കേരളത്തിലെത്തുന്ന മരുന്നുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി വളരെ ശക്തമായ മരുന്നുവിതരണ ശൃംഖലയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. അന്യസംസ്ഥാനത്ത് നിന്ന് ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൊണ്ടുവന്ന് വിതരണം ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന വിപണിയിൽ വിതരണം ചെയ്യുന്നതും ഗവൺമെന്റ്/ സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതുമായ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ അവയുടെ റാന്റം സാമ്പിളുകൾ ശേഖരിച്ച് വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വകുപ്പിന് കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ (തിരുവനന്തപുരം, എറണാകുളം) അയയ്ക്കുന്നുണ്ട്. ഇത്തരത്തിൽ പ്രതിവർഷം ഇപ്പോൾ 6000 മരുന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിൽ വളരെ തുച്ഛമായ ശതമാനം മരുന്ന് മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നത്. ഇത്തരത്തിൽ വിവിധ കാരണങ്ങളാൽ (ഇംപ്രോപ്പർ സ്റ്റോറേജ്/ട്രാൻസ്പോർട്ടേഷൻ) ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നവയിൽ ഗുരുതരമായ വീഴ്ചകൾക്ക് നിർമ്മാതാവിനെതിരെ നിയമനടപടികളും മൈനർ വീഴ്ചകൾക്ക് മരുന്നുനിർമ്മാണ ലൈസൻസ് സസ്പെൻഷൻ, റദ്ദാക്കൽ എന്നീ വകുപ്പുതല നടപടികൾക്കായി ബന്ധപ്പെട്ട അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരോട് ശിപാർശ ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾവഴി വിപണനം ചെയ്യുന്നതും മെഡിക്കൽ ഷോപ്പുകൾവഴി വിപണനം ചെയ്യുന്നതുമായ മരുന്നുകൾ സംബന്ധിച്ച താരതമ്യ പഠനം നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആയുഷ് പദ്ധതി**

123(823) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട എത്ര ഹോമിയോ ഡോക്ടർമാർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) ആയുഷ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉത്തരം

(എ &ബി) പ്രസ്തുത പേരിൽ ഒരു പദ്ധതി നിലവിലില്ല.

**ശബരിമല മാസ്റ്റർ പ്ലാൻ**

124(824) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ശബരിമലയുടേയും ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടേയും സമഗ്ര വികസനമാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. പദ്ധതിയുടെ

പൂർത്തീകരണത്തോടെ ശബരിമല പരിപാവനമായ ഒരു കാനന ക്ഷേത്രമായി നിലനിർത്തിക്കൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വികസന പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

(സി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങളിലായി നാളിതുവരെ 65.32 കോടി രൂപ ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നൽകിയിട്ടുണ്ട്. ഒപ്പം ഓരോ ഘട്ടത്തിലുമുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും കാര്യക്ഷമമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ

125(825) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെയെന്നും എത്ര തുക വീതമാണ് ചെലവായത് എന്നും വ്യക്തമാക്കുമോ;

(ബി) സന്നിധാനത്ത് നിർമ്മിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കഴിഞ്ഞ സീസണിൽ പ്രയോജനപ്രദമായില്ലെന്നും, നിർമ്മാണത്തിൽ വന്ന ഗുരുതരമായ വീഴ്ചമൂലം പ്ലാന്റ് അടച്ചിടേണ്ടതാണെന്നുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലിനീകരണ നിയന്ത്രണ ബോർഡ് ഇത് സംബന്ധിച്ച് ആശങ്കകൾ അറിയിച്ചിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) എന്തൊക്കെ പദ്ധതികളാണ് അടുത്ത സീസണു മുൻപായി പൂർത്തീകരിക്കാനുള്ളത് ; ഇവയ്ക്കായി എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത്; നിർമ്മാണം ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ 2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുൻകൂട്ടിക്കണ്ടുകൊണ്ട് തയ്യാറാക്കിയ പദ്ധതിയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ശബരിമല മാസ്റ്റർ പ്ലാനിന്റെ നടത്തിപ്പിനായി രൂപീകരിച്ച ഉന്നതാധികാര സമിതി ചേർന്നാണ് മാസ്റ്റർ പ്ലാനിന് വിധേയമായി പദ്ധതികൾക്ക് അംഗീകാരം നൽകി വരുന്നത്. നിലവിൽ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ

പദ്ധതികളുടേയും അതിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാനുള്ളവയുടേയും പൂർത്തീകരിച്ച പദ്ധതികൾക്കായി ചെലവഴിച്ച തുകയേയും സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സന്നിധാനത്ത് നിർമ്മിച്ച പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അടക്കമുള്ള എഞ്ചിനീയർമാർ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരായ ശാസ്ത്രജ്ഞൻമാർ എന്നിവർ പരിശോധിച്ചതിൽ നിർമ്മാണത്തിൽ ഒരു പോരായ്മയും ചൂണ്ടി കാണിച്ചിട്ടില്ല. കൂടാതെ പ്ലാന്റ് സീസൺ സമയത്ത് അടച്ചിടേണ്ട സാഹചര്യവുമുണ്ടായിട്ടില്ല.

(സി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഈ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ പുതിയ ടെസ്റ്റിംഗ് ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ ഉന്നതാധികാര സമിതി തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു.*

**ദേവസ്വം ബോർഡുകളുടെ ചുമതലകൾ**

126(826) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ദേവസ്വം ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഓരോ ദേവസ്വം ബോർഡിനും എത്ര തുക വീതം നൽകി എന്ന് വിശദമാക്കാമോ;

(സി) ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വരുമാനം സർക്കാർ ഏറ്റെടുക്കാറുണ്ടോ; വിശദവിവരം അറിയിക്കാമോ;

(ഡി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ഉത്സവങ്ങൾക്കുംവേണ്ടി ഈ സർക്കാരിന്റെ കാലത്ത് ഖജനാവിൽ നിന്നും തുക ചെലവയിട്ടുണ്ടോ; വ്യക്തമായ വിവരം നല്കാമോ ;

(ഇ) കേരളത്തിൽ ചെലവിനേക്കാൾ കൂടുതൽ വരുമാനം ഉള്ള എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും മിച്ചമുള്ള തുക എന്തിന് ചെലവഴിക്കുമെന്നും അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ദേവസ്വം ബോർഡുകളുടെ കീഴിൽവരുന്ന ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളും ഉത്സവങ്ങളും പൂജാവിധികളും മുടക്കം കൂടാതെ നടക്കുന്നുണ്ടെന്നുറപ്പുവരുത്തുക, ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, ക്ഷേത്രങ്ങളുടെ സ്ഥാവര-ജംഗമ വസ്തുക്കളുടെ സംരക്ഷണം ഉറപ്പാക്കുക, ഫണ്ടുകളുടെ വിനിയോഗം ശരിയാംവണ്ണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, ക്ഷേത്രം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ച് നടപ്പിലാക്കുക എന്നിവയാണ് ദേവസ്വം ബോർഡുകളുടെ പ്രധാന ചുമതലകൾ.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 2011-12-ൽ 19.8 കോടി രൂപയും 2012-13-ൽ 22.49 കോടി രൂപയും 2013-14-ൽ 17.1680 കോടി രൂപയും 2015-16-ൽ ഇതേവരെ 12 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റ് ദേവസ്വങ്ങൾക്കൊന്നുംതന്നെ ഗ്രാന്റ് അനുവദിച്ച് നൽകുന്നില്ല. എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ഭരണഘടന പ്രകാരമുള്ള കോൺട്രിബ്യൂഷൻ നൽകിവരുന്നുണ്ട്. നിലവിൽ ഇത് യഥാക്രമം 80 ലക്ഷവും 20 ലക്ഷവും വീതമാണ്.

(സി) ഇല്ല.

(ഡി) തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ചൊവ്വല്ലൂർ ശിവക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി 4 ലക്ഷം രൂപയും മലപ്പുറം ജില്ലയിലെ ചമ്രവട്ടം ശ്രീ അയ്യപ്പക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിനായി 5 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മലബാർ ദേവസ്വം ബോർഡ് മലബാറിലുള്ള ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണത്തിന് പ്രതിവർഷം 5 കോടിയിൽപ്പരം രൂപ ധനസഹായം നൽകി വരുന്നുണ്ട്.

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള 130 ക്ഷേത്രങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള 3 ക്ഷേത്രങ്ങളിലും ഗുരുവായൂർ ക്ഷേത്രത്തിലും ചെലവിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുന്നു. ടി ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന അധിക വരുമാനം അതാത് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വരവുകുറഞ്ഞ മറ്റ് ക്ഷേത്രങ്ങളുടെ നടത്തിപ്പിനായി ഉപയോഗിക്കുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ദൈനംദിന ഭരണവും വരവ്-ചെലവുകളുടെ നടത്തിപ്പും അതാത് ക്ഷേത്ര ഭരണാധികാരികളാണ് നടത്തിവരുന്നത്. മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ഫണ്ട് നേരിട്ട് കൈകാര്യം ചെയ്യുന്നില്ല. ടി ബോർഡിന് കീഴിലുള്ള 62 ക്ഷേത്രങ്ങളിൽ ചെലവിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുന്നുണ്ട്.

**കവലയൂർ മഹാദേവ ക്ഷേത്രക്കുളം**

127(827) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ നവീകരിക്കാൻ അനുവദിച്ച തുക ചെലവഴിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥിതിവിശേഷത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കവലയൂർ മഹാദേവക്ഷേത്രക്കുളം നവീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വിശദമാക്കാമോ?

ഉത്തരം

(എ) ക്ഷേത്രക്കുള നവീകരണത്തിനായി സർക്കാരിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ച തുക ഉപയോഗപ്പെടുത്തി തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ വരുന്ന പാൽക്കുളങ്ങര ക്ഷേത്രക്കുളം നവീകരിച്ചു കഴിഞ്ഞതായും ശ്രീ. സുബ്രഹ്മണ്യക്ഷേത്രക്കുളം (തിരുവനന്തപുരം ഗ്രൂപ്പ്), കുളങ്ങര ക്ഷേത്രക്കുളം (ഉള്ളൂർ ഗ്രൂപ്പ്), വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രക്കുളം (വർക്കല ഗ്രൂപ്പ്) എന്നിവയുടെ നവീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) കവലയൂർ മഹാദേവ ക്ഷേത്രക്കുളം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി നൽകിയ അപേക്ഷ ലഭ്യമായിട്ടുണ്ട്. ഫയൽ നമ്പർ 84530/ദേവ 2/2015/ആർഡി ആണ്. പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശിപാർശകൂടി ലഭ്യമായാൽ മാത്രമേ അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളൂ. കുളങ്ങളുടെയും കാവുകളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി 1 കോടി രൂപ മാത്രമേ 2015-16 സാമ്പത്തിക വർഷം വകയിരുത്തി നൽകിയിട്ടുള്ളൂ. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കൂടുതൽ തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിച്ചെങ്കിൽ മാത്രമേ ഓരോ ദേവസ്വങ്ങൾക്കും ടി പദ്ധതിക്കായി തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ.

## കാവുകളുടെ സംരക്ഷണം

128(828) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളുടെ സംരക്ഷണത്തിന് ദേവസ്വം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും പാരിസ്ഥിതികവും സാമൂഹ്യവുമായ പ്രാധാന്യം കണക്കിലെടുത്ത് അവ സംരക്ഷിക്കുന്നതിലൂടെ ജീവജാലങ്ങളുടേയും മനുഷ്യരുടേയും നിലനിൽപ്പ് ഭദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണത്തിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ടി പദ്ധതി പ്രകാരം 2014-15 വർഷത്തിൽ 10 കോടി രൂപ അനുബന്ധം 1-ൽ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുനൽകിയിട്ടുണ്ട്.*

## ശബരിമലയിലെ വരുമാനം

129(829) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡലകാലത്ത് ശബരിമലയിൽ മുൻവർഷങ്ങളിൽ നിന്നും എത്ര കോടി രൂപയുടെ വരുമാനക്കുറവ് ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) വരുമാനക്കുറവ് ഉണ്ടാകാൻ എന്തെല്ലാം കാരണങ്ങളാണ് ഉണ്ടായതെന്ന കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മണ്ഡലകാലത്തേതല്ലാത്ത മറ്റ് മാസങ്ങളിൽ ശബരിമലയിലെ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ മണ്ഡലകാലത്തെ അപേക്ഷിച്ച് ഈ വർഷത്തെ മണ്ഡലകാലത്തിൽ 11,05,95,697 (പതിനൊന്നുകോടി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ) രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) ചെന്നൈയിൽ പ്രളയദുരന്തമുണ്ടായതിനാൽ തമിഴ്നാട്ടിൽനിന്നും മറ്റ് അയൽ സംസ്ഥാനങ്ങളിൽനിന്നുമുള്ള അയ്യപ്പഭക്തരുടെ വരവ് കുറഞ്ഞത് കാരണമാകാം വരുമാനത്തിൽ കുറവ് വന്നിട്ടുള്ളത് എന്നാണ് അനുമാനിക്കുന്നത്. ഇതുസംബന്ധിച്ച് പ്രത്യേക പഠനമൊന്നും ഔപചാരികമായി നടത്തിയിട്ടില്ല.

(സി) കുറവുണ്ടാകാറുണ്ട്.

**ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് ധനസഹായം**

130(830) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് പ്രതിമാസം നൽകുന്ന ധനസഹായങ്ങൾക്കുള്ള അപേക്ഷ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് പുതുതായി ധനസഹായത്തിനുവേണ്ടി അപേക്ഷ സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി സർക്കാരിൽ ലഭ്യമായ അപേക്ഷകൾ തുടർനടപടികൾക്കായി മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലേയ്ക്കായി ബഡ്ജറ്റിൽ ഒരു കോടി രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിച്ചാൽ മാത്രമേ പുതിയ അപേക്ഷകൾ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി**

131(831) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-8-2015-ന് ഉദ്ഘാടനം ചെയ്ത കണ്ണൂർ ജില്ലയിലെ മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; കോഴ്സുകൾ എപ്പോൾ ആരംഭിക്കും;

(ബി) പ്രസ്തുത അക്കാദമിയുടെ സുഗമമായ പ്രവർത്തനത്തിന് നടപ്പ് സാമ്പത്തിക വർഷം ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ക്ഷേത്രകലാ അക്കാദമിയിൽ വാദ്യത്തിന് പാർട്ട്ടൈം കോഴ്സ് ആരംഭിക്കുന്നതിന് 8-1-2016-ലെ മലബാർ ദേവസ്വം ബോർഡ് യോഗതീരുമാന പ്രകാരം ദേവസ്വം ബോർഡ് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിക്കുന്നതിലേക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

**മാടായിപ്പാറയിൽ ഫയർ സ്റ്റേഷന് സ്ഥലം അനുവദിക്കൽ**

132(832) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി കേന്ദ്രീകരിച്ച് മാടായിപ്പാറയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി തിരുവർക്കാട്ട് കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം ഫയർഫോഴ്സ് വകുപ്പിന് കൈമാറുന്നതിന് ദേവസ്വം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വേനൽക്കാലത്ത് ഇടക്കിടെ മാടായിപ്പാറയിൽ ഉണ്ടാകുന്ന തീപിടുത്തം കണക്കിലെടുത്ത് ദേവസ്വം വകുപ്പ് ഇതിനാവശ്യമായ അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) മലബാർ ദേവസ്വംബോർഡിന് കീഴിലെ ദേവസ്വം ഭൂമി അതത് ദേവസ്വങ്ങൾക്കുതന്നെ അവകാശപ്പെട്ടതും ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തി-

ലുള്ളതുമാണ്. മാടായിപ്പാറയിൽ ഫയർ സ്റ്റേഷൻ രൂപീകരിക്കുന്നതിന് ക്ഷേത്രഭൂമി വിട്ടുനൽകേണ്ടതില്ലെന്ന് മലബാർ ദേവസ്വം ബോർഡ് തീരുമാന മെടുത്തിട്ടുള്ളതായി ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാരിന് അനുകൂല നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

**ശുദ്ധജല വിതരണ പദ്ധതി**

133(833) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്;

(ബി) എത്ര കി. മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കാനാണ് തീരുമാനിച്ചിരുന്നത്; എത്ര പാക്കേജുകളിലായാണ് പൂർത്തിയാക്കിയത്; വിശദാംശം ലഭ്യമാക്കാമോ; എത്ര കണക്ഷനുകൾ നൽകി;

(സി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; എത്ര പാക്കേജുകൾ പൂർത്തീകരിച്ചു; എത്ര കണക്ഷനുകൾ നല്കി; എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം NRDWP 2013 കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതിയിലെ പഴയതും കേടുവന്നതുമായ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 8.33 കി. മീ., 480 ലക്ഷം രൂപയുടെയും കരിമ്പുഴ 1, 2 വില്ലേജിലെ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 74.20 കി.മീ. 500 ലക്ഷം രൂപയുടെയും എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിതരണ ശൃംഖലയുടെ പ്രവൃത്തികൾ 4 പാക്കേജുകളായിട്ടാണ് പൂർത്തീകരിച്ചത്.

(എ) മേഖല 1-ലേക്കുള്ള വിതരണ ശൃംഖല 350 എം.എം. മുതൽ 110 എം.എം. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കൽ - 17.44 കി. മീ.

(ബി) മേഖല 2-ലേക്കുള്ള വിതരണ ശൃംഖല 350 എം.എം. മുതൽ 140 എം.എം. വരെ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കൽ - 6.70 കി. മീ.

(സി) പഴകിയതും കേടുവന്നതുമായ എ.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പാക്കി സ്ഥാപിക്കുന്ന പ്രവൃത്തി 200 എം.എം. മുതൽ 300 എം.എം. വരെ വ്യാസമുള്ള ഡി. ഐ. പൈപ്പ് സ്ഥാപിക്കൽ- 8.38 കി. മീ.

(ഡി) മേഖല 1&2-ലേക്കുള്ള ബാക്കി വിതരണ ശൃംഖലയിലേക്കുള്ള പ്രവൃത്തി - 140 എം.എം. മുതൽ 90 എം.എം. വരെ വ്യാസമുള്ള പി.വി.സി. പൈപ്പ് സ്ഥാപിക്കൽ 74.20 കി.മീ. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി 12-1-2016-കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനത്തിനുമുമ്പായി നടത്തിയ കണക്ഷൻ മേളയോടനുബന്ധിച്ച് 1061 കണക്ഷനുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിക്കായി നബാർഡിന്റെ ധനസഹായത്തോടെ 3124.11 ലക്ഷം രൂപയുടെ ഭരണാനുമതിയും ബാക്കി വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് എൻ.ആർ.ഡി.ഡബ്ല്യൂ.പി. ധനസഹായത്തോടെ 800 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചു. നബാർഡിൽ ഉൾപ്പെടുത്തിയ 4 പാക്കേജുകളും എൻ.ആർ.ഡി.ഡബ്ല്യൂ.പി.-യിൽ ഉൾപ്പെടുത്തിയ ഒരു പാക്കേജുമായിട്ടാണ് പദ്ധതി പൂർത്തീകരിച്ചത്. എല്ലാ പണികളും പൂർത്തീകരിച്ച് 12-1-2016-ന് പദ്ധതി കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉത്ഘാടനത്തിനുമുമ്പായി നടത്തിയ കണക്ഷൻ മേളയിൽ 2347 കണക്ഷനുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 142000 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് മേൽപ്പടി പദ്ധതി പൂർത്തിയാക്കിയിരിക്കുന്നത്.

**വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ**

134(834) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് വാട്ടർ അതോറിറ്റി മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) 2015-16 വർഷത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിച്ച് സമർപ്പിച്ച ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട പ്രവൃത്തികൾ എന്തെല്ലാം;

(സി) കൊയിലാണ്ടി നഗരസഭയിൽ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് ഭരണാനുമതി ലഭ്യമാവുന്ന സാഹചര്യത്തിൽ നടപ്പിലാക്കുന്നതിനായി വാട്ടർ അതോറിറ്റി സമർപ്പിച്ച സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. എ.ആർ.പി.എൻ.സി.പി.സി. മൂടാടി പഞ്ചായത്തിലെ വാർഡ്-3 കുടിവെള്ള പദ്ധതി- ഭരണാനുമതി നൽകിയ തുക – 9.50 ലക്ഷം രൂപ.

2. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കണിയാംകുന്ന് കുടിവെള്ള പദ്ധതി - കിണറിന്റെ ആഴം കൂട്ടൽ വിതരണ ശൃംഖല, പമ്പ് സെറ്റ് സ്ഥാപിക്കൽ - 11 ലക്ഷം രൂപ.

3. 09-യു.ഡബ്ല്യു.എസ്.-കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കോമത്ത്കര കുടിവെള്ള പദ്ധതി - കേടായ 90 എം.എം., 75 എം.എം പി.വി.സി. പൈപ്പുകൾ മാറ്റി, പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി - 4.50 ലക്ഷം രൂപ.

4. 09-യു.ഡബ്ല്യു.എസ്.എസ്.- കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ മൂഴിക്കൽ മീത്തൽ കുടിവെള്ള പദ്ധതിയിലെ കേടായ 90 എം.എം., ജി.ഐ., 100 എം.എം. എ.സി. പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി - 4.50 ലക്ഷം രൂപ.

5. 09-യു.ഡബ്ല്യു.എസ്.എസ്. 2014- കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കൊല്ലം പദ്ധതിയിൽ പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 1.10 ലക്ഷം രൂപ.

6. 09-യു.ഡബ്ല്യു.എസ്.എസ്. 2014- കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ വരകുന്ന് പദ്ധതിയിൽ 125 എം.എം. എ.സി. പൈപ്പ് മാറ്റി 90 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 1.25 ലക്ഷം രൂപ.

7. 09-യു.ഡബ്ല്യൂ.എസ്.എസ്. 2014- കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ വരകുന്ന് പദ്ധതിയിൽ 80 എം.എം. എ.സി. പൈപ്പ് മാറ്റി 90 എം.എം. പി.വി.സി., 75 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 3.00 ലക്ഷം രൂപ.

8. ഡി.ആർ.ഡബ്ല്യൂ. എസ്.എസ്.(കെ.ഡബ്ല്യൂ.എ.)-2013-

   1. പയ്യോളി പഞ്ചായത്തിലെ പയ്യോളി കുടിവെള്ള പദ്ധതി, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ വരകുന്ന്, കോമത്തുകര കുടിവെള്ള പദ്ധതി, തിക്കോടി പഞ്ചായത്തിലെ തിക്കോടി കുടിവെള്ള പദ്ധതി എന്നിവയിൽ വരൾച്ചാ സമയത്ത് പമ്പിംഗ് സമയം ദീർഘിപ്പിക്കുന്ന പ്രവൃത്തി -0.60 ലക്ഷം രൂപ.

   2. പയ്യോളി കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിന്റെ റിപ്പയർ പദ്ധതി- 2.00 ലക്ഷം രൂപ.

   3. മൂഴിക്കൽ മീത്തൽ കുടിവെള്ള പദ്ധതിയിലെ കിണറിന്റെ പുനരുദ്ധാരണ പ്രവൃത്തിയും പുതിയ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയും -8.00 ലക്ഷം രൂപ.

   4. പയ്യോളി കുടിവെള്ള പദ്ധതിയിലെ കിണറിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി - 1 ലക്ഷം രൂപ.

   5. പയ്യോളി നമ്പർ-1 പമ്പ് ഹൗസിലെ 10 എച്ച്.പി. മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി - 2.00 ലക്ഷം രൂപ.

   6. കോട്ടക്കുന്ന് കുടിവെള്ള പദ്ധതിയിലെ പമ്പ് ഹൗസിന്റെ റിപ്പയർ പ്രവൃത്തിയും പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും - 2.00 ലക്ഷം രൂപ.

   7. വരകുന്ന് പദ്ധതിയിലെ പാനൽ ബോർഡ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 0.50 ലക്ഷം രൂപ

(ബി) <u>09 അർബൻ പദ്ധതിയിൽപ്പെടുത്തിയ പദ്ധതികൾ</u> :

1. മൂഴിക്കൽ മീത്തൽ കുടിവെള്ള പദ്ധതിയിലെ കുഴൽ കിണർ വൃത്തിയാക്കുന്ന പ്രവൃത്തി.

2. മൂഴിക്കൽ മീത്തൽ കുടിവെള്ള പദ്ധതിയിലെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി.

3. കൊയിലാണ്ടി കുടിവെള്ള പദ്ധതിയിൽനിന്നും വൈശ്യത്ത് കണ്ടി ഭാഗത്തേക്കും ബീച്ച് ഏരിയയിലേക്കും പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി.

4. വരകുന്ന് കുടിവെള്ള പദ്ധതിയിലെ കുഴൽകിണർ വൃത്തിയാക്കുന്ന പ്രവൃത്തി.

29 റൂറൽ പദ്ധതിയിൽപ്പെടുത്തിയ പദ്ധതികൾ :

1. മേപ്പയ്യൂർ പഞ്ചായത്തിലെ ധർമ്മക്കുന്ന് കുടിവെള്ള പദ്ധതിയിൽ 1500 മീറ്റർ കേടായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി

2. നീലഞ്ചേരിമല പദ്ധതിയുടെ പമ്പ് ഹൗസ് നവീകരണം

3. അത്തോളി പദ്ധതിയുടെ പമ്പ് ഹൗസ് നവീകരണം.

(സി&ഡി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയ്ക്കുവേണ്ടി ഒരു സമഗ്ര ശുദ്ധജലവിതരണ പദ്ധതിക്കായി ചിറ്റാരിക്കടവിൽ പുഴയ്ക്കുകുറുകെ ജലസേചന വകുപ്പിന്റെ കീഴിൽ ടെണ്ടർ നടപടികൾ ആരംഭിച്ച് കഴിഞ്ഞ (പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ നടന്നു.) നിർദ്ദിഷ്ട റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് (അപ്സ്ട്രീം സൈഡ്) കിണർ നിർമ്മിച്ചു. പ്രതിദിനം 14 ദശലക്ഷം ലിറ്റർ ജലം ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു ശുദ്ധജല പ്ലാന്റ് ഉൾപ്പെടെ ഒരു ശുദ്ധജലവിതരണ പദ്ധതി വിഭാവന ചെയ്തിരുന്നു. 37 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതം വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിക്കുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകാൻ സാധിക്കും.

**കുടിവെള്ള പദ്ധതി**

135(835) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരി 20-ന് മുൻപായി ഒന്നാംഘട്ടം കമ്മീഷനിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർണ്ണ പ്രവർത്തനത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ജലവിഭവ വകുപ്പ് മേജർ ഇറിഗേഷൻ മുഖാന്തരം മാവേലിക്കര മണ്ഡലത്തിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും ഭരണാനുമതി നല്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇൻടേക്ക് വെല്ലിനുമുകളിലുള്ള പമ്പ് ഹൗസ് നിർമ്മാണം പുരോഗമിച്ചുവരുന്നു.

2. 400 എം.എം. ഡി.ഐ.കെ. 9 റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ പൂർത്തീകരിച്ചു.

3. റോ വാട്ടർ പമ്പ് സെറ്റ് (170 എച്ച്.പി-2 എണ്ണം) സപ്ലൈ ചെയ്തു. പമ്പ്സെറ്റ് സ്ഥാപിക്കാനുണ്ട്.

4. 10 എം.എൽ.ഡി. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും 4.5 ലക്ഷം ലിറ്റർ സമ്പും നിർമ്മാണം പൂർത്തീകരിച്ചു.

5. ട്രാൻസ്ഫോർമർ സപ്ലൈ ചെയ്ത് സ്ഥാപിക്കാനുണ്ട്.

6. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 4.5 ലക്ഷം ലിറ്റർ ഗ്രൗണ്ട് ലെവൽ ടാങ്ക്, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചു.

7. സബ്സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനും 130 കുതിര ശക്തിയുള്ള രണ്ട് പമ്പ് സെറ്റ് ശുദ്ധീകരണശാലയുടെ ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ സ്ഥാപിച്ച് പാലമേൽ ചുനക്കര താമരക്കുളം എന്നീ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിനും വിതരണക്കുഴൽ സ്ഥാപിക്കുന്നതിനുമായി 4 കോടി രൂപയുടെ ഒരു ഡി.ഇ.ആർ. തയ്യാറാക്കി എസ്.എൽ.എസ്.എസ്.സി.-യുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. പാക്കേജ്-2 - ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ -5190 മീറ്റർ മറ്റപ്പള്ളി മലയിൽ 8.25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണി എന്നിവ പൂർത്തീകരിച്ചു.

(ബി) പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ പൂർണ്ണ പ്രവർത്തനത്തിന് ആവശ്യമായ തുക ലഭിക്കുന്നതിനുവേണ്ടി ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി എസ്.എൽ.എസ്.എസ്.സി.-യുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**തടയണകളുടെ നിർമ്മാണം**

136(836) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിയംകുളം ഗ്രാമപഞ്ചായത്തിലെ മാണ്ണന്നൂർ സ്റ്റീൽ തടയണയുടെ പ്രവർത്തന പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത തടയണയുടെ പ്രവർത്തനം എന്നാണ് തുടങ്ങിയതെന്നും, എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും, ആയതിന്റെ പ്രയോജനം എത്ര ജനങ്ങൾക്ക് ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക, അനുവദിച്ച തുക, ചെലവഴിച്ച തുക ഏന്നിവ എത്രയാണ്; അവശേഷിക്കുന്ന ബാക്കി തുക അടിയന്തരമായി അനുവദിച്ച് പ്രസ്തുത തടയണ കമ്മീഷൻ ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വാണിയംകുളം ഗ്രാമപഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ മണ്ണന്നൂരിൽ 489.44 ലക്ഷം രൂപ മുടക്കി ഒരു ചെക്ക് ഡാം നിർമ്മിക്കാനുള്ള ഭരണാനുമതി നൽകുകയും ഇതിന്റെ പ്രവർത്തനം കെ.ഐ.ഐ.ഡി.സി.-യെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ മാർച്ച് 2014-ൽ ആരംഭിക്കുകയുണ്ടായി. നിലവിൽ ഇതിനുവേണ്ട സ്റ്റീൽ ഷീറ്റ് പൈലുകൾ

മുഴുവനായും സംഭരിക്കുകയും അതിൽ 95 ശതമാനം ഷീറ്റ് പൈലുകളും ഡിസൈനിൽ പറഞ്ഞ പ്രകാരം പുഴയുടെ അടിത്തട്ടിലേക്ക് അടിച്ചിറക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി അനുബന്ധപ്പെട്ട മറ്റ് പ്രവൃത്തികളായ Gabbion Boxex കരിങ്കല്ല് നിറച്ച് ഡിസൈൻ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉറപ്പിച്ചുവയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. പ്രസ്തുത ചെക്ക് ഡാമിന്റെ പ്രവൃത്തി പൂർണ്ണമായും 2016 മാർച്ച് 31-നുമുമ്പ് തീർക്കാനാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ നിർമ്മിക്കുന്ന ചെക്ക് ഡാംമൂലം കെട്ടിനിൽക്കുന്ന ജലത്തിന്റെ ലഭ്യത ഇരുകരകളിലെ ജനങ്ങൾക്കും കുടിവെള്ളത്തിനും കൃഷിക്കും ലഭ്യമാകുന്നതാണ്.

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള ചെറുതുരുത്തി തടയണയുടെ പ്രവൃത്തിയുടെ നിലവിലുണ്ടായിരുന്ന കരാർ റദ്ദ് ചെയ്തതാണ്. ടി തടയണയ്ക്ക് 5 കോടി രൂപയുടെ ഭരണാനുമതി 2007-ൽ നൽകിയിട്ടുണ്ട്. അതിൽ 2.80 കോടി രൂപ ചെലവഴിച്ചു. ടി തടയണയുടെ ബാക്കിയുള്ള പണികളുടെ 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് ഭരണാനുമതി ലഭിക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ചെറുതുരുത്തി തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ഷൊർണ്ണൂർ മുൻസിപ്പാലിറ്റി, വാണിയംകുളം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിലെ 950 ഹെക്ടർ പ്രദേശത്തെ കുടിവെള്ളത്തിനും ജലസേചനത്തിനും പ്രയോജനം ചെയ്യും.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

137(837) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വഴി നടപ്പാക്കുന്ന, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം കുന്നംകുളം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളത്;

(ബി) അവയുടെ പേരു വിവരവും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) ജല ലഭ്യതയുള്ള നിരവധി കുളങ്ങൾ നവീകരണം നടത്താനുണ്ട് എന്നത് കണക്കിലെടുത്ത് അവ നവീകരിക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകുമോ;

(ഡി) ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കുന്നംകുളം നിയോജക മണ്ഡലത്തിലെ പാറാത്തക്കുളം നവീകരിക്കുന്നതിനായി ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 33.75 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി&ഡി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 542 കുളങ്ങൾ നവീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ചിട്ടുള്ള 228.45 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വികസന പദ്ധതികൾ**

138(838) ശ്രീ. എം. വി. ശ്രേയാംസ്‌കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* മറ്റ് ഉപവകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു:

ഭൂജല വകുപ്പ്

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 9 കൈപ്പമ്പ് റിപ്പയറുകൾ, 6 കുഴൽകിണർ നിർമ്മാണം, 1 കൈപ്പമ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി വിഭാഗം 1 :

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതിയായ കാരാപ്പുഴ ജലസേചന പദ്ധതിയിൽ കനാൽ നിർമ്മാണ പ്രവൃത്തികളോടൊപ്പം കുടിവെള്ളം, ടൂറിസം, മത്സ്യകൃഷി എന്നീ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

ജലനിധി :

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പൊഴുതന, കോട്ടത്തറ, കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പദ്ധതികൾ, ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിശീലന പരിപാടികൾ, ഗ്രാമപഞ്ചായത്ത് ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.

(ബി) ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ് :

കൈപമ്പ് റിപ്പയറിനായി 62,995 രൂപയും കുഴൽകിണർ നിർമ്മാണത്തിനായി 2,87,615 രൂപയും കൈപ്പമ്പ് സ്ഥാപിക്കുന്നതിനായി 7,785 രൂപയും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി വിഭാഗം 1 :

കാരാപ്പുഴ ജലസേചന പദ്ധതിക്കുവേണ്ടി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| | (രൂപ ലക്ഷത്തിൽ) | |
| 2011-12 | 208.17 | 33.00 |
| 2012-13 | 208.17 | 161.00 |
| 2013-14 | 379.52 | 483.00 |
| 2014-15 | 379.52 | 465.00 |
| 2015-16 | 385.00 | 376.00 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലനിധി :

| നമ്പർ | പദ്ധതി | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|---|
| | | രൂപ ലക്ഷത്തിൽ | |
| 1 | കുടിവെള്ള പദ്ധതികൾ | 1331.03 | 490.52 |
| 2 | സാനിട്ടേഷൻ | 28.27 | 1.61 |
| 3 | ഭൂജല പരിപോഷണം | 17.53 | 6.00 |
| 4 | ബോധവൽക്കരണ പരിപാടികൾ | 3.00 | 2.79 |
| 5 | പരിശീലന പരിപാടികൾ | 8.40 | 7.19 |
| 6 | ഗ്രാമപഞ്ചായത്ത് ശാക്തീകരണം | 16.12 | 11.56 |
| | ആകെ | 1404.35 | 519.67 |

(സി) ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾ സംബന്ധിച്ച വിവരങ്ങൾക്ക് അനുബന്ധം കാണുക.*

പദ്ധതി വിഭാഗം 1 :

കനാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 138 കോടി രൂപ വകയിരുത്തേണ്ടതുണ്ട്.

ജലനിധി :

മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനായി 884.68 ലക്ഷം രൂപ സാങ്കേതികാനുമതി പ്രകാരം വകയിരുത്തിയിട്ടുണ്ട്.

**ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ**

139(839) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പരിപാടികളുടെ വിശദാംശം നൽകുമോ; ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പ് :

ചടയമംഗലം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ് :

ചടയമംഗലം നിയോജക മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി :

കേരള ജല അതോറിറ്റി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.* വരൾച്ചാ ദുരിതാശ്വാസം, എൽ.എ.സി.എ.ഡി.എഫ്., 29 ആർ.ഡബ്ല്യു.എസ്.എസ്. എന്നിവയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ, പമ്പ് സെറ്റ് സ്ഥാപിക്കൽ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ കാലയളവിൽ 6,03,88,367 രൂപ ചെലവായിട്ടുണ്ട്. കുളത്തുപ്പുഴയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും ആകെ 1,815 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 513.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-ൽ ഭരണാനുമതി ലഭിച്ച കുളത്തുപ്പുഴയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1,492.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ജലസേചന വകുപ്പ്

ചടയമംഗലം നിയോജക മണ്ഡലത്തിൽ പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

മറ്റ് ഉപവകുപ്പുകളുമായി ബന്ധപ്പെട്ട് പുതുതായി പദ്ധതികളൊന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാട്ടുകാണി ജലനിധി പദ്ധതി

140(840) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മരുത്തോങ്കര ഗ്രാമപഞ്ചായത്തിലെ നാട്ടുകാണി ജലനിധി പദ്ധതിയുടെ അറ്റകുറ്റ പണികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഉടമസ്ഥാവകാശം ഗുണഭോക്തൃ സമിതികൾക്കാണ്. പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലന ചെലവും നടത്തേണ്ട ഉത്തരവാദിത്വം നിലവിൽ അതാത് ഗുണഭോക്തൃ സമിതികൾക്കു തന്നെയാണ്. നാളിതുവരെ പദ്ധതി നടപ്പാക്കി വിടുതൽ ചെയ്ത പഞ്ചായത്തുകളിലെ പദ്ധതികൾക്ക് തുടർ പരിപാലനത്തിന് ഫണ്ട് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തയിട്ടില്ല. പൂർത്തീകരിച്ച പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു പരാതി പരിഹാരസെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

141(841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കാർഷിക ആവശ്യങ്ങൾക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) കോടശ്ശേരി-പരിയാരം സമഗ്രകുടിവെള്ള പദ്ധതിക്കായി വാട്ടർ ട്രീറ്റ്മെന്റ് സ്ഥാപിക്കുന്നതിനായി പരിയാരം-കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ. വക സ്ഥലത്തുനിന്നും ആവശ്യമായ സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കാർഷിക ആവശ്യങ്ങൾക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

(ബി) കോടശ്ശേരി-പരിയാരം സമഗ്ര കുടിവെള്ള പദ്ധതിക്കായി ജല ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി പരിയാരം കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ. വക സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ എസ്.എ.ജി.വൈ.-യിൽ ഉൾപ്പെടുത്താൻ കോടശ്ശേരി പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തയ്യാറാക്കി വരുന്നു. ശുദ്ധീകരണശാലയുടെ സ്ഥലം അതിരപ്പിള്ളി പഞ്ചായത്തിലെ എക്സ് സർവ്വീസ് മാൻ കോളനി ഏരിയയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**കുന്ദമംഗലം നിയോജകമണ്ഡലം**

142(842) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഭരണാനുമതി ലഭ്യമാക്കിയ പ്രവർത്തികളും, തുകയും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

143(843) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) <u>ജലസേചന വകുപ്പ്</u> :

ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പ് ഇടുക്കി നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ഡിവിഷനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി 1,004.35 ലക്ഷം രൂപ വകയിരുത്തുകയും 5,39,06,544 രൂപ ചെലവഴിക്കുകയും ചെയ്തു. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

<u>കേരള ജല അതോറിറ്റി</u> :

കേരള ജല അതോറിറ്റി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. റോഷി അഗസ്റ്റിൻ എം.എൽ.എ.-യുടെ LAC ADS പ്രകാരം 2012 വർഷത്തിൽ ജില്ലാ ആശുപത്രിക്ക് കുടിവെള്ള വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പദ്ധതി.

   വകയിരുത്തിയ തുക : 5 ലക്ഷം

   ചെലവഴിച്ച തുക : 5 ലക്ഷം (പദ്ധതി പൂർത്തീകരിച്ചു)

2. കട്ടപ്പന പഞ്ചായത്തിലെ മലയോര മേഖലകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി (എൻ.ആർ.ഡി.സബ്ല്യു.പി.)

   വകയിരുത്തിയ തുക : 711.63 ലക്ഷം

   ചെലവഴിച്ച തുക : ഇതുവരെ ചെലവഴിച്ചിട്ടില്ല.

3. കാഞ്ചിയാർ പഞ്ചായത്തിലെ മലയോര മേഖലകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി (എൻ.ആർ.ഡി.സബ്ല്യു.പി.)

   വകയിരുത്തിയ തുക : 306.90 ലക്ഷം

   ചെലവഴിച്ച തുക : ഇതുവരെ ചെലവഴിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. വാഴത്തോപ്പ് പഞ്ചായത്തിലെ ഇടുക്കി ജില്ലാ ആസ്ഥാനം, പൈനാവ് കോളനി താണിക്കണ്ടം, ചെറുതോണി മേഖലകളിലേക്കുള്ള ശുദ്ധജല പദ്ധതി

വകയിരുത്തിയ തുക : 980 ലക്ഷം

ചെലവഴിച്ച തുക : 580.40 ലക്ഷം

5. അയ്യപ്പൻകോവിൽ പഞ്ചായത്തിലെ മലയോര മേഖലകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി (എൻ.ആർ.ഡി.സബ്ല്യൂ.പി.)

വകയിരുത്തിയ തുക : 76.97 ലക്ഷം

ചെലവഴിച്ച തുക : ഇതുവരെ ചെലവഴിച്ചിട്ടില്ല.

ഭൂജല വകുപ്പ് :

ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതികൾ | | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| SCP | HP | 21,373 | - |
| | MWSS | 2,82,500 | 96,725 |
| RGDWM | MWSS | 98,42,720 | 83,55,789 |
| | HP | 49,01,860 | 19,64,145 |
| ARS | | 30,68,750 | 21,30,735 |
| Drought | | 56,21,774 | 36,54,347 |
| HP Erection | | 48,80,400 | 19,42,837 |

ജലനിധി :

ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി നിയോജക മണ്ഡലത്തിലെ കഞ്ഞിക്കുഴി, കൊന്നത്തടി, അറക്കുളം, വാത്തിക്കുടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ, ഭൂജല പരിപോഷണ പദ്ധതികൾ, ശുചിത്വ പദ്ധതികൾ, ബോധവൽക്കരണ പരിശീലന പരിപാടികൾ, ഗ്രാമപഞ്ചായത്ത് ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.

ഇതിനുപുറമെ കൊന്നത്തടി, കഞ്ഞിക്കുഴി, കാമാക്ഷി, കട്ടപ്പന എന്നീ ഗ്രാമപഞ്ചായത്തുകളിലെ 945 വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ള സംഭരണം ഭൂജല പരിപോഷണ പരിപാടിയുടെ ഭാഗമായി 10,000 ലിറ്റർ വീതം ശേഷിയുള്ള മഴവെള്ള സംഭരണികൾ മഴകേന്ദ്രം മുഖേന നിർമ്മിച്ചുനൽകി.

മഴവെള്ള സംഭരണം ഭൂജല പരിപോഷണം പരിപാടിയിലൂടെ മഴ കേന്ദ്രം 3.93 കോടി രൂപ ചെലവഴിച്ചു.

| നമ്പർ | പദ്ധതി | വകയിരുത്തിയത് (രൂപ) | ചെലവഴിച്ചത് (രൂപ) |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതികൾ | 36,14,44,377 | 25,10,19,758 |
| 2 | സാനിട്ടേഷൻ | 1,03,63,675 | 43,93,052 |
| 3 | ഭൂജല പരിപോഷണം | 82,38,727 | 30,82,344 |
| 4 | ബോധവൽക്കരണ പരിപാടികൾ | 2,80,000 | 2,58,980 |
| 5 | പരിശീലന പരിപാടികൾ | 8,00,000 | 5,67,300 |
| 6 | ഗ്രാമപഞ്ചായത്ത് ശാക്തീകരണം | 25,40,000 | 16,66,551 |
| | ആകെ | 38,36,66,779 | 26,09,87,985 |

(സി) ജലസേചന വകുപ്പ് :

ഇനിയും പൂർത്തിയാക്കാനുള്ള 21 പദ്ധതികൾക്കായി 325.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി

പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവ ചുവടെ ചേർക്കുന്നു.

1. കട്ടപ്പന പഞ്ചായത്തിലെ മലയോര മേഖലകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി വകയിരുത്തിയ തുക : 711.63 ലക്ഷം
2. കാഞ്ചിയാർ പഞ്ചായത്തിലെ മലയോര മേഖലകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി. വകയിരുത്തിയ തുക: 306.90 ലക്ഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. വാഴത്തോപ്പ് പഞ്ചായത്തിലെ ഇടുക്കി ജില്ലാ ആസ്ഥാനം, പൈനാവ് കോളനി താണിക്കണ്ടം, ചെറുതോണി മേഖലകളിലേക്കുള്ള ശുദ്ധജല പദ്ധതി വകയിരുത്തിയ തുക : 980 ലക്ഷം

4. അയ്യപ്പൻകോവിൽ പഞ്ചായത്തിലെ മലയോര മേഖലകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി വകയിരുത്തിയ തുക : 76.97 ലക്ഷം

ഭൂജല വകുപ്പ് :

ഭൂജല വകുപ്പിന്റെ കീഴിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കാനുള്ള പദ്ധതികൾ ഒന്നുംതന്നെയില്ല.

ജലനിധി :

മേൽപ്പറഞ്ഞ എല്ലാ ഘടകങ്ങളിലും ഇനിയും പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ആയതിലേക്ക് സാങ്കേതികാനുമതി കൊടുത്തതുപ്രകാരം ബാക്കിയുള്ള 12,26,78,794 രൂപ കൂടി ചെലവഴിക്കേണ്ടതുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കുളം**

144(844) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഒരു പഞ്ചായത്തിൽ ഒരു കുളം" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുന്നതിൽ കുളങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് കുളങ്ങളുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത്. ഇതിലൂടെ കുളങ്ങൾക്ക് പൂർവ്വകാല പ്രൗഢി വീണ്ടെടുക്കുവാൻ സാധിക്കുകയും ജനങ്ങൾക്കും ജീവജാലങ്ങൾക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ മാറ്റിയെടുക്കുവാൻ

സാധിക്കുകയും ചെയ്യും. കൂടാതെ മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിൽ 194 കുളങ്ങൾ പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

145(845) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നവീകരണം പൂർത്തിയാക്കിയതും, പൂർത്തിയാക്കാനുള്ളതും, പണി തുടങ്ങാത്തതുമായ കുളങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) ഈ പദ്ധതിക്ക് ആകെ എത്ര തുകയാണ് കണക്കാക്കിയതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചെന്നും, ബാക്കി തുക ചെലവാക്കാതിരിക്കാനുണ്ടായ കാരണമെന്തെന്നും വിശദമാക്കാമോ;

(ഡി) പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ;

(ഇ) പെരുമ്പാവൂർ മണ്ഡലത്തിൽ പൂർത്തിയാക്കിയതും, പൂർത്തിയാക്കാനുള്ളതും, പണി തുടങ്ങാത്തതുമായ കുളങ്ങളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിന് 72.75 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. നാളിതുവരെയായി 22,14,43,786 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനിയും നവീകരിക്കാനുള്ള കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്. പൂർത്തിയാക്കുന്നതിനനുസരിച്ച് തുക ചെലവാക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പെരുമ്പാവൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ അംഗീകാരം ലഭിച്ച കൂവപ്പടി പഞ്ചായത്തിലെ പടിക്ക കലപ്പാറ രംഗിതച്ചിറ പൂർത്തിയാക്കി.

## തടയണ നിർമ്മാണ പദ്ധതി

146(846) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്. വിവിധ പദ്ധതികളിലായി ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നദികളുടെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതരണം താഴാതെ നിർത്തുക, കാർഷികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) 431 തടയണകളുടെ നിർമ്മാണത്തിനായി 689 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

**മംഗലം ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി**

147(847) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി വിഭാവന ചെയ്ത സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ നില വ്യക്തമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്കായുള്ള മംഗലം ഡാം സ്രോതസ്സായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 14-5-2014-ന് കൂടിയ എസ്.എൽ.എസ്.സി.-യിൽ ജി.ഒ.(ആർ.റ്റി.)നമ്പർ 954/2014/ജവിവ തീയതി 8-10-2014 പ്രകാരം 20 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി കിണർ, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് മംഗലം ഡാം വില്ലേജിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് 50 റീ സർവ്വേ 1-ൽപ്പെട്ട 250 സെന്റ് സ്ഥലത്തിന് സർക്കാർ കത്ത് നമ്പർ 18650/ഐ.ആർ/15/ജവിവ തീയതി 7-12-2015-ന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. വകുപ്പുതല ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) രണ്ട് വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ദേശീയ ജലപാതാസംയോജനം**

148(848) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതാസംയോജനത്തിൽനിന്നും ഒഴിവാക്കപ്പെട്ട ജലാശയങ്ങളെ സംസ്ഥാന ജലപാതാ വികസനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും എന്ത് തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജലപാതകളെ യോജിപ്പിച്ചുകൊണ്ട് കൂടുതൽ ജലഗതാഗത മാർഗ്ഗങ്ങൾ രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയ ജലപാതാ സംയോജനത്തിൽനിന്നും ഒഴിവാക്കപ്പെട്ട ജലാശയങ്ങൾ 10 നദികളാണ്. അവയെ സംസ്ഥാന ജലപാതാ വികസനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ജലപാതകളെ യോജിപ്പിച്ചുകൊണ്ട് കൂടുതൽ ജലഗതാഗത മാർഗ്ഗങ്ങൾ രൂപപ്പെടുത്താനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

**ലൈൻ എക്സ്റ്റൻഷൻ നടപടി**

149(849) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള ഇരിക്കൂർ അഡ്ജോയിനിംഗ് പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും പൂവം ജംഗ്ഷൻ മുതൽ കുയിലൂർ വരെ ലൈൻ എക്സ്റ്റൻഷനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പൂവം ജംഗ്ഷൻ മുതൽ കുയിലൂർ വരെയുള്ള ഭാഗങ്ങൾ ഉൾപ്പെട്ട പടിയൂരിലും ഇരിക്കൂറിലും മറ്റ് സമീപ വില്ലേജുകളിലും ശുദ്ധജലവിതരണം ചെയ്യുന്നതിനായി പൂവത്തിനടുത്തായി 5.5 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാല പ്രവർത്തനസജ്ജമായി ജലവിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പൂവം മുതൽ കുയിലൂർ വരെയുള്ള പ്രദേശത്ത് നിലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ജലവിതരണം സാധ്യമല്ല. കണ്ണൂർ ജില്ലയിലെ മിക്ക കുടിവെള്ള പദ്ധതികളുടെയും ഉറവിടമായ പഴശ്ശി ബാരേജിനോട് ചേർന്നുകിടക്കുന്ന ഈ പ്രദേശം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ്. ഇവിടേക്ക് ശുദ്ധജലം എത്തിക്കുന്നതിനായി 6.5 കി. മീ. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഉദ്ദേശം 48 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടി കൈക്കൊണ്ടുവരുന്നു.

**കനാൽ ശൃംഖലയുടെ ശുദ്ധീകരണത്തിന് പദ്ധതി**

150(850) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനാൽ ശൃംഖലയുടെ ശുദ്ധീകരണത്തിന് പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പഴയകാല തറവാടുകൾ ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്ന സ്വകാര്യ കനാലുകൾ നിലനിർത്തുന്നതിനും, സംരക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ&ബി) ഇത്തരം പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. ഉൾനാടൻ ജലഗതാഗത വകുപ്പിനുകീഴിൽ സംസ്ഥാന ജലപാത ഗതാഗത യോഗ്യമാക്കുവാനുള്ള വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്.

**മാറാട് പ്രദേശത്ത് കടൽ ഭിത്തി നിർമ്മാണം**

151(851) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ മാറാട് പ്രദേശത്ത് കടലാക്രമണം തടയാൻ കടൽ ഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് അധികാരം നല്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ**

152(852) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖാന്തിരം അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖാന്തരം അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മഴവെള്ള സംഭരണം**

153(853) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴവെള്ള സംഭരണം ജനകീയമാക്കാൻ കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതികൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5,000 ലിറ്റർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്ന നിലയിൽ 2 ഭവനത്തിലേക്ക് 10,000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്. ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക.
- കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക.
- വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുക.
- മഴവെള്ളം സംഭരിച്ച് ജലാശയങ്ങളെ പരിപോഷിപ്പിക്കുക.
- മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) 2002 മുതൽ കേരള വാട്ടർ അതോറിറ്റി വർഷ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിച്ചെലവിന്റെ 90% കേന്ദ്രസഹായവും 10% ഉപഭോക്തൃ വിഹിതവുമാണ്. എൻ.ജി.ഒ. മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.ആർ.ഡബ്ല്യു.-എസ്.എ.-യുടെ ഭാഗമായുള്ള ജലനിധി പദ്ധതി, മഴകേന്ദ്രം, സി.സി.ഡി.യു. ഗ്രാമപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധങ്ങളായ ഭരണ-നിർവ്വഹണ സംവിധാനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ വ്യക്തിഗത കുടുംബങ്ങളിലെ കുടിവെള്ള സംഭരണം ഉറപ്പുവരുത്തുന്നതിന് 4000-ത്തിൽപ്പരം കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകി. എല്ലാ വർഷവും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പദ്ധതി തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

**തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

154(854) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

**നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

155(855) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എത്ര പദ്ധതികളെയാണ് നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്.14-ൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിലെ ചീക്കോട്ടും സമീപ പ്രദേശങ്ങളിലേക്കുമുള്ള കുടിവെള്ള പദ്ധതിക്ക് 2008-ൽ 8072.27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏറനാട് മണ്ഡലത്തിൽപ്പെട്ട കുഴിമന്ന പഞ്ചായത്തിലേക്കും കുടിവെള്ളം ലഭ്യമാകുന്നതാണ്. ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി എടവണ്ണ പഞ്ചായത്തിലെ മഞ്ചേരി തോടിന് കാലിയിറക്കം കുണ്ടിൽ ചെക്ക് ഡാം നിർമ്മാണം (45 ലക്ഷം), കീഴുപറമ്പ് പഞ്ചായത്തിലെ നൂറാംതോടിന് തേക്കുംതോട്ടം ഭാഗത്ത് വി.സി.ബി. കം ബ്രിഡ്ജ് (37 ലക്ഷം) എന്നീ പ്രവൃത്തികളുടെ ശിപാർശ ചീഫ് എഞ്ചിനീയർ (ഐ&എ) നൽകിയിരുന്നുവെങ്കിലും സെക്ടറൽ അലോക്കേഷൻ തുകയുടെ കുറവുകാരണം നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിൽ അയച്ചുകൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം**

156(856) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം നേരിടുന്ന ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം എന്ന് തുടങ്ങാനാകുമെന്ന് അറിയിക്കാമോ;

(ബി) ഉപ്പുവെള്ളം കയറി പ്രദേശത്തെ കൃഷി നശിക്കുന്നതിനാൽ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധരിക്കുമെന്ന നിലപാട് കൈക്കൊണ്ട ശേഷം, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അടങ്കൽ തുക എത്രയായാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ PRICE SOFTWARE ഉപയോഗിച്ച് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) ഈ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ 160 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയെങ്കിലും പ്രസ്തുത പദ്ധതി കാഞ്ഞങ്ങാട് കാസർഗോഡ് കെ.എസ്.ടി.പി. റോഡിന്റെ ഭാഗമായതിനാൽ പാലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകാനുള്ള കാലതാമസംമൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. എന്നാൽ ടി പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി. അധികൃതർ അറിയിച്ചതിനെ തുടർന്ന് 2012 നിരക്കിൽ 283 ലക്ഷം (ഇരുന്നൂറ്റി എൺപത്തി മൂന്ന് ലക്ഷം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ&എ) PRICE SOFTWARE-ൽ തയ്യാറാക്കി വരുന്നു.

**കുട്ടനാട് പാക്കേജ്**

157(857) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന് എന്നാണ് അനുമതി ലഭിച്ചത്; ഈ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരുന്നു; കേന്ദ്ര സർക്കാരിൽ നിന്നും എന്തുതുക ലഭിച്ചു; സംസ്ഥാന വിഹിതമായി എന്തുതുക ലഭിച്ചു; നാളിതുവരെ എന്തുതുക ചെലവഴിച്ചു.;

(ബി) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള സമയപരിധി എന്നുവരെയായിരുന്നു; സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്ന പദ്ധതികൾ ഏവ; എന്ത് തുകയുടെ പദ്ധതിയാണ് ജലവിഭവ വകുപ്പ് ഏറ്റെടുത്ത് തയ്യാറാക്കിയിട്ടുള്ളത്; അതിൽ ലഭ്യമായ തുക എത്ര; ചെലവഴിച്ച തുക എത്ര വിശദമാക്കാമോ;

(ഇ) പാക്കേജിൻ പ്രകാരമുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ്; വിശദമാക്കാമോ;

(എഫ്) കായൽ പാടശേഖരങ്ങളിൽ സ്ഥാപിച്ച പൈൽ ആന്റ് സ്ലാബ് സംവിധാനം തകർന്നടിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൈൽ ആന്റ് സ്ലാബ് സ്ഥാപിക്കുന്നതിലെ അശാസ്ത്രീയതയും അഴിമതിയും വളരെ മുമ്പുതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടും സർക്കാർ നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ അനാസ്ഥയേയും അഴിമതിയേയും കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(ജി) കരാറുകാർക്ക് ബിൽ തയ്യാറാക്കി കമ്മീഷൻ പറ്റുന്ന രീതിയാണ് ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ നടത്തി വരുന്നതെന്ന ആക്ഷേപം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) കുട്ടനാട് പാക്കേജിന് 2008-ൽ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നാളിതുവരെ ഈ പദ്ധതിക്ക് ലഭിച്ച കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും അതിന്റെ ചെലവുകണക്കുകളും ചുവടെ ചേർക്കുന്നു:

| ലഭിച്ചത് ലക്ഷത്തിൽ | | | ചെലവ് ലക്ഷത്തിൽ | |
|---|---|---|---|---|
| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
| 2010-11 | 2242.5 | 747.50 | 549.97 | 183.32 |
| 2011-12 | ലഭിച്ചിട്ടില്ല | 197.55 | 1617.9 | 736.85 |
| 2012-13 | 4125 | 4174.02 | 208.71 | 1294.51 |
| 2013-14 | ലഭിച്ചിട്ടില്ല | 2513.74 | 1878.35 | 4650.68 |
| 2014-15 | 5522.06 | 5622.34 | 1722.38 | 5381.25 |
| 2015-16 | ലഭിച്ചിട്ടില്ല | 11995.32 | ... | 11995.32 |

(ബി)

| പദ്ധതി | പൂർത്തീകരിക്കുന്നതിനുള്ള കാലാവധി | നീട്ടിക്കിട്ടിയ തീയതി |
|---|---|---|
| കെ.ഇ.എൽ -1 | 31-3-2012 | 31-3-2015 |
| കെ.ഇ.എൽ -2 | 31-3-2012 | 31-3-2015 |
| കെ.ഇ.എൽ -3 | 31-3-2012 | 31-12-2016 |
| കെ.ഇ.എൽ -4 | 31-3-2012 | 31-12-2016 |

(സി) ഇല്ല. നീട്ടിക്കിട്ടിയ സമയപരിധിക്കുള്ളിൽ ചില പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. കാലതാമസത്തിനുള്ള കാരണങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) കായൽ പാടശേഖരങ്ങളിൽ സ്ഥാപിച്ച പൈൽ ആന്റ് സ്ലാബ് സംവിധാനം ചരിയുകയും വിള്ളലുകൾ വീഴുകയും സി.ഡി. ബ്ലോക്കിൽ മടവീഴ്ച ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കാൻ ഇറിഗേഷൻ വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇടമലയാർ ഇറിഗേഷൻ പദ്ധതി**

158(858) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 7300-7800 ചെയിനേജിലെ നിർത്തിവച്ചിരിക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 7300-7800 ചെയിനേജിലെ ബാക്കി പ്രവൃത്തികൾക്കായി ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ 275 ലക്ഷം രൂപ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ടെണ്ടറിനായുള്ള നടപടികൾ സ്വീകരിക്കാനാവുന്നതാണ്.

**ധർമ്മടം മണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ പദ്ധതികൾ**

159(859) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും അവ ഏതൊക്കെ ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുടിവെള്ള പദ്ധതികളുടെ പുരോഗതി**

160(860) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി, മീനാട് ശുദ്ധജല പദ്ധതി എന്നിവ പ്രകാരമുള്ള ജലസംഭരണികളുടെ നിർമ്മാണം, ട്രാൻസ്മിഷൻ, പൈപ്പ് ലൈൻ സ്ഥാപിക്കൽ, ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര രൂപ വിനിയോഗിക്കാനാണ് തീരുമാനിച്ചിരുന്നതെന്നും നിലവിൽ എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(സി) ഡിസ്ട്രിബ്യൂഷൻ ലൈൻ ആകെ എത്ര കിലോമീറ്റർ സ്ഥാപിക്കാനാണ് കരാർ നൽകിയിരുന്നത്; ഇതിൽ എത്ര ദൂരം പൈപ്പ് സ്ഥാപിച്ചുവെന്നും ഇനി എത്ര കിലോമീറ്റർ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഡിസ്ട്രിബ്യൂഷൻ ലൈൻ ഇനി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര ദൂരം വീതം സ്ഥാപിക്കുവാനുണ്ടെന്നും ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ 4 പാക്കേജുകളായി തിരിച്ചാണ് ചെയ്തത്.

പാക്കേജ് 1 - ഇൻടേക്ക് പമ്പിംഗ് സ്റ്റേഷൻ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവ. ഇതിന്റെ പണി പൂർണ്ണമായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്.

പാക്കേജ് 2 - 80 കി.മീ. ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളും ആട്ടോമേഷന് വേണ്ടിയുള്ള സ്കാഡ ടെലിമെട്രി സംവിധാനവുമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്.

പാക്കേജ് 3 - ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഏകദേശം 963 കി. മീ. നീളത്തിൽ വിവിധ വ്യാസമുള്ള (700 മി.മീ. ഡി.ഐ. മുതൽ 75 മി.മീ. യു.പി.വി.സി. വരെ) പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനുള്ളതാണ് ഈ പാക്കേജ്. ആകെ സ്ഥാപിക്കേണ്ട 963 കി.മീ. വിവിധയിനം പൈപ്പുകളിൽ 788 കി.മീ. സ്ഥാപിച്ചിട്ടുണ്ടെങ്കിലും 173 കി.മീ. പൈപ്പുകൾ മാത്രമെ ചാർജ്ജ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ.

<u>പാക്കേജ് 4</u> – 14 ജലസംഭരണികൾ, ഓഫീസ് കെട്ടിടങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവയാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പാക്കേജും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്.

(ബി) മീനാട് ശുദ്ധജല പദ്ധതിയുടെ അടങ്കൽ തുക 295.6 കോടി രൂപയാണ്. ഇതിൽ നാളിതുവരെ 246.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഏകദേശം 963 കി.മീ. നീളത്തിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുവാനാണ് കരാർ നൽകിയിരുന്നത്. ഇതിൽ 788 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചു. ഇനി 175 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കാൻ അവശേഷിക്കുന്നു.

(ഡി)

| നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം (പഞ്ചായത്ത്/മുനിസിപ്പാലിറ്റി) | ഇനി സ്ഥാപിക്കുവാനുള്ളത് (കി.മീ.) |
|---|---|---|
| 1 | കരവാളൂർ | 11.068 |
| 2 | ഇടമുളയ്ക്കൽ | 11.838 |
| 3 | അഞ്ചൽ | 28.570 |
| 4 | ഇളമാട് | 15.648 |
| 5 | ഉമ്മന്നൂർ | 28.725 |
| 6 | വെളിയം | 20.159 |
| 7 | പൂയപ്പള്ളി | 1.472 |
| 8 | നെടുമ്പന | 19.194 |
| 9 | ചാത്തന്നൂർ | 0 |
| 10 | പൂതക്കുളം | 10.18 |
| 11 | ചിറക്കര | 2.805 |
| 12 | ആദിച്ചനെല്ലൂർ (പാർട്ട്) | 1.888 |
| 13 | മയ്യനാട് | 17.080 |
| 14 | പരവൂർ മുൻസിപ്പാലിറ്റി | 6.538 |
| | ആകെ | 174.80 |

വിതരണ ശൃംഖലയുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്ന കരാറുകാരൻ M/s K. Ramakrishnan Contractors Pvt. Ltd., Hyderabad പണി ഉപേക്ഷിച്ചതിനാൽ M/s TECPRO Infrastructures Ltd., Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2013 ഡിസംബറിൽ കരാർ കാലാവധി അവസാനിക്കുമ്പോൾ 174 കി.മീ. വിതരണ ശൃംഖലയുടെ പണികൾ പൂർത്തിയാക്കാനുണ്ട്. കൂടാതെ നേരത്തെ പൂർത്തീകരിച്ച ശൃംഖലയിൽ ഗ്യാപ്പ് ക്ലോസിംഗ് ജോലികൾ തീർക്കാനുണ്ട്. M/s TECPRO-യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും 12 മാസത്തിനുള്ളിൽ വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പണി പുനരാരംഭിക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും അതനുസരിച്ച് പണി പുനരരാംഭിക്കുകയും ചെയ്തിട്ടുണ്ട്. 2016 ഡിസംബർ അവസാനത്തോടെ പണികൾ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്.

**കാക്കടവിലെ സ്ഥിരം തടയണ നിർമ്മാണം**

161(861) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേവൽ അക്കാദമി ഉൾപ്പെടെയുള്ളവർക്ക് കുടിവെള്ളം നൽകുന്ന കാക്കടവിൽ സ്ഥിരം തടയണ നിർമ്മിക്കാൻ ടെണ്ടർ നടപടി സ്വീകരിച്ചിട്ടും പണി ആരംഭിക്കാതെ താല്ക്കാലിക തടയണ ഉണ്ടാക്കി വർഷങ്ങളായി സർക്കാർ പണം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ അധികൃതർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഏറെ പരിസ്ഥിതി പ്രശ്നമുള്ള താല്ക്കാലിക തടയണ നിർമ്മാണം നിർത്തിവയ്ക്കാൻ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ലെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നേവൽ അക്കാദമി, കയ്യൂർ ചീമേനി കുടിവെള്ള പദ്ധതി എന്നിവയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് കാക്കടവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിന് 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. തടയണയുടെ ഉയരം 6.50 മീറ്റർ ആണ്. പരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെയുള്ള പ്രവൃത്തിയാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. തടയണയുടെ ഡിസൈൻ, പരിസ്ഥിതി പഠനത്തിനനുസരിച്ച് മാറ്റം വരുത്തേണ്ട അവസ്ഥ, ലാന്റ് അക്വിസിഷൻ

ആവശ്യമായിവരികയും ചെയ്യുന്ന അവസ്ഥ എന്നിവ കാരണം പ്രവൃത്തി നീണ്ടുപോകുന്നതിനുള്ള സാധ്യതയുള്ളതിനാൽ ടെണ്ടർ റദ്ദ് ചെയ്തിരിക്കുകയാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഡിസൈൻ വിഭാഗമായ WASCON തയ്യാറാക്കിയിട്ടുള്ള പരിസ്ഥിതി പഠനത്തിനനുസരിച്ച് തടയണയുടെ രൂപകൽപ്പന നടത്തി വിശദമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഉടനടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരം തടയണ നിർമ്മാണം പൂർത്തിയാകുന്നതുവരെ ജലസംഭരണത്തിനായി താൽക്കാലിക തടയണ അത്യാവശ്യമായതിനാൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് താൽക്കാലിക തടയണ നിർമ്മിക്കാറുള്ളത്. ഇതുമൂലം സർക്കാർ പണം ദുരുപയോഗം ചെയ്യുന്നില്ല.

(ബി) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനുകീഴിലുള്ള വളരെ പ്രാധാന്യമുള്ള ഏഴിമല നേവൽ അക്കാദമിക്കാവശ്യമായ തോതിൽ കുടിവെള്ളം വിതരണം ചെയ്യേണ്ടതിനാലും വേനൽകാലങ്ങളിൽ കാര്യങ്കോട് പുഴയിൽ ആവശ്യമായ ജലം ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് എല്ലാ വർഷങ്ങളിലും താൽക്കാലിക തടയണ നിർമ്മിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് പ്ലാസ്റ്റിക് ചാക്കിൽ മണ്ണ് നിറച്ച് താൽക്കാലിക തടയണ നിർമ്മിക്കുന്നത് മാറ്റി, കല്ലും മണ്ണും മാത്രം ഉപയോഗിച്ചുള്ള നിർമ്മാണ രീതിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. സ്ഥിരമായ തടയണയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ മാത്രമേ താൽക്കാലിക തടയണ നിർമ്മിക്കുകയുള്ളൂ.

## കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

162(862) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലങ്ങളുടെ പ്രമാണങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്നും അവയുടെ കസ്റ്റോഡിയൻ ആരെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങൾ കൃത്യമായി അതിര് സ്ഥാപിച്ച് കൈവശം വെച്ച് വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) കുറ്റ്യാടി ജലസേചന പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലങ്ങളുടെ പ്രമാണങ്ങൾ സൂക്ഷിക്കുന്നത് പേരാമ്പ്ര എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. (കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ (കെ.വൈ.എ.പി.))

ടി പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും കാലപ്പഴക്കം കാരണം പലഭാഗത്തും കല്ലുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ആയതിനാൽ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തിന്റെ സർവ്വേ നടത്തി അതിർത്തി പുനർനിർണ്ണയിക്കുന്നതിന് ജില്ലാകളക്ടർക്ക് കത്ത് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**അണക്കെട്ട് പുതുക്കിപ്പണിയുന്നതിന് നടപടി**

163(863) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പടന്ന ഇടച്ചാക്കൈ അണക്കെട്ട് പുതുക്കിപ്പണിയുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇത് എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ പടന്ന ഇടച്ചാക്കൈ അണക്കെട്ട് പുതുക്കിപ്പണിയുന്നതിന് ജി.ഒ.(എം.എസ്.)നമ്പർ 3/16/പി.എൽ.ജി. തീയതി 14-1-2016 പ്രകാരം 192 ലക്ഷം രൂപയുടെ ഭരണാനുമതി കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാര്യങ്കോട് പുഴയ്ക്ക് കുറുകെയുള്ള വി.സി.ബി.**

164(864) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ അനുവദിച്ച വി.സി.ബി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ അനുവദിച്ച വി.സി.ബി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ 45% പൂർത്തീകരിച്ചു. ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ബി) 31-5-2016-ൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### കടൽഭിത്തി പുനർനിർമ്മാണം

165(865) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ കടൽക്ഷോഭത്താൽ തീരദേശ റോഡുകൾ അടക്കം കടലെടുത്ത് ഒറ്റപ്പെട്ട് കിടക്കുന്ന പാലപ്പെട്ടി അജ്മീർ നഗറിൽ കടൽഭിത്തി പുനർനിർമ്മിച്ച് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത കടൽഭിത്തി അടക്കം പൊന്നാനിയിൽ പൂർണ്ണമായി തകർന്ന ലൈറ്റ് ഹൗസ് മുതൽ തെക്കോട്ട് കാപ്പിരിക്കാട് വരെയുള്ള ഭാഗത്ത് ഭിത്തി നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലപ്പെട്ടി അജ്മീർ നഗറിൽ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ (എഫ്.എം.പി.) ഉൾപ്പെടുത്തി 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് (2500 മീറ്റർ നീളം) തയ്യാറാക്കിയിട്ടുണ്ട്.

(ബി) പൊന്നാനി മണ്ഡലത്തിലെ തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014)-യുടെ തീരുമാന പ്രകാരം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടൽക്ഷോഭങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാനും കടൽക്ഷോഭത്തെ തടയുന്നതിന് പുലിമുട്ടുകൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിനുംവേണ്ടി കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൂനെയിലുള്ള CWPRS (Central Water Power Research Station)-നെ ചുമതലപ്പെടുത്തുകയുണ്ടായി. CWPRS-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തിയുടെയും/പുലിമുട്ടുകളുടെയും ഡിസൈൻ തയ്യാറാക്കിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### മൂർക്കനാട് കുടിവെള്ള പദ്ധതി

166(866) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചതെന്നും എത്ര തുകയാണ് പ്രസ്തുത കുടിവെള്ള പദ്ധതിക്കായി ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) വിവിധ ഘട്ടങ്ങളായി പ്രവർത്തനം തുടങ്ങിയ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഓരോ ഘട്ടത്തിനും ഭരണാനുമതി ലഭിച്ച വർഷവും തുകയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 17-1-2015-ലാണ് മൂർക്കനാട് കുടിവെള്ള പദ്ധതി ആരംഭിച്ചത്. ഇതുവരെയായി 3,594.07 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മൂർക്കനാട് കുടിവെള്ള പദ്ധതിക്ക് അഞ്ച് ഘട്ടങ്ങളിലായി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

| നമ്പർ | പദ്ധതി | വർഷം | ലഭിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഘട്ടം-1 (മൂർക്കനാട് വില്ലേജ്) | 2003 | 350.00 |
| 2 | ഘട്ടം-2 (കുറുവ വില്ലേജ്) | 2003 | 650.00 |
| 3 | ഘട്ടം-3 (പുഴക്കാട്ടിരി-വടക്കങ്ങേര വില്ലേജ്) | 2003 | 630.00 |
| 4 | ഘട്ടം-4 (കൂട്ടിലങ്ങാടി വില്ലേജ്) | 2003 | 675.00 |
| 5 | ഘട്ടം-5 (മങ്കട വില്ലേജ്) | 2003 | 675.00 |

മുഴുവൻ പ്രവൃത്തികളും നടപ്പിലാക്കുന്നതിന് ഭരണാനുമതി തുക തികയാതെ വന്നതിനാൽ വിവിധ ഘട്ടങ്ങളുടെ വിതരണശൃംഖലയ്ക്ക് എസ്.എൽ.എസ്.എസ്.സി.-യിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് പുതിയ ഭരണാനുമതി നൽകി:

| നമ്പർ | പദ്ധതി | വർഷം | തുക (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | SLSSC 2010 ഘട്ടം-3 പുഴക്കാട്ടിരി, വടക്കങ്ങേര വില്ലേജ് - വിതരണ ശൃംഖല സ്ഥാപിക്കൽ | 2012 | 385.00 |
| 2 | SLSSC 2010 ഘട്ടം-1 മൂർക്കനാട് വില്ലേജ് - എച്ച്.എൽ. സോൺ ഭാഗം-1 | 2012 | 200.00 |
| 3 | SLSSC 2013 ഘട്ടം-1 മൂർക്കനാട് വില്ലേജ് - എൽ.എൽ. സോൺ | 2013 | 83.07 |
| 4 | SLSSC 2013 ഘട്ടം-2 കുറുവ വില്ലേജ് - വിതരണ ശൃംഖല | 2013 | 663.25 |
| 5 | SLSSC 2013 ഘട്ടം-5 മങ്കട വില്ലേജ് - വിതരണ ശൃംഖല | 2013 | 600.00 |
| 6 | SLSSC 2014 ഘട്ടം-4 കൂട്ടിലങ്ങാടി വില്ലേജ് - വിതരണ ശൃംഖല | 2014 | 600.00 |
| 7 | SLSSC 2014 ഘട്ടം-1 മൂർക്കനാട് വില്ലേജ് - വിതരണ ശൃംഖല – എച്ച്.എൽ. സോൺ ഭാഗം-2 | 2014 | 198.00 |

**അഞ്ചരക്കണ്ടി-പെരളശ്ശേരി ശുദ്ധജലവിതരണ പദ്ധതി**

167(867) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിനെ അഞ്ചരക്കണ്ടി-പെരളശ്ശേരി ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തണ മെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ (ഫയൽ നമ്പർ KWA/HO/WN1/KNR/92/2011) കേരള ജല അതോറിറ്റി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

നിവേദനത്തിലൂടെ ആവശ്യപ്പെട്ടതനുസരിച്ച് കീഴല്ലൂർ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും നിലവിൽ ജലവിതരണ ശൃംഖലയില്ലാത്ത പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് അഞ്ചരക്കണ്ടി-പെരളശ്ശേരി പദ്ധതിയുടെ പനയത്താം പറമ്പിലുള്ള ജലസംഭരണിയിൽനിന്നും പ്രത്യേകം പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച സർവ്വേ പൂർത്തീകരിച്ച് വിശദമായ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**കുയിലൂർ വളവ്-പഴശ്ശി അണക്കെട്ട് റോഡ് നിർമ്മാണം**

168(868) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കുയിലൂർവളവ് - പഴശ്ശി അണക്കെട്ട് റോഡ് നിർമ്മാണത്തിന് കനാൽ റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകണമെന്ന നിവേദനത്തിൻമേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2015-16 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലസംഭരണികളുടെ ശുദ്ധീകരണം**

169(870) ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംഭരണികൾ ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്ത അവസ്ഥയിൽ ജലസംഭരണികൾ മാലിന്യ നിക്ഷേപകേന്ദ്രങ്ങളാകുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അവസ്ഥ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസംഭരണികൾ ശുദ്ധീകരിക്കുന്നതിന് നിലവിൽ പ്രത്യേക പദ്ധതികളൊന്നുമില്ല. വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഡാമുകളിൽ അടിയുന്ന ഖര മാലിന്യങ്ങൾ നീക്കം ചെയ്യാറുണ്ട്.

(ബി) ഉണ്ട്.

(സി) ജലസംഭരണികളിൽ മാലിന്യ നിക്ഷേപം തടയാനായി പരിസരങ്ങളിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുന്നതിനും ബോധവൽക്കരണത്തിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് സാധനങ്ങൾ സംഭരണികളിൽ അനുവദിച്ചിട്ടില്ല. വിനോദസഞ്ചാര മേഖലകളായി വികസിപ്പിച്ചിട്ടുള്ള ജലസംഭരണികളിൽ മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിന് പ്രത്യേക മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജലനിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ

170(871) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും ലഭിച്ച ഫണ്ടിന്റെയും അവയുടെ പ്രവർത്തന പുരോഗതിയുടെയും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ജലസേചന വകുപ്പ് :

ജലസേചന വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി :

കേരള ജല അതോറിറ്റി മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ് :

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പ്രവൃത്തിയുടെ പേര് | തുക | പഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| പുത്തൂർകുന്ന് എസ്. സി. കോളനി കുടിവെള്ള പദ്ധതി | 2,33,347 | കടന്നപ്പള്ളി പാണപ്പുഴ | പൂർത്തീകരിച്ചു |
| പുത്തൂർകുന്ന് ക്രിസ്ത്യൻ കോളനി കുടിവെള്ള പദ്ധതി | 3,57,398 | കടന്നപ്പള്ളി പാണപ്പുഴ | പൂർത്തീകരിച്ചു |
| ചൊയ്യാരം കുഴൽ കിണർ നിർമ്മാണം | 40,950 | ചെറുതാഴം | കുഴൽകിണർ ജലലഭ്യത ഇല്ല. |
| ക്രിസ്തുകുന്ന് കുഴൽകിണർ ഹാൻഡ് പമ്പ് സ്ഥാപിക്കൽ | 8,100 | കണ്ണപുരം | ഹാൻഡ് പമ്പ് സ്ഥാപിച്ചു. |
| മാടായി എരിയപുരം കോളനി കുടിവെള്ള പദ്ധതി | 4,83,000 | മാടായി | 90% പൂർത്തീകരിച്ചു |
| മംഗലശ്ശേരി ഡിവൈൻ കോളനി | 3,55,000 | പട്ടുവം | 90% പൂർത്തീകരിച്ചു. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാപ്പിത്തോടിന്റെ നവീകരണം

171(872) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിത്തോടിന്റെ നവീകരണത്തിനായി 5 കോടി രൂപ അനുവദിക്കുമെന്ന് മുൻ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) കാപ്പിത്തോടിന്റെ നവീകരണം സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ കാപ്പിത്തോടിന്റെ നവീകരണത്തിനായി 16 കോടി രൂപയുടെ ഭരണാനുമതി നൽകാൻ തീരുമാനിച്ചിരുന്നുവോ; അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) കാപ്പിത്തോടിന്റെ നവീകരണത്തിനായി മണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴുകോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കാമോ;

(ഡി) ആരുടെയെല്ലാം സഹകരണത്തോടുകൂടിയാണ് മണ്ഡല ആസ്തി വികസന പദ്ധതിയിൽ കാപ്പിത്തോടിന്റെ നവീകരണം നടത്താൻ ലക്ഷ്യമിട്ടിരുന്നത്;

(ഇ) കാപ്പിത്തോടിന്റെ നവീകരണത്തിനായി ജില്ലാ ഭരണകൂടം ഒരു സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ ഭരണകൂടം വേണ്ടത്ര ആത്മാർത്ഥത കാട്ടിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജി. സുധാകരൻ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കാപ്പിത്തോട് പൂർണ്ണമായും നവീകരിക്കുന്നതിന് 22-5-2013-ലെ ജി.ഒ.(ആർ.ടി.)നമ്പർ 568/2013/ജവിവ

പ്രകാരം 10.60 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം കാപ്പിത്തോടിന്റെ ഇരുകരകളിലുള്ള മുഴവൻ കയ്യേറ്റവും അളന്ന് തിട്ടപ്പെടുത്തി തരണമെന്ന് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസീൽദാരോട് ആവശ്യപ്പെടുകയുണ്ടായി. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടുവരുന്ന കാപ്പിത്തോടിന്റെ കുറച്ചുഭാഗം പുനർനിർണ്ണയം നടത്തുകയും കുറ്റികൾ സ്ഥാപിച്ചിട്ടുള്ളതായും ബാക്കിവരുന്ന കാപ്പിത്തോടിന്റെ അതിർത്തിയായി വരുന്ന ഭാഗങ്ങൾ കാടുപിടിച്ച് വെള്ളക്കെട്ടായി കിടക്കുന്നതിനാൽ അതിർത്തി പുനർനിർണ്ണയിക്കുന്നതിനോ കുറ്റികൾ സ്ഥാപിക്കുന്നതിനോ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് തഹസീൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ വിശദമായ ഡി.പി.ആർ. തയ്യാറാക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ കാപ്പിത്തോടിന്റെ അതിർത്തി പുനർനിർണ്ണയിച്ചു കിട്ടിയാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുകയുള്ളൂ.

(ബി) തീരുമാനിച്ചിരുന്നു. ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) നൽകിയിരുന്നു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നവീകരണം നടത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

| | | |
|---|---|---|
| 2012-13 | - | 2 കോടി രൂപ |
| 2013-14 | - | 2 കോടി രൂപ |
| 2014-15 | - | 2 കോടി രൂപ |
| 2015-16 | - | 1 കോടി രൂപ |
| ആകെ | - | 7 കോടി രൂപ |

ബാക്കി തുക മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും കണ്ടെത്തുവാനാണ് തീരുമാനിച്ചിരുന്നത്.

(ഇ) സൊസൈറ്റി രജിസ്റ്റർ ചെയ്തിരുന്നു. കാപ്പിത്തോടിന്റെ സംരക്ഷണത്തിനായി 1995-ലെ പന്ത്രണ്ടാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് 2013-ൽ ക്രമനമ്പർ ALP/TC/486/2013 പ്രകാരം ജില്ലാ ഭരണകൂടം സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജലസ്രോതസ്സുകളുടെ സംരക്ഷണം

172(873) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടങ്ങളും ജലാശയങ്ങളും ഉൾപ്പടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ശാസ്താംകോട്ട കായൽ ഉൾപ്പടെയുള്ള കായലുകളുടെ വിസ്തൃതി ചുരുങ്ങുന്നത് തടയാൻ ഫലപ്രദമായ നടപടികളൊന്നും സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പുഴ മുതൽ പുഴ വരെ എന്ന ഭാരതപ്പുഴ സംരക്ഷണ പദ്ധതിയുടെയും മണിമല-മീനച്ചിൽ-മൂവാറ്റുപുഴ സംരക്ഷണ പദ്ധതിയുടെയും നിലവിലെ പുരോഗതി അറിയിക്കുമോ;

(ഡി) 2008 ആഗസ്റ്റിനുമുമ്പ് അനധികൃതമായി നടത്തിയ തണ്ണീർത്തട നികത്തലുകൾ നിയമാനുസൃതമാക്കിയ സർക്കാർ നടപടി ജലസ്രോതസ്സുകളുടെ സംരക്ഷണത്തെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) തണ്ണീർത്തടങ്ങളും ജലാശയങ്ങളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നിർവ്വഹിച്ചുവരുന്നത്. ഓരോ നദീതടത്തിലും വരുന്ന ജലസ്രോതസ്സുകളായ കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് മഴവെള്ളം സംഭരിച്ച് ഉപരിതല ജലസേചനത്തിനും ഭൂഗർഭ ജലവർദ്ധനവിനും ഉപയോഗപ്പെടുത്തുന്നതിനുള്ള സംരക്ഷണ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംസ്ഥാന/നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന തണ്ണീർത്തടങ്ങളുടെ (കായൽ/ തടാകങ്ങൾ) സംരക്ഷണം ലക്ഷ്യമിട്ട് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രം (CWRDM)' മാനേജ്മെന്റ് ആക്ഷൻ പ്ലാൻ പ്രകാരം വിവിധ വകുപ്പുകളാണ് വ്യത്യസ്തമായ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നത്. ഇതിൻ പ്രകാരം ജലസേചന വകുപ്പും പ്രവർത്തികൾ നിർവ്വഹിക്കുന്നു. കൂടാതെ, കുട്ടനാട് പാക്കേജിന്റെ ഭാഗമായ കുട്ടനാട് പ്രദേശത്തെ

തണ്ണീർത്തട സംരക്ഷണ പ്രവർത്തിയും നടപ്പിലാക്കിവരുന്നു. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജല പരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കുളം സംരക്ഷണം, ചെറുകിട തടയണകൾ, ജലനിധി കിണറുകളിൽ point recharge, roof water harvesting, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) Sub-surface dyke എന്നീ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു.

(ബി) കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ റവന്യൂ അധികൃതരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വിവരം അറിയിക്കാറുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി റവന്യൂ അധികൃതരാണ് സ്വീകരിക്കുന്നത്. കായലുകൾ ഉൾപ്പെടുന്ന തണ്ണീർത്തടങ്ങളുമായി ബന്ധപ്പെടുത്തി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെയാണ് നിലവിൽ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതി നടപ്പിലാക്കുന്നത് റവന്യൂ വകുപ്പിൻകീഴിലെ സംസ്ഥാന ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിലാണ്. ഭാരതപ്പുഴയിൽ കുറ്റിപ്പുറം മുതൽ തിരുനാവായ വരെയുള്ള (3 കി.മീ.) സ്ഥലത്തും പത്തനംതിട്ട ജില്ലയിൽ തൃപ്പാറ ക്ഷേത്രത്തിനടുത്ത് താന്നിയിലും (9 ഏക്കർ) അച്ചൻകോവിലാറിന്റെ ഇരുകരകൾ എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. മണിമല-മീനച്ചിൽ-മൂവാറ്റുപ്പുഴ സംരക്ഷണ പദ്ധതി സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2008 ആഗസ്റ്റിനുമുമ്പ് അനധികൃതമായി നടത്തിയ തണ്ണീർത്തട നികത്തലുകൾ തണ്ണീർത്തടങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയും അവയുടെ ജലസംഭരണ ശേഷിയും നശിപ്പിക്കുന്നതിന് ഇടയാക്കും. ഇത് ഉപരിതല-ഭൂഗർഭ ജലസ്രോതസ്സുകളെ ഇല്ലാതാക്കുകയും അതുവഴി ജലലഭ്യത കുറയ്ക്കുകയും ചെയ്യും. ഇതിന്റെ ഫലമായി സമീപ പ്രദേശങ്ങളിലെ കുളങ്ങൾ, കിണറുകൾ എന്നിവയിലെ ജലലഭ്യത കുറയുന്നതുകൂടാതെ നദികളിലെ നീരൊഴുക്കിലും കുറവ് സംഭവിക്കാനിടയാക്കും.

**ജലസേചന സംരക്ഷണ പ്രവൃത്തികൾ**

173(874) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച ജലസേചന-സംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമാണ്;

(സി) മുടങ്ങിക്കിടക്കുന്നതും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികളുടെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ മേജർ ഇറിഗേഷന്റെ കീഴിൽ ചെയ്ത പ്രവൃത്തികൾ:

1. 2011-12 കുളക്കട പഞ്ചായത്തിൽ ഏനാത്ത് പാലത്തിന് താഴ്ഭാഗത്ത് കല്ലട നദിയുടെ ഇടതുകര സംരക്ഷണം (Agt.No.7/SE/ISC/2011-12 dated 2-6-2011 ₹ 84,12,367/-)

2. 2014-15 ആർ.എം.എഫ്. കുളക്കട പഞ്ചായത്തിൽ വടശ്ശേരി മഠത്തിനടുത്ത് കല്ലട നദിയുടെ ഇടതുകര സംരക്ഷണം

   (Agt.No.45/SE/ISC/2014-15 dated 18-9-2014 ₹ 28,96,203)

3. ആർ.എം.എഫ്. കുളക്കട പഞ്ചായത്തിൽ ഏനാത്ത് പാലത്തിന് താഴ്ഭാഗത്ത് ഇടിഞ്ഞക്കടവിലേയ്ക്ക് കല്ലട നദിയുടെ ഇടതുകര സംരക്ഷണം (എഗ്രിമെന്റിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.)

   മൈനർ ഇറിഗേഷന്റെ കീഴിൽ ചെയ്ത പ്രവൃത്തികൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന മേജർ ഇറിഗേഷൻ പ്രവൃത്തികളിൽ ക്രമനമ്പർ 1-ഉം 2-ഉം പദ്ധതികൾ പൂർത്തീകരിച്ചു. മൈനർ ഇറിഗേഷൻ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ അനുബന്ധംII ആയി ചേർത്തിരിക്കുന്നു.*

(സി) മുടങ്ങിയ പദ്ധതികൾ ഇല്ല. മുകളിൽ പറഞ്ഞിരിക്കുന്ന മേജർ ഇറിഗേഷൻ പ്രവൃത്തികളിൽ ക്രമനമ്പർ 3 ആയ പ്രവൃത്തിയുടെ എഗ്രിമെന്റിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. മൈനർ ഇറിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ കുളക്കട പഞ്ചായത്തിൽ വെണ്ടാർചിറ, കൊട്ടാരക്കര പഞ്ചായത്തിൽ വേലംകോണം ചിറ എന്നീ പ്രവൃത്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതുകൊണ്ട് തുടങ്ങാൻ സാധിച്ചില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. മേലില പഞ്ചായത്തിലെ ഇരങ്ങൂർ വാർഡിൽ ആലംകോട് ഏലാ തോടിന്റെ സംരക്ഷണ പണികൾ - 16-8-2013-ൽ പണിസ്ഥലം കരാറുകാരൻ ഏറ്റെടുത്തു. 15-12-2013-ൽ പൂർത്തീകരണ കാലാവധി അവസാനിച്ചു. നിരവധി തവണ അറിയിച്ചിട്ടും കരാറുകാരന്റെ ഭാഗത്തുനിന്നും യാതൊരു മറുപടിയും ഉണ്ടായില്ല. ആയതിനാൽ മേൽ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

3. പി.എം.-ഉമ്മന്നൂർ പഞ്ചായത്തിൽ കമ്പംകോട് ചൂള ഭാഗത്ത് കുളഞ്ഞിയിൽ ഏലാ തോടിനുകുറുകെ തടയണയുടെ നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**കടൽഭിത്തി നിർമ്മാണം**

174(875) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ എവിടെയെല്ലാം കടൽഭിത്തി നിർമ്മിച്ചുവെന്നും എന്ത് തുകയാണ് വകയിരുത്തിയതെന്നും വിശദമാക്കാമോ?

ഉത്തരം

ഉത്തരം അനുബന്ധം ആയി ചേർക്കുന്നു.*

**ഭൂജലപരിപോഷണം ജനകീയമാക്കൽ**

175(876) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല പരിപോഷണം ജനകീയമാക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഴക്കാലത്ത് മഴവെള്ളം പരമാവധി ഭൂമിയിലേയ്ക്ക് താഴ്ത്തി ഭൂജലനിരപ്പ് ഉയർത്തുകയും അതിന്റെ ഫലമായി വേനൽക്കാലത്ത് ഒരു പരിധിവരെ ജലക്ഷാമം കുറയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അനുയോജ്യമായ സ്ഥലങ്ങളിൽ അടിയണകൾ, മഴക്കുഴികൾ, മേൽക്കൂരവഴിയുള്ള മഴവെള്ളം ശേഖരിച്ച് തുറന്ന കിണറുകളിൽ റീചാർജ്ജ് ചെയ്യുന്ന പദ്ധതികൾ എന്നിവ ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു.

(സി) ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. ഭൂജല നിരപ്പ് ഉയർത്തുന്നതിനായി മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനായി തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 80 റീചാർജ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

## ശുദ്ധജല സംരക്ഷണത്തിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ

176(877) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല സംരക്ഷണത്തിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്;

(ബി) കിണർ റീചാർജിംഗ് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സഹായിക്കുന്നുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പദ്ധതികൾക്ക് സർക്കാർ സബ്സിഡി നൽകി വരുന്നുണ്ടോ;

(ഡി) കിണർ റീചാർജിംഗ് പദ്ധതിപോലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഭൂജലസംരക്ഷണത്തിനും ഭൂജല പരിപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് ഭൂജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാദുരിതാശ്വാസ പദ്ധതി, എം.എൽ.എ., എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി.എ.ആർ.ഡബ്ല്യു., എസ്.എസ്. ത്രിതല പഞ്ചായത്ത്/മറ്റ് സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) ഉണ്ട്. തുറന്ന കിണർ വഴിയുള്ള ഭൂജലസംപോഷണം ഭൂജലസംരക്ഷണവും ഭൂജലസംപോഷണവും എന്ന പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു.

(സി) ഇല്ല.

(ഡി) ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് സംസ്ഥാനവ്യാപകമായി നടപ്പാക്കിയിട്ടുണ്ട്.

**ഭൂഗർഭ ജലചൂഷണം**

177(878) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലചൂഷണം ക്രമാതീതമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട്ടിൽനിന്നുള്ള യന്ത്ര സഹായത്താൽ കുഴൽക്കിണർ നിർമ്മാണം വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ ഭൂഗർഭ ജലശോഷണം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കുഴൽക്കിണർ അനുബന്ധ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾക്ക് തുടക്കം കുറിക്കുമോ?

ഉത്തരം

(എ) ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് മാത്രമാണ് അതിചൂഷണ ബ്ലോക്കായി തരംതിരിച്ചിട്ടുള്ളത്. ഇവിടെ ഭൂജലം ഉപയോഗിക്കുന്നതിന് ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ബ്ലോക്കുകളിൽ കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണമില്ല. കുഴൽക്കിണർ നിർമ്മിക്കുന്ന സ്വകാര്യ ഡ്രില്ലിംഗ് റിഗ്ഗുകൾ സംസ്ഥാനത്ത് ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ അനുബന്ധ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി**

178(879) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗര ശുദ്ധജലവിതരണ പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി. കമ്മീഷൻ ചെയ്തോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് കമ്മീഷൻ ചെയ്തത്;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എത്ര വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി. ഒറ്റപ്പാലം നഗര ശുദ്ധജല വിതരണ പദ്ധതി 12-1-2016-ന് കമ്മീഷൻ ചെയ്തു.

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 110 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിക്കായി നാളിതുവരെ 17.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ജലഗുണ നിലവാര പരിശോധന ലാബുകൾ**

179(880) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണ നിലവാര പരിശോധനയ്ക്കായി ലാബുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജലഗുണനിലവാര പരിശോധനയ്ക്കായി കേരള ജല അതോറിറ്റിയുടെ കീഴിൽ നിലവിൽ 33 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പരിശോധനയ്ക്കായി 31 സബ് ഡിവിഷണൽ ലാബുകൾ പുതിയതായി ആരംഭിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജനങ്ങളുപയോഗിക്കുന്ന കുടിവെള്ളം പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇതിനായി സംസ്ഥാനത്തെ എല്ലാ കുടിവെള്ള സ്രോതസ്സുകളും നിരന്തര ഗുണ പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. കൂടാതെ പൊതുജനങ്ങൾക്ക് കുടിവെള്ള പരിശോധനയ്ക്കായുള്ള സൗകര്യം ലഭ്യമാക്കാനും ലക്ഷ്യമിടുന്നുണ്ട്.

(സി) ഗുണനിലവാര പരിശോധനാ ലാബുകൾ ആവശ്യമായ സ്ഥലങ്ങൾ നിശ്ചയിച്ച് പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർവഴി കേന്ദ്ര സർക്കാരിന്റെ പദ്ധതി അനുമതി കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇപ്രകാരം അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് തുടർന്ന് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹണത്തിനാവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

**ബാവിക്കര കുടിവെള്ള പദ്ധതി**

180(881) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി ആരംഭിച്ചതെന്നാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ഒരു ഭാഗം മാത്രം കെട്ടിപ്പൊക്കി മറുഭാഗത്തേയ്ക്ക് വെള്ളം കുത്തി ഒലിച്ചുപോകുക വഴി തീരപ്രദേശത്തെ കൃഷി നശിച്ചുപോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്തെങ്കിലും പരിഹാര നടപടിസ്വീകരിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിക്ക് നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലായിരുന്നുവെന്ന് ഉന്നതതല സാങ്കേതിക വിദഗ്ദ്ധർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) മേൽ പ്രവൃത്തി പുനരാരംഭിക്കാതെ, വർഷങ്ങളായി കെട്ടുന്ന താൽകാലിക തടയണ കെട്ടാൻ അനുവദിക്കില്ലായെന്ന പ്രദേശവാസികളുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി 1976-ൽ ആരംഭിച്ചു. ഇതിന്റെ സ്രോതസ്സ് ചന്ദ്രഗിരിപ്പുഴയിലെ ബാവിക്കരയിലാണ്. ഇതോടനുബന്ധിച്ചുള്ള ബാവിക്കരയിലെ നിർദ്ദിഷ്ട റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2005-ൽ ആരംഭിച്ചു.

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്കായി നാളിതുവരെ 438.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യ കരാർ പ്രകാരം 277.42 ലക്ഷം രൂപയും രണ്ടാം കരാർ പ്രകാരം 160.81 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

(സി) നിർത്തിവച്ചിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിച്ചപ്പോൾ സൈറ്റ് കണ്ടീഷനിൽ ഉണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടിവന്നതുമൂലം പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവന്നു. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചെങ്കിലും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ഒഴിവാക്കുകയുണ്ടായി. 27-1-2016-ലെ യോഗ തീരുമാനപ്രകാരം ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. ഡിസൈൻ പുതുക്കി തരാമെന്ന് അറിയിച്ചതനുസരിച്ച് ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടി ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) കരയിടിച്ചിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റഗുലേറ്ററിന്റെ ബാക്കി പ്രവൃത്തിയോടനുബന്ധിച്ച് ഈ ഭാഗത്തിന്റെ പാർശ്വസംരക്ഷണവും നടത്തുന്നതാണ്.

(ഇ) ലഭിച്ചിട്ടില്ല

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രദേശത്തെ ഒരു വിഭാഗം ജനങ്ങൾ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭ രംഗത്തുണ്ട്. ബന്ധപ്പെട്ടവരുമായി കാസർഗോഡ് ജില്ലാ കളക്ടർ 19-1-2016-ന് വിളിച്ചുചേർത്ത യോഗത്തിൽ പ്രശ്നം ഉന്നതതലത്തിൽ പരിഹരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 27-1-2016 ന് നടന്ന ചർച്ചയുടെ തീരുമാനപ്രകാരം സ്ഥിരം തടയണയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ കാസർഗോഡ് ഉദുമ നിയമസഭാ സാമാജികരുടെയും ആക്ഷൻ കമ്മിറ്റി ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലത്ത് വച്ച് ആക്ഷൻ കമ്മിറ്റി ഭാരവാഹികളുമായി ഫെബ്രുവരി രണ്ടാം വാരത്തിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## കുടിവെള്ള വിതരണ പദ്ധതികൾ

181(882) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. രാജു :

ശ്രീ. കെ. അജിത് :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ പദ്ധതികളിൽ ശുദ്ധീകരണ സംവിധാനമില്ലാത്ത പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴവൻ ജനങ്ങൾക്കും ശുദ്ധീകരിച്ച കുടിവെള്ളം എത്തിച്ച് കൊടുക്കുന്നതിന് എന്ത് പദ്ധതികളാണുള്ളത്, വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന എത്ര കുടിവെള്ള വിതരണ പദ്ധതികളുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജലനിധി പദ്ധതിപ്രകാരം സംസ്ഥാനത്തെ 8 ജില്ലകളിൽ ജനപങ്കാളിത്തത്തോടെയുള്ള ചെറുകിട ജലവിതരണ പദ്ധതികളാണ് മുഖ്യമായും നടപ്പിലാക്കുന്നത്. ബൃഹത്തായ ശുചീകരണ സംവിധാനങ്ങൾ ഇത്തരം പദ്ധതിയിൽ ഉപയോഗിക്കുന്നില്ല. ചെറുകിട ശുചീകരണ പ്രക്രിയകളായ ഇൻഫിൽട്രേഷൻ ഗ്യാലറി, ക്ലോറിനേഷൻ എന്നിവ നടത്തി അണുവിമുക്തമാക്കിയാണ് ജലം വിതരണം ചെയ്യുന്നത്. കേരള ജല അതോറിറ്റിയുടെ കീഴിൽ ശുദ്ധീകരണ സംവിധാനം ഇല്ലാത്ത പദ്ധതികൾ ഒന്നുംതന്നെ ഇല്ല. ശുദ്ധീകരണശാലകളുള്ള പ്രധാന ശുദ്ധജലവിതരണ പദ്ധതികളെല്ലാം കൊയാഗുലേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ തുടങ്ങിയ ശുദ്ധീകരണ പ്രക്രിയയ്ക്ക് ശേഷമാണ് ജലവിതരണം നടത്തുന്നത്. ജലശുദ്ധീകരണ ശാലകളില്ലാത്ത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശേഖരിക്കുന്ന ജലം ബ്ലീച്ചിങ് പൗഡർ കലർത്തി അണുവിമുക്തമാക്കിയാണ് വിതരണം നടത്തുന്നത്. ഇത്തരത്തിൽ ശുദ്ധീകരണ ശാലകളില്ലാത്ത 914 ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുന്നു.

| | |
|---|---|
| തിരുവനന്തപുരം | 95 എണ്ണം |
| കൊല്ലം | 63 എണ്ണം |
| പത്തനംതിട്ട | 62 എണ്ണം |
| കോട്ടയം | 81 എണ്ണം |
| ആലപ്പുഴ | 66 എണ്ണം |
| എറണാകുളം | 17 എണ്ണം |
| ഇടുക്കി | 82 എണ്ണം |
| തൃശ്ശൂർ | 57 എണ്ണം |
| കോഴിക്കോട് | 79 എണ്ണം |
| വയനാട് | 19 എണ്ണം |
| കണ്ണൂർ | 123 എണ്ണം |
| കാസർഗോഡ് | 75 എണ്ണം |
| പാലക്കാട് | 68 എണ്ണം |
| മലപ്പുറം | 27 എണ്ണം |
| ആകെ | 914 എണ്ണം |

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും JICA, NABARD തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി വിവിധ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇപ്പോൾ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളിലൂടെയും ഇപ്രകാരം പുതുതായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെയും സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിച്ചുകൊടുക്കുവാനാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്.

(സി) 3 എണ്ണം.

**കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി**

182(883) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതിയുടെ നിർമ്മാണ സമയത്ത് ഉണ്ടാകുന്ന സാങ്കേതികവും പ്രാദേശികവുമായ തടസ്സങ്ങൾ ഔദ്യോഗിക തലത്തിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിലും ചർച്ച ചെയ്ത് തടസ്സങ്ങൾ നീക്കി പണികൾ നടപ്പാക്കിവരുന്നു. ഇതിനുപുറമേ അവലോകന യോഗങ്ങൾ നടത്തിയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നു.

(ബി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിച്ച് ശുദ്ധമായ കുടിവെള്ളം കൂടുതൽ ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

**പുഴയ്ക്ക് ഇരുവശങ്ങളിലും സംരക്ഷണഭിത്തി**

183(884) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ ചെറുപുഴ, പെരിങ്ങോം-വയക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കാര്യാങ്കോട് പുഴയ്ക്ക് ഇരുവശങ്ങളിലും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിൽ ചെറുപുഴ, പെരിങ്ങോം-വയക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കാര്യാങ്കോട് പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കാൻ നിലവിൽ പദ്ധതികളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല.

**ശുദ്ധജല വിതരണം**

184(885) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള വെളിയങ്കോട് ലോക്ക്കം ബ്രിഡ്ജ് നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാണോ; എത്ര കോടിരൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പദ്ധതി എന്ന് തുടങ്ങാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊന്നാനി മണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായുള്ള നിർദ്ദേശം RIDF-XX-ൽ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിരുന്നില്ല. ആയതിനാൽ മേൽ പ്രവൃത്തി RIDF-XXI-ൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ലഭിച്ചെങ്കിലും ഫണ്ടിന്റെ അഭാവംമൂലം RIDF-XXI-ൽ ഉൾപ്പെടുത്തേണ്ട പദ്ധതികളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 21 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

**ചെനക്കൽകണ്ടി മിനി കുടിവെള്ള പദ്ധതി**

185(886) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ പഞ്ചായത്തിൽ ചെനക്കൽകണ്ടി മിനി കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ടോ എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

## കെ.ആർ.ഡബ്ല്യൂ.എസ്.എ.-യിൽ വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനം

186(887) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസി - കെ.ആർ.ഡബ്ല്യൂ. എസ്.എ.-യിൽ വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിലേക്കുള്ള നിയമനം നടത്താൻ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) എങ്കിൽ ആയതിന്മേൽ എത്ര അപേക്ഷ ലഭിച്ചുവെന്നും നിയമന നടപടികളുടെ ഇപ്പോഴത്തെ പുരോഗതിയും വിശദമാക്കുമോ?

ഉത്തരം

(എ) വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് തസ്തികയിലേയ്ക്ക് 3-6-2015-ലെ 2126/എച്ച്.ആർ.ഡി./15/കെ.ആർ.ഡബ്ല്യു.എസ്.എ. നമ്പരായുള്ള വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

(ബി) ആയതിന്മേൽ 15 അപേക്ഷകൾ ലഭിക്കുകയും നിശ്ചിത യോഗ്യതയും മാനദണ്ഡവുമുള്ള 9 അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും ചെയ്തു. കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ 4 പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ജലനിധി രണ്ടാം ഘട്ടം

187(888) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ , വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1,022 കോടി രൂപ മുതൽ മുടക്കി 2012-17 കാലയളവിൽ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച്

നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(സി) (i) പദ്ധതി നടത്തിപ്പിന് ഗുണഭോക്തൃ സമിതികളെ സഹായിക്കുന്നതിനുവേണ്ടി സഹായ സംഘടനകളെയും ഇവർ ഇല്ലാത്തിടത്ത് ഗ്രാമപഞ്ചായത്ത് ആക്ഷൻ ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

(ii) പദ്ധതിക്ക് ഭരണാനുമതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും സാങ്കേതികാനുമതി ഗ്രാമപഞ്ചായത്തിൽത്തന്നെ കെ.ആർ. ഡബ്ല്യു.എസ്.എ. നിയമിച്ചിട്ടുള്ള പ്രോജക്ട് കമ്മീഷണറും നൽകുന്നു. പുറമെ ഗ്രാമപഞ്ചായത്തിൽ ഒരു അക്കൗണ്ടിനെയും നിയമിച്ചിട്ടുണ്ട്.

(iii) നിർമ്മാണത്തിനാവശ്യമായ പണം മുൻകൂർ ഗഡുക്കളായി സമിതികൾക്ക് നൽകുന്നു.

(iv) നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിനുവേണ്ടി പുറമെ നിന്നുള്ള ഗുണനിലവാരം നിർണ്ണയിക്കുന്ന ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(v) നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ സപ്പോർട്ട് നൽകുന്നതിനും സംസ്ഥാനതലത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും ഇടുക്കി, മലപ്പുറം, കണ്ണൂർ മേഖലാ തലത്തിൽ റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളും പ്രവർത്തിക്കുന്നു.

(vi) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ പദ്ധതികൾ നിരന്തരം അവലോകനം ചെയ്യുന്നു. പങ്കാളികളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കുന്നു. ഓരോ പഞ്ചായത്തിലെയും പുരോഗതി ജലനിധി നടപ്പാക്കിയ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോഗ്രാം (ജെ.ഐ.എം.എസ്.)-ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി**

188(889) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ചങ്ങനാശ്ശേരി സബ് ഡിവിഷനൽപ്പെട്ട ഏതെല്ലാം പ്രദേശങ്ങളിൽ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള ജോലികൾക്ക് ഇപ്പോൾ ടെണ്ടർ വിളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ പുതുതായി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ഏതൊക്കെ ജോലികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചങ്ങനാശ്ശേരി സബ് ഡിവിഷനിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കായി നടത്തുന്ന ഏതൊക്കെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) തൃക്കൊടിത്താനം പഞ്ചായത്തിൽ അമരയിലേക്ക് ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ഇടുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) പായിപ്പാട് പഞ്ചായത്തിൽ അംബേദ്കർ ഗ്രാമത്തിൽ പൈപ്പ് സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇങ്ങനെ പൂർത്തീകരിച്ചിട്ടും വെള്ളം ലഭിക്കാത്തതുകൊണ്ട് പുതിയ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ജോലി ആരംഭിച്ചിട്ടുണ്ടോ;

(എഫ്) കുടിവെള്ളക്ഷാമം രൂക്ഷമാകുന്നത് കണക്കിലെടുത്ത് മേൽപ്പറഞ്ഞ ജോലികളുടെ ടെണ്ടർ നടപടികളും ജോലികളും ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ പ്രദേശം കുറിച്ചി, വാഴപ്പള്ളി, പായിപ്പാട് എന്നീ പഞ്ചായത്തുകൾ എന്നിവിടങ്ങളിലും കൂടാതെ ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷന് സമീപം 400 എം.എം. പ്രിമോ പൈപ്പ് മാറ്റിസ്ഥാപിക്കൽ, വാഴപ്പള്ളിയിൽ 700/400 എം.എം. പ്രിമോ മാറ്റി പകരം 700/400 എം.എം. ഡി.ഐ.കെ. 9 പൈപ്പ് സ്ഥാപിക്കൽ, വാഴൂർ റോഡിൽ 700/400 എം.എം. പ്രിമോ മാറ്റി പകരം 700/450 എം.എം. ഡി.ഐ. കെ 9 എന്നീ ജോലികൾക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ബി) പുതുതായി പൈപ്പ് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

(സി) പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) തൃക്കൊടിത്താനം പഞ്ചായത്തിൽ അമരയിലേക്ക് പൈപ്പ് ഇടുന്ന ജോലിക്ക് വർക്ക് ഓർഡർ നൽകി. പി.ഡബ്ല്യു.ഡി.-യിൽനിന്ന് റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല.

(ഇ) പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളം ലഭിക്കാത്തതുകൊണ്ട് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(എഫ്) സ്വീകരിക്കുന്നതാണ്. റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് മൂന്ന് ജോലികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

1. റെയിൽവേ സ്റ്റേഷനുസമീപം 400 എം.എം. പ്രിമോ - പൈപ്പ് മാറ്റി സ്ഥാപിക്കൽ
2. വാഴപ്പള്ളിയിൽ 700/400 എം.എം. പ്രിമോ പൈപ്പ് മാറ്റി പകരം 700/450 എം.എം. ഡി.ഐ. കെ. 9 പൈപ്പ് മാറ്റി സ്ഥാപിക്കൽ
3. വാഴൂർ റോഡിൽ 700/400 എം.എം. പ്രിമോ പൈപ്പ് മാറ്റി പകരം 700/450 എം.എം. ഡി.ഐ.കെ. 9 പൈപ്പ് മാറ്റി സ്ഥാപിക്കൽ.

മേൽ സൂചിപ്പിച്ചവയിൽ ഒന്നാമത്തെ ജോലിക്ക് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരുംതന്നെ പങ്കെടുത്തില്ല. മൂന്നാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 16-2-2016-ൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടെണ്ടർ തുറക്കുന്നതാണ്. രണ്ടാമത്തെ പ്രവൃത്തിക്ക് രണ്ടാംതവണ ക്ഷണിച്ച ടെണ്ടർ പരിശോധിച്ചുവരുന്നു. മൂന്നാമത്തെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചു. 4-2-2016-ൽ തുറന്നു. ലഭിച്ച രണ്ട് ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. തൃക്കൊടിത്താനം പഞ്ചായത്തിലെ അമരയിലേയ്ക്ക് 1500 മീറ്റർ പൈപ്പ് ലൈൻകൂടി സ്ഥാപിക്കാനുണ്ട്. പി.ഡബ്ല്യൂ.ഡി.-യിൽനിന്നുള്ള അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് റോഡ് റസ്റ്ററേഷനുള്ള പണം അടച്ച് പണികൾ പൂർത്തിയാക്കുന്നതാണ്. പായിപ്പാട് പഞ്ചായത്തിൽ അംബേദ്കർ ഗ്രാമത്തിലേയ്ക്ക് പൈപ്പ് ലൈൻ നേരത്തെ സ്ഥാപിച്ചെങ്കിലും റോഡ് പണിമൂലം പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചു. അതിനാൽ ചില ഭാഗങ്ങളിൽ പുതുതായി പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതായി വന്നു. ഇതിനുള്ള കരാർ നൽകിക്കഴിഞ്ഞു. പണികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതാണ്.

**മീനാട് ശുദ്ധജല വിതരണ പദ്ധതി**

189(890) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതുപ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിവച്ച് വിശദവിവരം വെളിപ്പെടുത്താമോ;

(സി) ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര പേർക്ക് കുടിവെള്ളത്തിന് കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ; ശേഷിക്കുന്ന അപേക്ഷകർക്ക് എന്നത്തേയ്ക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതിപ്രകാരം 52000 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകാനാണ് വിഭാവന ചെയ്തത്.

(ബി&സി)

| നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം (പഞ്ചായത്ത്/മുനിസിപ്പാലിറ്റി) | അപേക്ഷ സ്വീകരിച്ചത് | കണക്ഷൻ നൽകിയത് |
|---|---|---|---|
| 1 | കരവാളൂർ | 306 | 236 |
| 2 | ഇടമുളയ്ക്കൽ | 943 | 336 |
| 3 | അഞ്ചൽ | 150 | – |
| 4 | ഇളമാട് | 646 | – |
| 5 | ഉമ്മന്നൂർ | 379 | – |
| 6 | വെളിയം | 683 | – |
| 7 | പൂയപ്പള്ളി | 405 | 339 |
| 8 | നെടുമ്പന | 1345 | 6 |
| 9 | ചിറക്കര, ചാത്തന്നൂർ | 2409 | 2192 |
| 10 | പൂതക്കുളം | 565 | – |
| 11 | മയ്യനാട്(1) ആദിച്ചനെല്ലൂർ (പാർട്ട്) | 195 | – |
| 12 | മയ്യനാട് (2) | 521 | 10 |
| 13 | പരവൂർ മുനിസിപ്പാലിറ്റി | 866 | – |
| | ആകെ | 9413 | 3119 |

ശേഷിക്കുന്ന അപേക്ഷകർക്ക് 2017 ഫെബ്രുവരിക്കുള്ളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മിതമായ നിരക്കിൽ കുടിവെള്ളം പദ്ധതി**

190(891) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം മിതമായ നിരക്കിൽ കുപ്പികളിലും പായ്ക്കറ്റിലും ആയി ലഭ്യമാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജല അതോറിറ്റിയുടെ കീഴിൽ ഓരോ ജില്ലയിലും ജലലഭ്യത കുറഞ്ഞ കേന്ദ്രങ്ങളിൽ ഇത്തരത്തിലുള്ള പ്ലാന്റുകളും യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സുരക്ഷിതമായ കുടിവെള്ളം എല്ലാകാലത്തും സംസ്ഥാനത്തുടനീളം ഗുണമേന്മ ഉറപ്പാക്കിയും മിതമായ നിരക്കിലും ലഭ്യമാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലയിലെ മലങ്കര ഡാമിനോട് ചേർന്ന സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ കെ.ഐ.ഐ.ഡി.സി.-ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം കെ.ഐ.ഐ.ഡി.സി. തൊടുപുഴയിലെ മ്രാളയിൽ ഒരു ഷിഫ്റ്റിൽ ഒരു ലിറ്ററിന്റെ 60,000 കുപ്പികൾ ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു ഫാക്ടറി നിർമ്മിക്കുകയും അതിൽനിന്നും 2015 ആഗസ്റ്റ് 24-ാം തീയതി മുതൽ പൊതുജനങ്ങൾക്ക് ഒരു ലിറ്ററിന്റെ ഒരു കുപ്പിക്ക് 15 രൂപ നിരക്കിൽ കുടിവെള്ളം ലഭ്യമാക്കി വരുകയാണ്. കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ ഒരു കുപ്പിവെള്ള പ്ലാന്റിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മിതമായ നിരക്കിലുള്ള കുപ്പിവെള്ളത്തിന്റെ ലഭ്യത സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിലും വ്യാപകമായി എത്തിക്കാനായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ സ്ഥലത്ത് പുതിയൊരു ഫാക്ടറി തുടങ്ങുന്നതിനായി വേണ്ട സ്ഥലം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**ജലനിധി ഒന്നാംഘട്ടം പൂർത്തിയാക്കാൻ കർമ്മ പദ്ധതി**

191(892) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ടം പദ്ധതികൾ പൂർത്തിയാക്കാൻ കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ടം നടപ്പിലാക്കിയത് 2001-2008 കാലയളവിലാണ്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ മേഖലയിൽ കുടിവെള്ള വിതരണത്തിനും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സർക്കാർ നടത്തുന്ന നിക്ഷേപങ്ങൾക്ക് സുസ്ഥിരത ഉറപ്പവരുത്തുന്നതിനാണ് ജലനിധി ആത്യന്തികമായി ലക്ഷ്യമിടുന്നത്. കേന്ദ്രീകൃത ജലവിതരണ സംവിധാനങ്ങൾക്ക് പകരം, വികേന്ദ്രീകൃത ജലവിതരണ സംവിധാനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ജലവിതരണ ശുചിത്വ മേഖലയിലെ സംവിധാനങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

(സി) ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

**ഗ്രാമീണ ശുദ്ധജല വിതരണത്തിന് പദ്ധതി**

192(893) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണത്തിന് എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം 67% കവറേജിനും 15% ഒ&എം-നും 10% സസ്റ്റൈനബിലിറ്റിക്കും 5% സപ്പോർട്ട് ആക്ടിവിറ്റീസിനും 3% വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആന്റ് സർവൈലൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി

വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും എസ്‌സി./എസ്‌ടി. കോളനികളിലേക്ക് ഡിസ്ട്രിക്ട് കളക്ടർവഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2009 മുതൽ ഈ 'പദ്ധതി നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

(സി) ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുവേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കീഴ്തലങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്റർ ചെയ്തു വരുന്നു.

**പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി**

193(894) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇതുമൂലം അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ ഇപ്പോൾ എത്ര കിലോമീറ്റർ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്;

(സി) എത്ര രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഒന്നാംഘട്ടത്തിൽ വിട്ടുപോയ ഭാഗങ്ങളിൽ കുടിവെള്ള മെത്തിക്കുന്നതിനും പദ്ധതി വിപുലീകരിക്കുന്നതിനും നബാർഡിൽനിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ്, റാ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിനുകൾ, ജല സംഭരണികൾ, പ്രധാന ജലവിതരണ കുഴലുകൾ എന്നിങ്ങനെ ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത പദ്ധതിയുടെ രൂപകൽപ്പന അനുസരിച്ച് പദ്ധതി പ്രദേശത്ത് സ്ഥാപിക്കേണ്ട മൊത്തം 1220 കി.മീ. വിതരണ ശൃംഖലയിൽ 597 കി.മീ. ചെറിയ വ്യാസമുള്ള ജലവിതരണ കുഴലുകൾകൂടി സ്ഥാപിക്കേണ്ടതുണ്ട്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജൈക്ക ധനസഹായത്തോടെ പട്ടുവം പ്രദേശത്ത് നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയിൽ ഇപ്പോൾ 623 കി.മീ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്.

(സി) ഇതുവരെ 334.35 കോടി രൂപ (ഡിസംബർ 2015 വരെ) ചെലവാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലാണ്.

**മാവൂർ, ചാത്തമംഗലം പഞ്ചായത്തുകൾ**

194(895) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമല്ലാത്ത മാവൂർ, ചാത്തമംഗലം പഞ്ചായത്തുകൾക്ക് നിലവിലുള്ള കൂളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും വെള്ളം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സമിതിയെ നിശ്ചയിച്ചിരുന്നുവോ;

(ബി) എങ്കിൽ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) റിപ്പോർട്ടിൽ എന്ത് നിർദ്ദേശമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

## അങ്കമാലി നിയോജക മണ്ഡലത്തിലെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി

195(896) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 475 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) എന്തെല്ലാം നടപടിക്രമങ്ങളാണ് പണി ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ടതായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസ് സ്വീകരിക്കാനുള്ള അവസാന തീയതി 14-10-2015 ആയി ദർഘാസ് ക്ഷണിച്ച് 19-10-2015-ൽ തുറന്നു. അതിൽ 4 പേർ പങ്കെടുത്തിട്ടുണ്ട്. ടി ദർഘാസുകൾ ഇപ്പോൾ പരിശോധനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 26-12-2014-ന് ഭരണാനുമതി ലഭിച്ചുവെങ്കിലും സി.പി.ഡബ്ല്യു.ഡി. റേറ്റ് കേരള വാട്ടർ അതോറിറ്റിയിലും നിലവിൽ വന്നതിനാൽ ടി എസ്റ്റിമേറ്റ് ഡി.എസ്.ആർ പ്രകാരം പുതുക്കി വരികയായിരുന്നു. എന്നാൽ 4-7-2015-ലെ ഉത്തരവ് പ്രകാരം 1-4-2015-ന് മുമ്പ് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്.ഒ.ആർ. 2012 പ്രകാരമുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുവാൻ ഉത്തരവാകുകയുണ്ടായി. അതുപ്രകാരം മേൽ പ്രവൃത്തിക്ക് 10-8-2015-ൽ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തു. 14-10-2015 ടെണ്ടർ സ്വീകരിക്കാനുള്ള അവസാന തീയതിയായി ടി പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചു. ലഭിച്ച ടെണ്ടറുകൾ ഇപ്പോൾ പരിശോധനയിലാണ്.

(സി) ദർഘാസ് അംഗീകാരം നൽകിയാലുടൻ കരാറുകാരന് സെലക്ഷൻ നോട്ടീസ് കൊടുത്ത് തെരഞ്ഞെടുക്കൽ വിവരം അറിയിക്കുകയും ഉടമ്പടിയിൽ ഏർപ്പെടുന്നതിന് നിലവിലെ നിയമപ്രകാരം 20 ദിവസം അനുവദിക്കുന്നതുമാണ്. കരാർ വച്ചുകഴിഞ്ഞാൽ കരാറുകാരൻ പൈപ്പുകൾ ലഭ്യമാക്കുന്ന മുറയ്ക്കും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള റോഡുകൾ കുഴിക്കാനുള്ള അനുമതി ബന്ധപ്പെട്ട അധികാരികളിൽനിന്നും ലഭിക്കുന്ന മുറയ്ക്കും ടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ചീക്കോട് കുടിവെള്ള പദ്ധതി

196(897) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്ന് രാമനാട്ടുകര മുനിസിപ്പാലിറ്റിയിലേക്ക് വെള്ളം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുനിസിപ്പാലിറ്റിയിലെ മുഴുവൻ ജലവിതരണത്തിനായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് എത്രയും വേഗം അനുമതി നൽകുമോ?

ഉത്തരം

(എ) രാമനാട്ടുകര മുനിസിപ്പാറിറ്റി നിലവിൽ വരുന്നതിനുമുമ്പ് രാമനാട്ടുകര പഞ്ചായത്തിലേയ്ക്ക് വെള്ളം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) രാമനാട്ടുകര മുനിസിപ്പാലിറ്റി നിലവിൽ വരുന്നതിനുമുമ്പ് രാമനാട്ടുകര പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയ്ക്കും ജലവിതരണം നടത്തുന്നതിന് ഒരു പ്രൊപ്പോസൽ എസ്.എൽ.എസ്.എസ്.സി.യിലേയോ നബാർഡിന്റെയോ ധനസഹായത്തിനായി പരിഗണിച്ചിരുന്നുവെങ്കിലും പദ്ധതി പ്രദേശം ഇപ്പോൾ മുനിസിപ്പാലിറ്റിയായതിനാൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല.

(സി) രാമനാട്ടുകര മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഒരു ശുദ്ധജലവിതരണ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## ജപ്പാൻ കുടിവെള്ള പദ്ധതി

197(898) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് ഫറോക്ക് മുനിസിപ്പാലിറ്റിയിൽ ജല വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിനായി ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തിക്കുള്ള ഫണ്ട് എങ്ങനെയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും ബേപ്പൂർ, ചെറുവണ്ണൂർ, കടലുണ്ടി പ്രദേശത്ത് എന്നേയ്ക്ക് ജലവിതരണം ആരംഭിക്കാനാവും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫറോക്ക് വില്ലേജിലേയ്ക്ക് എത്രയും പെട്ടെന്ന് ശുദ്ധജലമെത്തിക്കാൻ വേണ്ടി ഒന്നാംഘട്ടത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ 315 എം.എം. പി.ഇ പൈപ്പും നിലവിലുള്ള 355 എം.എം.പി.വി.സി. പൈപ്പും തമ്മിൽ 440 മീറ്റർ നീളത്തിൽ 300 എം.എം ഡി.ഐ. പൈപ്പ് ഉപയോഗിച്ച് ബന്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ 35 മീ. നീളത്തിൽ 450 എം.എം. ഡി.ഐ. പൈപ്പ് ഇന്റർകണക്ഷനും പെരുമുഖം ടാങ്കിന്റെ ഇന്റർകണക്ഷനും ചെയ്യേണ്ടതുണ്ട്. ഫറോക്ക് സ്റ്റേഡിയത്തോട് ചേർന്ന് 2.88 ലക്ഷം ശേഷിയുള്ള ഒരു സമ്പും നിർമ്മിക്കേണ്ടതുണ്ട്. രണ്ടാംഘട്ടത്തിൽ ഫറോക്ക് സമ്പിൽനിന്നും പെരുമുഖം ടാങ്കിലേയ്ക്ക് പമ്പിംഗ് മെയിൻ സ്ഥാപിച്ച് പെരുമുഖം ടാങ്കിലേക്ക് ജലം പമ്പ് ചെയ്യേണ്ടതുണ്ട്. കരുവൻതുരുത്തി വില്ലേജിലേയ്ക്ക് ശുദ്ധജലമെത്തിക്കാൻ വേണ്ടി 350 എം.എം. വ്യാസമുള്ള ഡി.ഐ. പൈപ്പ് 370 മീ. നീളത്തിൽ ഫറോക്കിലുള്ള റെയിൽവേ ലൈൻ ക്രോസ് ചെയ്ത് നിലവിലുള്ള 355 എം.എ പി. വി. സി. പൈപ്പ് ലൈനുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ചെനപ്പറമ്പിൽ 490 മീ. നീളത്തിൽ 350 മീ. ഡി.ഐ. പൈപ്പും സ്ഥാപിക്കേണ്ടതുണ്ട്.

(സി) ഫറോക്ക് വില്ലേജിലേയ്ക്കുള്ള പ്രവൃത്തിക്ക് 73.00 ലക്ഷം രൂപ സാർക്ക് 2010-11-ൽ ഉൾപ്പെടുത്തിയും കരുവൻതുരുത്തി വില്ലേജിലേയ്ക്കുള്ള പ്രവൃത്തിക്ക് 165 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തിയും ഭരണാനുമതി ലഭിക്കേണ്ടതായുണ്ട്.

(ഡി) ബേപ്പൂർ മേഖലയിൽ വിതരണശൃംഖലയുടെ ഏകദേശം 80% ത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്. ആ മേഖലയിൽ പൈപ്പ് ലൈൻ ചാർജ്ജ് ചെയ്ത് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നതിനിടെ ഇതേ കരാറുകാർ കോഴിക്കോട് കോർപ്പറേഷനിലെ കെ.എസ്.യു.ഡി.പി.-യുടെ ഡ്രെയിനേജ് പദ്ധതിയുടെ പ്രവൃത്തിയിലും ഏർപ്പെടേണ്ടതായി വന്നു. എന്നാൽ ആൾനൂഴിയിൽ അപകടം സംഭവിച്ചതിനാൽ ജൈക്ക കുടിവെള്ള പദ്ധതിയുടെയും പ്രവൃത്തി നിർത്തി വയ്ക്കുകയാണുണ്ടായത്. ഈ മാസം 8-ാം തീയതിയോടുകൂടി ജൈക്ക പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിക്കുമെന്ന് കരാർ കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. പണി പൂർത്തിയാകുന്നതോടുകൂടി ബേപ്പൂർ മേഖലയിലെ പൈപ്പ് ലൈനുകൾ ചാർജ്ജ് ചെയ്ത് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാവുന്നതാണ്. കടലുണ്ടി,

ചെറവണ്ണൂർ മേഖലകളിലും പണി പുനരാരംഭിക്കുന്നതോടെ വിതരണ ശൃംഖല പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിവെള്ള വിതരണം**

198(899) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വാട്ടർ അതോറിറ്റിക്ക് പുതിയ പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ കാരണങ്ങളാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അധികമായി ഏർപ്പെടുത്തിയ ജലസേചനശേഷി എത്ര; ഏതൊക്കെ പദ്ധതികൾ വഴിയെന്നും അറിയിക്കാമോ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കാമോ; പദ്ധതി വിഹിതത്തിന്റെ വിനിയോഗം ഫലപ്രദമാണോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അധികമായി 794.28 mld ജലവിതരണശേഷി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സ്രോതസ്സ് വിപുലീകരണം, താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ, പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ, പമ്പിംഗ് സമയം കൂട്ടുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് അനുവദിച്ച തുകകൾ കാലതാമസം കൂടാതെ വിനിയോഗിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുടിവെള്ള വിതരണ കമ്പനികളുടെ അംഗീകാരം

199 (900) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക കുടിവെള്ള സ്രോതസ്സുകൾ വ്യാപകമായി മലിനീകരിക്കപ്പെടുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ കുപ്പിവെള്ള കമ്പനികളെ സഹായിക്കാൻ സർക്കാർ പ്രസ്തുത വിഷയത്തിൽ ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ചില കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കുന്നത് തടയുന്നതിനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡിലും നിക്ഷിപ്തമാണ്. എന്നാൽ കേരള ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി ഉപയോഗിച്ചുവരുന്ന കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്ത് സ്രോതസ്സ് ശുദ്ധീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി വരുന്ന ജല സ്രോതസ്സുകൾ മലിനീകരിക്കപ്പെടാതെ സംരക്ഷിക്കുന്നതിനാവശ്യമായ മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്. കേരള ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതികളിൽനിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയും ഗുണനിലവാരം ഉറപ്പാക്കിയുമാണ് ജനങ്ങളിലെത്തിക്കുന്നത്. ഇതിനായി ശുദ്ധീകരണശാലകളോടനുബന്ധിച്ച് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. ശുദ്ധീകരണശാലകളില്ലാത്ത പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച വെള്ളം അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം, ശുദ്ധീകരണത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ കേരള ജല അതോറിറ്റിയുടെ ലാബുകളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള ഗുണനിലവാര പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാറുണ്ട്.

## കുടിവെള്ള വില്പന മാഫിയ

200 (901) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വില്പന മാഫിയക്ക് സഹായകമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ചില സ്ഥലങ്ങളിൽ പൈപ്പിലൂടെയുള്ള ശുദ്ധജല വിതരണം ദിവസങ്ങളോളം മുടക്കുന്നതായ ആവലാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജല വിതരണം നടത്തുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജലവിതരണം നടത്തുന്നതിനു വേണ്ടി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ പരിഹരിക്കുകയും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ചെയ്യാറുണ്ട്. സ്രോതസ്സ് മുതൽ വിതരണം വരെയുള്ള എല്ലാ സംവിധാനങ്ങളും നിരന്തരം നിരീക്ഷിക്കുകയും ഇത് തടസ്സമില്ലാതെ പ്രവർത്തനക്ഷമമാക്കുന്നതിന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ പ്രിവന്റീവ് മെയിന്റനൻസും നടത്തിവരുന്നു.

## കുടിവെള്ള കണക്ഷൻ

201 (902) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പ് കണക്ഷന് അപേക്ഷ നൽകുന്ന സാധാരണക്കാരന് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥരിൽനിന്നും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയാമോ;

(ബി) ഒരു പ്രദേശത്ത് ഒന്നോ രണ്ടോ വ്യക്തികൾക്ക് മാത്രമായി കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് കൂടുതൽ പണം അടയ്ക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡിന്റെ ഒരു വശത്തുകൂടി പോകുന്ന പൈപ്പ് ലൈൻ റോഡ് ക്രോസ്സ് ചെയ്ത് മറുവശത്തുള്ളവർക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിയില്ലെന്നും അഥവാ അങ്ങനെ വേണമെങ്കിൽ പൊതുമരാമത്തിന്റെ അനുമതി കക്ഷികൾ വാങ്ങി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗാർഹിക ആവശ്യത്തിനുള്ള കണക്ഷനുകൾ നൽകുന്നതിന്റെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് 16-7-2013-ൽ ഉത്തരവായിട്ടുണ്ട്.

(ബി) അങ്ങനെയൊരു ഉത്തരവ് നിലവിലില്ല. നിലവിലുള്ള ലൈനും കണക്ഷനെടുക്കുന്ന വ്യക്തിയുടെ മീറ്റർ പോയിന്റും തമ്മിലുള്ള ദൂരത്തിനനുസരിച്ച് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ തുക അപേക്ഷകൻ അടയ്ക്കേണ്ടതും സ്വന്തം ചെലവിൽ കണക്ഷൻ വർക്കുകൾ ചെയ്യേണ്ടതുമാണ്. കൂടുതൽ അപേക്ഷകർ ഒരു പ്രദേശത്ത് ഉണ്ടെങ്കിൽ ആവശ്യമായ പൈപ്പിന്റേയും മറ്റും വില ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പദ്ധതിയിലുൾപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്ത് പുതുതായി ലൈൻ എക്സ്റ്റന്റ് ചെയ്ത് കണക്ഷൻ കൊടുത്തുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ക്രോസ് ചെയ്ത് കണക്ഷൻ നൽകുവാൻ വകുപ്പിന്റെ അനുമതി ആവശ്യമാണ്. അത് കണക്ഷൻ അപേക്ഷിക്കുന്ന വ്യക്തി സ്വന്തം ചെലവിൽ വാങ്ങേണ്ടതും അത് ലഭിക്കുന്ന മുറയ്ക്ക് റോഡ് കട്ട് ചെയ്ത് കണക്ഷൻ എടുക്കുവാൻ അനുവദിക്കുകയുമാണ് ചെയ്തുവരുന്നത്. ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക**

202 (903) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേൽക്കുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര/സംസ്ഥാന/ അർദ്ധ/സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്ര കുടിശ്ശികയാണ് പ്രസ്തുത സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോ; വിശദാംശം വ്യക്തമാക്കുമോ; പ്രതിമാസ ശരാശരി വരവ് ചെലവ് കണക്കുകൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വരവ്, ചെലവ് കണക്കുകൾ സംബന്ധിച്ച വ്യതിയാനം സംഭവിച്ചതിന്റെ കാരണവും ഭരണനിർവ്വഹണം കാര്യക്ഷമമാക്കാനും കുടിശ്ശിക പിരിച്ചെടുക്കാനും, ഗാർഹിക വാട്ടർ ബില്ലിലെ വർദ്ധനവ് അതുവഴി ഒഴിവാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

(ഇ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിലെ പാളിച്ചകൾ മൂലമാണ് വരവുചെലവ് കണക്കുകളിൽ വ്യതിയാനം വന്നതെന്നും ഇത് പരിശോധിച്ച് ഭരണനിർവ്വഹണം കാര്യക്ഷമമാക്കാനും, കടിശ്ശിക പിരിച്ചെടുക്കാനും, ഗാർഹിക വാട്ടർ ബില്ലിലെ വർദ്ധനവ് അതുവഴി ഒഴിവാക്കാനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ അധികാരമേൽക്കുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ 492.08 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു. 31-3-2015-ൽ ഈ ഇനത്തിൽ 744.67 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)നിലവിൽ കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധിയിലാണ്. താരിഫ് വർദ്ധനവിനുശേഷവും റവന്യൂ കമ്മി പ്രതിമാസം 18.51 കോടി രൂപയാണ്. പ്രതിമാസ വരവുചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ശമ്പളം | 25.67 കോടി രൂപ |
| പെൻഷൻ | 12.75 കോടി രൂപ |
| ഉദ്യോഗസ്ഥരുടെ ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് തുടങ്ങിയവ | 4.12 കോടി രൂപ |
| ഓഫീസ് ചെലവ് | 1.51 കോടി രൂപ |
| എച്ച്. ആർ. വേജസ് | 5.74 കോടി രൂപ |
| അറ്റകുറ്റപ്പണികൾ | 7.03 കോടി രൂപ |
| ലോണുകളുടെ തിരിച്ചടവ് | 2.00 കോടി രൂപ |
| പെൻഷൻ ആനുകൂല്യങ്ങൾ, ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ കടിശ്ശിക, ടെർമിനൽ സറണ്ടർ | 8.04 കോടി രൂപ |
| വൈദ്യുതി ചെലവ് | 19.50 കോടി രൂപ |
| ആകെ | 86.36 കോടി രൂപ |
| വെള്ള ചാർജ്ജിനത്തിൽ വരവ് | 40.02 കോടി രൂപ |
| പദ്ധതിയേതര വിഹിതം | 20.43 കോടി രൂപ |
| മറ്റിനങ്ങൾ | 7.40 കോടി രൂപ |
| ആകെ | 67.85 കോടി രൂപ |
| റവന്യൂ കമ്മി | 18.51 കോടി രൂപ |

(ഡി&ഇ) കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത് 2008-ന ശേഷം 2014-ൽ മാത്രമാണ്. 2014-ലെ വർദ്ധനവിന മുമ്പ് ജല അതോറിറ്റിയുടെ പ്രതിമാസ റവന്യൂ കമ്മി 26.43 കോടി രൂപയായിരുന്നു. വർദ്ധനവുമൂലം ഇത് ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിച്ചിരുന്നു എങ്കിലും ആദ്യത്തെ 15 കിലോലിറ്റർ വരെയുള്ള ഉപഭോക്താക്കൾക്ക് യാതൊരു വർദ്ധനവും വരുത്താത്തതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അനുവദിച്ചിരുന്ന സൗജന്യം 15 കിലോ ലിറ്റർ വരെയാക്കിയതും ഉദ്ദേശിച്ച റവന്യൂ വർദ്ധനവിൽ 82.15 കോടി രൂപയോളം കുറഞ്ഞു. ശമ്പള-പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കിയതും ഡി.എ. വർദ്ധനവും പദ്ധതികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ ചെലവുകളിൽ വന്ന വർദ്ധനവ് റവന്യൂ വർദ്ധനവിന് ആനുപാതികമല്ലാതിരുന്നതും റവന്യൂ കമ്മി വർദ്ധിപ്പിച്ചു. ടി റവന്യൂ കമ്മിമൂലം കെ.എസ്.ഇ.ബി.എൽ.-ന് മാസാമാസം അടയ്ക്കേണ്ടതായ വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കാൻ സാധിക്കാത്തതിനാൽ വെള്ളക്കര വർദ്ധനവ് അനിവാര്യമായിരുന്നു. ജല അതോറിറ്റിയുടെ മിക്കവാറും പദ്ധതികൾ എല്ലാംതന്നെ കാലപ്പഴക്കം ചെന്നതാണ്. ഈ പദ്ധതികളുടെ വിതരണ ശൃംഖലകളുടെ കാലപ്പഴക്കവും അടിക്കടിയുള്ള റോഡ് വികസനവും പൈപ്പ് പൊട്ടാൻ ഇടയാകുകയും ഇതുമൂലമുള്ള കുടിവെള്ള നഷ്ടത്താൽ വരുമാന നഷ്ടം സംഭവിക്കുന്നുമുണ്ട്. ജലചോർച്ച തടയുന്നതിനായി ഉപയോഗശൂന്യവും കാലപ്പഴക്കം ചെന്നതുമായ വിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ടി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ജലചോർച്ച വഴിയുള്ള വരുമാന നഷ്ടം പരമാവധി കുറയ്ക്കാൻ സാധിക്കും. പിരിഞ്ഞുകിട്ടാനുള്ള യാഥാർത്ഥ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

**മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ**

203 (904) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്ട് ഡിവിഷന് കീഴിൽ 2011-2016 കാലയളവിൽ എത്ര പുതിയ പ്രവൃത്തികൾ അനുവദിക്കുകയുണ്ടായി ;

(ബി) കണ്ണൂർ ജില്ലയിലെ മലയോരമേഖലകളായ മട്ടന്നൂർ, പേരാവൂർ, ഇരിക്കൂർ, കൂത്തുപറമ്പ് നിയോജക മണ്ഡലങ്ങളിലെ ശുദ്ധജലവിതരണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മട്ടന്നൂർ പ്രോജക്ട് ഡിവിഷനെ ഏൽപ്പിച്ച് മട്ടന്നൂർ പ്രോജക്ട് ഡിവിഷന്റെ ശാക്തീകരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ള കേളകം - കണിച്ചാർ - കൊട്ടിയൂർ ശുദ്ധജലവിതരണ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും മട്ടന്നൂർ പ്രോജക്ട് ഡിവിഷനെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആസ്ഥാനമായ മട്ടന്നൂർ അതിവേഗം വളരുന്ന ഒരു നഗരം എന്ന പരിഗണന നൽകിയും സമീപ നിയോജക മണ്ഡലങ്ങളിൽ ശ്രീകണ്ഠാപുരം, ഇരിട്ടി, പാനൂർ എന്നീ മൂന്ന് പുതിയ നഗരസഭകൾ നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിലും, നിലവിലുള്ള ശുദ്ധജല വിതരണ സൗകര്യങ്ങൾ വ്യാപിപ്പിക്കുകയും പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്യേണ്ടതിനാൽ കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ ഓഫീസിന്റെ ശാക്തീകരണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ ഓഫീസിൽ ഡിവിഷണൽ അക്കൗണ്ടന്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മട്ടന്നൂർ ഡിവിഷന് കീഴിൽ ഏഴ് പദ്ധതികൾ അനുവദിച്ചിരുന്നു.

1. മട്ടിണിക്കും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി.
2. തൃപ്പങ്ങോട്ടൂർ (എ. ആർ. ഡബ്ല്യൂ. എസ്.എസ്.) (പ്ലാൻ)
3. കൊളച്ചേരി (എ.ആർ.ഡബ്ല്യൂ. എസ്.എസ്.)
4. ഇരിക്കൂർ (എ. ആർ. ഡബ്ല്യൂ. എസ്.എസ്.)
5. തൃപ്പങ്ങോട്ടൂർ (എ.ആർ.ഡബ്ല്യൂ. എസ്.എസ്.)(തടയണ)
6. എളയാവൂർ (എൽ.എ.സി.എ.ഡി.എഫ്.)
7. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്

(ബി) പരിശോധിച്ച് ആവശ്യമെങ്കിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേളകം, കണിച്ചാൽ, കൊട്ടിയൂർ ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനം നിലവിൽ കണ്ണൂർ പ്രോജക്ട് ഡിവിഷന്റെ പരിധിയിലാണ്. മട്ടന്നൂർ പ്രോജക്ട് സബ് ഡിവിഷനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ആകെ പ്രോജക്ടുകളുടെ സ്ഥിതി അനുസരിച്ച് പ്രോജക്ട് ഡിവിഷനുകളുടെ അതിർത്തി പുനഃക്രമീകരിക്കാവുന്നതാണ്. പ്രസ്തുത വിഷയം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഇ) തളിപ്പറമ്പ് ഡിവിഷൻ ഓഫീസ് രൂപീകരിച്ചപ്പോൾ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക തളിപ്പറമ്പിലേയ്ക്ക് മാറ്റിയതിനാൽ നിലവിൽ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക ഇല്ല.

## കൊട്ടൂർകോണം കുളത്തിന്റെ നവീകരണം

204 (905) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കൊട്ടൂർകോണം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തികൾക്കായി എന്ത് തുക ചെലവഴിച്ചുവെന്നും പ്രസ്തുത കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വിശദമാക്കുമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ കൊട്ടൂർകോണം കുളത്തിന്റെ ശുചീകരണ പ്രവൃത്തികൾക്കായി 92,626 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റേതല്ലാത്ത ചില തടസ്സങ്ങൾ നേരിട്ടതിനാൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്തിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റ് വകുപ്പ് തലത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതി

205 (906) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് ബാക്കിയുള്ളത് എന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി 2016 മാർച്ച് 31-ന് മുൻപ് കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ, മടവൂർ, പഴയകുന്നമ്മേൽ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. താഴെ പറയുന്ന പണികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്.

(1) കാരേറ്റ് പമ്പ്ഹൗസിൽ റോ വാട്ടർ പമ്പ് സെറ്റും ക്ലിയർ വാട്ടർ പമ്പ് സെറ്റും സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന ജോലികൾ.

(2) കാരേറ്റ് ട്രാൻസ്ഫോർമർ റൂമിന്റെ നിർമ്മാണം.

(3) കാരേറ്റ് ട്രാൻസ്ഫോർമർ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പണികൾ.

(4) തട്ടത്തുമല പമ്പ് ഹൗസിൽ പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പണികൾ.

(5) തട്ടത്തുമലയിൽ ട്രാൻസ്ഫോർമർ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പണികൾ.

(ബി) മേൽ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിച്ച് വൈദ്യുതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 2,347.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി**

206 (907) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത്;

(സി) വിതരണത്തിനാവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) കുടിവെള്ളപദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് പുനരുദ്ധാരണപ്രവൃത്തി, 9.50 MLD ശേഷിയുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തി, കുഴൽമന്ദം ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി, മോട്ടോർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിച്ചുവരുന്നു.

(ബി) നിലവിലുള്ള കണ്ണാടി ടാങ്കിലേക്കും തേങ്കുറിശ്ശി ടാങ്കിലേക്കുമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കിണർ പമ്പ് ഹൗസ് പുനരുദ്ധാരണം.
2. 9.50 MLD ജലശുദ്ധീകരണശാല.
3. കുഴൽമന്ദം ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ.
4. മോട്ടോർ പമ്പ് സെറ്റ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.
5. തേങ്കുറിശ്ശി ടാങ്ക് മുതൽ വെള്ളപാറ ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ.
6. കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകളിലെ ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങളിലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ.

(സി) പൂർത്തീകരിച്ചിട്ടില്ല.

(ഡി) 2016 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ശുദ്ധജലവിതരണ, മാലിന്യ നിർമ്മാർജ്ജന മേഖല**

207 (908) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ശുദ്ധജലവിതരണ, മാലിന്യ നിർമ്മാർജ്ജന മേഖലയ്ക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ മൊത്തം എത്ര കോടി രൂപ വകയിരുത്തുകയുണ്ടായിട്ടുണ്ട്; അതിൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക എത്ര;

(ബി) ജിക്കയുടെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിനായി നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും എന്തു തുക പിൻവലിച്ചിട്ടുണ്ട്; വകയിരുത്തിയ തുക എത്രയായിരുന്നു;

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക പിൻവലിക്കുകയുണ്ടായി എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ശുദ്ധജല വിതരണ, മാലിന്യ നിർമ്മാർജ്ജന മേഖലയ്ക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ മൊത്തം 631.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ട്രഷറിയിൽ നിന്നും 323.36 കോടി രൂപ പിൻവലിച്ചു. ഇതിനുപരിയായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ 130 കോടി രൂപയിൽ 44.28 കോടി രൂപ അനുവദിച്ചു.

(ബി) നബാർഡ് സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ച പ്രസ്തുത പദ്ധതിക്ക് തന്നാണ്ടിലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ചോദ്യം (എ)-യിൽ പ്രതിപാദിച്ചിട്ടുള്ള പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക പിൻവലിച്ചു.

| | | |
|---|---|---|
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | - | 60.00% |
| നബാർഡ് | - | 40.59% |
| ജിക്ക | - | 40.00% |

**ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം**

208 (909) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല ഉറവിടങ്ങൾ ദിനംപ്രതി മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് തടയാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; ഇവ എത്രത്തോളം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ഉറവിടങ്ങൾ, ഡാമുകൾ തുടങ്ങിയവയുടെ മലിനീകരണം തടയുന്നതിനും മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയ ജലം ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം എത്തിച്ചേരുന്നതിന് സ്രോതസ്സുകളിൽ തന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളേയും ആശുപത്രികളേയും ഉത്തംഗ കെട്ടിടങ്ങളേയും കൊണ്ടുവരികയും അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. ഹൗസ് ബോട്ടുകളിൽനിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം, റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ളിടങ്ങളിൽ നദീതീര സംരക്ഷണം, കമ്പിവേലി നിർമ്മാണം എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റി പദ്ധതി സ്രോതസ്സുകളിലെ ജലം വിവിധതലത്തിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ശുദ്ധീകരിച്ചതിനുശേഷം ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ വിതരണം ചെയ്യാറുള്ളൂ.

## ജലഗതാഗത വകുപ്പ്

209 (910) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ ചെലവും വരുമാനവും തമ്മിലുള്ള അന്തരം ഭീമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉൾനാടൻ ജലഗതാഗത പദ്ധതി

210 (911) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽനിന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) ഉൾനാടൻ ജലഗതാഗത പദ്ധതികൾക്കായി പുതുതായി കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന് വീഴ്ച വന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പുതിയ പദ്ധതികൾക്കായി കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഉൾനാടൻ ജലപാതയുടെ വിവിധ ഭാഗങ്ങളിലുള്ള പ്രവൃത്തികൾക്കായി നാളിതുവരെ 58.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ദേശീയ ജലപാതാ നിലവാരത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന സംസ്ഥാന പാതയിൽ ഉൾപ്പെടുന്ന വടകര-മാഹി കനാലിന്റെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി 50% കേന്ദ്ര ധനസഹായം അഭ്യർത്ഥിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

**സംസ്ഥാനത്തെ ദേശീയ ജലപാത**

211 (912) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ ജലപാതയ്ക്ക് ആകെ എത്ര കിലോമീറ്റർ ദൂരമുണ്ട്; ദേശീയ ജലപാത പൂർത്തീകരിക്കുന്നതിന് ഉദ്ദേശം എത്ര കോടി രൂപയുടെ ചെലവ് എസ്റ്റിമേറ്റ് ചെയ്യുന്നുണ്ട്; തിരുവനന്തപുരം മുതൽ കാസർകോട് വരെ ജലപാത സഞ്ചാരയോഗ്യമാക്കാൻ എന്നത്തേക്ക് സാധ്യമാകും;

(ബി) ഇപ്പോൾ സർക്കാർ ഭരണാനുമതി നല്കിയതും വർഷങ്ങളായി സഞ്ചാര യോഗ്യമായതുമായ ഭാഗം മൊത്തം ജലപാതയുടെ എത്രശതമാനം വരും; അവശേഷിക്കുന്ന ഭാഗം കൂടി സഞ്ചാരയോഗ്യമാക്കാൻ ആവശ്യമായ തുക ഏത് നിലയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; നിർദ്ദിഷ്ട ജലപാതയുടെ വീതി എത്രയാണ്;

(സി) ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചതും അവശേഷിക്കുന്ന കാലയളവിൽ പൂർത്തിയാക്കുന്നതുമായ ജലപാത എത്ര കിലോമീറ്ററാണ്; എന്ത് തുക ഇതിനായി ചെലവഴിച്ച വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയ ജലപാതയ്ക്ക് (കൊല്ലം-കോട്ടപ്പുറം) ചമ്പക്കര, ഉദ്യോഗമണ്ഡൽ എന്നീ ഉപകനാലുകൾ സഹിതം 205 കി.മീ നീളമുണ്ട്. പ്രസ്തുത പാതയുടെ നിർവ്വഹണ ചുമതല കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) അണ് നിർവ്വഹിക്കുന്നത്. ആയതിന്റെ നിർമ്മാണചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-3-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഊന്നി/ചീനവലകൾ

നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ (കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഒഴികെ) വിവിധ ഭാഗങ്ങളിൽ സംസ്ഥാന ജലപാത മാനദണ്ഡമനുസരിച്ചുള്ള വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് സഞ്ചാരയോഗ്യമാക്കുവാൻ കഴിയും.

(ബി) വർഷങ്ങളായി സഞ്ചാരയോഗ്യമായ ഭാഗം മൊത്തം ജലപാതയുടെ 65% വരും. (168 കി.മീ. ദേശീയ ജലപാതയും 322 കി.മീ. സംസ്ഥാന ജലപാതയും ഉൾപ്പെടെയുള്ള 590 കി.മീ. നീളത്തിൽ 388 കി.മീ. ദൂരം). അവശേഷിക്കുന്ന സംസ്ഥാന ജലപാതയുടെ ഭാഗം സഞ്ചാരയോഗ്യമാക്കാൻ സംസ്ഥാന ഫണ്ട്, നബാർഡ്, ധനകാര്യ കമ്മീഷൻ എന്നീ സ്രോതസ്സുകൾ ഉപയോഗിച്ചുവരുന്നു. സംസ്ഥാന ജലപാതയുടെ വീതി താഴെപ്പറയുന്നു.

സംസ്ഥാന ജലപാത മാനദണ്ഡ പ്രകാരം താഴ്ഭാഗം - 14 മീറ്റർ

മേൽ ഭാഗം - 32 മീറ്റർ

(സി) 1. 590 കി.മീ. നീളമുള്ള പടിഞ്ഞാറൻ തീരദേശ പാതയിലുൾപ്പെടുന്ന 17.61 കി.മീ. നീളം വരുന്ന വടകര മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. സംസ്ഥാന ഫണ്ട് പതിമൂന്നാം ധനകാര്യ കമ്മീഷൻ, നബാർഡ് എന്നിവയിലുൾപ്പെടുത്തി ഏകദേശം 7.3 കി.മീ. നീളം പൂർത്തീകരിച്ചു. ഇതിനായി 41 കോടി രൂപ ഇതുവരെ ചെലവായി.

2. താനൂർ-കൂട്ടായി കനാൽ

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി താനൂർ-കൂട്ടായി കനാലിന്റെ 1.32 കി.മീ ഭാഗത്ത് 1.44 കോടി രൂപയുടെ നവീകരണ പദ്ധതി പൂർത്തീകരിച്ചു.

3. കനേറ്റി കായൽ (ദേശീയ പാതയിലേക്കുള്ള ഉപകനാൽ)

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ദേശീയ ജലപാത നമ്പർ III-ന്റെ ഉപകനാലായ കനേറ്റി കായലിന്റെ നവീകരണ പദ്ധതി രണ്ട് കോടി രൂപ അടങ്കലിൽ ഏറ്റെടുത്ത് പണി പൂർത്തീകരിച്ചു.

**ചാക്കുകളുടെ ഭാരം**

212 (913) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100 കിലോഗ്രാം, 75 കിലോഗ്രാം ഭാരമുള്ള ചാക്കുകൾ ചുമക്കുന്നതുകൊണ്ട് ചുമട്ടു തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാക്കുകളുടെ ഭാരം 50 കിലോഗ്രാം ആക്കി നിജപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ,വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-9-2015 തീയതിയിലെ സ.ഉ.(പി) 134/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള (എസ്.ആർ.ഒ. നമ്പർ 610/2015) വിജ്ഞാപനത്തിൽ 1961-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസ് 6 (എ)-ൽ ചുമട്ട് തൊഴിലാളികൾ തലച്ചുമടായി എടുക്കാവുന്ന ഭാരം 75 കിലോഗ്രാം എന്നത് 55 കിലോഗ്രം ആക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കേരള ചുമട്ടുതൊഴിലാളി നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**വേതന സുരക്ഷ പദ്ധതി**

213 (914) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേതന സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസംഘടിത മേഖല ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമാണ് "വേതന സുരക്ഷാ പദ്ധതി" നടപ്പാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പൈലറ്റ്

അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതിലൂടെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും കഴിയും. ഇതുവരെ 580 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 20 കോടിയോളം രൂപ 'വേതന സുരക്ഷതാ പദ്ധതി' മുഖേന ഇതിനകം കൈമാറിക്കഴിഞ്ഞിട്ടുണ്ട്.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1958-ലെ കേരള വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ.84/2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

## ശരണ്യ തൊഴിൽ പദ്ധതി

214 (915) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരണ്യ തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾ ആരെല്ലാമാണ്; ഇതിൻ പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ വിവാഹബന്ധം വേർപെടുത്തുകയോ ഭർത്താവ് ശയ്യാവലംബരോ നിത്യരോഗിയാവുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളേയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും സാമ്പത്തികവും

സാമൂഹികവുമായി പിന്നാക്കം നിൽക്കുന്ന വനിതകൾക്കും അംഗപരിമിതരായ വനിതകൾക്കും 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കും പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർക്കും സ്വയം തൊഴിലിലൂടെ ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീശാക്തീകരണവും തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബ വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18-നും 55-നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസുകഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ. 28-1-2016-ലെ സ.ഉ. (പി) നം. 18/2016/തൊഴിൽ ഉത്തരവ് പ്രകാരം വികലാംഗരായ വനിതകളെയും ശയ്യാവലംബരും നിത്യരോഗികളായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, കാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്ക് വിജയകരമായി ചെയ്യാൻ കഴിയുന്ന ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്. വളർത്തുമൃഗം-പക്ഷിപരിപാലനം, ചെറുകിട ബിസിനസ്സ്, നാടൻ പലഹാരം, കുട, ബാഗ്, സോപ്പ് മുതലായവയുടെ നിർമ്മാണം, കരകൗശല സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ഈ പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. ഇതുകൂടാതെ പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വനിതകൾക്ക് വിജയകരമായും ലാഭകരമായും നടപ്പാക്കാൻ കഴിയുന്ന എല്ലാ പദ്ധതികൾക്കും ധനസഹായം അനുവദിക്കുന്നുണ്ട്.

**മിനിമം വേതനം ഉറപ്പാക്കൽ**

215 (916) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ മേഖലയിലും മിനിമം വേതനം ഉറപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അസംഘടിത മേഖലയിലെയും സംസ്ഥാനത്തെ വിവിധ തൊഴിൽ രംഗങ്ങളിലെയും തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള 'വേതന സുരക്ഷാ പദ്ധതി' തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈൻ ആയിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയുന്നതാണ്.

(സി) സംസ്ഥാനത്തെ അസംഘടിത മേഖല ഉൾപ്പെടെ വിവിധ സ്വകാര്യ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് കുറഞ്ഞ കൂലി ഉറപ്പുവരുത്തുന്നതിനുള്ള ഉദ്ദേശത്തോടെ 2013-14 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഒരു 'വേതന സുരക്ഷാ പദ്ധതി' സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ആയതിന് 29-3-2014-ലെ സ.ഉ.(സാധാ) നമ്പർ 447/2014/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി ഒരു കരാറിൽ ഏർപ്പെടുകയും ഇതിനായി ഒരു പ്രത്യേക സോഫ്റ്റ് വെയർ നിർമ്മിക്കുകയും 2015 ഫെബ്രുവരിയിൽ പ്രാരംഭഘട്ടം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. ഇതിന് നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കാൻ 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാരിന്റെ 8-7-2015-ലെ സ.ഉ. (അച്ചടി) നമ്പർ 84/2015 പ്രകാരം വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം ആദ്യഘട്ടം എന്ന നിലയിൽ കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ, സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഏകീകൃത തൊഴിൽ നിയമം**

216 (917) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത തൊഴിൽ നിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(സി) ഓരോ സാധനങ്ങളും കയറ്റി ഇറക്കുന്നതിന് സർക്കാർ നിശ്ചയിച്ച കൂലി എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നിലവിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിലെ ഏകീകൃത കയറ്റിറക്ക് കൂലി അനുബന്ധമായി ചേർക്കുന്നു. *

**കാഷ്യൂ വർക്കേഴ്സിനുവേണ്ടി ട്രേഡ് യൂണിയൻ നേതാക്കൾ സ്വീകരിച്ച നടപടികൾ**

217 ('T'* 918) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാഷ്യൂ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു) -ന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുമ്പിൽ നടത്തിയ നിരാഹാര സമരത്തിന്റെ ഭാഗമായി ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഒത്തുതീർപ്പ വ്യവസ്ഥകൾ അംഗീകരിച്ച്, നടപ്പിലാക്കി എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ നിശ്ചയിച്ച തീയതി കഴിഞ്ഞിട്ടും നാളിതുവരെ ഫാക്ടറികൾ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് നിലപാട് വിശദമാക്കുമോ;

(ഇ) സ്വകാര്യ മുതലാളിമാരുടെ വ്യവസായ സ്ഥാപനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന തൊഴിൽ നിയമ ലംഘനങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 4-12-2015-ന് ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വിളിച്ച യോഗത്തിന്റെ പ്രസക്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- ഒരാഴ്ചയ്ക്കുള്ളിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ കശുവണ്ടി വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കും.
- കശുവണ്ടി വികസന കോർപ്പറേഷന്റെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ ഒരു മാസത്തിനകം തുറക്കുന്നതിന് നടപടി സ്വീകരിക്കും.
- സർക്കാർ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് തൊഴിലാളികളുടെ ഇ.എസ്.ഐ., ജി.പി.എഫ്, ഗ്രാറ്റുവിറ്റി കുടിശ്ശികകൾ തീർപ്പാക്കും. ഇതിനായി കശുവണ്ടി കോർപ്പറേഷന് എം.ഡി.യേയും ചെയർമാനേയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.
- കോർപ്പറേഷന് സർക്കാൻ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) കശുവണ്ടി വികസന കോർപ്പറേഷന് ഈ വർഷം അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതമായ 30 കോടി രൂപ 2015 ഓണത്തിനുമുമ്പ് തന്നെ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 2015 സെപ്റ്റംബറിനുശേഷം ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാതിരുന്നതിനാൽ സർക്കാർ വിഷയം പരിശോധിക്കുകയും 2010-ൽ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് 9.7 കോടി രൂപയും 2014 ഡിസംബർ വരെയുള്ള ഇ.പി.എഫ്. ഭാഗികമായി അടയ്ക്കുന്നതിന് 6.6 കോടി രൂപയും ഫാക്ടറികൾ തുറന്ന്

പ്രവർത്തിപ്പിക്കാൻവേണ്ടി പ്രവർത്തന മൂലധനമായി 13.7 കോടി രൂപയും അടക്കം ആകെ 30 കോടി രൂപ 2016 ജനവരിയിൽ അനുവദിച്ച് നൽകി. ആയത് ഉപയോഗിച്ച് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള ശ്രമത്തിലാണ് കശുവണ്ടി വികസന കോർപ്പറേഷൻ.

(ഇ) സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നിയമലംഘനങ്ങൾ നടക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ച കേസുകളിൽ ജില്ലാ ലേബർ ഓഫീസർമാരോട് അന്വേഷണം നടത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് കാഷ്വൽ സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

## നൈറ്റ് വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം

218 (919) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈറ്റ് വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം എത്ര മണി മുതൽ എത്രവരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ സമയം ജോലി ചെയ്യുന്നുണ്ടെങ്കിലും ഇവർക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും മാത്രമേ ലഭ്യമാകുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാനുഷിക പരിഗണന നല്കി, ഇവർക്ക് പ്രത്യേക അലവൻസുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വൈകുന്നേരം 5.30 മുതൽ അടുത്ത ദിവസം രാവിലെ 9.30 വരെയാണ് നിർദ്ദിഷ്ട ജോലിസമയമെങ്കിലും ഓഫീസ് അറ്റൻഡന്റുമാർ ഓഫീസിലെത്തി ചുമതലയേൽക്കുന്ന സമയംവരെ പ്രസ്തുത ജീവനക്കാർ സേവനമനുഷ്ഠിക്കേണ്ടതാണ്.

(ബി) നിലവിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യവുമാണ് നൈറ്റ് വാച്ച്മാൻമാർക്കും നൽകിവരുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ**

219 (920) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ്, കവുങ്ങ് കയറ്റതൊഴിലാളികളെ വിദഗ്ദ്ധ തൊഴിലാളികളായി അംഗീകരിച്ച് തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; അപകടത്തിൽ പ്പെടുന്നവർക്കുള്ള ചികിൽസാ ധനസഹായവും മരണാനന്തര സഹായവും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്കും കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. 28-11-2014-ലെ സ.ഉ.(എംഎസ്.)150/2014/തൊഴിൽ, പ്രകാരം പ്രസ്തുത ധനസഹായം യഥാക്രമം 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) എന്നീ നിരക്കിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിന് പുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്തവിധം പരിക്കുപറ്റുന്ന തൊഴിലാളിക്കും മരത്തിൽനിന്നും വീണ് മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളിക്ക് മറ്റ് ആനുകൂല്യങ്ങൾ നൽകുന്നത്, പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്നത് എന്നിവ സംബന്ധിച്ച വിഷയങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ നിർമ്മാണം**

220 (921) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ സ്ഥലത്ത് പുതിയ ആശുപത്രി സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ച് നിർമ്മാണോദ്ഘാടനം നടത്തി 2 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ക്യാപ്പിറ്റൽ കൺസ്ട്രക്ഷൻ ഇ.എസ്.ഐ. കോർപ്പറേഷന്റെ ഹെഡ്ക്വാർട്ടേഴ്സാണ് നേരിട്ട് ചെയ്യുന്നത്. വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

221 (922) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ മാത്രമായി പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല.

## തൊഴിൽ നൈപുണ്യം

222 (923) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം തൊഴിൽ അന്വേഷകർക്ക് തൊഴിൽ നൈപുണ്യം നൽകാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചു; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിച്ചുവരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി തൊഴിലന്വേഷകർക്ക് കൗൺസിലിംഗും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുകയും ചെയ്തുവരുന്നു. തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായിട്ടുള്ള സർക്കാർ കേന്ദ്രങ്ങളായിട്ടാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആവിഷ്കരിച്ചിട്ടുള്ളത്. അതുവഴി തൊഴിലന്വേഷകർക്ക് ആവശ്യമായ നൈപുണ്യ പരിശീലനവും ഭാഷാ പരിശീലനവും നൽകി തൊഴിൽ ദാതാക്കളുമായി ബന്ധപ്പെടുത്തുന്നു. 2013-14-ൽ കൊല്ലം എറണാകുളം കോഴിക്കോട് എന്നീ ജില്ലകളിലും 2014-15-ൽ പാലക്കാട്, കണ്ണൂർ ജില്ലകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി പരിശീലനം നടത്തുകയും 2015-16-ൽ ആലപ്പുഴ, കോട്ടയം ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ, നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടൈൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരികയും ചെയ്യുന്നു. തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കു വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളും മിനിമം വേതനവും**

223 (924) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നല്കുമോ;

(ബി) മിനിമം വേതനം പുതുക്കിയിട്ട് അഞ്ച് വർഷം മുതൽ എട്ട് വർഷം വരെ പൂർത്തിയായ 33 മേഖലകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ നാലുവർഷത്തിനിടെ സംസ്ഥാനത്തിന്റെ തൊഴിൽ മണ്ഡലത്തിൽ സമൂലമായ മാറ്റത്തിന് തുടക്കമിട്ട നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കി. തൊഴിൽ തർക്കങ്ങൾ സൗഹാർദ്ദപരമായി പരിഹരിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുമുൾപ്പെടെ നമ്മുടെ തൊഴിൽ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പൊതു-സ്വകാര്യ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികൾക്ക് ജോലി സ്ഥിരത, തൊഴിൽ പരിരക്ഷ, മാന്യമായ വേതനം, സാമൂഹിക സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്താനും അടഞ്ഞുകിടക്കുന്ന തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളെയും പിരിച്ചുവിടപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിനും മുഖ്യ

പരിഗണന നൽകുന്നു. തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കി തൊഴിൽ സമാധാനം നിലനിർത്തുന്നതിന് കശുവണ്ടി, കയർ, ടെക്സ്റ്റൈൽ, കള്ളുചെത്ത് വ്യവസായബന്ധ സമിതികളും പ്ലാന്റേഷൻ ലേബർ കമ്മിറ്റിയും പുനഃസംഘടിപ്പിച്ചു. സ്വകാര്യ ആശുപത്രി, സപ്ലൈകോ എന്നീ വ്യവസായ മേഖലകളിൽ പുതുതായി വ്യവസായബന്ധ സമിതികൾ രൂപീകരിച്ചു. സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചതിന്റെ ഫലമായി സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിൽ സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും കഴിഞ്ഞു. കശുവണ്ടി വ്യവസായബന്ധ സമിതിയിലുണ്ടായ ചർച്ചയിലൂടെ പ്രസ്തുത വ്യവസായത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു. പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെയും കുടുംബങ്ങളുടെയും സമാശ്വാസത്തിനും നിലിൽപ്പിനുമായി രൂപവൽകൃതമായ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ മക്കൾക്ക് പഠന ഉപകരണങ്ങൾ വാങ്ങുന്നതിനും തൊഴിലാളികളിൽ മാരകരോഗം ബാധിച്ചവർക്ക് ധനസഹായം, ആരോഗ്യ പരിപാലനം, ഉന്നത വിദ്യാഭ്യാസ ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, സ്കൂൾ കുട്ടികൾക്ക് പോഷകാഹാര വിതരണം, ലയങ്ങളുടെ അറ്റകുറ്റപ്പണി, കുടിവെള്ള വിതരണം എന്നിവയുടെ പ്രവർത്തനങ്ങൾക്കായി നാല് കോടി 78 ലക്ഷം രൂപ അനുവദിച്ചു. തിരുവനന്തപുരം ജില്ലയ്ക്ക് 49 ലക്ഷം, ഇടുക്കി ജില്ല മൂന്നുകോടി 62 ലക്ഷം, പാലക്കാട് ജില്ലയ്ക്ക് 16 ലക്ഷം, വയനാട് ജില്ലയ്ക്ക് 51 ലക്ഷം രൂപ അനുവദിച്ചു. പൂട്ടിക്കിടക്കുന്ന പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾ, കയർ സൊസൈറ്റികൾ, തോട്ടങ്ങൾ, നീണ്ടകര പോർട്ട് എന്നിവയിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് സഹായമായി എക്സ്ഗ്രേഷ്യ അനുവദിച്ചു. സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള 'വേതന സുരക്ഷാ പദ്ധതി'-യുടെ അന്തിമഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് വേഗത്തിൽ എത്തിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായി.

തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം 2015 സെപ്റ്റംബർ 16-ന് നിലവിൽ വന്നു. ഇതിലൂടെ ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ താമസം കൂടാതെ ലഭ്യമാക്കുന്നതിന് സാധിക്കും. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരിൽനിന്ന്

പിഴ ഈടാക്കുന്നതിന് നിമയ ഭേദഗതിയും വരുത്തിയിട്ടുണ്ട്. സംസ്ഥാന തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.Kerala. gov.in മുഖേന നടപ്പാക്കി. വകുപ്പ് സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്ന നിയമങ്ങൾ സംബന്ധിച്ച രജിസ്ട്രേഷൻ, ലൈസൻസ്, പുതുക്കൽ എന്നിവ ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ലഭ്യമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചു. അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം, ശുചിത്വം എന്നിവ പരിപാലിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും സംസ്ഥാന വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും കാര്യക്ഷമമായി സംഘടിപ്പിച്ചു. ബാലവേല സമൂഹത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബാലവേല ദിനത്തിൽ സംസ്ഥാന വ്യാപകമായി ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചു.

(ബി ) 31-12-2015-ൽ 5 വർഷം പൂർത്തിയായിട്ടുള്ള 33 മേഖലകളുൾപ്പെടെ 31-7-2016-ന് അഞ്ചുവർഷം പൂർത്തിയാകുന്നതുമായ എല്ലാ മേഖലകളിലെയും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന്, സർക്കാരിന്റെ 8-10-2014-ലെ സ.ഉ.(കൈ) നമ്പർ 119/2014/തൊഴിൽ ഉത്തരവ് പ്രകാരവും 24-6-2015-ലെ സ.ഉ.(അച്ചടി) നമ്പർ 73/2015/തൊഴിൽ ഉത്തരവ് പ്രകാരവും സബ് കമ്മിറ്റികൾ രൂപീകരിച്ച് നടപടി സ്വീകരിക്കുകയും ഏറെക്കുറെ മേഖലകളിലെ കൂലി പുതുക്കിക്കൊണ്ടുള്ള കരട് പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയതിട്ടുണ്ട്. പ്രസ്തുത 33 മേഖലകളെ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

224 (925) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി.തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ 2015-16-ലെ നടത്തിപ്പിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കമ്പനികൾ ഈ ടെണ്ടർ നടപടികളിൽ പങ്കെടുത്തെന്നും ഓരോ കമ്പനിയും ക്വാട്ട് ചെയ്ത പ്രീമിയം തുക എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മറ്റ് ചില സംസ്ഥാനങ്ങളിൽ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടത്താത്തതിന്റെ പേരിൽ നടപടി നേരിടുന്ന കമ്പനികൾ ഈ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള കമ്പനികളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തേക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. 2013-14 സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് 3 വർഷത്തേക്കാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി അനുമതി നലകിയിട്ടുള്ളത്.

(ബി) ബാധകമല്ല.

**ഫറോക്ക് ഇ.എസ്.ഐ.ആശുപത്രി**

225 (926) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയുടെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിരവധി നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. ഈ ആശുപത്രി സംസ്ഥാന സർക്കാരിനുകീഴിൽ ഒരു മാതൃകാ ആശുപത്രിയായി ഉയർത്താനുള്ള തീരുമാനമെടുത്തു. ഇതിന്റെ ഭാഗമായി 2012-13 വർഷത്തിൽ 46,23,434 രൂപ ചെലവഴിച്ച് അനസ്തേഷ്യ മെഷീൻ, ഇ.സി.ജി. മോണിറ്റർ, CTG മെഷീൻ, ഓപ്പറേഷൻ ടേബിൾ, ഫോട്ടോതെറാപ്പി യൂണിറ്റ്, ആട്ടോക്ലേവ്, മൾട്ടി പാരാമോണിറ്റർ, ആട്ടോറിഫ്രാക്ടോമീറ്റർ എന്നീ ഉപകരണങ്ങൾ ഈ ആശുപത്രിക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. വടക്കൻ ജില്ലകളിലെ ഐ.പി.-കളുടെ ആശ്രയ കേന്ദ്രമായ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ CT സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എച്ച്.ഡി.സി.

വഴിയും നിരവധി വികസനപ്രവർത്തനങ്ങൾ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ നടത്തിയിട്ടുണ്ട്. ഗൈനക്കോളജി വിഭാഗം മെച്ചപ്പെടുത്തി മുടങ്ങിക്കിടന്ന ലേബർ റൂം സൗകര്യം പുനഃസ്ഥാപിച്ചു. ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ ഡ്രെയിനേജ് സംവിധാനം സംബന്ധിച്ച ഒരു പരാതി നിലവിലുണ്ട്. ഇതിനൊരു സ്ഥായിയായ പരിഹാരം കാണുന്നതിനുവേണ്ടി പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിലേക്ക് കത്തെഴുതിയിട്ടുള്ളതും ഇതിന്മേലുള്ള നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു.

**നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ തസ്തികകൾ**

226(927) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കളിമണ്ണ് എടുക്കുന്നതിന് അനുമതി**

227 (928) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ഉപജീവനത്തിനായി കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം ശ്രദ്ധിക്കുമോ;

(ബി) കളിമണ്ണ് ലഭിക്കാത്തതുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രതിസന്ധി നിലനില്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരെ സംരക്ഷിക്കുന്നതിനും ഉല്പന്ന വിതരണത്തിനും സംഭരണത്തിനും വ്യക്തമായ നയം ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മൺപാത്ര തൊഴിൽ മേഖല ഉൾപ്പെടെ പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്ര നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിക്കോ, സഹകരണ സംഘത്തിനോ ഒരു വർഷത്തിൽ 50 ടൺ കളിമണ്ണ് എടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

(ബി) പരമ്പരാഗത കളിമൺപാത്ര നിർമ്മാണ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്ന ഒരു വ്യക്തിയോ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോ ഒരു വർഷത്തിൽ സംഭരിക്കുന്ന 50 ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് റോയൽറ്റി ഈടാക്കാതെ സ്പെഷ്യൽ ട്രാൻസിറ്റ് പാസ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പാസ് അനുവദിക്കുന്നതിന് പാരിസ്ഥിതികാനുമതി, ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം തുടങ്ങിയ രേഖകൾ ആവശ്യമില്ലാത്തതാണ്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ.**

228 (929) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പുതിയ ഐ.റ്റി.ഐ.-യിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഓരോ കോഴ്സിനും എത്ര ബാച്ചുകൾ വീതമുണ്ട്; ഓരോ ബാച്ചിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കും;

(ഡി) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകൾ ; ഏതെല്ലാം;

(ഇ) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചില്ലെങ്കിൽ, അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കണ്ണൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി-ഇ) സാധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ച് അവിടെ ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയശേഷം കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**ക്ഷേമനിധി പെൻഷൻ കുടിശ്ശിക**

229 (930) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ക്ഷേമനിധി പെൻഷനുകളിൽ എത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് പറയാമോ;

(ബി) ഇതുവരെ ഏതുമാസം വരെയുള്ള പെൻഷനുകൾ നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) പെൻഷനുകൾ വിതരണം വൈകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന അസംഘടിത തൊഴിലാളി പെൻഷൻ 2015 ഏപ്രിൽ മുതൽ കുടിശ്ശികയുണ്ട്. മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ 2015 ആഗസ്റ്റ് മുതൽ കുടിശ്ശികയുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 2015 മാർച്ച് മാസം വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. 2015 ജൂലൈ വരെ മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബോർഡുകൾക്ക് സർക്കാർ ഫണ്ടിൽ നിന്നുമാണ് പെൻഷൻ തുക അനുവദിക്കുന്നത്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ അമിതകൂലി നിർത്തലാക്കാൻ കർമ്മ പദ്ധതി

230 (931) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിതകൂലി നിർത്തലാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) തൊഴിൽ മേഖലയിൽ ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട് അമിതകൂലി നിർത്തലാക്കാൻ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുകയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനമൊട്ടാകെയുള്ള അമിതകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ തടയുന്നതിനും ഇത് ഉപകരിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഏകീകൃത കയറ്റിറക്കുകൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി മനസ്സിലാക്കി, എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അമിതവേതനവുമായി ബന്ധപ്പെട്ട

പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 180042555214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

231 (932) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ എന്തെല്ലാം; ഈ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർ എത്ര;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം; നിലവിലെ സ്ഥിതിയെന്താണ് വ്യക്തമാക്കാമോ;

(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് ഓപ്ഷൻ നൽകിയ യു.ഡി.സി.-മാർ സർവ്വീസിൽ ജൂനിയറായ സൂപ്പർവൈസർമാരുടെ കീഴിൽ ജോലി നോക്കേണ്ട സാഹചര്യം ഒഴിവാക്കാൻ എന്ത് തീരുമാനം കൈകൊള്ളുമെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) 1991-ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ലേബർ ടെസ്റ്റ് പാസ്സായിട്ടുള്ള സീനിയർ ക്ലാർക്കുമാരിൽനിന്നും സീനിയോറിറ്റി ക്രമത്തിൽ സ്ഥാനക്കയറ്റം മുഖേനയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും യഥാക്രമം 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തേണ്ടതാണ്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് മാത്രമാണ് അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള ബി.എ, ബി.എസ്.സി, ബി.കോം. ബിരുദത്തോടൊപ്പം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലാ ബിരുദമോ, തൊഴിൽ

നിയമങ്ങൾ ഓപ്ഷണലായുള്ള നിയമബിരുദമോ, തൊഴിൽ നിയമങ്ങൾ ഉൾപ്പെടെ സോഷ്യൽ വർക്കിൽ നേടിയ ബിരുദാനന്തര ബിരുദമോ, പേഴ്സണൽ മാനേജ്മെന്റ്&ഇൻഡസ്ട്രിയൽ റിലേഷൻസിലുള്ള ബിരുദാനന്തര ബിരുദമോ ആണ് യോഗ്യത. 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തുമ്പോൾ ആദ്യത്തെ മൂന്ന് ഒഴിവുകൾ സീനിയർ ക്ളാർക്കുമാരിൽനിന്നും ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേനയും നാലാമത്തെ ഒഴിവിൽ നേരിട്ടുള്ള നിയമനവും നടത്തേണ്ടതാണ്. ലേബർ കമ്മീഷണറാണ് നിയമനാധികാരി. 23 വയസ്സ് പൂർത്തിയായി 35 വയസ്സ് കഴിയാത്തവരെയാണ് നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കുന്നത്. സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം 93 ജീവനക്കാർ എക്സിക്യൂട്ടീവ് വിഭാഗത്തിലേക്ക് ഓപ്ഷൻ നൽകിയിട്ടുണ്ട്.

(ബി) 1991-ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശമുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് നിലവിലുള്ള നിയമന അനുപാതം 3:1; വകുപ്പിലെ ജീവനക്കാർ 3 നേരിട്ടുള്ള നിയമനം 1 എന്നത് 1:1 എന്ന് പരിഷ്കരിക്കുന്നതും ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹരാകുന്ന സീനിയർ ക്ലാർക്കുമാർക്ക് അംഗീകൃത സർവ്വകലാശാല ബിരുദം ഉൾപ്പെടുത്തുന്നതുമാണ് പ്രധാന നിർദ്ദേശങ്ങൾ. സ്പെഷ്യൽ റൂൾസ് പരിഷ്കരണത്തിനു മുന്നോടിയായി 6-1-2016-ലെ 25955/ഡി3/2015/തൊഴിൽ നമ്പർ കത്തുപ്രകാരം സർവ്വീസ് സംഘടനാ പ്രതിനിധികളുടെയും വകുപ്പിലെ ജീവനക്കാരുടേയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II റാങ്ക് ഹോൾഡർമാരുടെയും സംയുക്തയോഗം 13-1-2016 തീയതിയിൽ വിളിച്ചുചേർക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ഹോൾഡർമാരുടെയും ജീവനക്കാരുടെയും വാദങ്ങൾ കേൾക്കുകയും ചെയ്തു. 10-2-2016 തീയതിയിൽ സർവ്വീസ് സംഘടനാ പ്രതിനിധികളുടെ യോഗം വീണ്ടും ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിലെ സ്ഥിതി തുടരുന്നതാണ്.

**കൺസോർഷ്യം രൂപീകരണം**

232 (T*933) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനത്തിന് അത്യന്താപേക്ഷിതമായ നൈപുണ്യം ലഭ്യമാക്കുന്നതിന് വിരമിച്ച വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് കൺസോർഷ്യം (സി. ആർ.ഇ.ഡി.) രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ, ഇത് പ്രായോഗികമാക്കിയിട്ടുണ്ടോ; കൺസോർഷ്യം രൂപീകരിച്ചത് എപ്പോഴാണ്; നിലവിൽ സർവ്വീസിൽനിന്നും വിരമിച്ച എത്ര പേർ അടങ്ങിയതാണ് കൺസോർഷ്യം;

(സി) കൺസോർഷ്യത്തിലുള്ളവരെ ഏതെല്ലാം വികസന പദ്ധതികൾക്കായാണ് ഇതിനകം ഉപയോഗിച്ചത്;

(ഡി) പ്രഖ്യാപനത്തിനപ്പുറം പ്രയോഗികമായിട്ടില്ലെങ്കിൽ അതിനിടയാക്കിയ സാഹചര്യം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-ഡി) നൈപുണ്യം ലഭ്യമാക്കുന്നത് സംബന്ധമായി തൊഴിലും നൈപുണ്യവും വകുപ്പിൽനിന്നും കൺസോർഷ്യം രൂപീകരിച്ചിട്ടില്ല.

**കർഷകത്തൊഴിലാളി ക്ഷേമനിധി**

233 (934) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കാനുള്ള പരമാവധി വാർഷിക വരുമാനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുകയാണെന്ന് അറിയിക്കുമോ;

(സി) വാർഷിക വരുമാനം കൂടുതലാണെന്ന കാരണത്താൽ ആരുടെയെങ്കിലും ആനുകൂല്യം തടഞ്ഞ് വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വരുമാനപരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് തലത്തിലും ബോർഡിന്റെ ജില്ലാ ഓഫീസർമാരുടെ സംസ്ഥാനതല യോഗത്തിലും ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തി വരുന്നുണ്ട്. ബോർഡിൽ 2010 ജനവരി മുതലുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട്. 2015 ഡിസംബറിലെ കണക്കുപ്രകാരം ബോർഡ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളിലായി 242 കോടി രൂപയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായുണ്ട്. ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് കുടിശ്ശികയ്ക്ക് കാരണം.

(ബി-ഡി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിതരണം ചെയ്തുവരുന്ന ക്ഷേമാനുകൂല്യങ്ങൾക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

**എംപ്ലോയബിലിറ്റി സെന്ററുകൾ_**

234 (935) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ കണ്ടെത്തി സോഫ്റ്റ് സ്കില്ലുകൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. അതോടൊപ്പം വിവിധ തൊഴിൽദാതാക്കളുമായി സഹകരിച്ച് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ലക്ഷ്യം.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിലവിൽ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം തുടങ്ങുന്ന എംപ്ലോയബിലിറ്റി സെന്ററുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുകയും ഇവയുടെ എച്ച്.ആർ. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ

കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ.) മുഖേന പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. നിലവിൽ അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളിൽ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

**തൊഴിലാളികൾക്ക് സംരക്ഷണം**

235 (936) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് സംരക്ഷണം നൽകാനുള്ള എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 16-9-2015 തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പദ്ധതിയായി നടന്നുവരുന്നു. ഇതിന്റെ ഭാഗമായി മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപനം 8-7-2015-ാം തീയതിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പുദ്യോഗസ്ഥർ സമയബന്ധിതമായി പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേ) നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ടി നിയമത്തിലെ വിവിധ സെക്ഷനുകൾക്ക് ഭേദഗതി വരുത്തുന്നതിനുള്ള കരട് ശിപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 2011 മുതൽ 2014 വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 5 പുതിയ തൊഴിൽ മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 41 തൊഴിൽ മേഖലകിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന അഡ്വൈസറി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി വരുന്നു. 2014-ൽ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള പരിശോധന നടത്തിയതിൽ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതു വഴി തൊഴിലാളികൾക്ക് ദൈനംദിന ജീവിതത്തിനുള്ള കൂലി ലഭിക്കുവാൻ കഴിയും. കൂടുതൽ മേഖലകളെ മിനിമം കൂലി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും അവർക്കായി കൂലി നിശ്ചയിക്കുന്നതുവഴി കൂടുതൽ വിഭാഗം തൊഴിലാളികൾക്കുകൂടി മിനിമം കൂലിയുടെ പരിരക്ഷ നൽകാൻ കഴിയും. കൂടാതെ വേതന സുരക്ഷാപദ്ധതി നടപ്പിൽ വരുത്തിയതുമൂലം, ജീവനക്കാർക്ക് അവരുടെ ശമ്പളം കൃത്യമായി അറിയാനും ഇടനിലക്കാരെ ഒഴിവാക്കി മുഴുവൻ ശമ്പളവും ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താനും കഴിയും.

(സി) സ്വകാര്യമേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനം നടത്തുന്ന സ്ഥാപന മനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനവ്യാപകമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സ്വകാര്യ മേഖലയിലെ തൊഴിൽ സംരക്ഷണത്തിന് നടപടി**

236 (937) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി തൊഴിൽ നിയമങ്ങൾപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതുകൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയും വരുന്നു. ഇതിന്റെ ഭാഗമായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേ) നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ടി നിയമത്തിലെ വിവിധ വകുപ്പുകളിൽ ഭേദഗതി വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലുമാണ്.

തൊഴിൽ തർക്കങ്ങളുണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ്

കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. അതോടൊപ്പം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനകളും നടത്തിവരുന്നു. 2014-ൽ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള പരിശോധന നടത്തിയതിൽ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ 74 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെടുത്തി മിനിമം വേതനം നിശ്ചയിച്ച് ആയത് നടപ്പിലാക്കി വരുന്നു. 2011 മുതൽ 2014 വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുറമേ പുതുതായി അഞ്ച് തൊഴിൽ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ "വേതന സുരക്ഷാ പദ്ധതി" നടപ്പിലാകുന്നതോടുകൂടി സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താനും ആയത് സ്ഥാപനത്തിൽ പോകാതെ പരിശോധിക്കുന്നതിനും വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് ഇൻസ്പെക്ടർമാർക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നുണ്ട്. വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമ ലംഘനങ്ങൾക്കെതിരെ സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാന വ്യാപകമായി ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനാ വിവരം അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ നടപ്പിലാക്കിയ പദ്ധതികൾ**

237 (938) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ തൊഴിലും നൈപുണ്യവും വകുപ്പുമുഖേന എത്ര പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പുതുതായി ഒരു ഐ.ടി.ഐ. അനുവദിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

238 (939) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ആകെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലെ ഐ.ടി. - വ്യവസായ പാർക്കുകളിലായി എത്ര ജീവനക്കാർ ജോലി നോക്കുന്നുവെന്നും ടി ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ജോലി നോക്കുന്നവർ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ടി ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി നോക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 36,46,724

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഐ.ടി.ഐ. -കളിലെ കാലാനുസൃത കോഴ്സുകൾ**

239 (940) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ-കളിൽ കാലാനുസൃതമായ കോഴ്സുകളും ഗുണനിലവാരമുള്ള ആധുനിക പരിശീലനവും നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) ഐ.ടി.ഐ-കളിലെ ഭൗതിക സൗകര്യം ഉയർത്തുന്നതിന് രൂപീകരിച്ച പദ്ധതികൾ എന്തെല്ലാമാണ്;

(സി) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കാലാനുസൃതമായ കോഴ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. <u>ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തൽ</u> :

   കേന്ദ്ര ഗവൺമെന്റ് 2005-ൽ ആരംഭിച്ച മികവിന്റെ കേന്ദ്രം പദ്ധതി പ്രകാരം സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ കാലാനുസൃതമായ പുതിയ ട്രേഡുകൾ/മൾട്ടി സ്കിൽ ട്രേഡുകൾ ആരംഭിക്കുകയുണ്ടായി.

2. <u>Revamping</u> :

   DGT-യുടെ നിർദ്ദേശ പ്രകാരം ജോലി സാധ്യത കുറഞ്ഞ കോഴ്സുകൾ നിർത്തലാക്കി ജോലിസാധ്യത കൂടിയ ആധുനിക ട്രേഡുകൾ ആരംഭിക്കുകയുണ്ടായി.

   സംസ്ഥാനത്തെ ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് ഗുണനിലവാരമുള്ള ആധുനിക പരിശീലനം നൽകുന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്:

   1. <u>വെർച്ച്വൽ ക്ലാസ് റൂം</u> :

      വിവര സാങ്കേതികവിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്ച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു വിദഗ്ധ പരിശീലകൻ വിദൂര ദേശത്തുനിന്നും എടുക്കുന്ന ക്ലാസ് ടി ഐ.ടി.ഐ.കളിൽ ഒരേസമയം പരിശീലനാർത്ഥികൾക്ക് കാണുന്നതിനും സംശയ നിവാരണം നടത്തുന്നതിനും സാധിക്കുന്നു. ഇതോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുന്നു.

2. <u>ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്</u> :

ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്ന വിഷയത്തിലും ആട്ടോമൊബൈൽ, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിലും ത്രീ-ഡി-ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് സോഫ്റ്റ് വെയർ നടപ്പിലാക്കി.

(ബി) 2015-16 സാമ്പത്തിക വർഷം വിവിധ ഐ.ടി.ഐ.-കളിലെ (17 ഐ.ടി.ഐ.) ഇലക്ട്രിഫിക്കേഷൻ വർക്കിനുവേണ്ടി 8 കോടി രൂപയും സംസ്ഥാനത്തെ 8 ഐ.ടി.ഐ.-കളിലെ ക്ലാസ്സ് റൂം/വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനുവേണ്ടി 2.4 കോടി രൂപയും വിവിധ ഐ.ടി.ഐ.-കളിലെ വർക്ക്ഷോപ്പ് കെട്ടിട നവീകരണത്തിനുവേണ്ടി 3 കോടി രൂപയും അനുവദിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ അഫിലിയേഷൻ/റീ-അഫിലിയേഷൻ നേടുന്നതിന്റെ ഭാഗമായുള്ള ഉപകരണ സംഭരണത്തിനുവേണ്ടി ആകെ 20 കോടി രൂപയും അനുവദിക്കുകയുണ്ടായി.

(സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ താത്ക്കാലിക സംവിധാനത്തിലാണ് നിലവിൽ ചെറിയമുണ്ടം ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ടി ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് മതിയായ അടിസ്ഥാനസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഐ.ടി.ഐ.-കളുടെ പ്രവർത്തനം**

240 (941) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ഐ.ടി.ഐ.-കൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര പേർക്ക് പഠനത്തിന് സർക്കാർ ഐ.ടി.ഐ.-കളിൽ പ്രവേശനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത എത്ര ഐ.ടി.ഐ.-കൾ സർക്കാർ മേഖലയിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് സ്ഥലവും കെട്ടിടവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഐ.ടി.ഐ.-കളുടെ പ്രവർത്തനം പരിശോധിക്കുന്നതിനായി ഐ.ടി.ഐ.-കളെ ജില്ലാടിസ്ഥാനത്തിൽ 5 മേഖലകളായി തിരിച്ച് 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്-മാരെ നിയോഗിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൻ കീഴിൽവരുന്ന ഐ.ടി.ഐ. -കളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ ഐ.ടി.ഐ.-കളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | സർക്കാർ ഐ.ടി.ഐ.-കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | 6 |
| | ആകെ | 82 |

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി 13 ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലതിരിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | കൊല്ലം | 1 (പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 2 | ആലപ്പുഴ | 1 |
| 3 | കോട്ടയം | 1 |
| 4 | ഇടുക്കി | 1 |
| 5 | പാലക്കാട് | 2 |
| 6 | മലപ്പുറം | 2 (ഒരു ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 7 | കോഴിക്കോട് | 2 |
| 8 | വയനാട് | 1(ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 9 | കണ്ണൂർ | 1 |
| 10 | കാസർഗോഡ് | 1 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സർക്കാർ ഐ.ടി.ഐ.-കളിൽ പ്രവേശനം നൽകിയ ട്രെയിനികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പ്രവേശനം നൽകിയ ട്രെയിനികളുടെ എണ്ണം |
|---|---|---|
| 1 | 2010 | 15114 |
| 2 | 2011 | 15717 |
| 3 | 2012 | 15520 |
| 4 | 2013 | 16841 |
| 5 | 2014 | 16482 |
| 6 | 2015 | 17102 |

(ഇ) നിലവിൽ സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത 16 ഐ.ടി.ഐ. -കൾ സർക്കാർ മേഖലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി സ്ഥലം ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുള്ളത്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തമായ സ്ഥലം അടിയന്തരമായി ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**തൊഴിൽ കാത്തിരിക്കുന്നവരുടെ എണ്ണം**

241 (942) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാത്തിരിക്കുന്ന അഭ്യസ്തവിദ്യരുടെ എണ്ണം എത്രയായിരുന്നു;

(ബി) ഈ സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ എത്ര പേർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുകയുണ്ടായി;

(സി) ഈ കാലയളവിൽ പേര് പുതുക്കാതിരുന്നവരുടെ എണ്ണം എത്ര;

(ഡി) നിലവിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവർ എത്ര; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 42,44,452.

(ബി) 7220.

(സി) 15,20,097.

(ഡി) 36,46,724.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| പുരുഷൻമാർ | : 14,04,232 |
| സ്ത്രീകൾ | : 22,42,492 |
| നിരക്ഷരർ | : 410 |
| എസ്.എസ്.എൽ.സി.-ക്കു താഴെ | : 3,60,944 |
| എസ്.എസ്.എൽ.സി. | : 20,50,449 |
| പി.ഡി.സി. | : 7,29,329 |
| ഗ്രാജ്വേറ്റ് | : 2,88,429 |
| പോസ്റ്റ് ഗ്രാജ്വേറ്റ് | : 61,489 |

| | | |
|---|---|---|
| വികലാംഗർ | : | 65,635 |
| വിമുക്തഭടന്മാർ | : | 22,773 |
| പ്രൊഫഷണൽ സാങ്കേതിക വിദ്യാഭ്യാസം നേടിയവർ | : | 87,397 |
| ഐ.ടി.ഐ., | : | 1,17,161 |
| ഡിപ്ലോമ | : | 46,592 |

**തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി**

242 (943) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) തൊഴിൽ മേഖല കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ തൊഴിൽ രംഗം സജീവവും അഴിമതി വിമുക്തവുമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉൾപ്പെടെ തൊഴിൽ വകുപ്പിന് കീഴിലെ ഓഫീസുകളിലെ സേവനങ്ങൾ ജനോപകാരപ്രദവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**സ്കിൽ ഡെവലപ്മെന്റ് മിഷൻ**

243 (944) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആധുനിക ലോകത്തെ വിവിധ തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ പ്രധാനലക്ഷ്യം.

(സി) നൈപുണ്യ വികസനപ്രവർത്തനങ്ങൾ ഭരണതലത്തിൽ രണ്ടായി തിരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)-ഉം തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും (KASE)-ഉം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായുള്ള അഡ്വൈസറി ബോർഡും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.

ഡിസ്ട്രിക്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകളാക്കുകയും അതുവഴി തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് 5 എംപ്ലോയബിലിറ്റി സെന്റുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. കൂടാതെ, കോട്ടയം, ആലപ്പുഴ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലാവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകിയ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽ പാർക്കിൽ പ്രവർത്തിച്ചുവരുന്നു. അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കുവേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

244 (945) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ- സി) വിവരം ശേഖരിച്ചുവരുന്നു.

**സ്വകാര്യ നഴ്സിംഗ് മേഖലയിലെ തൊഴിൽ സുരക്ഷിതത്വം**

245 (946) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് മാത്രമായി പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ 1960-ലെ കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സ്വകാര്യ മേഖലയിലെ നഴ്സിംഗ് മേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ബാധകമാണ്. ഈ നിയമത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ജോലിസമയം, അധികസമയ ജോലിക്കുള്ള അർഹമായ ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമസമയം, വിശ്രമ വേളകളിൽ ഇരിക്കാനുള്ള സൗകര്യം, ഹോസ്റ്റൽ സൗകര്യം, ആഴ്ച അവധി, മുലയൂട്ടുവാനുള്ള സൗകര്യങ്ങളോടുകൂടിയ ശിശുപരിപാലന കേന്ദ്രങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വേതന സുരക്ഷ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മുഖേന തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം ലഭിക്കുന്നതിനും നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമ പ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നിലവിൽ തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടന്നുവരുന്നു.

**കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. അപ്ഗ്രേഡിംഗ്**

246 (947) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.റ്റി.ഐ. അപ്ഗ്രേഡ് ചെയ്യുന്നതിന് അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ;

(ബി) ഐ.റ്റി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഏതെങ്കിലും തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത ഇവിടെ നിലവിൽ നൽകുന്ന കോഴ്സുകൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) Vocational Training Improvement Programme (VTIP) സ്കീം പ്രകാരം കൊയിലാണ്ടി ഐ.ടി.ഐ. ഉൾപ്പെടെ 7 ഐ.ടി.ഐ.-കളുടെ അപ്ഗ്രഡേഷനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 78.56 ലക്ഷം രൂപയുടെ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കൊയിലാണ്ടി ഐ.ടി.ഐ.-യിൽ നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകൾ ചുവടെ ചേർക്കുന്നു:

1. ഫിറ്റർ
2. ഇലക്ട്രോണിക് മെക്കാനിക്ക്
3. ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ്

4. മെക്കാനിക്ക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്

5. കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്

6. ഡസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ.

**സർക്കാർ ഐ.ടി.ഐ.-കൾ**

247 (948) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.-കൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡം പാലിച്ച് എൻ.സി.വി.ടി. റീ-അഫിലിയേഷൻ നേടിയെടുക്കാൻ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; എത്ര ഐ.ടി.ഐ.-കളിൽ മാനദണ്ഡപ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും വർക്ക്ഷോപ്പും ഉണ്ട്;

(ബി) 2015-16-ൽ കൂടി മാത്രം റീ-അഫിലിയേഷൻ കൂടാതെ എല്ലാ സർക്കാർ ഐ.ടി.ഐ.-കൾക്കും പ്രവേശനം നൽകാൻ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് അനുമതി നൽകിയ സാഹചര്യത്തിൽ 2016-17-ലെ വിദ്യാർത്ഥി പ്രവേശനം സാധ്യമാകുമോ ;

(സി) ഒരു സർക്കാർ ഐ.ടി.ഐ.-യ്ക്കും റീ-അഫിലിയേഷൻ ലഭിക്കാത്ത നിലവിലെ സാഹചര്യം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള 37 ഐ.ടി.ഐ.-കളിൽ QCI-യുടെ മാനദണ്ഡം പാലിച്ച് ടി ഐ.ടി.ഐ.-കൾക്ക് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു:

2014-15 സാമ്പത്തിക വർഷം റീ-അഫിലിയേഷനുവേണ്ടി 11.46 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്ന് ലഭിച്ചതുപ്രകാരം 17 ഐ.ടി.ഐ.കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് ഡി.ജി.റ്റി.-യുടെ നിലവിലുള്ള എൻ.സി.വി.റ്റി. സിലബസ് പ്രകാരമുള്ള യന്ത്രസാമഗ്രികളും മറ്റു പഠനോപകരണങ്ങളും സംഭരിച്ച് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം റീ-അഫിലിയേഷനുവേണ്ടി 15 കോടി രൂപ സർക്കാർ അനുവദിച്ചതിൻ പ്രകാരം 26 ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക്/ യൂണിറ്റുകൾക്ക് ഡി.ജി.റ്റി.-യുടെ നിലവിലുള്ള എൻ.സി.വി.റ്റി. സിലബസ് പ്രകാരമുള്ള യന്ത്രസാമഗ്രികളും മറ്റു പഠനോപകരണങ്ങളും സംഭരിച്ച് റീ-അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷത്തിൽ ഇലക്ട്രിഫിക്കേഷനായി 8 കോടി രൂപ വിവിധ ഐ.ടി.ഐ.-കൾക്ക് അനുവദിച്ചിട്ടുണ്ട്. റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള കണ്ണൂർ (വനിത)ഐ.ടി.ഐ-യിൽ QCI-യുടെ മാനദണ്ഡപ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും വർക്ക്ഷോപ്പും ഉണ്ട്. ടി ഐ.ടി.ഐ.-യ്ക്ക് റീ-അഫിലിയേഷൻ നേടുന്നതിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) സാധ്യമാകും. റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള ഐ.ടി.ഐ.കളിൽ നിലവിലുള്ള സാഹചര്യത്തിൽ ഡി.ജി.റ്റി.-യുടെ അനുമതി ഇല്ലാതെ തന്നെ ആഗസ്റ്റ് 2016 സെഷനിൽ വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ സാധിക്കുന്നതാണ്. എന്നാൽ ടി ഐ.ടി.ഐ.-കളിൽ ആഗസ്റ്റ് 2016 സെഷനിൽ അഫിലിയേഷനുള്ള ട്രേഡുകളിൽ പ്രവേശനം നേടി വിജയകരമായി പരിശീലനം പൂർത്തിയാക്കി പരീക്ഷ വിജയിക്കുന്നവർക്കുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നത് ഡി.ജി.റ്റി.-യുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും.

(സി) റീ-അഫിലിയേഷൻ ബാധകമായിട്ടുള്ള ഐ.ടി.ഐ. കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് നിലവിലുള്ള എൻ.സി.വി.റ്റി. സിലബസ് അനുസരിച്ച് പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും സംഭരിക്കുന്നതിനും വർക്ക്ഷോപ്പ് സജ്ജമാക്കുന്നതിനുമുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

**തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമം**

248 (949) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തെങ്ങുകയറ്റ തൊഴിലിനിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജോലിക്കിടയിൽ അപകട മരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് എത്ര തുകവീതം നൽകുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള മരംകയറ്റതൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങുകയറ്റം ഉൾപ്പെടെയുള്ള മരംകയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവന്നിരുന്ന ധനസഹായം 50,000 രൂപയിൽനിന്നും 1,00,000 രൂപയായും മരംകയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളിക്ക് നൽകി വന്നിരുന്ന ധനസഹായം 25,000 രൂപയിൽനിന്നും 50,000 രൂപയായും വർദ്ധിപ്പിച്ച് 28-11-.2014-ലെ സ.ഉ.(എം.എസ്.) നമ്പർ 150/2014/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്തവിധം പരിക്കുപറ്റുന്ന തൊഴിലാളികൾക്കും മരത്തിൽനിന്ന് വീണ് മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരള മരംകയറ്റതൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരംകയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നിലവിൽ 1,00,000 രൂപയാണ് നൽകിവരുന്നത്.

**പുഴക്കാട്ടിരി ഐ.ടി.ഐ.**

249 (950) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് കെട്ടിടം പണിയുന്നതിന് മങ്കട വില്ലേജിലെ കർക്കിടകത്തുള്ള റവന്യൂഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) റവന്യൂ ഭൂമി വിട്ടുനൽകാൻ തയ്യാറായിട്ടും ഏറ്റെടുക്കാതെ സ്ഥലം നഷ്ടപ്പെടുത്തുന്നത് ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് കെട്ടിടം പണിയുന്നതിന് മങ്കട വില്ലേജിൽ കർക്കിടകത്തുള്ള റവന്യൂ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് ട്രാൻസ്ഫർ ഫോമിൽ അപേക്ഷ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാദമി**

250 (951) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിലേയ്ക്കായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 5 വർഷം പൂർത്തിയാകുന്ന സമയംവരെ പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുന്ന നടപടിയിൽനിന്നും ഗവൺമെന്റ് പിന്മാറിയെന്ന് പൊതുജനങ്ങളെയും തൊഴിലാളികളെയും, പൊതുപ്രവർത്തകരെയും അറിയിക്കുവാൻ ഇനിയെങ്കിലും ഗവൺമെന്റ് സന്നദ്ധമാകുമോ; ഇല്ലായെങ്കിൽ തുടർനടപടി എന്താണെന്ന് ഗവൺമെന്റ് വെളിവാക്കുമോ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഹൈദരാബാദിൽ നിലവിലുള്ള കൺസ്ട്രക്ഷൻ അക്കാദമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി 23-2-2011-ൽ വിലയ്ക്ക് വാങ്ങി. ഇപ്രകാരമുള്ള കൺസ്ട്രക്ഷൻ അക്കാദമിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള എന്ന സ്ഥാപനം ചർച്ചയിൽ നിർദ്ദേശിച്ചതനുസരിച്ച് 31-12-2009-ൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചു. കൺസ്ട്രക്ഷൻ അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സർക്കാർ അംഗീകരിക്കുകയും ടി അക്കാദമി 1955-ലെ സാഹിത്യ ശാസ്ത്ര ധർമ്മ സ്ഥാപന സംഘം രജിസ്ട്രേഷൻ നിയമത്തിലെ വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. കൺസ്ട്രക്ഷൻ അക്കാദമിക്കുവേണ്ടി വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് 1-3-2011-ൽ തറക്കല്ലിടുകയുണ്ടായി. കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രഥമ എക്സിക്യൂട്ടീവ് യോഗം 28-3-2011-ലും ആദ്യ ഗവേണിംഗ് ബോഡി യോഗം 9-5-2011-ലും ചേരുകയുണ്ടായി.

(ബി) കേരള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായി അക്കാദമിക്കുവേണ്ടി വിലയ്ക്കുവാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവേ ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും, അതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് നൽകേണ്ട ഭൂമിയും ഏറ്റെടുക്കേണ്ട ഭൂമിയും 21-7-2012-ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മില്ലിന് നൽകുന്ന 6.48 ആർ (16 സെന്റ്) സ്ഥലത്തിന് പകരം ദേശീയപാതയോടുചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുക്കുന്നതിന് 20-12-2012-ൽ ധാരണാപത്രം ഒപ്പിട്ടു. കൂടാതെ ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്നുതിരിച്ച് സർവ്വേക്കല്ല് സ്ഥാപിക്കുകയും പരസ്പര മാറ്റാധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ് ലഭ്യമാക്കുന്നതിനായും ടി വസ്തുവിന് പി.ഡബ്ല്യു.ഡി. മുഖേന ഡെപ്പോസിറ്റ് വർക്കായി ചുറ്റുമതിൽ കെട്ടുന്നതിന് ഭരണാനുമതിക്കായും നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് ചാത്തന്നൂരിൽ വിലയ്ക്കുവാങ്ങിയ 10 ഏക്കർ സ്ഥലത്ത് ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ദ്ധ പരിശീലനവും നൽകത്തക്ക വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ദ്ധ്യ കേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

## തൊഴിൽ വകുപ്പ് മുഖേന നൽകുന്ന പെൻഷൻ

251 (952) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പ് മുഖേന നൽകുന്ന ക്ഷേമനിധി പെൻഷനുകളിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് പെൻഷൻ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിതത്തൊഴിലാളി പെൻഷൻ, മരം കയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് തൊഴിൽ വകുപ്പ് നേരിട്ട്

വിതരണം നടത്തുന്ന പെൻഷനുകൾ. 2015 ഡിസംബർ വരെയുള്ള കർഷക-ത്തൊഴിലാളി പെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് വിതരണത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. 2015 മാർച്ച് വരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ ജില്ലാ ലേബർ ഓഫീസർമാർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്. 2015 എപ്രിൽ മുതൽ നാളിതുവരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. 2015 സെപ്റ്റംബർ വരെയുള്ള മരംകയറ്റത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും അവശേഷിക്കുന്ന പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**മൈക്രോ ഫിനാൻസ് പദ്ധതി-വായ്പ**

252 (953) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പി.-യുടെ മൈക്രോ ഫിനാൻസ് പദ്ധതി മുഖേന വിതരണം ചെയ്യുന്നതിനായി പിന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ വഴി എത്ര കോടി രൂപയാണ് വായ്പയെടുത്തിട്ടുള്ളതെന്നും ഈ വായ്പകൾക്കായി ആരൊക്കെയാണ് ഗാരന്റി നിന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽനിന്നും എത്ര ശതമാനം പലിശയ്ക്ക് വിതരണം ചെയ്യുവാനാണ് പണം അനുവദിച്ചിട്ടുള്ളതെന്നും. അനുവദിയ്ക്കപ്പെട്ടതിൽ കൂടുതൽ പലിശ മൈക്രോ ഫിനാൻസ് വഴി ശേഖരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പിന്നോക്ക സമുദായ കോർപ്പറേഷൻ വഴി വിതരണത്തിന് അനുവദിച്ച തുക സംബന്ധിച്ച് ക്രമവിരുദ്ധമായ നടപടികൾ ഉണ്ടായതായി പരാതി ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 15,85,00,000 രൂപ. പദ്ധതി മാർഗ്ഗരേഖ പ്രകാരം സംഘടനയുടെ Net worth-ന്റെ (അറ്റ ആസ്തി) അടിസ്ഥാനത്തിലാണ് ഈ വായ്പകൾ നല്കിയിട്ടുള്ളത്.

(ബി) 31-3-2003-ന് നൽകിയ 50 ലക്ഷം രൂപയും 10-6-2004-ന് നൽകിയ 50 ലക്ഷം രൂപയും SNDP യോഗത്തിന് നൽകിയിരുന്നത് 5 ശതമാനം പലിശയ്ക്കാണ്. SNDP യോഗം സ്വയം സഹായസംഘത്തിന് നല്കേണ്ടത് 8% പലിശയ്ക്കാണ്.

20-11-2004 മുതൽ 25-8-2009 വരെ നല്കിയ വായ്പകൾ SNDP യോഗത്തിന് നല്കിയിട്ടുള്ളത് 3% പലിശയ്ക്കാണ്. SNDP യോഗം സ്വയം സഹായ സംഘങ്ങൾക്ക് നല്കേണ്ടത് 5% പലിശയ്ക്കാണ്.

19-6-2014-ന് നൽകിയ 5 കോടി രൂപ 3% പലിശയ്ക്കാണ് SNDP യോഗത്തിന് നൽകിയിരുന്നത്. SNDP യോഗം സ്വയംസഹായ സംഘത്തിന് 5% പലിശയ്ക്ക് നൽകാനാണ് വ്യവസ്ഥ. ഗുണഭോക്താക്കളിൽനിന്നും ഈടാക്കേണ്ട പലിശ നിരക്ക് 5% ആയി നിശ്ചയിച്ചിരുന്നു.

19-6-2014-ൽ കൊടുത്ത 5 കോടി രൂപ വായ്പയിൽ ജില്ലകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് പ്രകാരം പലിശ നിരക്കിൽ വ്യത്യാസം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) എസ്.എൻ.ഡി.പി. മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി നടപ്പിലാക്കിയതിൽ പരാതി ലഭിച്ചിട്ടുണ്ട്. SNDP യോഗം സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുന്നവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാ തുക ലഭിച്ചിട്ടില്ലെന്നും ചിലരിൽനിന്നും കൂടുതൽ പരിശ ഈടാക്കി എന്നുമാണ് പ്രധാന പരാതികൾ. വായ്പാതുക ദുർവിനിയോഗം നടത്തിയിട്ടുള്ളത് കണ്ടെത്തിയ സാഹചര്യത്തിൽ 3% പലിശയും 12% പിഴപ്പലിശയും ചേർത്ത് മൊത്തം 15% പലിശയ്ക്ക് മുഴുവൻ വായ്പാ തുകയും തിരിച്ചുപിടിക്കുവാൻ റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഗാന്ധിഗ്രാമം പദ്ധതി**

253 (954) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാന്ധിഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിവരുന്നു.

(ബി) ഗാന്ധിഗ്രാമം പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളുടെ സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കോളനിയിലേയ്ക്കുള്ള റോഡ്/നടപ്പാത നിർമ്മാണം
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ/ആഡിറ്റോറിയം
7. കോമ്പൗണ്ട് വാൾ നിർമ്മാണം.

(സി) ഗാന്ധിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ പരമാവധി ഒരു കോടി രൂപ ചെലവഴിച്ച് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും വിവിധ സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾ പ്രസ്തുത പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് എസ്റ്റിമേറ്റ് തുകയുടെ 25% തുക (ആകെ 289.68 ലക്ഷം രൂപ) 2014-15 സാമ്പത്തിക വർഷംതന്നെ ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം

254 (955) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മധുരവേലിയിൽ പട്ടികജാതി/ പട്ടികവർഗ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് അയക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന എസ്റ്റിമേറ്റിലെ പോരായ്മ പരിഹരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടിവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ റിപ്പോർട്ട് എന്ന് സമർപ്പിക്കും എന്നറിയിക്കാമോ;

(സി) പട്ടികജാതി/പട്ടികവർഗ വകുപ്പിൽനിന്ന് ഈ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനക്ക് അയയ്ക്കാതെ എത്ര മാസത്തെ കാലതാമസം ഉണ്ടായി എന്ന് അറിയിക്കാമോ; ഈ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് അയയ്ക്കാതെ പിടിച്ച് വച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മധുരവേലി ഐ.ടി.ഐ. കെട്ടിടത്തിന് ആവശ്യമായ മെയിന്റനൻസ് ആന്റ് റിനോവേഷൻ പ്രവൃത്തികൾക്കുള്ള 31.5 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ചീഫ് എഞ്ചിനീയർ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. അതേ സമയം ടി ഐ.ടി.ഐ. കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിനായി കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും 15 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കാൻ ദക്ഷിണ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറോട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്. മേൽ റിപ്പോർട്ട് ലഭ്യമാകാത്തതു കൊണ്ടാണ് മധുരവേലി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ഡയറക്ടർ ഗവണ്മെന്റിലേക്കയയ്ക്കാത്തത്.

(ബി) നൽകിയിട്ടുണ്ട്. ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭ്യമായാലുടൻ ഈ റിപ്പോർട്ട് സമർപ്പിക്കും.

(സി) മധുരവേലി ഐ.ടി.ഐ. കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 21-8-2015-ലാണ് പട്ടികജാതി വികസന വകുപ്പ ഡയറക്ടർക്ക് സമർപ്പിച്ചത്. എന്നാൽ ടി ഐ.ടി.ഐ. കെട്ടിടം അറ്റകുറ്റപ്പണി ചെയ്യുന്നതിനായി കോട്ടയം പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും 15 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചതുപ്രകാരം ഇക്കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യമായി വരികയും ആയത് ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറിൽനിന്നും ലഭിക്കാത്തതുകൊണ്ടുമാണ് എസ്റ്റിമേറ്റ് സർക്കാരിലേക്കയയ്ക്കാൻ വൈകിയത്. ഇക്കാരണത്താൽ എസ്റ്റിമേറ്റ് സർക്കാരിലേക്ക് അയയ്ക്കാത്തതിന് നടപടി എടുക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല.

## ഭവന നിർമ്മാണത്തിനുള്ള ഗ്രാന്റ്

255 (956) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഭവനരഹിതരായി എത്ര പട്ടികജാതി കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12-ൽ ഭവനനിർമ്മാണ ധനസഹായ തുക ഒരു ലക്ഷത്തിൽനിന്നും രണ്ട് ലക്ഷമായും 2014-15 രണ്ട് ലക്ഷത്തിൽനിന്നും മൂന്ന് ലക്ഷമായും വർദ്ധിപ്പിക്കുകയുണ്ടായി. പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണ ധനസഹായം 2014-15-ൽ രണ്ട് ലക്ഷത്തിൽനിന്നും 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭവനനിർമ്മാണ ധനസഹായ തുക വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി)

| | | |
|---|---|---|
| തിരുവനന്തപുരം | - | 4172 |
| കൊല്ലം | - | 1163 |
| പത്തനംതിട്ട | - | 849 |
| ആലപ്പുഴ | - | 964 |
| കോട്ടയം | - | 2022 |
| ഇടുക്കി | - | 997 |
| എറണാകുളം | - | 1876 |
| തൃശ്ശൂർ | - | 3796 |
| പാലക്കാട് | - | 3374 |
| മലപ്പുറം | - | 100 |
| കോഴിക്കോട് | - | 7230 |
| വയനാട് | - | 210 |
| കണ്ണൂർ | - | 296 |
| കാസർഗോഡ് | - | 366 |

## പ്രീ-മെട്രിക് ഹോസ്റ്റലുകൾ

256(957) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിൻ കീഴിൽ സംസ്ഥാനത്ത് എത്ര പ്രീ-മെട്രിക്ക് ഹോസ്റ്റലുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) ഇവയിൽ എത്ര കുട്ടികളെയാണ് പാർപ്പിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) പ്രീ-മെട്രിക് ഹോസ്റ്റലുകൾവഴി കുട്ടികൾക്ക് ലഭിക്കുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 87.

(ബി) 1632.

(സി) താമസം, ഭക്ഷണം, രണ്ടു ജോഡി യൂണിഫോം, നൈറ്റ് ഡ്രസ്, ചെരുപ്പ്, ബാഗ്, 100 രൂപ വീതം പ്രതിമാസ പോക്കറ്റ് മണി, അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി, മെഡിക്കൽ അലവൻസ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഭക്ഷണത്തിനായി ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 2,000 രൂപ ചെലവഴിക്കുന്നു.

## സ്വയം പര്യപ്ത ഗ്രാമം പദ്ധതി

257 (958) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1. കോളനിക്കുള്ളിലെ റോഡ്/നടപ്പാതയുടെ നിർമ്മാണം

2. ആശയവിനിമയ സൗകര്യം

3. ഡ്രെയിനേജ് സൗകര്യങ്ങൾ

4. കുടിവെള്ള പദ്ധതികൾ

5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം

6. സാനിറ്റേഷൻ

7. മാലിന്യ നിർമ്മാർജ്ജനം

8. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ

9. സ്ഥലം വികസിപ്പിക്കൽ/സംരക്ഷണഭിത്തി നിർമ്മാണം

10. സോളാർ തെരുവു വിളക്ക്

11. ഭവനപുനരുദ്ധാരണം

12. അടുക്കളത്തോട്ടം

13. വരുമാനദായക പദ്ധതി/ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) കോളനിയിലേയ്ക്ക് ആവശ്യമായിട്ടുള്ള മറ്റ് വികസനപ്രവർത്തനങ്ങൾ.

(സി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ (2012-13) ഒന്നാം ഘട്ടത്തിൽ 113 കോളനികളിലും (2013-14) രണ്ടാം ഘട്ടത്തിൽ 102 കോളനികളിലും ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ നിരക്കിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ./എം.പി. (ചെയർമാൻ), വാർഡ് മെമ്പർ, എസ്.സി. പ്രൊമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും ഒരു പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റി അവിടെ നടത്തുന്ന വികസനപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമ പദ്ധതി

258 (959) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമ പദ്ധതിയിലുൾപ്പെടുത്തിയ റാന്നി നിയോജക മണ്ഡലത്തിലെ പട്ടികജാതി സങ്കേതങ്ങൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; ഇനിയും എന്തൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) ഏത് ഏജൻസിക്കായിരുന്നു ഓരോ കോളനിയിലെയും നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്; കരാർപ്രകാരം എന്നാണ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടിയിരുന്നത്; കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 2012-13-ൽ ബിമ്മരം പട്ടികജാതി കോളനിയും 2013-14-ൽ കിസുമം പട്ടികജാതി കോളനിയും സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2013-14-ൽ തെരഞ്ഞെടുത്ത കിസുമം പട്ടികജാതി കോളനിയെ ചില സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കുകയും ആയതിന് പകരം പുതിയ കോളനിയുടെ പേര് നിർദ്ദേശിച്ചു നൽകുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

(ബി) ബിമ്മരം കോളനി

പ്ലാസ്റ്ററിംഗ് 32 എണ്ണം,

കോൺക്രീറ്റ് റോഡ് 500 മീറ്റർ നീളം,

വാട്ടർ സപ്ലൈ സിസ്റ്റം/പുതിയ കിണർ നിർമ്മാണം,

മെയിന്റനൻസ് ഓഫ് കമ്മ്യൂണിറ്റി ഹാൾ ആന്റ് ട്രസ്സ് വർക്ക്/ എക്സ്റ്റൻഷൻ/സ്റ്റേജ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി.

അംഗൻവാടി പുനരുദ്ധാരണം/പെയിന്റിംഗ്, ഫ്ളോർ ടൈൽ, ട്രസ് വർക്ക് എന്നിവ 50% പൂർത്തീകരിച്ചു.

വാട്ടർ സപ്ലൈ സിസ്റ്റം/വെൽ ടാങ്ക് പ്ലംബിംഗ്, വാട്ടർ സപ്ലൈ സിസ്റ്റം/ഒ. എച്ച്. സിന്റക്സ് വാട്ടർ ടാങ്ക് (20000 ലിറ്റർ) എന്നിവ 60% പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന ഏജൻസിക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്. കരാർ ഒപ്പിട്ട് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. ചില സാങ്കേതിക കാരണങ്ങളാലാണ് താമസം നേരിടുന്നത്.

(ഡി) ബഹുമാനപ്പെട്ട കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

**ഗാന്ധിഗ്രാമം പദ്ധതി**

259 (960) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിഗ്രാമം പദ്ധതിക്കായി കോളനികൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ നീക്കിവച്ചിരുന്നെന്നും ഓരോ കോളനിക്കും ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർ അധിവസിക്കുന്ന കോളനികളുടെ പിന്നോക്കാവസ്ഥ, അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ പരിഗണിച്ചാണ് ഗാന്ധിഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് കോളനികളെ തെരഞ്ഞെടുത്തത്.

(ബി) ഗാന്ധിഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി മാത്രം ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിരുന്നില്ല. എന്നാൽ പദ്ധതിക്കായി പ്രത്യേകം ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിച്ച് സ.ഉ. (കൈ) നമ്പർ.70/2014/പജപവവിവ തീയതി 30-9-2014 പ്രകാരം 11,58,73,819 രൂപ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും അനുവദിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതി പ്രകാരം കോളനികളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഇവയാണ്.

1. കോളനിയിലേയ്ക്കുള്ള റോഡ്/നടപ്പാത നിർമ്മാണം
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്

6. കമ്മ്യൂണിറ്റി ഹാൾ/ ആഡിറ്റോറിയം

7. കോമ്പൗണ്ട് വാൾ നിർമ്മാണം

ഗാന്ധിഗ്രാമം പദ്ധതിയുടെ നിർവ്വഹണത്തിനായി വിവിധ സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾ പ്രസ്തുത പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് എസ്റ്റിമേറ്റ് തുകയുടെ 25% തുക (ആകെ 289.68 ലക്ഷം രൂപ) 2014-15 സാമ്പത്തിക വർഷംതന്നെ ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ഗാന്ധിഗ്രാമം പദ്ധതി**

260 (961) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ ജില്ല തിരിച്ചുള്ള പേരുവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത് ഏതെല്ലാം ഏജൻസികളാണ് ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഗാന്ധിഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ ജില്ല തിരിച്ചുള്ള പേരുവിവരം ചുവടെ ചേർക്കുന്നു:

1. കുറുമ്പുകര പട്ടികജാതി കോളനി, കൊല്ലം
2. പാണ്ടി മലപ്പുറം എസ്‌സി. കോളനി, പത്തനംതിട്ട
3. കണിയന്തറ എസ്‌സി. കോളനി, ആലപ്പുഴ
4. കോരിക്കൽ പഴംപെട്ടി അംബേദ്കർ ലക്ഷം വീട് കോളനി, കോട്ടയം
5. ചില്ലിത്തോട് എസ്‌സി.കോളനി, ഇടുക്കി
6. ചാക്കിയത്ത്മല എസ്‌സി. കോളനി, എറണാകുളം
7. പൂക്കാടംകുന്ന് എസ്‌സി. കോളനി, പാലക്കാട്
8. ഗാന്ധിക്കുന്ന് എസ്‌സി. കോളനി, മലപ്പുറം
9. തയ്യിൽ മീത്തൽ കോളനി, കോഴിക്കോട്

10. തേലമ്പറ്റ എസ്‌സി.കോളനി, വയനാട്

11. പാൽച്ചുരം എസ്‌സി.കോളനി, കണ്ണൂർ

12. ഗോളിയടുക്ക എസ്‌സി.കോളനി, കാസർഗോഡ്.

(ബി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നിവടങ്ങളിലെ പ്രവർത്തനം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡും (FIT) പാലക്കാട് പൂക്കാടംകുന്ന് എസ്.സി. കോളനിയുടേത് നിർമ്മിതി കേന്ദ്രവും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ പ്രവർത്തനം SIDCO-യുമാണ് ഏറ്റെടുത്തിരിക്കുന്നത്.

**മോഡൽ കോളനികൾ**

261(962) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര കോളനികളാണ് മോഡൽ കോളനികളായി ഉയർത്തിയതെന്ന് വ്യക്തമാക്കാമോ; തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ നടക്കാവ് കോളനിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളിലെ ക്രമക്കേട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 8 കോളനികളെയും ഗാന്ധിഗ്രാമം പദ്ധതി പ്രകാരം ഒരു കോളനിയെയുമാണ് മോഡൽ കോളനികളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ നടക്കാവ് കോളനിയിൽ നടപ്പിലാക്കിവരുന്ന വികസനപ്രവർത്തനങ്ങളിൽ അപാകതയുള്ളതായി കോളനി നിവാസികൾ അറിയിച്ചതിനെത്തുടർന്ന് 21-5-2015-ന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം കോളനിയിൽ യോഗം വിളിച്ചു ചേർത്ത് പുരോഗതിയും പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ആയത് വിലയിരുത്തുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരെ ചുമതലപ്പെടുത്തുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിലെ പോരായ്മകൾ പരിഹരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നിതിനായി എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം മോണിറ്ററിംഗ് കമ്മിറ്റി വിളിച്ചുചേർക്കുന്നതിനായി തീയതി

നിശ്ചയിച്ചുവെങ്കിലും നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT)-ന്റെ പ്രതിനിധികൾ ഹാജരാകാത്തതിനാൽ യോഗം നടന്നില്ല. ഇവിടെ കമ്മ്യൂണിറ്റി ഹാളിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

**പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ**

262(963) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വകുപ്പിൽ നടപ്പാക്കാൻ പ്ലാൻ/ നോൺ പ്ലാൻ ഇനത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള തുകയിൽ 2015 ജനുവരി 30 വരെ ചെലവഴിച്ച തുകയെത്രയെന്ന് പ്ലാൻ/നോൺ-പ്ലാൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ അനുസരിച്ച് ആകെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പ് വർഷം നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി നീക്കിവച്ച തുകയും ചെലവും വിശദീകരിക്കാമോ?

ഉത്തരം

(എ &ബി) 2015-16 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വകുപ്പിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| | വകയിരുത്തപ്പെട്ട തുക | ചെലവ് | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|
| പദ്ധതിയിനം (31-1-2016) | 112092 | 63924.85 | 57.03 |
| പദ്ധതിയേതരം (31-12-2015) | 14587.97 | 9309.64 | 63.82 |

(സി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഖാരി മുവാരി സമുദായം

263(T*964) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖാരി-മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 2595-ാം നമ്പർ ആയി ഉള്ള ചോദ്യത്തിന് സാങ്കേതിക വിദഗ്ദ്ധർ ഇല്ലാത്തതിനാൽ റിപ്പോർട്ട് നൽകാൻ കഴിയില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ കിർത്താർഡ്സിൽ നിയമിച്ചിട്ടുണ്ടോ എന്നും കിർത്താർഡ്സ് ഇതിനാവശ്യമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) എങ്കിൽ റിപ്പോർട്ട് പ്രകാരം സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്താൻ സ്വീകരിച്ച തുടർനടപടികൾ വിവരിക്കാമോ;

(സി) ഇല്ലാത്തപക്ഷം റിപ്പോർട്ട് ഒഴിവാക്കി പ്രസ്തുത വിഭാഗത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ-സി) നിയമിച്ചിട്ടില്ല. പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താഡ്സിൽനിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

## മുഖാരി-മുവാരി സമുദായം - റിപ്പോർട്ട് നൽകാൻ നടപടി

264(965) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖാരി-മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 2595 നമ്പറായുള്ള ചോദ്യത്തിന് സാങ്കേതിക വിദഗ്ദ്ധർ ഇല്ലാത്തതിനാൽ റിപ്പോർട്ട് നൽകാൻ കഴിയില്ലെന്ന് അറിയിച്ചിരുന്നു. എന്നാൽ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

16-ാം സമ്മേളനം നടക്കുന്ന വേളയിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ കിർത്താർഡ്സിൽ നിയമിച്ചിട്ടുണ്ടോയെന്നും ഇവർ ഇതിനാവശ്യമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ റിപ്പോർട്ട് പ്രകാരം പ്രസ്തുത സമുദായത്തെ ഒ.ബി.സി.-യിൽപ്പെടുത്താൻ സ്വീകരിച്ച തുടർ നടപടികൾ വിവരിക്കാമോ;

(സി) ഇല്ലാത്ത പക്ഷം ആവശ്യപ്പെട്ടിട്ടും കിട്ടാത്ത റിപ്പോർട്ട് നിരാകരിച്ച് പ്രസ്തുത വിഭാഗത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ-സി) നിയമിച്ചിട്ടില്ല. പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താഡ്സിൽനിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പിരഗണിക്കുവാൻ കഴിയൂ.

**മുഖാരി -മൂവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിലാക്കാൻ ശിപാർശ**

265(966) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയ മൂവാരി-മുഖാരി സമുദായത്തെ, സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ കമ്മീഷന്റെ ശിപാർശയുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താഡ്സിൽനിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

**ചേലക്കര മണ്ഡലത്തിലെ വികസന പദ്ധതികൾ**

266(967) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. വരവൂർ നെല്ലിക്കുന്ന് കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

2. ചേലക്കര ഏഴരക്കുന്ന് അംബേദ്കർ കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി.

3. കോർപ്പസ് ഫണ്ട് ശീർഷകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 23 പദ്ധതികൾ (അനുബന്ധമായി ചേർക്കുന്നു.*)

(ബി) 1. വരവൂർ നെല്ലിക്കുന്ന് കോളനിയിൽ 65 ലക്ഷം രൂപ ചെലവഴിച്ചു.

2. ഏഴരക്കുന്ന് കോളനിയിൽ പ്രാഥമിക നടപടികൾ ആരംഭിച്ചു. നിർമ്മാണം ആരംഭിച്ചിട്ടില്ല.

3. 23 പദ്ധതികൾക്കായി 1,89,393,08 രൂപ ചെലവഴിച്ചു.

**ചടയമംഗലം നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ**

267(968) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മുതൽ 2015 ഡിസംബർ വരെ പട്ടികജാതി വകുപ്പ് മുഖാന്തരം എത്ര വികസന പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 1. വിവാഹ ധനസഹായം

2. പി. സി. ആർ. ആക്ട് - മിശ്രവിവാഹ ധനസഹായം

3. അയ്യങ്കാളി സ്കോളർഷിപ്പ്

4. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം

5. ഭവന നിർമ്മാണ ധനസഹായം

6. ദുർബലവിഭാഗങ്ങൾക്കുള്ള ധനസഹായം

7. വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

8. പാരലൽ കോളേജ്&ഐ.ടി.ഐ. വിദ്യാർത്ഥികൾക്കുള്ള ധനസഹായം

9. സ്വയംതൊഴിൽ പദ്ധതി

10. ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം

11. പ്രോത്സാഹന സമ്മാനം

12. ഭവന പുനരുദ്ധാരണം

13. ചികിത്സാധനസഹായം

14. പ്രൈമറി ധനസഹായം

15. വിദ്യായാത്ര (സൈക്കിൾ വിതരണം)

16. ലംപ്സം ഗ്രാന്റ്

17. സ്വയംപര്യാപ്ത ഗ്രാമം

18. വിജ്ഞാൻവാടി എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

**പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനം**

268(969) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെയാണ്എന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസർ യാതൊരു മാനദണ്ഡവും പാലിക്കാതെ നിയമനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര നിയമനങ്ങളാണ് ഇത്തരത്തിൽ നടത്തിയിട്ടുള്ളത്;

(ഡി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് ശുപാർശ ചെയ്യുമോ;

(ഇ) ഇപ്പോൾ നിയമിച്ചിട്ടുള്ളവരെ പി.എസ്.സി. നിയമനം നടക്കുന്ന മുറയ്ക്ക് ഒഴിവാക്കുമോ ;

(എഫ്) പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനത്തിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് സർക്കാർ അന്വേഷണ ഏജൻസിയെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്പെഷ്യൽ ഓഫീസർ ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടത്തിയാണ് നിയമനങ്ങൾ നൽകിയിട്ടുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) ഇല്ല.

**ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി**

269(970) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂരഹിതരും 50,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുകയും എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) 2015-16 സാമ്പത്തിക വർഷം ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിർണ്ണയിച്ച് ധനസഹായം അനുവദിച്ചുവരുന്നു. പുതുക്കി നിശ്ചയിച്ച പ്രകാരം ഈ പദ്ധതിക്ക് താഴെപറയും പ്രകാരം ധനസഹായം അനുവദിച്ചുവരുന്നു.

| പ്രദേശം | നിരക്ക് (സെന്റിന്) | ഭൂവിസ്തൃതി (കുറഞ്ഞത്) | ആകെ തുക (രൂപ) |
|---|---|---|---|
| ഗ്രാമം | 75,000 | 5 സെന്റ് | 3,75,000 |
| മുനിസിപ്പാലിറ്റി | 1,50,000 | 3 സെന്റ് | 4,50,000 |
| കോർപ്പറേഷൻ | 2,00,000 | 3 സെന്റ് | 6,00,000 |

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി

270(971) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതർ ഉണ്ടെന്നാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്; ഇതുസംബന്ധിച്ച് അവസാനം വിവരങ്ങൾ ശേഖരിച്ചത് എപ്പോഴാണ്; ഭൂരഹിതരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഭൂരഹിതരായ എത്ര പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്; വർഷം, പദ്ധതിയുടെ പേര്, നൽകിയ ഭൂമിയുടെ അളവ്, ഗുണഭോക്താക്കളുടെ എണ്ണം, റൈറ്റിൽ നൽകിയവരുടെ എണ്ണം, പട്ടയം ലഭിച്ചവരുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ബാക്കിയുള്ള ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2009-ൽ 'കില' നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് 52571 ഭൂരഹിതരായ പട്ടികജാതിക്കാരുണ്ടെന്ന് കണ്ടെത്തിയിരുന്നു. 2009-നുശേഷം ആധികാരികമായ സർവ്വേകളൊന്നും നടത്തിയിട്ടില്ലെങ്കിലും 2014-2015 വരെ 42335 ഭൂരഹിതരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. 2009-ലെ സർവ്വേ അനുസരിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 7600 |
| കൊല്ലം | 10990 |
| പത്തനംതിട്ട | 2092 |
| ആലപ്പുഴ | 2019 |
| കോട്ടയം | 1446 |
| ഇടുക്കി | 3323 |
| എറണാകുളം | 6721 |
| തൃശ്ശൂർ | 4251 |
| പാലക്കാട് | 4204 |
| മലപ്പുറം | 3153 |
| കോഴിക്കോട് | 2548 |
| വയനാട് | 199 |
| കണ്ണൂർ | 1477 |
| കാസർഗോഡ് | 2548 |

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂരഹിത പുനരധിവാസ പദ്ധതി, ദുർബലവിഭാഗ പുനരധിവാസ പദ്ധതി എന്നിവ പ്രകാരം ഭൂമി അനുവദിക്കപ്പെട്ടവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഭൂമിയുടെ അളവ്, റൈറ്റിൽ നൽകിയവരുടെ എണ്ണം, പട്ടയം, ലഭിച്ചവരുടെ എണ്ണം എന്നിവ ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകി, ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

**പട്ടികജാതി സഹകരണ സംഘങ്ങൾ**

271(972) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സഹകരണ സംഘങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത ലക്ഷ്യം നേടാനായോ; വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരം സംഘങ്ങളെ സംബന്ധിച്ചുള്ള നിയമസഭാ സമിതിയുടെ പഠനത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; ഇവയുടെ പുനരുജ്ജീവനത്തിനായി നൽകിയ ശിപാർശകൾ ഏവ;

(സി) സമിതിയുടെ ശിപാർശകളിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്നും അതിന്റെ ഫലമെന്താണെന്നും വിലയിരുത്തിയിട്ടുണ്ടോ; പൂർണ്ണ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റിന്റെ പല പദ്ധതികളും പ്രയോജനപ്പെടുത്തി പൊതു ഉടമസ്ഥതയിലുള്ള ആസ്തികൾ സമ്പാദിച്ച് ടി ആസ്തികൾ സ്വന്തം സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഉപയുക്തമാക്കാനാണ് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകൃതമായത്. ധനകാര്യ കാര്യനിർവ്വഹണത്തിലും ബിസിനസ്സിലും പ്രൊഫഷണലിസം മെച്ചപ്പെടുത്തിയാൽ മാത്രമേ പട്ടികജാതി സംഘങ്ങൾക്ക് ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഈ ലക്ഷ്യം നേടാനായി സഹകരണ വകുപ്പിന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ പട്ടികജാതി വികസന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിയമസഭാസമിതിയുടെ ശിപാർശകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പട്ടികജാതി വികസന വകുപ്പ് പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സമിതിയുടെ 18-ഉം 21-ഉം ശിപാർശകളുടെ തുടർ നടപടികളുടെ ഭാഗമായി പട്ടികജാതി ജനവിഭാഗങ്ങളുടെ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും കുറഞ്ഞത് 5 പട്ടികജാതി അംഗങ്ങൾക്കെങ്കിലും തൊഴിൽ നൽകുകയും ചെയ്യാൻ കഴിയുന്നതുമായ പട്ടികജാതി സഹകരണ സംഘങ്ങൾ, മത്സ്യ സഹകരണ സംഘങ്ങൾ, കയർ സഹകരണ സംഘങ്ങൾ, തുടങ്ങിയ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിക്കും പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്വാശ്രയ ഗ്രൂപ്പുകളിൽ തിരിച്ചടവ് ശേഷി വർദ്ധിപ്പിച്ച് സാമ്പത്തിക പുരോഗതിക്ക് സഹായിക്കുന്ന ഒരു പദ്ധതിക്കും 26-9-2015 ലെ സ.ഉ. (സാധാ) നമ്പർ 1560/15/പജപവിവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച രണ്ട് പദ്ധതികൾക്കും പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് വിനിയോഗിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.ടി. മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും സംരംഭം ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനും വകുപ്പിന്റെ കീഴിലുള്ള മണ്ണന്തല അംബേദ്കർ ഭവനത്തിലെ 5000 ച.അടി സ്ഥലം നവീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പും കേരള സ്റ്റാർട്ട് അപ്പ് മിഷനും ചേർന്ന് 2016 ഫെബ്രുവരി 2-ന് സംരംഭക സംഗമവും വർക്ക്ഷോപ്പും നടത്തിയിരുന്നു. ഇത്തരത്തിലുള്ള ശിൽപ്പശാലകൾ സഹകരണ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കണമെന്ന സമിതിയുടെ 23-ാമത് ശിപർശയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പുമായി സഹകരിച്ച് സമാന പദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി ക്ഷേമ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം**

272(973) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ പദ്ധതിയിലൂടെ ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്ന ശ്രീ. രാജപ്പൻ, കുന്നംപുറത്തു വീട്, പേരൂർക്കോണം, ശ്രീകാര്യത്തിന് ഡി.ആർഎഫ്.നം. 85/2016(MISC/Tour) dated 4-1-2016 പ്രകാരം ബഹുമാനപ്പെട്ട മന്ത്രി അനുമതി നൽകിയിരുന്ന ധനസഹായത്തിന്റെ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഫയൽ നമ്പർ 1261/2016.

(ബി) പ്രസ്തുത വ്യക്തിക്ക് ചികിത്സാ ധനസഹായ തുക എത്രയുംവേഗം കൈമാറുമോ; ഇതുസംബന്ധിച്ച അറിയിപ്പ് അദ്ദേഹത്തിന് കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീകാര്യം കുന്നുംപുറത്തു വീട്ടിൽ ശ്രീ. രാജപ്പന് ചികിത്സാ ധനസഹായമനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി വ്യക്തിക്ക് ചികിത്സാ ധനസഹായത്തുക അടിയന്തരമായി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

273(974) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ.യിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള കെട്ടിടത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഒ.യു. ഒപ്പിടാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം കാണിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുറുവങ്ങാട് ഐ.റ്റി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 193 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിനുള്ള ധാരണാപത്രം (MOU) ഒപ്പിടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

**പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം**

274(975) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയംപര്യാപ്തഗ്രാമ പദ്ധതി സംബന്ധിച്ച് എത്ര വിലയിരുത്തൽ യോഗങ്ങൾ നടന്നു; അവയുടെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 20-12-2013-ൽ തെരഞ്ഞെടുത്ത എത്ര സ്വയംപര്യാപ്ത ഗ്രാമങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു; അവ ഏതെല്ലാമാണ്; ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) 2012-13-ലെ പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഏജൻസികൾ ഏതെല്ലാമാണ്;

(ഡി) 2012-13-ൽ തെരഞ്ഞെടുത്തതിൽ ഉപേക്ഷിക്കപ്പെട്ട/നിർമ്മാണം നടക്കാത്ത കോളനികളുടെ ലിസ്റ്റ് ജില്ല തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമ പദ്ധതി സംബന്ധിച്ച് സംസ്ഥാന തലത്തിൽ രണ്ട് വിലയിരുത്തൽ യോഗങ്ങൾ നടത്തിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പുകൾ അനുബന്ധം -1 ആയി ചേർക്കുന്നു.*

(ബി) 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത സ്വയംപര്യാപ്ത ഗ്രാമങ്ങളിൽ 19 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം -II ആയി ചേർക്കുന്നു.*

(സി) അനുബന്ധം- III ആയി ചേർക്കുന്നു.*

(ഡി) 2012-13-ൽ തെരഞ്ഞെടുത്തതിൽ കോഴിക്കോട് ജില്ലയിലെ കാട്ടുവയൽ കോളനിയിൽ ചില സാങ്കേതിക കാരണങ്ങളാൽ തൽക്കാലം പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതി ഭവനരഹിതർക്ക് വീട്**

275(976) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും, വീടിന്റെ നവീകരണത്തിനുമായി വകയിരുത്തിയ തുക എത്ര; 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ട്രഷറിയിൽ നിന്ന് പിൻവലിക്കാതെയുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2015-2016 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതി, ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം എന്നീ പദ്ധതികൾക്കായി 180 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2012-13 മുതലുള്ള ഐ.എ.വൈ. പദ്ധതി പ്രകാരം അധിക സംസ്ഥാന വിഹിതമായി 80 കോടി രൂപ Additional Authorization ലഭിക്കുകയുണ്ടായി. പദ്ധതിയുടെ ശീർഷകത്തിൽ ₹ 12,72,58,018 (പന്ത്രണ്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്തെട്ടായിരത്തി പതിനെട്ട് രൂപ മാത്രം) ചെലവഴിക്കാനുണ്ട്.

(ബി) ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഭവന നിർമ്മാണം | ഭവന പുനരുദ്ധാരണം |
|---|---|---|
| തിരുവനന്തപുരം | 614 | 735 |
| കൊല്ലം | 540 | 650 |
| പത്തനംതിട്ട | 270 | 325 |
| ആലപ്പുഴ | 331 | 400 |
| കോട്ടയം | 253 | 300 |
| ഇടുക്കി | 239 | 290 |
| എറണാകുളം | 441 | 530 |
| തൃശ്ശൂർ | 534 | 640 |
| പാലക്കാട് | 664 | 800 |

| | | |
|---|---|---|
| മലപ്പുറം | 507 | 610 |
| കോഴിക്കോട് | 328 | 390 |
| വയനാട് | 54 | 60 |
| കണ്ണൂർ | 137 | 165 |
| കാസർഗോഡ് | 88 | 105 |
| ആകെ | 5000 | 6000 |

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംവരണം**

276(977) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വകാര്യമേഖലയിലും അൺഎയ്ഡഡ് മേഖലകളിലും പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇല്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായി വിശദമായ ചർച്ച നടത്തി തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾക്കുള്ള ഗ്രാന്റ്**

277(978) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുന്നുണ്ടോ;

(ബി) ഏത് വർഷം വരെയുള്ള ഗ്രാന്റാണ് നിലവിൽ കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു എഴുത്തുകാരന് നൽകുന്ന ഗ്രാന്റ് തുകയെത്രയെന്ന് വിശദമാക്കുമോ; ഇത് കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) പിന്നാക്ക വിഭാഗത്തിലുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി യഥാസമയം ഗ്രാന്റ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുവദിക്കുന്നുണ്ട്.

(ബി) 2011-12 വർഷം വരെയുള്ള ഗ്രാന്റാണ് നിലവിൽ കൊടുത്തിട്ടുള്ളത്.

(സി) പരമാവധി 20,000 രൂപ അല്ലെങ്കിൽ കൃതിയുടെ 1000 കോപ്പി അച്ചടിക്കുന്നതിനുള്ള ചെലവ് ഇതിൽ ഏതാണോ കുറവ് ആ തുകയാണ് ഒരെഴുത്തുകാരന് നൽകുന്ന ഗ്രാന്റ് തുക. ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി പരിഗണനയിലില്ല.

**കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ**

278(979) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. ഭൂരഹിതർക്ക് സ്ഥലം വാങ്ങാൻ ധനസഹായം
2. ഭൂരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം
3. വിവാഹ ധനസഹായം
4. മിശ്രവിവാഹ ധനസഹായം
5. ചികിത്സാ ധനസഹായം

6. പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാനം.
7. അയ്യങ്കാളി ടാലന്റ് സെർച്ച്, ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്
8. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി
9. വിദ്യാഭ്യാസാനുകൂല്യം
10. പ്രീമെട്രിക് ഹോസ്റ്റൽ
11. SCA TO SCP
12. ടോയ്‌ലറ്റ് സ്കീം, വിഞ്ജാൻവാടി സ്റ്റഡി ടൂർ മുതലായവ
13. സ്വയംതൊഴിൽ പദ്ധതി
14. ഭവന പുനരുദ്ധാരണ പദ്ധതി.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 1. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം പടിഞ്ഞാറത്തറ പഞ്ചായത്തിൽപ്പെട്ട കൊറ്റിയാട്ട്കുന്ന്, ചെമ്പകമല, പാറനിരപ്പ് കുന്ന്, കോളനികൾ വകയിരുത്തിയ തുക 3 കോടി രൂപ.

2. ഭൂമി വാങ്ങൽ പദ്ധതി-പദ്ധതി പൂർത്തീകരിച്ചുവരുന്നു.

വകയിരുത്തിയ തുക – 1,76,25000

3. ചികിത്സാ ധനസഹായം - 15,00,000

**ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട്**

279(980) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 3,00,000 (മൂന്ന് ലക്ഷം) രൂപയും ദുർബ്ബലവിഭാഗ പുനരധിവാസ പദ്ധതിപ്രകാരം 3,50,000 (മൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപയും അനുവദിച്ചുവരുന്നുണ്ട്. നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹമായ എല്ലാ പട്ടികജാതി കുടുംബങ്ങളുടെയും പുനരധിവാസമാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഡയറക്ടർ തലത്തിൽ ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിർണ്ണയിച്ച് ധനസഹായം അനുവദിച്ചുവരുന്നു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം**

280(981) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുകയിൽ സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടും ഇല്ല എന്നത് സംബന്ധിച്ച ജില്ല തിരിച്ച കണക്ക് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന IAY (ഐ.എ.വൈ) പദ്ധതി പ്രകാരം പണി പൂർത്തിയായതും അല്ലാത്തതുമായ വീടുകളുടെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011-12 | 3500 |
| 2012-13 | 5000 |
| 2013-14 | 6397 |
| 2014-15 | 4500 |
| 2015-16 | 5000 |

(ബി) വകുപ്പിൽനിന്നും വീടുകൾക്ക് അനുവദിക്കുന്ന മുഴുവൻ വിഹിതവും വകുപ്പ് തന്നെയാണ് നൽകിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടാറില്ല.

(സി) 2009-ൽ കില നടത്തിയ സർവ്വേ അനുസരിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|
| തിരുവനന്തപുരം | 4172 | 7600 |
| കൊല്ലം | 1163 | 10990 |
| പത്തനംതിട്ട | 849 | 2092 |
| ആലപ്പുഴ | 964 | 2019 |
| കോട്ടയം | 2022 | 1446 |
| ഇടുക്കി | 997 | 3323 |
| എറണാകുളം | 1876 | 6721 |
| തൃശ്ശൂർ | 3796 | 4251 |
| പാലക്കാട് | 3374 | 4204 |
| മലപ്പുറം | 100 | 3153 |
| കോഴിക്കോട് | 7230 | 2548 |
| വയനാട് | 210 | 199 |
| കണ്ണൂർ | 296 | 1477 |
| കാസർഗോഡ് | 366 | 2548 |

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ

281(982) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി, പിന്നാക്ക ജനവിഭാഗങ്ങൾക്ക് ചെയ്ത സേവനങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനവ് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ചികിത്സാ ആനുകൂല്യങ്ങൾ ഉൾപ്പെടെ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

## പട്ടികജാതി -പിന്നോക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

282(983) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പിന്നോക്ക വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മിശ്ര വിവാഹ ധനസഹായം
2. വിവാഹ ധനസഹായം
3. ചികിത്സാ ധനസഹായം
4. ഭ്രരഹിത പുനരധിവാസ പദ്ധതി
5. സ്വയംതൊഴിൽ പദ്ധതി
6. ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി
7. ഭവന നിർമ്മാണ ധനസഹായ പദ്ധതി
8. ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി
9. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

(ബി) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(സി) മേൽ പദ്ധതികൾക്ക് ജില്ലകളിൽ നിന്നുള്ള ആവശ്യത്തിനനുസൃതമായിട്ടാണ് പണം അനുവദിച്ച് നൽകുന്നത്.

## വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം

283(984) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം തടസ്സപ്പെട്ടത് പുനരാരംഭിച്ചിട്ടുണ്ടോ;

(ബി) പ്രവേശനം പുനരാരംഭിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഉത്തരവാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇൻക്യൂബേറ്റിംഗ് ഏജൻസിയുമായി പുതിയ എം.ഒ.യു. ഒപ്പു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേയ്ക്കാണ് പുതിയ എം.ഒ.യു. എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പുതിയ ബാച്ച് ആരംഭിക്കുന്നതിന് 9-2-2016-ൽ സ.ഉ. (സാധാ) നമ്പർ 242/2016/പ.ജ.പ.വ.വി.വ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇൻക്യുബേറ്റിംഗ് ഏജൻസിയുമായി പുതിയ എം.ഒ.യു. ഒപ്പുവയ്ക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

**ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് പദ്ധതി**

284(985) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) വാസയോഗ്യമായ വീടുള്ളവരും <u>ശുചിത്വമുള്ള</u> ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. 25,000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2012-13 മുതൽ 2014-15 വർഷം വരെ ആകെ 65000 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 15000 ഗുണഭോക്താക്കൾക്ക് സംസ്ഥാന<u>ത്തു</u>ടനീളം ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ജില്ലകൾക്ക് ഭൗതികലക്ഷ്യം നിശ്ചയിച്ച് ആവശ്യമായ ഫണ്ട് വിതരണം നട<u>ത്തു</u>കയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനുള്ള തുടർനടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ് വിതരണം

285(986) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾ എത്രയാണ്; സഹായത്തിന് അർഹമായവരെത്ര; എത്രപേർക്ക് ഇതിനകം സഹായം നല്കി;

(ബി) ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; എല്ലാ അപേക്ഷകർക്കും സഹായം നല്കാൻ എന്തു തുക ആവശ്യമായിവരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായത്തിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. e-grantz വഴി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള ബി.ടെക്, എം.ടെക്, എം.സി.എ. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നത്. സഹായത്തിന് അർഹരായവരുടെ എണ്ണം- 6164. 31-1-2016 വരെ 4235 പേർക്ക് സഹായം നൽകി.

(ബി) ഈ പദ്ധതിക്കായി ബഡ്ജറ്റിൽ 15,41,00,000 രൂപ (പതിനഞ്ചു കോടി നാൽപത്തിയൊന്നു ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. സഹായത്തിനർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സഹായം അനുവദിക്കാൻ മേൽ തുക പര്യാപ്തമാണ്.

## ആറ്റിങ്ങലിലെ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം

286(987) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനം നടന്നു വരുന്ന ഞായലിൽ, ഇടവനക്കോണം, തോപ്പിൽ കോളനികളിൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തിയാകുമെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നതെന്നും ഇതുവരെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ)

| സ്വയം പര്യാപ്ത ഗ്രാമം 2012-13 | പ്രവൃത്തി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി | അനുവദിച്ച തുക | ചെലവഴിച്ച തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| ഞായലിൽ കോളനി 3-ാം ഘട്ടം | 31-3-2016 | 90,00,000 | 90,00,000 | കേരള സിഡ്കോ |
| ഇടവനക്കോണം 3-ാം ഘട്ടം | 31-3-2016 | 65,00,000 | 65,00,000 | ജില്ലാ നിർമ്മിതി കേന്ദ്രം തിരുവനന്തപുരം |
| തോപ്പിൽ 2-ാം ഘട്ടം | 31-3-2016 | 25,00,000 | 25,00,000 | ജില്ലാ നിർമ്മിതി കേന്ദ്രം തിരുവനന്തപുരം |

(ബി) നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂരഹിതർക്ക് ഭൂമി**

287(988) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015-16-ൽ എസ്‌സി. വിഭാഗക്കാരായ ഭൂരഹിതർക്ക് ഭൂമി വാങ്ങാൻ ധനസഹായം പ്രഖ്യാപിച്ചിരുന്നോ;

(ബി) വകയിരുത്തിയ തുക എത്ര; പ്രസ്തുതാവശ്യത്തിന്റെ ഭാഗമായി ട്രഷറിയിൽ മിച്ചമുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) 2015-16-ൽ പ്രസ്തുത ധനസഹായം എത്രപേർക്ക് ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) വകയിരുത്തിയത് - 150 കോടി രൂപ

മിച്ചമുള്ളത് - 4.91 കോടി രൂപ

(സി) 2016 ജനുവരി 31 വരെയുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 500 |
| കൊല്ലം | - | 402 |
| പത്തനംതിട്ട | - | 178 |
| ആലപ്പുഴ | - | 174 |
| കോട്ടയം | - | 184 |
| ഇടുക്കി | - | 206 |
| എറണാകുളം | - | 496 |
| തൃശ്ശൂർ | - | 404 |
| പാലക്കാട് | - | 320 |
| മലപ്പുറം | - | 235 |
| കോഴിക്കോട് | - | 292 |
| വയനാട് | - | 80 |
| കണ്ണൂർ | - | 99 |
| കാസർഗോഡ് | - | 110 |
| ആകെ | | 3680 |

**റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി**

288(989) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കോതോട് പട്ടികജാതി റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഏതെല്ലാം ഫയലിൻമേലാണ് നടപടി സ്വീകരിച്ചുവരുന്നത്;

(സി) റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ മരുതോങ്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടനിർമ്മാണത്തിനായി 4,425 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ വർക്കിന് മണ്ണ് പരിശോധനക്കായി 3 ലക്ഷം രൂപയും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സോയിൽ ടെസ്റ്റിംഗിനും ഡിസൈനിംഗിനുമുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പട്ടികജാതി വികസന ഡയറക്ടേറ്റിൽ എഡ്യൂസി1-27497/08 എന്ന ഫയലിലാണ് മരുതോങ്കര എം.ആർ.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) മരുതോങ്കരയിൽ എം.ആർ.എസ്. സ്ഥാപിക്കുന്നതിന് 20-1-2014-ലെ സ.ഉ. (സാധാ) നമ്പർ 98/2014/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മരുതോങ്കര എം.ആർ.എസ്. കെട്ടിട നിർമ്മാണത്തിനായി 8-9-2015- ലെ സ.ഉ. (സാധാ) നമ്പർ 1399/2015/പ.ജ.പ.വ.വി.വ. പ്രകാരം 4425 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകുകയും 18-9-2015-ലെ എഡ്യൂ.സി127497/08 പ്രകാരം പൊതുമരാമത്ത് വകുപ്പിന് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.)*

## സ്വയം പര്യാപ്ത പട്ടികജാതി കോളനി

289(990) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിലുൾപ്പെടുത്തി താനൂർ മണ്ഡലത്തിൽ ഏതെല്ലാം കോളനികളിലാണ് പ്രവൃത്തി നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കോളനികളിൽ ഈ പദ്ധതിക്ക് കീഴിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിലുൾപ്പെടുത്തി താനൂർ മണ്ഡലത്തിൽ ഒട്ടുപുറം കോളനി, നിറമരുതൂർ ഐ.എച്ച്.ഡി.പി. കോളനി, കൊമ്പോട്ട് കോളനി എന്നീ കോളനികളിലാണ് പ്രവൃത്തികൾ നടക്കുന്നത്.

(ബി)

| പൂർത്തീകരിച്ച പ്രവൃത്തികൾ | പൂർത്തീകരിക്കാത്ത പ്രവൃത്തികൾ |
|---|---|
| <u>ഒട്ടുപുറം കോളനി</u> :<br>1. ഭവനപുനരുദ്ധാരണം 34 എണ്ണം<br>2. കോൺക്രീറ്റ് റോഡ് 320 മീറ്റർ<br>3. സംരക്ഷണഭിത്തി 135 മീറ്റർ | 1. കുടിവെള്ള പദ്ധതി<br>2. ബയോഗ്യാസ് |
| <u>നിറമരുതൂർ ഐ.എച്ച്.ഡി.പി. കോളനി</u> :<br>പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 1. മണ്ണ് സംരക്ഷണം<br>2. ഭവന പുനരുദ്ധാരണം<br>3. സൈഡ് പ്രൊട്ടക്ഷൻ<br>4. കുടിവെള്ള പദ്ധതി |
| <u>കൊമ്പോട്ട് കോളനി</u> :<br>പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 1. മണ്ണ് സംരക്ഷണം<br>2. സൈഡ് പ്രൊട്ടക്ഷൻ<br>3. കുടിവെള്ള പദ്ധതി<br>4.ഭവന പുനരുദ്ധാരണം |

(സി) 62% പ്രവൃത്തി ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർ**

290(991) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ പട്ടികജാതിയിൽപ്പെട്ട എത്ര ഭവനരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇതുസംബന്ധിച്ച് അവസാനം വിവരശേഖരണം നടത്തിയത് എപ്പോഴാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഭവനരഹിതരായ എത്ര പട്ടികജാതി വിഭാഗങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്; വർഷം, പദ്ധതിയുടെ പേര്, അനുവദിച്ച വീടുകളുടെ എണ്ണം, ആ വർഷം തന്നെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം, മുൻ വർഷങ്ങളിൽ മുടങ്ങിക്കിടന്നത് (സ്പിൽ ഓവർ) പൂർത്തിയാക്കിയവയുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ബാക്കിയുള്ള ഭവനരഹിതർക്ക് വീട് ലഭിക്കുന്നതിനും വീട് ലഭിച്ചെങ്കിലും പൂർത്തിയാക്കാൻ കഴിയാതെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിനും എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും (കില) സംയുക്തമായി 2011-ൽ നടത്തിയ അടിസ്ഥാന വിവരശേഖരണ പ്രകാരമുള്ള സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട ഭവനരഹിതരുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 4172 |
| കൊല്ലം | 1163 |
| പത്തനംതിട്ട | 1747 |
| ആലപ്പുഴ | 964 |
| കോട്ടയം | 2022 |
| ഇടുക്കി | 997 |
| എറണാകുളം | 1876 |
| തൃശ്ശൂർ | 3796 |
| പാലക്കാട് | 3374 |
| മലപ്പുറം | 100 |
| കോഴിക്കോട് | 7230 |
| വയനാട് | 210 |
| കണ്ണൂർ | 296 |
| കാസർഗോഡ് | 366 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) വകുപ്പിൽനിന്നും 2007-08 മുതൽ അനുവദിച്ച വീടുകളിൽ ഇനിയും പൂർത്തിയാകാത്തതും മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തതുമായ ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകിവരുന്നു.

**ഇക്കോ ടൂറിസം**

291(992) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെ കോട്ടത്തലച്ചിമല, ജോസ് ഗിരി തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

പരിശോധിക്കുന്നതാണ്.

**വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

292(993) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാര വകുപ്പിൽനിന്നും തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ടൂറിസം പദ്ധതികൾ

293(994) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ടൂറിസം ഡിപ്പാർട്ട്മെന്റ് ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) മനയ്ക്കച്ചിറ ടൂറിസം പദ്ധതിയിൽ തോട്ടിൽ പോള നിറഞ്ഞുകിടക്കുന്നതു മൂലം ദീർഘനാളായി പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ധാരാളം ടൂറിസ്റ്റുകൾ എത്താൻ സാധ്യതയുള്ള ഈ സ്ഥലത്ത്, തോട്ടിലെ പോള മാറ്റി ടൂറിസം പദ്ധതി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) D.T.P.C.-യും Kitco-യും വഴി നടത്തുന്ന ചെത്തിപ്പുഴകടവ് പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്;

(ഇ) ഈ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ചങ്ങനാശ്ശേരി-ചെത്തിപ്പുഴ കടവ് സൗന്ദര്യവൽക്കരണം എന്ന പദ്ധതിയാണ് ഉള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തോട്ടിലെ പോള നീക്കം ചെയ്യാനുള്ള നിർദ്ദേശം കോട്ടയം ഡി.റ്റി.പി.സി.-ക്ക് നൽകിയിട്ടുണ്ട്.

(ഡി) ചെത്തിപ്പുഴ കടവ് പദ്ധതി 2016 മാർച്ച് അവസാനത്തോടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ വികസന പദ്ധതികൾ

294(995) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര വകുപ്പ് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വിനോദസഞ്ചാര വികസനം**

295(996) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) ടൂറിസം രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) ടൂറിസം വികസനരംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഒരു കർമ്മപദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിശദമായ റിപ്പോർട്ട് യഥാക്രമം അനുബന്ധം 'എ', 'ബി' എന്നിവയിൽ ചേർത്തിരിക്കുന്നു.*

(സി) പ്രതിസന്ധികൾ വരുന്ന മുറയ്ക്ക് തരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കനകക്കുന്ന് കൊട്ടാരം**

296(997) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനകക്കുന്ന് കൊട്ടാരത്തിൽ ചിത്രപ്രദർശനത്തിനു വേണ്ട പിൻ അപ് ബോർഡും സ്റ്റാൻഡും വാങ്ങിയതിൽ എ.ജി. കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു;

(ബി) അന്നത്തെ ടൂറിസം അഡീഷണൽ ഡയറക്ടർ (പി&പി) ഓഡിറ്റ് അന്വേഷണത്തിന് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കനകക്കുന്ന് സൂപ്രണ്ട് ആയിരുന്ന ശ്രീ. സുബൈർ കുട്ടിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ ഇടപാടിനെ കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; ലോകായുക്തയിൽ പരാതി നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കനകക്കുന്ന് കൊട്ടാരത്തിൽ ചിത്രപ്രദർശനത്തിനുവേണ്ട പിൻ അപ് ബോർഡുകളും സ്റ്റാൻഡുകളും വാങ്ങിയത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയതായി കാണുന്നില്ല. ക്വട്ടേഷനുകൾ ഒരു വ്യക്തിയുടേതാണെന്നും വിപണി വിലയേക്കാൾ കൂടിയ വില നൽകിയതായി കാണുന്നു എന്നീ പരാമർശങ്ങളാണ് ഉണ്ടായിരുന്നത്.

(ബി) ഇല്ല. ടി സൂപ്രണ്ടിന് ഈ പർച്ചേസുമായി നേരിട്ട് ബന്ധമില്ലെന്ന് കണ്ടെത്തിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ലോകായുക്തയിൽ നിന്നും വകുപ്പിന് പരാതിയൊന്നും ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതായി അറിയില്ല.

**കെ.ടി.ഡി.സി. ചെയർമാന്റെ വിദേശയാത്രകൾ**

297(998) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളിൽ സംഘടിപ്പിക്കപ്പെട്ട മേളകൾ/ഉത്സവങ്ങൾ തുടങ്ങിയവയിൽ കെ.ടി.ഡി.സി. ചെയർമാൻ പങ്കെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കെ.ടി.ഡി.സി. ചെയർമാൻ സർക്കാർ ചെലവിൽ നടത്തിയ വിദേശയാത്രകൾ ഏതൊക്കെയായിരുന്നു; ഏതെല്ലാം രാജ്യങ്ങൾ എത്ര തവണ വീതം സന്ദർശിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ വിദേശ സന്ദർശനങ്ങൾക്കെല്ലാം കൂടി ഖജനാവിൽനിന്നും ഓരോ വർഷവും ചെലവായ തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) ഏതെങ്കിലും വിദേശയാത്രയുടെ കണക്കുകൾ തീർക്കുന്നതിനായി ബാക്കി നില്പുണ്ടോ; ഓരോ യാത്രയിലും ചെലവഴിക്കപ്പെട്ട ഡോളറുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളിൽ സംഘടിപ്പിക്കപ്പെട്ട മേളകൾ/ഉത്സവങ്ങൾ തുടങ്ങിയവയിൽ കെ.ടി.ഡി.സി. ചെയർമാൻ പങ്കെടുത്തിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി. ചെയർമാൻ സർക്കാർ ചെലവിൽ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല.

(സി&ഡി) ബാധകമല്ല.

**വിസ ഓൺ അറൈവൽ പദ്ധതി**

298(999) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിസ ഓൺ അറൈവൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ ഈ സംവിധാനം ടൂറിസ്റ്റ് വിസ ഓൺ അറൈവൽ (T.V.o.A) എന്ന പേരിൽ അറിയപ്പെടുന്നു. ഇതിന് ഓൺ ലൈൻ വഴി അപേക്ഷിക്കേണ്ടതും തുടർന്ന് ഇലക്ട്രോണിക് ട്രാവൽ ആതറൈസേഷൻ (E.T.A) ലഭിച്ചതിനുശേഷം ഇതുമായി കേരളത്തിലേയ്ക്ക് വരാവുന്നതുമാണ്. തുടർന്ന് ആവശ്യമായ ലളിതമായ പരിശോധനകൾ കേരളത്തിലെ എയർപോർട്ടുകളിൽ നടക്കുന്നതും ഇതിനുശേഷം നൽകുന്ന വിസ ഉപയോഗിച്ച് കേരളത്തിൽ യാത്ര ചെയ്യാവുന്നതുമാണ്. ജർമ്മനി, ജപ്പാൻ, ആസ്ട്രേലിയ, ന്യൂസിലാന്റ്, നോർവെ, റഷ്യ, യു.എ.ഇ. തുടങ്ങി 113 രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലെത്തുന്ന സഞ്ചാരികൾക്ക് രാജ്യത്തെ 16 വിമാനത്താവളങ്ങളിൽ നിന്ന് ലളിതമായ നടപടിക്രമങ്ങളിലൂടെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്നതാണ് ഈ സംവിധാനം. കേരളത്തിൽ കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ഹ്രസ്വകാലയളവിലേക്കുള്ള ചികിത്സ/ബിസിനസ് തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്ന വിദേശികൾക്കാണ് ഈ സൗകര്യം ലഭിക്കുക. ഇത് ആത്യന്തികമായി രാജ്യത്തിന്റെയും ഇതോടൊപ്പം കേരളത്തിന്റെയും വിനോദസഞ്ചാരമേഖലയ്ക്ക് ഗുണകരമാകും എന്നാണ് കരുതുന്നത്. കുറഞ്ഞത് 6 മാസത്തെ പാസ്പോർട്ടുള്ള, മേൽരാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക്, 60 യു.എസ്. ഡോളർ വരെയുള്ള വ്യത്യസ്ത നിരക്കുകളിൽ 30 ദിവസത്തേക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. വിനോദസഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിസ ലഭ്യമാക്കുന്നതുവഴി 2021-ഓടെ 30 ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് സ്വീകാര്യത ലഭിക്കുമെന്നാണ് കരുതുന്നത്. ഇതുവരെ വേണ്ടത്ര പ്രചരണം ലഭിക്കാത്ത ഏഷ്യയിലെയും യൂറോപ്പിലേയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുന്നതിനും പുതിയ വിപണികളിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ സംവിധാനം സഹായകരമാകും. ഇതുവഴി ടൂറിസം വ്യവസായത്തിലെ സമഗ്ര മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. കൂടാതെ ഇതര മേഖലകളിലും അതിന്റെ ഗുണം ലഭ്യമാകുന്നതാണ്. ഈ സംവിധാനത്തിന്റെ സാധ്യതകൾകൂടി കണക്കിലെടുത്താണ് 2015-16 വർഷം വിസിറ്റ് കേരള ഇയർ എന്ന രീതിയിൽ വിപണനം ചെയ്യാൻ തീരുമാനമെടുത്തിട്ടുള്ളത്.

(സി) 2013-ലും 2014-ലും ജപ്പാനിലെ 'ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ്' (JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാന്റിലെ 'MATKA ട്രാവൽ' ഫെയറിലും കേരളാ ടൂറിസം പങ്കെടുക്കുകയും 2014-ൽ ഫിൻലാന്റിലെ ഹെൽസിങ്കിയിലും ന്യൂസിലാന്റിലെ ഓക്ക് ലാന്റിലും റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. 2015-ൽ I.T.B, Berlin, FITUR Spain, BITE China, ITB ASIA Singapore, MITT Moscow, OTDYKH Leisure, Moscow, ATM Dubai എന്നീ ടൂറിസം ഫെയറുകളിലും പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഹെൽസിങ്കി, ഓസ്ലോ, കൊളംബോ, ഷാങ്ഹായ്, സെന്റ്പീറ്റേഴ്സ് ബർഗ്, വാഴ്സ, ബ്രസൽസ്, ടോക്കിയോ, ഫ്രാങ്ക്ഫർട്ട് എന്നീ നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2016-ൽ USA-യിൽ ടൂറിസം ഫെയർ, റോഡ് ഷോ എന്നിവയിലും സ്പെയിനിലെ FITUR ഫെയറിലും പങ്കെടുത്തു. ITB Berlin 2016-ൽ ഫെയറുകൾ, പാരീസിലെ റോഡ് ഷോ എന്നിവ മറ്റ് പ്രധാന പ്രചാരണ പരിപാടികളാണ്. TVoA സംവിധാനത്തിലുൾപ്പെടുന്ന മേൽപ്പറഞ്ഞ രാജ്യങ്ങളിലെ കേരള ടൂറിസത്തിന്റെ സജീവ സാന്നിദ്ധ്യം TVoA-യുടെ പ്രചാരണത്തിന് ഉപയോഗിക്കാൻ കഴിയുന്നുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അനന്തരസാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിനോദ സഞ്ചാര വകുപ്പ് 'കം ടു കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി വിജയകരമായി സംഘടിപ്പിച്ചു. 12 രാജ്യങ്ങളിൽനിന്നും ഓൺലൈൻ സംവിധാനത്തിലൂടെ ഫോട്ടോഗ്രാഫി, പാചകം, ചരിത്രം, സംഗീതം തുടങ്ങിയ വിവിധ വിഷയങ്ങളിൽ താൽപര്യമുള്ള വത്യസ്ത ഗ്രൂപ്പുകൾ സൃഷ്ടിക്കുകയും ഫെയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾപ്ലസ് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ വോട്ടെടുപ്പുവഴി '9' വിജയികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് കേരളം കാണുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. 'കം ടു കേരള' പ്രോഗ്രാമിലൂടെ ലക്ഷക്കണക്കിന് ജനങ്ങളിൽ TVoA സംവിധാനത്തിന്റെ പ്രചരണം നൽകുന്നതിന് സാധിച്ചു. ഇതിന്റെ വിജയത്തെ തുടർന്ന് ഈ വർഷം "VISIT KERALA INSTAGRAM GAMIFICATION" എന്ന വ്യത്യസ്തമായ ഓൺ ലൈൻ പരിപാടി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ TVoA സംവിധാനത്തിന്റെ മുഴുവൻ വിശദാംശങ്ങളും നൽകിയിട്ടുണ്ട്.

## ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ നിർമ്മാണം

299(1000) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ക്ലാസിഫിക്കേഷനിൽപ്പെട്ട എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എല്ലാം കൂടി എത്ര മുറികൾ വാടകയ്ക്ക് നല്കാൻ സജ്ജമാണെന്നും വിശദമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ കണ്ടെത്തലുകൾ പ്രകാരം അടുത്ത അഞ്ച് വർഷം എത്ര മുറികളോട് കൂടിയ എത്ര ഹോട്ടലുകൾക്ക് പുതിയതായി കേരളത്തിൽ സാധ്യതയുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കേരളത്തിലെത്തുന്ന ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ ആവശ്യകത മുൻനിർത്തി അടുത്ത പത്തു വർഷമാകുമ്പോൾ സംസ്ഥാനത്ത് എത്ര മുറികൾ ആവശ്യമായി വരും;

(ഡി) സംസ്ഥാനത്ത് നിലവിൽ ഫൈവ് സ്റ്റാർ കാറ്റഗറിയിലേക്കുള്ള എത്ര ഹോട്ടലുകളുടെ നിർമ്മാണം നടന്നുവരുന്നതായി ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്?

### ഉത്തരം

(എ-സി) ഹോട്ടൽ ക്ലാസിഫിക്കേഷൻ നടപടികൾ സ്വീകരിക്കുന്നത് ഇന്ത്യാ ടൂറിസം ആഫീസാണ്. കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് ക്ലാസിഫൈഡ് ഹോട്ടലുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു: (31-12-2014 വരെയുള്ളത്.)

| ഹോട്ടൽ ക്ലാസിഫിക്കേഷൻ | 31-12-2014 വരെ | |
|---|---|---|
| | ഹോട്ടലുകളുടെ എണ്ണം | റൂമുകളുടെ എണ്ണം |
| 5 സ്റ്റാർ ഡീലക്സ് | 8 | 883 |
| 5 സ്റ്റാർ | 14 | 1256 |
| 4 സ്റ്റാർ | 76 | 2160 |
| 3 സ്റ്റാർ | 263 | 5898 |
| 2 സ്റ്റാർ | 30 | 469 |
| ഹെറിറ്റേജ്/ക്ലാസ്സിക് | 11 | 185 |
| ആകെ | 402 | 10851 |

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി**

300(1001) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയിൽ നടന്ന സാമ്പത്തിക ക്രമക്കേടും, ക്രമവിരുദ്ധവുമായി നടന്ന പ്രവർത്തികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധമായ മാധ്യമ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ; എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ വിജിലൻസ് റെയ്ഡ് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്നാണ് വിജിലൻസ് പരിശോധന നടന്നത് ; പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇത്തരം ഒരു പരിശോധന നടന്നത് പ്രസ്തുത സ്ഥാപനം ബന്ധപ്പെട്ട വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ടോ ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) 26-6-2015-ലാണ് വിജിലൻസ് പരിശോധന നടന്നത്. പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടില്ല. വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ട്.

**ഹൗസ് ബോട്ടുകളിൽനിന്നുള്ള ജലമലിനീകരണം**

301(1002) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടു കായലിലും അനുബന്ധ ജലാശയങ്ങളിലും ഹൗസ് ബോട്ടുകളിൽ നിന്നും മറ്റുമായി വൻതോതിലുള്ള ജലമലിനീകരണം നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കായൽമലിനീകരണം പരിഹരിച്ചില്ലെങ്കിൽ ആയത് വിനോദ സഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് എന്ത് അടിയന്തര നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(സി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ പരിസര മലിനീകരണം നിയന്ത്രിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും മുൻകരുതൽ എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഉൾനാടൻ ജലാശയങ്ങളെ പൂർണ്ണമായും മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആണ്. പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് അവ പരിശോധിച്ച് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) വേമ്പനാട്ടുകായലിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽനിന്നും മാലിന്യം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുമരകത്തും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും ടൂറിസം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

**വിനോദ സഞ്ചാര മേഖലകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ**

302(1003) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദ സഞ്ചാര മേഖലകളിൽ എത്തുന്ന വിനോദ സഞ്ചാരികൾ പ്ലാസ്റ്റിക് വാട്ടർ ബോട്ടിലുകൾ, ക്യാരി ബാഗുകൾ ഇവ ഉപയോഗിച്ച ശേഷം വലിച്ചെറിയുന്നതുമൂലം ഉണ്ടാകുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലകളെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ വിനോദസഞ്ചാരികളെ ബോധവൽക്കരിക്കുന്നതിനും, പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കേരളത്തിലെ വിനോദസഞ്ചാര മേഖലകളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സമഗ്ര പദ്ധതി ഡി.റ്റി.പി.സി. തദ്ദേശ സ്വയംഭരണ വകുപ്പ് എൻ.ജി.ഒ.-കൾ എന്നിവ മുഖാന്തിരം നടത്തിവരുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വിമുക്തമാക്കാൻ സംസ്ഥാനത്തെ ഡി.റ്റി.പി.സി.-കൾ മുഖേന ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination campaign" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O.-കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടത്തിവരുന്നു. ആലപ്പുഴ, കുമരകം, എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

303(1004) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മെട്രോ ട്രെയിനുകൾ വഴിയുള്ള ബ്രാന്റിംഗ് കാമ്പയിൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ പരസ്യ കാമ്പയിൻ, ലണ്ടനിലെ 300- ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ

എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യ കാമ്പയിൻ എന്നിവ നടപ്പിലാക്കിവരുന്നു. ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് യാത്രാകൂലിയിൽ പ്രത്യേക ഇളവുകൾ ഉറപ്പാക്കി വിമാന യാത്രയിലൂടെയുള്ള ആഭ്യന്തര വിനോദസഞ്ചാര വിപണി ശക്തിപ്പെടുത്തുന്നതിനായി 'ഡെസ്റ്റിനേഷൻ പ്രൊമോഷൻ' എന്ന പേരിൽ ഗോ എയർ കാമ്പയിൻ സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ വിമാന കമ്പനിയായ ഗോ എയറുമായി 28-8-2014-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് സീസൺ സമയത്ത് വിനോദസഞ്ചാരികൾ ഇതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിസ-ഓൺ-അറൈവൽ എന്ന സംവിധാനം കൂടുതൽ പരിപോഷിപ്പിക്കുന്നതിനായി ഈ സംവിധാനത്തിൽ ആദ്യമായി വന്ന 12 രാജ്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കം റ്റു കേരള എന്ന ഓൺലൈൻ മത്സരം സംഘടിപ്പിച്ചുവരുന്നു. ഇതിൽ വിജയികളായി തെരഞ്ഞെടുക്കുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. നിലവിൽ 113 രാജ്യങ്ങൾ വിസ-ഓൺ-അറൈവൽ സംവിധാനത്തിൽ ഉൾപ്പെടുന്നു. ഓൺ ലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും സന്ദർശിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട് ഒരു ടൂർ സംഘടിപ്പിക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് അവരെക്കൊണ്ട് ബ്ലോഗിൽ വിവരണം നൽകുകയും ചെയ്യുന്ന 'ബ്ലോഗേഴ്സ് കാമ്പയിൻ' എന്ന പ്രചാരണ പരിപാടിയും നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് സർക്കാർ ഇനി പറയുന്ന പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും പ്രധാന നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുകയും ഈ പരിപാടികളിൽ ടൂറിസം വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾ ബ്രാന്റിംഗ്, ദേശീയ തലത്തിൽ പ്രധാന മെട്രോ സിറ്റികളിൽ എയർപോർട്ട് ഡിസ്പ്ലേ, മുംബൈ നഗരത്തിൽ മെട്രോ ട്രെയിൻ ബ്രാന്റിംഗ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിന് കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉത്സവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകൾ, സി.ഡി.-കൾ എന്നിവ നിർമ്മിക്കുക, കേരളത്തിന് പുറത്തും വിദേശത്തും ഉള്ള ട്രാവൽ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ ബ്രോഷറുകൾ തുടർച്ചയായി ലഭ്യമാക്കുക എന്നിവ

നടത്തിവരുന്നു. വിപുലമായ രീതിയിൽ കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണാഘോഷം സംഘടിപ്പിക്കുന്നതോടൊപ്പം നിശാഗന്ധി ദേശീയ നൃത്തോത്സവം, കേരളത്തിലെ എല്ലാ ജില്ലകളിലും തനത് കലാരൂപങ്ങൾ കോർത്തിണക്കിയുള്ള ഉത്സവം എന്നീ പരിപാടികളും സംഘടിപ്പിക്കുന്നു. ജനുവരിയിലെ നിശാഗന്ധി ഫെസ്റ്റിവൽ, മാർച്ച് അവസാനംവരെ നീളുന്ന കൊച്ചി-മുസരിസ് ബിനാലെ, ഏപ്രിൽ മാസത്തിൽ തൃശ്ശൂർ പൂരം, ആഗസ്റ്റിൽ നെഹ്റു ട്രോഫി വള്ളംകളി, ഡിസംബറിൽ രാജ്യാന്തര ചലച്ചിത്രോത്സവം തുടങ്ങിയവ അവയിൽ ചിലതാണ്. മൺസൂൺ കാമ്പയിൻ, ആയുർവ്വേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം, എന്നിവയും ആഗോളതലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു.

ഈ പുതിയ പ്രചരണ പരിപാടിക്കുകീഴിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽനിന്നും കിഴക്കൻ രാജ്യങ്ങളിൽനിന്നും പുതിയ വിപണികൾ കണ്ടെത്താനാകുമെന്നാണ് കരുതുന്നത്. ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലെ പരമ്പരാഗത വിപണികളിൽ നിന്ന് ട്രേഡ് ഫെയറുകളും റോഡ്ഷോകളും വഴി കൂടുതൽ പേരെ ആകർഷിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തും. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളും ഫെമിലിയറൈസേഷൻ ടൂറുകളും സംഘടിപ്പിച്ചതിലൂടെ പുതിയ വിപണി സാധ്യതകൾ തേടാൻ കഴിഞ്ഞു. വർദ്ധിച്ചുവരുന്ന വിമാന സേവനങ്ങൾ ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പ്രവാസി കേരളീയർ 90 ശതമാനവും വസിക്കുന്ന മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽ ആയുർവ്വേദത്തിലും കാലവർഷത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ, ടൂർ ഓപ്പറേറ്റർമാർക്കുവേണ്ടിയുള്ള ഫെമിലിയറൈസേഷൻ പ്രചാരണങ്ങൾ തുടങ്ങിയവയാണ് കിഴക്കൻ രാജ്യങ്ങളിൽ നടത്തിവരുന്നത്. വിനോദ സഞ്ചാരികൾ പ്രത്യേക സീസണുകളിൽ മാത്രമായി വരുന്നതിന് മാറ്റമുണ്ടാക്കാൻ ഇന്ത്യയിൽ ഓഫ് സീസൺ പ്രചാരണങ്ങൾക്കും ആരംഭം കുറിച്ചിട്ടുണ്ട്. ആയുർവ്വേദം, സ്പൈസ് റൂട്ട്, മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, സമ്മേളനങ്ങൾ, എക്സിബിഷനുകൾ (മൈസ് ടൂറിസം), വിവാഹം, സാംസ്കാരികമേളകൾ, സാഹസിക വിനോദ സഞ്ചാരം, സൈക്ളിംഗ് തുടങ്ങി കേരള ടൂറിസത്തിന്റെ ഉൽപന്നങ്ങളുടെ പ്രചാരണങ്ങൾ വിസിറ്റ് കേരള 2015 പദ്ധതിയിൽ ഉൾപ്പെടുത്തി. ജർമ്മനി പോലുള്ള തെരഞ്ഞെടുക്കപ്പെട്ട രാജ്യാന്തര, ദേശീയ വിപണികളിൽ "കേരള-ഹോം ഓഫ് ആയുർവ്വേദ" പ്രചരണ പരിപാടിയുടെ രണ്ടാം

ഘട്ടവും സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ പൈതൃക വിനോദസഞ്ചാരം പ്രചരിപ്പിക്കുന്നതിനായി രാജ്യാന്തര പ്രചാരണ പരിപാടികളിൽ സ്പൈസ് റൂട്ട്, മുസിരിസ് പൈതൃകങ്ങളെയും ഉൾപ്പെടുത്തുന്നുണ്ട്. ഉത്സവങ്ങളുടെയും പരിപാടികളുടെയും സംക്ഷിപ്ത വിവരങ്ങളടങ്ങിയ കലണ്ടർ തയ്യാറാക്കി ഇന്ത്യ ടൂറിസം ഓഫീസുകളും വിദേശങ്ങളിലെ ഇന്ത്യൻ എംബസികളും പോലുള്ള വിവിധ വഴികളിലൂടെ പ്രചാരണം നൽകും. ഓൺലൈൻ പ്രചാരണത്തിലൂടെ കേരളത്തെ വിവാഹ-ടൂറിസം, മൈസ് ടൂറിസം എന്നിവയുടെ പ്രധാന ലക്ഷ്യസ്ഥാനമാക്കി ഉയർത്തിക്കാട്ടും. ഇതിനായി ടൂറിസം വകുപ്പ് വഴി വിവാഹ സ്ഥലങ്ങളുടെ വിവര ശേഖരം തയ്യാറാക്കിവരുന്നു യുവാക്കളേയും വിദ്യാർത്ഥികളേയും ആകർഷിക്കുന്നതിനായി ഇതോടൊപ്പം സാഹസിക, സൈക്ലിംഗ് അവധിക്കാലങ്ങളും പ്രചാരണത്തിൽ ഉൾപ്പെടുത്തും. 2015-16-ൽ അവധിക്കാലം ചെലവഴിക്കുന്നതിനായി കേരളത്തിലെത്തിയ വിനോദസഞ്ചാരികൾക്കായി വിസിറ്റ് കേരള മത്സരങ്ങൾ നടത്തുകയും ആകർഷകങ്ങളായ സമ്മാനങ്ങളും കോംപ്ലിമെന്ററി ഹോളിഡേകളും നൽകുകയും ചെയ്തുവരുന്നു. മത്സരങ്ങൾക്കൊപ്പം, ഉത്സവങ്ങളേയും പരിപാടികളേയും ഉയർത്തിക്കാട്ടി, 2015-16 കേരളം സന്ദർശിക്കാനുള്ള ഏറ്റവും നല്ല സമയമാണെന്ന പ്രചാരണം സോഷ്യൽ മീഡിയ വഴിയും മറ്റ് ഓൺലൈൻ മാദ്ധ്യമങ്ങളിലൂടെയും നടത്തിവരുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന നിലയിലുള്ള കേരളത്തിന്റെ സ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ഇവിടേയ്ക്കുള്ള പ്രവാഹം വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തേയും ഇവിടത്തെ പ്രധാന ആകർഷണങ്ങളേയും ഉയർത്തിക്കാട്ടുന്ന വിഷയാധിഷ്ഠിത പ്രചാരണ പരിപാടികളും തുടർന്നുവരുന്നു. മെട്രോകളിലും സമീപ നഗരങ്ങളിലും ആഴ്ചാവസാന പ്രചാരണങ്ങളും മറ്റും സംഘടിപ്പിക്കുന്നുണ്ട്. ഉത്തരവാദ ടൂറിസത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി, പ്രാദേശിക സമൂഹങ്ങളെ വിനോദ സഞ്ചാരത്തിലേയ്ക്കും അതിന്റെ സാധ്യതകളിലേയ്ക്കും ക്ഷണിക്കുകയെന്ന ലക്ഷ്യത്തോടെ "ദൈവത്തിന്റെ സ്വന്തം നാട് - ജനങ്ങളുടെ സ്വന്തം ടൂറിസം" എന്ന പേരിൽ സംസ്ഥാനത്തുടനീളം പ്രചാരണങ്ങൾ നടത്തിവരുന്നു. ലക്ഷ്യസ്ഥാന വികസന പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ പ്രധാന ലക്ഷ്യസ്ഥാനങ്ങളിൽ വ്യവസായ നേതൃത്വ ശുചീകരണ പരിപാടികൾക്കുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കിവരുന്നു. അതോടൊപ്പം തലസ്ഥാനത്ത് ഹോപ്പ്-ഓൺ-ഹോപ്-ഓഫ് ബസ് അവതരിപ്പിക്കും. രാജ്യന്തര ട്രേഡ് ഫെയറുകളിലെ വ്യാപാര പങ്കാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനോടൊപ്പം ആഭ്യന്തര വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന ആഭ്യന്തര വിമാന സർവ്വീസുകളിൽ ടൂർ പാക്കേജുകളും നടപ്പാക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനം പുതിയ

സുവനീറുകൾ ബ്രാൻഡ് ചെയ്ത് വിനോദസഞ്ചാരികൾക്കുവേണ്ടി വിപണിയിലെത്തിക്കും. കേരള ടൂറിസത്തിന്റെ വിവര ഉൽപന്ന ബ്രോഷറുകൾ നവീകരിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായാണ് മേൽ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്.

(സി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികൾക്കും ഭരണ അംഗീകാരം നൽകിയിട്ടുണ്ട്.

**ടൂറിസം നയം**

304(1005) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ ടൂറിസം നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**കായൽ ടൂറിസം**

305(1006) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലും കുമരകം മേഖലകളിലുമായി കായൽ ടൂറിസം ആസ്വദിക്കാനായി എത്തിച്ചേരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും ഇവിടെ എത്തിയ സഞ്ചാരികൾ എത്ര വീതമെന്നും അതിൽ ആഭ്യന്തര സഞ്ചാരികൾ എത്രവീതമെന്നും പ്രത്യേകം കണക്ക് ലഭ്യമാക്കുമോ;

(സി) സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് റിസോർട്ടുകളും ഹൗസ് ബോട്ടുകളും വർദ്ധിക്കുകയും അവയിൽ നിന്ന് പുറംതള്ളുന്ന മാലിന്യങ്ങൾ വേമ്പനാട്ടുകായലിന്റെ സർവ്വനാശത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ കൈക്കൊണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. വേമ്പനാട്ട് കായലിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽനിന്നും മാലിന്യം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുമരകത്തും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും ടൂറിസം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

## ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശയാത്രകൾ

306(1007) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശ യാത്രകൾ എത്രയാണെന്നും, സന്ദർശിച്ച രാജ്യം, തീയതി, പരിപാടി എന്നിവ വ്യക്തമാക്കാമോ; ഓരോ യാത്രയിലും ഏതെല്ലാം ഉദ്യോഗസ്ഥർ അനുഗമിച്ചിരുന്നു;

(ബി) പ്രസ്തുത വിദേശയാത്രകളുടെ ഫലമായി വിദേശ ടൂറിസ്റ്റുകളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; ഇതിന്റെ കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-2016 കാലയളവിൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി നടത്തിയ ഔദ്യോഗിക, വിദേശയാത്രകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

| നമ്പർ | രാജ്യം | തീയതി | പരിപാടി | അനുഗമിച്ച ഉദ്യോഗസ്ഥർ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | സ്വിറ്റ്സർലാന്റ് | 4-8-2011 മുതൽ 9-8-2011 വരെ | ജനീവ ഫെസ്റ്റിവൽ | ശ്രീമതി റാണി ജോർജ്ജ് IAS, ഡയറക്ടർ ടൂറിസം |
| 2. | ഇംഗ്ലണ്ട് | 5-11-2011 മുതൽ 11-11-2011 വരെ | WTM ഫെയർ ലണ്ടൻ | ശ്രീ. ടി. കെ. മനോജ് കുമാർ IAS, സെക്രട്ടറി ടൂറിസം |
| 3. | ദുബായ് | 1-2-2012 മുതൽ 3-2-2012 വരെ | ഔദ്യോഗികം | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4. | സൗദി അറേബ്യ | 6-5-2012 മുതൽ 8-5-2012 വരെ | വിവിധ റോഡ് ഷോകൾ | ശ്രീ. ടി. കെ. മനോജ് കുമാർ IAS, സെക്രട്ടറി ടൂറിസം |
| 5. | ആസ്ട്രേലിയ | 20-10-2012 മുതൽ 26-10-2012 വരെ | വിവിധ റോഡ് ഷോകൾ | ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം |
| 6. | ബെൽജിയം, ഫ്രാൻസ്, ഇറ്റലി | 20-1-2013 മുതൽ 26-1-2013 വരെ | വിവിധ റോഡ് ഷോകൾ | ശ്രീമതി റാണി ജോർജ്ജ് IAS, ഡയറക്ടർ, ടൂറിസം |
| 7. | ജർമ്മനി | 5-3-2013 മുതൽ 11-3-2013 വരെ | ITB ബെർലിൻ ഫെയർ | ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം |
| 8. | ജപ്പാൻ | 10-9-2013 മുതൽ 14-9-2013 വരെ | JATA Fair | ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം |
| 9. | യു.എസ്.എ. | 20-10-2013 മുതൽ 25-10-2013 വരെ | വിവിധ റോഡ് ഷോകൾ | ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം |
| 10. | ബ്രിട്ടൻ, ഓസ്ട്രിയ, ഹംഗറി | 4-11-2014 മുതൽ 10-11-2014 വരെ | WTM ലണ്ടൻ | ശ്രീ. സുമൻ ബില്ല IAS, സെക്രട്ടറി, ടൂറിസം |
| 11. | റഷ്യ | 18-3-2015 മുതൽ 23-3-2015 വരെ | MIIT ഫെയർ | ശ്രീ. ഷെയ്ക്ക് പരീത് IAS, ഡയറക്ടർ, ടൂറിസം |
| 12. | ശ്രീലങ്ക | 23-4-2014 | കൊളംബോ റോഡ് ഷോ | ശ്രീ. കമലവർദ്ധന റാവു IAS, സെക്രട്ടറി, ടൂറിസം ശ്രീ. ഷെയ്ക്ക് പരീത് IAS, ഡയറക്ടർ ടൂറിസം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13. | ചൈന | 25-6-2015 മുതൽ 29-6-2015 വരെ | BITE ചൈന ഫെയർ, ഷാങ്ഹായ് റോഡ് ഷോ | ശ്രീ. ജിജി തോംസൺ IAS, ചീഫ് സെക്രട്ടറി, ശ്രീ. കമലവർദ്ധന റാവു IAS, സെക്രട്ടറി, ടൂറിസം |
| 14. | സ്പെയിൻ | 19-1-2016 മുതൽ 24-1-2016 വരെ | FITUR FAIR 2016 | സംസ്ഥാന ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തില്ല. |
| 15. | ഓസ്ട്രിയ | 25-1-2016 മുതൽ 27-1-2016 വരെ | ടൂറിസം വർക്ക് ഷോപ്പ് | |

പ്രസ്തുത കാലയളവിൽ പട്ടികജാതി പിന്നോക്കസമുദായക്ഷേമവും ടൂറിസവും വകുപ്പുമന്ത്രി നടത്തിയ വ്യക്തിപരമായ യാത്രകളുടെ വിശദാംശങ്ങൾ:

| നമ്പർ | രാജ്യം | തീയതി | പരിപാടി |
|---|---|---|---|
| 1 | ദുബായ് | 16-4-2012 മുതൽ 20-4-2012 വരെ | വ്യക്തിപരം |
| 2 | യു.എ.ഇ. | 11-4-2013 മുതൽ 12-4-2013 വരെ | വ്യക്തിപരം |
| 3 | ദുബായ് | 13-12-2013 മുതൽ 14-12-2013 വരെ | വ്യക്തിപരം |

(ബി) ഉണ്ട്. ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ നടക്കുന്ന ടൂറിസം ഫെയറുകൾ, റോഡ് ഷോകൾ എന്നിവയിൽ പങ്കെടുത്ത് നടത്തുന്ന വിപുലമായ പ്രചാരണ പരിപാടികളുടെ ഫലമായി വിദേശ വിനോദസഞ്ചാരികൾ കേരളത്തിലേക്ക് ആകർഷിക്കപ്പെടുന്നു. 2011-2016 കാലയളവിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ കണക്ക് താഴെ പറയുന്നു:

| വർഷം | സഞ്ചാരികളുടെ എണ്ണം |
|---|---|
| 2011 | 732985 |
| 2012 | 793696 |
| 2013 | 858143 |
| 2014 | 923366 |
| 2015 (ഒക്ടോബർ വരെ) | 775390 |

മേൽകണക്കുകൾ വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വർഷാവർഷം വർദ്ധനയുണ്ടായതായി സൂചിപ്പിക്കുന്നു.

**ടൂറിസം മേഖലയിലെ കേന്ദ്ര പദ്ധതികൾ**

307(1008) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കൂടുതൽ കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും ഈ സർക്കാരിന് സാധിക്കാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് ടൂറിസം മേഖലയിൽ പുതുതായി അനുവദിച്ച കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വിശദമാക്കുമോ;

(സി) ഇതിനായി നടപ്പു സാമ്പത്തികവർഷം എത്ര തുകയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്; ഇതുവരെ ഏതെല്ലാം ഇനത്തിൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പദ്ധതികൾക്ക് അനുമതി നൽകുന്നതിനായി യഥാസമയം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. ഏറ്റവുമധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സംസ്ഥാനമെന്ന നിലയിൽ കൂടുതൽ തുക അനുവദിച്ച് കിട്ടുന്നതിന് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഇക്കോ ടൂറിസം സർക്യൂട്ട് (സ്വദേശി ദർശൻ സ്കീം) എന്നിവ ഉൾക്കൊണ്ടുകൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് ബാക്കി തുക ലഭ്യമാക്കുന്നതിനും പുതിയ പദ്ധതികൾ അനുവദിക്കുന്നതിനുമായി കേന്ദ്ര വിനോദസഞ്ചാര വകുപ്പിന് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി എന്നീ സ്ഥലങ്ങളുടെ വികസനത്തിനായി 9921.87 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ആറന്മുള, ശബരിമല Spiritual Tourism Circuit-ന് 9427 ലക്ഷം രൂപയുടെയും ശബരിമല Spiritual

Tourism Circuit ന് (ഏരുമേലി-പമ്പ-സന്നിധാനം സർക്യൂട്ട്) പ്രത്യേകമായി 9,988 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ടൂറിസം വകുപ്പിലെ ജീവനക്കാരുടെ നിയമനം**

308(1009) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ നിലവിൽ നിയമനം നടത്തുന്ന രീതി വ്യക്തമാക്കുമോ;

(സി) ടൂറിസത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവുമുള്ളവർക്ക് വകുപ്പിൽ നിയമനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിലുണ്ട്.

(സി) ടൂറിസം വകുപ്പിൽ ബിരുദമുള്ളവർക്ക് നിയമനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. ബിരുദാനന്തര ബിരുദമുള്ളവർക്ക് നിയമനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്ന വിഷയം പരിഗണനയിലില്ല.

**ടൂറിസം വകുപ്പിലെ ഉയർന്ന തസ്തികകൾക്ക് വേണ്ട യോഗ്യതകൾ**

309(1010) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരെ സ്ഥലം മാറ്റുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ചട്ടവിരുദ്ധമായി സ്ഥലംമാറ്റങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ടൂറിസം വകുപ്പിലെ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ എന്തൊക്കെയാണ്; നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരാണോ ആ തസ്തികകളിൽ ജോലി ചെയ്യുന്നത്; യോഗ്യത ഉണ്ടായിട്ടും നിയമനം നൽകിയില്ലെന്ന പരാതി ഏതെങ്കിലും ജീവനക്കാരൻ നൽകിയിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടി എന്താണ്;

(സി) പ്രസ്തുത തസ്തികയ്ക്ക് വേണ്ട എല്ലാ യോഗ്യതയും ഉള്ള എത്ര ജീവനക്കാർ സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിലവിലുണ്ട്?

ഉത്തരം

(എ) ടൂറിസം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ സീനിയോറിറ്റിയും ഭരണപരമായ അത്യാവശ്യവും കണക്കാക്കിയാണ് സ്ഥലംമാറ്റം നടപ്പിലാക്കുന്നത്. ചട്ടവിരുദ്ധമായി സ്ഥലംമാറ്റം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടൂറിസം വകുപ്പിലെ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയിലേക്ക് നിലവിൽ ബിരുദമാണ് യോഗ്യത. നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരാണ് ടി തസ്തികകളിൽ ജോലി ചെയ്യുന്നത്. യോഗ്യത ഉണ്ടായിട്ടും നിയമനം നൽകിയില്ലെന്ന ഒരു ജീവനക്കാരന്റെ പരാതി പരിശോധിച്ചുവരുന്നു.

(സി) വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ 9 പേരാണുള്ളത്. ഇതിൽ 7 പേർ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയിലേക്ക് യോഗ്യരാണ്.

**ടൂറിസം പദ്ധതികൾ**

310(1011) ശ്രീ. കെ. വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന് UDF സർക്കാർ വേണ്ടത്ര ഗൗരവം കാണിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) തദ്ദേശീയരെ ടൂറിസം മേഖലയിൽ പങ്കാളികളാക്കി തദ്ദേശിയമായ വികസനം ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഉത്തരവാദിത്വ ടൂറിസം പദ്ധതിയ്ക്കായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ പലതും ലക്ഷ്യം കാണാതിരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് പ്രമുഖ പരിഗണനയാണ് നൽകിവരുന്നത്. 2011 മുതൽ 2015 വരെ 6.47 കോടി രൂപ ഉത്തരവാദിത്വ ടൂറിസം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 5.22 കോടി രൂപ ഈ പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്.

(ബി) ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെട്ട് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ തദ്ദേശ സമൂഹത്തിന് തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. വിവിധ ചെറുകിട ഇടത്തര സൂക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 3000 കുടുംബങ്ങൾ ഇന്ന് ഗുണഭോക്താക്കളായി പ്രവർത്തിച്ചുവരുന്നു. അതുവഴി 6.73 കോടി രൂപയുടെ വരുമാനം തദ്ദേശീയർക്ക് ലഭ്യമായിട്ടുള്ളതായി സർക്കാർ ഏജൻസികൾ വിലയിരുത്തിയിട്ടുണ്ട്.

(സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് പ്ലാൻ ചെയ്ത് സമയബന്ധിതമായി നടപ്പാക്കിവരുന്നു.

## സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

311(1012) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശാവസ്ഥയിലായ കഠിനംകുളം വാട്ടർസർക്യൂട്ടിന്റെ ഭാഗമായുള്ള കൊല്ലമ്പുഴ ടൂറിസ്റ്റ് അമിനിറ്റീസ് സെന്ററും ബോട്ടുജെട്ടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഇവിടം സംരക്ഷിക്കുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഠിനംകുളം പദ്ധതിയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സിഡ്കോയാണ്. പദ്ധതി പൂർത്തീകരിച്ച് വകുപ്പിന് കൈമാറാത്ത സാഹചര്യത്തിൽ പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർവ്വഹണ ഏജൻസിയായ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കഠിനംകുളം പദ്ധതി നിർമ്മാണം പൂർത്തിയാക്കി നിർവ്വഹണ ഏജൻസിയായ സിഡ്കോ കൈമാറുന്ന മുറയ്ക്ക് പദ്ധതി പരിപാലനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ടൂറിസം വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ**

312(1013) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയത്; എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് സ്ഥാപിക്കുന്ന ബാപ്പുജി ചിൽഡ്രൻസ് പാർക്കിന് മൊത്തം എത്ര തുകയാണ് ചെലവഴിക്കുവാനായി ഉദ്ദേശിക്കുന്നത്; ഏതൊക്കെ ഫണ്ടാണ് ചെലവഴിക്കുന്നത്;

(സി) ബാപ്പുജി ചിൽഡ്രൻസ് പാർക്കിൽ സന്ദർശകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പാർക്ക് എന്നത്തേക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ടോയ്‌ലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, റെയ്ൻ പവലിയൻ, വ്യൂ ടവർ, പാത്ത് വേ, ലാൻഡ്സ്കേപ്പിംഗ്, റോഡ് ഫോർ ബാറ്ററി ഓപ്പറേറ്റർ കാർ, ആംഫിതീയറ്റർ, പ്ലേ ഏരിയ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ആന്റ് സാനിറ്ററി ഫിറ്റിംഗ്സ്, പ്ലേ എക്വിപ്മെന്റ്സ് തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ഡി) 28-2-2016-ന് തുറന്ന് പ്രവർത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ**

313(1014) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2015 വരെ ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണാഘോഷ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തായിരുന്നെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എ. ജി. ആവശ്യപ്പെട്ടിട്ടും ഓണാഘോഷത്തിന്റെ ഫയൽ ഉദ്യോഗസ്ഥർ നൽകിയില്ല എന്ന് ചൂണ്ടിക്കാണിച്ച് എ.ജി. പരാമർശം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാലയളവിൽ;

(സി) 2011 മുതൽ 2015 വരെയുള്ള ഓണാഘോഷത്തോടനുബന്ധിച്ച് പ്രധാന വേദിയായ കനകക്കുന്ന് കൊട്ടാരത്തിന്റെ സൂപ്രണ്ടിന് ഓരോ വർഷവും എത്ര രൂപ വീതം അഡ്വാൻസ് തുക നൽകിയിരുന്നു; ഈ തുക ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) വീഴ്ച വരുത്തിയ ജീവനക്കാരനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓണാഘോഷവുമായി ബന്ധപ്പെട്ട രേഖകൾ സാധാരണയായി സംസ്ഥാന ആഡിറ്റ് വകുപ്പാണ് ആഡിറ്റ് ചെയ്തുവരുന്നത്. എന്നാൽ 1-8-2011 മുതൽ 30-9-2013 വരെ ടൂറിസം വകുപ്പിന്റെ ആഡിറ്റിന്റെ ഭാഗമായി എ.ജി. 2011-12 വർഷത്തെ ഓണാഘോഷ രേഖകൾ ആഡിറ്റ് ചെയ്തിരുന്നു. ആയതിന്റെ ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ടിലെ 9, 10, 11 പേജ് നമ്പരായി വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ബന്ധപ്പെട്ട ഭാഗങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) എ.ജി. ആവശ്യപ്പെട്ട 2012, 2013 എന്നീ വർഷങ്ങളിലെ ഓണാഘോഷ ഫയലും 2011-ലെ ചില രേഖകളും ലഭിച്ചിട്ടില്ലായെന്ന് എ.ജി. അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ എ.ജി. ടൂറിസം വകുപ്പിൽ വച്ചുതന്നെ റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ മേൽപ്പടി രേഖകളുമായി സീനിയർ ആഡിറ്ററെ സമീപിച്ച അവസരത്തിൽ, ആയത് റിപ്പോർട്ടായി ടൂറിസം വകുപ്പിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് എ.ജി.-ക്ക് ലഭ്യമാക്കിയാൽ മതിയെന്ന് അറിയിച്ചു. ഇതിന്റെ വെളിച്ചത്തിൽ ടൂറിസം വകുപ്പിൽ എ.ജി.-ക്ക് ആവശ്യമായ എല്ലാ രേഖകളും ഉടനടി തയ്യാറുള്ളതായി ടൂറിസം വകുപ്പിൽനിന്നും എ.ജി.-ക്ക് മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) 2008 മുതൽ 2012 വരെ ഓണാഘോഷവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ആഡിറ്റിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിരിക്കുയാണ്. ആയതിനാൽ 2013, 2014, 2015 വർഷങ്ങളിൽ ടൂറിസം വകുപ്പ് കനകക്കുന്ന് കൊട്ടാരം സൂപ്രണ്ടിന് അനുവദിച്ചു നൽകിയ തുക ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| വർഷം | അനുവദിച്ച തുക |
|---|---|
| 2013 | 4,10,000 |
| 2014 | 4,40,000 |
| 2015 | 4,50,000 |

2015 കാലയളവിലെ അഡ്വാൻസ് തുക സെറ്റിൽ ചെയ്തിട്ടില്ല. 2013, 2014 വർഷങ്ങളിൽ തുക ചെലവഴിച്ചതിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി &ഇ) ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എ.ജി.-ക്ക് വസ്തുതകൾ വ്യക്തമാക്കി മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ എ.ജി.-യുടെ ടി പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്നുള്ള കാര്യം അറിയിച്ചുകൊള്ളുന്നു.

**ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസന പദ്ധതികൾ**

314(1015) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഓരോ പദ്ധതിയിലും ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ ;

(സി) കൊയിലാണ്ടി കാപ്പാട് ബീച്ചിൽ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) വിശദാംശം യഥാക്രമം അനുബന്ധം 'എ','ബി','സി' എന്നിങ്ങനെ ഉൾപ്പെടുത്തിയിരിക്കുന്നു.*

**ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ്**

315(1016) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എന്നുമുതൽ നിലവിൽ വന്നു;

(ബി) ബോർഡിന്റെ ശ്രമങ്ങളെ തുടർന്ന് വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ നിക്ഷേപങ്ങൾ എത്ര; ഏതെല്ലാം നിലയിലാണ് ബോർഡ് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്;

(സി) ബോർഡിലെ അംഗങ്ങൾ ആരൊക്കെ; അധികാര/അവകാശങ്ങൾ എന്തെല്ലാം;

(ഡി) ബോർഡിന്റെ ഉദ്ദേശ്യങ്ങൾ വിശദമാക്കാമോ; ബോർഡിന്റെ എന്തെല്ലാം ശിപാർശകൾ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുകയുണ്ടായി;

(ഇ) ബോർഡിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ചെലവായ തുക എത്ര; ഏതെല്ലാം ആവശ്യത്തിനായി ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 167/2015/ടൂറിസം തീയതി, 11-6-2015 പ്രകാരം ടൂറിസം ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ബോർഡിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി&ഡി) ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി (I, II) ചേർക്കുന്നു.*

(ഇ) ചെലവഴിച്ചിട്ടില്ല.

**മാമ്പുഴ ടൂറിസം**

316(T*1017) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ മാമ്പുഴ ഒരു ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കണമെന്ന ആവശ്യത്തെക്കുറിച്ച് സാധ്യതാപഠന റിപ്പോർട്ടും സ്ഥലലഭ്യതാ റിപ്പോർട്ടും സമർപ്പിക്കുവാൻ കോഴിക്കോട് ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുനമ്പം ബീച്ചിലെ ടോയ്‌ലറ്റ് കോംപ്ലക്സ്**

317(1018) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം ബീച്ചിൽ സഞ്ചാരികൾക്കായി ആരംഭിച്ച ടോയ്‌ലറ്റ് കോംപ്ലക്സിന്റെ പ്രവർത്തനം അനിശ്ചിതമായി തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) എത്ര നാളുകളായി ഈ അനിശ്ചിതാവസ്ഥ തുടരുന്നെന്നും എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പവകാശം നൽകിയിട്ടുള്ള കരാറുകാരന് നോട്ടീസ് അയക്കുകയും കരാറുകാരൻ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പുതിയ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി 2016 ഫെബ്രുവരി 5 ആയി നിശ്ചയിച്ചിട്ടുമുണ്ട്.

(ബി) 2015 ഒക്ടോബർ മുതൽ 2016 ജനുവരി വരെയുള്ള കാലയളവിൽ ഭാഗികമായി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. പുതിയ ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.

**യഥാസമയം നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ**

318(1019) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും കേന്ദ്ര ടൂറിസം മന്ത്രാലയം വഴി സംസ്ഥാന ടൂറിസം വകുപ്പ് നേടിയെടുത്ത പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും ലഭിച്ച കേന്ദ്രസഹായ തുക എത്രയാണ് ;

(ബി) പ്രസ്തുത പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് തിരിച്ചുനൽകിയിരുന്ന തുക എത്ര എന്ന് വർഷംതിരിച്ച് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ റദ്ദാക്കുകയുണ്ടായി?

ഉത്തരം

(എ&ബി) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും കേന്ദ്ര ടൂറിസം മന്ത്രാലയം വഴി സംസ്ഥാന ടൂറിസം വകുപ്പ് നേടിയെടുത്ത പദ്ധതികൾ, ലഭിച്ച കേന്ദ്ര സഹായ തുക, തിരിച്ച് നൽകിയ തുക, നടപ്പിലാക്കാൻ കഴിയാതെ റദ്ദാക്കിയവ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ**

319(1020) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സീസണിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിനെ അന്തർദ്ദേശീയതലത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രമാക്കുക, ഓണം കഴിഞ്ഞാൽ മറ്റൊരു വ്യാപാരകാലം സൃഷ്ടിക്കുക, കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്നിവയാണ് ഫെസ്റ്റിവലിന്റെ പ്രഖ്യാപിത ലക്ഷ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഫെസ്റ്റിവലിന്റെ നിർവ്വാഹകസമിതിയും ഉന്നതതല സമിതിയുംകൂടി വേണ്ട നിർദ്ദേശങ്ങൾ ഫെസ്റ്റിവലിന്റെ ഡയറക്ടർക്ക് അതത് സമയത്ത് നൽകുന്നു. നേരത്തെ വിവിധ ഏജൻസികൾ ഏറ്റെടുത്തു നടത്തിവന്ന പ്രവർത്തനം ഓരോ സീസണിലും ക്രമാനുഗതമായി കുറയ്ക്കുകയും ഇവ ജി.കെ.എസ്.എഫ്. നേരിട്ട് സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. ചെലവിനത്തിൽ ഏജൻസികൾക്ക് നൽകിയ കമ്മീഷൻ, സർവ്വീസ് ചാർജ്ജ് തുടങ്ങിയ ഇനങ്ങളിൽ മുൻസീസണുകളിൽ ചെലവഴിക്കപ്പെട്ട തുകയുടെ നല്ലൊരു ശതമാനം ലാഭിക്കാൻ ഇതുവഴി കഴിഞ്ഞു. സീസൺ 9-ൽ കൂപ്പൺ വിതരണം കാൾ സെന്റർ തുടങ്ങിയവ ജി.കെ.എസ്.എഫ്. നേരിട്ടാണ് നടത്തിയത്. അത്യാവശ്യ മേഖലകളിൽ മാത്രമാണ് പുറത്തുനിന്നുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എം.പാനൽ ചെയ്തിരിക്കുന്ന ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**അടിസ്ഥാന സൗകര്യ വികസന രംഗം**

320(1021) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പ് 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഭരണാനുമതി നൽകിയിരുന്ന പദ്ധതികളിൽ എത്രയെണ്ണം ഇനിയും നിർമ്മാണം പൂർത്തിയാക്കുകയോ ആരംഭിക്കുകയോ ചെയ്യാതെ കിടപ്പുണ്ടെന്ന് വിശദമാക്കാമോ;

(ബി) മേല്പറഞ്ഞ കാലയളവിൽ ഭരണാനുമതി നൽകിയ എത്ര വർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിക്കാതെ കിടപ്പുണ്ട്;

(സി) നിർമ്മാണ പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കാതെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട വർക്കുകൾ ഏതൊക്കെയാണ്; ഉദ്ഘാടനം നിർവ്വഹിച്ചതിനു ശേഷവും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ;

(ഡി) ഭരണാനുമതി നൽകിയെങ്കിലും ടെണ്ടർ വിളിച്ചിട്ടില്ലാത്ത എത്ര വർക്കുകൾ ഉണ്ട്;

(ഇ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട എത്ര വർക്കുകൾ നടപ്പിലാക്കാൻ സാധ്യമായിട്ടില്ല?

<u>ഉത്തരം</u>

(എ) വിശദ വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി നൽകിയ പദ്ധതികൾ |
|---|---|
| 2011-12 | 69 |
| 2012-13 | 95 |
| 2013-14 | 111 |
| 2014-15 | 84 |
| 2015-16 | 132 |
| ആകെ | 491 |

ടി പദ്ധതികളിൽ ഇതുവരെ നിർമ്മാണം ആരംഭിക്കാത്ത പദ്ധതികൾ 37 എണ്ണമാണ്. ഇതിൽ 2 പദ്ധതികൾ CRZ അനുമതി ലഭിക്കാത്തതുകൊണ്ടും ബാക്കിയുള്ളത് മറ്റ് പ്രാദേശിക പ്രശ്നങ്ങളാലുമാണ് ആരംഭിക്കാൻ കഴിയാത്തത്.

(ബി) 2011-12 സാമ്പത്തികവർഷം വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച 28.37 കോടി രൂപയിൽ 11.65 കോടി രൂപയും 2012-13 സാമ്പത്തിക വർഷം വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച 38.08 കോടി രൂപയിൽ 3.88 കോടി രൂപയും TSB അക്കൗണ്ടിൽ നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) പുതുതായി ഭരണാനുമതി ലഭിച്ച 35 പദ്ധതികൾ.

(ഇ) ഇല്ല.

**ബേക്കൽ ടൂറിസം വികസനം**

321(1022) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനത്തിന്റെ കുതിച്ചുചാട്ടത്തിനായി പെരിയയിൽ എയർസ്ട്രിപ്പ് ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എത്ര ഏക്കർ റവന്യൂ ഭൂമി, എത്ര ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കണമായിരുന്നു; ഇതിനായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ പ്രവർത്തനത്തിനായി ഒരു ഓഫീസ് ആരംഭിച്ചിരുന്നുവോ; അത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് ജി.ഒ.(എം.എസ്.) നമ്പർ 50/2011/ടൂറിസം തീയതി, 14-2-2011 പ്രകാരമാണ് സർക്കാർ ഉത്തരവായത്.

(ബി) ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയും 51.68 ഏക്കർ സ്വകാര്യ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)-നെ സാധ്യതാ പഠനത്തിനായി [ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR)] നവംബർ 2012-ന് നിയോഗിക്കുകയും 2013 ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സ്വകാര്യ സ്ഥലമെടുപ്പിന് മാത്രമായി 25 കോടി രൂപ ആവശ്യമായി വരുന്നുണ്ട്.

(സി) പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിച്ചിട്ടുണ്ടായിരുന്നു. 2014 മേയ് 31-ന് പ്രോജക്ട് ഓഫീസ് നിർത്തലാക്കി. ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

**കരകൗശല മേള**

322(1023) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.കെ.എസ്.എഫ്. ഒൻപതാം സീസണിൽ ഏതെല്ലാം സ്ഥലങ്ങളിൽ കരകൗശലമേള സംഘടിപ്പിക്കുകയുണ്ടായി ; ഓരോ മേളയിലും എത്ര വീതം സ്റ്റാളുകൾ ഉണ്ടായിരുന്നു; ഇതിലൂടെ ഉൽപാദിപ്പിക്കപ്പെട്ട കരകൗശല വസ്തുക്കളുടെ എത്ര മാത്രം വില്പന നടന്നു; ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സ്റ്റാളുകൾ എത്ര വീതം ഉണ്ടായിരുന്നു;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തോടു കൂടിയാണ് പ്രസ്തുത മേളകൾ സംഘടിപ്പിച്ചിരുന്നത്;

(സി) ഇതിനായി ജി.കെ.എസ്.എഫ്. ചെലവഴിച്ച തുക എത്ര വീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മേളകളിലേയ്ക്ക് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ജി.കെ.എസ്.എഫ്. എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) ജി.കെ.എസ്.എഫ്. ഒൻപതാം സീസണിൽ ഇരിങ്ങൽ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിലും, ചവറ കെ.എം.എം.എൽ. ഗ്രൗണ്ടിലും കരകൗശലമേള സംഘടിപ്പിക്കുകയുണ്ടായി. ഇരിങ്ങലിൽ 256 സ്റ്റാളുകൾ തീരുമാനിച്ചിരുന്നു. എത്ര സ്റ്റാളുകൾ പ്രവർത്തിച്ചു എന്ന റിപ്പോർട്ട് ഈ മേളയുടെ സംഘാടനം നടത്തിയ സർഗാലയയിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഓരോ സംസ്ഥാനത്തുനിന്നും എത്ര സ്റ്റാളുകൾ എന്നതും ലഭിച്ചിട്ടില്ല. ചവറയിൽ ആകെ 100 സ്റ്റാളുകളിൽ 25 എണ്ണം കരകൗശല സ്റ്റാളുകളാണ്. ഇതിൽ 18 സ്റ്റാളുകൾ അന്യസംസ്ഥാനത്തു നിന്നുള്ളതും 7 സ്റ്റാളുകൾ സംസ്ഥാനത്ത് നിന്നുള്ളതുമാണ്. ഇതിലൂടെ ഉൽപ്പാദിപ്പിക്കപ്പെട്ട കരകൗശല വസ്തുക്കളുടെ വിൽപ്പനയിലൂടെ 13 ലക്ഷം രൂപ ലഭിച്ചു.

(ബി) ഇരിങ്ങലിൽ-സർഗാലയ, വിനോദസഞ്ചാര വകുപ്പ്, സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തോടു-കൂടിയാണ് പ്രസ്തുത മേള സംഘടിപ്പിച്ചത്. ചവറയിൽ ജി.കെ.എസ്.എഫ്.-ഉം. സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പും സംയുക്തമായി ചേർന്നാണ് മേള സംഘടിപ്പിച്ചത്.

(സി) സീസൺ 9-ൽ ജി.കെ.എസ്.എഫ്. ചവറയിൽ നേരിട്ടും ഇരിങ്ങലിൽ സർഗാലയയുമായി ചേർന്നും കരകൗശലമേളകൾ നടത്തിയിട്ടുണ്ട്. ഇതിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കെ.എ.എസ്.ഇ. എന്ന സ്ഥാപനം 16 ലക്ഷം രൂപ ചവറ കരകൗശലമേളയ്ക്കായി അനുവദിച്ചിട്ടുണ്ട്. സർഗാലയ കരകൗശലമേളയ്ക്കായി ജി.കെ.എസ്.എഫ്. മുൻകൈയെടുത്ത് കേരള കരകൗശല കോർപ്പറേഷനിൽ നിന്നും 18 ലക്ഷം രൂപയും കേന്ദ്ര ടൂറിസം വകുപ്പിൽനിന്നും 12 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജി.കെ.എസ്.എഫ്. നേരിട്ട് സർഗാലയ കരകൗശലമേളയ്ക്കായി പരസ്യ ഇനത്തിലും മറ്റ് ഒരുക്കങ്ങൾക്കുമായി പ്രാഥമിക കണക്കനുസരിച്ച് 30 ലക്ഷത്തോളം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) ഇരിങ്ങൽ മേളയ്ക്ക് വിദേശ രാജ്യങ്ങളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പുമന്ത്രി, മുൻ യു.എൻ. അണ്ടർ സെക്രട്ടറി ശശി തരൂർ എം.പി. എന്നിവരുടെ നേതൃത്വത്തിൽ രണ്ട് തവണ സർഗാലയ പ്രതിനിധികൾ ഉൾപ്പെടെ പരിപാടികൾക്ക് രൂപം കൊടുത്തു. ഒപ്പം യു.എൻ.-ന്റെ ഇന്ത്യൻ പ്രതിനിധിയുടെ കൈയൊപ്പോടുകൂടിയുള്ള ക്ഷണക്കത്ത് വിദേശ എംബസികളിലെ അമ്പാസിഡർമാർക്ക് അയച്ചുകൊടുത്തു. വിനോദ സഞ്ചാര വകുപ്പുമന്ത്രി വകുപ്പ് സെക്രട്ടറി, ജി.കെ.എസ്.എഫ്. ഡയറക്ടർ, സംസ്ഥാന കോർഡിനേറ്റർ എന്നിവർ കേന്ദ്ര വിനോദസഞ്ചാര വകുപ്പിനെയും വിദേശകാര്യ വകുപ്പിനേയും സംയോജിപ്പിച്ചുകൊണ്ട് സാർക്ക് രാജ്യങ്ങളെ മേളയിലേയ്ക്ക് ഔദ്യോഗികമായി ക്ഷണിക്കുകയും ചെയ്തു.

**വേമ്പനാട് കായൽ ടൂറിസം**

323(1024) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായൽ ടൂറിസവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ സമിതി നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ട്;

(ബി) വേമ്പനാട് കായലിന്റെ നൈസർഗ്ഗിക ശുദ്ധിയും പ്രകൃതി സൗന്ദര്യവും ജൈവ വൈവിധ്യവും സംരക്ഷിക്കുന്നതിനും, കാലാനുസൃതമായി പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും ഉതകുന്ന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

ഉത്തരം

(എ) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ബി) കായൽ ടൂറിസത്തിന്റെ പ്രധാന കേന്ദ്രങ്ങളായ ആലപ്പുഴ, കുമരകം, എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽനിന്നുള്ള മലിനീകരണത്തിൽനിന്നും വേമ്പനാട്ടുകായലിനെ മുക്തമാക്കുന്നതിനായി ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി കുമരകത്ത് കവണാറ്റിൻകരയിലും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നു. ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം ഒരു പരിധിവരെ തടയാൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. കായൽ ടൂറിസം മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ

വികസിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെകൂടി സഹായത്തോടെ മൊത്തം 52.25 കോടി രൂപയുടെ ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുനർനിർമ്മാണം, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂകുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിലെ ബോട്ട് ടെർമിനൽ വട്ടക്കായൽ, കരുമാടി, വിളക്കമാടം, എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ, എന്നിവിടങ്ങളിലെ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ സൗകര്യങ്ങൾ/പ്രവൃത്തികൾ ഒരുക്കിയിട്ടുണ്ട്. കുമരകം ബാക്ക് വാട്ടർ ഡെസ്റ്റിനേഷൻ വികസനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കിവരുന്നു.

1. കുമരകം കൾച്ചറൽ സെന്ററിന്റെ വികസനം
2. കുമരകം ഡെസ്റ്റിനേഷൻ വികസനം
3. കുമരകത്തിന്റെ മാലിന്യ നിർമ്മാർജ്ജന പദ്ധതി
4. കുമരകത്തെ അടിസ്ഥാന സൗകര്യ വികസനം.

**ധർമ്മടം മണ്ഡലത്തിൽ ഉണ്ടായിട്ടുള്ള വികസനപദ്ധതികൾ**

324(1025) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക്

325(1026) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക് പണിയാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുവേണ്ടി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്എന്നും ഇതിൽ എത്ര മുറികളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ടൂറിസ്റ്റ് കേന്ദ്രങ്ങൾ

326(1027) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപങ്ങളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണെന്ന 2012-13-ലെ പ്രഖ്യാപനം നടപ്പാക്കാൻ കഴിയാതിരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ടൂറിസം ഡെസ്റ്റിനേഷൻ കണ്ടെത്തുന്നതിന്റെ ഭാഗമായി 14 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി പ്രൊപ്പോസൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതിനെ തുടർന്ന് 9 ടൂറിസ്റ്റ് ഡെസ്റ്റിനേഷനെ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിലവസരങ്ങളും പുതിയ സംരംഭകരെ ആകർഷിക്കുന്നതിനുംവേണ്ടി ടൂറിസം ഇൻവെസ്റ്റ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുമുണ്ട്.

## ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

327(1028) ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുമരകം, ആലപ്പുഴ, എന്നിവിടങ്ങളിലെ കായൽപ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി മേൽപ്പറഞ്ഞ രണ്ട് സ്ഥലങ്ങളിലേയ്ക്ക് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 25-8-2006-ലെ സ.ഉ. (സാധാ) നമ്പർ 6878/06/ടൂറിസം പ്രകാരം 78,50,000 രൂപയുടെ ഭരണാനുമതിയും 20-9-2011-ലെ സ.ഉ. (സാധാ) നമ്പർ 7097/11/ടൂറിസം പ്രകാരം 64,00,000 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വന്നതിലൂടെ കായലോര പരിസ്ഥിതി സംരക്ഷണവും ജലാശയങ്ങളുടെയും കായലോരങ്ങളുടെയും മലിനീകരണവും ഒരു പരിധിവരെ തടയുവാൻ സാധിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെയും പൊതുജന പങ്കാളിത്തത്തിലൂടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ടി പദ്ധതി മേൽപ്പറഞ്ഞ രണ്ട് സ്ഥലങ്ങളിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. മാലിന്യ സംസ്കരണ പ്ലാന്റുകൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

**വെട്ടികോട് ചാൽ നവീകരണം**

328(1029) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടികോട് ചാൽ നവീകരണത്തിന് ഡി.റ്റി.പി.സി. മുഖേന സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ ഏജൻസി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി 2016 ഫെബ്രുവരിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വെട്ടികോട് ചാലിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ വെട്ടികോട് ചാൽ ടൂറിസം പദ്ധതി പ്രദേശം സന്ദർശിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് സ്റ്റേറ്റ് ടൂറിസം പ്രോജക്ട് ഡിസൈനേഴ്സ് പാനലായ ഗ്രേറ്റ് ഇൻഡ്യാ ടൂറിസം പ്ലാനേഴ്സ് & കൺസൾട്ടൻസ് ഇന്റർനാഷണലിനെ (ജിറ്റ്പാക്) DPR തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സീ പ്ലെയിൻ പദ്ധതി**

329(1030) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സീപ്ലെയിൻ പദ്ധതിക്കായി ഇതിനകം മൊത്തം എത്ര തുക ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കായി തുക വിനിയോഗിച്ചു; തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്രയായിരുന്നു; പിൻവലിച്ചത് എത്ര; എന്തെല്ലാം ആവശ്യങ്ങൾക്കെന്ന് വ്യക്തമാക്കാമോ;

(ബി) സീപ്ലെയിൻ സർവ്വീസ് എതെല്ലാം റൂട്ടിൽ നടത്തുന്നുണ്ട്;

(സി) ഏത് ഏജൻസി വഴിയാണ് സീപ്ലെയിൻ സർവ്വീസ് നടത്തുന്നത്; പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ ഇത് പ്രയോജനപ്പെടുത്തുകയുണ്ടായി;

(ഡി) നാളിതുവരെ സീപ്ലെയിൻ സർവ്വീസ് ഇനത്തിൽ സർക്കാരിന് ചെലവായ തുകയും ലഭിച്ച വരുമാനവും സംബന്ധിച്ച് വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് മൊത്തം 5,88,81,912 രൂപയും കേരള പോലീസിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ വിന്യാസത്തിനും വാട്ടർഡ്രോം സുരക്ഷാക്രമീകരണങ്ങൾ ഒരുക്കുന്നതിന് 2,45,99,536 രൂപയും വിശദമായ പ്രോജക്ട് റിപ്പോർട്ട്, കേരള സ്റ്റേറ്റ് ഹൈഡ്രോഗ്രാഫിക് സർവ്വേയും ഉദ്ഘാടനചടങ്ങ്, അനുബന്ധ പരസ്യങ്ങൾ. കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ ഡി.ജി.സി.എ, ബി.സി.എ.എസ്. മുതലായവയുടെ അനുമതികൾ പരിശോധന, തുടങ്ങി അനുബന്ധ ചെലവുകൾക്ക് മൊത്തം 2,75,60,564 രൂപയുമാണ് ചെലവായിട്ടുള്ളത്.

2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആകെ 6 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഇതിൽനിന്നും ഇതുവരെ തുകയൊന്നും തന്നെ പിൻവലിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങൾക്ക് പുറമേ വിനോദസഞ്ചാര കേന്ദ്രങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മുൻഗണനാ സർക്യൂട്ടിൽ സർവ്വീസ് നടത്തുവാനാണ് വിഭാവനം ചെയ്തിരുന്നത്. ഇതിന്റെ ഭാഗമായി ഇതിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ കൊല്ലം അഷ്ടമുടിയിലും ആലപ്പുഴ പുന്നമടയിലും ഒരുക്കുകയും പദ്ധതിയുടെ ഔദ്യോഗിക ഉത്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെത്തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണ് ഉണ്ടായത്.

(സി) സീപ്ലെയിൻ സർവ്വീസിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഇവയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുകയും സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക എന്നത് മാത്രമാണ് സർക്കാരിന്റെ ചുമതല. "ഓപ്പൺ സ്കൈ പോളിസി"-യുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഏജൻസികളായ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) മുതലായവയിൽനിന്ന് ആവശ്യമായ അനുമതികൾ ലഭിച്ചിട്ടുള്ള ഏതൊരു ഓപ്പറേറ്റർക്കും സർവ്വീസ്

നടത്താവുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വിവിധ ഓപ്പറേറ്റർമാർ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലാണ്. ആരും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ഡി) സീപ്ലെയിൻ സർവ്വീസുകൾ നടത്തേണ്ടത് ഇതിന് ആവശ്യമായ അനുമതികൾ ലഭ്യമായിട്ടുള്ള സ്വകാര്യ ഓപ്പറേറ്റർമാർ ആയതിനാൽ സർക്കാരിന് ഈ ഇനത്തിൽ ഒരു തുകയും ചെലവായിട്ടില്ല. ഇന്ത്യാ വൻകരയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുകവഴി ടൂറിസം രംഗത്ത് ഒരു നൂതന ഉൽപ്പന്നംകൂടി സഞ്ചാരികൾക്ക് നൽകുക എന്നതാണ് കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉൽപ്പന്നം ലഭ്യമാക്കുകയും ചെയ്യും. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ടു വർഷത്തേക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുവാനാണ് സർക്കാർ തീരുമാനം. അതിനുശേഷം മുതൽമുടക്കിന് ആനുപാതികമായ ഒരു യൂസേഴ്സ് ഫീ ഏർപ്പെടുത്തുവാൻ സാധിക്കും. ജലവിമാനപദ്ധതി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സഹായിക്കുകയും അതുവഴി പ്രത്യക്ഷവും പരോക്ഷവുമായ വരുമാന ലഭ്യതയ്ക്കും തൊഴിലവസരങ്ങൾക്കും കാരണമാകുകയും ചെയ്യും. ഈ പ്രാരംഭഘട്ടത്തിൽ വരുമാനം കൃത്യമായി കണക്കാക്കാൻ സാധ്യമല്ല.

**കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ടൂറിസം ഫണ്ട് പ്രവൃത്തികൾ**

330(1031) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഫണ്ട് ഉപയോഗിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തികളും അവയുടെ അടങ്കൽ തുകയും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;

(സി) മുട്ടറ മരുതിമല ഇക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചോ; രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Project Name | As Amount | Present Status of work |
|---|---|---|
| Infrastructure development of Meenpidippara tourism centre in Pulamanthodu at Kottarakkara | 40,00,000 | In progress |
| Pongupara Research Tourism Destination Kottarakkara, Kollam | 49,00,000 | In progress |
| Take a break -Kollam (Kottarakkara Aenath) | 46,00,000 | Completed |

(സി) ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ടാം ഘട്ട പദ്ധതിയുടെ പൂർണ്ണരൂപരേഖ ലഭിച്ചിട്ടില്ല.

**വിനോദ സഞ്ചാര മേഖലയിലെ പ്രതിസന്ധി**

331(1032) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കേരളം സന്ദർശിച്ച വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികൾ എത്രയെന്ന് അറിയിക്കുമോ;

(സി) ഓരോ വർഷവും ടൂറിസത്തിലൂടെ കേരളത്തിന് എത്ര തുക വരുമാനം ലഭിച്ചിട്ടുണ്ടെന്നും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ കാരണം എന്തെന്നും അറിയിക്കുമോ;

(ഡി) ടൂറിസം മേഖല ശക്തിപ്പെടുത്താൻ പദ്ധതി തയ്യാറാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2011 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളുടെ വിവരങ്ങളും 2015 വർഷത്തിൽ ജനവരി മുതൽ ഒക്ടോബർ മാസം വരെയുള്ള വിവരങ്ങളും (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു:

| വർഷം | 2011 | 2012 | 2013 | 2014 | 2015 (ഒക്ടോബർ വരെ) (provisional) |
|---|---|---|---|---|---|
| വിദേശ വിനോദ സഞ്ചാരികൾ | 732985 | 793696 | 858143 | 923366 | 775390 |
| ആഭ്യന്തര വിനോദ സഞ്ചാരികൾ | 9381455 | 10076854 | 10857811 | 11695411 | 9953137 |
| ആകെ | 10114440 | 10870550 | 11715954 | 12618777 | 10728527 |

(സി) കേരളത്തിൽ 2011 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ ടൂറിസം വരുമാന കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടികളിൽ) | ആഭ്യന്തര വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടികളിൽ) | വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള മൊത്തം വരുമാനം (Direct & indirect) (കോടികളിൽ) |
|---|---|---|---|
| 2011 | 4221.99 | 10131.97 | 19037 |
| 2012 | 4571.69 | 10883 | 20430 |
| 2013 | 5560.77 | 11726.44 | 22926.55 |
| 2014 | 6398.93 | 12981.91 | 24885.44 |

(ഡി) വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ നേട്ടങ്ങൾ

332(1035) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിന് ഉത്തരവാദിത്വ ടൂറിസം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) വിനോദസഞ്ചാരികൾക്ക് നൽകുന്ന സൗകര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകളിലൂടെയും ദൃശ്യ മാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്:

- 100 കോടി രൂപയുടെ ഗവി-വാഗമൺ- എക്കോ ടൂറിസം പദ്ധതി
- ഗോഡ്സ് ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം
- ഉത്തരവാദിത്വ ടൂറിസം
- ടേക്ക് എ ബ്രേക്ക്
- വിവരസാങ്കേതിക വിദ്യയുടെ നൂതന ഉപയോഗങ്ങൾ
- മാസ്റ്റർപ്ലാനുകൾ
- പുതിയ ഡെസ്റ്റിനേഷനുകളുടെ കണ്ടെത്തലും വികസനവും
- ആലപ്പുഴ ബാക്ക് വാട്ടർ മെഗാ സർക്യൂട്ട് പദ്ധതി
- ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ആന്റ് വാട്ടർ ടാക്സി ബോട്ട് സർവ്വീസ്
- ഗ്രീൻ ടൂറിസം സർക്യൂട്ട്-കോട്ടയം

- മുസിരിസ് പൈതൃക പദ്ധതി.

(ബി) വിനോദ സഞ്ചാര മേഖലയിൽ വിപുലവും സമഗ്രവുമായ വികസനം ഏർപ്പെടുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിവരുന്നു:

1. ഫോർട്ട് കൊച്ചി
2. കോവളം-പൂവാർ ടൂറിസം കോറിഡോർ
3. കുമരകം
4. തേക്കടി
5. അഷ്ടമുടി, കൊല്ലം
6. ഗോൾഡൻ വാലി, തിരുവനന്തപുരം
7. കക്കയം-പെരുവണ്ണാമൂഴി
8. കാലടി-മലയാറ്റൂർ-ആതിരപ്പള്ളി ടൂറിസം സർക്യൂട്ട്
9. നിലമ്പൂർ
10. പിൽഗ്രിം സെന്ററുകൾ ആസ്പദമാക്കിയുള്ള മാസ്റ്റർ പ്ലാൻ.

വിനോദസഞ്ചാര മേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിലേയ്ക്ക് പദ്ധതി റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതിൽ 99.22 കോടി രൂപയുടെ ഗവി-വാഗമൺ-എക്കോടൂറിസം പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തു. കൂടാതെ സ്വരിച്വൽ ടൂറിസത്തിന്റെ ഭാഗമായുള്ള ശ്രീപത്മനാഭസ്വാമി ക്ഷേത്രം-ആറന്മുള-ശബരിമല എന്നിവയെ ബന്ധിപ്പിച്ചു കൊണ്ടുള്ള പിൽഗ്രിം ടൂറിസം സർക്യൂട്ട്, കേരളാ കോസ്റ്റൽ സർക്യൂട്ട്, നിളാ റൂറൽ ടൂറിസം സർക്യൂട്ട് എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഉത്തരവാദിത്വ ടൂറിസത്തിന്റെ എല്ലാ പദ്ധതികളും തദ്ദേശവാസികൾക്കും വിനോദസഞ്ചാരികൾക്കും വ്യവസായത്തിനും പരസ്പര പൂരകമായി പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് നടപ്പാക്കിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ, സൂക്ഷ്മസംരഭങ്ങൾ നടപ്പാക്കൽ, സംരംഭകത്വ വികസനം, ജീവനോപാധി സൃഷ്ടിക്കൽ, ഗുണമേന്മയും സാമൂഹ്യനീതിയും ഉറപ്പാക്കൽ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയ്ക്ക് ആവശ്യമായ വിവിധ പദ്ധതികൾ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു.

(ഡി) മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ പരസ്യ ക്യാംപയിൻ വകുപ്പ് നടത്തിവരുന്നു. ഓൺലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും സന്ദർശിക്കാനുള്ള അവസരം ഒരുക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് ബ്ലോഗിൽ വിവരണം ചെയ്യിക്കുകയും ചെയ്യുന്ന ബ്ലോഗേഴ്സ് ക്യാംപയിൻ എന്ന പ്രചരണ പരിപാടി വകുപ്പ് നടപ്പാക്കിവരുന്നു. വെബ്സൈറ്റിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും നിരവധി മത്സരാധിഷ്ഠിത പ്രചരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഉത്തരവാദിത്ത ടൂറിസം പ്രമേയമാക്കിക്കൊണ്ട് 3 ഡോക്യുമെന്ററികൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കി. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് ലോക ടൂറിസം മേളകളിൽ പ്രദർശിപ്പിച്ചു. മലയാളം പതിപ്പ് കേരളത്തിലെ എല്ലാ വാർത്താ ചാനലുകളിലും പ്രദർശിപ്പിക്കുകയുണ്ടായി. പൊതുജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി സിനിമാ തീയേറ്ററുകൾ വഴിയും പ്രചരിപ്പിച്ചുവരുന്നു. ബി.ബി.സി. ഉൾപ്പെടെയുള്ള ഒട്ടേറെ അന്തർദ്ദേശീയ ചാനലുകളെ കൊണ്ടും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രമേയമാക്കി പരിപാടികൾ തയ്യാറാക്കിച്ച് പ്രക്ഷേപണം ചെയ്യിച്ചിട്ടുണ്ട്.

## ഉത്തരവാദിത്വ ടൂറിസം

333(1034) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം വ്യാപിപ്പിക്കുന്നതിന് നോഡൽ ഏജൻസിയായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം&ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ കിറ്റ്സ് ഇതുവരെ പ്രസ്തുത മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി ഖജനാവിൽനിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2011 ജൂൺ മുതൽ ടൂറിസം വകുപ്പിനുവേണ്ടി നോഡൽ ഏജൻസി എന്ന നിലയിൽ കിറ്റ്സാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നത്.

(ബി) ഉണ്ട്.

1. പ്രവർത്തനം സമ്പൂർണ്ണമായി പുനരാരംഭിക്കേണ്ടിയിരുന്ന കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നീ നാല് കേന്ദ്രങ്ങളിലും 2011 മുതൽ 2016 ജനവരി വരെയായി പ്രവർത്തനം മികച്ച രീതിയിൽ എത്തിക്കാൻ കിറ്റ്സിന് കഴിഞ്ഞിട്ടുണ്ട്. തന്മൂലം 2014-2015 വർഷത്തെ ഉത്തരവാദിത്ത ടൂറിസം ദേശീയ അവാർഡും 2015-ലെ പാറ്റാ സി.ഇ.ഒ. ചലഞ്ച് അവാർഡും തേക്കടിക്ക് ലഭിച്ചു. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി ആകെ 1510 കുടുംബങ്ങൾ ഗുണഭോക്താക്കളും തദ്ദേശതലത്തിൽ 6.73 കോടി രൂപ വിറ്റുവരവും ഉണ്ടായിട്ടുണ്ട്.

2. ഐക്യരാഷ്ട്ര സംഘടനയുടെ ടൂറിസം സംഘടനയായ UNWTO യുടെ യുളീസസ് അവാർഡ് 2013-ൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് നേടാനായി.

3. സാമൂഹികം, സാമ്പത്തികം, പാരിസ്ഥിതികം എന്നീ മേഖലകളിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ അനന്തസാധ്യതകൾ ഉൾക്കൊണ്ടുള്ള പ്രവർത്തനം നടത്തുവാൻ കഴിഞ്ഞതുവഴി ലോക ഉത്തരവാദിത്ത ടൂറിസം മോഡലായി കേരളം (കുമരകം) ഉയർന്നു.

(സി) 2011 മുതൽ 2015 വരെ 6.47 കോടി രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 5.22 കോടി രൂപ ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

**ഉത്തരവാദിത്വ ടൂറിസം പദ്ധതി**

334(1035) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ൽ ആരംഭിച്ച കോവളം, കുമരകം, തേക്കടി, വൈത്തിരി, ബേക്കൽ, കുമ്പളങ്ങി - എന്നീ തീരപ്രദേശങ്ങളിൽ നടപ്പാക്കി വന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിയുടെ തുടർച്ചയ്ക്കായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചുവെന്നും എത്ര തുക ഏതെല്ലാം പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാരും നിയമസഭയുടെ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയും ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഓരോ കേന്ദ്രങ്ങളിലേയും പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തിയാണ് കിറ്റ്സ് ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നത്.

(ബി) തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക | വിനിയോഗിച്ച തുക | പദ്ധതി |
|---|---|---|---|
| 2011-12 | 1.29 കോടി | 1.29 കോടി | Roll out of Responsible Tourism Initiative |
| 2012-13 | 1.68 കോടി | 1.50 കോടി | Strengthening and Broad basing Responsible Tourism Initiative |
| 2013-14 | 1.25 കോടി | 1.25 കോടി | Responsible Tourism Classification പദ്ധതി Responsible Tourism ബോധവൽക്കരണം |
| 2014-15 | 1 കോടി | 1 കോടി | Reinforcing Responsible Tourism Initiative |

ഇതിന് പുറമേ 2015-16-ൽ "GOD'S OWN COUNTRY-PEOPLE'S OWN TOURISM" പദ്ധതിക്ക് 25 ലക്ഷം രൂപയും Community Industry-Interface ശക്തമാക്കുന്നതിന് ഒരു കോടി രൂപയും അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

**വിനോദസഞ്ചാര വകുപ്പ് മുഖേന വികസന പദ്ധതികൾ**

335(1036) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മാലിന്യമുക്ത ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

336(1037) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യ കേന്ദ്രങ്ങളായി മാറുന്നുവെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശികൾ ഉൾപ്പെടുന്ന സംഘം കോവളം തീരത്തെ മാലിന്യം നീക്കം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറുന്നത് സംസ്ഥാനത്തെ വിനോദസഞ്ചാരത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിനോദസഞ്ചാര മേഖലയെ മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പുനരുപയോഗം സാധ്യമല്ലാത്ത വസ്തുക്കളുടെ വ്യാപാരവും വിപണനവും ഉപയോഗവും നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി)ഇല്ല. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O.കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടത്തിവരുന്നു. കൂടാതെ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ജല വിനോദ യാത്രകൾ**

337(1038) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവിനോദയാത്രകൾ പലതും സുരക്ഷാ നിയമങ്ങൾ പാലിച്ചുകൊണ്ടല്ല നടത്തുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൾനാടൻ ജലയാന നിയമവും തുറമുഖ വകുപ്പിന്റെ നിയമങ്ങളും അനുസരിക്കാതെയാണ് കോവളം, നെയ്യാർ, വേളി, ആക്കുളം, പൂവാർ, മേഖലകളിലെല്ലാം വിനോദ സഞ്ചാരം നടത്തുന്നതെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(സി) തേക്കടി ബോട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നടപ്പിലാക്കിയ സുരക്ഷാ സംവിധാനങ്ങൾ ഫലമില്ലാത്തതും പരസ്യമായി ലംഘിക്കുന്നതുമാണെന്ന ആക്ഷേപം ഗൗരവമായി പരിഗണിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അനധികൃത ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'ഉൾനാടൻ ജലയാന ചട്ടങ്ങൾ 2010' (KIV Rules 2010) 15-9-2010-ൽ നിലവിൽവന്നു. ഈ ചട്ടങ്ങളുടെ നിർവ്വഹണ അധികാരിയായി തുറമുഖ വകുപ്പിനെയും തുറമുഖ ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലയാനങ്ങളുടെ സുരക്ഷാ പരിശോധനകൾ, രജിസ്ട്രേഷൻ, വാർഷിക സർവ്വേ എന്നിവയ്ക്കായി 6 കേന്ദ്രങ്ങൾ സജ്ജമാക്കി. ജലയാനങ്ങളിലെ ജീവനക്കാർക്ക് പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മാരിടൈം ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുകയും ഈ സെന്ററുകൾ വഴി ഏകദേശം 10000-ത്തോളം ജീവനക്കാർക്ക് സുരക്ഷാ പരിശീലനം നൽകുകയും ചെയ്തു. ജലയാനങ്ങളുടെ സുരക്ഷാ പരിശോധന നടത്തുന്നതിനായി ചീഫ് സർവ്വേയർ, സർവ്വേയർമാർ എന്നിവരെ നിയമിക്കുകയും അവരുടെ മേൽനോട്ടത്തിൽ കൃത്യമായ സുരക്ഷാ പരിശോധനകളും സർവ്വേകളും നടത്തിവരികയും ചെയ്യുന്നു. സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച

വരുത്തുന്നതായി കണ്ടെത്തുന്ന ജലയാനങ്ങളുടെ സഞ്ചാര യോഗ്യതാ സർട്ടിഫിക്കറ്റ് മരവിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തുവരുന്നു.

## അഷ്ടമുടിക്കായൽ ടൂറിസം

338(1039) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായൽ ടൂറിസം സംബന്ധിച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നതെന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ?

### ഉത്തരം

(എ-ഡി) അഷ്ടമുടിക്കായൽ ടൂറിസം വികസന പദ്ധതിയുടെ കരട് രൂപരേഖ തയ്യാറായിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. അന്തിമ മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ശേഷമേ ഇതിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

## 2015-ലെ ഓണാഘോഷ പരിപാടി

339(1040) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ഓണാഘോഷ പരിപാടികൾക്കായി അനുവദിച്ച മൊത്തം തുക എത്രയായിരുന്നു;

(ബി) തിരുവനന്തപുരത്തെ ഓണാഘോഷ പരിപാടികൾക്കുണ്ടായ മൊത്തം ചെലവും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; സർക്കാർ നല്കിയ തുക എത്ര; മറ്റിനങ്ങളിൽ ലഭിച്ച വരുമാനം എത്ര; ഏതെല്ലാം ഇനങ്ങളിൽ എത്ര വീതം വരുമാനം ലഭിച്ചിട്ടുണ്ട്;

(സി) ഓണാഘോഷ പരിപാടിയുടെ ആഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്ക് ആഘോഷ കമ്മിറ്റി വിളിച്ചുചേർത്ത് അവതരിപ്പിച്ചിട്ടുണ്ടോ; പരിപാടിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) പരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്തവരുടെ പേരിലും പങ്കെടുത്ത ചിലരുടെ പേരിലും സംഘാടകർ തന്നെ പണം എഴുതി എടുത്തതായുള്ള ആക്ഷേപങ്ങൾ അന്വേഷണ വിധേയമാക്കുമോ;

(ഇ) ഓണാഘോഷ കമ്മിറ്റി ഭാരവാഹികളായ ആരുടെയെല്ലാം പേരിലാണ് ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-ലെ ഓണാഘോഷത്തിനായി സർക്കാർ രണ്ട് ശീർഷകങ്ങളിൽ നിന്നായി 1,90,00, 000 രൂപ ആകെ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തെ ഓണാഘോഷ പരിപാടികൾക്കുണ്ടായ മൊത്തം ചെലവ് സംബന്ധിച്ചുള്ള വിവിധ കമ്മിറ്റികളുടെ കണക്ക് പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി സമർപ്പിക്കുന്നതാണ്. സർക്കാർ ആകെ 1,90,00,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. 2015 ഓണാഘോഷത്തിന് മറ്റിനങ്ങളിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | ലഭിച്ച തുക |
|---|---|---|
| 1 | അമ്യൂസ്മെന്റ് | 18,00,000 |
| 2 | സ്പോൺസർഷിപ്പ് | 1,20,000 |
| 3 | ട്രേഡ് ഫെയർ & എക്സിബിഷൻ | 8,37,625 |

(സി) ഓണാഘോഷ പരിപാടിയുടെ ആഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്ക് ആഘോഷ കമ്മിറ്റി വിളിച്ചുചേർത്ത് അവതരിപ്പിക്കുന്നത് പ്രാവർത്തികമല്ലാത്തതിനാൽ, ഓണാഘോഷ കമ്മിറ്റികളുടെ എല്ലാ കണക്കുകളും ജനറൽ കൺവീനറായ ടൂറിസം വകുപ്പ് ഡയറക്ടർ അംഗീകരിച്ച് ആഡിറ്റിനായി സമർപ്പിക്കുകയാണ് ചെയ്യാറുള്ളത്. ഓണാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച പത്രവാർത്തകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കമ്മിറ്റി ഭാരവാഹികളുടെ പേരിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(നക്ഷത്ര ചിഹ്നമിടാത്ത 721, 769, 770, 869 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[9.30 AM]

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ : റൂൾ 50 അനുസരിച്ച് ഇന്ന് ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. അടിയന്തരപ്രമേയം കൊണ്ടുവരുന്നത് സംബന്ധിച്ച് നിയമസഭാ ചട്ടങ്ങളിൽ കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ഇക്കാര്യം ഇന്നലെ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന അവസരത്തിൽ തന്നെ ചെയർ വ്യക്തമാക്കിയതാണ്. ഇന്നലെ പറഞ്ഞത് ഇന്നും ആവർത്തിക്കുകയാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(vii)-ൽ 'ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല' എന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ഒരു കോടതിയുടെ മുമ്പിലിരിക്കുന്ന വിഷയം നിയമസഭയിൽ അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ പാടില്ലെന്ന് ചട്ടങ്ങളിൽ വ്യക്തമായി പറയുമ്പോൾ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശരിയല്ല. ഇന്നലെ ഇതുപോലൊരു വിഷയം വന്നു. എന്നാൽ ചെയർ പ്രത്യേക അധികാരമുപയോഗിച്ചുകൊണ്ട് പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം നൽകി. പക്ഷേ ഇന്നലെത്തന്നെ അത് വിമർശനവിധേയമായത് എല്ലാവരും കണ്ടതാണ്. അതുകൊണ്ട് പ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുകയാണ്. ....(ബഹളം)....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിന് സമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ബഹുമാന്യരായ അംഗങ്ങളോട് പറയട്ടെ, നിയമസഭയുടെ നടപടിക്രമവും ചട്ടങ്ങളും അനുസരിച്ച് മാത്രമേ ഒരു നിയമസഭാ സ്പീക്കർക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ചട്ടങ്ങളിൽ വളരെ വ്യക്തമായി പറയുന്ന ഒരു കാര്യത്തിനെതിരായി പ്രവർത്തിക്കാൻ ഒരു നിയമസഭാ സ്പീക്കർക്കും സാധ്യമല്ലെന്നുള്ളത് ദയവായി മനസ്സിലാക്കണം. ഗവർണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച ഇന്ന് ഇവിടെ നടക്കാൻ പോകുകയാണ്. അപ്പോൾ അംഗങ്ങൾക്ക് സംസാരിക്കാൻ അവസരമുണ്ട്. പ്രമേയം അവതരിപ്പിക്കുന്നതിന് അനുവദിക്കാൻ കഴിയാത്ത ഒരു വിഷയത്തിന്മേൽ ദയവായി ബഹളത്തിലേക്ക് പോകരുത്. ....(ബഹളം).... പ്ലീസ്, പ്ലീസ്....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, അജണ്ടയുടെ അടിസ്ഥാനത്തിലാണ് ഓരോ ദിവസവും സഭ നടക്കുന്നത്.

<u>മി. സ്പീക്കർ</u> : അങ്ങേയ്ക്ക് സംസാരിക്കണമെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അവരുടെ സീറ്റുകളിൽ പോകണം.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, റൂൾ 50 അനുവദിക്കാമെന്ന് സ്പീക്കർ ഉറപ്പുനൽകിയതാണ്.

<u>മി. സ്പീക്കർ</u>: റൂൾ 50 എടുക്കാമെന്നാണ് പറഞ്ഞത്, അനുവദിക്കാമെന്ന് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് സംസാരിക്കണമെന്നുണ്ടെങ്കിൽ പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെ നിൽക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ മുൻവശത്തുനിന്ന് മാറി അവരവരുടെ സീറ്റുകളിൽപ്പോയിരുന്നാൽ അങ്ങയേയും ശ്രീ. സി. ദിവാകരനേയും സംസാരിക്കാൻ അനുവദിക്കാം. സ്പീക്കറുടെ തൊട്ടുമുമ്പിൽ വന്നുനിന്ന് ഇത്തരത്തിൽ ബഹളമുണ്ടാക്കുമ്പോൾ സംസാരിക്കാൻ മൈക്ക് നൽകുന്നത് ശരിയല്ല.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുസമീപത്തുനിന്നും പ്രതിപക്ഷ നേതാവിന്റെ സീറ്റിന് സമീപത്തേക്ക് മാറിനിന്നു.)

ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് സംസാരിക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി ചോദിച്ചുകൊണ്ടുള്ള ഒരു നോട്ടീസാണ് ശ്രീ. വി. എസ്. സുനിൽ കുമാറും മറ്റ് മെമ്പർമാരും നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട അവതാരകൻ പറയുന്നത് കേട്ടതിനുശേഷമാണ് ബഹുമാനപ്പെട്ട സ്പീക്കർ അതിന്മേൽ തീരുമാനമെടുക്കേണ്ടത്. നേരത്തെയുള്ള വിഷയമല്ല, ഒരു കേസ് അട്ടിമറിച്ചതുമായി ബന്ധപ്പെട്ട പുതിയ വിഷയമാണ് ഇന്ന് ഉന്നയിക്കുന്നത്. ഈ പ്രശ്നം ചർച്ച ചെയ്യാൻ സഭയ്ക്ക് അവകാശമുണ്ട്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായ പ്രശ്നമാണിത്. ഇന്ന് നന്ദിപ്രമേയത്തിനുള്ള ചർച്ചയായതുകൊണ്ട് വേറൊരുകാര്യവും പാടില്ല എന്നുള്ള നിലപാടെടുക്കാൻ ചട്ടത്തിൽ വ്യവസ്ഥയില്ല. നന്ദിപ്രമേയം ചർച്ചചെയ്യുന്ന ദിവസം അടിയന്തരപ്രമേയം പാടില്ലെന്ന് ചട്ടത്തിലില്ല. ബഡ്ജറ്റിന്മേലുള്ള ചർച്ച നടക്കുമ്പോൾ എല്ലാ കാര്യവും ചർച്ച ചെയ്യപ്പെടും. അതുമായി ബന്ധപ്പെട്ട് ഒരു അടിയന്തരപ്രമേയം വന്നാൽ അവതരണാനുമതി കൊടുക്കാൻ പാടില്ലെന്ന് ഈ ചട്ടത്തിൽ എവിടെയാണുള്ളത്? അവതരണാനുമതി

ചോദിച്ചുകൊണ്ട് ഒരു അംഗത്തിന് സംസാരിക്കാനുള്ള അവകാശം അങ്ങ് നിഷേധിക്കരുത്. അങ്ങനെ വന്നുകഴിഞ്ഞാൽ ഈ സഭ ചേരുന്നതിൽ വല്ല അർത്ഥവുമുണ്ടോ? ഫലത്തിൽ റൂൾ 50 എന്നന്നേക്കുമായി ഇല്ലാതാകുന്ന അവസ്ഥ ഈ സഭയിൽ വന്നുചേരും. അതിന് അങ്ങ് കൂട്ടുനിൽക്കാൻ പാടില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ ഒന്നാമത്തെ കാര്യം, ചട്ടം 52-ൽ 'പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേൽ നിയന്ത്രണങ്ങൾ' എന്നതിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്. ചർച്ച ചെയ്യുന്നതിനെ സംബന്ധിച്ചല്ല, മറിച്ച് പ്രമേയം അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചാണ് അതിൽ പറയുന്നത്. സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള പ്രമേയം അവതരിപ്പിക്കുന്നതിനുള്ള നിയന്ത്രണങ്ങളെ കുറിച്ചാണ് അതിൽ പറയുന്നത്. ഇന്ത്യയുടെ ഏതെങ്കിലും ഒരു ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി, അത് നിയമസഭയിൽ പ്രമേയമായി അവതരിപ്പിക്കാൻ പാടില്ലെന്ന് വളരെ വ്യക്തമായി ചട്ടത്തിൽ പറഞ്ഞിരിക്കുന്നു. നിയമസഭയുടെ നടപടിക്രമങ്ങളും ചട്ടങ്ങളും പാലിക്കാതെ ഒരു നിയമസഭാ സ്പീക്കർക്കും മുമ്പോട്ടുപോകാൻ സാധ്യമല്ല. ....(ബഹളം).... ചെയർ ഒന്നു പറഞ്ഞോട്ടെ, നിങ്ങൾക്ക് പറയാൻ അവസരം നൽകുകയല്ലേ. ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ ഒരു സ്പീക്കർക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഇന്നലെ തന്നെ അതിന് അതീതമായി പ്രത്യേകമായ വിവേചനാധികാരം ഉപയോഗിച്ചതിൽ ഭരണകക്ഷിയുടെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെയുള്ളവർ, വിമർശിച്ചത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാമത്തെ കാര്യം, ഞാനിവിടെ പറഞ്ഞതിനെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കരുത്. ഈ പ്രശ്നം നന്ദിപ്രമേയ ചർച്ചയിൽ സംസാരിക്കാനുള്ള അവസരമുണ്ടെന്ന് മാത്രമാണ് പറഞ്ഞത്. അല്ലാതെ ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ചാ ദിവസം അടിയന്തരപ്രമേയം പാടില്ലെന്ന് ചെയർ പറഞ്ഞിട്ടില്ല.

ശ്രീ. സി. ദിവാകരൻ : സർ, സ്പീക്കറുടെ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് ഇന്നലെ ഒരു അടിയന്തരപ്രമേയത്തിന് അനുമതി നൽകിയതിൽ മന്ത്രിമാർ ക്ഷോഭിച്ചതുകൂടി ഞങ്ങൾ കാണണമെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പറഞ്ഞത്. നിയമസഭാ നടപടികളിൽ സ്പീക്കർക്ക് പരമാധികാരമുണ്ട്. അതിനെ ചോദ്യം ചെയ്യാൻ കോടതിക്കുപോലും

സാധ്യമല്ല. മന്ത്രിമാരല്ല, എം.എൽ.എ.-മാരല്ല ആർക്കും സ്പീക്കറെ ചോദ്യം ചെയ്യാനുള്ള അധികാരമില്ലെന്ന് മനസ്സിലാക്കുന്നവരാണ് ഞങ്ങൾ. 52(vii)-ൽ പറയുന്നത്, 'ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല' എന്നാണ്. ഇന്നത്തെ പ്രമേയത്തിൽ അങ്ങനെയൊരു കാര്യം പ്രതിപാദിച്ചിട്ടില്ല. ബാർ ലൈസൻസ് കൊടുക്കണോ വേണ്ടയോ എന്നുള്ളതാണ് കോടതിയിൽ നിലനിൽക്കുന്ന കേസ്. അബ്കാരി നയവും അതുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചുമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. ആ വിഷയം കോടതിയിലില്ല. കേസ് അട്ടിമറിച്ചതും കോഴവാങ്ങിയ വിഷയവുമാണ് ഞങ്ങൾ ഉന്നയിച്ചത്. കോഴ പ്രശ്നം കോടതിയിലില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ദിവാകരൻ, എഴുതിത്തന്ന അടിയന്തരപ്രമേയത്തിനുള്ള നോട്ടീസിൽ വ്യക്തമായി കോടതിയുടെ കാര്യം പറയുന്നുണ്ട്. ഇത് കോടതിയുടെ മുമ്പിലിരിക്കുന്ന വിഷയമാണെന്ന് എല്ലാവർക്കുമറിയാം. അങ്ങ് ആദ്യം പറഞ്ഞകാര്യം ചെയർ പൂർണ്ണമായും സമ്മതിക്കുന്നുണ്ട്. ഇതിനുള്ള അധികാരം ചെയറിനുതന്നെയാണ്. ഇന്നലെ ഒരു ഭാഗത്തുനിന്ന് എതിർപ്പുണ്ടായിട്ടുകൂടി അനുവദിച്ചത് ചെയറിന് അധികാരമുള്ളതു കൊണ്ടുതന്നെയാണ്. പക്ഷെ ഇന്നും അതാവർത്തിക്കുന്നത് ശരിയല്ല. കോടതിയുടെ മുമ്പിലിരിക്കുന്ന ഒരു പ്രശ്നം നിയമസഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല. ദയവായി ചെയറിനെ നിർബന്ധിക്കരുത്.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങ് മന്ത്രിമാർക്ക് താഴെയല്ല.

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി, കോടതിയുടെ മുമ്പിലിരിക്കുന്ന വിഷയം നിയമസഭയിൽ അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ പാടില്ലെന്ന് വ്യക്തമായി ചട്ടത്തിൽ പറയുന്നുണ്ട്. ഈ ചട്ടം അനുസരിച്ചാണ് ഞാൻ നിഷേധിച്ചത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഇവിടെ റൂൾ 50 അനുവദിക്കുന്നില്ലെങ്കിൽ സഭ നടത്തിക്കൊണ്ടുപോകുന്നതിന്റെ ആവശ്യം എന്താണ്?

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കി ബഹളംവച്ച് ഡയസ്സിനു സമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടന്നു.)

9.43 AM]

## III ശ്രദ്ധ ക്ഷണിക്കൽ

### തടയണപ്പാലം പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് സഭയുടെയും വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇത് ശ്രദ്ധിക്കണമെന്നും ബഡ്ജറ്റിൽ ഇതുസംബന്ധിച്ച് തീരുമാനമുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്. ഒരുപാട് പുഴകളുള്ള നാടാണ് നമ്മുടേത്. ധാരാളം കുടിവെള്ള പദ്ധതികൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രദ്ധാപൂർവ്വം ശ്രമിക്കുന്നുണ്ട്. വകുപ്പുമന്ത്രിയും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ശ്രീ. വി. ജെ. കുര്യനും വാട്ടർ അതോറിറ്റിയുടെ എം.ഡി.-യും ഉൾപ്പെടെയുള്ളവർ കേരളത്തിൽ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനും അതുപോലെ ജലസേചന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും വളരെ ശ്രദ്ധേയമായ നേതൃത്വം കൊടുക്കുന്നതിൽ ഞാൻ ഗവൺമെന്റിനെ അനുമോദിക്കുന്നു. കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്ന രീതിയിലായിരിക്കണം തടയണകളും മറ്റും നിർമ്മിക്കേണ്ടത്. സമീപ പ്രദേശങ്ങളിലെ എല്ലാ വാട്ടർബോഡീസിലും വെള്ളം ലഭിക്കും, ജലസേചന പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയും അതുകൊണ്ട് ദയവുചെയ്ത് ഈ ഗവൺമെന്റ് അടുത്ത ബഡ്ജറ്റിൽ ഇക്കാര്യത്തിൽ മുൻഗണന നൽകി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിച്ച് ഉപയോഗപ്പെടുത്തണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

9.46 AM]

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>) : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 689 കോടി രൂപ ചെലവിൽ 431 ചെക്ക് ഡാമുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. അതുപോലെ 108 കോടി രൂപ ചെലവിൽ 190 ചെക്ക് ഡാമുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഉപ്പുവെള്ള നിയന്ത്രണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളെല്ലാം അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

(ശ്രീ. കെ. രാജു സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : സബ്മിഷനുകളെല്ലാം റദ്ദ് ചെയ്യുന്നു. സബ്മിഷന്റെ മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകേണ്ടതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

### I. ലിസ്റ്റ് I പ്രകാരം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 126/2015/റ്റി.ഡി. തീയതി 16-7-2015 (എസ്.ആർ.ഒ. നമ്പർ 466/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (ആർറ്റി.) നമ്പർ 2900/2015/ഹോം തീയതി 12-10-2015 (എസ്.ആർ.ഒ. നമ്പർ 801/2015)
3. ജി.ഒ. (പി) നമ്പർ 315/2015/ജി.എ.ഡി. തീയതി 7-12-2015 (എസ്.ആർ.ഒ. നമ്പർ 833/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (ആർറ്റി.) നമ്പർ 3237/2015/ഹോം തീയതി 15-12-2015 (എസ്.ആർ.ഒ. നമ്പർ 849/2015)
5. ജി.ഒ. (പി) നമ്പർ 573/2015/ഫിൻ. തീയതി 16-12-2015 (എസ്.ആർ.ഒ. നമ്പർ 850/2015)
6. ജി.ഒ. (എംഎസ്.) നമ്പർ 30/2015/എച്ച്.എസ്.ജി. തീയതി 17-12- 2015 (എസ്.ആർ.ഒ. നമ്പർ 852/2015)
7. ജി.ഒ. (ആർറ്റി.) നമ്പർ 2847/2015/ഹോം തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 860/2015 മുതൽ 864/2015 വരെ)
8. ജി.ഒ. (ആർറ്റി.) നമ്പർ 2854/2015/ഹോം തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 865/2015)
9. ജി.ഒ. (ആർറ്റി.) നമ്പർ 3338/2015/ഹോം തീയതി 29-12-2015 (എസ്.ആർ.ഒ. നമ്പർ 873/2015)

10. ജി.ഒ. (പി) നമ്പർ 587/2015/ഫിൻ. തീയതി 26-12-2015 (എസ്.ആർ.ഒ.നമ്പർ 874/2015)

11. ജി.ഒ. (പി) നമ്പർ 33/2015/എച്ച്.എസ്.ജി. തീയതി 31-12-2015 (എസ്.ആർ.ഒ. നമ്പർ 5/2016)

12. ജി.ഒ. (ആർറ്റി.) നമ്പർ 3271/2015/ഹോം തീയതി 19-12-2015 (എസ്.ആർ.ഒ. നമ്പർ 6/2016)

13. ജി.ഒ. (പി) നമ്പർ 5/2016/റ്റി.ഡി. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 24/2016)

14. ജി.ഒ. (പി) നമ്പർ 6/2016/റ്റി.ഡി. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 25/2016)

15. ജി.ഒ. (എംഎസ്.) നമ്പർ 4/2016/ലാ തീയതി 7-1-2016 (എസ്.ആർ.ഒ. നമ്പർ 28/2016)

16. ജി.ഒ. (ആർറ്റി.) നമ്പർ 3367/2015/ഹോം തീയതി 30-12-2015 (എസ്.ആർ.ഒ. നമ്പർ 37/2016)

17. ജി.ഒ. (പി) നമ്പർ 04/2016/റ്റി.ഡി. തീയതി 8-1-2016 (എസ്.ആർ.ഒ. നമ്പർ 46/2016)

18. ജി.ഒ. (പി) നമ്പർ 10/2016/റ്റി.ഡി. തീയതി 18-1-2016 (എസ്.ആർ.ഒ. നമ്പർ 49/2016)

19. ജി.ഒ. (പി) നമ്പർ 11/2016/റ്റി.ഡി. തീയതി 18-1-2016 (എസ്.ആർ.ഒ. നമ്പർ 50/2016)

20. ജി.ഒ. (പി) നമ്പർ 12/2016/റ്റി.ഡി. തീയതി 18-1-2016 (എസ്.ആർ.ഒ. നമ്പർ 51/2016)

21. ജി.ഒ. (പി) നമ്പർ 13/2016/റ്റി.ഡി. തീയതി 18-1-2016 (എസ്.ആർ.ഒ. നമ്പർ 52/2016)

22. ജി.ഒ. (ആർറ്റി.) നമ്പർ 136/2016/ഹോം തീയതി 13-1-2016 (എസ്.ആർ.ഒ. നമ്പർ 84/2016)

23. ജി.ഒ. (പി) നമ്പർ 20/2016/റ്റി.ഡി. തീയതി 22-1-2016 (എസ്.ആർ.ഒ. നമ്പർ 93/2016)

24. ആലപ്പുഴ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2013 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്

25. കേരള സർക്കാരിന്റെ 2014-15-ലെ ഫിനാൻസ് അക്കൗണ്ട്സും (വാല്യം I & II) അപ്രോപ്രിയേഷൻ അക്കൗണ്ട്സും.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

1. ജി.ഒ. (എംഎസ്.) നമ്പർ 103/2014/ഹോം തീയതി 23-5-2014 (എസ്.ആർ.ഒ. നമ്പർ 320/2014)

2. ജി.ഒ. (പി) നമ്പർ 108/2014/റ്റി.ഡി. തീയതി 10-7-2014 (എസ്.ആർ.ഒ. നമ്പർ 412/2014)

3. ജി.ഒ. (പി) നമ്പർ 109/2014/റ്റി.ഡി. തീയതി 10-7-2014 (എസ്.ആർ.ഒ. നമ്പർ 413/2014)

4. ജി.ഒ. (ആർറ്റി.) നമ്പർ 2224/2015/ഹോം തീയതി 3-9-2015 (എസ്.ആർ.ഒ. നമ്പർ 744/2015)

5. ജി.ഒ. (എംഎസ്.) നമ്പർ 183/2015/നിയമം തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 747/2015)

6. സ.ഉ. (എംഎസ്.) നമ്പർ 232/2015/ആഭ്യന്തരം തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 768/2015)

7. ജി.ഒ. (ആർറ്റി.) നമ്പർ 2939/2015/ഹോം തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 778/2015)

8. ജി.ഒ. (എംഎസ്.) നമ്പർ 28/2015/ഹൗസിംഗ് തീയതി 23-11-2015 (എസ്.ആർ.ഒ. നമ്പർ 781/2015)

9. ജി.ഒ. (പി) നമ്പർ 206/2015/റ്റി.ഡി. തീയതി 23-11-2015 (എസ്.ആർ.ഒ. നമ്പർ 782/2015)

10. ജി.ഒ. (ആർറ്റി.) നമ്പർ 2973/2015/ഹോം തീയതി 21-11-2015 (എസ്.ആർ.ഒ. നമ്പർ 812/2015)

11. ജി.ഒ. (പി) നമ്പർ 30/2015/പി. ആന്റ് എ.ആർ.ഡി. തീയതി 19-11- 2015 (എസ്.ആർ.ഒ. നമ്പർ 822/2015)

12. ജി.ഒ. (പി) നമ്പർ 33/2015/പി. ആന്റ് എ.ആർ.ഡി. തീയതി 25-11- 2015 (എസ്.ആർ.ഒ. നമ്പർ 824/2015).

II. റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (ആർറ്റി.) നമ്പർ 176/2013/ആർ.ഡി. തീയതി 9-1-2013 (എസ്.ആർ.ഒ. നമ്പർ 19/2013) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. സ.ഉ. (കയ്യെഴുത്ത്) നമ്പർ 249/15/റവന്യൂ തീയതി 15-6-2015 (എസ്.ആർ.ഒ. നമ്പർ456/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (പി) നമ്പർ 330/15/ആർ.ഡി. തീയതി 17-7-2015 (എസ്.ആർ.ഒ. നമ്പർ 476/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (പി) നമ്പർ 589/2015/ആർ.ഡി. തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 842/2015)
5. ജി.ഒ. (പി) നമ്പർ 590/2015/ആർ.ഡി. തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 843/2015)
6. ജി.ഒ. (പി) നമ്പർ 648/15/ആർ.ഡി. തീയതി 4-12-2015 (എസ്.ആർ.ഒ. നമ്പർ 41/2016)
7. ജി.ഒ. (പി) നമ്പർ 682/2015/ആർ.ഡി. തീയതി 23-12-2015 (എസ്.ആർ.ഒ. നമ്പർ 42/2016).

<u>വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:</u>

1. ജി.ഒ. (പി) നമ്പർ 580/15/ആർ.ഡി. തീയതി 28-10-2015 (എസ്.ആർ.ഒ. നമ്പർ 729/2015)
2. സ.ഉ. (അച്ചടി) നമ്പർ 581/2015/റവ. തീയതി 30-10-2015 (എസ്.ആർ.ഒ. നമ്പർ 789/2015)
3. ജി.ഒ. (പി) നമ്പർ 611/2015/ആർ.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 811/2015).

III. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷന്റെ (CREST) 2013-14-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IV. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 222/2015/റ്റി.ഡി. തീയതി 30-12-2015 (എസ്.ആർ.ഒ. നമ്പർ 876/2015)
2. ജി.ഒ. (പി) നമ്പർ 2/2016/റ്റി.ഡി. തീയതി 6-1-2016 (എസ്.ആർ.ഒ. നമ്പർ 12/2016)
3. ജി.ഒ. (പി) നമ്പർ 3/2016/റ്റി.ഡി. തീയതി 6-1-2016 (എസ്.ആർ.ഒ. നമ്പർ 13/2016)
4. ജി.ഒ. (പി) നമ്പർ 7/2016/റ്റി.ഡി. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 26/2016)
5. ജി.ഒ. (പി) നമ്പർ 8/2016/റ്റി.ഡി. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 27/2016)
6. ജി.ഒ. (പി) നമ്പർ 9/2016/റ്റി.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 36/2016)
7. ജി.ഒ. (പി) നമ്പർ 16/2016/റ്റി.ഡി. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 59/2016)
8. ജി.ഒ. (പി) നമ്പർ 17/2016/റ്റി.ഡി. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 60/2016)
9. ജി.ഒ. (പി) നമ്പർ 18/2016/റ്റി.ഡി. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 61/2016)

10. ജി.ഒ. (പി) നമ്പർ 19/2016/റ്റി.ഡി. തീയതി 22-1-2016 (എസ്.ആർ.ഒ. നമ്പർ 79/2016)

11. ജി.ഒ. (പി) നമ്പർ 22/2016/റ്റി.ഡി. തീയതി 28-1-2016 (എസ്.ആർ.ഒ. നമ്പർ 88/2016)

12. ജി.ഒ. (പി) നമ്പർ 23/2016/റ്റി.ഡി. തീയതി 28-1-2016 (എസ്.ആർ.ഒ. നമ്പർ 89/2016)

13. വിജ്ഞാപനം നമ്പർ 207467/ഡി3/2015/എഫ് & സി.എസ്.ഡി. തീയതി 30-11-2015.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 26/2015/എഫ്.&സി.എസ്.ഡി. തീയതി 15-10-2015 (എസ്.ആർ.ഒ. നമ്പർ 703/2015)

2. ജി.ഒ. (പി) നമ്പർ 200/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 754/2015)

3. ജി.ഒ. (പി) നമ്പർ 204/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 758/2015)

4. ജി.ഒ. (പി) നമ്പർ 205/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 759/2015)

5. ജി.ഒ. (പി) നമ്പർ 207/2015/നി.വ. തീയതി 27-11-2015 (എസ്.ആർ.ഒ. നമ്പർ 804/2015)

6. ജി.ഒ. (പി) നമ്പർ 213/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 816/2015)

7. ജി.ഒ. (പി) നമ്പർ 214/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 817/2015)

8. ജി.ഒ. (പി) നമ്പർ 215/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 818/2015)

9. ജി.ഒ. (എംഎസ്.) നമ്പർ 6/2015/സി.എ.ഡി. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 819/2015)

10. ജി.ഒ. (എംഎസ്.) നമ്പർ 7/2015/സി.എ.ഡി. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 820/2015).

V. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. എനർജി മാനേജ്മെന്റ് സെന്റർ-കേരളയുടെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട്

3. കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട്.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

വിജ്ഞാപനം നമ്പർ 1573/അഡ്മിൻ./15/കെ.എസ്.ഇ.ആർ.സി. തീയതി 18-11-2015.

VI. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 1/2016/എഫ്.&പി.ഡി. തീയതി 7-1-2016 (എസ്.ആർ.ഒ. നമ്പർ 16/2016)

2. ജി.ഒ. (പി) നമ്പർ 14/2016/റ്റി.ഡി. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 57/2016)

3. കേരള സ്റ്റേറ്റ് ബിവറേജസ് (എം.&എം.) കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 27/2014/റ്റി.ഡി. തീയതി 14-2-2014 (എസ്.ആർ.ഒ. നമ്പർ 116/2014)

2. ജി.ഒ. (പി) നമ്പർ 208/2014/റ്റി.ഡി. തീയതി 22-12-2014 (എസ്.ആർ.ഒ. നമ്പർ 798/2014)

3. ജി.ഒ. (പി) നമ്പർ 209/2014/റ്റി.ഡി. തീയതി 22-12-2014 (എസ്.ആർ.ഒ. നമ്പർ 799/2014)

4. ജി.ഒ. (പി) നമ്പർ 211/2014/റ്റി.ഡി. തീയതി 30-12-2014 (എസ്.ആർ.ഒ. നമ്പർ 815/2014)

5. ജി.ഒ. (പി) നമ്പർ 212/2014/റ്റി.ഡി. തീയതി 31-12-2014 (എസ്.ആർ.ഒ. നമ്പർ 821/2014)

6. ജി.ഒ. (പി) നമ്പർ 213/2014/റ്റി.ഡി. തീയതി 31-12-2014 (എസ്.ആർ.ഒ. നമ്പർ 822/2014)

7. ജി.ഒ. (പി) നമ്പർ 214/2014/റ്റി.ഡി. തീയതി 31-12-2014 (എസ്.ആർ.ഒ. നമ്പർ 823/2014)

8. ജി.ഒ. (പി) നമ്പർ 56/2015/എഫ്.&പി.ഡി. തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 771/2015)

9. ജി.ഒ. (പി) നമ്പർ 212/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 815/2015).

VII. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 156/2015/കോ-ഓപ്. തീയതി 1-12-2015 (എസ്.ആർ.ഒ. നമ്പർ 851/2015)

2. ജി.ഒ. (പി) നമ്പർ 165/2015/കോ-ഓപ്. തീയതി 19-12-2015 (എസ്.ആർ.ഒ. നമ്പർ 857/2015)

3. ജി.ഒ. (പി) നമ്പർ 162/2015/കോ-ഓപ്. തീയതി 18-12-2015 (എസ്.ആർ.ഒ. നമ്പർ 868/2015)

4. ജി.ഒ. (പി) നമ്പർ 164/2015/കോ-ഓപ്. തീയതി 18-12-2015 (എസ്.ആർ.ഒ. നമ്പർ 869/2015)

5. ജി.ഒ. (പി) നമ്പർ 167/2015/കോ-ഓപ്. തീയതി 21-12-2015 (എസ്.ആർ.ഒ. നമ്പർ 870/2015)

6. ജി.ഒ. (പി) നമ്പർ 168/2015/കോ-ഓപ്. തീയതി 21-12-2015 (എസ്.ആർ.ഒ. നമ്പർ 871/2015)

7. ജി.ഒ. (പി) നമ്പർ 169/2015/കോ-ഓപ്. തീയതി 21-12-2015 (എസ്.ആർ.ഒ. നമ്പർ 878/2015)

8. ജി.ഒ. (പി) നമ്പർ 166/2015/കോ-ഓപ്. തീയതി 21-12-2015 (എസ്.ആർ.ഒ. നമ്പർ 14/2016)

9. ജി.ഒ. (പി) നമ്പർ 171/2015/കോ-ഓപ്. തീയതി 30-12-2015 (എസ്.ആർ.ഒ. നമ്പർ 15/2016)

10. ജി.ഒ. (പി) നമ്പർ 1/2016/കോ-ഓപ്. തീയതി 1-1-2016 (എസ്.ആർ.ഒ.നമ്പർ 22/2016)

11. ജി.ഒ. (പി) നമ്പർ 3/2016/കോ-ഓപ്. തീയതി 4-1-2016 (എസ്.ആർ.ഒ. നമ്പർ 47/2016)

12. ജി.ഒ. (പി) നമ്പർ 4/2016/കോ-ഓപ്. തീയതി 7-1-2016 (എസ്.ആർ.ഒ. നമ്പർ 62/2016)

13. ജി.ഒ. (പി) നമ്പർ 7/2016/കോ-ഓപ്. തീയതി 19-1-2016 (എസ്.ആർ.ഒ. നമ്പർ 63/2016).

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 133/2015/കോ-ഓപ്. തീയതി 28-10-2015 (എസ്.ആർ.ഒ. നമ്പർ 718/2015)

2. ജി.ഒ. (പി) നമ്പർ 135/2015/കോ-ഓപ്. തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 761/2015)

3. ജി.ഒ. (പി) നമ്പർ 136/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 762/2015)

4. ജി.ഒ. (പി) നമ്പർ 138/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 763/2015)

5. ജി.ഒ. (പി) നമ്പർ 139/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 764/2015)

6. ജി.ഒ. (പി) നമ്പർ 141/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 765/2015)

7. ജി.ഒ. (പി) നമ്പർ 148/2014/കോ-ഓപ്. തീയതി 9-12-2014 (എസ്.ആർ.ഒ. നമ്പർ 770/2015)

8. ജി.ഒ. (പി) നമ്പർ 137/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 773/2015)

9. ജി.ഒ. (പി) നമ്പർ 140/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 774/2015)

10. ജി.ഒ. (പി) നമ്പർ 151/2015/കോ-ഓപ്. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 776/2015)

11. ജി.ഒ. (പി) നമ്പർ 147/2015/കോ-ഓപ്. തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 790/2015)

12. ജി.ഒ. (പി) നമ്പർ 148/2015/കോ-ഓപ്. തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 791/2015)

13. ജി.ഒ. (പി) നമ്പർ 149/2015/കോ-ഓപ്. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 792/2015)

14. ജി.ഒ. (പി) നമ്പർ 150/2015/കോ-ഓപ്. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 793/2015)

15. ജി.ഒ. (പി) നമ്പർ 152/2015/കോ-ഓപ്. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 794/2015)

16. ജി.ഒ. (പി) നമ്പർ 153/2015/കോ-ഓപ്. തീയതി 21-11-2015 (എസ്.ആർ.ഒ. നമ്പർ 795/2015)

17. ജി.ഒ. (പി) നമ്പർ 154/2015/കോ-ഓപ്. തീയതി 25-11-2015 (എസ്.ആർ.ഒ. നമ്പർ 813/2015).

VIII. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (പി) നമ്പർ 247/2015/കൃഷി തീയതി 19-12-2015 (എസ്.ആർ.ഒ. നമ്പർ 858/2015)

2. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ 2012-13- ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ഭാരത് ഭവന്റെ 2014-15-ലെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (കൈയെഴുത്ത്) നമ്പർ 37/2015/സാം.കാ.വ. തീയതി 4-11-2015 (എസ്.ആർ.ഒ. നമ്പർ 751/2015)

2. ജി.ഒ. (പി) നമ്പർ 214/എ.ഡി./2015 തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 798/2015).

IX. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 109/2015/ഡബ്ല്യു.ആർ.ഡി. തീയതി 1-12-2015 (എസ്.ആർ.ഒ. നമ്പർ 828/2015)

2. നമ്പർ 6622/സി.എ.ഡി1/2015/ഡബ്ല്യു.ആർ.ഡി. തീയതി 17-12-2015 (എസ്.ആർ.ഒ. നമ്പർ 872/2015)

3. ജി.ഒ. (പി) നമ്പർ 1/2016/ഡബ്ല്യു.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 67/2016)

4. ജി.ഒ. (പി) നമ്പർ 2/2016/ഡബ്ല്യു.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 68/2016)

5. ജി.ഒ. (പി) നമ്പർ 10/2016/ഡബ്ല്യു.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 69/2016)

6. ജി.ഒ. (പി) നമ്പർ 4/2016/ഡബ്ല്യു.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 70/2016)

7. ജി.ഒ. (പി) നമ്പർ 5/2016/ഡബ്ല്യൂ.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 71/2016)

8. ജി.ഒ. (പി) നമ്പർ 6/2016/ഡബ്ല്യൂ.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 72/2016)

9. ജി.ഒ. (പി) നമ്പർ 7/2016/ഡബ്ല്യൂ.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 73/2016)

10. ജി.ഒ. (പി) നമ്പർ 8/2016/ഡബ്ല്യൂ.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 74/2016)

11. ജി.ഒ. (പി) നമ്പർ 9/2016/ഡബ്ല്യൂ.ആർ.ഡി. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 75/2016).

X. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 160/2015/ഐ.ഡി. തീയതി 24-11-2015 (എസ്.ആർ.ഒ. നമ്പർ 841/2015)

2. സ.ഉ. (പി) നമ്പർ 177/2015/വ്യവ. തീയതി 29-12-2015 (എസ്.ആർ.ഒ. നമ്പർ 32/2016)

3. കേരള സ്റ്റേറ്റ് ഐ.റ്റി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ 2013- 14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ്സഹിതം

4. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ വാർഷിക-ഭരണ റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റുകൾ സഹിതം

5. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XI. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ.(പി) നമ്പർ 242/2015/എൽ.എസ്.ജി.ഡി. തീയതി 23-7-2015 (എസ്.ആർ.ഒ. നമ്പർ 496/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XII. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട്
2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട്
4. കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിന്റെ (കേരഫെഡ്) 2013-14-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XIII. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (അ) നമ്പർ 101/2012/തസ്വഭവ. തീയതി 13-4-2012 (എസ്.ആർ.ഒ. നമ്പർ 275/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (പി) നമ്പർ 183/2015/എൽ.എസ്.ജി.ഡി. തീയതി 1-6-2015 (എസ്.ആർ.ഒ. നമ്പർ 378/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (പി) നമ്പർ 212/2014/എൽ.എസ്.ജി.ഡി. തീയതി 27-11-2014 (എസ്.ആർ.ഒ. നമ്പർ 760/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (പി) നമ്പർ 77/2015/എസ്.ജെ.ഡി. തീയതി 17-12-2015 (എസ്.ആർ.ഒ. നമ്പർ 853/2015)
5. ജി.ഒ. (പി) നമ്പർ 79/2015/എസ്.ജെ.ഡി. തീയതി 18-12-2015 (എസ്.ആർ.ഒ. നമ്പർ 11/2016)
6. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 2004-05, 2005-06 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 343/2015/എൽ.എസ്.ജി.ഡി. തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 769/2015).

XIV. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 245/2015/ഹോം തീയതി 3-12-2015 (എസ്.ആർ.ഒ.നമ്പർ 867/2015)
2. ജി.ഒ. (ആർറ്റി.) നമ്പർ 3348/2015/ഹോം തീയതി 30-12-2015 (എസ്.ആർ.ഒ. നമ്പർ 877/2015)
3. ജി.ഒ. (ആർറ്റി.) നമ്പർ 3324/2015/ഹോം തീയതി 28-12-2015 (എസ്.ആർ.ഒ. നമ്പർ 1/2016)
4. സ.ഉ. (എംഎസ്.) നമ്പർ 255/2015/ആഭ്യന്തരം തീയതി 11-12-2015 (എസ്.ആർ.ഒ. നമ്പർ 3/2016)
5. ജി.ഒ. (ആർറ്റി.) നമ്പർ 16/2016/ഹോം തീയതി 4-1-2016 (എസ്.ആർ.ഒ. നമ്പർ 20/2016)
6. ജി.ഒ. (എംഎസ്.) നമ്പർ 264/2015/ഹോം തീയതി 31-12-2015 (എസ്.ആർ.ഒ. നമ്പർ 30/2016)
7. നമ്പർ 61646/എസ്.എസ്.എ 2/2015/ആഭ്യന്തരം തീയതി 8-1-2016 (എസ്.ആർ.ഒ. നമ്പർ 39/2016)
8. ജി.ഒ. (എംഎസ്.) നമ്പർ 8/2016/ഹോം തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 76/2016)
9. നമ്പർ 96473/എസ്.എസ്.എ.1/2015/ഹോം തീയതി 28-1-2016 (എസ്.ആർ.ഒ. നമ്പർ 95/2016).

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (എംഎസ്.) നമ്പർ 233/2015/ഹോം തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 780/2015).

XV. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (അച്ചടി) നമ്പർ 101/2015/തൊഴിൽ തീയതി 1-8-2015 (എസ്.ആർ.ഒ. നമ്പർ 513/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. സ.ഉ. (അച്ചടി) നമ്പർ 102/2015/തൊഴിൽ തീയതി 1-8-2015 (എസ്.ആർ.ഒ. നമ്പർ 514/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (പി) നമ്പർ 99/2015/എൽ.ബി.ആർ. തീയതി 30-7-2015 (എസ്.ആർ.ഒ. നമ്പർ 536/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (പി) നമ്പർ 100/2015/എൽ.ബി.ആർ. തീയതി 1-8-2015 (എസ്.ആർ.ഒ. നമ്പർ 537/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. ജി.ഒ. (പി) നമ്പർ 163/2015/എൽ.ബി.ആർ. തീയതി 4-11-2015 (എസ്.ആർ.ഒ. നമ്പർ 847/2015)
6. ജി.ഒ. (പി) നമ്പർ 197/2015/എൽ.ബി.ആർ. തീയതി 11-12-2015 (എസ്.ആർ.ഒ. നമ്പർ 855/2015)
7. ജി.ഒ. (പി) നമ്പർ 192/2015/എൽ.ബി.ആർ. തീയതി 4-12-2015 (എസ്.ആർ.ഒ. നമ്പർ 859/2015)
8. ജി.ഒ. (പി) നമ്പർ 12/2016/എൽ.ബി.ആർ. തീയതി 19-1-2016 (എസ്.ആർ.ഒ. നമ്പർ 82/2016)
9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ 2010-11-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ 2010-11-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
11. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ 2012-13-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
12. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2013-14-ലെ പ്രവർത്തന (ഭരണ) റിപ്പോർട്ടും വാർഷിക കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (ആർറ്റി.) നമ്പർ 1260/2009/എൽ.ബി.ആർ. തീയതി 20-8-2009 (എസ്.ആർ.ഒ. നമ്പർ 198/2010 മുതൽ 202/2010 വരെ)
2. ജി.ഒ. (ആർറ്റി.) നമ്പർ 159/2010/എൽ.ബി.ആർ. തീയതി 30-1-2010 (എസ്.ആർ.ഒ. നമ്പർ 430/2010 മുതൽ 443/2010 വരെ)
3. ജി.ഒ. (ആർറ്റി.) നമ്പർ 692/2010/എൽ.ബി.ആർ. തീയതി 9-4-2010 (എസ്.ആർ.ഒ. നമ്പർ 603/2010 മുതൽ 606/2010 വരെ)
4. ജി.ഒ. (ആർറ്റി.) നമ്പർ 746/2010/എൽ.ബി.ആർ. തീയതി 22-4-2010 (എസ്.ആർ.ഒ. നമ്പർ 614/2010)
5. സ.ഉ. (അച്ചടി) നമ്പർ 162/2015/തൊഴിൽ തീയതി 26-10-2015 (എസ്.ആർ.ഒ. നമ്പർ 724/2015)
6. സ.ഉ. (അച്ചടി) നമ്പർ 172/2015/തൊഴിൽ തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 783/2015)
7. ജി.ഒ. (പി) നമ്പർ 173/2015/എൽ.ബി.ആർ. തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 784/2015)
8. ജി.ഒ. (പി) നമ്പർ 182/2015/എൽ.ബി.ആർ. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 799/2015)
9. സ.ഉ. (അച്ചടി) നമ്പർ 179/2015/തൊഴിൽ തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 800/2015)
10. ജി.ഒ. (പി) നമ്പർ 168/2015/എൽ.ബി.ആർ. തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 807/2015)
11. ജി.ഒ. (പി) നമ്പർ 185/2015/എൽ.ബി.ആർ. തീയതി 23-11-2015 (എസ്.ആർ.ഒ. നമ്പർ 808/2015)
12. ജി.ഒ. (പി) നമ്പർ 186/2015/എൽ.ബി.ആർ. തീയതി 23-11-2015 (എസ്.ആർ.ഒ. നമ്പർ 809/2015).

XVI. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 08/2015/ആയുഷ് തീയതി 8-12-2015 (എസ്.ആർ.ഒ.നമ്പർ 856/2015)
2. ജി.ഒ. (ആർറ്റി.) നമ്പർ 364/2016/ആർ.ഡി. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 55/2016)
3. കേരള ആരോഗ്യ സർവ്വകലാശാലയുടെ 2009-10-ലെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റുകൾ സഹിതം
4. ഗുരുവായൂർ ദേവസ്വത്തിന്റെ 2013-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. ഔഷധിയുടെ [ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ്] 2014-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (ആർറ്റി.) നമ്പർ 6322/2015/ആർ.ഡി. തീയതി 26-11-2015 (എസ്.ആർ.ഒ. നമ്പർ 802/2015).

XVII. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 47/2015/ട്രാൻ. തീയതി 22-8-2015 (എസ്.ആർ.ഒ. നമ്പർ 564/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (പി) നമ്പർ 102/2015/വനം തീയതി 15-12-2015 (എസ്.ആർ.ഒ. നമ്പർ 848/2015)
3. ജി.ഒ. (പി) നമ്പർ 1/2016/ട്രാൻ. തീയതി 13-1-2016 (എസ്.ആർ.ഒ. നമ്പർ 45/2016).

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (പി) നമ്പർ 63/2015/ഗതാഗതം തീയതി 12-10-2015 (എസ്.ആർ.ഒ. നമ്പർ 707/2015)
2. ജി.ഒ. (പി) നമ്പർ 68/2015/ട്രാൻ. തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 760/2015)
3. ജി.ഒ. (പി) നമ്പർ 14/2015/പരിസ്ഥിതി തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 772/2015)
4. ജി.ഒ. (പി) നമ്പർ 71/2015/ട്രാൻ. തീയതി 13-11-2015 (എസ്.ആർ.ഒ. നമ്പർ 775/2015)
5. ജി.ഒ. (പി) നമ്പർ 74/2015/ട്രാൻ. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 796/2015)
6. ജി.ഒ. (പി) നമ്പർ 75/2015/ട്രാൻ. തീയതി 21-11-2015 (എസ്.ആർ.ഒ. നമ്പർ 803/2015)
7. ജി.ഒ. (പി) നമ്പർ 90/15/വനം തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 806/2015).

XVIII. നിയമസഭ പാസ്സാക്കിയതും ഗവർണറുടെ അംഗീകാരം ലഭിച്ചതുമായ താഴെപ്പറയുന്ന ആക്ടുകൾ സെക്രട്ടറി മേശപ്പുറത്തുവയ്ക്കുന്നു:

1. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2015-ലെ 18-ാം ആക്ട്)
2. 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്ട് (2015-ലെ 19-ാം ആക്ട്)
3. 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ആക്ട് (2015-ലെ 20-ാം ആക്ട്)
4. 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ആക്ട് (2015-ലെ 21-ാം ആക്ട്)

5. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2015-ലെ 22-ാം ആക്ട്).

(2) ചട്ടം 47 (2) അനുസരിച്ചുള്ളത് ലിസ്റ്റ് II പ്രകാരം

1. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 625, പന്ത്രണ്ടാം സമ്മേളനത്തിലെ 4373, പതിമൂന്നാം സമ്മേളനത്തിലെ 2428, 2467, പതിനാലാം സമ്മേളനത്തിലെ 2278, 3538 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 887 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 6881, പതിമൂന്നാം സമ്മേളനത്തിലെ 2593, പതിനാലാം സമ്മേളനത്തിലെ 4999 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(3) ചട്ടം 236 (6) അനുസരിച്ചുള്ളത് ലിസ്റ്റ് III പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2014-15 | കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ [2235, 4235 എന്നീ ശീർഷകങ്ങൾ സംബന്ധിച്ച്] |

2. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIII- വാർത്താ വിതരണവും പ്രചരണവും | 2014-15 | വിവര പൊതുജന സമ്പർക്കം:<br>(1) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്<br>(2) കേരള മീഡിയ അക്കാദമി<br>(3) സി-ഡിറ്റ് |
| XXXII- ക്ഷീരവികസനം | 2013-14 | ക്ഷീരവികസനം [4404, 6404 എന്നീ ശീർഷകങ്ങൾ സംബന്ധിച്ച്] |

3. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തി വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII- വ്യവസായങ്ങൾ | 2014-15 | (1) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ്ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്.<br>(2) ഇൻഫോപാർക്ക് |

4. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2014-15 | (1) സ്റ്റേഷനറി<br>(2) അച്ചടി |
| XXIX- കൃഷി | 2014-15 | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള |

5. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI- ഭവനനിർമ്മാണം | 2014-15 | കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്. |

6. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XI- ജില്ലാ ഭരണവും പലവകയും | 2012-13 | ദേവസ്വം [2250 എന്ന ശീർഷകം സംബന്ധിച്ച്] |

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

9.50 AM]

## V ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

മി. സ്പീക്കർ: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ഇന്നലെ ബഹുമാനപ്പെട്ട കെ. മുരളീധരൻ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇന്ന് പ്രസംഗം തുടരേണ്ടതാണ്. ശ്രീ. കെ. മുരളീധരൻ ഇന്ന് പ്രസംഗിക്കുന്നുണ്ടോ?

9.51 AM]

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ പ്രസംഗിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണർ മന്ത്രിസഭയ്ക്കുവേണ്ടി ഈ നിയമസഭയിൽ അവതരിപ്പിച്ച പ്രസംഗത്തിന് വളരെ അഭിമാനത്തോടുകൂടിയും സന്തോഷത്തോടുകൂടിയുമാണ് ഞാൻ ഈ നന്ദിപ്രമേയം അവതരിപ്പിക്കുന്നത്. 2011 മേയ് മാസത്തിലാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിൽ വിജയിച്ച് അധികാരത്തിൽ വന്നത്. അന്ന് ഭരണകക്ഷിക്ക് 72 അംഗങ്ങളും പ്രതിപക്ഷത്തിന് 68 എം.എൽ.എ.-മാരുമാണ് ഉണ്ടായിരുന്നത്. നാല് ഭരണകക്ഷി എം.എൽ.എ.-മാർക്ക് മൂത്രശങ്കയുണ്ടായാൽ ആ നിമിഷം ഈ ഗവൺമെന്റ് താഴെപ്പോകുമെന്നാണ് അന്ന് പ്രതിപക്ഷം പറഞ്ഞത്. ഈ ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തീകരിക്കുകയാണ്. പ്രകടനപത്രികയിൽ പറഞ്ഞ ഏതാണ്ട് നൂറ് ശതമാനം കാര്യങ്ങളും നടപ്പിലാക്കിയെന്ന അഭിമാനത്തോടുകൂടിയാണ് ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്ന ഐക്യ ജനാധിപത്യമുന്നണി അടുത്ത തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നത്. സാധാരണക്കാരനെ സഹായിക്കുന്ന പദ്ധതി മുതൽ ഹൈടെക് വികസനം വരെ നടപ്പിലാക്കിയ ഗവൺമെന്റാണിത്. .....(ബഹളം)..... വളരെ ദൗർഭാഗ്യമെന്ന് പറയട്ടെ ഇവിടെ പ്രതിപക്ഷം ചില ശബ്ദങ്ങളൊക്കെയുണ്ടാക്കുന്നത് അവർക്ക് അടുത്ത അഞ്ചുവർഷം കൂടി ഇതേ ശബ്ദത്തിൽത്തന്നെ മുന്നോട്ടുപോകേണ്ടിവരുമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഒഴികെയുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും മഹാഭൂരിപക്ഷത്തോടുകൂടിയാണ് ഐക്യജനാധിപത്യ മുന്നണി വിജയിച്ചിട്ടുള്ളത്. ....(ബഹളം).... ആദ്യത്തെ ഉപതെരഞ്ഞെടുപ്പ് പിറവത്താണ് നടന്നത്. പിറവത്തുനിന്ന് മത്സരിച്ച്, 157 വോട്ടിന് വിജയിച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ടി. എം. ജേക്കബിന്റെ നിര്യാണത്തെത്തുടർന്ന്

നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. അനൂപ് ജേക്കബ് 12700-ൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. ആർ. സെൽവരാജ് ഇടതുപക്ഷ മുന്നണിയുടെ തെറ്റായ നയങ്ങളിൽ പ്രതിഷേധിച്ച് തന്റെ നിയമസഭാംഗത്വം രാജിവച്ച് ഐക്യജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ചതിനേക്കാൾ കൂടുതൽ വോട്ടിന്റെ ഭൂരിപക്ഷത്തോടെ വിജയിക്കാൻ സാധിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിൽ 72 സീറ്റിനാണ് യു.ഡി.എഫ്. വിജയിച്ചതെങ്കിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിക്ക് 80 നിയോജക മണ്ഡലങ്ങളിൽ ലീഡ് ലഭിക്കുകയും 12 ലോക്സഭാ നിയോജക മണ്ഡലങ്ങളിൽ വിജയിക്കുകയും ചെയ്തു. അതിനുശേഷം നിയമസഭാ നാഥനായിരുന്ന ജി. കാർത്തികേയന്റെ നിര്യാണത്തെത്തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ജി. കാർത്തികേയൻ വിജയിച്ച അതേ വോട്ടിനുതന്നെയാണ് ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ വിജയിച്ചുവന്നത്. എന്നാൽ ഞങ്ങളുടെ അമിതമായ ആത്മവിശ്വാസത്തിന്റെ ഫലമായി ലോക്കൽ ബോഡി ഇലക്ഷനിൽ ഞങ്ങൾക്ക് തിരിച്ചടിയുണ്ടായി എന്നത് ശരിയാണ്. ആ പരാജയത്തെ പരാജയമായി അംഗീകരിച്ചുകൊണ്ടും ആ പരാജയത്തിലേക്ക് നയിച്ച കാര്യങ്ങളൊക്കെ പരിഹരിച്ചുകൊണ്ടും ഒറ്റക്കെട്ടായി ഐക്യജനാധിപത്യ മുന്നണി അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്.

കഴിഞ്ഞ അഞ്ചുവർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളിൽ ആദ്യത്തേത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവർക്ക് ഒരു രൂപാ നിരക്കിൽ 25 കിലോ അരി കൊടുത്തുവെന്നുള്ളതാണ്. ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽവന്ന് 100 ദിവസത്തിനുള്ളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മൂന്ന് ലക്ഷത്തോളം റേഷൻ കാർഡിന്റെ അപേക്ഷകളാണ് പെന്റിംഗ് ഉണ്ടായിരുന്നതെങ്കിൽ നൂറ് ദിവസം കൊണ്ട് ആറ് ലക്ഷത്തോളം റേഷൻ കാർഡ് പൂർത്തീകരിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത്, പാവങ്ങളെ സഹായിക്കുന്നതിൽ ഏറ്റവും പരമപ്രധാനമായ നേട്ടമായിരുന്നു.

അതുപോലെ പാവപ്പെട്ട രോഗികളെ സഹായിക്കുന്ന കാരുണ്യ ബെനവലന്റ് സ്കീമിന്റെ ഒന്നാം വാർഷിക ചടങ്ങിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇത് പാവങ്ങളെ സഹായിക്കുന്ന ഒരു പദ്ധതിയാണെന്നും ഏത് ഗവൺമെന്റ് കൊണ്ടുവന്നാലും പാവങ്ങളെ സഹായിക്കുന്ന

പദ്ധതിക്ക് എന്റെയും എന്റെ പാർട്ടിയുടെയും പിന്തുണയുണ്ടാകുമെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. കാരുണ്യ പദ്ധതി പ്രകാരം ഏതാണ്ട് 1.42 ലക്ഷം ആളുകൾക്ക് 1,200 കോടി രൂപയുടെ സഹായമാണ് ഇന്നുവരെ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്. മുൻകാലങ്ങളിലും ലോട്ടറിയുണ്ടായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ലോട്ടറി എന്നുപറയുമ്പോൾ എല്ലാവരുടെ മനസ്സിലും ഓർമ്മവരുന്നത് സാന്റിയാഗോ മാർട്ടിന്റെ ലോട്ടറിയെക്കുറിച്ചാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭാഷയിൽ പറഞ്ഞാൽ വെറുക്കപ്പെട്ടവന്റെ കയ്യിൽനിന്നുപോലും സംഭാവന വാങ്ങിയ ചില സംഭവങ്ങൾ അക്കാലത്തുണ്ടായി. എന്നാൽ കാരുണ്യ ലോട്ടറി വന്നപ്പോൾ ധാരാളം പാവപ്പെട്ട കാൻസർ രോഗികൾക്കും ബൈപ്പാസ് സർജറി വേണ്ടിവരുന്ന രോഗികൾക്കുമാണ് ഈ ഫണ്ട് ചെലവഴിച്ചത്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി - ആദ്യത്തെ ജനസമ്പർക്ക പരിപാടിയിൽ പ്രതിപക്ഷം സഹകരിച്ചു. പക്ഷേ രണ്ടും മൂന്നും ജനസമ്പർക്ക പരിപാടി അവർ ബഹിഷ്കരിച്ചെങ്കിലും ആ ബഹിഷ്കരണമൊക്കെ തള്ളിക്കളഞ്ഞുകൊണ്ട് ആയിരക്കണക്കിന് ആളുകൾ അതിൽ പങ്കെടുക്കുകയുണ്ടായി. ആദ്യമായി ജനസമ്പർക്ക പരിപാടിക്ക് യു.എൻ.ഒ.-യുടെ അംഗീകാരം ലഭിക്കുന്നത് കേരള മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിക്കാണെന്നുള്ളതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു പദ്ധതിയായിരുന്നു വിഴിഞ്ഞം പദ്ധതി. ആ പദ്ധതി നടപ്പിലാക്കുമോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് പലർക്കും സംശയമായിരുന്നു. നാല് തവണ ടെണ്ടർ ചെയ്തിട്ടും എടുക്കാൻ ആളില്ലാത്ത അവസ്ഥ വന്നപ്പോൾ ഈ പദ്ധതി നമുക്ക് നഷ്ടപ്പെട്ടുമെന്നും അത് ഗുത്തുക്കുടിക്ക് പോകുമെന്നുമൊക്കെ പ്രചരണമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തതുകൊണ്ടാണ് ആ പദ്ധതി ഇന്ന് നടപ്പിലാക്കാൻ കഴിഞ്ഞത്. ഡിസംബർ മാസം 4-ാം തീയതി അതിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. 1000 ദിവസത്തിനുള്ളിൽ ആ പദ്ധതി പൂർത്തീകരിക്കുമ്പോൾ അത് കേരളത്തിലെ ഏറ്റവും ബൃഹത്തായ ഒരു പദ്ധതിയായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

കരമന – കളിയിക്കാവിള റോഡ് വികസനം - എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. വി. ശിവൻകുട്ടിയുടെ നിയോജക മണ്ഡലത്തിൽനിന്നും ആരംഭിച്ച്

കേരളത്തിന്റെ അതിർത്തിയിലേയ്ക്ക് എത്തുന്ന കരമന - കളിയിക്കാവിള റോഡിനെക്കുറിച്ച് എത്രയോ കാലങ്ങളായി പറയുന്നു. ഓരോ ഗവൺമെന്റ് വരുമ്പോഴും കരമന-കളിയിക്കാവിള റോഡിനെക്കുറിച്ച് പറയാറുണ്ട്. പക്ഷേ അത് പ്രാവർത്തികമാക്കിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണ്. പ്രാവച്ചമ്പലം വരെയുള്ള റീച്ച് പൂർത്തിയായിക്കഴിഞ്ഞു. ഈ മാസം തന്നെ അത് ഉദ്ഘാടനം ചെയ്യുകയാണ്.

കൊച്ചി സ്മാർട്ട് സിറ്റി - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊച്ചി സ്മാർട്ട് സിറ്റിയെക്കുറിച്ചൊക്കെ പറയുകയും അന്ന് തറക്കല്ലിടുകയും ചെയ്തു. ആ തറക്കല്ല് അവിടെ ഭദ്രമായി ഇരിക്കുകയായിരുന്നു. ആ തറക്കല്ലിനുമേൽ ഒരു കല്ല് വച്ചത് ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിലെ മുഖ്യമന്ത്രിയായി വന്നപ്പോഴാണ്. സ്മാർട്ട് സിറ്റിയുടെ ആദ്യ റീച്ച് ഇപ്പോൾ പൂർത്തിയായിരിക്കുകയാണ്.

മെട്രോ റെയിൽ പദ്ധതി - കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചില പ്രഖ്യാപനങ്ങൾ നടത്തിയെന്നല്ലാതെ ഒരിക്കലും ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇന്ന് മുഖ്യമന്ത്രിതന്നെ പങ്കെടുത്ത് മെട്രോയുടെ ട്രയൽ റൺ കഴിഞ്ഞിരിക്കുകയാണ്. നവംബർ മാസം 1-ാം തീയതി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. കൊച്ചിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണ് സ്മാർട്ട് സിറ്റിയും മെട്രോ റെയിലും. തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പ്രോജക്ടിന്റെ കരാർ ഒപ്പുവച്ചു കഴിഞ്ഞു. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെയാണ് ഇതിന്റെ നിർമ്മാണം ഏല്പിച്ചിട്ടുള്ളത്. അതിന്റെ നിർമ്മാണം ആരംഭിക്കാൻ പോവുകയാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ടെക്നിക്കൽ സാങ്ഷൻ കിട്ടി കഴിഞ്ഞാൽ ആ നിമിഷം അവിടെനിന്ന് വിമാനം പറന്നുയരും. കേരളംപോലൊരു കൊച്ചുസംസ്ഥാനത്ത് നാലാമത്തെ അന്താരാഷ്ട്ര വിമാനത്താവളമാണ് ഉദ്ഘാടനം ചെയ്യാൻ പോകുന്നത്. ഒരു സംസ്ഥാനത്തുമില്ലാത്ത രീതിയിൽ 4 അന്താരാഷ്ട്ര വിമാനത്താവളം കേരളത്തിൽ നേടിത്തന്നത് ഐക്യജനാധിപത്യ മുന്നണി ഭരിക്കുന്ന കാലഘട്ടത്തിലാണ്. കെ. കരുണാകരന്റെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും കാലത്ത് നാല് വിമാനത്താവളങ്ങൾ അന്താരാഷ്ട്രതലത്തിൽ സജ്ജീകരിക്കാൻ കഴിഞ്ഞു. അതുപോലെതന്നെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിലും ഓരോ നിയോജകമണ്ഡലത്തിലും നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കോട്ടയം എന്നിങ്ങനെ 5 മെഡിക്കൽ കോളേജുകളാണുണ്ടായിരുന്നത്. ആ സ്ഥാനത്ത് ഇന്ന് 16 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ചിലതിന്റെ നിർമ്മാണം പൂർത്തീകരിച്ചു, ചിലതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്, ഒരു ജനറൽ ആശുപത്രി ബോർഡ് മാറ്റി മെഡിക്കൽ കോളേജാക്കിയെന്നാണ്. അദ്ദേഹത്തിനെ ഞാൻ വിനയപൂർവ്വം ക്ഷണിക്കുകയാണ്. അവിടെ ബിൽഡിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സൗകര്യം അനുസരിച്ച് മിക്കവാറും ഈ മാസം 26-ാം തീയതി തിരുവനന്തപുരം നഗരത്തിലെ ജനറൽ ആശുപത്രി രണ്ടാമത്തെ മെഡിക്കൽ കോളേജ് ആയതിന്റെ ഔപചാരികമായിട്ടുള്ള ഉദ്ഘാടന കർമ്മം നിർവ്വഹിക്കാൻ പോകുകയാണ്. പാലക്കാട് ജില്ലക്കാരനായ ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്നപ്പോൾ പോലും പട്ടികജാതി വിഭാഗത്തിന് ഒരു മെഡിക്കൽ കോളേജ് നല്കാൻ കഴിഞ്ഞില്ലായെങ്കിൽ കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് പാലക്കാട് മെഡിക്കൽ കോളേജിന് പെർമിഷൻ കൊടുത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളുള്ള ഇൻഡ്യയിലെ ഏക സംസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ അത് കേരളമാണ്. അതിന് നേതൃത്വം നല്കിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറുമാണ്.

മലയാളഭാഷ ഒരു ശ്രേഷ്ഠഭാഷയാക്കിയത് ശ്രീ. കെ. സി. ജോസഫിന്റെ ശ്രമഫലമായിട്ടാണ്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും സഹകരിച്ചിട്ടുണ്ട്. ഞങ്ങൾക്ക് വികസന കാര്യങ്ങളിൽ രാഷ്ട്രീയമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനം തുടങ്ങി ഈ ഗവൺമെന്റ് വന്നപ്പോൾ അതിന്റെ ഫോളോ അപ് ആക്ഷൻ നടത്തിയതിന്റെ ഫലമായി മലയാളഭാഷയെ ശ്രേഷ്ഠഭാഷയാക്കാൻ കഴിഞ്ഞു. മലയാള ഭാഷയ്ക്കുവേണ്ടി തിരൂരിൽ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ നാമധേയത്തിൽ ഒരു സർവ്വകലാശാല ആരംഭിച്ചു. ശ്രീ. കെ. ജയകുമാറിനെ വൈസ് ചാൻസലറാക്കിക്കൊണ്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു

കൊണ്ടിരിക്കുകയാണ്. സാംസ്കാരികരംഗത്ത് ഒരുപാട് വികസന പ്രവർത്തനങ്ങൾ നടത്താൻ സാംസ്കാരിക വകുപ്പിന് കഴിഞ്ഞതും നേട്ടങ്ങളിൽ ഒന്നാണ്. വികസനത്തെക്കുറിച്ച് പറഞ്ഞാൽ ഒരുപാട് പറയാനുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ എന്നും പുറകോട്ടുപോകാൻ കാരണം അനാവശ്യമായ വിവാദങ്ങളുടെ ഫലമാണ്. ഒരു കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ അത് ചർച്ച ചെയ്യേണ്ട വേദിയാണ് നിയമസഭ എന്നുപറയുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 130 ദിവസമാണ് ഈ സഭ സമ്മേളിക്കാൻ ഉദ്ദേശിച്ചത്. അതിൽ 83 ദിവസവും സഭാനടപടികൾ തടസ്സപ്പെടുകയാണുണ്ടായത്. സാധാരണ ജനങ്ങൾ ചോദിക്കുന്നത്, നിങ്ങൾക്ക് എന്തിനാണ് നിയമസഭ; കാര്യങ്ങൾ ചർച്ച ചെയ്യാനല്ലേ? ഇവിടെ ഗവർണറുടെ നന്ദിപ്രമേയം എന്നുപറയുമ്പോൾ പ്രതിപക്ഷം ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്യാനുള്ള അവസരങ്ങളാണല്ലോ. ആ നന്ദിപ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുത്ത് അവർക്ക് പറയാനുള്ള അഭിപ്രായങ്ങൾ പറയാമല്ലോ. അതുപോലെതന്നെ 12-ാം തീയതി ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. ബഡ്ജറ്റിനെ കുറിച്ച് 3 ദിവസത്തെ പൊതുചർച്ചയിൽ പങ്കെടുത്ത് ഗവൺമെന്റിന്റെ ഭാഗത്ത് തെറ്റുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചുകൂടേ? എല്ലാ ദിവസവും ഇവിടെ വന്ന് അടിയന്തരപ്രമേയത്തിൽ സഭ സ്തംഭിപ്പിച്ച്, പറയാൻ കൊള്ളാത്ത കാര്യങ്ങളല്ലേ എന്നും പറഞ്ഞുകൊണ്ടിരിക്കുന്നത്. 63 കേസ്സിൽ ശിക്ഷിച്ച ഒരു പ്രതി പറയുന്ന ജല്പനങ്ങൾ ഏറ്റുപിടിച്ചുകൊണ്ട് ഈ പരിപാവനമായ നിയമസഭയെ അലങ്കോല പെടുത്തേണ്ട കാര്യമുണ്ടോ? ഇവിടെ പറഞ്ഞിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ജസ്റ്റിസ് ശിവരാജൻ കമ്മീഷനെ വച്ചിട്ടില്ലേ? അതിന്റെ എൻക്വയറി നടക്കുമ്പോൾ പലരും എൻക്വയറി കമ്മീഷന്റെ മുമ്പിൽ അവരുടെ അഭിപ്രായങ്ങൾ പറയും. അതെല്ലാം കേട്ടതിനുശേഷമാണ് അവസാനം കമ്മീഷൻ ഒരു തീരുമാന ത്തിലെത്തുന്നത്. ആ തീരുമാനം വരുമ്പോൾ സ്വാഭാവികമായും അത് നിയമസഭയിൽ വയ്ക്കും. നിയമസഭയിൽ വയ്ക്കുമ്പോൾ അതുസംബന്ധിച്ച് ചർച്ച ചെയ്തുകൂടേ? ആ ചർച്ചയിൽ നിന്നെല്ലാം ഒളിച്ചോടിപ്പോകുന്നതെന്തിനാണ്, ഇവർ ചർച്ചയെ ഭയപ്പെടുന്ന കാര്യമെന്താണ്? ഈ സഭയിലെ ഒരംഗം ഉൾപ്പെടെ ഇന്ന് കൊലക്കേസിൽ പ്രതിയാകുവാൻ പോവുകയാണ്. ഇവിടെ ശ്രീ. പി. ജയരാജനെതിരെ സി.ബി.ഐ. ഒരു കേസെടുത്താൽ കോൺഗ്രസ്സ്-ആർ.എസ്.എസ്. ഗൂഢാലോചനയാണെന്ന് പറയും. അതേസമയം ബാർ വന്നാലും സരിത വന്നാലും സി.ബി.ഐ. മാത്രം മതിയെന്ന് പറയും. യു.ഡി.എഫ്.-നെതിരായി എന്തെങ്കിലും വന്നാൽ സി.ബി.ഐ.

നല്ലൊരു അന്വേഷണ ഏജൻസി. അതേസമയം ശ്രീ. പി. ജയരാജനെയോ ശ്രീ. റ്റി. വി. രാജേഷിനെയോ പ്രതികളാക്കിയാൽ ഉടനെ അത് കോൺഗ്രസ്സ്-ആർ.എസ്.എസ്. ഗൂഢാലോചന. ഈ സംസ്ഥാനത്ത് നടക്കുന്ന അക്രമത്തിന് നേതൃത്വം കൊടുക്കുന്ന പാർട്ടിയല്ലേ മാർക്സിസ്റ്റ് പാർട്ടി. ഞാൻ അവരുടെ നേതാക്കന്മാരോട് ചോദിക്കട്ടെ, കാലത്തിന്റെ മാറ്റത്തിനനുസരിച്ച് നമ്മൾ മാറണ്ടേ, അങ്ങനെ മാറാൻ സി.പി.ഐ(എം.)-ന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞ ദിവസം കോവളത്തുവച്ച് ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ കോൺഫറൻസ് നടന്നു. ഇവർക്ക് അതിന്റെ ആശയത്തിനോട് വിയോജിപ്പുണ്ടെങ്കിൽ ജനാധിപത്യരീതിയിൽ ഒരു സമരം നടത്തിക്കൂടേ? അതിനുപകരം മറ്റു രാജ്യങ്ങളിലുള്ളവർപോലും ബഹുമാനിക്കുന്ന ശ്രീ. ടി. പി. ശ്രീനിവാസനെപ്പോലെയുള്ള ഒരു വ്യക്തിയെ തെരുവിലിട്ടടിക്കാനല്ലേ ഇവർ നോക്കിയത്. അതാണോ കേരളത്തിന്റെ സംസ്കാരമെന്ന് പറയുന്നത്? എനിക്ക് വളരെ ദുഃഖം തോന്നിയത്, ശ്രീ. പിണറായി വിജയനെപ്പോലൊരു നേതാവ് പറഞ്ഞത്, ശ്രീ. ശ്രീനിവാസൻ വിദ്യാഭ്യാസ വിദഗ്ദ്ധനൊന്നുമല്ല മുൻ അംബാസിഡർ മാത്രമാണെന്നാണ്. അതിന്റെ അർത്ഥമെന്താണ്; വിദ്യാഭ്യാസ വിദഗ്ദ്ധനല്ലാത്ത എല്ലാവരെയും തെരുവിലിട്ട് തല്ലാമെന്നാണോ ഉദ്ദേശിക്കുന്നത്? അതുപോലെതന്നെ ഇവർ ഇത്രയും ജനാധിപത്യം പറയുന്നുണ്ടല്ലോ, കൊലപാതകക്കേസിലെ പ്രതികളെ സ്ഥാനാർത്ഥികളാക്കി അവരെ ഓരോ സ്ഥാനങ്ങളിൽ കൊണ്ടുവരുന്നല്ലോ? മാർക്സിസ്റ്റ് പാർട്ടിക്ക് ചില പോയിന്റുകളുണ്ട്. വോട്ട് ചെയ്യാൻ ചെന്നാൽ ആരെയും വോട്ട് ചെയ്യാൻ സമ്മതിക്കാത്ത ചില ഏരിയകളുണ്ട്. അങ്ങനെയുള്ള സ്ഥലത്ത് ചില കാരായിമാരെ സ്ഥാനാർത്ഥികളാക്കി, കാരായി രാജനെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കാരായി ചന്ദ്രശേഖരനെ തലശ്ശേരി മുനിസിപ്പൽ ചെയർമാനുമാക്കി. അതിനുപറഞ്ഞ കാരണം അവർക്കെതിരെയുള്ള കേസെല്ലാം കള്ളക്കേസാണ് അതുകൊണ്ട് അവർ ജനാധിപത്യ കോടതിയിൽ തെളിയിക്കാൻ പോകുകയാണ് എന്നാണ്. ഇപ്പോൾ കേൾക്കുന്നത്, ശ്രീ. പി. ജയരാജനെ പയ്യന്നൂർ സ്ഥാനാർത്ഥിയാക്കാൻ പോകുകയാണെന്നാണ്. എന്നാൽ പിന്നെ ശ്രീ. ടി. പി. ശ്രീനിവാസനെ തല്ലിയ ആൾക്കും ഒരു സീറ്റ് കൊടുക്കാമല്ലോ? അയാളും കൊലപാതകക്കേസുകളിൽ പ്രതിയാണ്. ഷുക്കൂർ വധക്കേസിലെയും മനോജ് വധക്കേസിലെയും പ്രതി ആരാണ്? ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയാണ്. ഇപ്പോൾ ഒരു കേസിൽ 25-ാം പ്രതി. മറ്റ് കേസിനെക്കുറിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയാണ് പറഞ്ഞത്. മുഖ്യമന്ത്രിക്കെതിരെ എന്തെങ്കിലും പരാമർശം

ഏതെങ്കിലും കോടതിയിൽനിന്ന് വന്നാൽ അത് മഹത്തായ കോടതി. എന്തെങ്കിലും വിമർശനം എൽ.ഡി.എഫ്.-ന് എതിരെ വന്നാൽ അപ്പോൾ കോടതിക്ക് ഇല്ലാത്ത ദോഷമില്ല. തൃശ്ശൂർ വിജിലൻസ് കോടതി മുഖ്യമന്ത്രിയെക്കുറിച്ച് പരാമർശം നടത്തി, എന്ത് നടപടിയാണ് സ്വീകരിച്ചത്? അദ്ദേഹത്തിനെതിരായി കേസ് എടുക്കുമ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം ചോദിക്കണ്ടേ? അത് ചെയ്യാത്തതിന്റെ പേരിലല്ലേ ഹൈക്കോടതി പറഞ്ഞത് പോസ്റ്റുമാന്റെ ജോലി ചെയ്യുന്നത് ശരിയല്ലായെന്ന്. അതുപറഞ്ഞപ്പോൾ തൃശ്ശൂർ വിജിലൻസ് ജഡ്ജി മഹാനായിട്ടുള്ള ജഡ്ജി......... ഇന്നലെ ഒരു പ്രതിപക്ഷ സുഹൃത്ത് ചോദിക്കുകയാണ്, എന്തടിസ്ഥാനത്തിലാണ് ആ ജഡ്ജി വിധി പ്രസ്താവിച്ചതെന്ന്?

(പ്രതിപക്ഷാംഗങ്ങൾ ബാനറും പിടിച്ചുകൊണ്ട് മുദ്രാവാക്യം വിളിച്ച് നടുത്തളത്തിനുചുറ്റും നടന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ജഡ്ജിമാർ വിധി പ്രസ്താവിക്കുന്നത് എം.എൽ.എ.-മാരോട് ചോദിച്ചിട്ടാണോ; നമുക്ക് എതിരായുള്ള കേസ് വരുമ്പോൾ വിധി പറയേണ്ടത് കോടതിയല്ലേ? അവനവന് അനുകൂലമായി വിധി വന്നാൽ അത് മഹത്തായ കോടതിയും അല്ലെങ്കിൽ ബൂർഷ്വാ കോടതിയും എന്ന ആ പഴയ വരട്ടുവാദത്തിൽനിന്ന് രക്ഷപ്പെടാത്തതു കൊണ്ടാണ് നിങ്ങളുടെ പാർട്ടി ഇന്ന് ഗതിപിടിക്കാത്തത്. ഞങ്ങൾ കോഴക്കാരാണെന്നൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ; എന്നാൽ ബംഗാളിലെ മാർക്സിസ്റ്റുകാർ പറയുന്നത് ബി.ജെ.പി.-യെ തോല്പിക്കാൻ, ശ്രീമതി മമത ബാനർജിയെ തോല്പിക്കാൻ കോൺഗ്രസ്സിന്റെ സഹായം വേണമെന്നാണ്. ബംഗാളിലെ മാർക്സിസ്റ്റുകാർക്കുള്ള വിവരംപോലും കേരളത്തിലെ മാർക്സിസ്റ്റുകാർക്ക് ഇല്ലാതെപോയല്ലോ? അനേക വർഷത്തെ പഴക്കവും പാരമ്പര്യവുമുള്ള ശ്രീ. ഉമ്മൻ ചാണ്ടിയെ ഏതെങ്കിലും കേസിൽപ്പെടുത്തി വിരട്ടി താഴെയിറക്കാമെന്നാണ് നിങ്ങൾ സ്വപ്നം കാണുന്നതെങ്കിൽ അത് നടക്കാൻ പോകുന്നില്ല. യു.ഡി.എഫ്. ഒറ്റക്കെട്ടായി നിന്നുകൊണ്ട് വികസനത്തിനുവേണ്ടിയും അക്രമരാഷ്ട്രീയത്തിനും കൊലപാതകത്തിനുമെതിരായും ഭരണത്തുടർച്ചയ്ക്കും വേണ്ടിയാണ് ജനങ്ങളോട് വോട്ട് ചോദിക്കാൻ പോകുന്നത്. വികസന കാര്യത്തിൽ 140 എം.എൽ.എ.-മാർക്കും ഫണ്ട് കൊടുത്തത് ഈ ഗവൺമെന്റല്ലേ? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ചില ഭരണകക്ഷി എം.എൽ.എ.-മാർക്ക് മാത്രം പ്രത്യേക ഫണ്ട് കൊടുത്തു. ബഹുമാനപ്പെട്ട അങ്ങേക്ക് അതറിയാവുന്നകാര്യമാണ്. അങ്ങ് പ്രതിപക്ഷത്തിരുന്ന ആളല്ലേ; എന്തെങ്കിലും കിട്ടിയിട്ടുണ്ടോ? എന്നാൽ ഒരു എം.എൽ.എ.-യ്ക്ക് സ്വന്തം നിയോജകമണ്ഡലത്തിൽ ചെലവഴിക്കാൻ 5 കോടി രൂപയുടെ ആസ്തിവികസന ഫണ്ടും ഒരു കോടി രൂപയുടെ

സ്പെഷ്യൽ ഫണ്ടും കൊടുത്തത് ഈ ഗവൺമെന്റാണ്. അത് എന്റെ നിയോജക മണ്ഡലത്തിലും ശ്രീ. വി. ശിവൻകുട്ടിയുടെ നിയോജക മണ്ഡലത്തിലും കൊടുത്തിട്ടുണ്ട്. അത് പാർട്ടി നോക്കിയിട്ടല്ല കൊടുത്തത്. അതുപോലെ സ്പെഷ്യൽ ഫണ്ട് കിട്ടിയപ്പോഴും എനിക്കും ശ്രീ. വി. ശിവൻകുട്ടിക്കും കിട്ടി. അങ്ങനെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.-മാർക്കും കൊടുക്കാൻ ഒരുമിച്ച് ഒരു നിയമം കൊണ്ടുവന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റാണ്. 'ഇങ്ങനെയൊരു മുഖ്യമന്ത്രിയുടെ സഭയിൽ ഇരിക്കാൻ എനിക്ക് നാണക്കേട് തോന്നുന്നു' എന്ന് ഇന്നലെ പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. ഇത്രയേറെ രാഷ്ട്രീയപാരമ്പര്യമുള്ള അദ്ദേഹം അങ്ങനെ പറഞ്ഞതിൽ എനിക്ക് വളരെയധികം ദുഃഖം തോന്നി. പ്രതിപക്ഷ നേതാവിന്റെ സീറ്റിൽ എത്ര മഹത് വ്യക്തികൾ ഇരുന്നിട്ടുണ്ട്? തിരു-കൊച്ചി നിയമസഭയുടെ കാലത്ത് ടി. വി. തോമസ് മുതലായവരും കേരള നിയമസഭ വന്നപ്പോൾ ഇ.എം.എസും കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും ഇ. കെ. നായനാരും ഉൾപ്പെടെ എത്രയോ മഹത് വ്യക്തികൾ ആ സീറ്റിൽ ഇരുന്നിട്ടുണ്ട്. അവരൊക്കെ ഗവൺമെന്റിനെ വിമർശിച്ചിട്ടുണ്ട്. വിമർശിക്കുന്നത് തെറ്റല്ല. കാരണം പ്രതിപക്ഷത്തിന്റെ ജോലി ഗവൺമെന്റിന്റെ കുറ്റങ്ങൾ ചൂണ്ടിക്കാണിക്കൽ തന്നെയാണ്. പക്ഷേ അന്ന് അവർ ആരെങ്കിലും വാക്കൗട്ട് സമയത്ത് അന്ന് ഭരിച്ചിരുന്ന മുഖ്യമന്ത്രിമാരെക്കുറിച്ച് മോശപ്പെട്ടതും വ്യക്തിപരവുമായ എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ? എന്നാൽ മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങളെക്കുറിച്ചുപോലും ഇന്നലെ ഇവിടെ പരാമർശം നടത്തി. രാഷ്ട്രീയത്തിൽ വിമർശിക്കുന്നതിൽ തെറ്റില്ല. ശ്രീ. അച്ചുതാനന്ദന്റെ മകനെക്കുറിച്ചും ഇവിടെ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ മകന്റെ ജോലി സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ചില ആക്ഷേപങ്ങൾ വന്നു. അല്ലാതെ അത് മുഖ്യമന്ത്രിയുടെ മകനായതു കൊണ്ടൊന്നുമല്ല. പക്ഷേ അത് വ്യക്തിപരമായ ലെവലിലേക്ക് പോയിട്ടില്ല. എന്നാൽ ഇവിടെ വാക്കൗട്ട് നടത്തുമ്പോൾ ഒരു മുഖ്യമന്ത്രിയെക്കുറിച്ച് മാനം മര്യാദയുള്ള ഒരു സ്റ്റേറ്റ്മെന്റ് ഇന്നുവരെ പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഒരു രാഷ്ട്രീയവിവാദത്തിനുമില്ലാതെ വീട്ടിൽ പ്രാർത്ഥനയും പൊതുപ്രവർത്തനവുമായി കഴിയുന്ന, പാവങ്ങളെ സഹായിക്കുന്ന, ഒരുപാട് പദ്ധതികൾക്ക് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയുടെ പത്നിയെക്കുറിച്ചുപോലും ഇന്നലെ പരാമർശിച്ചില്ലേ? ഇത് പ്രതിപക്ഷ നേതാവിന്റെ അന്തസ്സിന് ചേർന്നതാണോ? ഇതെല്ലാം ജനം കാണുന്നുവെന്ന് മനസ്സിലാക്കണം. ഇന്നലെ ഒരു ടി.വി. ചാനലിന്റെ സർവ്വേയിൽ, പ്രതിപക്ഷത്തിന്റെ നിയമസഭയിലെ പ്രവർത്തനത്തെക്കുറിച്ച് 43 ശതമാനം ആളുകൾ മാത്രമാണ് സപ്പോർട്ട് ചെയ്തിട്ടുള്ളത്. അത് അദ്ദേഹം കണ്ടുകാണണം. അതിൽ മഹാഭൂരിപക്ഷം

ആളുകളും പറഞ്ഞത് ഇവരുടെ പെർഫോമൻസ് മോശമാണെന്നാണ്. ഇന്നെങ്കിലും ഇവർ ആ ശൈലി മാറ്റുമെന്നാണ് ഞാൻ വിചാരിച്ചത്. ഇവർ ചർച്ചയെ ഭയപ്പെടുകയാണ്. നിയമസഭയിൽ മുദ്രാവാക്യം വിളിക്കാനല്ലാതെ പ്രസംഗിച്ച് കാര്യങ്ങൾ പറയാനുള്ള കഴിവുപോലും ഇവർക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇനിയും പരാജയപ്പെടുമെന്ന് വന്നപ്പോൾ രാഷ്ട്രീയ അന്ധത ബാധിച്ച് മുന്നോട്ട് പോവുകയാണ്. അതുകൊണ്ട് ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. വിമർശിക്കുന്നതിൽ തെറ്റില്ല, പക്ഷേ വിമർശനം മാന്യമായിരിക്കണം. അങ്ങനെ വിമർശിക്കുമ്പോൾ ആ വിമർശനത്തിന് വിധേയനായ വ്യക്തിക്ക് പറയാനുള്ളതെങ്കിലും കേൾക്കാനുള്ള സന്മനസ് നിങ്ങൾക്ക് ഉണ്ടാകണം. എല്ലാദിവസവും ശൂന്യവേളയിൽ ബഹളമുണ്ടാക്കും. ഒരു ദിവസം സരിതയാണ് വിഷയമെങ്കിൽ പിറ്റേ ദിവസം ബാർക്കോഴയായിരിക്കും. കേരളത്തിലെ ഏതെങ്കിലും ഒരു ഗവൺമെന്റിന് ഇതുപോലെ ബാറുകൾ അടച്ചുപൂട്ടാൻ ധൈര്യമുണ്ടായിട്ടുണ്ടോ? ബാറുകൾ അടച്ചുപൂട്ടാനും ഓരോ വർഷവും ബിവറേജസിന്റെ ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടാനും ചങ്കൂറ്റം കാണിച്ചത് യു.ഡി.എഫ്. ഗവൺമെന്റല്ലേ? സ്വാഭാവികമായും മദ്യലോബിക്ക് തിരിച്ചടിയുണ്ടായത് ശരിയാണ്. അവരുടെ ബിസിനസ്സ് പൊളിയും. അത് മനസ്സിലായപ്പോഴാണ് ഒരു ബിജുരമേശ് സ്റ്റേറ്റ്മെന്റുമായി വരുന്നത്. ബിജുരമേശിന്റെ തനിനിറം ഇപ്പോൾ പുറത്തുവന്നു കൊണ്ടിരിക്കുകയാണല്ലോ? ഓരോ ദിവസവും ചാനൽ തുറക്കുമ്പോൾ, ഇന്ന മന്ത്രിയെ ഇന്ന ദിവസം കുറ്റക്കാരനായി പറയണമെന്നും അവരുടെ പേരിൽ അലിഗേഷനുണ്ടാക്കണമെന്നും പറഞ്ഞിട്ടുണ്ട്. മാണിസാർ എത്രയോ നല്ല കാര്യങ്ങൾ ഈ സംസ്ഥാനത്തിനുവേണ്ടി ചെയ്തു. അദ്ദേഹത്തിനെതിരായി ഇല്ലാത്ത കാര്യങ്ങൾ നിങ്ങൾ പറഞ്ഞു. അവസാനം ഹൈക്കോടതി അദ്ദേഹം കുറ്റക്കാരനാണെന്നല്ല പറഞ്ഞത്, അദ്ദേഹത്തെ കുറ്റക്കാരനാക്കിയിട്ടുമില്ല. എന്നാൽ ഒരു ചെറിയ പരാമർശം നിങ്ങൾ നടത്തിയപ്പോൾ ജനാധിപത്യത്തിന്റെ മൂല്യം ഉയർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹം രാജിവച്ചു. പക്ഷേ റിപ്പോർട്ട് വന്നപ്പോൾ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞതെല്ലാം അവാസ്തവമാണെന്ന് തെളിഞ്ഞു. മന്ത്രി ശ്രീ. കെ. ബാബുവിനെതിരായും നിങ്ങൾ പരാമർശം നടത്തി. അവസാനം അതെന്തായി? എൻക്വയറി കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ വിജിലൻസിന്റെ ഉദ്യോഗസ്ഥരെ ചീത്തപറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? വിജിലൻസിന്റെ ഐ.ജി.-മാരെ കുറിച്ചും പോലീസിന്റെ മനോവീര്യത്തെക്കുറിച്ചുമൊക്കെ ഇവിടെ ചിലർ പറയുന്നുണ്ടല്ലോ. ഒരു മന്ത്രിക്കെതിരെ ആരോപണം ഉന്നയിച്ചാൽ അതിനെക്കുറിച്ച് അന്വേഷിച്ച് ആ മന്ത്രിക്ക് എതിരായിട്ടുള്ള ആരോപണം തെറ്റാണെന്ന് പറഞ്ഞപ്പോൾ ആ ഉദ്യോഗസ്ഥരെ പേഴ്സണലായി വിമർശിക്കുന്നത് പ്രതിപക്ഷത്തിന് ചേർന്നതാണോ? പോലീസ് ഉദ്യോഗസ്ഥർ മെറിറ്റ് നോക്കി പ്രവർത്തിക്കേണ്ടവരാണ്. മാത്രമല്ല,

പോലീസ് ഉദ്യോഗസ്ഥർക്ക് ഗവൺമെന്റ് പറയുന്നതുപോലെ എഴുതിക്കൊടുക്കാനും പറ്റില്ല. ഈ നാട്ടിൽ കോടതിയുണ്ട്. എവിടേയ്ക്കാണ് റിപ്പോർട്ട് കൊടുക്കേണ്ടത്, കോടതിക്കല്ലേ കൊടുക്കേണ്ടത്? സ്വാഭാവികമായും അവർ റിപ്പോർട്ട് കൊടുക്കുന്നത് കോടതിക്കാണ്. അല്ലാതെ ശ്രീ. രമേശ് ചെന്നിത്തലയുടേയോ ശ്രീ. ഉമ്മൻ ചാണ്ടിയുടേയോ കയ്യിലല്ല കൊടുക്കുന്നത്. അങ്ങനെ റിപ്പോർട്ട് കോടതിക്ക് കൊടുക്കുമ്പോൾ, എന്തുവേണമെന്ന് ആ കോടതി തീരുമാനിക്കട്ടെ. അതിന് പോലീസ് ഉദ്യോഗസ്ഥരുടെ മക്കളെ കെട്ടിയത് കോൺഗ്രസ്സുകാരാണെന്നും മകളെ കെട്ടിച്ചയച്ചത് കോൺഗ്രസ്സിന്റെ വീട്ടിലേയ്ക്കാണെന്നും മറ്റും പറയുന്നത് ശരിയാണോ? ഇങ്ങനെയൊക്കെ പറയാൻ പാടുണ്ടോ; അതൊക്കെയാണ് ശരിക്കും പോലീസിന്റെ മനോവീര്യം തകർക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ മദ്യത്തിന്റേയും ഒരു സരിതയുടേയും പേരുപറഞ്ഞ് ഈ സർക്കാരിനെ താറടിക്കാമെന്നാണ് കരുതുന്നതെങ്കിൽ അത് നടക്കില്ലെന്നുള്ളത് അടുത്ത മേയ് മാസത്തിൽ തെളിയുമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇനി രണ്ടാഴ്ചയേ സഭ കൂടുന്നുള്ളൂ, 13- ാം കേരള നിയമസഭയിലെ അവസാനത്തെ സമ്മേളനമാണിത്. ഇതിലെങ്കിലും സഹകരിച്ചുകൊണ്ട് അവസാന നിമിഷമെങ്കിലും ജനാധിപത്യത്തോട് അല്പം കരുണ കാണിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് വളരെ അഭിമാനത്തോടു കൂടിത്തന്നെ ഞാൻ ഈ നന്ദിപ്രമേയം സഭയുടെ മുന്നിൽ വയ്ക്കുകയാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നന്ദിപ്രമേയ ചർച്ചയ്ക്ക് നോട്ടീസ് നൽകിയ മറ്റംഗങ്ങൾ സംസാരിക്കുകയുണ്ടായില്ല.)

<u>മി. സ്പീക്കർ</u> : ഓർഡർ, ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരിമാസം 11-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.19-ന് പിരിഞ്ഞു.)

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.